# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 11, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1011/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 30
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 30
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 78

**II അടിയന്തരപ്രമേയം**

വികസന പദ്ധതികളുടെ സ്തംഭനാവസ്ഥ - 444
(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം- - 464
- ശ്രീ. സി. കെ. ശശീന്ദ്രൻ

(2) പി.എസ്.സി. നിയമനവും ചട്ടങ്ങളുടെ രൂപീകരണവും - 467
- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**IV സബ്മിഷൻ**

(1) ടാർ മിക്സിംഗ് പ്ലാന്റുമൂലമുള്ള മലിനീകരണം - 469
- ശ്രീ. വി. ടി. ബൽറാം

(2) കുടിവെള്ള ക്ഷാമം - 472
-പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)
- ശ്രീമതി ഷാനിമോൾ ഉസ്മാൻ

(3) ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് നിർമ്മാണം - 474
- ശ്രീ. ബി. ഡി. ദേവസ്സി

(4) ബിരുദ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ - 476
- ശ്രീ. കെ. വി. അബ്ദുൾ ഖാദർ

(5) റോഡ് നവീകരണം - 477
- ശ്രീ. ബി. സത്യൻ

(6) പാലങ്ങളുടെ പുനർനിർമ്മാണം - 478
- ശ്രീ. പി. കെ. ബഷീർ

പേജ്

(7) വട്ടതല റെയിൽവേ ഓവർ ബ്രിഡ്ജ് - 479
- ശ്രീ. ടി. ജെ. വിനോദ്

(8) ദേശീയ കുടുംബക്ഷേമ പദ്ധതി - 481
- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

(9) ഇടുക്കി പുനർനിർമ്മാണ പാക്കേജ് - 482
- ശ്രീ. റോഷി അഗസ്റ്റിൻ

(10) എന്റർടെയിൻമെന്റ് ടാക്സ് - 486
- ശ്രീ. മാണി സി. കാപ്പൻ

**V നിയമനിർമ്മാണകാര്യം**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും - 488

(i) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ - 488

**VI അറിയിപ്പ്**

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച് - 514

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ - 527

(2) 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും - 581

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 നവംബർ 11, തിങ്കൾ*

| വാല്യം 177] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 11 |
|---|---|---|

നിയമസഭ 2019 നവംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ (*301)

### പകർച്ചവ്യാധി പ്രതിരോധത്തിനുള്ള ആരോഗ്യജാഗ്രത പരിപാടി

1 (*301) ശ്രീമതി സി. കെ. ആശ:
ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധ/നിയന്ത്രണ പരിപാടി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ സവിശേഷതകൾ അറിയിക്കുമോ ;

(ബി) പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ ഭാഗമായി ഹോട്ടലുകൾ, ബേക്കറികൾ, ഭക്ഷണം പാകം ചെയ്യുന്ന മറ്റ് സ്ഥലങ്ങൾ, ലബോറട്ടറികൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നുണ്ടോ;

(സി) മലേറിയ, ക്ഷയം, മന്ത്, കുഷ്ഠം, കാലാ അസർ തുടങ്ങിയ രോഗങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ഡെങ്കിപ്പനി, എലിപ്പനി, സ്ക്രബ് ടൈഫസ്, ഹെപ്പറ്റൈറ്റിസ്-എ, കോളറ, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സൗകര്യങ്ങൾ ആരോഗ്യ സംവിധാനത്തിന്റെ താഴേത്തട്ടിലും ലഭ്യമാക്കുമോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി തടയുന്നതിനായി ഊർജ്ജിത നടപടിയാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ 2018-ൽ നടപ്പിലാക്കിയ പകർച്ചവ്യാധി പ്രതിരോധ/നിയന്ത്രണ പരിപാടി 2019-ലും നടപ്പിലാക്കി വരികയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കീഴ്ത്തട്ടിൽ എല്ലാദിവസവും പ്രതിരോധ നടപടികൾ എന്ന രീതിയിലാണ് അത് നടപ്പിലാക്കുന്നത്. ജനപ്രതിനിധികളടക്കം ഇതിന് നേതൃത്വം നൽകി വരികയാണ്. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തന കലണ്ടറോടെ സമയബന്ധിതമായി "പ്രതിദിനം പ്രതിരോധം" സൃഷ്ടിച്ച് പകർച്ചവ്യാധി നിയന്ത്രണം സാധ്യമാക്കുന്നു എന്നതാണ് ആരോഗ്യ ജാഗ്രതയുടെ സവിശേഷത. ആരോഗ്യ വകുപ്പിനൊപ്പം ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു എന്നതാണ് മറ്റൊരു സവിശേഷത. 2018-ലെ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയതിന്റെ ഫലമായി പ്രധാന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, മലമ്പനി, എച്ച്1 എൻ1, ടൈഫോയിഡ് മുതലായ രോഗങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. 2018-ൽ മഹാപ്രളയമുണ്ടായപ്പോൾ യഥാർത്ഥത്തിൽ ഈ രോഗങ്ങളെല്ലാം വർദ്ധിക്കേണ്ടതായിരുന്നു. എന്നാൽ അതിനാനുപാതികമായി വർദ്ധിക്കാതെ, പ്രളയാനന്തരമുണ്ടായ എലിപ്പനിയും വളരെ പെട്ടെന്നുതന്നെ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചതും ബഹുജനങ്ങളാകെ പങ്കെടുത്തിട്ടുള്ള ആരോഗ്യ ജാഗ്രത ക്യാമ്പയിന്റെ വിജയമായി കണക്കാക്കാവുന്നതാണ്.

2019-ലും ജനുവരി മാസം മുതൽക്കുതന്നെ സമയബന്ധിതമായി ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും വകുപ്പദ്ധ്യക്ഷന്മാരുടെയും അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാതലങ്ങളിൽ മന്ത്രിമാർക്ക് പ്രത്യേകം ചാർജ് നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം നടത്തുന്നതിനും

നടപടികൾ സ്വീകരിച്ചു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡുതലം മുതൽ ജില്ലാതലം വരെയും അസംബ്ലി മണ്ഡലങ്ങളിലും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെയും ആരോഗ്യജാഗ്രതയുടെയും പുരോഗതി വിലയിരുത്തുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടികൾ എടുത്തുവരികയും ചെയ്യുന്നുണ്ട്. വാർഡുതലം വരെ എല്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഓരോ വാർഡിലും 20 വീടുകൾക്കൊന്ന് എന്ന തോതിൽ ആരോഗ്യസേന രൂപീകരിച്ച് വീടുകൾ ആഴ്ചയിലൊരിക്കൽ ഈ സേനാംഗങ്ങൾ സന്ദർശിക്കണമെന്ന് വ്യവസ്ഥ ചെയ്തു. അത് നൂറുശതമാനം പ്രാവർത്തികമായില്ലെങ്കിലും ചില പഞ്ചായത്തുകൾ വളരെ നന്നായിട്ട് ചെയ്യുന്നുണ്ട്. അത് കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തനതായും സംയുക്തമായും നിരവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പ്രധാന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി, ചിക്കൻഗുനിയ, ടൈഫോയിഡ് മുതലായ രോഗങ്ങളും അവമൂലമുള്ള മരണങ്ങളും മുൻവർഷത്തെയപേക്ഷിച്ച് വളരെയധികം കുറയ്ക്കാനായിട്ടുണ്ട്.

(ബി) പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ ഭാഗമായി പൊതുജനാരോഗ്യ നിയമം അനുസരിച്ചുള്ള പരിശോധനകൾ "ഹെൽത്തി കേരളാ ക്യാമ്പയിൻ" എന്ന പേരിൽ സംസ്ഥാന വ്യാപകമായും ജില്ലാ അടിസ്ഥാനത്തിലും ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷണം പാകം ചെയ്യുന്ന മറ്റ് സ്ഥലങ്ങളിലും ആരോഗ്യ വകുപ്പുദ്യോഗസ്ഥർ നടത്തുകയും പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ കണ്ടെത്തിയാൽ നിലവിലെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടും ഇത്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്.

(സി) സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലമ്പനി, ക്ഷയം, മന്ത്, കുഷ്ഠം, കാലാ അസർ തുടങ്ങിയ രോഗങ്ങൾ 2020-ഓടെ നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രത്യേക കർമ്മപരിപാടിയായി ആരോഗ്യ വകുപ്പ് നടത്തിവരികയാണ്. ഇതിൽ ചിലത് പൂർണ്ണമായും മറ്റ് ചിലത് 2030-ഓടുകൂടി നിർമ്മാർജ്ജനം ചെയ്യാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനാവശ്യമായ മാർഗ്ഗരേഖകൾ എല്ലാ ജില്ലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. പ്രവർത്തന പുരോഗതി യഥാസമയം അവലോകനം ചെയ്തുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇത്തരം രോഗങ്ങളുടെ നിരീക്ഷണം, പ്രതിരോധം, നിയന്ത്രണം തുടങ്ങിയവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മലമ്പനി നിവാരണത്തിനുവേണ്ടി തദ്ദേശീയ മലമ്പനി ഇല്ലാതാക്കാനും അതിഥി തൊഴിലാളികളിൽ നിന്നുമുണ്ടാകുന്ന മലമ്പനി ബാധയിൽ നിന്നും തദ്ദേശീയർക്ക് മലമ്പനിബാധ ഉണ്ടാകുന്നത് തടയാനും

മലമ്പനി മരണം ഇല്ലാതാക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിന് രക്തസ്മിയർ ഉപയോഗിച്ചും ആർ.ഡി.റ്റി. കിറ്റ് ഉപയോഗിച്ചും രോഗ പരിശോധന ഊർജ്ജിതമാക്കുകയും മലമ്പനി ബാധിതർക്ക് സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലത്ത് സമയബന്ധിതമായി കൊതുകുസർവ്വേ, പനിസർവ്വേ, സംയോജിത കൊതുക നിയന്ത്രണം എന്നിവ നടത്തുന്നു. 2016 ഡിസംബർ മുതൽ മലമ്പനിയെ ഒരു നോട്ടിഫൈഡ് രോഗമായി പ്രഖ്യാപിച്ചിട്ടുണ്ട്. സഞ്ചരിക്കുന്ന പരിശോധനാ ടീമുകളുടെ സഹായത്തോടെ രോഗവ്യാപന സാധ്യത കൂടുതലുള്ള ജനവിഭാഗങ്ങളുടെ പരിശോധന കാര്യക്ഷമമാക്കി. തദ്ദേശീയ മലമ്പനിയുണ്ടായ സ്ഥലങ്ങളിൽ രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ഊർജ്ജിതമാക്കി. ബോധവത്കരണം, വ്യക്തി സുരക്ഷ തുടങ്ങിയവയും കാര്യക്ഷമമാക്കി. 2018-ൽ മുൻവർഷങ്ങളെ അപേക്ഷിച്ച് മലമ്പനി ബാധിതരുടെ എണ്ണവും തദ്ദേശീയ മലമ്പനി ബാധിതരുടെ എണ്ണവും കാര്യമായി കുറയ്ക്കാനായി. മലമ്പനി മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 2008 മുതൽ തദ്ദേശീയ മലമ്പനി ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ക്ഷയരോഗ നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി ഒന്നാംഘട്ടം 87% വീടുകൾ സന്ദർശിച്ച് 325 പേർക്ക് ക്ഷയരോഗം കണ്ടെത്തുകയും ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്തു. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷയരോഗ സാദ്ധ്യത കൂടുതലുള്ളതായി കണ്ടെത്തിയിട്ടുള്ളവരെ 3 മാസത്തിലൊരിക്കൽ ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് രോഗലക്ഷണങ്ങൾ നിർണ്ണയിക്കുന്ന പ്രവർത്തനങ്ങൾ 410 പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും ക്ഷയരോഗ നിർമ്മാർജ്ജന ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. ചികിത്സ മുടങ്ങാതിരിക്കാനായി ട്രീറ്റ്മെന്റ് സപ്പോർട്ട് ഗ്രൂപ്പും ഇതിനോടനുബന്ധിച്ച് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകൾ കേന്ദ്രീകരിച്ച് "ശ്വാസ വിപ്ലവം" എന്ന പേരിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും ആശുപത്രികളിൽ കഫ് കോർണറുകളും സജ്ജമാക്കിവരുന്നു. പ്രൈവറ്റ് ആശുപത്രികളെ ഉൾപ്പെടുത്തി ക്ഷയരോഗ ചികിത്സ വിപുലീകരിക്കാനായി "സ്റ്റെപ്പ്" എന്ന പരിപാടിയും ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നു.

മന്തുരോഗ നിവാരണത്തിന് എം.ഡി.എ. (മന്തുരോഗ സമൂഹ ചികിത്സ) നടത്തിയ 11 ജില്ലകളിൽ 9 ജില്ലകളിൽ മന്തുരോഗാണു വ്യാപന സാദ്ധ്യതാ സർവ്വേ അഥവാ ടാസിന്റെ ഒന്നാം ഘട്ടവും 7 ജില്ലകളിൽ ടാസിന്റെ രണ്ടാം ഘട്ടവും 2 ജില്ലകളിൽ ടാസിന്റെ മൂന്നാം ഘട്ടവും വിജയകരമായി പൂർത്തിയാക്കാനായി. പാലക്കാടും, മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിലുമാണ് 2019-ൽ എം.ഡി.എ. നടത്താൻ തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി

85 ആശുപത്രികളിൽ മന്തുരോഗത്തിന്റെ മോർബിഡിറ്റി മാനേജ്മെന്റ് ആന്റ് പ്രിവൻഷൻ സെന്ററുകൾ സജ്ജീകരിച്ച് മന്തുരോഗ നീർവീക്കം സംഭവിച്ചവർക്ക് ആവശ്യമായ പരിചരണം, കിറ്റ് എന്നിവ നൽകിവരുന്നു. കൂടാതെ "ആശ"മാർ വഴി ഗൃഹപരിചരണത്തിനും സാധ്യതയൊരുക്കുന്നു. രാത്രികാല രക്തപരിശോധന നടത്തി തദ്ദേശീയരിലും അതിഥി തൊഴിലാളികളിലുമുള്ള മന്തുരോഗാണു വാഹികളെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നു. മന്തുരോഗ ബാധിതർക്ക് വീട്ടിൽ വച്ചുതന്നെ പരിചരണം നല്കുന്നതിനായി ആരോഗ്യ പ്രവർത്തകർക്കും ആശമാർക്കും പ്രത്യേക മോർബിഡിറ്റി മാനേജ്മെന്റ് ട്രെയിനിംഗ് നൽകിവരുന്നു.

കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും അങ്കണവാടികളിലെയും കുട്ടികളെ ത്വക്ക് രോഗ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഒപ്പം തീരപ്രദേശങ്ങളിലും നഗരചേരികളിലും ഗോത്രവർഗ്ഗ മേഖലകളിലും താമസിക്കുന്നവരെയും രോഗികളുമായി സമ്പർക്കം പുലർത്തുന്നവരെയും പരിശോധിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളെ പരിശോധിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. കുഷ്ഠരോഗംമൂലം അംഗവൈകല്യം സംഭവിച്ചവരുടെ വൈകല്യം കുറയ്ക്കുന്നതിനായി Reconstructive Surgery (RCS) തികച്ചും സൗജന്യമായി നടത്തുന്നു എന്നുമാത്രമല്ല RCS-ന് വിധേയരാകുന്ന രോഗികൾക്ക് സാമ്പത്തിക ആനുകൂല്യമായി 8000 രൂപയും നൽകിവരുന്നു. സമൂഹത്തിൽ ഒളിഞ്ഞുകിടക്കുന്ന കുഷ്ഠരോഗികളെ കണ്ടെത്തുന്നതിനായി "അശ്വമേധം" എന്ന പേരിൽ വിപുലമായ ഒരു ക്യാമ്പയിൻ സംസ്ഥാനത്തുടനീളം രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കി. ഇതിന്റെ ഒന്നാംഘട്ടത്തിൽ 235 കുഷ്ഠരോഗികളെ കണ്ടെത്തി ചികിത്സ നൽകുന്നതിന് സാധിച്ചു. രണ്ടാംഘട്ടം 2019 സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 6 വരെ നടത്തുകയും 134 കുഷ്ഠരോഗികളെ കണ്ടെത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു.

കാലാ അസർ നിവാരണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി മുൻവർഷങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗസാദ്ധ്യതയുള്ളവരെ കണ്ടെത്താനായി ട്രൈബൽ കോളനികൾ കേന്ദ്രീകരിച്ച് സ്ക്രീനിംഗ് പരിപാടികൾ നടത്തിവരുന്നു. രോഗം പരത്തുന്ന മണലീച്ചകളുടെ നിരീക്ഷണവും നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതമായിത്തന്നെ ഇത്തരം പ്രദേശങ്ങളിൽ നടത്തി വരുന്നുണ്ട്. രോഗബാധിതർക്ക് ആവശ്യമായ ചികിത്സയും നൽകിവരുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കൊല്ലം, എറണാകുളം, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇത്തരം പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഇത്തരം രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനുമുള്ള ലബോറട്ടറി സൗകര്യം ലബോറട്ടറികൾ സ്ഥാപിച്ചിട്ടുള്ള വിവിധ തലങ്ങളിലുള്ള (കുടുംബാരോഗ്യ കേന്ദ്രം മുതൽ മുകളിലോട്ട്) ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ രോഗനിർണ്ണയത്തിനുള്ള എല്ലാ ടെസ്റ്റുകളും താഴെത്തട്ടിൽ ലഭ്യമാക്കേണ്ട സാഹചര്യം നിലവിലില്ലാത്തതിനാൽ ഇത്തരം സൗകര്യം എഫ്.എച്ച്.സി. ലാബുകളിൽ ലഭ്യമാക്കിയിട്ടില്ല. എന്നിരുന്നാലും പി.എച്ച്.സി./എഫ്.എച്ച്.സി./ അർബൻ പി.എച്ച്.സി. ലാബുകളിൽ രോഗലക്ഷണങ്ങൾക്കനുസൃതമായി ആവശ്യമായ അനുബന്ധ പരിശോധനകൾ ലഭ്യമാണ്. കൂടാതെ ഡെങ്കിപ്പനി നിർണ്ണയത്തിനാവശ്യമായ ദ്രുതപരിശോധനാ കിറ്റുകളും ഇത്തരം ലാബുകളിൽ ലഭ്യമാണ്. ഡെങ്കിപ്പനി, എലിപ്പനി, ഹെപ്പറ്റൈറ്റിസ്-എ, സ്ക്രബ് ടൈഫസ് മുതലായ രോഗങ്ങളുടെ നിർണ്ണയത്തിനായുള്ള ദ്രുതപരിശോധനാ കിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി.-കളിലും താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രി ലാബുകളിലും ലഭ്യമാണ്.

കോളറ, ടൈഫോയിഡ് മുതലായ രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനുള്ള സൗകര്യം എല്ലാ മൈക്രോബയോളജി ലാബുകളിലും (മെഡിക്കൽ കോളേജ്), പബ്ലിക് ഹെൽത്ത് ലാബുകളിലും ലഭ്യമാണ്. ഡെങ്കിപ്പനി, എലിപ്പനി, സ്ക്രബ് ടൈഫസ്, ഹെപ്പറ്റൈറ്റിസ്-എ മുതലായ രോഗങ്ങൾ സ്ഥിരീകരിക്കാനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജ്, പബ്ലിക് ഹെൽത്ത് ലാബുകൾ, ജില്ലാ/ജനറൽ ആശുപത്രി ലാബുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. ഇത്തരം രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളെ കണ്ടെത്താനുള്ള പി.സി.ആർ. പരിശോധനാ സൗകര്യം സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിലും മെഡിക്കൽ കോളേജ് വൈറോളജി ലാബിലും ലഭ്യമാണ്. ഈ പ്രവർത്തനങ്ങളെല്ലാം കൂടിച്ചേർന്ന് പകർച്ചവ്യാധി നിയന്ത്രണത്തിൽ നമുക്ക് ഒരുപാട് മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഇനിയും ഇത് തുടർന്നാൽ മാത്രമേ നമുക്ക് പൂർണ്ണമായും പകർച്ചവ്യാധി കുറച്ചുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ.

<u>ശ്രീമതി സി. കെ. ആശ:</u> സർ, നിപ വൈറസ് പ്രതിരോധ പ്രവർത്തനങ്ങൾ ലോകം മുഴുവൻ ശ്രദ്ധിക്കാനും അക്കാര്യത്തിൽ നമുക്ക് മാതൃക സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങളുടെ ഫലമായാണ് ആരോഗ്യ വകുപ്പിന് ഇപ്പോൾ ദേശീയ അംഗീകാരം ലഭ്യമായിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുന്നതിനുംകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇക്കഴിഞ്ഞ രണ്ട് വർഷവും നമ്മുടെ സംസ്ഥാനത്ത് നിപ വൈറസ് ബാധയുണ്ടായ സാഹചര്യത്തിൽ ഭാവിയിൽ ഇത്തരത്തിലുണ്ടായേക്കാവുന്ന രോഗങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ലിസ്റ്റ് ചെയ്തിട്ടുണ്ടോ; ആ വിധത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിപയുടെ കാര്യത്തിൽ നാം അതീവ ശ്രദ്ധേയമായുള്ള പ്രവർത്തനം നടത്തുന്നുണ്ട്. നിപ വരില്ലെന്ന് ഉറപ്പ് പറയാൻ കഴിയില്ലെന്ന് ശാസ്ത്രജ്ഞർ ആ സമയത്തുതന്നെ പറഞ്ഞിരുന്നു. അതുകൊണ്ട് കഴിഞ്ഞതിന്റെ മുമ്പിലത്തെ വർഷം നിപ ബാധയുണ്ടായപ്പോൾ അടുത്ത വർഷം വരും എന്നുള്ളത് കണ്ടുകൊണ്ടുതന്നെയാണ് സംശയകരമായ എല്ലാ സാമ്പിളുകളും പരിശോധനയ്ക്കയയ്ക്കുകയും നിപ വൈറസ് ടെസ്റ്റ് ചെയ്യുകയും ചെയ്തത്. പ്രൈവറ്റ് ആശുപത്രികളടക്കം പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം മോക്ക് ഡ്രിൽ നടത്തി നിപ വന്നാൽ നേരിടാനുള്ള മുന്നൊരുക്കങ്ങളെല്ലാം നടത്തിയതിന്റെ ഭാഗമായി ഈ വർഷം ഒരു നിപ കേസ് മാത്രമാണ് എറണാകുളത്ത് റിപ്പോർട്ട് ചെയ്തത്. അത് ഒരു പ്രൈവറ്റ് ഹോസ്പിറ്റലിലായിരുന്നു. അവിടെ മോക്ക് ഡ്രിൽ എല്ലാവരും നടത്തിയതുകൊണ്ട് കൂടുതൽ ആളുകളിലേയ്ക്ക് പകരാതിരിക്കാനും പെട്ടെന്നുതന്നെ ആ കേസ് കൈകാര്യം ചെയ്യാനും കഴിഞ്ഞു. ഈ വർഷവും ഡിസംബർ മുതൽ അത്തരത്തിലുള്ള ശക്തമായിട്ടുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, നമ്മുടെ സംസ്ഥാനത്ത് പുതിയതായി ഉണ്ടായ നിപ വൈറസ് പോലെയുള്ള വൈറസ് ബാധകൾ മറ്റ് രാജ്യങ്ങളിലുണ്ടായിട്ടുണ്ടെങ്കിൽ അത് ലിസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സിലബസ്സിൽ ആ രോഗ പ്രതിരോധ സംവിധാനങ്ങളെ ഉൾപ്പെടുത്തുന്നതിനും അതിന് മാത്രമായി ഒരു പ്രത്യേക മെഡിക്കൽ ടീമിനെ സജ്ജമാക്കുന്നതിനും ഗവൺമെന്റിന് സാധ്യമാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത്തരത്തിലുള്ള വൈറസ് ബാധകൾ കാലാവസ്ഥാവ്യതിയാനവും മറ്റു പല തരത്തിലുള്ള പ്രശ്നങ്ങൾ കൊണ്ടും ലോകത്തിന്റെ പല ഭാഗങ്ങളിലായി പ്രത്യക്ഷപ്പെടുന്നുണ്ട്. അച്യുത മേനോൻ സെന്റർ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇപ്പോൾ epidemiological survey നടത്തുന്നുണ്ട്. നിപ എവിടെ വരുമെന്ന് പ്രവചിക്കാൻ കഴിയുകയില്ല. അത് ഒരു newly emerging zoonosis ആണ്. വൈറസിൽ പെട്ടെന്നുണ്ടാകുന്ന എക്സൈറ്റ്മെന്റോ ഡിസ്റ്റർബൻസോ കാരണമുണ്ടാകുന്ന ഒരു രോഗമാണ്. രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അതിനെ നേരിടുന്നതിനുള്ള മാർഗ്ഗം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഫംഗസും വൈറസുമൊക്കെ പരത്തുന്ന രോഗങ്ങൾ വളരെപെട്ടെന്നുതന്നെ മനസ്സിലാക്കാനുള്ള നമ്മുടെ സംവിധാനത്തെ സുസജ്ജമാക്കുക എന്നുള്ളതാണ് കരണീയമായിട്ടുള്ളത്. വളരെ ശ്രദ്ധേയമായിത്തന്നെ ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ഉടൻതന്നെ പ്രതിരോധം ഏർപ്പെടുത്തുകയും ചെയ്യുകയാണ്.

ചീഫ് വിപ്പ് ശ്രീ. കെ. രാജൻ: സർ, 'ആരോഗ്യ ജാഗ്രത' പദ്ധതിയുടെ ക്യാമ്പയിൻ ആരോഗ്യ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുംകൂടി മുൻകയ്യെടുത്ത് നടത്തുന്നതുകൊണ്ട് സംസ്ഥാനത്ത് കഴിഞ്ഞ തവണത്തേക്കാൾ ഇത്തരം അസുഖങ്ങളുടെ ഔട്ട് ബ്രേക്കിംഗ് കുറയ്ക്കാൻ സാധിച്ചു. മലമ്പനി, നിപ, എലിപ്പനി, ഡെങ്കിപ്പനി, തക്കാളിപ്പനി അടക്കമുള്ള വിവിധ പനികളും സമൂഹത്തിലുണ്ടാകുകയാണ്. കഴിഞ്ഞ തവണത്തെക്കാൾ വ്യത്യസ്തമായി, ഈ ഔട്ട് ബ്രേക്കിംഗ് ശരിക്കും കുറയ്ക്കാൻവേണ്ടി മൂന്ന് വകുപ്പുകളെ ഏകോപിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഡി.എം.ഒ.-മാരുടെ നേതൃത്വത്തിൽ, ആയുർവ്വേദത്തിൽ ധൂമം ഉൾപ്പെടെ ഉപയോഗിക്കാനുള്ള ഒരു ക്യാമ്പയിൻ നടത്തുന്നുണ്ട്. ഹോമിയോപ്പതിയിലും അസുഖം വരുന്നതിനുമുമ്പ് ഉപയോഗിക്കാൻ കഴിയുന്ന മരുന്നുകൾ കൊടുക്കുന്ന സംവിധാനമുണ്ട്. അലോപ്പതിയിലാണെങ്കിൽ രോഗം വന്നതിനുശേഷം ചികിത്സിക്കാനുള്ള സംവിധാനമുണ്ട്. ഈ മൂന്ന് വകുപ്പുകളെയും ഏകോപിപ്പിച്ച് പകർച്ചവ്യാധികൾ തടയാനുള്ള സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; അത് നടപ്പിലാക്കാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആരോഗ്യ വകുപ്പും ആയുഷ് വകുപ്പും കൂടി ഉൾപ്പെടുത്തിയാണ് ഞാൻ കാര്യങ്ങൾ പറഞ്ഞത്. ആയുഷ് വകുപ്പിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷങ്ങളായി ഗ്രാമപ്രദേശങ്ങളിൽ അപരാജിത ധൂമചൂർണ്ണം വളരെ വ്യാപകമായി എത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലടക്കം ചില പ്രത്യേക സാഹചര്യങ്ങളിൽ ഇത്തരത്തിലുള്ള കൊതുക് വർദ്ധിക്കുന്നുവെന്ന് തോന്നുമ്പോൾ അവിടെയെല്ലാം താൽക്കാലികാശ്വാസത്തിനായി അപരാജിത ധൂമചൂർണ്ണം ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നുണ്ട്. ഇത് കൊതുക് വീട്ടിനകത്ത് നിൽക്കാതിരിക്കാൻ കാരണമായി തീരും. പ്രതിരോധ നടപടികൾക്കായുള്ള ഒരു ഇന്റഗ്രേഷൻ ആയുഷ് ആരോഗ്യ മേഖലയിൽ നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി രോഗപ്രതിരോധത്തിനുള്ള സംവിധാനവും ആയുഷ് വകുപ്പിന്റെ വിവിധ ഘടകങ്ങൾ ചേർത്ത് നടപ്പിലാക്കുകയാണ്. അത് ഇനി കുറേക്കൂടി വികസിപ്പിക്കുന്നതാണ്. പുതിയതായി ആരംഭിച്ച Wellness Center concept, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ അവിടെയെല്ലാം ഈ ഇന്റഗ്രേഷൻ നല്ല രീതിയിൽ നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ ജാഗ്രതാ ക്യാമ്പയിന്റെ ചുക്കാൻ പിടിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. അവരാണ് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലും വിജയകരമായി നടപ്പാക്കാൻ സാധിക്കുന്നത്. അപൂർവ്വം ചിലയിടത്ത് നടത്താൻ

ബാക്കിയുണ്ട്. അത് പ്രത്യേകം ശ്രദ്ധിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞിട്ടുമുണ്ട്. ആരോഗ്യ വകുപ്പും കുറേക്കൂടി ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ട്. ഞങ്ങൾ അത് പ്രത്യേകമായി ശ്രദ്ധിക്കും. ഈ മൂന്ന് ഡിപ്പാർട്ട്മെന്റുകൾ മാത്രമല്ല, ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ചേർന്നാണ് ആരോഗ്യ ജാഗ്രതാ ക്യാമ്പയിന്റെ പ്രവർത്തനം നടത്തുന്നത്. ഈ വർഷവും അതിനെക്കാൾ ശക്തമായി നടത്തേണ്ട ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ആരോഗ്യരംഗത്ത് മികച്ച നേട്ടം കൈവരിച്ച, ദേശീയ അംഗീകാരം നേടിയ ഗവൺമെന്റിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും അഭിനന്ദിക്കുകയാണ്. 'പ്രതിദിനം പ്രതിരോധം' എന്ന ക്യാമ്പയിനിലൂടെ പകർച്ചവ്യാധികൾ തടഞ്ഞുനിർത്തുന്നതിൽ ഗവൺമെന്റ് വലിയ നേട്ടം കൈവരിച്ചിട്ടുണ്ട്. അപ്പോഴുള്ള ഒരു പ്രശ്നം, മരണനിരക്ക് കുറയുമ്പോഴും കേരളത്തിൽ രോഗാവസ്ഥ കൂടുകയാണ്. ഉദാഹരണമായി പ്രമേഹം, രക്തസമ്മർദ്ദം, ആസ്ത്മ, വാതരോഗങ്ങൾ, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾ വർദ്ധിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ സാക്ഷരതയും വിദ്യാഭ്യാസവുമുള്ളതുകൊണ്ടും രോഗാവസ്ഥയെ സംബന്ധിച്ച് മലയാളികൾ കൂടുതൽ ബോധവാന്മാരാകുകയും ആശുപത്രികളുടെ സാന്നിദ്ധ്യം കൊണ്ട് അത് കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതുകൊണ്ടുമായിരിക്കാം ഈ കണക്കുകൾ ഇങ്ങനെ വരാൻ കാരണം. അതിൽതന്നെ ഏറ്റവും പ്രധാനമായി നഗരങ്ങളിൽ 33.5% സ്ത്രീകൾക്കും 31.1% പുരുഷന്മാർക്കും ഗ്രാമങ്ങളിൽ 31.5% സ്ത്രീകൾക്കും 26.3% പുരുഷന്മാർക്കും അമിതവണ്ണമുണ്ട്. ആ തരത്തിൽ അമിതവണ്ണവും ഇവിടെ വളരുകയാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ അത് വൻതോതിൽ വർദ്ധിക്കുകയാണ്. പ്രമേഹത്തിന്റെ കാര്യത്തിൽ, സ്ത്രീകളിൽ ഇന്ത്യൻ ശരാശരി 5.8 ശതമാനമാണെങ്കിൽ കേരളത്തിൽ 8.7 ശതമാനമാണ്. പുരുഷന്മാരിൽ ഇന്ത്യൻ ശരാശരി 8 ശതമാനമാണെങ്കിൽ കേരളത്തിൽ 13 ശതമാനമാണ്. മാനസിക രോഗത്തിന്റെ കാര്യത്തിൽ കേരളത്തിൽ 0.02 ശതമാനവും ഇന്ത്യയിൽ 0.06 ശതമാനവുമാണ്. മാനസിക വികാസമില്ലായ്മയുടെ കാര്യത്തിൽ കേരളത്തിൽ 0.02 ശതമാനവും ഇന്ത്യയിൽ 0.12 ശതമാനവുമാണ്. മൂന്ന് ശതമാനമാളുകൾ താമസിക്കുന്ന കേരളത്തിൽ ആത്മഹത്യാനിരക്ക് പത്ത് ശതമാനമായാണ് കാണുന്നത്. പകർച്ചവ്യാധി തടയുന്നതിനായി 'ആരോഗ്യ ജാഗ്രത' പദ്ധതിയുടെ ഭാഗമായി 'പ്രതിദിനം പ്രതിരോധം' എന്ന പ്രവർത്തന പരിപാടി സംസ്ഥാന/ജില്ലാ/മണ്ഡലം/പഞ്ചായത്ത്/വാർഡുതലങ്ങളിലുള്ള വിവിധ സമിതികൾ നന്നായി നടത്തുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധം മാത്രമല്ലാതെ ഇത്തരം രോഗാവസ്ഥയിൽ നിന്ന് കേരളത്തെ രക്ഷിക്കാൻവേണ്ടിയുള്ള

ക്യാമ്പയിനുകൾ ഏറ്റെടുക്കുന്നതിന് ഈ സമിതികളെ ശാക്തീകരിക്കണം. ഇത് എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടില്ലെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വാർഡുതലത്തിൽ നന്നായി പ്രവർത്തിക്കുന്ന സമിതികൾക്ക് അവാർഡ് ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ടുള്ള പ്രോത്സാഹന പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടില്ല എന്നല്ല, ചില പഞ്ചായത്തുകൾ കൂടുതൽ ഊർജ്ജസ്വലമായി നടപ്പിലാക്കുന്നു, ചിലയിടത്ത് കുറച്ചുകൂടി ഊർജ്ജ്വസ്വലമാക്കേണ്ടതുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ശ്രദ്ധിക്കുകയും അതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും പകർച്ചവ്യാധികളല്ലാത്ത പകർച്ചേതര രോഗങ്ങളെക്കുറിച്ചാണ് പറഞ്ഞത്. മിക്കവാറും അതെല്ലാം ജീവിതശൈലീരോഗങ്ങളാണ്. ചില രോഗങ്ങൾക്ക് കേരളത്തിന് ഒന്നാം സ്ഥാനമാണ്. എന്നാൽ 1957 മുതൽ 2019 വരെ നമ്മുടെ സംസ്ഥാനത്ത് നടത്തിയ നിരന്തരപ്രവർത്തനങ്ങളുടെ ഭാഗമായി ശിശുമരണ നിരക്കിലും മാതൃമരണ നിരക്കിലും വലിയ കുറവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ജീവിതശൈലീരോഗങ്ങളിൽ കേരളം മുന്നിൽ നിൽക്കുകയാണ്. ജീവിതനിലവാരം മെച്ചപ്പെട്ടപ്പോൾ ഇങ്ങനെയുള്ള ചില കാര്യങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം പ്രമേഹമാണ്. ഇന്ത്യയുടെ ഡയബറ്റിക് ക്യാപിറ്റലാണ് കേരളമെന്നാണ് ഇപ്പോൾ പറയുന്നത്. ഇന്ത്യ ലോകത്തിന്റെ ഡയബറ്റിക് ക്യാപിറ്റലാണ്. കഴിഞ്ഞ മാസം കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഡോ. ഹർഷ്‌വർദ്ധൻ വിളിച്ചുചേർത്ത യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും മന്ത്രിമാരുമായി ചർച്ച ചെയ്തപ്പോൾ ഈ കാര്യം പ്രത്യേകിച്ച് ചർച്ച ചെയ്തിരുന്നു. കേരളം ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കേന്ദ്രം നടപ്പിലാക്കുന്ന നാഷണൽ ന്യട്രീഷൻ മിഷന്റെ ഭാഗമായുള്ള പരിശോധനയിലും കേരളത്തിൽ ഇപ്പോൾ നടക്കുന്ന 'അമൃതം ആരോഗ്യം' എന്ന പകർച്ചേതര വ്യാധികൾ നിയന്ത്രിക്കാനും ജീവിതശൈലീരോഗങ്ങൾ കണ്ടെത്താനുമുള്ള ക്യാമ്പയിനിലും അത് പ്രത്യേകിച്ച് എടുത്തിട്ടുണ്ട്. 18 വയസ്സിനുമുകളിലുള്ള മുഴുവൻ കേരളീയരുടെയും ഷുഗറും പ്രഷറും കൊളസ്ട്രോളുമെല്ലാം പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. വളരെ വൈകാതെതന്നെ അതിന്റെ രജിസ്റ്റർ പ്രിപ്പയർ ചെയ്തെടുക്കാൻ സാധിക്കും. ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി നാട്ടിലെ മുഴുവൻ ആളുകളുടെയും പ്രമേഹം പരിശോധിച്ച് തുടർചികിത്സ നൽകുന്നുണ്ട്.

Non mydriatic ക്യാമറ ഉപയോഗിച്ച് എളുപ്പത്തിൽ കണ്ടെത്താനും ഡയബറ്റിക് റെറ്റിനോപ്പതി പരിഹരിക്കാനും വേണ്ടി യു.കെ.-യിലെ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഒരു പ്രോജക്ട് ഇപ്പോൾ നടപ്പിലാക്കി വരികയാണ്. ഒബിസിറ്റിയുടെ കാര്യത്തിൽ, കേന്ദ്ര ഗവൺമെന്റിന്റെ സ്കീമായ 'പോഷൺ അഭിയാൻ' കേരളത്തിൽ 'സമ്പുഷ്ട കേരളം' എന്ന പേരിൽ നടപ്പിലാക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സ്കീമിൽ അമിതവണ്ണത്തിന്റെ കാര്യം ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ, കേരളത്തിൽ അമിതവണ്ണത്തിന്റെ കാര്യവും ബ്രെസ്റ്റ് ഫീഡിംഗിന്റെ കാര്യവും കൂടി ഉൾപ്പെടുത്തിയാണ് ക്യാമ്പയിൻ നടത്തുന്നത്. അത് നന്നായി പോകുന്നുണ്ട്. ഒന്നുരണ്ടുകൊല്ലം കൊണ്ട് ഇതിൽ നല്ല മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് തന്നെയാണ് കരുതുന്നത്. മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ കൗൺസിലിംഗും മറ്റുമായി വളരെ ശ്രദ്ധേയമായിട്ടുള്ള പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. 'അമ്മ മനസ്' എന്ന പേരിൽ ഗർഭിണികളായ അമ്മമാർക്കും മുലയൂട്ടുന്ന അമ്മമാർക്കുമുണ്ടാകുന്ന അസ്വാസ്ഥ്യങ്ങൾ പരിഹരിക്കാനുള്ള പ്രത്യേക പദ്ധതിയടക്കം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എൽദോ എബ്രഹാമിനുവേണ്ടി <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ലോകത്തെവിടെ പ്രളയമുണ്ടായാലും അതിനുശേഷം പകർച്ചവ്യാധികളുടെ വലിയ രീതിയിലുള്ള ഔട്ട്ബ്രേക്ക് കാണാൻ കഴിയും. ധാരാളം ആളുകൾ മരിക്കുക തുടങ്ങിയ സംഭവങ്ങളൊക്കെയുണ്ടാകാറുണ്ട്. കേരളത്തിൽ രണ്ട് പ്രളയമുണ്ടായ സമയത്തും പകർച്ചവ്യാധിയുടെ ഔട്ട്ബ്രേക്കുണ്ടാകാതിരിക്കാനുള്ള ജാഗ്രത പുലർത്തിയ ആരോഗ്യ വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അടിയന്തരമായി ഓരോ വീട്ടിലെയും കിണറുകളടക്കം ക്ലീൻ ചെയ്തുകൊണ്ട് നടത്തിയ പ്രവർത്തനം വലിയ മാതൃകയാണ്. ഇത്തരത്തിൽ പ്രവർത്തിച്ച ആരോഗ്യ വകുപ്പിന്റെയും സർക്കാരിന്റെയും നേട്ടത്തെ ലോകത്തിനുതന്നെ മാതൃകയായി കാണാതിരിക്കാൻ കഴിയില്ല. പ്രതിരോധ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രതിരോധ കുത്തിവയ്പ്പാണ്. എന്നാൽ മലബാറിലും മറ്റ് പ്രദേശങ്ങളിലുമൊക്കെ പ്രതിരോധ കുത്തിവയ്പ്പെടുക്കുന്നത് എന്തോ പ്രശ്നമാണെന്ന് പറഞ്ഞുകൊണ്ട് ചില സംഘടനകളും വ്യക്തികളും വലിയ രീതിയിലുള്ള ക്യാമ്പയിൻ നടത്തുന്നതുകൊണ്ട് രക്ഷിതാക്കൾ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കാതിരിക്കുന്ന പ്രവണതയുണ്ട്. ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; ഇപ്പോൾ അത്തരത്തിലുള്ള സംഭവങ്ങൾ കുറഞ്ഞിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പ്രളയാനന്തരം വലിയതോതിൽ പകർച്ചവ്യാധിയുണ്ടായതിന്റെ ഫലമായി വൻതോതിൽ മരണങ്ങളുണ്ടാകുമെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നമ്മളത് ഭയന്നതുമാണ്. പക്ഷേ, നമ്മളെല്ലാവരുംകൂടി ഒരുമിച്ച് ഇടപെട്ടതിന്റെ ഫലമായി വലിയ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. അതിന് ഏറ്റവും നല്ല ഉദാഹരണമാണ്, പ്രളയജലത്തിൽ ലെപ്റ്റോ സ്പൈറോസിസിന് കാരണമാകുന്ന അണുക്കൾ ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് അത് നിയന്ത്രിക്കുന്നതിനുവേണ്ടി എടുത്ത പ്രതിരോധ നടപടി. അതിനുവേണ്ടി ഡോക്സിസൈക്ലിൻ ടാബ്ലറ്റ് വൻതോതിൽ ശേഖരിക്കുകയും പ്രളയജലവുമായി ബന്ധപ്പെടുന്ന എല്ലാവരെയുംകൊണ്ട് അത് കഴിപ്പിക്കുകയും ചെയ്തു. വീടുകൾ വൃത്തിയാക്കാൻ പോകുന്നവർ, വീട്ടിലെ ചെളിവെള്ളം ചവിട്ടി നടക്കാൻ ഇടയായിട്ടുള്ളവർ എന്നിവർക്കെല്ലാം ആ ടാബ്ലറ്റ് കൊടുത്തു. നമ്മുടെ കാലുകളിൽ മുറിവുകളും മറ്റും ഉണ്ടായാൽ ചെളി വെള്ളത്തിൽ ചവിട്ടുമ്പോൾ ലെപ്റ്റോ വരാനുള്ള സാധ്യത വളരെ കൂടുതലാണ്. ഒരു കോടിയിലേറെ ഡോക്സിസൈക്ലിൻ ടാബ്ലറ്റുകളാണ് നമ്മൾ ശേഖരിച്ച് വിതരണം ചെയ്തത്. ആദ്യമൊക്കെ ടാബ്ലറ്റുകൾ വിതരണം ചെയ്തപ്പോൾ ആളുകൾ കഴിക്കാൻ തയ്യാറായില്ല. രണ്ടുമൂന്ന് മരണങ്ങളും ഉണ്ടായി. ആരോഗ്യ വകുപ്പ് നൽകിയ ഗുളിക കഴിക്കാതെ പോക്കറ്റിലിട്ട് നിൽക്കുന്ന അവസ്ഥപോലും ഉണ്ടായിരുന്നു. പിന്നീട് ആശാവർക്കർമാരും ജെ.പി.എച്ച്.എൻ.-മാരുമെല്ലാം ക്യാമ്പുകളിലും വീടുകളിലും ചെന്ന് അവരെ കഴിപ്പിക്കുകയാണ് ചെയ്തത്. ബിസ്കറ്റ് പായ്ക്കറ്റ് കൂടെ കൊണ്ടുപോയി അത് കഴിപ്പിച്ചതിനുശേഷമാണ് ഗുളിക കഴിപ്പിച്ചിട്ടുള്ളത്. അത്രയും വലിയ പ്രവർത്തനം നടത്തിയതിന് എല്ലാവരുടെയും സഹകരണമുണ്ടായിട്ടുണ്ട്. 2018-ലെ പ്രളയം സന്ദർശിക്കാനെത്തിയ അന്നത്തെ കേന്ദ്ര മന്ത്രി ശ്രീ. ജെ. പി. നഡ്ഡ എറണാകുളത്ത് പത്രസമ്മേളനം നടത്തുമ്പോൾ പരസ്യമായി പറഞ്ഞത്, എല്ലാവരും രോഗമുണ്ടായിട്ട് പ്രതിരോധിക്കാനാണ് ശ്രമിക്കുന്നത്, പക്ഷേ, കേരളം ലെപ്റ്റോ വരുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് അതിന്റെ prophylaxis എടുത്തു എന്നുള്ളത് അഭിനന്ദനീയമാണ് എന്നാണ്. ഇത്തരം കാര്യങ്ങളെന്തെങ്കിലും ഇനിയും ഉണ്ടാകുകയാണെങ്കിൽ നമുക്കത് തുടരണം; അത് ഉണ്ടാകാതിരിക്കട്ടെ. അതുപോലെ പ്രതിരോധ കുത്തിവയ്പ്പിന്റെ കാര്യത്തിൽ കേരളം വളരെ മുന്നിലാണ്. എന്നാൽ 2017-ൽ ചില ജില്ലകളിൽ ഡിഫ്ത്തീരിയ കുത്തിവയ്പ്പ് നടത്താതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം, പാലക്കാട് ഉൾപ്പെടെയുള്ള ചില ജില്ലകളിൽ വാക്സിനേഷന്റെ തോത് കുറവായിരുന്നു. ആരോഗ്യവകുപ്പ് പെട്ടെന്ന് ഇടപെട്ട് ക്യാമ്പുകൾ ആരംഭിക്കുകയും വിവിധ വിഭാഗം ആളുകളുടെ പിന്തുണ തേടി പ്രവർത്തിക്കുകയും ചെയ്തു. ഇപ്പോൾ പ്രതിരോധ കുത്തിവയ്പ്പ് നല്ലരീതിയിൽ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ വലിയ പ്രശ്നങ്ങളൊന്നുമില്ല. അങ്ങിങ്ങായി ഒറ്റപ്പെട്ട പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, സാധാരണക്കാർ ഏറ്റവും കൂടുതൽ ആശുപത്രികളെ ആശ്രയിക്കുന്നത് ചികിത്സാ കാർഡ് ഉപയോഗിച്ചാണ്. പുതിയ രജിസ്ട്രേഷൻ നടത്തിയെങ്കിലും 100 ശതമാനം ഉപഭോക്താക്കൾക്കും അതിനുള്ള എൻറോൾമെന്റ് ആയിട്ടില്ല. എന്റെയടുത്ത് വരുന്ന പലയാളുകളും കാർഡില്ല എന്നാണ് പറയുന്നത്. ആദിവാസി, പിന്നോക്ക മേഖലകളിൽ രജിസ്ട്രേഷൻ നടത്താത്തവർക്ക് ഇപ്പോൾ അതിന് കഴിയാത്ത അവസ്ഥയാണ്. മെഡിക്കൽ കോളേജിൽ പോയാൽ മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നാണ് പറയുന്നത്. ഇങ്ങനെയുള്ള മേഖലകളിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് എൻറോൾമെന്റിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മെഡിക്കൽ കോളേജുകളിൽ മാത്രമല്ല രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നത്. ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് കാർഡുള്ളവരാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നത്. അതിനുള്ള ഏർപ്പാടുകൾ എല്ലാ ആശുപത്രികളിലും ചെയ്തിട്ടുണ്ട്. അത് താലൂക്ക്, ജില്ലാ ആശുപത്രികളിലും എല്ലാ പഞ്ചായത്തുകളിലും ഹെൽപ്പ് ഡെസ്ക് തുറന്നുകൊണ്ട് കാർഡ് കൊടുക്കാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. ആർ.എസ്.ബി.വൈ. കാർഡുള്ളവർക്ക് KASP (Karunya Arogya Suraksha Paddhati) കാർഡ് കിട്ടിയിട്ടില്ലെങ്കിലും അവർക്ക് അതിന്റെ ആനുകൂല്യം കൊടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. എവിടെയെങ്കിലും ആർ.എസ്.ബി.വൈ.-യിൽപ്പെട്ടവർ, KASP-ൽ രജിസ്റ്റർ ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ അത് പ്രത്യേകമായെടുത്ത് പരിഹരിക്കാൻ സാധിക്കും.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, കേരളത്തിലെ എം.എൽ.എ.-മാർ സി.എച്ച്.സി.-യിലും പി.എച്ച്.സി.-യിലും വലിയ ജാഗ്രത പുലർത്തിയിട്ടുണ്ട്. അതിനുള്ള തെളിവാണ് ബഹുമാനപ്പെട്ട മന്ത്രി ആർദ്രം മിഷനിലൂടെ കൊണ്ടുവന്ന പദ്ധതി. എന്റെ മണ്ഡലത്തിലെ സി.എച്ച്.സി.-കളിൽ 25 ലക്ഷത്തോളം രൂപയുടെ ഫണ്ട് നൽകി ഹെമറ്റോളജി അനലൈസർ സ്ഥാപിച്ച് മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയത്. അതുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ കയ്യിൽനിന്നും കായകൽപ്പം അവാർഡ് വാങ്ങാൻ എന്റെ മണ്ഡലത്തിൽനിന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഡോക്ടർമാരും ഉൾപ്പെടെയുള്ളവർ നേരിട്ടെത്തിയത്. ഇത് നാടിനും കേരളത്തിനും അഭിമാനമാണ്. നിപ വൈറസ് വന്നപ്പോൾ കേരളത്തിലെ ജനങ്ങൾ വളരെ ശക്തിയുക്തം നിശ്ചയദാർഢ്യത്തോടുകൂടി പ്രവർത്തിച്ചു. നിപ വൈറസിനെതിരെ ഇടതുപക്ഷ സർക്കാർ നടത്തിയ ജാഗ്രതയും പ്രവർത്തനവും കേരളത്തിന്റെ ചരിത്രത്താളുകളിൽ

കുറിക്കാം. അതുകൊണ്ടാണ് വിദേശ രാജ്യങ്ങളിൽ നിന്നുള്ള അംഗീകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും ലഭിച്ചത്. സമ്പൂർണ്ണ ജീവിതശൈലീരോഗമുക്ത കേരളമാക്കാൻ 141 എം.എൽ.എ.-മാർക്കും സാധിക്കും. സമ്പൂർണ്ണ ജീവിതശൈലീരോഗമുക്ത മണ്ഡലമാക്കാൻ സി.എച്ച്.സി./പി.എച്ച്.സി.-കളിലെ ജനപ്രതിനിധികളെ ഏകോപിപ്പിച്ചുകൊണ്ട് ജീവിതശൈലീരോഗത്തിലൂടെ വരുന്ന മാറാരോഗങ്ങൾക്കെതിരെ ജനങ്ങൾക്ക് ബോധവത്ക്കരണവും ആരോഗ്യപരമായ ജാഗ്രതയും വരുത്താൻ ഈ പദ്ധതിയിലൂടെ നമുക്ക് സാധിക്കും. ഇത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുത്ത് നടത്താൻ സാധിച്ചാൽ തീർച്ചയായും അത് ഏറ്റെടുക്കാൻ ഞങ്ങൾ എം.എൽ.എ.-മാരുമുണ്ടാകും. അതിന് അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതുതന്നെയാണ് സർക്കാർ ഇപ്പോൾ ചെയ്യാൻ ആഗ്രഹിക്കുന്നതും ആരംഭിച്ചിട്ടുള്ളതും. ആർദ്രം മിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയുമെല്ലാം ആരോഗ്യ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുള്ളത്, ഗവൺമെന്റ് ആശുപത്രികളെ ഹൈടെക്കും പേഷ്യന്റ് ഫ്രണ്ട്ലിയും ആക്കുക എന്നുള്ളതാണ്. അതിന്റെ ഭാഗമായി ആശുപത്രികളിലെ സംവിധാനങ്ങൾ വളരെയേറെ മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ, ഗവൺമെന്റിന്റെ പണം കൊണ്ടുമാത്രം നമുക്കിത് മുഴുവനായും ചെയ്യാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ വമ്പിച്ച തോതിലുള്ള കൂട്ടായ്മ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുറമെ, സുമനസ്സുകളായ ധാരാളം ആളുകൾ നമുക്കാവശ്യമായ ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ചെയ്തുതരുന്നുണ്ട്. അത്തരം സഹായങ്ങൾ സ്വീകരിക്കുന്ന കാര്യം കുറച്ചുകൂടി വ്യാപകമായി ഏറ്റെടുക്കണം. നമ്മുടെ നിർദ്ദേശം അനുസരിച്ചുള്ള കാര്യങ്ങളാണ് അവർ നമുക്ക് ചെയ്തുതരേണ്ടത്. അതിനുള്ള പ്ലാൻ നമ്മുടെ അടുത്തുണ്ടാകണം. ആ പ്ലാൻ ഉണ്ടാക്കിയിട്ട് സമീപിക്കുമ്പോൾ, കെട്ടിടങ്ങൾ, ഉപകരണങ്ങൾ ഉൾപ്പെടെ വമ്പിച്ച തോതിലുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ട്. സമ്പൂർണ്ണ ജീവിതശൈലീരോഗമുക്തമാക്കാനുള്ള പ്രചരണം ഇപ്പോൾ നന്നായി ആരംഭിച്ചിട്ടുണ്ട്. ഓരോ എം.എൽ.എ.-മാരും അവരുടെ മണ്ഡലം ആ രീതിയിലാക്കാനും ഓരോ പഞ്ചായത്ത് പ്രസിഡന്റുമാരും പഞ്ചായത്തിൽ ജീവിതശൈലി മാറ്റിയെടുത്തുകൊണ്ട് നമ്മൾ ജീവിതശൈലീരോഗങ്ങളെ നിയന്ത്രിക്കുമെന്ന് വാർഡുതലത്തിൽ പ്രതിജ്ഞയെടുക്കണം. ആരോഗ്യ വകുപ്പിന്റെ ഉദ്യോഗസ്ഥർ എല്ലാ തലത്തിലും അതിനായി മുന്നിൽനിന്ന് പ്രവർത്തിക്കണം. നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ഏതായാലും നമ്മൾ ആ ക്യാമ്പയിൻ ആരംഭിച്ചുകഴിഞ്ഞു. അത് പ്രാവർത്തികമാക്കാൻ എല്ലാവരുടെയും സഹായം ആവശ്യമാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ നേടിയെടുത്ത നേട്ടങ്ങളെ മുഴുവൻ ഇല്ലാതാക്കുന്ന തരത്തിലുള്ള കാര്യങ്ങളാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ചോദ്യങ്ങൾ ചോദിച്ച അംഗങ്ങൾ തന്നെ ജീവിതശൈലീരോഗങ്ങളും അതുപോലെതന്നെ പകർച്ചവ്യാധികളും സംബന്ധിച്ച് പറഞ്ഞ കാര്യങ്ങളാണിത്. പകർച്ചവ്യാധികളെ നേരിടുന്നതിനു വേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ച 'ആരോഗ്യ ജാഗ്രത' പദ്ധതിയും വലിയ പരാജയം എന്നാണ് ഇവിടെ കണക്കുകൾ തെളിയിക്കുന്നത്. ഡി.എച്ച്.എസ്.-ന്റെ കണക്കനുസരിച്ച്, ഈ വർഷം ഈ മാസം വരെ പകർച്ചവ്യാധികൾമൂലം 230 പേരും ഈ ഗവൺമെന്റിന്റെ മൂന്നരവർഷക്കാലത്തെ കണക്കനുസരിച്ച് 1122 പേരും മരണപ്പെട്ടിട്ടുണ്ട്. ഒരു കാലത്തും ഉണ്ടാകാത്ത രീതിയിലുള്ള മരണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ജപ്പാൻജ്വരംമൂലം രണ്ടുപേരാണ് മരിച്ചതെങ്കിൽ ഈ വർഷം 41 പേരാണ് മരിച്ചത്. ഇതിനെ നേരിടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആരോഗ്യ ജാഗ്രതാ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും ഫലപ്രദമായി നടക്കുന്നില്ല. അതിന് ഏറ്റവും വലിയ ഉദാഹരണം, ആരോഗ്യ ജാഗ്രതാ പദ്ധതി പ്രകാരം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 12.25 കോടി രൂപ അനുവദിച്ചെങ്കിലും അതിൽ 3 കോടി രൂപ (22 ശതമാനം തുക) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇവിടെ ആളുകൾ മരണപ്പെടുമ്പോഴും 3 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതുകൊണ്ട് ബാക്കി തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ എങ്ങനെയാണ് ഇത്തരത്തിലുള്ള കണക്ക് പറയുന്നതെന്ന് എനിക്കറിയില്ല. നമ്മുടെ നാട്ടിൽ ഒരുപാട് മരണങ്ങൾ എല്ലാവർഷവും സംഭവിക്കുന്നുണ്ട്. ഒരു മരണവും സംഭവിക്കരുതെന്നത് ആരോഗ്യ വകുപ്പ് മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല. പനി ചില രോഗങ്ങളുടെ ലക്ഷണമാണ്. മറ്റ് ചില അസുഖങ്ങളുള്ള സാഹചര്യത്തിൽ ഇത്തരത്തിലുള്ള പകർച്ചവ്യാധികൾകൂടി വരുമ്പോൾ നമ്മളെന്ത് നിയന്ത്രിച്ചാലും ചിലപ്പോൾ അവർ മരണത്തിലേയ്ക്ക് പോകും. ഇവിടെ അംഗം പറഞ്ഞ 230 എന്ന കണക്ക് വളരെ ചെറുതാണ്. എല്ലാം ചേർത്തുകൊണ്ടുള്ള കണക്കാണ് പറയുന്നത്. നമുക്കുണ്ടായിട്ടുള്ള മാറ്റം അതിൽനിന്നും മനസ്സിലാക്കാം. എല്ലാതരത്തിലുള്ള പനിയും പനിമരണങ്ങളും ചേർത്താണ് 230 എന്ന കണക്ക് പറഞ്ഞിട്ടുള്ളത്. സാധാരണ 500-നടുത്തുവരുന്ന 5 താണ്. ഇപ്പോൾ പനിമരണങ്ങൾ തന്നെ

കുറയ്ക്കാൻ സാധിച്ചു എന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം Japanese encephalitis-ന്റെ കാര്യം പറഞ്ഞു. 2019-ൽ Japanese encephalitis-ന്റെ 10 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ ഒരു മരണമാണ് സംഭവിച്ചിട്ടുള്ളത്. എന്റെ കയ്യിലുള്ളത് ആധികാരികമായ കണക്കാണ്. എല്ലാ കണക്കുകളും ഞാൻ വായിക്കുന്നില്ല. അദ്ദേഹം പറഞ്ഞതും ഞാൻ പറഞ്ഞ കണക്കുകളും തമ്മിലുള്ള വ്യത്യാസം നന്നായി മനസ്സിലാകും. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള കണക്കുകൾ ദയവായി പറയാതിരിക്കുക. ഈ രോഗത്തിൽനിന്ന് രക്ഷനേടേണ്ടത് ആരോഗ്യ വകുപ്പിന്റെയോ ഭരണപക്ഷത്തിന്റെയോ മാത്രം ആവശ്യമല്ല. അതിൽ എല്ലാ ജനപ്രതിനിധികൾക്കും പങ്കുണ്ട്. അത് നമ്മളെല്ലാവരും ചേർന്ന് ചെയ്യണം. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതാണെങ്കിൽ ഞാനത് ശ്രദ്ധിക്കാം. അങ്ങ് പറഞ്ഞ കണക്ക് ശരിയല്ല, എന്റെ കയ്യിലുള്ളതാണ് ശരിയായിട്ടുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പകർച്ചവ്യാധികളെയും ജീവിതശൈലീ രോഗങ്ങളെയും പ്രതിരോധിക്കാനുള്ള ബോധവത്കരണത്തോടൊപ്പം ചെലവുകുറഞ്ഞ പല ചികിത്സാരീതികളും വേണ്ടവിധം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ലായെന്ന അഭിപ്രായമുണ്ട്. മോഡേൺ മെഡിസിന് ചെലവ് അധികരിക്കുന്നുണ്ടെന്ന് എല്ലാവർക്കുമറിയാം. ഈ സന്ദർഭത്തിൽ നമ്മുടെ സംസ്ഥാനത്ത് നാച്ചുറോപ്പതി ആശുപത്രികൾ വളരെ പരിമിതവുമാണ്. കൂടുതൽ നാച്ചുറോപ്പതി ആശുപത്രികളും യോഗാ ക്ലബ്ബുകളും ഓപ്പൺ ജിമ്മുകളും ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിക്കാനുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആയുഷ് വിഭാഗത്തിൽപ്പെട്ട എല്ലാ ചികിത്സാരീതികളും ഒരുപോലെ ചെലവ് കുറഞ്ഞതല്ല. എങ്കിലും നമുക്കത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കണം. ഇപ്പോൾ നാച്ചുറോപ്പതിയൊക്കെ നന്നായി പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ ഗുരുതരമായ അസുഖങ്ങളുടെ രോഗനിർണ്ണയത്തിന് മോഡേൺ മെഡിസിനെ നന്നായി ആശ്രയിക്കേണ്ടതായിട്ടുണ്ട്. ആയുർവ്വേദം അതുപോലെതന്നെ ആയുഷിലെ ഹോമിയോപ്പതി, നാച്ചുറോപ്പതി, യോഗ തുടങ്ങിയ കാര്യങ്ങൾ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കപ്പെടണമെന്ന ആശയം തന്നെയാണ് ഗവൺമെന്റിനുള്ളത്. ഇതിന്റെ ഭാഗമായാണ് അന്താരാഷ്ട്ര ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനമെടുക്കുകയും അതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളത്. നാച്ചുറോപ്പതിയും ആ രീതിയിൽ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇനിയും ഇത്തരത്തിലുള്ള indigenous medicine-ന് പ്രോത്സാഹനം കൊടുത്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ലോകത്ത് ഏറ്റവും കൂടുതൽ പ്രമേഹ രോഗികളുള്ളത് കേരളത്തിൽ എന്നാണ് അങ്ങിവിടെ പറഞ്ഞത്. എന്ത് നടപടി സ്വീകരിച്ചാലാണ് പ്രമേഹ രോഗം വരാതിരിക്കുക? പകർച്ചവ്യാധിയായിരുന്ന കുഷ്ഠരോഗത്തെ കേരളത്തിൽനിന്നും നിശ്ശേഷം തുടച്ചുനീക്കിയതാണ്. എന്നാൽ അതിപ്പോൾ വീണ്ടും അങ്ങിങ്ങായി കാണപ്പെടുകയാണ്. ഇപ്പോൾ കുട്ടികളിൽപ്പോലും വ്യാപകമായി പ്രമേഹരോഗം കണ്ടുവരികയാണ്. മറ്റ് രോഗങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകുന്നതുപോലെ, പ്രമേഹരോഗം വരുന്നതെന്തുകൊണ്ടാണ്; അത് വരാതിരിക്കാനുള്ള മാർഗ്ഗം എന്താണ് എന്നതിനെ സംബന്ധിച്ച് താലൂക്കുകൾ കേന്ദ്രീകരിച്ച് പ്രധാനപ്പെട്ട ആശുപത്രികളെ തെരഞ്ഞെടുത്ത് ഒരു നിശ്ചിത ദിവസം അരമണിക്കൂറെങ്കിലും ഇന്ററാക്ഷൻ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ച് ജനങ്ങൾക്ക് അവബോധം നൽകാനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ഒരു പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, രണ്ടുമൂന്ന് തരത്തിൽ പ്രമേഹ രോഗം വരാറുണ്ടെന്നാണ് വിദഗ്ദ്ധർ പറയുന്നത്. ഒന്ന്, പാരമ്പര്യമായി വരുന്നതാണ്. തലമുറയിൽപ്പെട്ട ആർക്കെങ്കിലും പ്രമേഹ രോഗമുണ്ടെങ്കിൽ അത് പിൻതലമുറയ്ക്ക് വരുന്നതായി കാണുന്നുണ്ട്. ശാരീരികമായ ചില പ്രത്യേകതകളാണ് ഇതിനിടയാക്കുന്നത്. അതേസമയം ജീവിതശൈലിയുടെ ഭാഗമായി ഇത്തരം കാര്യങ്ങൾ അധികരിക്കുന്നുമുണ്ട്. ഭക്ഷണക്രമം പ്രധാനപ്പെട്ട കാര്യമാണ്. ആദ്യംതന്നെ പ്രമേഹരോഗം കണ്ടെത്തുക എന്നുള്ളതാണ് പ്രധാനം. പ്രമേഹരോഗം കൂടുതലായാലാണ് അത് കണ്ണിനേയും കിഡ്നിയേയും ബാധിക്കുന്നത്. പ്രമേഹരോഗം ആദ്യംതന്നെ കണ്ടെത്തിയാൽ ഭക്ഷണക്രമത്തിലൂടെയും മരുന്നിലൂടെയും അതിന്റെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാധിക്കും. പ്രമേഹരോഗത്തിനെതിരായി വമ്പിച്ച ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലൊക്കെ ആഴ്ചകൾതോറും ആളുകളെ വിളിച്ചുവരുത്തി ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളുംമറ്റും ആരംഭിച്ചിട്ടുണ്ട്. കുറേക്കൂടി വ്യാപകമായി അവയർനസ്സ് ക്യാമ്പയിൻ ആരംഭിക്കാം. കുട്ടികളിൽ കണ്ടുവരുന്ന ടൈപ്പ് വൺ പ്രമേഹം ആദ്യമായിട്ടാണ് ഇത്രയേറെ ശ്രദ്ധിക്കപ്പെട്ടത്. ഈ ഗവൺമെന്റ് വന്നപ്പോൾത്തന്നെ പല രക്ഷിതാക്കളും അവരുടെ സങ്കടം പറഞ്ഞതിന്റെ ഭാഗമായി 'മിഠായി' എന്നൊരു പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ജനങ്ങൾക്ക് വലിയ ചികിത്സാച്ചെലവ് വരുന്നതായതുകൊണ്ട് ഇൻസുലിനുംമറ്റും സൗജന്യമായി കൊടുക്കുന്ന ഈ പദ്ധതി ആളുകൾക്ക് വലിയ ആശ്വാസമാണ്. 'മിഠായി' പദ്ധതി ഇപ്പോൾ വളരെ നന്നായി നടക്കുന്നുണ്ട്. ഇതിന്റെ ഓരോ വശവും ശ്രദ്ധിച്ചുകൊണ്ടുള്ള ഇടപെടലാണ് ആരംഭിച്ചിട്ടുള്ളത്. ഇനിയും നല്ല അവയർനസ് ക്യാമ്പയിൻ സംഘടിപ്പിക്കാം.

**അന്തർ സംസ്ഥാന നദീജല കരാറുകൾ**

2(*302) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജല കരാറുകളിൽ സംസ്ഥാന താല്പര്യം സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ ഇരുസംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ തമ്മിലുള്ള ചർച്ചയിൽ ധാരണയായതിനെത്തുടർന്ന് സാങ്കേതിക വിദഗ്ധരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാർ രൂപീകരിക്കുന്ന ഡാം സുരക്ഷ അതോറിറ്റി മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക പരിഹരിക്കാൻ സഹായകരമാകുമോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങളുയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കരാർ പ്രകാരം അർഹതപ്പെട്ട ജലം നേടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനുപരി സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകളും നടത്തുന്നുണ്ട്.

1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഇരുസംസ്ഥാനങ്ങളും 29-5-1970-ൽ ഒപ്പിട്ട പി.എ.പി. കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തേയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്നും വ്യവസ്ഥയുണ്ട്. 30 വർഷം പൂർത്തിയായ 1988-ൽതന്നെ കരാർ പുനരവലോകന ചർച്ചകൾ തുടങ്ങിയിരുന്നു. ഇതിനോടകം ഉദ്യോഗസ്ഥ തലത്തിലും മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി പുനരവലോകന ചർച്ചകൾ ഇരുസംസ്ഥാനങ്ങളും തമ്മിൽ നടന്നിട്ടുണ്ടെങ്കിലും അധികജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ധാരണയാവാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. എന്നാൽ 25-09-2019-നുചേർന്ന

മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പി.എ.പി. കരാർ പുനരവലോകനവുമായി സഹകരിക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയും ഇതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പുസെക്രട്ടറിമാരുടെ നേതൃത്വത്തിൽ അഞ്ച് അംഗങ്ങൾ വീതമുള്ള കമ്മിറ്റി രൂപീകരിക്കാനും തീരുമാനമുണ്ടായി. കൂടാതെ പി.എ.പി. കരാറുമായി ബന്ധപ്പെട്ട് തമിഴ്നാടിന്റെ കരാർ ലംഘനങ്ങൾക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളം ഫയൽ ചെയ്തിട്ടുള്ള അസ്സൽ അന്യായം O.S. No. 2/2013-ൽ, പദ്ധതി പ്രദേശത്ത് തമിഴ്നാട് നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളം IA No. 107008/2018, IA No. 80167/2018 എന്നീ അപേക്ഷകൾകൂടി ഫയൽ ചെയ്യുകയുണ്ടായി.

ഇതിനുപുറമെ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച തർക്ക വിഷയങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 7-5-2017-ലെ വിധി പ്രകാരം നിയമിതമായ മൂന്നംഗ സൂപ്പർവൈസറി കമ്മിറ്റിക്ക് മുമ്പാകെയും കേന്ദ്ര സർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന് മുമ്പാകെയും കേരളം ഉന്നയിച്ചുവരുന്നു. ഈ വിഷയങ്ങളിൽ തുടർനടപടികൾ എടുക്കുന്നതിനായി തമിഴ്നാടിനോട് യഥാസമയം ആവശ്യപ്പെട്ടുവരുന്നുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലേയ്ക്കുള്ള വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാൻ KSEBL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ പാട്ടക്കരാർ പുതുക്കുന്ന നടപടിയും AVIP-യുടെ വിശദമായ പദ്ധതി രേഖയ്ക്ക് Detailed Project Report (DPR) കേന്ദ്ര സർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികളും പുരോഗമിച്ചു വരുന്നു. കേന്ദ്ര ജലശക്തി മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസി (NWDA), വിഭാവന ചെയ്തിട്ടുള്ളതും തമിഴ്നാടിന് താല്പര്യമുള്ളതുമായ നദീജല സംയോജന പദ്ധതിയായ പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയോടുള്ള കേരളത്തിന്റെ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. മേൽ വിഷയങ്ങളെല്ലാംതന്നെ 25-9-2019-ൽ തിരുവനന്തപുരത്തു വച്ച് തമിഴ്നാട് സർക്കാരുമായി നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളം ഉന്നയിച്ചിരുന്നു.

(ബി) കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് 25-9-2019-ന് തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രിതല ചർച്ചയുടെ തീരുമാനമനുസരിച്ച് പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി രണ്ട് സംസ്ഥാനങ്ങളിലെയും 5 ഉദ്യോഗസ്ഥർ വീതമുള്ള ഒരു പത്തംഗ സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെയും തമിഴ്നാടിന്റെയും അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. (ഇതിൻപ്രകാരമുള്ള സംയുക്ത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.)

(സി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ രൂപീകരിക്കുന്ന ഡാം സുരക്ഷാ അതോറിറ്റി സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ ഒരു വട്ടമേശയ്ക്ക് ചുറ്റുമിരുന്ന് സാഹോദര്യ മനോഭാവത്തോടെ ചർച്ചചെയ്ത് പരിഹരിക്കാൻ മുൻകയ്യെടുത്തതിന് ഞാൻ ആദ്യമായി അങ്ങയെ അഭിനന്ദിക്കുകയാണ്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി 25-9-2019-ന് രണ്ട് മുഖ്യമന്ത്രിമാർ നേരിട്ട് നടത്തിയ ചർച്ചയുടെ ഭാഗമായി എടുത്ത തീരുമാനങ്ങളും അതുവഴി കേരളത്തിനുണ്ടാകാവുന്ന നേട്ടങ്ങളും വിശദീകരിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അക്കാര്യമാണ് ഞാൻ നേരത്തെ വിശദമായി പറയാൻ ശ്രമിച്ചത്. 30 വർഷം പൂർത്തിയായ കരാറുമായി ബന്ധപ്പെട്ട ചർച്ചയിൽ പി.എ.പി. കരാർ പുനരവലോകനവുമായി അവർ സമ്മതിച്ചുവെന്നുള്ളതാണ് ഈ യോഗത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇതിന്റെ ഭാഗമായി മറ്റ് ഒട്ടേറെ പ്രശ്നങ്ങളും ചർച്ച ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് സംസ്ഥാനത്തെ സംബന്ധിച്ച് വലിയ നേട്ടമാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ട് സംസ്ഥാനങ്ങളും തമ്മിൽ സംഘർഷപരമായ അന്തരീക്ഷമല്ല, സൗഹാർദ്ദപരമായ അന്തരീക്ഷമാണ് വേണ്ടതെന്നുള്ളതിൽ തമിഴ്നാട് സർക്കാരും പൂർണ്ണ യോജിപ്പാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ആ യോഗം നല്ല ഫലമാണ് ഉണ്ടാക്കിയിട്ടുള്ളത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് പലപ്പോഴും കേരള ഷോളയാർ നിറയ്ക്കുന്നതിന് തമിഴ്നാട് വെള്ളം നൽകാറില്ല. കഴിഞ്ഞവർഷം 90 എം.സി.എം. വെള്ളം കുറച്ചാണ് നൽകിയത്. പ്രളയകാലത്ത് തുറന്നുവിട്ട വെള്ളം കണക്കിൽപ്പെടുമെന്നാണ് അതിന് അവർ കാരണം പറഞ്ഞത്. അപ്പർ ഷോളയാറിൽനിന്നും പറമ്പിക്കുളത്തുനിന്നും തുണക്കടവ് വഴിയും കുരിയാർകുറ്റി-കാരപ്പാറ വഴിയും പ്രളയകാലത്ത് അല്ലെങ്കിൽ വർഷകാലത്ത് തമിഴ്നാടിന് ആവശ്യമില്ലാത്ത വെള്ളം പെരിങ്ങൽകുത്തിലേയ്ക്കും കേരള ഷോളയാറിലേയ്ക്കും തുറന്നുവിടുന്നതിന്റെ ഭാഗമായിട്ടാണ് പലപ്പോഴും ചാലക്കുടിപ്പുഴയിൽ വെള്ളപ്പൊക്കമുണ്ടാകുന്നത്. കരാർ അനുസരിച്ച് എല്ലാ വർഷവും സെപ്റ്റംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും കേരള ഷോളയാർ നിറയ്ക്കേണ്ടതാണ്. അടുത്തവർഷം ഫെബ്രുവരി ഒന്നിന് കേരള ഷോളയാർ നിറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? അങ്ങനെ നിറച്ചില്ലെങ്കിൽ ചാലക്കുടിപ്പുഴയിലെ

നീരൊഴുക്കിനെ ബാധിക്കുകയും ചാലക്കുടിപ്പുഴയിലെ മനോഹാരിതകൾ, വാഴച്ചാൽ, അതിരപ്പിള്ളി വെള്ളച്ചാട്ടം, ജലസേചനം, കുടിവെള്ള പ്രശ്നം, കൃഷിനാശം എന്നിവയ്ക്ക് കാരണമാകുമെന്നുള്ളതുകൊണ്ടും കാലേക്കുട്ടി ഫെബ്രുവരി ഒന്നിന് വെള്ളം നിറയ്ക്കാനാവശ്യമായ ഇടപെടലും നടപടികളും സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം പറഞ്ഞത് ശരിയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നടന്ന ചർച്ചയിൽ കാര്യമായി പ്രശ്നങ്ങളുന്നയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നല്ല ഫലമുണ്ടായെന്ന് ഞാൻ നേരത്തെ പറഞ്ഞു. കേരള ഷോളയാർ നിറഞ്ഞുനിൽക്കണമെന്നാണ് പൊതുവെ പറഞ്ഞിട്ടുള്ളത്. അത് സമ്മതിക്കുന്ന നിലയും വന്നിട്ടുണ്ട്. ഇനി എന്താണെന്നുള്ളത് അനുഭവത്തിലൂടെ അറിയാം.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പുതിയ ഡാം പണിയുന്നതിനുള്ള നീക്കങ്ങളുടെ പുരോഗതി എന്താണെന്ന് അറിയിക്കുമോ; മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, നമ്മുടെ ആശങ്കകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഉതകുന്നതാണ് പാർലമെന്റിന്റെ പരിഗണനയിലിരിക്കുന്ന ഡാം സേഫ്റ്റി ബില്ലും അത് വിഭാവന ചെയ്യുന്ന ഡാം സേഫ്റ്റി അതോറിറ്റിയും. അവിടെയും തമിഴ്നാട് ശക്തമായ എതിർപ്പുകളുമായി രംഗത്തുവന്നിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ഒരു പൂർണ്ണ ധാരണ ആയിട്ടില്ല. എന്നാൽ അതിന്റെ ചില പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, 25-9-2019-ന് മുഖ്യമന്ത്രിതല ചർച്ചയിൽ സെക്രട്ടറിതല പത്തംഗ കമ്മിറ്റി രൂപീകരിക്കാനും നദീജല കരാർ അവലോകനം ചെയ്യാനും എടുത്ത തീരുമാനം വളരെ ശ്രദ്ധേയമാണ്. അതിന് മുൻകയ്യെടുത്ത മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. അതിനോടൊപ്പം അന്തർസംസ്ഥാന നദീജലകരാർ പ്രകാരം വയനാട്ടിൽ കബനി നദിയിൽനിന്നും 21 ടി.എം.സി. വെള്ളം നമ്മൾ ഉപയോഗിക്കേണ്ടതാണ് എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഈ വെള്ളം ഉപയോഗിക്കുന്നില്ലായെന്നുപറഞ്ഞ് തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ഇതിനോടകംതന്നെ സമീപിച്ചിട്ടുണ്ട്. നമുക്ക് 3 ടി.എം.സി. വെള്ളം മാത്രമാണ് ഉപയോഗിക്കാൻ കഴിയുന്നത്. കാവേരി നദീജല ട്രൈബ്യൂണൽ തീരുമാനപ്രകാരം കബനി നദീജല വിനിയോഗത്തിന് ചെറുകിട ജലസേചന പദ്ധതികൾ, ചെക്ക് ഡാമുകൾ, കബനി നദീതട വൈദ്യുതീകരണം വഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കാവേരി ബേസിനിൽനിന്നും 30 ടി.എം.സി. വെള്ളമാണ് നമുക്ക് കിട്ടുന്നത്. കാവേരി ബേസിനിൽ വയനാട്ടിലെ കബനി ഉൾപ്പെടെയുള്ള നദികളിൽനിന്നും 22 ടി.എം.സി. വെള്ളവും അട്ടപ്പാടി വാലിയിൽനിന്നും 6 ടി.എം.സി. വെള്ളവുമാണ് ലഭിക്കുന്നത്. അട്ടപ്പാടി വാലിയിൽ എ.വി.ഐ.പി. (അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്) ആരംഭിച്ചിട്ടുണ്ട്. അതിനും അവർ തടസ്സം നിൽക്കുകയാണ്. ഇനി തടസ്സം നിൽക്കില്ലായെന്ന് കഴിഞ്ഞ ചർച്ചയിൽ ധാരണയിലെത്തിയിട്ടുണ്ട്. കടമംതോട് പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് പ്രാദേശികമായി ചില എതിർപ്പുകൾ ഉയർന്നുവന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ യോഗം വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ വച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കും. കാവേരി ട്രൈബ്യൂണലിന്റെ വിധിപ്രകാരം അതുവരെ ആ വെള്ളം ഉപയോഗിക്കാൻ അവകാശമുള്ളതുകൊണ്ടാണ് അവർ അതിലും ചില തടസ്സങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അതൊക്കെ നമുക്ക് ഈ ചർച്ചയിൽ കൂടി അവസാനിപ്പിക്കാൻ സാധിക്കും.

ശ്രീ. കെ. ബാബു: സർ, ആറ് പതിറ്റാണ്ടിലേറെ കാലപ്പഴക്കമുള്ളതും രണ്ടു തവണ കരാർ പുതുക്കേണ്ടതുമായ പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ചും മുഖ്യമന്ത്രിതല ചർച്ചയ്ക്കും സെക്രട്ടറിതല ഉദ്യോഗസ്ഥരുടെ കമ്മിറ്റിക്കും രൂപം കൊടുക്കുന്നതിൽ നേതൃത്വം കൊടുത്ത കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും എൽ.ഡി.എഫ്. സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മഴനിഴൽ പ്രദേശമായി മാറിക്കൊണ്ടിരിക്കുന്ന പാലക്കാടിന്റെ കിഴക്കൻ മേഖലയ്ക്ക്, കാർഷിക മേഖലയ്ക്ക് ജലദൗർലഭ്യവും കുടിവെള്ളത്തിന്റെ ആവശ്യകതയും വർദ്ധിക്കുന്ന ഈ സാഹചര്യത്തിൽ പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം നമുക്ക് ലഭിക്കുന്ന 7.25 ടി.എം.സി. വെള്ളത്തിൽനിന്നും അധീഷണലായി ലഭിക്കാൻ സാധ്യതയുണ്ടെന്ന് കരാറിൽത്തന്നെ പറയുന്ന എത്ര ടി.എം.സി. വെള്ളമാണ് തമിഴ്നാട് സർക്കാരിനോട് കൂടുതലായി നാം ആവശ്യപ്പെട്ടിട്ടുള്ളത്; അത് ലഭിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കരാർപ്രകാരം 10 കൊല്ലത്തെ ആവറേജ് കണക്കെടുത്ത് അതിന്റെ ഷെയർ നമുക്ക് തരണമെന്ന് വളരെ നിർബന്ധമായി ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ ചിറ്റൂർ പുഴയ്ക്ക് 2.5 ഹൈ ലെവൽ കനാൽ ഉപയോഗിച്ചുകൊണ്ട് പറമ്പിക്കുളത്തുനിന്നും വെള്ളം ലഭ്യമാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതും ഈ ചർച്ചയിൽ നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് പറമ്പിക്കുളം-ഉണക്കടവ്-പെരുവാരപ്പള്ളത്തിൽ ആവറേജ് 16.5 ടി.എം.സി. വെള്ളം കിട്ടുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും 10 ടി.എം.സി. വെള്ളം മാത്രമെ കിട്ടുന്നുള്ളൂവെന്നും അതിന്റെ ഷെയർ തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അത്

കിട്ടാൻ സാധ്യതയുണ്ട്. അതുപോലെ ഷോളയാറിൽ നിന്ന് സ്പിൽവേയിൽ വരുന്ന വെള്ളം കേരളത്തിന് അവകാശപ്പെട്ടതാണ്. Uncontrolled flood water എന്ന നിലയ്ക്ക് അതും കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തമിഴ്നാടുമായി അക്കാര്യം സംസാരിച്ചപ്പോൾ അതിനെ എതിർക്കാൻ കഴിയില്ലായെന്ന നിലപാടുണ്ടായി. അവരുടെ ഭാഗത്തുനിന്നും കൂടുതലും ഉദ്യോഗസ്ഥരാണ് ആ ചർച്ചയിൽ പങ്കെടുത്തത്. അങ്ങനെയെങ്കിൽ നമുക്ക് ചിറ്റൂർ പുഴയ്ക്ക് 2.5 ടി.എം.സി. വെള്ളവും uncontrolled flood water എന്ന നിലയ്ക്ക് 5/6 ടി.എം.സി. വെള്ളവും കൂടുതലായി കിട്ടാൻ സാധ്യതയുണ്ട്.

ഡോ. എൻ. ജയരാജ്: സർ, സംസ്ഥാന മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ വളരെ ദീർഘകാലത്തിനുശേഷമാണ് ഇങ്ങനെയൊരു യോഗം കൂടാൻ സാധിച്ചത്. വർഷങ്ങളായി ആവശ്യപ്പെടുന്ന തമിഴ്നാടിന്റെ ഒരു വിഷയം, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കാണ്. യഥാർത്ഥത്തിൽ വൈപ്പാർ മേഖലയിലേയ്ക്ക് പമ്പയിലെയും അച്ചൻകോവിലാറിലെയും കൂടുതലായിട്ടുള്ള ജലം കടത്തി വിടുകയെന്നുള്ളത് ഒരാവശ്യമാണ്. ഇത് വേമ്പനാട് കായലിൽ ഉണ്ടാക്കാൻ പോകുന്ന വലിയ പാരിസ്ഥിതിക പ്രശ്നത്തെപ്പറ്റിയുള്ള ചർച്ചകളിലെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ വേമ്പനാട്ടുകായലിന്റെ പാരിസ്ഥിതിക അവസ്ഥ വളരെ ഗൗരവമായ വിഷയമെന്ന നിലയിൽ ഗവൺമെന്റ് എങ്ങനെയാണ് കാണുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനെ നമ്മൾ വളരെ ശക്തമായി എതിർത്തിട്ടുണ്ട്. പരിസ്ഥിതിക്ക് വലിയ പ്രശ്നമുണ്ടാകുന്നതുകൂടാതെ ടിൻ കല്ലാർ പദ്ധതിയും നമ്മുടെ പ്രൊപ്പോസലിലുണ്ട്. അതും വലിയ ദോഷം ചെയ്യുന്നവെന്നുള്ളതുകൊണ്ട് അതിനെ അനുകൂലിക്കുന്ന ഒരു പ്രശ്നമേയുണ്ടാകുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, മുല്ലപ്പെരിയാർ വിഷയം അങ്ങ് വളരെ പക്വതയോടെയും അവധാനതയോടെയുമാണ് കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്നത്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് ഡാം സേഫ്റ്റി അതോറിറ്റി ബിൽ കൊണ്ടുവരാൻ പോകുന്നു. എന്തുകൊണ്ടാണെന്നറിയില്ല, മറ്റ് ബില്ലുകളിലൊക്കെ കാണിക്കുന്ന വേഗത കേന്ദ്രഗവൺമെന്റിന് ഇത്തരം കാര്യങ്ങളിൽ ഇല്ല. ആളുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഏറ്റവും ഗുരുതരമായി നിൽക്കുന്നത്. 2018-ലുണ്ടായ വെള്ളപ്പൊക്കത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ എല്ലാ ഷട്ടറുകളും ഒരുപോലെ തുറന്നുവിട്ടപ്പോഴുണ്ടായ ബുദ്ധിമുട്ട് കേരളമാകെ അനുഭവിച്ചതാണ്. ഈയൊരു സാഹചര്യത്തിൽ മുല്ലപ്പെരിയാർ തീരദേശവാസികളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ഒരു പാക്കേജ് ഗവൺമെന്റ് കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുല്ലപ്പെരിയാറിനെ സംബന്ധിച്ചുള്ള ആശങ്കകൾ വേണ്ടത്ര ഇവിടെ ഉന്നയിച്ചിട്ടുണ്ട്. അനാവശ്യമായി, വല്ലാത്ത രീതിയിൽ ഭീതി സൃഷ്ടിക്കുന്ന തരത്തിൽ ആളുകളെയെല്ലാം ഒഴിപ്പിക്കുന്ന ഒരവസ്ഥ വന്നിരിക്കുകയാണ്. ആ തരത്തിലുള്ള പ്രതികരണത്തിലേയ്ക്ക് നമ്മൾ പോകേണ്ടതായിട്ടില്ല. അത്തരമൊരു സാഹചര്യമൊന്നും ഇപ്പോൾ അവിടെ ഉയർന്നുവന്നിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽ ധാരാളം വെള്ളമുണ്ടായിരുന്ന ഒരു കാലഘട്ടത്തിലാണ് നദീജല കരാറുകൾ നമ്മൾ തമിഴ്നാടുമായി ഒപ്പിട്ടിട്ടുള്ളത്. വാസ്തവത്തിൽ ഇന്ന് നമ്മുടെ നദികളിലെ വെള്ളത്തിന്റെ കുറവ് കണക്കിലെടുത്തുകൊണ്ട്, തന്നെയുമല്ല 30 വർഷം കഴിയുമ്പോൾ കരാറുകൾ പുനഃപരിശോധിക്കണമെന്നുള്ളതാണ് വ്യവസ്ഥ, അത് പുനഃപരിശോധിക്കേണ്ടതാണ്. അതുപോലെതന്നെ കാവേരി നദീജല ട്രൈബ്യൂണൽ നമുക്ക് 30 ടി.എം.സി. വെള്ളം അനുവദിച്ചിട്ടുള്ളതാണ്. ഇതുവരെ അത് എടുക്കാൻപോലും നമുക്ക് കഴിഞ്ഞിട്ടില്ല. അതുപോലെതന്നെയാണ് ചിറ്റൂർ പുഴയുടെ കാര്യത്തിലും, നമുക്ക് അനുവദിച്ചിട്ടുള്ള വെള്ളംപോലും എടുക്കാൻ തമിഴ്നാട് സമ്മതിക്കുന്നില്ല. ഈ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ചയിൽ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് ഇതിനെത്തുടർന്ന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെ വ്യക്തമായി ഉന്നയിച്ചു. ഇതുവരെ അവർ ഒരു ചർച്ചയ്ക്ക് തയ്യാറായില്ല. ഒരു പ്രശ്നവുമില്ലാതെ തീർക്കണമെന്ന് രണ്ട് ഗവൺമെന്റിനും ആഗ്രഹമുണ്ട്. അതിന്റെ പേരിലാണ് ഈ കമ്മിറ്റിയെ നിയോഗിച്ചത്. കമ്മിറ്റി കൂടുമ്പോൾ ഇന്നയിന്ന കാര്യങ്ങൾ വിശദമായി അവരുടെ മുന്നിൽ അവതരിപ്പിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ ഒരു മാറ്റവുമില്ല. കാവേരി ബേസിനിൽ നമുക്ക് 30 ടി.എം.സി. വെള്ളം കിട്ടുന്നുണ്ട്. ആ വെള്ളം ഉപയോഗിക്കുന്നതിന് അവർ തടസ്സം നിൽക്കാൻ പാടില്ലായെന്ന് പറഞ്ഞു. അട്ടപ്പാടിവാലിയിൽ നമ്മൾ പ്രോജക്ട് തയ്യാറാക്കാൻ ചെന്നപ്പോൾ അവർ എതിർപ്പുണ്ടാക്കി. ഇപ്പോൾ ആ എതിർപ്പ് പിൻവലിച്ചു. അതുപോലെ വയനാട്ടിൽ കബനി നദീതടത്തിൽ നിർമ്മിക്കാൻ പോകുന്ന ഡാമുകളുടെ കാര്യത്തിലും അവർ തടസ്സം നിൽക്കില്ലായെന്നുള്ള ധാരണയിലാണ് പിരിഞ്ഞത്.

ശ്രീ. പി. സി. ജോർജ്: സർ, മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് ആവശ്യമില്ലാത്ത പ്രചരണങ്ങൾ കേരളത്തിലുണ്ടാക്കി ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നതാണ് സത്യം. മുല്ലപ്പെരിയാറിലെ വെള്ളം തമിഴ്നാട് കൊണ്ടുപോകുന്നുവെന്ന് ആരോപണം ഉന്നയിക്കുമ്പോഴും യഥാർത്ഥത്തിൽ കമ്പം-തേനി

മേഖലയിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി മലയാളികളുടേതാണ്. മലയാളികളാണ് ആ വെള്ളം ഉപയോഗിക്കുന്നത്. പക്ഷെ കേരളത്തിലുണ്ടാക്കിയിരിക്കുന്ന പ്രചരണം നേരെ തിരിച്ചാണ്. മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും പെറ്റീഷൻ കമ്മിറ്റി റിപ്പോർട്ടും കൂടാതെ പല റിപ്പോർട്ടുകളുമുണ്ട്. മുല്ലപ്പെരിയാറിന് 900 മീറ്റർ താഴെ പുതിയ ഡാം നിർമ്മിക്കുന്നതിന് പണം മുടക്കാൻ തമിഴ്നാട് തയ്യാറാണെന്ന് പരസ്യമായി പറഞ്ഞു. ആ വെള്ളം പൂർണ്ണമായും തമിഴ്നാട് കൊണ്ടുപോകുന്ന സാഹചര്യത്തിൽ അത് അംഗീകരിച്ചുകൊടുത്തിരുന്നെങ്കിൽ പ്രശ്നം പരിഹരിക്കപ്പെടുമായിരുന്നു. ഇപ്പോഴും അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുകയാണ്. എന്തുകൊണ്ട് തമിഴ്നാട് മുന്നോട്ടുവച്ച സമീപനം നമുക്ക് അംഗീകരിച്ചുകൂടാ. അങ്ങനെയെങ്കിൽ നമുക്ക് ലാഭകരമാകുകയില്ലേ. ആ നിലയിലേയ്ക്ക് പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന കാര്യം ഗവൺമെന്റിന് ആലോചിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മുല്ലപ്പെരിയാർ ഡാം ശക്തിപ്പെടുത്തുന്നതിന് പുതിയ ഡാം പ്രൊപ്പോസ് ചെയ്തതിനെയാണ് തമിഴ്നാട് എതിർത്തത്. അങ്ങനെയൊരു നിർദ്ദേശം വച്ചതായി കണ്ടിട്ടില്ല.

## എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ സംവരണം

3 (* 303) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ്. പി.
ശ്രീ. പി. ഉബൈദുള്ള
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അധ്യാപക-അനധ്യാപക തസ്തികകളിൽ സംവരണം നടപ്പാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എല്ലാ സംവരണ വിഭാഗങ്ങൾക്കും സംവരണം നൽകാൻ തീരുമാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-സി) കേരളത്തിലെ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ച നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25-5-2015-ലെ

വിധിന്യായത്തിൽ ഉത്തരവായിരുന്നു. ഇതിനെതിരെ എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21-12-2017-ലെ വിധിന്യായം മാനേജ്മെന്റുകൾക്ക് അനുകൂലമായിരുന്നു.

എയ്ഡഡ് കോളേജുകളിൽ അധ്യാപക-അനധ്യാപക നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21-12-2017-ലെ വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ 9975-9979/18 എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്കുമാത്രമേ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക-അനധ്യാപക തസ്തികകളിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം എന്ന വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കൂടാതെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ/കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് Persons with Disabilities Act, 1995 പ്രകാരം 18-4-2017 വരെ 3 ശതമാനം സംവരണവും Rights of Persons with Disabilities Act, 2016 പ്രകാരം 19-4-2017 മുതൽ 4 ശതമാനം സംവരണവും ഏർപ്പെടുത്തുന്നതിന് സാമൂഹ്യനീതിവകുപ്പിന്റെ 18-11-2018 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 18-2018/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾ ഡയറക്ട് പേമെന്റ് എഗ്രിമെന്റ്, ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരമാണ് നടത്തുന്നത്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നതുസംബന്ധിച്ച ഉത്തരവ് എയ്ഡഡ് കോളേജുകളിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവിനനുസൃതമായി സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നതുസംബന്ധിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.ഇ. ആക്ടിലും കെ.ഇ. റൂൾസിലും ഭേദഗതി വരുത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പട്ടികജാതി-പട്ടികവർഗ്ഗ സംവരണവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ അപ്പീൽ പോയിരിക്കുന്നുവെന്ന പ്രസ്താവന വളരെയധികം സ്വാഗതാർഹമായ കാര്യമാണ്. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സംവരണ

സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം എല്ലാ മേഖലകളിലും ഉണ്ടായിട്ടില്ലെന്ന കാര്യം എല്ലാവർക്കുമറിയാം. ഈ സന്ദർഭത്തിൽ കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള എല്ലാ സംവരണ സമുദായങ്ങൾക്കും സംവരണാനുകൂല്യം നൽകുക എന്നുള്ളതാണോ അതോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രം സംവരണം നൽകുക എന്നുള്ളതാണോ സർക്കാരിന്റെ നയം; ഓരോ പത്ത് വർഷം കൂടുമ്പോഴും സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഓരോ മേഖലയിലും കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് പഠിക്കുകയും അതിനനുസരിച്ച് സംവരണത്തിന്റെ പ്രാതിനിധ്യം പുനർനിർണ്ണയിക്കുകയും വേണമെന്ന് 1992-ലെ കോടതി വിധിയുണ്ട്. ആ വിധിയുടെ അടിസ്ഥാനത്തിൽ ഇത് പുനർനിർണ്ണയിക്കാൻ ഗവൺമെന്റിന് താൽപ്പര്യമുണ്ടോ; ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നിയമനങ്ങളിൽ സംവരണമെന്നത് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടിയാണ്. അത് ഏറ്റവും സ്വാഗതാർഹമായ നടപടിയാണ്. നിയമനാധികാരങ്ങളിൽ ഇടപെടാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന നിയമനങ്ങളിൽ സംവരണം നടപ്പാക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടത്. ഇതുമായി ബന്ധപ്പെട്ട അപ്പീൽ സുപ്രീംകോടതിയിൽ നിലനിൽക്കുന്നതിനാലാണ് ഇപ്പോൾ അത് നടപ്പാക്കാൻ സാധിക്കാത്തത്. കോടതിവിധി വന്നതിനുശേഷം എന്താണ് വേണ്ടതെന്ന് ആലോചിച്ച് ചെയ്യാം.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഞാൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ഒരു വ്യക്തത വന്നിട്ടില്ല. സംവരണ സമുദായങ്ങൾക്കെല്ലാം സംവരണം ലഭ്യമാകുന്ന രീതിയിലുള്ള തീരുമാനമാണോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത് എന്നതിനെക്കുറിച്ചാണ് ഞാൻ ചോദിച്ചത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ പൊതുവായ സംവരണത്തെക്കുറിച്ചാണ് പറഞ്ഞത്. സംവരണത്തിൽ ഒരുപാട് വിഭാഗങ്ങളുണ്ട്. അതിൽ ഓരോന്നിന്റെയും പേര് പറയേണ്ടതില്ലല്ലോ; നിയമനങ്ങളിൽ സംവരണം എന്നത് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടിയാണ്. ആ നടപടിയുടെ കൂടെയാണ് സർക്കാരുള്ളത്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u> സർ, സംവരണ വിഭാഗങ്ങൾക്ക് അർഹമായി ലഭിക്കേണ്ട നിയമനങ്ങൾ ലഭിച്ചിട്ടില്ലെന്ന നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തലുകൾ നമ്മുടെ മുമ്പിലുണ്ട്. സംവരണ നഷ്ടം പരിശോധിക്കാനും വിലയിരുത്താനും സർക്കാരിന് പരിപാടിയുണ്ടോ; ബാക്ക്‌ലോഗുകൾ നികത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് ക്രമപ്രകാരം ചെയ്യുവരുന്നൊരു കാര്യമാണ്. അതിൽ ഏതെങ്കിലും തരത്തിലുള്ള കുറവുകളുണ്ടെങ്കിൽ ആ കുറവുകൾ നികത്താറുമുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, സർക്കാർ ഖജനാവിൽ നിന്നാണ് എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർക്കും അനധ്യാപകർക്കുമൊക്കെ ശമ്പളം കൊടുക്കുന്നത്. സർക്കാർ ശമ്പളം നൽകുന്ന സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വലിയൊരു വിഭാഗം ജനങ്ങൾക്ക് അവസരം നിഷേധിക്കപ്പെടുന്നത് തുല്യനീതി ഉറപ്പുനൽകുന്ന ഭരണഘടന ആർട്ടിക്കിൾ 14, 16 എന്നിവയുടെ ലംഘനമാണ്. നമ്മുടെ സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ഭൗതികസൗകര്യം മെച്ചപ്പെടുത്താനും പഠന നിലവാരം ഉയർത്താനും ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ പൊതുവിദ്യാഭ്യാസം ശാക്തീകരിക്കപ്പെടണമെങ്കിൽ പൊതു വിദ്യാലയങ്ങളിൽ എല്ലാ വിഭാഗത്തിന്റെയും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. അതുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടക്കുന്ന ഈ ഘട്ടത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അധ്യാപക-അനധ്യാപക നിയമനങ്ങളിൽ പി.എസ്.സി. നിയമനങ്ങളിലെപ്പോലെ സാമുദായിക സംവരണം ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യം തന്നെയാണ് ഞാൻ വ്യക്തമാക്കാൻ ശ്രമിച്ചത്. നിയമനങ്ങളിൽ സംവരണം ഉണ്ടാകുകയെന്നത് പ്രധാനം തന്നെയാണ്. അതിലൂടെ മാത്രമേ സാമൂഹ്യനീതി ഉറപ്പുവരുത്താൻ സാധിക്കൂ. ഇന്നത്തെ ഘട്ടത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്തണമെങ്കിൽ സംവരണം തുടരേണ്ടതുണ്ട്. സംവരണം തുടരേണ്ടെന്ന അഭിപ്രായമുള്ളവരുമുണ്ട്. പക്ഷെ നമ്മൾ ഇപ്പോഴും സാമൂഹ്യനീതി ഉറപ്പുവരുത്തേണ്ട സമൂഹമായിട്ടു തന്നെയാണ് നിൽക്കുന്നത്. അതുകൊണ്ട് സംവരണം ഉറപ്പുവരുത്തുക എന്ന നിലപാടിൽ തന്നെയാണ് സർക്കാർ നിൽക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളോടൊപ്പംതന്നെ ഒട്ടേറെ സെൽഫ് ഫിനാൻസ് കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റികളുമൊക്കെ ആഗോള വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായും നമ്മുടെതന്നെ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുമൊക്കെ വന്നു കൊണ്ടിരിക്കുകയാണ്. അത്തരം സ്ഥാപനങ്ങളിൽ ഒട്ടനവധി നിയമനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ആ മേഖലകളിൽ ഇന്നത്തെ സാമൂഹിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായൊരു സംവരണം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് സ്വകാര്യമേഖലയിലെ സംവരണവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആ മേഖലയിലും സംവരണം ആവശ്യമാണെന്ന പൊതു അഭിപ്രായമാണ് ഉയർന്നുവന്നിട്ടുള്ളത്. അത് ആ ക്യാൻവാസിൽ നമുക്ക് പരിശോധിക്കാം.

ശ്രീ. എം. സ്വരാജ്: സർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണത്തെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അധ്യാപക-അനധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സ്ഥാപനവൽക്കരിക്കപ്പെട്ടുപോയ വലിയൊരു അഴിമതിയുണ്ട്. ആ നിയമനത്തിലുള്ള യോഗ്യത നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത മാത്രമല്ലെന്നും അതിന്റെകൂടെ പണം കൂടിയുണ്ടെന്നതും പരസ്യമായതാണ്. 100 ശതമാനമെന്നുപറയാനാകില്ലെങ്കിലും വലിയൊരു അളവോളം അങ്ങനെയാണ് നടക്കുന്നത്. ഇതിന് അറുതിവരുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടാണ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക-അനധ്യാപക നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. അങ്ങനെ ചെയ്തുകൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനോടൊപ്പം ഈ അഴിമതി അവസാനിപ്പിക്കാനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖല ഈ രീതിയിൽ വളർന്നുവരുന്നതിന് സംഭാവന ചെയ്തിട്ടുള്ളൊരു മേഖലയാണ് എയ്ഡഡ് വിദ്യാഭ്യാസ മേഖല. കേരളത്തിലെ വിദ്യാഭ്യാസ രംഗം ഇത്തരത്തിൽ ശക്തിപ്പെട്ടിട്ടുള്ളത് കേവലം സർക്കാർ സ്കൂളുകൾ മുഖേന മാത്രമല്ല. നാട്ടിലാകെ പടർന്നുപന്തലിച്ചുനിൽക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലൂടെ തന്നെയാണ്. അതും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിന്റെ പേരുതന്നെ സർക്കാർ എയ്ഡഡ് എന്നാക്കി മാറ്റണം. വെറും എയ്ഡഡ് എന്നാക്കിയാൽ പോരാ. 'സർക്കാർ സ്കൂളും സർക്കാർ എയ്ഡഡ് സ്കൂളും' എന്ന തരത്തിലാക്കണം നമ്മുടെ സ്കൂളുകളുടെ പേരുകൾ. ഏതായാലും ഇപ്പോൾ സർക്കാർ എയ്ഡഡ് സ്കൂളുകളുടെ നിയമനം പി.എസ്.സി.-ക്ക് വിടാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചത് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനമായി ഞാൻ കാണുകയാണ്. നിലവിലുള്ള നിയമനങ്ങൾ മാനേജ്മെന്റിൽതന്നെ നിലനിർത്തിക്കൊണ്ട് സംവരണം അവർ നടപ്പിലാക്കുന്ന രീതിയാണ് പ്രായോഗികമായി നമ്മുടെ മുമ്പിലുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഹൈക്കോടതിയുടെ ഉത്തരവ് വന്നതെങ്കിലും അതിന് അപ്പീൽ പോയി സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം ആയതുകൊണ്ടാണ് നമുക്ക് അക്കാര്യങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കാത്തത്. കഴിഞ്ഞ ഗവൺമെന്റ് ഇക്കാര്യങ്ങളൊക്കെ മുമ്പിൽ വച്ചുകൊണ്ട് ചരിത്രത്തിലാദ്യമായി കേരളത്തിൽ എസ്.സി. വിഭാഗം മാനേജ്മെന്റുകൾക്ക് നാല് കോളേജുകൾ അനുവദിച്ചു. കേരളം ഇത്രത്തോളം മുന്നോട്ടുപോയിട്ടും ഒരു മാനേജ്മെന്റിൽപോലും ആർട്സ് ആന്റ് സയൻസ് കോളേജിൽ എസ്.സി. വിഭാഗങ്ങൾക്ക് തസ്തികകൾ ഉണ്ടായിട്ടില്ല. ഇതെല്ലാം മുന്നിൽക്കണ്ട് നാല്

കോളേജുകൾ അനുവദിച്ചു. നിർഭാഗ്യമെന്ന് പറയട്ടെ, ഈ മൂന്നരവർഷം പിന്നിട്ടിട്ടും അന്ന് അനുവദിച്ച തസ്തികകളല്ലാതെ പുതിയ തസ്തികകളൊന്നും അനുവദിച്ചിട്ടില്ല. വളരെയധികം പ്രയാസം അനുഭവിക്കുന്ന നാല് മാനേജ്മെന്റുകളാണിത്. അതുകൊണ്ട് ഈയൊരു സാഹചര്യം കണക്കിലെടുത്തു കൊണ്ട് ഒരു പ്രത്യേക പരിഗണന ഇത്തരം കോളേജുകൾക്ക് നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോളേജുകളിലും മറ്റും ആവശ്യമായ തസ്തികകൾ, പുതിയ തസ്തികകൾ എന്നീ പ്രശ്നങ്ങൾ വലിയ തോതിൽ ഉയർന്നുവരുന്നുണ്ട്. അത്തരം കാര്യങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചു വരികയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി അതിനൊരു ഘടകമായതു കൊണ്ടാണ് അയവേറിയ സമീപനം സ്വീകരിക്കാൻ സാധിക്കാത്തത്. എന്നാൽ തീരെ നിഷേധാത്മക സമീപനമല്ല സ്വീകരിക്കുന്നത്. ആവശ്യമായ നടപടികൾ ഉറപ്പായും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

മി. സ്പീക്കർ: ഓർഡർ........ ഓർഡർ........... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

4 (*304) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടാകുന്നത് ആഭ്യന്തര വകുപ്പിന്റെ വീഴ്ചയാണെന്ന് കരുതുന്നുണ്ടോ;

(ബി) രാഷ്ട്രീയ കൊലപാതക കേസ്സിലെ പ്രതികൾക്ക് ഉന്നത തലത്തിൽ നിന്ന് ലഭിക്കുന്നതായി പറയപ്പെടുന്ന സംരക്ഷണം ഇത്തരം കൊലപാതകങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കേസ്സുകൾ നിഷ്പക്ഷമായും നീതിപൂർവ്വമായും അന്വേഷിച്ച് കൊലയാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇല്ല. സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിനായി പോലീസ് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളും ശക്തമായ നിരീക്ഷണങ്ങൾ നടത്തി സംഘർഷ സാധ്യത മുൻകൂട്ടികണ്ട് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. മികച്ച പ്രവർത്തനങ്ങളിലൂടെ ക്രമസമാധാന രംഗത്ത് കേരളം ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളിലൊന്നായി വിവിധ ഏജൻസികളും മാധ്യമങ്ങളും വിലയിരുത്തിയിട്ടുണ്ട്. അക്രമ സംഭവങ്ങളും ഗുരുതരമായ കുറ്റകൃത്യങ്ങളും ഉണ്ടാകുമ്പോൾ പ്രതികളുടെ രാഷ്ട്രീയ ചായ്‌വ് നോക്കാതെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുവാനും പ്രതികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുവാനും യഥാസമയംതന്നെ കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയമാനുസൃതമായ കർശന നടപടിയാണ് സ്വീകരിച്ചുവരുന്നത്. ആയതിനാൽത്തന്നെ ആഭ്യന്തര വകുപ്പിന് ഇക്കാര്യത്തിൽ യാതൊരുവിധമായ വീഴ്ചയും സംഭവിച്ചതായി വിലയിരുത്തിയിട്ടില്ല.

(ബി) രാഷ്ട്രീയ കൊലപാതക കേസ്സിൽ എന്നല്ല മറ്റൊരു കേസ്സിലും കേസ്സിന്റെ അന്വേഷണത്തേയോ മറ്റ് നടപടിക്രമങ്ങളേയോ ബാധിക്കുന്ന ഒരു തരത്തിലുള്ള ഇടപെടലും ഉണ്ടാകുന്നതായോ കുറ്റകൃത്യത്തിലേർപ്പെടുന്നവർക്ക് സംരക്ഷണം നൽകുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തുണ്ടാകുന്ന രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തി പ്രതികളെ നിയമത്തിനുമുൻപിൽ കൊണ്ടുവരുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

## പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ

5 (*305) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പരിസ്ഥിതിയെ ആരോഗ്യപൂർണ്ണവും ജീവിതയോഗ്യവുമാക്കി സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ലോകമാകെ നേരിടുന്ന ആഗോളതാപനവും തന്മൂലമുള്ള കാലാവസ്ഥാ വ്യതിയാനവും സംസ്ഥാനത്തിന്റെ കാലാവസ്ഥയിലും ഭൗതിക സാഹചര്യങ്ങളിലും ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ നേരിടുന്നതിനും ആയത് പ്രതിരോധിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഒരു ഡിഗ്രി സെൽഷ്യസ് ചൂട് കൂടിയാൽത്തന്നെ നാമാവശേഷമാകുന്ന സസ്യ, ജീവി ജനുസ്സുകളുള്ള പരിസ്ഥിതി ലോലമായ പശ്ചിമഘട്ടമേഖലയുടെ സംരക്ഷണത്തിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഭൂവിനിയോഗത്തിൽ ഏതൊക്കെ തരത്തിലുള്ള ഉപയോഗപരിപാലന നയങ്ങളും സംവിധാനങ്ങളും പരിപാടികളുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരളത്തിന്റെ പരിസ്ഥിതിയെ ആരോഗ്യപൂർണ്ണവും ജീവിതയോഗ്യവുമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുക, ബദൽ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക, വായു മലിനീകരണ ലഘൂകരണത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നിവയിൽ ഊന്നിയുള്ള പദ്ധതികൾ നടപ്പിലാക്കിയത്. സമൂഹത്തിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനായും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പാരിസ്ഥിതികം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

പരിസ്ഥിതി സംരക്ഷിക്കുന്നതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി.) രൂപീകരിച്ചിട്ടുണ്ട്. 1012 ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ നാളിതുവരെ തയ്യാറാക്കിയിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിനായി കൊല്ലം ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചു. നഗര പരിസ്ഥിതി സംരക്ഷണത്തിനായി മിയാവാക്കി വന പദ്ധതി വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നവകേരള നിർമ്മാണത്തിന്റെ ഭാഗമായി വാണിജ്യ വ്യവസായ പ്രാധാന്യമുള്ള ജൈവവൈവിധ്യങ്ങളുടെ വിവരശേഖരണത്തിനും പുഴയോര ജൈവവൈവിധ്യ പുനർനിർമ്മാണത്തിനും കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിനുംകൂടി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 5 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 2014-ൽ സമർപ്പിച്ച കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേഷ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. ഓരോ 5 വർഷത്തിലും ആയത് പരിഷ്കരിക്കേണ്ടതുണ്ട്. പ്രസ്തുത കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേഷ്യത്തിന്റെ (State Action Plan on Climate Change) പരിഷ്കരണം നടത്തിവരുന്നു. പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുന്ന തദ്ദേശീയ കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേഷ്യത്തിന്റെ (Local Action plan on Climate Change) തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ Kerala Institute of Local Administration (KILA)-ന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിവരുന്നു.

സംസ്ഥാനത്തിന്റെ സുസ്ഥിര ഭൂവിനിയോഗത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാർ കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് ദുരന്തത്തെ അതിജീവിക്കാൻ കഴിയുന്നതും ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ്.

(സി&ഡി) 22-8-2019-ന് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പഠന ഉപദേശക സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യക്തമായ നിർദ്ദേശങ്ങൾ സമിതി മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കുന്നതാണ്.

കേരളത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്ക് ഉതകുംവിധം സുസ്ഥിര ഭൂവിനിയോഗ മാതൃക നടപ്പിലാക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. നദീതീരങ്ങളിലും Ecologically Sensitive Area-കളായ തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, തീരമേഖലകൾ എന്നിവിടങ്ങളിലെ കയ്യേറ്റം തടയുകയും അവിടെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുക.

2. മാലിന്യ സംസ്കരണത്തിന് കേരളത്തിന്റെ ഭൂഘടനയ്ക്ക് അനുയോജ്യമായ രീതികൾ നടപ്പിലാക്കുക അത്യാവശ്യമാണ്. ഖര, ദ്രവ മാലിന്യങ്ങൾ (സ്വീവേജ്, സെപ്റ്റേജ്, ചപ്പ് ചവറുകൾ പ്രധാനമായും) നിർമ്മാർജ്ജനത്തിന് ആവശ്യമായ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുക. പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക.

3. കാലാവസ്ഥാ അനുരൂപ കൃഷിരീതികൾ, കാർഷിക വനവൽക്കരണം (Agro forestry) എന്നിവ നടപ്പിലാക്കുക.

4. Ecologically Sensitive Area-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുക.

5. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള പുനരുത്പാദനശേഷിയുള്ള ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

6. വ്യവസായശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങിയ ഇടങ്ങളിൽ ജലഉപയോഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിന് (ജലത്തിന്റെ പുനരുപയോഗം) നടപടികൾ സ്വീകരിക്കുക.

## അട്ടപ്പാടിയിലെ മാവോയിസ്റ്റാക്രമണം

6 (*306) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മഞ്ചക്കണ്ടിയിൽ വനമേഖലയിൽ തണ്ടർ ബോൾട്ട് നാല് മാവോയിസ്റ്റുകളെ വെടിവച്ചത് സ്വയരക്ഷയ്ക്കാണോ എന്ന് വ്യക്തമാക്കാമോ;

(ബി) മാവോയിസ്റ്റുകളുടെ ഭാഗത്തുനിന്നാണ് ആദ്യം വെടിവയ്പുണ്ടായതെന്നും അതിനെത്തുടർന്നാണ് തണ്ടർ ബോൾട്ട് വെടിയുതിർത്തതെന്നതും വസ്തുതയാണോ;

(സി) കൊലചെയ്യപ്പെട്ട മാവോയിസ്റ്റുകളിൽ നിന്ന് ആയുധങ്ങൾ കണ്ടെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) മുൻ കാലങ്ങളിൽ ഇല്ലാത്ത വിധം മാവോയിസ്റ്റുകൾ കേരളത്തിൽ കൊല്ലപ്പെടുന്നതിന് ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) പോലീസ് റിപ്പോർട്ട് പ്രകാരം 28-10-2019 തീയതിയിൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ. മാവോയിസ്റ്റ് സംഘാംഗങ്ങൾ പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ച് കൊല്ലണമെന്ന ഉദ്ദേശ്യത്തോടെ വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി.

29-10-2019-ൽ മേൽപ്പറയുന്ന നിരോധിത സി.പി.ഐ. മാവോയിസ്റ്റ് പ്രവർത്തകരുടെ മരണവുമായി ബന്ധപ്പെട്ട് മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിനായി സംഭവസ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ്കളക്ടറടങ്ങിയ സംഘത്തിനുനേരെ മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻകൂടി കൊല്ലപ്പെട്ടു. വെടിവയ്പ്പിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് CrPC സെക്ഷൻ 176 പ്രകാരം മജിസ്ട്രേറ്റുതല അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ മജിസ്ട്രേറ്റായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) മാവോയിസ്റ്റ് ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണവും തിരച്ചിൽ നടപടികളും നടത്തിവരവെ മാവോയിസ്റ്റുകൾ വെടിയുതിർത്തുകൊണ്ട് ഏറ്റുമുട്ടൽ ആരംഭിച്ചതിനെത്തുടർന്ന് പോലീസ് സേനാംഗങ്ങൾ ആത്മരക്ഷാർത്ഥം തിരികെ വെടിവച്ച സാഹചര്യത്തിലാണ് മാവോയിസ്റ്റുകൾ കൊല്ലപ്പെടാനിടയായത്.

## പോലീസ് ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

7 (*307) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിച്ചതും സ്റ്റേഷൻ ഭരണം ഇൻസ്പെക്ടർമാരുടെ ചുമതലയാക്കിയതും പോലീസ് ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകരമായിട്ടുണ്ടോ; ഇത് രാജ്യത്തെങ്ങും വ്യാപിപ്പിക്കാനായി കേരള മോഡൽ എന്ന നിലയിൽ അംഗീകാരം നേടിയിട്ടുണ്ടോ;

(ബി) പോലീസ് ഉദ്യോഗസ്ഥർ കാര്യക്ഷമതയോടെയും പൊതുജനങ്ങളോട് പരാതിരഹിതമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്റ്റേഷൻ പരിശോധനയ്ക്ക് പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ടോ;

(സി) പോലീസിന്റെ ആധുനികീകരണത്തിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; അതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ;

(ഡി) ആളില്ലാ ഹൈടെക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പോലീസ് സ്റ്റേഷൻ ഭരണം ഇൻസ്പെക്ടർമാരുടെ ചുമതലയാക്കിയതുമൂലം കൂടുതൽ പ്രായോഗിക പരിചയവും കൂടുതൽ നിയമജ്ഞാനവുമുള്ള ഉദ്യോഗസ്ഥരുടെ മികച്ച അനുഭവ സമ്പത്തും സേവനവും പോലീസ് സ്റ്റേഷന്റെ ഭരണത്തിനായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം പൊതുജനങ്ങളുടെ പരാതി പരിഹാരത്തിന് മറ്റ് സുരക്ഷാ ക്രമീകരണങ്ങൾക്കും കൂടുതൽ സൗകര്യവും ഫലപ്രാപ്തിയും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ക്രമസമാധാനപാലനവും കുറ്റാന്വേഷണവും എന്ന രീതിയിൽ എസ്.ഐ.-മാർക്ക് ചുമതല വിഭജിച്ച് നൽകി. ഇതിലൂടെ അവരുടെ

ജോലി ഭാരം കുറയുകയും അവർക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ അവസരമുണ്ടാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭരണപരിഷ്കാരം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും കേസുകളിന്മേലുള്ള അന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ കാര്യക്ഷമമാക്കുവാനും സാധിച്ചിട്ടുണ്ട്.

സംസ്ഥാന പോലീസ് ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് സംവിധാനമായി വിവിധ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മികവ് പുലർത്തുവാൻ സാധിച്ചിട്ടുള്ളത് ദീർഘവീക്ഷണത്തോടുകൂടി നടപ്പിലാക്കിയ സർക്കാരിന്റെ മേൽപ്പറയുന്നതുൾപ്പെടെയുള്ള ഭരണ പരിഷ്കാര നടപടികൾമൂലമാണ്.

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോട് പരാതിരഹിതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ഡി.ഐ.ജി.-മാർ ജില്ലാ പോലീസ് മേധാവികൾ, സബ് ഡിവിഷണൽ പോലീസ് മേധാവികൾ തുടങ്ങി സൂപ്പർവൈസറി ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ കൂടെക്കൂടെ സന്ദർശനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും തദ്വാര ശാക്തീകരണവും ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ കേരള സർക്കാർ 53 കോടി രൂപയും പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്നു. എന്നാൽ, 2018-19 സാമ്പത്തിക വർഷത്തിൽ ടി ധനസഹായം മൂന്നിരട്ടിയിലധികമായി ഉയർത്തി ഈ സർക്കാർ 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഈ തുക 175 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പോലീസ് ആധുനികവൽക്കരണം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം മുതൽ ഫണ്ടനുവദിക്കുന്നത് നിർത്തലാക്കുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിൽ 68 കോടിയോളം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി അനുവദിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ നടപ്പിലാക്കിയ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ വിശദീകരണക്കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കേരള പോലീസ് പൊതുജനങ്ങൾക്ക് പരാതി സമർപ്പണത്തിനായി വെർച്വൽ പോലീസ് സ്റ്റേഷൻ (ആളില്ലാ ഹൈടെക് പോലീസ് സ്റ്റേഷൻ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വെർച്വൽ

പോലീസ് സ്റ്റേഷൻ സംവിധാനം പ്രവർത്തിക്കുന്നത് 24x7 സർവ്വീസ് അടിസ്ഥാനത്തിൽ ആയിരിക്കും. വെർച്വൽ പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കുവാനെത്തുന്ന പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കിയോസ്കുകൾ വഴി തങ്ങളുടെ പരാതി സമർപ്പിക്കുവാൻ കഴിയുകയും പ്രസ്തുത പരാതി സെർവ്വറുകൾ മുഖാന്തരം അടുത്തുള്ള പോലീസ് സ്റ്റേഷനിലേയ്ക്കോ, കൺട്രോൾ റൂമുകളിലേയ്ക്കോ എത്തിച്ചേരുകയും ചെയ്യും. പരാതി സ്വീകരിച്ച് കഴിഞ്ഞാൽ പരാതിക്കാരന് പരാതി സ്വീകരിച്ചതായുള്ള മെസ്സേജ് ഫോണിലേയ്ക്ക് ലഭ്യമാക്കുവാനും ഈ സംവിധാനത്തിൽ സൗകര്യമുണ്ടായിരിക്കും.

## എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിന് പദ്ധതി

8 (*308) ശ്രീ. പി. കെ.അബ്ദു റബ്ബ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ സമയബന്ധിതമായി സർവ്വസജ്ജമാക്കി സർക്കാർ ജീവനക്കാരും പെൻഷൻകാരുമുൾപ്പെടെ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇല്ലെങ്കിൽ സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായുള്ള അലവൻസ് തുകയും ആനുപാതിക സർക്കാർ വിഹിതവും ഉപയോഗപ്പെടുത്തി സർക്കാർ ആശുപത്രികൾ ആധുനികവൽക്കരിച്ച് എല്ലാവർക്കും ഗുണമേന്മയുള്ള ചികിത്സ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പൊതുജനങ്ങൾക്കായി സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബനവലന്റ് ഫണ്ട്, സുകൃതം മുതലായ പദ്ധതികൾപ്രകാരം സൗജന്യ ചികിത്സ നൽകിവരുന്നു. കുട്ടികൾക്കായി ആരോഗ്യ കിരണം, ആർ.എസ്.ബി.കെ. കാൻസർ സുരക്ഷ, താലോലം, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആർദ്രം, ഹൃദ്യം, ശലഭം,

മിറായി തുടങ്ങിയ ആരോഗ്യ സുരക്ഷാപദ്ധതികൾപ്രകാരവും സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ അമ്മമാർക്കായി ജെ.എസ്.എസ്.കെ, ജെ.എസ്.വൈ. തുടങ്ങിയ പദ്ധതികൾ മുഖാന്തരം സൗജന്യ ചികിത്സ നൽകിവരുന്നു. സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ സഹായമായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം നിലവിൽ നൽകി വരുന്നുണ്ട്.

(ബി) സർക്കാർ ആശുപത്രികൾ ആധുനികവൽക്കരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ/പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

1. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ആരോഗ്യ വകുപ്പിൽ ലഭ്യമായ വിവിധ ഫണ്ടുകൾവഴിയും (പ്ലാൻ ഫണ്ട്, KIIFB, NABARD, NHM) എം.എൽ.എ., എം.പി. ആസ്തി വികസന ഫണ്ട് വഴിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് തുടങ്ങിയവ വഴിയും ചെയ്തുവരുന്നു.

2. ആധുനിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് രോഗപരിശോധനകളും ചികിത്സാകാര്യങ്ങളും ആധുനികവൽക്കരിക്കുന്നു. (എം.ആർ.ഐ., സി.ടി. സ്കാൻ, മറ്റ് ആശുപത്രി ഉപകരണങ്ങൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവ)

3. സർക്കാർ ആശുപത്രികളിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരുടേതടക്കം വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. ആരോഗ്യവകുപ്പിൽ ഇതിനകം 3159 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

4. ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കാനുള്ള നടപടികൾ പൂർത്തീകരിക്കുകയും ജില്ലാതല ആശുപത്രികൾ രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായി വരികയുമാണ്. 28 താലൂക്ക് ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരികയാണ്.

5. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്.

6. സംസ്ഥാനത്തെ ബ്ലോക്ക്തല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ വർഷം ആരംഭിക്കുകയാണ്.

7. ആരോഗ്യവകുപ്പിലെ വിവിധ പ്ലാൻ സ്കീമുകളുടെ ഭാഗമായും (ജില്ലാ കാൻസർ കെയർ പ്രോഗ്രാം, സ്ട്രോക്ക് യൂണിറ്റുകൾ, ട്രോമാ കെയർ പ്രോഗ്രാം, മാനസികാരോഗ്യ പരിപാടികൾ) ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് പഠനങ്ങൾ**

9 (*309) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആസൂത്രണമില്ലാത്ത വികസന രീതികളും നിർമ്മാണ പ്രവർത്തനങ്ങളും സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് ആഘാതം കൂട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ മൂന്നാർ പോലുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ പ്രസ്തുത രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2018 ലെ മഹാപ്രളയത്തിന്റെയും 2019 ലെ തീവ്രമഴയുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ഭൂവിനിയോഗത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള കാലാവസ്ഥ വ്യതിയാനങ്ങളെ സംബന്ധിച്ച് ഗൗരവമായ പഠനങ്ങൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന കാര്യാലയത്തിന്റെയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

കൂടാതെ, കേരളത്തിലുണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) തുടർച്ചയായി ഉണ്ടായ തീവ്രമഴയുടെയും പ്രളയത്തിന്റേയും മണ്ണിടിച്ചിലിന്റേയും കാരണങ്ങൾ കണ്ടുപിടിക്കുന്നതിനും അവയ്ക്ക് പരിഹാര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 42/2019/ശ.സ.വ. പ്രകാരം കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഭൂവിനിയോഗത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായിട്ടുണ്ടോ എന്നതും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടത് പ്രസ്തുത കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു.

(സി) 2018-ലെ മഹാപ്രളയത്തിന്റെയും 2019-ലെ തീവ്രമഴയുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സുസ്ഥിര ഭൂവിനിയോഗത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാർ കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് ദുരന്തത്തെ അതിജീവിക്കാൻ കഴിയുന്നതും ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ്. വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

കൂടാതെ, 2019-ലെ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങളിലെ ജനവാസ യോഗ്യതയെ കുറിച്ച് വേഗത്തിൽ പരിശോധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 50 സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്.

## പ്രവാസിക്ഷേമം സംബന്ധിച്ച നയം

10 (*310) ശ്രീമതി. വീണാ ജോർജ്ജ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വിദേശ രാജ്യങ്ങളിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്നവർ ആ നാടുകളിൽ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനും മടങ്ങി വരാൻ നിർബന്ധിതരാകുന്ന പ്രവാസികളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും ഈ സർക്കാർ അനുവർത്തിച്ചു വരുന്ന നയം വ്യക്തമാക്കാമോ;

(ബി) ഗ്ലോബൽ കോണ്ടാക്ട് സെന്റർ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സുരക്ഷിത നിക്ഷേപവും സുനിശ്ചിത പ്രതിമാസ വരുമാനവും ഉറപ്പാക്കാനുദ്ദേശിച്ചുകൊണ്ടുള്ള പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വിദേശ രാജ്യങ്ങളിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്നവർ ആ നാട്ടുകളിൽ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനുമായി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന സമഗ്രമായ പ്രീ-ഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കുടിയേറ്റത്തിന് താൽപ്പര്യമുള്ളവർക്ക് ദിശാബോധം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നോർക്കയുടെ സ്ഥാപകലക്ഷ്യങ്ങളിലൊന്നായ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം 2006 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. മുൻപ് പൊതുവായി നടത്തിവന്നിരുന്ന ഈ പദ്ധതി 2017-18 സാമ്പത്തികവർഷം മുതൽ തൊഴിൽ മേഖല തരംതിരിച്ച് (Sector specific) നടത്തിവരുന്നു. ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന ഗാർഹിക തൊഴിൽ മേഖലയിലും നഴ്സിംഗ് മേഖലയിലും പ്രത്യേകം പരിശീലന പരിപാടികൾ നൽകിവരുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ 15 പരിപാടികൾ ഗാർഹിക തൊഴിലാളികൾക്കായും 15 പരിപാടികൾ നഴ്സിംഗ് വിദ്യാർത്ഥികൾക്കായും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിലൂടെ ഏകദേശം 2000 പേർക്ക് പരിശീലനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പുതിയസംരംഭങ്ങൾ തുടങ്ങുന്നതിനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് ഈ പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്കാവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കുന്നതിനുള്ള സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്.

(ബി) പ്രവാസി സമൂഹത്തിനുവേണ്ടി സർക്കാരും നോർക്ക റൂട്ട്സുംവഴി നടത്തുന്ന സേവനങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനും പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ അറിയിക്കുന്നതിനും പ്രവാസികൾക്ക് ബന്ധപ്പെടാവുന്ന ഒരു കേന്ദ്രമാണ് ഗ്ലോബൽ കോൺടാക്ട് സെന്റർ. ലോകമെമ്പാടുമുള്ള മലയാളികൾക്ക് 00918802012345 എന്ന നമ്പരിലേയ്ക്കുള്ള ഒരു മിസ്ഡ് കോളിലൂടെ അവർക്കാവശ്യമായ

വിവരങ്ങൾ ലഭ്യമാക്കാനും നോർക്ക സേവനങ്ങൾ ലഭ്യമാക്കാനും അവർ അനുഭവിക്കുന്ന കഷ്ടതകളോ, ബുദ്ധിമുട്ടുകളോ, പ്രശ്നങ്ങളോ സംബന്ധിച്ച പരാതികൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താനും ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്. കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്തുള്ള പ്രവാസികൾക്കും ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ സേവനം 18004253939 നമ്പരിൽനിന്നും ലഭ്യമാണ്. പ്രവാസികൾക്ക് നോർക്ക സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കൈമാറാനും അവരുടെ പ്രശ്നങ്ങളും പരാതികളും ഏത് സമയവും (24X7) അവതരിപ്പിക്കാവുന്നതുമായ ഒരു മാധ്യമം ആണ് ഗ്ലോബൽ കോൺടാക്ട് സെന്റർ. ഇതിലൂടെ ലഭിക്കുന്ന പരാതികളിൽ തീർപ്പാക്കാൻ കഴിയാത്തവ നോർക്ക റൂട്ട്സ് ആസ്ഥാനത്തുള്ള ഹെൽപ്പ് ഡെസ്കിന് കൈമാറും. നോർക്ക റൂട്ട്സിലൂടെ വിവിധ രാജ്യങ്ങളിലേയ്ക്കുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, റിക്രൂട്ട്മെന്റ്, പ്രവാസി തിരിച്ചറിയൽ കാർഡ്, കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ വിവിധ പദ്ധതികൾ തുടങ്ങിയവയെക്കുറിച്ചാണ് ഗ്ലോബൽ കോൺടാക്ട് സെന്ററിൽ കൂടുതലായും അന്വേഷണങ്ങൾ വരുന്നത്. ഇതുകൂടാതെ നോർക്ക എമർജൻസി ആംബുലൻസ് സേവനത്തിനുള്ള സഹായത്തിനായും നിരവധി അന്വേഷണങ്ങൾ ലഭിക്കുന്നുണ്ട്.

(സി) പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതികൾ വിപുലപ്പെടുത്തുന്നതിനും നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനംവരെ നിശ്ചിത മാസവരുമാനം ലഭ്യമാകുന്നു എന്നത് ഇതിന്റെ ഏറ്റവും വലിയ സവിശേഷതയാണ്. വ്യവസ്ഥകൾ പ്രകാരം 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽനിന്നും സ്വീകരിക്കുകയും ആയത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിക്ക് കൈമാറുന്നതുമാണ്. നിലവിൽ നിക്ഷേപങ്ങൾക്ക് 10% നിരക്കിൽ പ്രതിമാസം ഡിവിഡന്റ് നൽകും. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപത്തുകയോടൊപ്പം ചേർക്കും. ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും തുടർന്ന് ജീവിത പങ്കാളിക്കും ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം നിക്ഷേപ തുകയും ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റും നോമിനി/അനന്തരാവകാശിക്ക് കൈമാറുന്നതോടെ പ്രതിമാസ ഡിവിഡന്റ് നൽകുന്നത് അവസാനിക്കും. 2-9-2019-ലെ എസ്. ആർ. ഒ. നമ്പർ 650/2019 പ്രകാരം പദ്ധതി അംഗീകരിച്ച് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## രണ്ടാംവിള നെല്ലുസംഭരണം

11 (*311) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ടാംവിള നെല്ലുസംഭരണത്തിന് മുന്നോടിയായി നെല്ലിന്റെ കൈകാര്യച്ചെലവ് വർദ്ധനപോലുള്ള വിഷയങ്ങളിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയംപോലെയുള്ള സാഹചര്യങ്ങളിൽ നഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും ലഭിക്കുന്ന സാഹചര്യമൊരുക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; വ്യക്തമാക്കാമോ;

(ഡി) നെല്ലുസംഭരണം വൈകുന്നതും കനത്ത മഴയും കർഷകർക്ക് തിരിച്ചടിയാകുന്ന സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ, മില്ലുടമകൾ എന്നിവരുമായി ചർച്ച നടത്തി നെല്ലുസംഭരണത്തിൽ ധാരണയിലെത്താൻ സർക്കാർ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു എന്ന് വിശദീകരിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രതിസന്ധികളാണ് നെൽ കർഷകരെ ഏറ്റവും ഗുരുതരമായി ബാധിക്കുന്നത്. ഇതിനുപുറമേ ഗുണമേന്മയുള്ള നെൽവിത്ത് യഥാസമയം ലഭിക്കുന്നതിനുള്ള തടസ്സം, നെൽ കൃഷി മേഖലയിലെ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ്, വെള്ളക്കെട്ടുള്ള പാടങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന യന്ത്രങ്ങളുടെ അഭാവം, കൃത്യമായ സമയങ്ങളിൽ നെല്ല് സംഭരണം നടക്കാതിരിക്കൽ, നെല്ലിന്റെ മൂല്യവർദ്ധനവിനുള്ള സാധ്യത കുറവ് തുടങ്ങിയ പ്രശ്നങ്ങളും കർഷകർ അഭിമുഖീകരിക്കുന്നു.

വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പ്രളയംപോലുള്ള സാഹചര്യത്തിൽ പൂർണ്ണ നഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും കർഷകന് ലഭിക്കും. പ്രകൃതിക്ഷോഭംകൊണ്ടുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് ചെയ്ത വിളകളാണെങ്കിൽ നെല്ലിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000 രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നു. കീട രോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനുശേഷവും കീടരോഗ

ആക്രമണം ഉണ്ടായാൽ നഷ്ടപരിഹാര തുകയ്ക്ക് അർഹതയുണ്ട്. നെൽ കൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നാശനഷ്ടമുണ്ടായാൽ ആയത് പൂർണ്ണ നാശനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം (1-4-2018 മുതൽ മുൻകാല പ്രാബല്യത്തോടെ) ലഭിക്കുന്നതാണ്.

(ബി) നെല്ല് സംഭരണ സംസ്കരണ ചെലവിനത്തിൽ തുക നിശ്ചയിച്ച് നൽകുന്നത് കേന്ദ്ര സർക്കാരാണ്. നിലവിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുക കൈകാര്യ ചെലവ് ഇനത്തിലുള്ള തുകയുടെ വർദ്ധനവിന് പര്യാപ്തമല്ലാത്തതിനാൽ കർഷകർക്കുള്ള സഹായമായി സംഭരണ വിലയിൽ ഈ സീസൺ മുതൽ സംസ്ഥാന സർക്കാർ ക്വിന്റലിന് 100 രൂപ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പ്രളയംപോലുള്ള സാഹചര്യത്തിൽ പൂർണ്ണനഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും കർഷകന് ലഭിക്കും. പ്രകൃതിക്ഷോഭംകൊണ്ടുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് ചെയ്ത വിളകളാണെങ്കിൽ നെല്ലിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000 രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നു.

(ഡി) നിലവിൽ സംഭരണം നടക്കുന്ന സീസണിലെ തുടക്കത്തിൽ മില്ലുകാരുടെ നിസ്സഹകരണംമൂലം നെല്ല് സംഭരണം മന്ദഗതിയിലായ സാഹചര്യമുണ്ടാകുകയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നു. സംസ്കരണ ചെലവിനത്തിലുള്ള വർദ്ധനവടക്കമുള്ള കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മില്ലുകാർ സംഭരണത്തിൽനിന്ന് വിട്ടുനിന്നത്. എന്നാൽ ഈ സമയത്തും പൊതു മേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന മില്ലുകളെയും സപ്ലൈകോയുമായി സഹകരിക്കാൻ തയ്യാറായിരുന്ന സ്വകാര്യ മില്ലുകളെയും ഉൾപ്പെടുത്തി നെല്ല് സംഭരണ പ്രക്രിയ ആരംഭിച്ചിരുന്നു. ഈ വിഷയത്തിൽ മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും മില്ലുകാരുമായി ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരണത്തിനായി കരാർ ഒപ്പിടുന്നതിന് മില്ലുകാർ തയ്യാറാവുകയും ചെയ്തു. നിലവിൽ പരാതിരഹിതമായി നെല്ല് സംഭരണം പുരോഗമിക്കുന്നുണ്ട്.

## പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം മെച്ചപ്പെടുത്താൻ നടപടി

12 (*312) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും പോലീസ് വളരെ

മികവ് പുലർത്തുമ്പോഴും പോലീസ് ഉദ്യോഗസ്ഥരുടെ ഒറ്റപ്പെട്ട മോശം പെരുമാറ്റത്തെക്കുറിച്ചുണ്ടാകുന്ന പരാതി പരിഹരിക്കാനുള്ള സംവിധാനം കാര്യക്ഷമമാണോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) ജനകീയ ഭരണ സംവിധാനത്തിൽ രാഷ്ട്രീയ നേതാക്കൾ പൊതുപ്രവർത്തകർ എന്ന നിലയിൽ പോലീസ് ഓഫീസർമാരെ ഔദ്യോഗിക ഫോണിൽ ബന്ധപ്പെട്ടത് രഹസ്യമായി റെക്കോർഡ് ചെയ്ത് സമൂഹ മാധ്യമത്തിലൂടെ പൊതുപ്രവർത്തകർക്ക് അവമതിപ്പുണ്ടാക്കുന്ന രീതിയിൽ പ്രചരിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസ് ചട്ടലംഘനത്തിന് മാതൃകാപരമായ നടപടിയുണ്ടാകുമോ;

(സി) പരാതിയുമായി സ്റ്റേഷനിൽ എത്തുന്നവരുടെ പ്രശ്നം അന്വേഷിച്ച് മനസ്സിലാക്കുന്നതിന് പകരം പരാതി നൽകാനായി സ്റ്റേഷനിൽ വരേണ്ടിയിരുന്നില്ലെന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള പോലീസിന്റെ പെരുമാറ്റം അവസാനിപ്പിക്കാനായിട്ടുണ്ടോ; ജനമൈത്രി പോലീസ് സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) ഉണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള മോശം പെരുമാറ്റമോ, അച്ചടക്കലംഘനമോ ഉണ്ടായാൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം പരാതികൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) പരാതി നൽകാനായി പോലീസ് സ്റ്റേഷനിൽ വരേണ്ടിയിരുന്നില്ലെന്ന് തോന്നിപ്പിക്കുന്നതരത്തിൽ പോലീസ് പെരുമാറുന്ന രീതിയിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തുന്നവരുടെ പ്രശ്നങ്ങൾ അന്വേഷിച്ച് മനസ്സിലാക്കുന്നതിനും അതിലേയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതിനും കേരള പോലീസ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്. ഇതിലേയ്ക്കായി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഡെസ്ക്, ഹെൽപ്പ് ഡെസ്ക്, വെയിറ്റിംഗ് റൂം തുടങ്ങിയ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് വളരെ കാര്യക്ഷമമായിത്തന്നെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെതന്നെ നേരിട്ട് ഇ-മെയിൽ മുഖേനയും പരാതി സമർപ്പിക്കുന്നതിന് 'THUNA' എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## വയോജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ

13 (*313) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ.കെ. ദാസൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരാലംബരായ വയോജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) അവരുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ പകൽ വീടുകൾ നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'വയോമധുരം ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്വന്തം ഭവനങ്ങളിൽ വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്കെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വയോജനങ്ങൾക്ക് സ്വഗൃഹത്തിൽ ശ്രദ്ധയും പരിഗണനയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ വയോജന ക്ഷേമത്തിനായി വകയിരുത്തുന്ന തുകയിൽനിന്നും പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പകൽവീടുകൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ 358 ഗ്രാമപഞ്ചായത്തുകളിലായി 464 പകൽ വീടുകൾ സ്ഥാപിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ വയോജനക്ഷേമ പദ്ധതിയായ സായംപ്രഭയിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ വീടുകളിൽ അനുയോജ്യമായവ തെരഞ്ഞെടുത്ത് എൻ.ജി.ഒ.-കളുടെ സഹകരണത്തോടെ മോഡൽ സായം പ്രഭാഹോം ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇത്തരത്തിൽ 2017-18-ൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുമായി ചേർന്ന് മൾട്ടി സർവ്വീസ് ഡേ കെയർ സെന്ററും HLFPPT (Hindustan Latex Family Planning Promotion Trust)-യുമായി ചേർന്ന് കോഴിക്കോട്, ചെങ്ങോട്ടുകാവ് പകൽവീട് മോഡൽ സായംപ്രഭാ ഹോം ആക്കി മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2019-20-ൽ കൊല്ലം, മലപ്പുറം എന്നീ ജില്ലകളിൽനിന്ന് ഓരോ പകൽവീടുകളെ സായംപ്രഭാ ഹോം ആക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) വയോജനങ്ങളുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വയോമധുരം പദ്ധതി 2018-2019 വർഷം മുതൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് പദ്ധതിപ്രകാരം ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്നു.

(ഡി) വാർദ്ധക്യമാകുന്നത് തുടർച്ചയായ ഒരു പ്രക്രിയയാണെന്നും ഏതെങ്കിലും നിശ്ചിത പ്രായത്തിൽ പൊടുന്നനെ സംഭവിക്കുന്ന ഒന്നല്ല എന്നുമുള്ള വസ്തുത ഉൾക്കൊണ്ടുകൊണ്ട് സ്കൂൾതലം മുതലുള്ള വിവിധതലങ്ങളിൽ വിവിധ വയോജന പ്രശ്നങ്ങളെക്കുറിച്ചും സ്വന്തം ഭവനങ്ങളിൽ വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്കെതിരെയും 2007-ലെ വയോജന സംരക്ഷണ നിയമത്തിനെക്കുറിച്ചുമുള്ള ബോധവത്കരണം നടത്തുന്നതിനുള്ള പദ്ധതികളും മറ്റ് പ്രവർത്തനങ്ങളും സായംപ്രഭാ പദ്ധതിക്കുകീഴിൽ നടത്തിവരുന്നുണ്ട്. ഇപ്രകാരം 2018-19 വർഷം മുതൽ എല്ലാ ജില്ലകളിലും സ്കൂൾ, കോളേജ് തലങ്ങളിലും എല്ലാ ജില്ലകളിലേയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ മെയിന്റനൻസ് ട്രൈബ്യൂണൽ തലങ്ങളിലും വകുപ്പിന്റെ ധനസഹായത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

(ഇ) വയോജനങ്ങൾക്ക് ശ്രദ്ധയും പരിഗണനയും ഉറപ്പുവരുത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് നോഡൽ വകുപ്പായി മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 2007-ലെ വയോജന സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ചട്ടങ്ങൾപ്രകാരം ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിർവ്വചിച്ചു നൽകിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമപ്രകാരം ലഭ്യമാകുന്ന പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസറായിട്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പരിഗണനയ്ക്ക് വരികയും പരാതിയുടെ വിവിധ നടപടിക്രമങ്ങളിലൂടെ ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. വയോജനങ്ങളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നവർക്കെതിരെ കേസ് ചുമത്താനും 3 മാസംവരെയുള്ള തടവിനോ 5000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാൻ നിയമം അനുശാസിക്കുന്നുണ്ട്.

## മാവോയിസ്റ്റുകളെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുവാൻ പദ്ധതി

14 (*314) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം മാവോയിസ്റ്റ് സാന്നിധ്യം കണ്ടെത്താനായിട്ടുണ്ട്; അവരുടെ പ്രവർത്തന മേഖല വ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിൽ പോലീസിന്റെ തണ്ടർബോൾട്ട് സംഘവും മാവോയിസ്റ്റുകളും തമ്മിൽ ഏറ്റുമുട്ടൽ നടന്നിട്ടുണ്ടോ; എത്ര പേർ കൊല്ലപ്പെട്ടുവെന്ന് അറിയിക്കാമോ;

(സി) മാവോയിസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിച്ച് അവരെ പൊതുധാരയിലേക്ക് കൊണ്ടുവരുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ വനപ്രദേശങ്ങളിലും ആദിവാസി മേഖലകളിലുമാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുള്ളത്. മറ്റ് ജില്ലകളിലേയ്ക്ക് അവരുടെ പ്രവർത്തന മേഖല വ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് റിപ്പോർട്ടുപ്രകാരം 28-10-2019 തീയതിയിൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ. മാവോയിസ്റ്റ് സംഘാംഗങ്ങൾ പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി.

29-10-2019 തീയതിയിൽ മേൽപ്പറയുന്ന നിരോധിത സി.പി.ഐ. മാവോയിസ്റ്റ് പ്രവർത്തകരുടെ മരണവുമായി ബന്ധപ്പെട്ട് മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിനായി സംഭവസ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ്

കളക്ടറടങ്ങിയ സംഘത്തിന് നേരെ മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെട്ടു.

വെടിവയ്പ്പിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് CrPC സെക്ഷൻ 176 പ്രകാരം മജിസ്ട്രേറ്റുതല അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ മജിസ്ട്രേറ്റായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) 28-5-2018 തീയതിയിലെ സ.ഉ. (എം.എസ്.) 93/2018/ആഭ്യന്തരം നമ്പർ പ്രകാരം മാവോയിസ്റ്റ് പ്രവർത്തകർക്കായി കീഴടങ്ങൽ/പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദികളായ മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങളിൽ അകപ്പെട്ട തീവ്ര നക്സലുകളെയും യുവാക്കളെയും പൂർണ്ണമായും അവരുമായുള്ള സമ്പർക്കത്തിൽനിന്നും മോചിതരാക്കി പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് അവസരമൊരുക്കുകയും ആവശ്യമായ തൊഴിലവസരങ്ങളും സംരംഭകത്വ അവസരങ്ങളും നൽകി അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംഘടനയുടെ കേഡർമാരോ, പ്രവർത്തകരോ, അംഗങ്ങളോ ആയവരെയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

## സംരക്ഷിത സ്മാരകങ്ങൾ

15 (*315) ശ്രീ. എം. നൗഷാദ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബാബു:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച ചരിത്ര സ്മാരകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സംരക്ഷിക്കപ്പെടേണ്ട കൂടുതൽ ചരിത്ര സ്മാരകങ്ങൾ കണ്ടെത്തുന്നതിനും അവ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) നിലവിലുള്ള സംരക്ഷിത സ്മാരകങ്ങൾ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 9 സ്മാരകങ്ങളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. (ഇവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് *) ശേഷിക്കുന്നവയിൽ രണ്ടെണ്ണം (പഴശ്ശി കോവിലകം- കണ്ണൂർ, സെന്റ് ജോസഫ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കണ്ടറി സ്കൂൾ-കോഴിക്കോട്) സംരക്ഷിത സ്മാരകമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് യോഗ്യമല്ലെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇവയുടെ പ്രാഥമിക വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു സ്മാരകം (G.V.H.S.S പയ്യാമ്പലം-കണ്ണൂർ) സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന ചരിത്രപരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ, കലാശില്പപരമായോ, കൗതുകപ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മാണമോ, എടുപ്പോ, സ്മാരകമോ അഥവാ ശ്മശാന സ്ഥലമേടയോ, തടങ്കൽ സ്ഥലമോ അഥവാ ഗുഹയോ, പാറമേലുള്ള ശില്പവേലയോ ശിലാലിഖിതമോ ആണ് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാറുള്ളത്.

പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ സ്മാരകം പരിശോധിച്ച് പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതാണെന്ന് ബോധ്യപ്പെട്ടാൽ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നു. ആയതിലേയ്ക്ക് സ്മാരകത്തിന്റെ റവന്യൂ വിശദവിവരം അതത് ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമാക്കി പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി രണ്ട് മാസത്തിനുള്ളിൽ വിജ്ഞാപനത്തിന്മേൽ ഉന്നയിക്കപ്പെടുന്ന ഏതൊരാക്ഷേപവും സർക്കാർതലത്തിൽ ഹിയറിംഗ് നടത്തി തീർപ്പാക്കുന്നതും തുടർന്ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യുന്നതുമാണ്. നിലവിൽ അത്തരം 183 സംരക്ഷിത സ്മാരകങ്ങൾ കേരളത്തിൽ നിലവിലുണ്ട്. നിർമ്മിതികളുടെ പൈതൃകപരമായ സവിശേഷതകൾ, ചരിത്ര മേഖലയിലെ പ്രാധാന്യം, നിർമ്മാണ രീതിയിലെ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇത്തരം നിർമ്മിതികളെ അതിന്റെ തനതുഭാവത്തിൽ നിലനിർത്തുവാനുള്ള പ്രവർത്തനങ്ങൾ കൈക്കൊള്ളുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9 സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങളുടെയും സങ്കേതങ്ങളുടെയും പൗരാണികാവശിഷ്ടങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണം നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ നടത്തിപ്പോരുന്നു. ഇതിലേയ്ക്കായി കേരള പുരാവസ്തു വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നല്ലൊരുഭാഗം മാറ്റി വച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ശേഷിപ്പുകൾ, പൈതൃകത്തിന്റെ അവശിഷ്ടങ്ങൾ എന്നിവ വരുംതലമുറയ്ക്ക് പഠനവിധേയമാക്കാൻ പാകത്തിൽ നിലനിർത്തുക, ഇത്തരം സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുക തുടങ്ങിയവയാണ് വകുപ്പിന്റെ പരിപ്രേക്ഷ്യത്തിൽ വരുന്ന സംഗതികൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തേണ്ടതുള്ളതുകൊണ്ടുതന്നെ, നവീന മാർഗ്ഗങ്ങളും നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. പുരാവസ്തു വകുപ്പിൽ ഘടനാ സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകൾ തൽസ്ഥിതിയിൽ തുടരാനുള്ള നടപടികൾ കൈക്കൊള്ളുന്നത്. നിലവിൽ 183 സംരക്ഷിത സ്മാരകങ്ങളുണ്ട്. അവയുടെ സംരക്ഷണ പ്രവൃത്തികൾ മികച്ച രീതിയിൽ അവ അർഹിക്കുന്ന ഗൗരവത്തിൽ തന്നെയാണ് നടപ്പിൽ വരുത്തുന്നത്. നിയമസഭാ സമുച്ചയത്തിലെ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതിചെയ്യുന്ന കെട്ടിടവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുന്നതാണ്. അതിന്റെ സമഗ്രസംരക്ഷണ പദ്ധതിയുടെ ഒന്നാംഘട്ടം പരമ്പരാഗത രീതിയിൽ വിജയകരമായി പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുറന്നു കൊടുത്തിട്ടുള്ളതാണ്. മാറുന്ന ലോകക്രമത്തിൽ മൺമറയുന്ന പലതരം പൈതൃകശേഷിപ്പുകളെ ഇത്തരത്തിൽ സംരക്ഷിക്കുക എന്നതാണ് ഘടനാ സംരക്ഷണ വിഭാഗംവഴി പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്നത്. ഈ പ്രവൃത്തികൾ ഏതെങ്കിലും ഒരു മുൻ മാതൃക പിൻതുടർന്ന് നടത്താവുന്നതല്ല. ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഒരു മേഖലയായതിനാൽ ഓരോ സ്മാരകവും സംരക്ഷിക്കുന്നത് അതിനാവശ്യമായ നൂതന രീതികൾ അവലംബിച്ചു തന്നെയാണ്. കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ക്ഷേത്രത്തിലെ സംരക്ഷണ പ്രവൃത്തികൾ വളരെയേറെ പ്രാധാന്യത്തോടെ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മറ്റൊരു ഉദാഹരണം പുനലൂർ തൂക്കുപാലമാണ്. അതും പൈതൃക പ്രേമികളെ

വളരെയധികം ആകർഷിക്കുന്ന രീതിയിലാണ്. ഇവിടെ രണ്ടിടത്തും ഉപയോഗിച്ച സംരക്ഷണ രീതികൾ തുലോം വ്യത്യസ്തമാണ്. അതായത് ഓരോ സ്മാരകവും ആവശ്യപ്പെടുന്നത് വ്യത്യസ്തമായ രീതികളാണ്. ഇക്കാര്യം വകുപ്പ് വളരെ ഗൗരവമായി കണക്കിലെടുത്ത് സ്തുത്യർഹമായി നിർവ്വഹിച്ചു വരുന്നു. 2019-20 വർഷത്തിലേയ്ക്ക് 650 ലക്ഷം രൂപയാണ് ഘടനാ സംരക്ഷണ വിഭാഗത്തിന്റെ പദ്ധതി വിഹിതം.

രാസസംരക്ഷണ വിഭാഗമാണ് വസ്തുക്കളെ വിശിഷ്യാ പ്രദർശന വസ്തുക്കളെ കൈകാര്യം ചെയ്യുന്നത്. മ്യൂസിയങ്ങളിലും മറ്റും പ്രദർശിപ്പിച്ചിരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വസ്തുക്കളെ നാശത്തിൽനിന്നും സംരക്ഷിച്ചു നിലനിർത്തുന്നതിന് സ്ഥായിയായ പരിചരണം ആവശ്യമാണ്. ഇവിടെയാണ് രാസസംരക്ഷണം ഉപയോഗത്തിൽ വരുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതു കൊണ്ടാണ് രാസസംരക്ഷണ വിഭാഗത്തിന് 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽനിന്നും 100 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. ഉത്ഖനനം വഴി ലഭിക്കുന്ന പൈതൃക ശേഷിപ്പുകളും മറ്റും രാസസംരക്ഷണം നടത്തിയതിനു ശേഷമാണ് മ്യൂസിയങ്ങൾ, സ്റ്റോറുകൾ തുടങ്ങിയവയിലേയ്ക്ക് മാറ്റുന്നത്. തലശ്ശേരിയിൽനിന്നും കിട്ടിയ പീരങ്കികളും രാസസംരക്ഷണം നടത്തിയത് പുരാവസ്തു വകുപ്പിലെ രാസസംരക്ഷണ വിഭാഗമാണ്. നവീനമായ രാസസംരക്ഷണ രീതികൾ ഉപയോഗിച്ച് അന്തർദ്ദേശീയ നിലവാരത്തിലാണ് സംരക്ഷണ പ്രക്രിയ നടത്തിവരുന്നത്. ഇതിനാവശ്യമായ സാങ്കേതികവിദ്യാ വകുപ്പിലെ ഉദ്യോഗസ്ഥർ കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമെങ്കിൽ കൂടുതൽ പരിശീലനങ്ങളും മറ്റും നൽകാൻ പുരാവസ്തു വകുപ്പ് തയ്യാറുമാണ്.

## വാളയാറിലെ പെൺകുട്ടികളുടെ മരണം

16 (*316) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിലെ സഹോദരങ്ങളായ പെൺകുട്ടികളുടെ മരണം സംബന്ധിച്ച കേസ്സിലെ പ്രതികളെ കോടതി വെറുതെ വിട്ടതിന് കാരണക്കാർ ആരെല്ലാമെന്ന് കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കേസ് അന്വേഷണത്തിൽ പോലീസിന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കോടതി നടപടികളിലെ പ്രോസിക്യൂഷന്റെ വീഴ്ച അന്വേഷണ വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) വാളയാറിലെ സഹോദരങ്ങളായ രണ്ട് പെൺകുട്ടികളുടെ അസ്വാഭാവിക മരണം സംബന്ധിച്ച് ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ്സന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡിവൈ.എസ്.പി.-യുടെ വിശദീകരണവും തേടിയിരുന്നു.

ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി, ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്. പോലീസിന്റെയും പ്രോസിക്യൂഷന്റേയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപവും പരിശോധിക്കുന്നതാണ്.

(ഡി) വാളയാർ അട്ടപ്പള്ളത്തെ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ആത്മഹത്യ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഉൾപ്പെട്ട 4 പ്രതികളെ വെറുതെവിട്ട സംഭവം ഗൗരവമായി പരിഗണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

### വിമാനത്താവളങ്ങളുടെ വികസനം

17 (*317) ശ്രീ. ബി. സത്യൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പുതിയ വിമാനത്താവളം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) നിലവിലുള്ളവയിൽനിന്നും കൂടുതൽ സർവ്വീസ് ആരംഭിക്കുന്നതിന് മുഖ്യമന്ത്രി നടത്തിയ ഇടപെടൽ ഫലം കണ്ടിട്ടുണ്ടോ;

(സി) പ്രവാസികൾ ഏറെയുള്ള ഉത്തരകേരളത്തിലെ ആവശ്യം പരിഗണിച്ച് പുതുതായി പ്രവർത്തനം ആരംഭിച്ച കണ്ണൂർ എയർപോർട്ടിൽ നിന്ന് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേയുടെ നീളം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾക്കായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്തു കൈമാറുന്ന പ്രവർത്തനം സജീവമായി മുന്നോട്ട് കൊണ്ടുപോകുന്ന സാഹചര്യത്തിലും ഈ വിമാനത്താവളം അദാനിയ്ക്ക് കൈമാറാതെ കേന്ദ്രസർക്കാരിൽ നിലനിർത്തുകയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച കമ്പനിക്ക് കൈമാറുകയോ ചെയ്യണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അവഗണിച്ച് കേന്ദ്രസർക്കാർ മുന്നോട്ടു പോവുകയാണോ; ഇതു സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ശബരിമലയിൽ ഒരു ഗ്രീൻ ഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

എയർലൈൻ മേധാവികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നിലവിലുള്ളവയിൽനിന്നും കൂടുതൽ സർവ്വീസ് ആരംഭിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 4 വിമാനത്താവളങ്ങളിൽനിന്നും നിരവധി ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) അദാനി എന്റർപ്രൈസസിന് അവാർഡ് നൽകുന്നതിനെതിരെ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുള്ളതും കോടതി വിധിക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് സ്വകാര്യവൽക്കരണ നടപടികളിൽനിന്നും പിന്തിരിയണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

## നെതർലാൻഡ്സിൽ കേരളത്തിൽ നിന്നുള്ള നഴ്സുമാരുടെ സേവനം

18 (*318) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെതർലാൻഡ്സിന് കേരളത്തിൽ നിന്നുള്ള നഴ്സുമാരുടെ സേവനം മുഖ്യമന്ത്രി ഉറപ്പുനൽകിയെന്ന വാർത്ത ശരിയാണോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇത്തരമൊരു ഉറപ്പു നൽകിയതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തുടർനടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ നെതർലാൻഡ്സിലേയ്ക്ക് ഇതു സംബന്ധിച്ച് എന്തെങ്കിലും കത്ത് അയച്ചിരുന്നോ; ആയതിന് നെതർലാൻഡ്സിൽനിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമായ മറുപടി അറിയിക്കുമോ;

(സി) നെതർലാൻഡ്സിലെ ജോലിയിൽ പ്രവേശിക്കുന്നതിന് ഡച്ച് ഭാഷയിലുള്ള പ്രാവീണ്യം നിർബന്ധമാണോ; ഡച്ച് ഭാഷയിൽ പ്രാവീണ്യം നൽകുന്നതിന് പരിശീലനം നൽകുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) നിയമന നടപടികൾ നോർക്ക വകുപ്പ് മുഖേനയാണോ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; അതോ മറ്റേതെങ്കിലും ഏജൻസി മുഖേനയാണോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെതർലാൻഡ് അംബാസഡറുമായി 31-7-2019-ൽ ന്യൂഡൽഹി കേരള ഹൗസിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ തൊഴിൽ വിപണിയിലെ അപര്യാപ്തത സംബന്ധിച്ച നെതർലാൻഡ് അംബാസഡറുടെ പരാമർശത്തിന് മറുപടിയായി നെതർലാൻഡ് സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് കേരളത്തിൽനിന്നുള്ള നഴ്സുമാരുടെ സേവനം ലഭ്യമാക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിരുന്നു. ഇത് പൊതുവായ ചർച്ച മാത്രമായിരുന്നു. ഈ വിഷയത്തിൽ ഔദ്യോഗിക കരാറുകൾ ഒന്നുംതന്നെ ഒപ്പുവച്ചിട്ടില്ല. നഴ്സുമാരുടെ ആവശ്യകത സംബന്ധിച്ച് കേരള സർക്കാരിന്റെ നോർക്ക വകുപ്പുമായോ, റസിഡന്റ് കമ്മീഷണറുമായോ ബന്ധപ്പെടാവുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെതർലാൻഡ് അംബാസഡറെ അറിയിച്ചിരുന്നു. തുടർന്ന് 29-08-2019-ൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും നെതർലാൻഡ് അംബാസഡറുമായി

കൂടിക്കാഴ്ച നടത്തിയിരുന്നു. ടി ചർച്ചയിൽ പ്രസ്തുത രാജ്യത്തെ തൊഴിൽ മേഖലയിൽ തദ്ദേശീയരായ ആളുകൾക്കാണ് പ്രഥമ പരിഗണന നൽകുന്നതെന്നറിയിച്ചു. രണ്ടാമത്തെ പരിഗണന യൂറോപ്യൻ യൂണിയനിൽ ഉൾപ്പെട്ട രാജ്യങ്ങളിൽ നിന്നുള്ളവർക്കാണെന്നും അതിനുശേഷം മാത്രമേ മറ്റ് രാജ്യങ്ങളിൽ നിന്നുള്ളവരെ പരിഗണിക്കുന്നുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്.

(ബി) തുടർനടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന സർക്കാരിന് വേണ്ടി ചീഫ് സെക്രട്ടറി നെതർലാൻഡ്സ് അംബാസഡർ ശ്രീ. മാർട്ടിൻ വാൻ ഡെൻ ബർഗിന് കത്തയച്ചിരുന്നു. ഇതിനെത്തുടർന്ന് നെതർലാൻഡ്സ് അംബാസഡറിൽനിന്നും മറുപടി ലഭിച്ചിരുന്നു. യൂറോപ്യൻ യൂണിയന് പുറത്തുള്ള രാജ്യങ്ങളിൽനിന്നും തൽക്കാലം ആരോഗ്യരംഗത്ത് തൊഴിലാളികളെ ആവശ്യമില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

(സി) നെതർലാൻഡ്സിലെ ജോലിയിൽ പ്രവേശിക്കുന്നതിന് ഡച്ച് ഭാഷയിലുള്ള പ്രാവീണ്യം നിർബന്ധമാണ്. കേരളത്തിൽ ഡച്ച് ഭാഷയിൽ പ്രാവീണ്യം നൽകുന്നതിന് പരിശീലനം നൽകുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമല്ല.

(ഡി) ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നത് സംബന്ധിച്ച് നെതർലാൻഡ്സ് സർക്കാരിൽനിന്നും അനുകൂല തീരുമാനം ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സൈബർ സെല്ലിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി

19 (*319) ശ്രീ. എം. സ്വരാജ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. ജോയി:
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കു മരുന്നു വ്യാപാരവും പണം തട്ടിപ്പും മുതൽ ആയുധക്കടത്തു വരെ ഓൺലൈനിൽ സാധ്യമാകുന്ന ഡാർക് വെബിന്റെ ചതിക്കുഴിയിൽ ആളുകൾ പെടാതിരിക്കാൻ സ്വീകരിച്ചു വരുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) വിവിധ ആപ്പുകളും ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളും വ്യക്തിപരവും ഔദ്യോഗികവുമായ വിവരം ചോർത്തുന്ന സ്ഥിതിക്ക് വിവര ചോർച്ച സൃഷ്ടിക്കുന്ന അപായം ഒഴിവാക്കാൻ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരള പോലീസിന്റെ സൈബർ സെല്ലിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സൈബർ ഡോമിന് അന്താരാഷ്ട്ര അവാർഡുകൾ കരസ്ഥമാക്കാനായിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഡാർക്ക് നെറ്റിലെ വിവരങ്ങൾ സാധാരണ ഇന്റർനെറ്റ് ബ്രൗസറുകളിൽ കൂടി ലഭ്യമാവുകയില്ല. അതിന് പ്രത്യേകം ലഭ്യമായിട്ടുള്ള ടോർ (TOR) പോലുള്ള ബ്രൗസറുകളിൽക്കൂടി മാത്രമേ സാധ്യമാകുകയുള്ളൂ. ഡാർക്ക് നെറ്റിലെ ആശയവിനിമയങ്ങൾ എൻക്രിപ്റ്റ് ചെയ്ത ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കണക്റ്റഡ് നെറ്റ് വർക്ക് (എക്സിറ്റ് നോഡ്) വഴിയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. ആയതിനാൽ ഇവയെ നിരീക്ഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്നത് ശ്രമകരമാണ്. എന്നിരുന്നാൽ തന്നെയും സൈബർ ഡോമിന്റെ കീഴിലുള്ള ഡാർക്ക് വെബ് അനാലിസിസ് ലാബിലൂടെ ഡാർക്ക് നെറ്റിലെ ഇത്തരം പ്രവൃത്തികൾ സസൂക്ഷ്മം നിരീക്ഷിക്കുകയും സോഷ്യൽ എഞ്ചിനീയറിംഗ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരക്കാരെ കണ്ടെത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഡാർക്ക് നെറ്റ് വഴി വരുന്ന പണം തട്ടിപ്പുകളുടെയും ക്രെഡിറ്റ് ഡെബിറ്റ് കാർഡുകളുടെ വിവരങ്ങളും ശേഖരിച്ച് റിപ്പോർട്ട് നൽകുകയും അവ തടയുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഡാർക്ക് വെബിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് സോഷ്യൽ മീഡിയ വഴിയും പ്രത്യേക Awareness Campaign വഴിയും പൊതുജനങ്ങളെയും കുട്ടികളെയും ബോധവൽക്കരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ബോധവത്കരണം നടത്തിവരുന്നുണ്ട്. സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കി സമയാസമയങ്ങളിൽ വെബ്സൈറ്റുകൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇ-മെയിൽ മുഖാന്തരവും പൊതുജനങ്ങളിലേയ്ക്കും വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും എത്തിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം നടത്തി വരുന്ന അവെയർനസ് ക്ലാസ്സുകളിൽ സൈബർ സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ക്ലാസുകൾ നൽകി വരുന്നു. വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും പ്രൈവറ്റ് സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തങ്ങളുടെ കീഴിലുള്ള വെബ്സൈറ്റുകൾ സുരക്ഷിതമായിരിക്കുവാൻ സ്വീകരിക്കേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി സെക്യൂർ കോഡിംഗ് വർക്ക്ഷോപ്പുകളും വർഷാവർഷം നടക്കുന്നുണ്ട്.

കൂടാതെ കമ്പ്യൂട്ടറുകളിലും മൊബൈലുകളിലും ആപ്പുകളും മറ്റും ഇൻസ്റ്റാൾ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി കിഡ്ഗ്ലോ എന്ന പേരിൽ സൈബർ സുരക്ഷാ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. കേരളത്തിലെ 19 പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. സൈബർ സെല്ലുകളുടെ അംഗബലം പ്രവൃത്തിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ യോഗ്യത, കഴിവ്, പരാതികളുടെ കണക്ക് വിവരം, സെല്ലുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, ടൂൾസ് എന്നിവ അടിസ്ഥാനമാക്കി ഒരു ഓഡിറ്റ് ടെലികമ്മ്യൂണിക്കേഷൻ പോലീസ് സൂപ്രണ്ട് നടത്തിയിട്ടുണ്ട്. തുടർന്ന് പോലീസ് സൂപ്രണ്ട് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ട് ക്രൈം ബ്രാഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ചെയർമാനായ ഒരു കമ്മിറ്റി പരിശോധിക്കുകയും സൈബർ സെല്ലുകൾക്കാവശ്യമായ ആധുനിക ടൂൾസ് ലഭ്യമാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുമുണ്ട്.

ഇതേത്തുടർന്ന് സൈബർ സെല്ലുകളുടെ പ്രവർത്തനങ്ങൾക്കായി പ്ലാൻ സ്കീമിൽ 2019-20 സാമ്പത്തിക വർഷത്തിൽ 114 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, ജില്ലാ സൈബർ സെല്ലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2018-19 പ്ലാൻ സ്കീമിൽ 20 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

(ഡി) ഉണ്ട്. സൈബർ ഡോമിന് താഴെപ്പറയുന്ന അന്താരാഷ്ട്ര അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

- 2018-ലെ ഏഷ്യ പസഫിക് റീജിയണിലെ ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ്
- ബെസ്റ്റ് ഡിജിറ്റൽ ഇനിഷ്യേറ്റീവിനുള്ള 2019-ലെ CISO MAG അവാർഡ്

## മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

20 (*320) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മാവേലി സ്റ്റോറുകളെല്ലാം മാവേലി സൂപ്പർ സ്റ്റോറുകളാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒരു മാവേലി സ്റ്റോർ പോലും ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ; അവ ഏതെല്ലാമാണ്; പ്രസ്തുത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിൽ വരാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത സാധനങ്ങളുടെ വിപണനം വർദ്ധിപ്പിക്കുവാനും അതു വഴി സപ്ലൈകോയ്ക്കുള്ള സാമ്പത്തിക നഷ്ടം കുറയ്ക്കാനും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സബ്സിഡിരഹിത സാധനങ്ങളുടെ വിപണനം സംബന്ധിച്ച് ജനങ്ങൾക്ക് അവബോധമുണ്ടാക്കാൻ പരസ്യപ്രചരണങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ഈ സർക്കാർ വന്നതിന് ശേഷം പുതുതായി സൂപ്പർമാർക്കറ്റുകളും പീപ്പിൾ ബസാറുകളും ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) കെട്ടിടത്തിന്റെ ലഭ്യത, വിപണന സാധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ നോൺ മാവേലി ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം ലഭ്യമാക്കി പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളെ മാവേലി സൂപ്പർ സ്റ്റോറുകളാക്കി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്ത് 18 ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിലില്ല. അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽനിന്നുള്ള കാലതാമസംമൂലമാണ് നിലവിൽ മാവേലി സ്റ്റോറുകളില്ലാത്ത സ്ഥലങ്ങളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ സാധിക്കാത്തത്. 18 പഞ്ചായത്തുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ കൂടുതൽ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും ശബരി ബ്രാൻഡിലുള്ള തേയില മെച്ചപ്പെട്ട രുചിയോടെ ബ്ലെൻഡ് ചെയ്ത് പരസ്യങ്ങൾ നൽകി വിപണിയിൽ എത്തിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള മഞ്ഞൾപ്പൊടി, മുളകുപൊടി, മല്ലിപ്പൊടി, വിവിധയിനം കറിപൗഡറുകൾ എന്നിവ ശബരി ബ്രാൻഡിൽ വിപണിയിൽ എത്തിക്കുവാൻ 2019 ആഗസ്റ്റ് മുതൽ സഹകരണ മേഖലയിലെ റെയ്ഡ്കോ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ 140 വിൽപ്പനശാലകളിലൂടെ ശരാശരി 40% വിലക്കുറവിൽ ഗൃഹോപകരണ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. കൂടുതൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉപഭോക്താക്കളെ സപ്ലൈകോ വില്പനശാലകളിലേയ്ക്ക് ആകർഷിക്കുംവിധം ഡിസ്കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാന കൂപ്പണുകൾ എന്നിവ നൽകുന്ന വിവിധ പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. സപ്ലൈകോയുടെ തനത് ഉൽപ്പന്നമായ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുന്നതിനും അതുവഴി വ്യാപക പ്രചാരം നൽകുന്നതിനും പ്രമുഖ പ്രസിദ്ധീകരണങ്ങളിലും ആനുകാലികങ്ങളിലും പരസ്യങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. മലയാള മനോരമ ആഴ്ചപതിപ്പുമായി ചേർന്നുള്ള ഗിഫ്റ്റ് വൗച്ചർ പദ്ധതി നിലവിലുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് മാതൃഭൂമിയുമായി സഹകരിച്ച് സൂപ്പർ 10 പഞ്ചായത്ത് ഉത്സവ് എന്ന മെഗാ ഷോയിൽ പങ്കെടുത്തിരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി 9 സൂപ്പർ മാർക്കറ്റുകളും 1 പീപ്പിൾസ് ബസാറും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 49 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 18 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും 1 മാവേലി സ്റ്റോറും 3 സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറായും ഉയർത്തുകയും ചെയ്തിട്ടുണ്ട്.

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

21 (*321) ശ്രീ. പി. ഉണ്ണി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള പുതിയ കോഴ്സുകൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പാരമ്പര്യമായ അറിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ ആയുർവേദ ചികിത്സാരംഗത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയതലത്തിൽത്തന്നെ ആദ്യമായി ആയുർവ്വേദ മേഖലയിൽ ആയുർവ്വേദവും ആധുനിക ജൈവ സാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരത്തിലുള്ള പഠന-ഗവേഷണകേന്ദ്രവും ലബോറട്ടറിയും സ്ഥാപിക്കുന്നതിന് ഈ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും ഇതിനായി കണ്ണൂർ ജില്ലയിലെ കല്യാട് 311.76 ഏക്കർ സ്ഥലം കണ്ടെത്തുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് സർക്കാർ ഭൂമി ആയി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയ 36.57 ഏക്കർ സ്ഥലത്ത് ടി പദ്ധതിയുടെ ആദ്യഘട്ടം ആരംഭിക്കുന്നതിനുള്ള ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22-2-2019-ന് നിർവ്വഹിച്ചു. ഇതിൻപ്രകാരം ആദ്യഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ കേരളത്തിൽ ആദ്യമായി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ മൂന്ന് സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ) എയ്ഡഡ് കോളേജായ കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവ്വേദ കോളേജിലും പി.ജി. ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകുകയും 2019-20 അധ്യയന വർഷംമുതൽ കോഴ്സ് ആരംഭിക്കുകയും ചെയ്തു. ഈ സർക്കാർ അനുമതി നൽകിയതിൻപ്രകാരം കേരളത്തിലാദ്യമായി തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിനുകീഴിൽ ഒരു വർഷം ദൈർഘ്യമുള്ള യോഗ & നാച്യുറോപ്പതി ടെക്നീഷ്യൻ കോഴ്സ് നടത്തിയിട്ടുണ്ട്.

ഇവ കൂടാതെ നിലവിൽ സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജുകളിൽ ആയുർവ്വേദ നെഴ്സ്, ആയുർവ്വേദ തെറാപ്പിസ്റ്റ്, ആയുർവ്വേദ ഫാർമസിസ്റ്റ് എന്നീ ഒരുവർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജിൽ പുതുതായി രണ്ട് വിഭാഗങ്ങളിൽ പി.ജി. കോഴ്സ് ആരംഭിക്കുകയും തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ ഒരു വിഭാഗത്തിലെ പി.ജി. കോഴ്സിൽ 5 സീറ്റുകളുടെ വർദ്ധനവ് നൽകുകയും എയ്ഡഡ് ആയുർവ്വേദ മെഡിക്കൽ കോളേജ് ആയ കോട്ടയ്ക്കൽ പി.എസ്. വാര്യർ ആയുർവ്വേദ കോളേജിൽ 2 പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജുകളായ തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിൽ 2 പ്രൊഫസർ

തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയുർവ്വേദ വിദ്യാഭ്യാസ മേഖലയിൽ മാനസിക ചികിത്സാ രീതിയിൽ സർക്കാർ മേഖലയിൽ പഠന സംവിധാനം നിലവിലില്ലാത്തതിനാൽ കണ്ണൂർ ആയുർവ്വേദ മെഡിക്കൽ കോളേജിൽ ആദ്യമായി മാനസികരോഗ വിഭാഗം ആരംഭിക്കുന്നതിന്റെ മുന്നോടിയായി 50 ബെഡ്ഡുകൾ ഉള്ള ആശുപത്രി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സി.സി.ഐ.എം. അനുശാസിക്കുന്നപ്രകാരം ആയുർവ്വേദ വിദ്യാർത്ഥികൾക്ക് പ്രസവം നേരിട്ട് കാണുന്നതിനായി തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിനുകീഴിലുള്ള പൂജപ്പുര (ആയുർവേദ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ആയുർവ്വേദ മെഡിക്കൽ കോളേജിനുകീഴിൽ 50 ബെഡ്ഡുകളുള്ള സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിനായി 22 സ്ഥിരം തസ്തികകളും 15 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം താഴെപ്പറയുന്ന പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(1) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ മൂന്ന് സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ) എയ്ഡഡ് കോളേജായ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവ്വേദ കോളേജ്, കോട്ടയ്ക്കലിലും ഉൾപ്പെടെ 8 വിഷയങ്ങളിൽ ആകെ 32 സീറ്റുകളിൽ പി.ജി. ഡിപ്ലോമ കോഴ്സുകൾ 2019-20 അധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

(2) കേരളത്തിൽ ആദ്യമായി തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിനുകീഴിൽ ഒരു വർഷം ദൈർഘ്യമുള്ള യോഗ & നാച്യുറോപ്പതി ടെക്നീഷ്യൻ കോഴ്സ് നടത്തിയിട്ടുണ്ട്.

(3) ഇവ കൂടാതെ നിലവിൽ സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജുകളിൽ ആയുർവ്വേദ നഴ്സ്, ആയുർവ്വേദ തെറാപ്പിസ്റ്റ്, ആയുർവ്വേദ ഫാർമസിസ്റ്റ് എന്നീ ഒരുവർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും കണ്ണൂർ ജില്ലയിൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നാഷണൽ ആയുഷ് മിഷനെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി സർക്കാർ നിയമിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി കണ്ണൂർ ജില്ലയിലെ കല്യാട് 311.76 ഏക്കർ സ്ഥലം

കണ്ടെത്തുകയും പ്രസ്തുത സ്ഥലത്തിൽ 36.57 ഏക്കർ സർക്കാർ ഭൂമി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്യുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ടി പദ്ധതിയുടെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22-2-2019-ന് നിർവ്വഹിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി കിറ്റ്കോയെ തെരഞ്ഞെടുക്കുകയും ഇതിൻ പ്രകാരം സമർപ്പിക്കപ്പെട്ട ആദ്യഘട്ടത്തിന്റെ പ്രോജക്റ്റ് റിപ്പോർട്ട് അനുസരിച്ച് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കിട്ടിയ 36.57 ഏക്കർ സ്ഥലത്തിൽ 100 ബെഡ്ഡുകൾ അടങ്ങുന്ന റിസർച്ച് ആശുപത്രി, മാനുസ്ക്രിപ്റ്റ് സ്റ്റഡി സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായി 112 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് KIIFB മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി 'KITCO' യെ 'Special Purpose Vehicle' ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടം പ്രോജക്ട് പൂർത്തിയാക്കുന്നതിന് മുൻപുതന്നെ മാനുസ്ക്രിപ്റ്റ് സ്റ്റഡി സെന്റർ താത്കാലികമായ സംവിധാനത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയും പരിശോധിച്ചുവരുന്നു.

(ഡി) ഈ സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവ്വേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മാനുസ്ക്രിപ്റ്റ് സെന്റർ മുഖേന പാരമ്പര്യമായ അറിവുകളുടെ ശേഖരണത്തിനും അവയുടെ ക്രോഡീകരണത്തിനും അവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള നടപടിയും ആദ്യഘട്ട പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഡിജിറ്റലൈസ് ചെയ്യപ്പെടുന്ന ആയുർവ്വേദ അറിവുകളിൽനിന്നും അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവ്വേദ ഗവേഷണ കേന്ദ്രം മുഖേന പൊതുജനങ്ങൾക്ക് പ്രയോജനകരമായ ചികിത്സാരീതികൾ കണ്ടെത്തി അവയുടെമേൽ ഗവേഷണങ്ങൾ നടത്തി പുതിയ മരുന്നുകൾ വികസിപ്പിച്ച് അവയെ ആയുർവ്വേദ ചികിത്സാരംഗത്തും മറ്റ് ചികിത്സാരംഗത്തും ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതാണ്.

## മാവോയിസ്റ്റ് പ്രവർത്തനം

22 (*322) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവോയിസ്റ്റുകളുടെ പ്രവർത്തനം വർദ്ധിച്ചു വരുന്ന സാഹചര്യമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവോയിസ്റ്റുകളെ കീഴടങ്ങാൻ പ്രേരിപ്പിക്കുന്ന പാക്കേജ് പ്രകാരം സംസ്ഥാനത്ത് എത്രപേർ കീഴടങ്ങിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) പാക്കേജുകൾ പ്രഖ്യാപിച്ചിട്ടും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പിന്തിരിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വനപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്.

(ബി) ആരുംതന്നെ കീഴടങ്ങിയിട്ടില്ല.

(സി) വിലയിരുത്തിയിട്ടുണ്ട്. മാവോയിസ്റ്റ് സറണ്ടർ പോളിസിക്ക് വിഘാതമായി നിൽക്കുന്ന പ്രധാന കാരണങ്ങൾ ചുവടെ പറയുന്നു:

- കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തകർ കൂടുതലും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. സറണ്ടർ ആകുന്ന മാവോയിസ്റ്റ് പ്രവർത്തകർ അവരുടെ മാതൃസംസ്ഥാനത്തെയാണ് പരിഗണിക്കാൻ കൂടുതലായി സാദ്ധ്യത കാണാറുള്ളത്. സറണ്ടറിന് ശേഷമുള്ള അവരുടെ ജീവിതം ബന്ധുക്കളും സഹായികളുമുള്ള മേഖലയിലായാൽ അവരിൽ കൂടുതൽ സുരക്ഷിതത്വബോധം സൃഷ്ടിക്കും എന്നുള്ളതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കേരളത്തിൽ സറണ്ടർ ആകാനുള്ള സാദ്ധ്യത കുറവാണ്.
- പ്രസ്തുത പോളിസി പ്രകാരം സറണ്ടർ ആകുന്ന മാവോയിസ്റ്റ് പ്രവർത്തകർ അവരുടെ വ്യക്തി വിവരങ്ങൾ വെളിപ്പെടുത്തണം എന്നതും മാധ്യമങ്ങളിലൂടെ അവരുടെ സ്വമേധയാലുള്ള കീഴടങ്ങലിനെക്കുറിച്ച് പരസ്യ പ്രസ്താവന നടത്തുന്നതും മറ്റ് മാവോയിസ്റ്റ് പ്രവർത്തകർക്ക് അവരോടുള്ള വെറുപ്പ് ഉണ്ടാകുവാൻ കാരണമാകും എന്നതും.
- സറണ്ടർ പോളിസി അനുസരിച്ച് കീഴടങ്ങുന്ന മാവോയിസ്റ്റുകൾക്ക് നിലവിലുള്ള അവരുടെ കേസ്സുകളിൽനിന്നും മുക്തരാകാൻ കഴിയുമോ എന്ന ആശങ്ക.

## വിവരസാങ്കേതിക മേഖലയുടെ വികസനത്തിനുള്ള പദ്ധതികൾ

23 (*323) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവരസാങ്കേതിക മേഖലയുടെ സുസ്ഥിരമായ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഐ.റ്റി., ഐ.റ്റി. അനുബന്ധ വ്യവസായങ്ങളുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലകളിൽ നിക്ഷേപം മെച്ചപ്പെടുത്തുന്നതിനും കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഐ.റ്റി. മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഇ-ഗവേണൻസ് പ്രോഗ്രാമുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇ-സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഐ.റ്റി. മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവര സാങ്കേതികവിദ്യാ മേഖലയുടെ ശാക്തീകരണത്തിനും സുസ്ഥിര വികസനത്തിനുമായി കേരള ഐ.ടി. പാർക്കുകൾ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ (KSITM), കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) എന്നിവയുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കെ-ഫോൺ

സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം നൽകുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുന്നതിനും ഉതകുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ) എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവും വിജ്ഞാന പാർശ്വവൽക്കരണവും ഇല്ലാതാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പബ്ലിക് വൈ-ഫൈ പദ്ധതി</u>

ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസരഹിതവുമായി ജനങ്ങളിലേയ്ക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് പബ്ലിക് വൈ-ഫൈ പദ്ധതി. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, മറ്റ് പൊതുകേന്ദ്രങ്ങൾ എന്നിങ്ങനെ സംസ്ഥാനത്തുടനീളമുള്ള പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെ പരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് നിശ്ചിത സമയത്തേയ്ക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് സേവനം ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നതാണ്. ബി.എസ്.എൻ.എൽ. മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിപ്രകാരം 2000 ഹോട്സ്പോട്ടുകൾക്ക് അനുമതി നൽകുകയും അവയിൽ 1927 എണ്ണം സ്ഥാപിച്ച് സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

<u>സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം-കേരള (എസ്.ഡി.പി.കെ.)</u>

ഐ.ടി./ഐ.ടി. അനുബന്ധ വ്യവസായ മേഖലകളിലെ നിക്ഷേപകർക്ക് അവരുടെ പദ്ധതികൾക്കനുയോജ്യമായ മികച്ച മാനവശേഷി ആവശ്യാനുസരണം നൽകുന്നതിന് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള. എഞ്ചിനീയറിംഗ് കോളേജുകളിലെ 150-ലധികം ഹൈടെക് ക്ലാസ് റൂമുകളെ ടെലിപ്രസൻസ് സൊല്യൂഷൻ, ഡെഡിക്കേറ്റഡ് നെറ്റ്വർക്ക് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ സഹായത്തോടെ ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിച്ച് ഇതുവഴി പ്രതിവർഷം 50000-ത്തോളം വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനവും തൊഴിൽ സാദ്ധ്യതയും ഉറപ്പു വരുത്തുന്നതിനും അതുവഴി വിവര സാങ്കേതിക മേഖലയുടെ സുസ്ഥിര വികസനത്തിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പദ്ധതി.

സർക്കാർ ഐ.ടി. പാർക്കുകളിലെ വിവിധ പദ്ധതികളിലായി പാർക്കുകൾ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച. അടി അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടകം സൃഷ്ടിക്കുകയും 91.5 ലക്ഷം ചതുരശ്ര അടി അധിക സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതോടൊപ്പം ടെക്നോപാർക്കിന്റെ ഒന്നാംഘട്ടത്തിലും മൂന്നാംഘട്ടത്തിലും പുതിയതായി സൗരോർജ്ജ വൈദ്യുതി ഉല്പാദന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന യുവസംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നൊവേഷൻ സോൺ എന്നീ പദ്ധതികളും നൂതന ഘടകങ്ങളോടെ നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ വിവര സാങ്കേതിക മേഖലയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ, കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക്, കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ വിവിധ പദ്ധതികൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഐ.ടി./ഐ.ടി. അനുബന്ധ വ്യവസായങ്ങളുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലകളിൽ നിക്ഷേപം മെച്ചപ്പെടുത്തുന്നതിനും ഇന്റർനെറ്റ്, ടെലികമ്മ്യൂണിക്കേഷൻസ്, റെയിൽ-റോഡ്-വ്യോമ ഗതാഗതം തുടങ്ങിവയ ഉൾപ്പെടെയുള്ള കണക്ടിവിറ്റി സൗകര്യങ്ങൾ നടപ്പിലാക്കിവരുന്നു. അന്തർദേശീയതലങ്ങളിൽ നടക്കുന്ന ഐ.ടി. മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ തുടങ്ങിയവയിൽ സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ പങ്കാളിത്തം മുഖേന തദ്ദേശ/വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നു.

സംസ്ഥാന ഗവൺമെന്റ് പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ ഐ.ടി. പാർക്കുകകളിൽ ഐ.ടി./ഐ.ടി. അനുബന്ധ വ്യവസായങ്ങൾക്കവശ്യമായ അടിസ്ഥാന സൗകര്യങ്ങളും (ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയ്സ്, സ്മാർട്ട് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവ) മറ്റു അനുബന്ധ സംവിധാനങ്ങൾ (വൈദ്യുതി, ജലം, കണക്ടിവിറ്റി, റോഡുകൾ തുടങ്ങിയവ) പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) സജ്ജീകരിച്ചിട്ടുണ്ട്.

(സി) ഐ.റ്റി. മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഇ-ഗവേണൻസ് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അക്ഷയ പദ്ധതിയിലൂടെ നടപ്പാക്കിയിരുന്ന ഇ-സാക്ഷരത പദ്ധതി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചതിനെ തുടർന്ന് 2010-ൽ അവസാനിപ്പിക്കുകയുണ്ടായി.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ ദുരൂഹമരണം

24 (*324) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ അട്ടപ്പള്ളത്തെ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ദുരൂഹമരണം സംബന്ധിച്ച കേസിലെ മൂന്ന് പ്രതികളെയും പോക്സോ കോടതി വെറുതെവിട്ട സാഹചര്യം ഗൗരവമായി പരിഗണിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രതികളെ ശിക്ഷയിൽ നിന്നും ഒഴിവാക്കുവാൻ ബോധപൂർവ്വമായ ശ്രമം ഉണ്ടായതായും തെളിവുകൾ കോടതിയിൽ സമർപ്പിക്കുന്നതിൽ പ്രോസിക്യൂഷന്റെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടായതായുമുള്ള ആക്ഷേപം വസ്തുതാപരമാണോ എന്ന് പരിശോധിക്കുമോ;

(സി) പട്ടികവിഭാഗത്തിൽപ്പെട്ട രണ്ട് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ സംഭവത്തിൽ അന്വേഷണത്തിൽ വീഴ്ച വരുത്തുകയും പ്രതികൾക്ക് സംരക്ഷണം ലഭിക്കുന്ന രീതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ;

(ഡി) കേസ്സിന്റെ അന്വേഷണത്തിൽ ഗുരുതരമായ പാളിച്ചകൾ സംഭവിച്ചുവെന്ന ആക്ഷേപമുള്ളതിനാൽ പ്രസ്തുത കേസ് പുനരന്വേഷിക്കുന്നതിനായി സി.ബി.ഐ.യെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) വാളയാർ അട്ടപ്പള്ളത്തെ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ആത്മഹത്യ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളെ വെറുതെവിട്ട സംഭവം ഗൗരവമായി പരിഗണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(സി) വാളയാറിലെ സഹോദരങ്ങളായ രണ്ട് പെൺകുട്ടികളുടെ അസ്വാഭാവിക മരണം സംബന്ധിച്ച് ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ്സന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡിവൈ.എസ്.പി.-യുടെ വിശദീകരണവും തേടിയിരുന്നു. ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി, ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്.

(ഡി) ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് രക്ഷിതാക്കൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുന്നപക്ഷം സർക്കാർ അനുകൂല സമീപനം സ്വീകരിക്കുമെന്ന് രക്ഷിതാക്കൾക്ക് ഉറപ്പുനൽകിയിട്ടുണ്ട്.

## നെല്ല് സംഭരണത്തിന്റെ കാര്യക്ഷമത

25 (*325) ശ്രീ. കെ. ഡി. പ്രസേനൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കാരാട്ട് റസാഖ്
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നയങ്ങളുടെ ഫലമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ പ്രവർത്തനം ദുർബ്ബലപ്പെടുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന നെൽസംഭരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സപ്ലൈകോ ഭക്ഷ്യധാന്യ സംഭരണത്തിനായി സംഭരണശാലകൾ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ;

(സി) കേന്ദ്രസർക്കാർ അടിക്കടി പഞ്ചസാര, മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്നതും അരിവിഹിതം മുമ്പുണ്ടായിരുന്ന നിലയിലേക്കെങ്കിലും പുനഃസ്ഥാപിച്ച നൽകാത്തതും സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ച് ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്തുന്നതിന് കേന്ദ്രസർക്കാരിനെ വീണ്ടും സമീപിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതിപ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള നെൽ കർഷകരിൽനിന്നും സപ്ലൈകോ വഴി നെല്ല് സംഭരിക്കുന്നു. ഈ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും ലഭിക്കുന്ന രീതിയിലാണ് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കർഷക രജിസ്ട്രേഷൻ മുതൽ നെല്ല് സംസ്കരിച്ച് വിതരണത്തിന് വിട്ടു നൽകുന്നതുവരെയുള്ള എല്ലാ നടപടികളും പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമാണ്. കൂടാതെ നെല്ലിന്റെ സംഭരണ വില കർഷകർക്ക് സമയബന്ധിതമായി നൽകുവാൻ പി.ആർ.എസ്. വായ്പാ പദ്ധതിയും സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം കാലതാമസം കൂടാതെതന്നെ നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നു.

(ബി) സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എൻ.എഫ്.എസ്.എ. നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസാധനങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വലിയതുറ, കൊല്ലം, തിരുവല്ല, ഇടപ്പള്ളി, കൊച്ചി

എന്നിവിടങ്ങളിലാണ് ഗോഡൗൺ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ വലിയതുറ, കൊല്ലം, തിരുവല്ല എന്നിവിടങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൊച്ചിയിൽ വിശദമായ പ്ലാൻ, ഡിസൈൻ തുടങ്ങിയവ തയ്യാറാക്കി വരികയാണ്. ഇടപ്പള്ളിയിൽ ഗോഡൗണിന് ഉദ്ദേശിച്ച സ്ഥലത്തേയ്ക്കുള്ള റോഡ് സൗകര്യത്തിന്റെ അപര്യാപ്തതമൂലം നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) എൻ.എഫ്.എസ്.എ. 2013-ൽ നടപ്പിൽ വന്നതോടുകൂടി ബി.പി.എൽ. വിഭാഗം ഇല്ലാതായതിന്റെ അടിസ്ഥാനത്തിൽ പഞ്ചസാര വിതരണം എ.എ.വൈ. വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം എ.എ.വൈ. വിഭാഗത്തിന് പ്രതിമാസം കാർഡ് ഒന്നിന് 1 കി.ഗ്രാം നിരക്കിൽ വിതരണം നടത്തുന്നതിന് 595.8 മെ.ടൺ പഞ്ചസാരയ്ക്കായി നിലവിൽ സബ്സിഡി ലഭിച്ചുവരുന്നു. മുൻഗണനാ വിഭാഗത്തിനുകൂടി പഞ്ചസാര ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. ഓണം പോലെയുള്ള ഉത്സവ കാലങ്ങളിൽ മുൻഗണനാ വിഭാഗത്തിനുകൂടി പഞ്ചസാര ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ സമീപിക്കുന്ന കാര്യം പരിഗണനയിലാണ്.

മണ്ണെണ്ണ വിഹിതം കേന്ദ്ര സർക്കാർ 9264 KL ആയി വെട്ടിക്കുറച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ സബ്സിഡി മണ്ണെണ്ണ വിതരണം പ്രതിസന്ധിയിലായിരിക്കുകയാണ്. പാദവിഹിതത്തിൽ 4644 KL-ന്റെ കുറവ് വരുത്തിയ കേന്ദ്ര സർക്കാർ നടപടിയെത്തുടർന്ന് 2019 സെപ്റ്റംബർ മാസത്തിൽ NPNS വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽനിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമായിത്തീർന്നു. സംസ്ഥാനത്തുണ്ടായ മണ്ണെണ്ണ വിതരണത്തിലെ ടി പ്രതിസന്ധി ചൂണ്ടിക്കാട്ടി വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും നടപ്പുസമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിലും 9264 KL മണ്ണെണ്ണയാണ് പാദവിഹിതമായി ലഭ്യമാക്കിയിരിക്കുന്നത്. കേന്ദ്രസർക്കാരിനോട് വിഹിതം പുനഃസ്ഥാപിച്ചുനൽകാൻ ആവശ്യപ്പെട്ടുവെങ്കിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലും പാചകവാതക കണക്ഷനുകളുടെ എണ്ണത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണെന്ന കാര്യം ചൂണ്ടിക്കാട്ടി ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയാണുണ്ടായത്.

സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കിയത് 2016 നവംബർ മാസം മുതലാണ്. ഈ കാലയളവുവരെ കേന്ദ്ര വിഹിതമായി 16 ലക്ഷം മെട്രിക് ടണ്ണോളം ഭക്ഷ്യധാന്യങ്ങൾ ലഭിച്ചിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തിനുള്ള വിഹിതം 14.25 ലക്ഷം മെട്രിക് ടണ്ണായി കുറച്ചു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം റേഷൻ വിഹിതം മുൻഗണനാ വിഭാഗത്തിനായി പരിമിതപ്പെടുത്തുകയും മുൻഗണനേതര

വിഭാഗത്തിനുള്ള റേഷൻ വിഹിതം നിർത്തലാക്കുകയും ചെയ്തു. മുൻകാലങ്ങളിൽ അധിക വിഹിതമുൾപ്പെടെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളെ അപേക്ഷിച്ച് ഏകദേശം 1.7 ലക്ഷത്തോളം മെട്രിക് ടൺ കുറവുണ്ടായിട്ടുണ്ട്. സർക്കാർ തലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി.-മാരുടെ കോൺഫറൻസിലും സർവ്വകക്ഷിതലത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിട്ടുകണ്ടും റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ നാളിതുവരെ പരിഗണിക്കുകയുണ്ടായില്ല.

**അമൂല്യങ്ങളായ ചരിത്രരേഖകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

26 (*326) ശ്രീ. എം. മുകേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമൂല്യങ്ങളായ ചരിത്രരേഖകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേടുകൾ തുടങ്ങിയവ ശാസ്ത്രീയമായി പരിചരിച്ച് സംരക്ഷിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അപൂർവ്വ രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നതിനും രേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പുരാരേഖ വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള ഡിജിറ്റൽ ചരിത്ര രേഖാ ഭൂപടം തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) പുരാരേഖ വകുപ്പിന്റെ ഡയറക്ടറേറ്റിലും മൂന്ന് മേഖലാ ഓഫീസിലും സജ്ജമാക്കിയിട്ടുള്ള കൺസർവേഷൻ ലാബുകളുടെ സഹായത്തോടെ വകുപ്പിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന കൺസർവേഷൻ വിംഗ് സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽനിന്നും ഏറ്റെടുക്കുന്ന പുരാരേഖകൾ സമയബന്ധിതമായി കൺസർവ് ചെയ്ത് സൂക്ഷിച്ചുവരുന്നു. കൂടാതെ വകുപ്പുതലത്തിൽ പ്രോജക്ട് തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങളിലൂടെയും രേഖകൾ സംരക്ഷിച്ചുവരുന്നു. കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ വകുപ്പിലെ വിദഗ്ദ്ധരെ ഉപയോഗിച്ച് കൺസർവേഷൻ നടത്തി നൽകുന്നു.

(ബി) താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേടുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനായി ഫ്യൂമിഗേഷൻ, ഡസ്റ്റിംഗ്, ഓയിലിംഗ്, Strengthening (Mending) എന്നിങ്ങനെയുള്ള ശാസ്ത്രീയ രീതികളാണ് അവലംബിച്ചുവരുന്നത്. കൂടാതെ പ്രാണികൾ, കീടങ്ങൾ എന്നിവ മുഖാന്തരം നാശങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി Preventive Conservation methods സ്വീകരിച്ചുവരുന്നു.

(സി) വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള അപൂർവ്വ രേഖകൾ സി-ഡിറ്റ് മുഖേന ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം 1,00,47,700 രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പുരാരേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കുന്നതിന് പദ്ധതി രൂപീകരിച്ച് റഫറൻസ് മീഡിയ തയ്യാറാക്കി വരുന്നു.

(ഡി) കേരളത്തിലുടനീളമുള്ള ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവയുമായി ബന്ധപ്പെട്ട ചരിത്ര രേഖകൾ കോർത്തിണക്കി ക്കൊണ്ട് കേരള ഡിജിറ്റൽ ചരിത്രരേഖാ ഭൂപടം തയ്യാറാക്കുന്നതിന് പുരാരേഖാ വകുപ്പിന് 2017-18 സാമ്പത്തിക വർഷം 62.54 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. M/s. Invis Multimedia, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുത്ത 100 റിക്കാർഡുകളെക്കുറിച്ചുള്ള വിവരശേഖരണവും ഇവയിൽ ഓരോന്നിനും നൂറ് വാക്കുകളുള്ള വിവരണവും പൂർത്തിയായിട്ടുണ്ട്. കൂടാതെ പ്രസ്തുത റിക്കാർഡുകളുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെ അക്ഷാംശരേഖാംശങ്ങളടങ്ങിയ ചിത്രങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ

27 (*327) ശ്രീ. രാജു എബ്രഹാം:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും മെഡിക്കൽ വിദ്യാഭ്യാസത്തിനായി വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ച് വരുന്നതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത മെഡിക്കൽ എഡ്യൂക്കേഷൻ കൺസൾട്ടൻസികളാണ് ഇവരെ റിക്രൂട്ട് ചെയ്യുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വേൾഡ് ഡയറക്ടറി ഓഫ് മെഡിക്കൽ സ്കൂൾസിന്റെ വെബ് സൈറ്റിൽ ഉൾപ്പെടാത്തതും എം.സി.ഐ.യുടെ അംഗീകാരമില്ലാത്തതുമായ വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ അനധികൃതമായി റിക്രൂട്ട് ചെയ്യുന്ന കൺസൾട്ടൻസികൾക്കെതിരെ നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(ഡി) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ താല്പര്യം മുൻനിർത്തി അംഗീകൃത വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഇല്ല. കേരളത്തിൽ അനുവദിച്ചിട്ടുള്ള മെഡിക്കൽ സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതലാണ് മെഡിക്കൽ വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരുടെ എണ്ണം. പ്രവേശന പരീക്ഷയിൽ ഉയർന്ന റാങ്ക് നേടുന്നവർക്കുമാത്രമേ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ പ്രവേശനം സാധ്യമാകുകയുള്ളൂ. കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം തികച്ചും മെരിറ്റ് അടിസ്ഥാനത്തിൽ മാത്രമാണ് ലഭിക്കുന്നത്. ടി കാരണത്താലാവാം വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നത്.

(ബി & സി) വിദേശ മെഡിക്കൽ കോളേജുകളിലേയ്ക്ക് വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന കൺസൾട്ടൻസികൾക്കെതിരെ വിദ്യാർത്ഥികളിൽനിന്നോ രക്ഷകർത്താക്കളിൽനിന്നോ ഈ വകുപ്പിൽ പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ പരാതികളുണ്ടാകുന്നപക്ഷം സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ഡി) വിദേശ മെഡിക്കൽ ബിരുദം നേടാനാഗ്രഹിക്കുന്നവർ ഏജന്റുമാർ നൽകുന്ന തെറ്റായ വിവരങ്ങളിൽ വഞ്ചിതരാകരുതെന്ന് കാണിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കോഴ്സിന്റെ അംഗീകാരം, കോഴ്സ് കാലാവധി, ഫീസ് മുതലായവയുടെ അന്വേഷണം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ ഓരോ വർഷവും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിദേശ മെഡിക്കൽ കോളേജുകളുടെ ലിസ്റ്റും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കാറുണ്ട്.

## അട്ടപ്പാടിയിലെ മാവോയിസ്റ്റുകൾ

28 (*328) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ടർ ബോൾട്ട് അട്ടപ്പാടി മഞ്ചക്കണ്ടിയിലെ വനമേഖലയിൽ ഒരു സ്ത്രീയടക്കം നാല് പേരെ വെടിവച്ചുകൊന്നിട്ടുണ്ടോ;

(ബി) പ്രസ്തുത വെടിവയ്പിൽ ആരൊക്കെയാണ് കൊലചെയ്യപ്പെട്ടത്; വിശദാംശങ്ങൾ നൽകാമോ;

(സി) മാവോയിസ്റ്റുകൾ വെടിയുതിർത്തതിനെത്തുടർന്നാണോ തണ്ടർ ബോൾട്ട് സേന വെടിയുതിർത്തതെന്ന് അറിയിക്കാമോ;

(ഡി) വെടിവയ്പ്പിൽ കൊല്ലപ്പെട്ട മാവോയിസ്റ്റുകൾ സംസ്ഥാന സർക്കാരുമായി സമാധാന ചർച്ച നടത്താൻ തയ്യാറായിരുന്ന എന്നത് വസ്തുതയാണോ; വിശദാംശങ്ങൾ നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) പോലീസ് റിപ്പോർട്ട് പ്രകാരം 28-10-2019-ൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർ ബോൾട്ട് സോനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ. മാവോയിസ്റ്റ് സംഘാംഗങ്ങൾ പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി.

29-10-2019-ൽ മേൽപ്പറയുന്ന നിരോധിത സി.പി.ഐ. മാവോയിസ്റ്റ് പ്രവർത്തകരുടെ മരണവുമായി ബന്ധപ്പെട്ട് മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിനായി സംഭവസ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടറടങ്ങിയ സംഘത്തിന് നേരെ മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെട്ടു.

നിരോധിത മാവോയിസ്റ്റ് സംഘടനയിൽപ്പെട്ട കാർത്തി, അരവിന്ദ്, രമ, മണിവാസകം എന്നിവരാണ് കൊല്ലപ്പെട്ടത്. വെടിവയ്പ്പിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് CrPC സെക്ഷൻ 176 പ്രകാരം മജിസ്ട്രേറ്റുതല അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ മജിസ്ട്രേറ്റായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ഡി) അല്ല.

**മഴക്കെടുതികൾമൂലമുള്ള പകർച്ചവ്യാധികൾ**

29 (*329) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടാകുന്ന മഴക്കെടുതികൾമൂലം പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; അറിയിക്കുമോ;

(ബി) പകർച്ചവ്യാധി വ്യാപനത്തിനുള്ള കാരണങ്ങൾ, വിവിധ പകർച്ചവ്യാധികളുടെ പ്രാരംഭ രോഗലക്ഷണങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പകർച്ചവ്യാധികളും പുതിയ രോഗങ്ങളും പടർന്നുപിടിക്കുന്നത് ഗൗരവമായിക്കണ്ട് ഇതിനെ പ്രതിരോധിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മഴക്കെടുതികൾമൂലം ജനങ്ങൾ വീടുവിട്ടിറങ്ങുമ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുമ്പോഴും സ്വഗൃഹങ്ങളിലേയ്ക്ക് തിരിച്ചുപോകുമ്പോഴും പകർച്ചവ്യാധികൾ പിടിപെടാതിരിക്കാൻ ജനങ്ങളും ആരോഗ്യപ്രവർത്തകരും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും നടപടികളെപ്പറ്റിയും ഉള്ള മാർഗ്ഗരേഖകൾ ആരോഗ്യ വകുപ്പ് തയ്യാറാക്കി ലഭ്യമാക്കുന്നുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും രോഗനിരീക്ഷണം, രോഗചികിത്സ, കുടിവെള്ള നിരീക്ഷണം, ക്ലോറിനേഷൻ, കൊതുകുറവിട നശീകരണ പ്രവർത്തനങ്ങൾ, കൊതുക് നിരീക്ഷണം, ബോധവൽക്കരണം, മാലിന്യ നിർമ്മാർജ്ജനം, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ,

മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആവശ്യമുള്ളപ്പോൾ കൺട്രോൾ റൂമുകൾ തുറന്ന് പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നുണ്ട്.

(ബി) വാർഡുതലം മുതൽ സംസ്ഥാനതലംവരെ വിവിധതരം ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ പകർച്ചവ്യാധി വ്യാപനത്തിനുള്ള കാരണങ്ങൾ, രോഗലക്ഷണങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ നിരന്തരമായി ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗൃഹസന്ദർശനം നടത്തുമ്പോഴും അംഗൻവാടികൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി വിവിധ തലങ്ങളിൽ നടത്തുന്ന ബോധവത്കരണ ക്ലാസ്സുകളിലൂടെയും വിവിധ ദൃശ്യ, ശ്രവ്യ പത്രമാധ്യമങ്ങളിലൂടെയും ജനങ്ങളിൽ ആവശ്യമായ അവബോധം നടത്തി ജീവിത ശൈലിയിൽ മാറ്റം വരുത്തുവാനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നുണ്ട്. ഇതര വകുപ്പുകളുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കുന്നുണ്ട്.

(സി) പകർച്ചവ്യാധികളും പുതിയ രോഗങ്ങളും പടർന്നുപിടിക്കുന്നത് ഗൗരവമായിക്കണ്ട് പ്രതിരോധിക്കുന്നതിന് "ആരോഗ്യ ജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരികയാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രത്യേക പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുടെ ഏകോപന യോഗങ്ങൾ, അവലോകന യോഗങ്ങൾ, മഴക്കാല പൂർവ്വശുചീകരണം, രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം, കൊതുകുറവിട നശീകരണം, കുടിവെള്ള ശുചിത്വം, ഭക്ഷ്യ ശുചിത്വം, ബോധവത്കരണ പ്രതിരോധ പ്രവർത്തന ക്യാമ്പയിനുകൾ ആരോഗ്യവുമായി ബന്ധപ്പെട്ട ദിന/വാര/ദ്വൈവാര/ മാസ/ആചരണങ്ങൾ, ആരോഗ്യസന്ദേശ യാത്ര, പൊതുജനാരോഗ്യ നിയമമനുസരിച്ചുള്ള ഹെൽത്തി കേരള പരിശോധനകൾ തുടങ്ങി വിവിധതരം പ്രവർത്തനങ്ങളാണ് ഇതര വകുപ്പുകളുടെ സഹകരണത്തോടെ ആരോഗ്യവകുപ്പ് നടത്തിവരുന്നത്. രോഗനിർണ്ണയത്തിന് സഹായകമാകുന്ന ലബോറട്ടറി സംവിധാനം ഫാമിലി ഹെൽത്ത് സെന്റർതലം മുതൽ ഉറപ്പാക്കിയിട്ടുണ്ട്. രോഗം നേരത്തെ കണ്ടെത്തി ആവശ്യമായ ശരിയായ ചികിത്സ നൽകുന്നതിലൂടെ രോഗപ്പകർച്ച തടയാനും സാധിക്കുന്നതാണ്. ഇതിനാവശ്യമായ ചികിത്സാ മാർഗ്ഗരേഖകളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

2019-ലെ ചിട്ടയായ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളുടെ ഫലമായി പ്രധാന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, ചിക്കൻഗുനിയ, ടൈഫോയിഡ് മുതലായ രോഗങ്ങളും അവമൂലമുള്ള മരണവും മുൻ വർഷത്തെ അപേക്ഷിച്ച് വളരെയധികം കുറയ്ക്കുവാനായത് നേട്ടമായി കണക്കാക്കാവുന്നതാണ്.

## രാഷ്ട്രീയ പ്രശ്നങ്ങളോട് പോലീസിന്റെ നിലപാട്

30 (*330) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജെയിംസ് മാത്യു:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ൽ ഗുരുവായൂരിനടുത്തുള്ള തൊഴിയൂരിലെ സുനിൽകുമാർ വധിക്കപ്പെട്ട കേസ്സിൽ സി.പി.ഐ (എം) പ്രവർത്തകരെ പ്രതികളാക്കി കൃത്രിമമായി സൃഷ്ടിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കോടതി നിരപരാധികളെ ജീവപര്യന്തം ശിക്ഷിച്ച കേസ്സിൽ യഥാർത്ഥ പ്രതികളെയെല്ലാം ഇരുപത്തിയഞ്ച് വർഷത്തിനുശേഷം പിടികൂടാനായിട്ടുണ്ടോ;

(ബി) നിരപരാധികളെ കള്ളക്കേസിൽ കുടുക്കിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിനും കേസിൽ കുടുങ്ങി ജീവിതം തകർന്നവർക്ക് കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടപരിഹാരം വാങ്ങി നൽകാനും നടപടിയെടുക്കുമോ;

(സി) പോലീസ് രാഷ്ട്രീയ പ്രശ്നങ്ങളോട് നിഷ്പക്ഷ നിലപാട് സ്വീകരിക്കുന്നുവെന്നും മാഫിയ സംഘങ്ങളെയും സാമൂഹ്യ വിരുദ്ധരെയും അടിച്ചമർത്തുന്നതിന് ശക്തമായ നടപടിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ക്രൈം ബ്രാഞ്ച് ക്രൈം നം. 296/CR/TSR/2017 u/s 143, 147, 148, 449, 323, 326, 307, 302 r/w 149 IPC (ഗുരുവായൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 205/94) പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ പുനരന്വേഷണം നടത്തുകയും അന്വേഷണത്തിൽ പ്രസ്തുത വധക്കേസ്സിലെ യഥാർത്ഥ പ്രതികളായ ഒൻപത് പേരെ തിരിച്ചറിഞ്ഞിട്ടുള്ളതുമാണ്. പ്രസ്തുത ഒൻപത് പ്രതികളിൽ മൊയ്തുദീൻ @ മോയ്തു, ഉസ്മാൻ, യൂസഫലി, സുലൈമാൻ എന്നിവരെ അറസ്റ്റു ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ്സിൽ ഉൾപ്പെട്ടതായി വെളിവായിട്ടുള്ള ഇസഹാക്ക് എന്നയാൾ മരണപ്പെട്ടിട്ടുണ്ട്. മറ്റ് നാല് പ്രതികൾ ഒളിവിലായതിനാൽ അവരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രസ്തുത കേസ്സിന്മേൽ അന്വേഷണം ക്രൈം ബ്രഞ്ച് ഊർജ്ജിതമായി നടത്തി വരുന്നു.

(ബി) നിലവിൽ പ്രസ്തുത കേസ്സിൽ വിശദമായ അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തിവരുന്നു. ഏതെങ്കിലും തരത്തിൽ അന്വേഷണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. രാഷ്ട്രീയ സംബന്ധിയായതുൾപ്പെടെയുള്ള എല്ലാ അന്വേഷണങ്ങളും പോലീസ് നിഷ്പക്ഷമായിത്തന്നെയാണ് നടത്തിവരുന്നത്. കൂടാതെ സാമൂഹ്യ വിരുദ്ധരുടേയും മാഫിയ സംഘങ്ങളുടെയും പ്രവർത്തനങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരാതിരിക്കുവാൻ ശക്തമായ പോലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റദ്ദ് ചെയ്യപ്പെട്ട മുൻ മന്ത്രിസഭാ തീരുമാനങ്ങൾ

1 (T*3615) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2016 മുതൽ 30-4-2016 വരെയുള്ള കാലയളവിലെ മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിക്കുവാൻ നിയോഗിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി പ്രസ്തുത കാലയളവിലെടുത്ത എത്ര തീരുമാനങ്ങളാണ് റദ്ദ് ചെയ്യുവാൻ/ പുനഃപരിശോധിക്കുവാൻ ശിപാർശ നൽകിയത്; വിശദമാക്കുമോ;

(ബി) അതിൽ എത്ര തീരുമാനങ്ങൾ ഇതിനകം റദ്ദ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനായി നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ ശിപാർശ പരിഗണിച്ച് 48 തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിനും 60 തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും 14-3-2017-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഉപസമിതിയുടെ ശിപാർശപ്രകാരം മന്ത്രിസഭ റദ്ദുചെയ്യുന്നതിന് തീരുമാനമെടുത്ത 48 തീരുമാനങ്ങളിൽ 39 തീരുമാനങ്ങൾ ഇതിനകം റദ്ദ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫയൽ തീർപ്പാക്കൽ യജ്ഞം

2(3616) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കുവാനായി ഫയൽ തീർപ്പാക്കൽ യജ്ഞം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) നിശ്ചിത സമയത്തിനുള്ളിൽ എത്ര ഫയലുകളാണ് തീർപ്പാക്കിയത്; ഓരോ വകുപ്പിലും തീർപ്പാക്കാനുണ്ടായിരുന്നതും തീർപ്പാക്കിയതും അവശേഷിക്കുന്നതുമായ ഫയലുകളുടെ എണ്ണം അറിയിക്കാമോ;

(സി) തീവ്ര ഫയൽ യജ്ഞം നടപ്പിലാക്കുന്നതിന് മുമ്പ് ശരാശരി ഒരു മാസം എത്ര ഫയലുകളാണ് തീർപ്പാക്കിയിരുന്നത്;

(ഡി) ഫയൽ തീർപ്പാക്കൽ യജ്ഞം നടപ്പിലാക്കിയപ്പോൾ ശരാശരി ഒരു മാസം എത്ര ഫയലുകൾ തീർപ്പാക്കുവാൻ കഴിഞ്ഞു;

(ഇ) വേണ്ടത്ര മുന്നൊരുക്കങ്ങളും ആസൂത്രണവും ഇല്ലാതെയാണോ ഫയൽ തീർപ്പാക്കൽ യജ്ഞം ആവിഷ്കരിച്ചത്; ആയത് ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിന് വിഘാതമായിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി & ഡി) 2019 ജനുവരി മുതൽ ജൂലൈ വരെ ശരാശരി ഒരു മാസം 45000 ഫയലുകളാണ് തീർപ്പാക്കിയിരുന്നത്. ഫയൽ തീർപ്പാക്കൽ യജ്ഞം ആരംഭിച്ച 1-8-2019-നുശേഷം 1-8-2019-ന് മുൻപുള്ള ഫയലുകളിൽ 91047 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. അതനുസരിച്ച് ഫയൽ തീർപ്പാക്കൽ യജ്ഞം നടപ്പിലാക്കിയപ്പോൾ ശരാശരി ഒരു മാസം 60000 ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഫയൽ തീർപ്പാക്കൽ നടപടികൾ സംബന്ധിച്ച് എല്ലാ വകുപ്പുകളും ഫയൽ അദാലത്തുകൾ, അവലോകന യോഗങ്ങൾ എന്നിവ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ തിരൂരിൽ വച്ച് നടന്ന മികവ് പദ്ധതി

3 (3617) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി മലപ്പുറം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജില്ലയിലെ തിരൂരിൽ വച്ച് നടന്ന മികവ് പദ്ധതിക്ക് ആകെ എത്ര രൂപ, ഏതൊക്കെ കാര്യങ്ങൾക്ക് ചെലവഴിച്ച എന്നറിയിക്കാമോ;

(ബി) പ്രസ്തുത പരിപാടിയോടനുബന്ധിച്ച് മലപ്പുറം ജില്ലയിൽ ഏതൊക്കെ പദ്ധതികൾ ഉദ്ഘാടനം ചെയ്തു; ഏതൊക്കെ പദ്ധതികൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഉദ്ഘാടനം ചെയ്ത പദ്ധതികളിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) തിരൂരിലെ മികവ് പദ്ധതിക്ക് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മികവ് എന്ന പേരിൽ തിരൂരിൽ നടന്ന സർക്കാരിന്റെ ആയിരം ദിനാഘോഷത്തോടനുബന്ധിച്ച് എക്സിബിഷൻ ഹാളും സ്റ്റേജും ഹാംഗറുകളും സജ്ജീകരിച്ചതിന് ആകെ 20 ലക്ഷം രൂപയും കലാ സാംസ്കാരിക പരിപാടികൾ നടത്തിയ വകയിൽ 5 ലക്ഷം രൂപയും എക്സിബിഷനോടനുബന്ധിച്ച് സെമിനാർ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾക്കായി 3,57,700 രൂപയും, അതോടനുബന്ധിച്ച് നിലമ്പൂർ താലൂക്കിൽ പട്ടയമേള നടത്തിയതിന് പന്തൽ തുടങ്ങിയ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയ വകയിൽ 42,830 രൂപയും ഉൾപ്പെടെ ആകെ 29,00,530 (ഇരുപത്തൊൻപത് ലക്ഷത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി & സി) മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ പട്ടയവിതരണം, കീഴുപറമ്പ് സ്മാർട്ട് വില്ലേജ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഉദ്ഘാടനം, വെറ്റിലപ്പാറ സ്മാർട്ട് വില്ലേജ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഉദ്ഘാടനം എന്നിവ നടത്തിയിട്ടുള്ളതാണ്.

(ഡി) പ്രസ്തുത പദ്ധതിക്കായി പുതിയ ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല.

**ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്**

4 (3618) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിശ്വകർമ്മ സമുദായക്കാരുടെ പരമ്പരാഗത തൊഴിലും മറ്റ് പ്രശ്നങ്ങളും പഠിക്കുന്നതിനായി മുൻ സർക്കാർ നിയോഗിച്ച ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഡോ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതായതിനാൽ പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. വിവിധ വകുപ്പുകൾ വിശദമായ പരിശോധനയ്ക്കുശേഷം ലഭ്യമാകുന്ന അഭിപ്രായങ്ങൾ പരിശോധിച്ചശേഷം മാത്രമേ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ ഏതെല്ലാം അംഗീകരിക്കുമെന്നത് സംബന്ധിച്ച് തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ.

## കാബിനറ്റ് പദവിമൂലം അധിക സാമ്പത്തിക ബാധ്യത

5 (3621) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് അനുവദിച്ചു നൽകാവുന്ന കാബിനറ്റ് പദവികളെ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം പരമാവധി എത്ര കാബിനറ്റ് പദവി വരെ അനുവദിച്ചു നൽകാം; നിലവിൽ എത്ര ക്യാബിനറ്റ് പദവി അനുവദിച്ചു നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) അഡ്വക്കേറ്റ് ജനറലിന് കാബിനറ്റ് പദവി അനുവദിച്ചു നൽകിയതിലൂടെ നിലവിലുള്ള ജോലി സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഓരോ കാബിനറ്റ് പദവിയും അനുവദിച്ചു നൽകുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത പ്രതിവർഷം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) സർക്കാരിന് ഉചിതമെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിലാണ് കാബിനറ്റ് പദവി അനുവദിച്ചുവരുന്നത്. മന്ത്രിമാരും പ്രതിപക്ഷനേതാവും ഉൾപ്പെടെ ആകെ 27 പേർക്ക് കാബിനറ്റ് പദവി നൽകിയിട്ടുണ്ട്.

(സി) ജോലി സംവിധാനത്തിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായല്ല കാബിനറ്റ് പദവി നൽകിയത്.

(ഡി) ഇല്ല.

**മുന്നോക്ക ക്ഷേമ കോർപ്പറേഷന് അനുവദിച്ച തുക**

6 (T*3622) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷന് 2018-19, 2019-20 ബജറ്റുകളിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിൽ 2018-19 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) 2019-20-ൽ അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് നാളിതുവരെ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2018-19 & 2019-2020 വർഷങ്ങളിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് ബജറ്റ് വിഹിതമായി 42 കോടി രൂപ വീതം വകയിരുത്തിയിരുന്നു. 2019-2020-ൽ 45.8% ചെലവഴിച്ചിട്ടുണ്ട്.

**റീബിൽഡ് കേരള പദ്ധതി**

7 (3623) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള എന്ന പദ്ധതി നടപ്പിലാക്കിയത് എപ്പോഴാണ്; വ്യക്തമാക്കാമോ;

(ബി) റീ ബിൽഡ് കേരളയുടെ നടത്തിപ്പിനും മറ്റു കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഏതെങ്കിലും പ്രത്യേക സമിതി രൂപവൽകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിക്ക് നേതൃത്വം നൽകുന്ന വ്യക്തികൾ ആരാണെന്ന് വ്യക്തമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയതും ഇപ്പോൾ നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന് ആവശ്യമായ തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ പ്രവൃത്തികളുടെ നിർവ്വഹണ വകുപ്പ് ഏതാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2018-ലെ പ്രളയത്തിൽ വൻനാശമുണ്ടായ കേരളത്തെ അതിജീവനക്ഷമവും പരിസ്ഥിതിസൗഹൃദവുമായ തരത്തിൽ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI) രൂപം നൽകിയത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ രീതിക്കും സ്ഥാപനതല ക്രമീകരണത്തിനും സർക്കാർ രൂപം നൽകയിത് 2018 നവംബർ മാസത്തിലാണ്.

വിവിധ സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും ബന്ധപ്പെട്ടു കിടക്കുന്ന സങ്കീർണ്ണവും ബഹുതലസ്പർശിയുമായ പ്രവർത്തനമേഖലയാണ് RKI-യുടേത്. ഇത് കണക്കിലെടുത്തുകൊണ്ട് സുതാര്യതയോടെ, വേഗത്തിൽ പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി, ചുവടെ പറയുന്ന തരത്തിലുള്ള സ്ഥാപനതല ചട്ടക്കൂടാണ് RKI-യ്ക്കുള്ളത്.

1. മന്ത്രിസഭ -പുനർനിർമ്മാണം സംബന്ധിച്ച നയപരമായ തീരുമാനങ്ങളും പദ്ധതി അംഗീകാരവും മന്ത്രിസഭയായിരിക്കും കൈകാര്യം ചെയ്യുന്നത്.

2. ഉപദേശക സമിതി - മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായ സമിതിയിൽ കേന്ദ്രമന്ത്രി, നാല് സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച 8 പേർ, RKI ഇംപ്ലിമെന്റേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെടെ 20 പേർ അംഗങ്ങളായുണ്ട്.

3. ഉന്നതാധികാര സമിതി (HLEC) – ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയിൽ, ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി ചെയർമാൻ, 8 വകുപ്പ് സെക്രട്ടറിമാർ, മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ. (മെമ്പർ സെക്രട്ടറി), ശ്രീ. ടി.കെ.എ. നായർ, ശ്രീ. കെ. എം. ചന്ദ്രശേഖർ എന്നിവർ അംഗങ്ങളാണ്.

4. ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി - മുൻ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം ചെയർമാനും മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ. എന്നിവർ അംഗങ്ങളുമായതാണ് ഈ സമിതി.

കൂടാതെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ഭരണപരമായ പിന്തുണ നൽകുന്നതിനായി ആർ.കെ.ഐ. സെക്രട്ടേറിയറ്റും പ്രവർത്തിക്കുന്നു.

(സി & ഡി) റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല പദ്ധതികൾ രൂപപ്പെടുത്തുന്നത്. സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ മേഖലകളുമായി ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പരിഗണിക്കുന്നത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന മുറയ്ക്കുമാത്രമേ അതിനുവേണ്ടിവരുന്ന തുക സംബന്ധിച്ച് വ്യക്തതയുണ്ടാകൂ. ഓരോ മേഖലയുമായും ബന്ധപ്പെട്ട വകുപ്പുകൾക്കുതന്നെയാണ് പദ്ധതികളുടെ നിർവ്വഹണ ചുമതലയും.

ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഇതിനകം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

1. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

2. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

4. വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

(3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ)

ജലവിഭവം, തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാര സമിതിയുടെ പരിഗണനയിലുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

8 (3624) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് സംവരണ കാര്യത്തിൽ രൂപരേഖയായിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിയമന പ്രക്രിയകൾ എന്ന് മുതൽ ആരംഭിക്കാനാകുമെന്നാണ് സർക്കാർ കരുതുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ മൂന്ന് സ്കീമുകളിലും സംവരണം ഏർപ്പെടുത്തിക്കൊണ്ട് 11-7-2019-ൽ എസ്.ആർ.ഒ. 464/19 പ്രകാരം ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 2019 നവംബർ 1-ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ സംബന്ധിച്ച വിജ്ഞാപനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

## സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതിവിവര കണക്കുകൾ

9 (3625) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ മതവിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള ആനുകൂല്യം എപ്രകാരമാണ്;

(സി) സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടില്ലായെങ്കിൽ അപ്രകാരമുള്ള ഒരു വിവരശേഖരണത്തിന് സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവിധ മതവിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള ആനുകൂല്യം സംബന്ധിച്ച വിവരം ശേഖരിച്ചിട്ടില്ല.

(സി) ബാധകമല്ല.

## സ്വർണ്ണ ഇടപാടുള്ള സ്ഥാപനങ്ങളിൽ വിശ്വകർമ്മജർക്ക് അപ്രൈസർമാരായി നിയമനം

10 (3626) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരുടെ ജോലി സ്ഥിരത ഉറപ്പ് വരുത്തുന്നതിന് സ്വർണ്ണ ഇടപാടുകൾ നടത്തുന്ന പൊതുമേഖലാ ബാങ്കുകൾ, സർക്കാർ/പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, കെ.എസ്.എഫ്.ഇ. തുടങ്ങിയവയിൽ ഇവരെ അപ്രൈസർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എസ്.എൽ. ബി.സി. യോഗങ്ങളിൽ അടക്കം കേന്ദ്ര പൊതുമേഖല ബാങ്കുകളുടെ പ്രതിനിധികളോട് ഇക്കാര്യം ആവശ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമേഖലാ ബാങ്കുകളിൽ സാങ്കേതികജ്ഞാനം പ്രധാന മാനദണ്ഡമാക്കി അതത് ബാങ്കുകളുടെ നിബന്ധനകൾക്കനുസരിച്ചാണ് അപ്രൈസർമാരെ നിയമിക്കുന്നത്. ഇക്കാര്യത്തിൽ സമുദായം ഒരു മാനദണ്ഡമായി പരിഗണിക്കുന്നില്ല. സർക്കാർ/പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ തുടങ്ങിയവയിൽ അപ്രൈസർമാരായി വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരെ മാത്രമായി നിയമിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ നിയമനങ്ങൾ

11 (3627) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും നിയമനങ്ങൾ വർഷങ്ങൾക്ക് മുമ്പ് തന്നെ പി.എസ്.സി.-യ്ക്ക് വിട്ടുവെങ്കിലും സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്തതിനെത്തുടർന്ന് പ്രസ്തുത നിയമനങ്ങൾ നടക്കുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുൾപ്പെടെ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ചട്ടങ്ങൾ രൂപീകരിക്കാത്ത സ്ഥാപനങ്ങളിൽ ചട്ട രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കാനും അത് പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പുമേധാവികൾ/ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പദ്ധതികളുടെ ഉത്തരവുകൾ ലഭ്യമാക്കുന്നതിന് നടപടി

12 (3628) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളുടെ നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നത് സംബന്ധിച്ച 11-6-12-ലെ സ.ഉ. (എം.എസ് ) നമ്പർ 142/12/പൊ.ഭ.വ. നമ്പർ പ്രകാരമുള്ള ഉത്തരവ് വകുപ്പുമേധാവികളും ജില്ലാമേധാവികളും പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവുകൾ എം.എൽ.എ.മാർക്ക് അയച്ച് കൊടുക്കാത്ത വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പ്രസ്തുത ഉത്തരവുപ്രകാരം അതത് നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ.-മാരെ സമയബന്ധിതമായി അറിയിക്കണമെന്ന ഉത്തരവ് പാലിക്കാത്തതായി ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റീബിൽഡ് കേരള പദ്ധതി**

13 (T*3630) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിൽ ഏത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ പാലക്കാട് ജില്ലയിൽ ഇതിനകം എത്ര കോടി രൂപയുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 818.87 കി.മീ. ദൈർഘ്യം വരുന്ന, പൊതുമരാമത്ത് വകുപ്പിനുകീഴിലെ 31 റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ, പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിൽ നിന്നായി തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള 603.74 കി.മീ. റോഡുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലവിതരണവുമായി ബന്ധപ്പെട്ട് നിലവിൽ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് 182.20 കോടി രൂപ അനുവദിക്കുന്നതിന് ഉന്നതാധികാര സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിനുകീഴിൽ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിവിധ ഡാമുകൾ, റഗുലേറ്ററുകൾ, കനാലുകൾ, ജലസേചന പദ്ധതികൾ എന്നിവയുടെ പ്രളയാനന്തര അറ്റകുറ്റപ്പണികൾക്കായി 107.10 കോടി രൂപയും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്കായി 20 കോടി രൂപയും അനുവദിക്കാൻ ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് സമർപ്പിച്ച, 53.5 കോടി രൂപ ആകെ ചെലവ് വരുന്ന 6 പദ്ധതികൾക്കും ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച് സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ, റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ പാലക്കാട് ജില്ലയിൽനിന്നും പാലക്കാട്-പെരിന്തൽമണ്ണ റോഡ് (36.80 KM), താവളം-മുള്ളി റോഡ് (28.80 KM), നെന്മാറ-നെല്ലിയാമ്പതി റോഡ് (30.71 KM) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള റോഡുകളിൽ, പാലക്കാട് ജില്ലയിൽനിന്നും 13.462 KM ദൈർഘ്യമുള്ള 3 റോഡുകളും റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

**ശബരിമലയിൽ യുവതീ പ്രവേശനം**

14 (3631) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീ പ്രവേശനം സാധ്യമായതിലൂടെ നവോത്ഥാനത്തിലേക്ക് ഒരു ചുവട് കൂടി വച്ചതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോലീസ് സഹായത്തോടെ രണ്ട് യുവതികളെ ശബരിമലയിൽ കയറ്റിയത് തെറ്റായിപ്പോയി എന്ന് വിലയിരുത്തുന്നുണ്ടോ;

(സി) നവോത്ഥാനം ഉണ്ടാകേണ്ടത് അധഃസ്ഥിത വിഭാഗത്തിന്റെ ഉയർച്ചയിലൂടെ ആകണമെന്നും ശബരിമല യുവതീ പ്രവേശനത്തിലൂടെ നവോത്ഥാനം പൂർണ്ണമാകില്ലായെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് അഭിപ്രായപ്പെട്ടത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വരുന്ന മണ്ഡല മകരവിളക്ക് കാലത്ത് യുവതികൾ ആവശ്യപ്പെട്ടാൽ അവരെ പോലീസ് സംരക്ഷണത്തോടെ ശബരിമല സന്നിധാനത്ത് എത്തിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സുപ്രീംകോടതി ഉത്തരവുപ്രകാരമുള്ള നിർദ്ദേശം നടപ്പാക്കുകയാണ് സർക്കാർ ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം സാധ്യമാണ്. സമാധാനപൂർണ്ണമായി ദർശനം നടത്തുന്നതിന് ഭംഗം വരാത്തവിധം എല്ലാ വിഭാഗം തീർത്ഥാടകർക്കും മതിയായ പോലീസ് സംരക്ഷണം ഒരുക്കുകയാണുണ്ടായത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സുപ്രീം കോടതി വിധി അനുസരിച്ചുള്ള നടപടിയാണ് ഇക്കാര്യത്തിൽ കൈക്കൊള്ളുക.

**മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ**

15 (3632) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര തുകയാണ് ഓരോ വർഷവും നീക്കി വയ്ക്കുന്നതെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിനായി നാളിതുവരെയായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനത്തിന് മാത്രമായി പ്രത്യേകം തുക നീക്കി വയ്ക്കാറില്ല. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ് പരിപാലനത്തിന് വരുന്ന മൊത്തം തുകയുടെ ഒരു ഭാഗം മാത്രമാണ് സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനത്തിനായി വരുന്നത്.

(ബി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനം എന്നിവയ്ക്കായി നാളിതുവരെ 179.45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഔദ്യോഗിക വെബ്സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനം എന്നിവയുടെ ഭാഗമായി 9 പേരെ നിയമിച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ എൽ.പി. സ്കൂൾ അസിസ്റ്റന്റ് നിയമനം

16 (3633) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എൽ. പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ (കാറ്റഗറി നമ്പർ 387/2014) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; വ്യക്തമാക്കുമോ;

(സി) 2018- ഡിസംബർ മാസം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള ഒഴിവിന്റെ എത്ര ശതമാനം ഇരട്ടിയുള്ള റാങ്ക് ലിസ്റ്റാണ് ഇട്ടത്;

(ഡി) നിലവിൽ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്;വ്യക്തമാക്കുമോ?

ഉത്തരം

(എ) 278 നിയമനങ്ങൾ നടന്നിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി 27-12-2021 വരെയാണ്.

(സി) ഒഴിവുകളുടെ എണ്ണവും മുൻ റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണവും കണക്കിലെടുത്താണ് ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം തീരുമാനിക്കുന്നത്. മുൻ റാങ്ക് ലിസ്റ്റിൽനിന്നും 365 പേർക്ക് നിയമന ശിപാർശ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 404 പേരെ മെയിൻ ലിസ്റ്റിലും ആനുപാതികമായി 5 മടങ്ങ് ഉദ്യോഗാർത്ഥികളെ സപ്ലിമെന്ററി ലിസ്റ്റിലും ഉൾപ്പെടുത്തിയിരുന്നു.

(ഡി) 278 നിയമനങ്ങൾ നടന്നിട്ടുണ്ട്.

## മുൻ സർക്കാരിന്റെ കാലത്ത് പുതുതായി സൃഷ്ടിച്ച തസ്തികകൾ

17 (3634) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സിവിൽ സർവ്വീസിൽ പുതുതായി എത്ര തസ്തികകൾ ഏതെല്ലാം വകുപ്പുകളിൽ സൃഷ്ടിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് പട്ടിക ലഭ്യമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് സർക്കാർ സർവ്വീസിൽ പി.എസ്.സി. വഴി നിയമനം നൽകി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ആശ്രിത നിയമനം

18 (3635) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആശ്രിത നിയമനം ലഭിച്ചവരുടെ കണക്ക് വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷിച്ച എത്ര പേർക്ക് നിയമനം ലഭിക്കാൻ ബാക്കിയുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) നിലവിൽ അപേക്ഷ സമർപ്പിച്ചവരുടെ ക്യൂ ലിസ്റ്റ് ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

19 (3636) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വകുപ്പിലും എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകളിലെ തസ്തികകൾ

20 (3637) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകളിൽ ആകെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വകുപ്പിലും പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം വകുപ്പിന്റെ പേര് എന്നീ ക്രമത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ഓൺലൈൻ അവധി അപേക്ഷകൾ

21 (3638) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ അവധി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ അവധി അപേക്ഷകൾ സ്പാർക്ക്വഴി ഓൺലൈനായി സമർപ്പിക്കുന്നതിന് സംവിധാനം നിലവിലുണ്ട്.

## സംശുദ്ധമായ സിവിൽ സർവ്വീസും അഴിമതിരഹിതമായ പൊതുപ്രവർത്തനവും

22 (3639) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലുമുള്ള അഴിമതി ഇല്ലാതാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംശുദ്ധമായ സിവിൽ സർവീസും അഴിമതിരഹിതമായ പൊതു പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) പൊതു പ്രവർത്തകരുടെ സ്വത്ത് വിവരം സംബന്ധിച്ച് സുതാര്യവും വിശ്വാസയോഗ്യവുമായ വിവരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാനങ്ങളിലും അന്യരാജ്യങ്ങളിലും പൊതുപ്രവർത്തകർക്കുള്ള സ്വത്തിന്റെ വിവരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാൻ കഴിയുമോ; വിശദമാക്കുമോ?

## ഉത്തരം

(എ & ബി) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം /സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന എന്നിവ നടത്താറുണ്ട്. അന്വേഷണത്തിനെത്തുടർന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ അന്വേഷണങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 555 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസുകളിൽ സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളും അഴിമതിയും ഒഴിവാക്കുന്നതിനായി ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ഡയറക്ടറുടെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾമുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി പല സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. 2019-ലെ വിജിലൻസ് വാരാഘോഷത്തിന്റെ ഭാഗമായി ആഭ്യന്തര വിജിലൻസ് ഓഫീസർമാർക്ക് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽനിന്നും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിന് ഇ-ഗവേണൻസിന്റെ ഭാഗമായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസെസ്സിംഗ് സിസ്റ്റം (iAPS) ആരംഭിച്ചിട്ടുണ്ട്.

അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും വിജിലൻസ് ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസ്സന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

3. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

4. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 21 വാഹനങ്ങളും 8 ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും 201 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 109 പ്രിന്റർ, 16 ഫോട്ടോകോപ്പി മെഷീൻ, 2 കളർ ഫോട്ടോകോപ്പി മെഷീൻ, 44 ഹൈസ്പീഡ് സ്കാനർ എന്നിവയും വാങ്ങിയിട്ടുണ്ട്.

5. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വേഗത്തിൽ ലഭ്യമാക്കുന്നതിനായി, വിജിലൻസ് അന്വേഷണം/കേസ്സുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

6. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 944789100 എന്ന നമ്പരിൽ വാട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് വെബ്സൈറ്റ് നവീകരിക്കുകയും വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

7. ഒരു കോടിയിലധികം രൂപയുടെ അഴിമതി വെളിച്ചത്തു കൊണ്ടുവരുന്നവർക്കുവേണ്ടി വാർഷിക അവാർഡായി അഞ്ച് ലക്ഷം രൂപ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 3 സ്പെഷ്യൽ സെല്ലുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥരുടെയും മറ്റ് പൊതുപ്രവർത്തകരുടെയും അനധികൃത സ്വത്ത് സമ്പാദ്യവിഷയത്തിൽ രഹസ്യാന്വേഷണങ്ങൾ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**സ്വാതന്ത്ര്യ-റിപബ്ലിക് ദിന പരേഡുകളിൽ കളക്ടർമാർ ധരിക്കുന്ന വേഷം**

23 (3641) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിപ്പബ്ലിക്-സ്വാതന്ത്ര്യദിന പരേഡുകളിൽ സല്യൂട്ട് സ്വീകരിക്കുന്ന മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സാധാരണ കേരളീയ വേഷം ധരിക്കുമ്പോൾ പ്രസ്തുത ചടങ്ങുകളിൽ പങ്കെടുക്കുന്ന ജില്ലാ കളക്ടർമാർ മാത്രം സ്യൂട്ട് ധരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വതന്ത്ര്യ-റിപ്പബ്ലിക് ദിന പരേഡുകളിൽ കളക്ടർമാർ ഇത്തരത്തിലുള്ള വേഷം ധരിക്കണമെന്ന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കളക്ടർമാർക്ക് പ്രസ്തുത ദിവസങ്ങളിൽ സ്യൂട്ട് ധരിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) സ്വാതന്ത്ര്യ-റിപ്പബ്ലിക് ദിന പരേഡുകളിൽ കളക്ടർമാരുടെ വേഷം സംബന്ധിച്ച് ഒരു നിർദ്ദേശവും ഈ സർക്കാർ നൽകിയിട്ടില്ല.

**ഡയറക്ടറേറ്റുകളിൽ ഇ-ഓഫീസ്**

24 (3642) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ്/ ഇ-ഫയൽ സൗകര്യം ലഭ്യമായിട്ടുണ്ടോ;

(ബി) ഡയറക്ടറേറ്റുകളിൽ നിന്ന് ഇ-ഫയലുകളായി തന്നെ സെക്രട്ടേറിയറ്റിലേ ക്ക് നേരിട്ട് അയയ്ക്കുന്നതിന് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇ-ഓഫീസിലെ ഇന്റർ ഡിപ്പാർട്ട്മെന്റ് ഫയൽ ട്രാൻസ്ഫർ എന്ന മാർഗ്ഗം ഉപയോഗിച്ച് ഇ-ഓഫീസ് നടപ്പിലാക്കിയ ഡയറക്ടറേറ്റുകളിൽനിന്നും ഇലക്ട്രോണിക് ഫയലുകൾ സെക്രട്ടേറിയറ്റിലേയ്ക്ക് അയയ്ക്കാൻ കഴിയുന്ന സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെട്ട വാഴക്കോട് -പ്ലാഴി റോഡ്**

25 (3644) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വാഴക്കോട്- പ്ലാഴി പി.ഡബ്ല്യൂ.ഡി. റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) കെ.എസ്.റ്റി.പി. ഏതു ഏജൻസിയെയാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഡി.പി.ആർ എപ്പോൾ തയ്യാറാക്കി നൽകാനാണ് കെ.എസ്.റ്റി.പി. യും കൺസൾട്ടൻസി കമ്പനിയുമായി എഗ്രിമെന്റ് ആയിട്ടുള്ളത്;

(ഇ) ഡി.പി.ആർ തയ്യാറാക്കുന്നതിന് കെ.എസ്.റ്റി.പി. നൽകിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(എഫ്) എപ്പോൾ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയും എന്നാണ് കെ.എസ്.റ്റി.പി. പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വാഴക്കോട്-പ്ലാഴി പി.ഡബ്ല്യൂ.ഡി. റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കൺസൾട്ടന്റ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തി ആരംഭിച്ചു.

(സി) M/s. Louis Berger Consulting Pvt. Ltd. എന്ന ഏജൻസിയാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) 6 മാസം കാലാവധിയായി നൽകിയിട്ടുള്ള കരാർപ്രകാരം റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ 2020 മാർച്ച് മാസത്തോടെ തയ്യാറാക്കി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പ്രകൃതിദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ നൂതന സാധന സാമഗ്രികളും സാങ്കേതികവിദ്യയും ഉപയോഗിച്ചുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(എഫ്) 2020 മേയ് മാസത്തോടെ ടെൻഡർചെയ്ത് റോഡുകളുടെ പുനർനിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ബന്ദിപ്പൂരിലെ യാത്രാവിലക്ക്

26 (3645) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബന്ദിപ്പൂരിലെ യാത്രാവിലക്ക് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യാത്രാവിലക്ക് കർണാടകയിലെ കൃഷിയിടങ്ങൾ പാട്ടത്തിനെടുത്ത സംസ്ഥാനത്തെ കർഷകരെയും ഗുണ്ടൽപേട്ടിലെ വിപണികളെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ;

(സി) യാത്രാവിലക്ക് പച്ചക്കറിവില കൂടുന്നതിന് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ യാത്രാവിലക്ക് വയനാട്ടിലെ ജനങ്ങളുടെ പ്രധാന കൃഷിയായ അടയ്ക്ക കൃഷിയെ ബാധിക്കുമെന്ന കാര്യം പരിശോധിച്ച് പരിഹാരത്തിനു വേണ്ടി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ പാത 766-ലൂടെയുള്ള രാത്രിയാത്ര പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനായി ഇലവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി

സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര വനം വകുപ്പുമന്ത്രിയെ കണ്ട് നിവേദനം നൽകുകയും ആയതിൻപ്രകാരം തുടർ നടപടികൾ കേന്ദ്ര വനം വകുപ്പ് എടുത്തു വരികയുമാണ്.

(ബി) വയനാട് ജില്ലയിൽനിന്നും കർഷകർ ഗുണ്ടൽപേട്ട മുതൽ മൈസൂർ ഉൾപ്പെടെ കർണാടകയിലെ വിവിധ പ്രദേശങ്ങളിൽ പാട്ടത്തിന് ഭൂമി എടുത്ത് ഇഞ്ചി, വാഴ, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്ത് ഉപജീവനം നടത്തിവരുന്നു. ഇവർക്ക് യാത്രാവിലക്കുമൂലം 200 കിലോമീറ്റർ അധികം സഞ്ചരിച്ചാൽ മാത്രമേ കൃഷിയിടങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ആയത് കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

(സി) ഉണ്ട്. വയനാട്, കോഴിക്കോട്, മലപ്പുറം തുടങ്ങിയ ജില്ലകളിലേയ്ക്കുള്ള പച്ചക്കറികൾ ഭൂരിഭാഗവും ഗുണ്ടൽപേട്ടിൽനിന്നാണ് എത്തുന്നത്. യാത്രാവിലക്കുമൂലം 200 കിലോമീറ്ററിലധികം ദൂരം വാഹനങ്ങൾ സഞ്ചരിച്ച് വയനാട്ടിൽ പ്രവേശിക്കുന്നതുമൂലം വയനാട് ജില്ലയിലും മേൽപ്പറഞ്ഞ ജില്ലകളിലും പച്ചക്കറികൾക്ക് വിലകൂടുന്നതിന് കാരണമാകുന്നുണ്ട്.

(ഡി) വയനാട്ടിലെ കർഷകർ അടയ്ക്ക പൊളിച്ച് പൈങ്ങ ആയിട്ടാണ് വിപണികളിൽ എത്തിക്കുന്നത്. ഇവ വൈകുന്നേരങ്ങളിലാണ് മാർക്കറ്റിൽ എത്തുന്നത് .ഇവ ലോഡായി പോകുമ്പോഴേയ്ക്കും രാത്രി 9 മണിയെങ്കിലും ആകും. പാത അടയ്ക്കുന്നതുമൂലം പിറ്റേന്ന് മാത്രമാണ് ബാംഗ്ലൂരിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നത്.

പൈങ്ങ മുഴുവനംതന്നെ പെയിന്റ് വിപണിയിലേയ്ക്കാണ് പോകുന്നത്. പൊളിച്ച പൈങ്ങ പിറ്റേന്ന് ബാംഗ്ലൂരിൽ എത്തുമ്പോഴേയ്ക്കും ഇതിന്റെ കറ നഷ്ടപ്പെടുന്നതുമൂലം കർഷകർക്ക് ലഭിക്കുന്ന വിലയിൽ വലിയ കുറവ് അനുഭവപ്പെടുന്നു. ഇത്തരത്തിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

### ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ നടപടി

27 (3646) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ആഭ്യന്തര വകുപ്പും ജലസേചന വകുപ്പും പരിസ്ഥിതി വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ;

(സി) ജലസേചനവും ജലസംരക്ഷണവും ആക്ടിൽ ഈ സർക്കാർ വരുത്തിയ ഭേദഗതികൾ പ്രകാരം പോലീസിന് നിയമനടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശങ്ങൾ നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ ചുവടെപ്പറയുന്ന നിയമങ്ങൾപ്രകാരം വിവിധ ഏജൻസികൾ/വകുപ്പുകൾ നടപടികൾ സ്വീകരിച്ചുവരുന്നു.

1. ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974
2. കേരള പഞ്ചായത്തീരാജ് നിയമം, 1994
3. കേരള മുനിസിപ്പാലിറ്റീസ് നിയമം, 1994
4. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018

ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജല മലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചുവരുന്നു.

ജല മലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 നിലവിലുണ്ട്. പ്രസ്തുത നിയമപ്രകാരം ജലസ്രോതസ്സുകളിലേയ്ക്ക് ഖരദ്രവമാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാക്കുകയും അപ്രകാരം ചെയ്യുന്നത് തെളിയിക്കപ്പെട്ടാൽ, കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷം വരെ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ വരെ പിഴയും ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി നൽകുന്നതിനനുസരിച്ച് ബന്ധപ്പെട്ട പോലീസ് അധികൃതരാണ് അന്വേഷണം നടത്തി കേസ് ഫയൽ ചെയ്യേണ്ടത്. മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് ജലസേചന വകുപ്പിലെ ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമമനുസരിച്ച് പോലീസ് അധികൃതർ നിയമനടപടി സ്വീകരിക്കുന്നതിൽ നിലവിൽ തടസ്സങ്ങളില്ല. പോലീസ് സ്റ്റേഷനിൽ നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കേസ് ഫയൽ ചെയ്യേണ്ടത്.

### റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കേണ്ട പദ്ധതികൾ

28 (3647) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കാൻ അംഗീകരിച്ച പദ്ധതികളിൽ, തദ്ദേശസ്വയംഭരണ പ്രദേശത്തെ പ്രവൃത്തികൾ (റോഡുകൾ) നടപ്പുവർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

റോഡുകളുടെ അറ്റകുറ്റപ്പണികൾ 2020 മേയ് മാസത്തോടെയും മെച്ചപ്പെട്ട ദുരന്ത പ്രതിരോധ ശേഷിയോടെ നിർമ്മിക്കുന്ന റോഡുകൾ 2020 ഡിസംബർ 31-നകവും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### മുളവുകാട് രണ്ടാംഘട്ടം റോഡുവികസനം

29 (3648) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിവരുന്ന മുളവുകാട് രണ്ടാംഘട്ടം റോഡുവികസന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുളവുകാട് രണ്ടാംഘട്ടം റോഡുവികസന പദ്ധതിയുടെ 40 ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതി പ്രദേശം വെള്ളക്കെട്ടുണ്ടാകുന്ന (water logged) സ്ഥലമായതിനാൽ, അടുത്തിടെയുണ്ടായ കനത്ത മഴയും വെള്ളപ്പൊക്കവും പദ്ധതി പുരോഗതിയെ സാരമായി ബാധിച്ചു.

(സി) 2019 ഡിസംബറിനകം പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**റീബിൽഡ് കേരള പദ്ധതിയിൽ ജർമ്മൻ സഹകരണം**

30 (T*3649) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജർമ്മൻ സർക്കാരുമായി സഹകരിച്ച് റീ ബിൽഡ് കേരള പദ്ധതിയിലൂടെ സംസ്ഥാനത്തെ റോഡുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ നവീകരണമാണ് സംസ്ഥാനത്താകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. 2018-ൽ പ്രളയത്തിൽ തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തി തയ്യാറാക്കിയ 59 റോഡുകളുടെ പട്ടികയിൽനിന്നും M/s.L&T Infrastructure Engineering Ltd. മുഖേന ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റോഡുകളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ഏകദേശം 819 കി.മീ. വരുന്ന റോഡുകൾക്കാണ് ജർമ്മൻ ബാങ്ക് ഫണ്ട് ലഭ്യമാക്കുന്നത്. ആയതുപ്രകാരം ആദ്യഘട്ടമായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മുൻഗണനാക്രമത്തിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം (2019-20) 300 കോടി രൂപ ലോക ബാങ്കിൽനിന്നും ലഭ്യമാകുന്ന വികസനനയവായ്പയിൽനിന്നും അനുവദിക്കുന്നതിന് 13-8-2019-ലെ സ.ഉ. (കൈ.)നമ്പർ 25/2019/ആ.സാ.വ. പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. ഒന്നാം ഘട്ടമായി 666 കി.മീ. റോഡിന്റെ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പുനർനിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ പുനർനിർമ്മാണത്തിനാവശ്യമായ തുക കൃത്യമായി കണക്കാക്കുവാൻ കഴിയുകയുള്ളൂ.

## റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

31 (3650) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിക്കായി രൂപവൽക്കരിച്ച റീ-ബിൽഡ് കേരളയുടെ പുനർനിർമ്മാണ പ്രവൃത്തികൾക്ക് എത്ര കോടി രൂപ സഹായമായി ലഭിച്ചിട്ടുണ്ട്; ഈ തുക ലഭിച്ചത് ഏതൊക്കെ ഏജൻസികളിൽനിന്നാണ്;അറിയിക്കുമോ;

(ബി) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പൊതുമരാമത്ത് റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്; പ്രസ്തുത റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വിഭാഗം ആർ.കെ.ഐ. യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലോക ബാങ്ക് സഹായ പദ്ധതിയായ KSTP-യിൽ ബാക്കിയായ 45 മില്യൺ യു.എസ്. ഡോളർ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് ലോക ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽനിന്നും 2904.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്കിന്റെ 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയ വായ്പയുടെ ആദ്യ ഗഡുവായി 1779.5 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ജർമ്മൻ ബാങ്കായ KfW-ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)-യുടെ വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച് നടപടികളും പുരോഗമിക്കുന്നു. ലോക ബാങ്കിന്റെ രണ്ടാം ഗഡു വായ്പ ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി&സി) 818.87 കി.മീ. ദൈർഘ്യം വരുന്ന, പൊതുമരാമത്ത്

വകുപ്പിനുകീഴിലെ 31 റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ 13-8-2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

പൊതുമരാമത്ത് വകുപ്പ് പ്രസ്തുത റോഡുകളുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

**പിറവം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ റോഡുകളുടെ പുനരുദ്ധാരണം**

32 (T*3651) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന പിറവം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എത്ര റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനായി ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത റോഡുകൾ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ എത്രയെണ്ണം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) 2018-ലെ പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള റോഡുകളിൽ, പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിൽനിന്നായി മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 603.74 കി.മീ. റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവയ്ക്കുവേണ്ട ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രസ്തുത പട്ടികയിലെ റോഡുകളിൽ പിറവം മണ്ഡലത്തിൽനിന്നുള്ള റോഡുകൾ നിലവിൽ ഉൾപ്പെട്ടിട്ടില്ല.

**ആറന്മുള മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രവൃത്തികൾ**

33 (T*3652) ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന്റെ നിർവ്വഹണ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(ബി) ആറന്മുള മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 818.87 കി.മീ. ദൈർഘ്യം വരുന്ന, പൊതുമരാമത്ത് വകുപ്പിനുകീഴിലെ 31 റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ, പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിൽ നിന്നായി തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള 603.74 കി.മീ. റോഡുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ ആറന്മുള മണ്ഡലത്തിലെ പത്തനംതിട്ട അയിരൂർ-മുട്ടുകുടുക്ക-ഇല്ലത്തുപടി- മുട്ടുകുടുക്ക പ്രക്കാനം - പ്രക്കാനം ഇലവുംതിട്ട – കുളനട രാമഞ്ചിറ-താന്നിക്കുഴി തോന്നിയമല റോഡ് (28.12 കി.മീ.) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ഇതുകൂടാതെ റീബിൽഡ് കേരള പദ്ധതിക്കുകീഴിൽ ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ റോഡുകളിൽ ആറന്മുള നിയോജകമണ്ഡലത്തിൽനിന്നും 23.35 KM ദൈർഘ്യം വരുന്ന 19 റോഡുകളും ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

## കേരള ശാസ്ത്ര-സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ

34 (3653) ശ്രീ.കെ.സുരേഷ് കുറുപ്പ്:
ശ്രീ. പി.ടി.എ. റഹീം:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതികശാസ്ത്ര മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പൊതുജനങ്ങളിൽ ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്;

(സി) വിദ്യാർത്ഥികളിൽ ശാസ്ത്രവൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന നടപ്പാക്കി വരുന്ന ശാസ്ത്ര പ്രവർത്തനങ്ങൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതികശാസ്ത്ര രംഗത്ത് നൂതന ആശയങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ഗവേഷണസംവിധാനം ഏർപ്പെടുത്തുന്നതിനും കേരള ശാസ്ത്ര, സാങ്കേതികശാസ്ത്ര പരിസ്ഥിതി കൗൺസിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ശാസ്ത്ര, സാങ്കേതിക മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം എ-യിൽ കണ്ടാലും.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുജനങ്ങളിൽ ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ചുവരുന്ന പ്രചാരണ പരിപാടികൾ അനുബന്ധം ബി-യിൽ കണ്ടാലും.*

(സി) വിദ്യാർത്ഥികളിൽ ശാസ്ത്രവൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന നടപ്പാക്കിവരുന്ന ശാസ്ത്ര പ്രവർത്തനങ്ങൾ അനുബന്ധം സി-യിൽ കണ്ടാലും.*

(ഡി) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതിക രംഗത്ത് നൂതന ആശയങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ഗവേഷണ സംവിധാനം ഏർപ്പെടുത്തുന്നതിനും കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം ഡി-യിൽ കണ്ടാലും.*

## എൻ.ഐ.ടി. കോഴിക്കോടിന്റെ ഗവേണിംഗ് ബോഡിയിൽ സർക്കാർ പ്രതിനിധികൾ

35 (3654) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഐ.ടി. കോഴിക്കോടിന്റെ ഗവേണിംഗ് ബോഡിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളുണ്ടോ; ഇല്ലെങ്കിൽ പ്രതിനിധിയെ നിശ്ചയിക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ; എത്രകാലമായി ആയത് ഒഴിഞ്ഞു കിടക്കുകയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ & ബി) ഉണ്ട്. എൻ.ഐ.ടി. ആക്ട് 2007 സെക്ഷൻ 11(d) പ്രകാരം എൻ.ഐ.ടി.-യുടെ ബോർഡ് ഓഫ് ഗവർണ്ണേഴ്സിൽ (BOG) അതത് എൻ.ഐ.ടി. സ്ഥിതി ചെയ്യുന്ന സംസ്ഥാന ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന പ്രമുഖരായ സാങ്കേതിക വിദഗ്ധരോ വ്യവസായികളോ ആയ രണ്ടുപേരെ ഉൾക്കൊള്ളിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം കോഴിക്കോട് എൻ.ഐ.ടി.-യിലെ ഗവേണിംഗ് ബോഡിയിൽ നിലവിൽ സർക്കാരിന്റെ പ്രതിനിധികളായി ശ്രീ. രവീന്ദ്രൻ കസ്തൂരി, ശ്രീ. വി. നൗഷാദ് എന്നിവരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

36(3655) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധവായു ശ്വസിക്കുക എന്നത് പൗരന്മാരുടെ അവകാശമാണെന്ന ദേശീയ ഹരിത ട്രൈബ്യൂണൽ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പരിസ്ഥിതി മലിനീകരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിസ്ഥിതിക്ക് ദോഷമുണ്ടാകുന്ന സ്ഥിതിവിശേഷം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പരിസ്ഥിതി മലിനീകരണം തടയുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 34 സ്ഥലങ്ങളിൽനിന്ന് ബോർഡ് അന്തരീക്ഷ വായു ഗുണനിലവാരം നിർണ്ണയിക്കുന്നുണ്ട്. ഇതിൽ 28 സ്റ്റേഷനുകളിൽ നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനുകീഴിലും 6 സ്റ്റേഷനുകളിൽ സ്റ്റേറ്റ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു കീഴിലുമാണ് മോണിറ്ററിംഗ് നടത്തിവരുന്നത്. വ്യവസായശാലകളിൽനിന്നുള്ള വായു മലിനീകരണം തടയുവാൻ ചട്ടങ്ങൾപ്രകാരമുള്ള പുകക്കുഴൽ സ്ഥാപിച്ചും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും വരുന്നു. ഇത് ബോർഡ് നിരീക്ഷിക്കുകയും നിയമലംഘനം കണ്ടെത്തിയാൽ നടപടികൾ ബോർഡ് കൈക്കൊള്ളുന്നുമുണ്ട്.

സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ബോർഡിന്റെതന്നെ സ്റ്റേറ്റ് ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി പരിശോധന നടത്തിവരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും പരിശോധിച്ച് പരിശോധനാഫലം വിലയിരുത്തി തുടർനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. വായു-ജല പരിശോധനാ ഫലങ്ങൾ ക്രോഡീകരിച്ച് വാട്ടർ-എയർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുവാനുള്ള നടപടികളും ബോർഡ് സ്വീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ, 500 ബെഡ്ഡിൽ കൂടുതലുള്ള ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ PET ബോട്ടിലുകളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് 14-06-2018-ൽ ബോർഡ് സർക്കുലർ ഇറക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് ബോർഡ് നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ട പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ പട്ടിക തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പി.വി.സി. ഫ്ലക്സ് നിരോധിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് 29-8-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക്ക് കുപ്പികൾ തിരിച്ചെടുക്കുന്നതിനായി Reverse Vending Machine തിരുവനന്തപുരം ഇടപ്പഴഞ്ഞിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉപയോഗിച്ച ബോട്ടിലുകൾ തിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ബോർഡ് സ്വീകരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം 1974, പരിസ്ഥിതി സംരക്ഷണ നിയമം 1986 എന്നിവ പ്രകാരം ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ജലമലിനീകരണമുണ്ടാക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും നിയമനടപടികൾ കൈക്കൊള്ളുന്നതിനും പെനാൽറ്റി impose ചെയ്യുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്.

## പ്രളയ ദുരന്തങ്ങൾ നേരിടുന്നതിന് നടപടികൾ

37 (3656) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ശാസ്ത്രീയപഠനം നടത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് നിലവിൽ നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആവർത്തിക്കുന്ന തീവ്രമായ മഴയുടെയും പരിണിത പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും കാരണങ്ങൾ പരിശോധിക്കുന്നതിനായി 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.42/2019/ശാ.സാ.വ. പ്രകാരം (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*) സമിതി രൂപീകരിച്ചിരുന്നു. ടി സമിതി പഠനങ്ങൾ നടത്തിവരുന്നു.

(സി) മറ്റ് വകുപ്പുകളിൽനിന്ന് കൂടിയുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**കാലാവസ്ഥ വ്യതിയാനത്തിന്റെ വിവിധ വശങ്ങൾ**

38 (3657) ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ വിവിധ വശങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) കാലാവസ്ഥാ പഠനത്തിനായി നിലവിലുള്ള സംവിധാനങ്ങൾ ഏന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിന് അന്തർദ്ദേശീയ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമാണെന്ന് ഏതെങ്കിലും കണ്ടെത്തലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനങ്ങളെ സംബന്ധിച്ച് ഗൗരവമായ പഠനങ്ങൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന കാര്യാലയത്തിന്റെയും സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെയും നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ, കേരളത്തിലുണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) കോട്ടയത്ത് സ്ഥിതിചെയ്യുന്ന കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം (Institute for Climate Change Studies), Cochin University of Science & Technology, Kerala University of Fisheries and Ocean Studies (KUFOS) എന്നീ സ്ഥാപനങ്ങൾ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പഠനങ്ങൾ നടത്തുന്നു. കൂടാതെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന കാര്യാലയവും College of Engineering, Munnar, IIT Madras എന്നിവരും ചേർന്ന് മൂന്നാറിൽ ഒരു High altitude weather Monitoring Station സ്ഥാപിച്ച് കാലാവസ്ഥാ പഠനം നടത്തിവരുന്നു.

(സി) കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച പഠനം നടത്തുന്നതിന് അന്തർദ്ദേശീയ ഏജൻസികളുടെ സഹായം തേടിയിട്ടില്ല.

(ഡി) സംസ്ഥാനത്തുണ്ടായ പ്രളയവും തീവ്രമഴയും കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായതാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 42/2019/ശ.സ.വ. പ്രകാരം കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**പ്രളയാനന്തരം ഉണ്ടായ കടുത്ത വരൾച്ച**

39 (3658) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തരം ഉണ്ടായ കടുത്ത വരൾച്ചയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഭാവിയിൽ ഇത്തരം കടുത്ത വരൾച്ചയെ അതിജീവിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2018-ലെ പ്രളയാനന്തരം ഉണ്ടായ വരൾച്ചയെക്കുറിച്ച് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ജലവിഭവ വികസന പരിപാലനകേന്ദ്രം (സി.ഡബ്ല്യു.ആർ.ഡി.എം.) വിശദമായ പഠനം നടത്തിയിട്ടുണ്ട്. പഠനത്തിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ പറയുന്നവയാണ്.

2018 ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 26 വരെയുള്ള കാലയളവിൽ മഴയുടെ ലഭ്യതയിൽ സാധാരണ ലഭ്യമാകേണ്ടതിനെ അപേക്ഷിച്ച് 76 ശതമാനം മഴക്കുറവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ നദികളുടെ അടിത്തട്ട് വലിയതോതിൽ താഴ്ന്നത്, എക്കൽ/കളിമണ്ണ് എന്നിവ അടിഞ്ഞ് നദിയുടെ അടിത്തട്ട് ജലം താഴാത്തവിധത്തിലുള്ള പ്രതലമായി മാറിയത്, നദികളിലെ സ്വാഭാവിക/പ്രകൃതിദത്ത തടസ്സങ്ങൾ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടത്, കുത്തനെയുള്ള ചരിവ് കാരണം ജലം വളരെ വേഗത്തിൽ കടൽ/കായലിലേയ്ക്ക് എത്തുന്നത് തുടങ്ങിയ ഘടകങ്ങളാണ് പഠനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. മഴയുടെ ലഭ്യതയിൽ കാര്യമായ മാറ്റം ഇല്ലായെങ്കിലും മഴയിലെ സ്ഥലകാല വ്യതിയാനം വർദ്ധിക്കുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

(ബി) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ സാങ്കേതിക സമിതികൾ രൂപീകരിക്കുകയും നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം വിവിധ വകുപ്പുകളുടെ ഏകോപനത്തോടും ജനപങ്കാളിത്തത്തോടും തയ്യാറാക്കിയിട്ടുണ്ട്. 913 ഗ്രാമപഞ്ചായത്തുതല പ്ലാനുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമായിക്കഴിഞ്ഞു. കൂടാതെ, ചെറു തടയണകൾ, നദികൾക്ക് കുറുകെ തടയണ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് ജലസംഭരണ-ഭൂജലപോഷണ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. സാധ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ ജലസേചന വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

ആവർത്തിച്ചുണ്ടാകുന്ന ജലദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം വേണ്ടരീതിയിൽ സംഭരിക്കുവാനാവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനും വിതരണശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ട ബോധവൽക്കരണം നൽകൽ എന്നീ നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

ഭൂജല വകുപ്പിന്റെ കീഴിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം വകുപ്പിന് 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. 125 റീചാർജ്ജ് പിറ്റ് പദ്ധതികൾക്കും 19 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾക്കും 10 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള 261 ലക്ഷം രൂപയുടെ സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30 റീചാർജ്ജ് പിറ്റ്/തുറന്ന കിണർ

റീചാർജ്ജ് പദ്ധതികളും 2 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികളും ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ജില്ലകളിൽനിന്ന് ലഭിച്ച 12 തടയണ, 18 റീചാർജ്ജ് പിറ്റ് പദ്ധതി, 44 തുറന്ന കിണർ റീചാർജ്ജ്, 23 കുഴൽക്കിണർ റീചാർജ്ജ്, 2 അടിയണകളുടെ നിർമ്മാണം, 6 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. ആയതിന് സാങ്കേതികാനുമതി ഉടൻതന്നെ ലഭ്യമാക്കുന്നതാണ്. കൂടാതെ വരൾച്ചയെ നേരിടുന്നതിനായി ചെറുകിട കുടിവെള്ള പദ്ധതി, കുടിവെള്ള പദ്ധതി പുനരുദ്ധാരണം, ഹാൻഡ് പമ്പ് റിപ്പയർ എന്നീ പ്രവൃത്തികളും ഭൂജല വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

## തൃശ്ശൂർ ജില്ലയിലെ തീരദേശ പരിപാലന നിയമം ലംഘിച്ചുള്ള കെട്ടിട നിർമ്മാണം

40 (3659) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തീരദേശ പരിപാലന നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവൃത്തികളുണ്ടോ; ഉണ്ടെങ്കിൽ പട്ടിക ലഭ്യമാക്കുമോ;

(ബി) ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണ് തീരദേശ പരിപാലന നിയമത്തിന്റെ കീഴിൽ വരുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസ്സിലെ 23-9-2019-ലെ ഉത്തരവിൻപ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16-10-2019-ലെ G.O. (Rt) No.98/2017/Envt. പ്രകാരവും 17-10-2019-ലെ G.O. (Rt) No.101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രകൻ/നഗരാസൂത്രക കൺവീനറായും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് മാത്രമേ തൃശ്ശൂർ ജില്ലയിലുണ്ടായിട്ടുള്ള തീരദേശ പരിപാലന നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയുള്ളൂ.

(ബി) പുന്നയൂർക്കുളം, പുന്നായൂർ, കടപ്പുറം, പാവറട്ടി, ഒരുമനയൂർ, മുല്ലശ്ശേരി, ഏങ്ങണ്ടിയൂർ, വെങ്കിടങ്ങ്, വാടാനപ്പിള്ളി, മണലൂർ, തളിക്കുളം, അന്തിക്കാട്, നാട്ടിക, താന്ന്യം, വലപ്പാട്, എടത്തുരുത്തി, കാട്ടൂർ, കയ്പമംഗലം, പടിയൂർ, പെരിഞ്ഞനം, മതിലകം, വെള്ളാങ്ങല്ലൂർ, ശ്രീനാരായണപുരം, പുത്തൻചിറ, എടവിലങ്ങ്, എറിയാട്, മാള, പൊയ്യ എന്നീ 28 ഗ്രാമപഞ്ചായത്തുകളും ചാവക്കാട്, ഗുരുവായൂർ, കൊടുങ്ങല്ലൂർ എന്നീ 3 മുനിസിപ്പാലിറ്റികളും തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നു.

## തീരദേശ പരിപാലന അതോറിറ്റി

41 (3660) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന അതോറിറ്റി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതോറിറ്റി രൂപീകരണ നടപടികൾ ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ;

(ബി) നിലവിൽ എത്ര അപേക്ഷകളാണ് അതോറിറ്റിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 30-10-2019-ലെ S.O.3903(E) നമ്പർ വിജ്ഞാപനപ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ലഭിച്ച അപേക്ഷകളിന്മേൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കത്തയച്ചിട്ടും നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്ത 901 അപേക്ഷകളടക്കം 1273 അപേക്ഷകൾ ആണ്.

## തീരദേശ പരിപാലന നിയമപ്രകാരം നിർമ്മാണ മേഖലയിൽ നിയന്ത്രണം

42 (3661) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ നിലവിൽ ബാധകമായിട്ടുള്ള നിയന്ത്രണങ്ങൾ എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം പ്രവൃത്തികളെ/നിർമ്മാണങ്ങളെയാണ് തീരദേശ പരിപാലന നിയമത്തിന്റെ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## 2019-ലെ തീരദേശ പരിപാലന വിജ്ഞാപനം

43 (3662) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-1-2019 ലെ ജി.എസ്.ആർ. 37 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപനം പ്രകാരമുള്ള തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(ബി) ജനവാസയോഗ്യമായ സ്ഥലവിസ്തൃതി കുറവും ജനസാന്ദ്രത കൂടുതലുമുള്ള കൊച്ചിൻ കോർപ്പറേഷൻ പോലുള്ള നഗരസഭകളോട് അടുത്ത് കിടക്കുന്ന ചെല്ലാനം ഗ്രാമപഞ്ചായത്ത് അടക്കമുള്ള തീരദേശപഞ്ചായത്തുകൾക്ക് 2019-ലെ പുതിയ വിജ്ഞാപനത്തിലെ സി.ആർ.സെഡ് III എ മേഖലയുടെ ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച 3-7-2019-ലെ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് ഫയൽ നമ്പർ 133/139/19-ൽ കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ലഭ്യമായിട്ടില്ല.

(ബി) 2019-ലെ തീരദേശ പരിപാലന വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ.(സാധാ) നമ്പർ 80/19/പരി. നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ 3-7-2019-ലെ കത്തിലെ ആവശ്യംകൂടി പരിഗണിക്കുന്നതിലേയ്ക്കായി കത്തിന്റെ പകർപ്പ് ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

(സി) ലഭ്യമായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ**

44 (3663) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച അനധികൃത കെട്ടിടങ്ങളുടെ വിശദാംശം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മരട് വിഷയത്തിലെ സുപ്രീംകോടതി ഉത്തരവ് എല്ലാ അനധികൃത ഫ്ലാറ്റുകൾക്കും ബാധകമല്ലേ; എങ്കിൽ ഈ പ്രശ്നത്തിൽ എന്ത് നിലപാട് സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മരടിൽ അനധികൃതമായി ഫ്ലാറ്റ് പണിത നിർമ്മാതാക്കൾക്കും അതിന് അനുമതി നൽകിയ പഞ്ചായത്ത് അധികൃതർക്കുമെതിരെ എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസ്സിലെ 23-9-2019-ലെ ഉത്തരവിൻപ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16-10-2019-ലെ G.O. (Rt) No.98/2017/Envt. പ്രകാരവും 17-10-2019-ലെ G.O. (Rt) No.101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രകൻ/നഗരാസൂത്രക കൺവീനറായും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയുള്ളൂ. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ചിട്ടുള്ള Alpha Ventures, H2O Holly Faith, Jain Coral Cove എന്നീ ഫ്ലാറ്റുകളുടെ നിർമ്മാതാക്കൾക്കെതിരെയും നിർമ്മാണാനുമതി നൽകിയ തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർക്കെതിരെയും ക്രൈം നമ്പർ.471/CB/CU-II/EKM/R/19 (പനങ്ങാട് പി.എസ്. ക്രൈം നമ്പർ.1108/19), ക്രൈം നമ്പർ.472/CB/CU-II/EKM/R/19 (പനങ്ങാട് പി.എസ്.ക്രൈം നമ്പർ 1109/19), ക്രൈം നമ്പർ 473/CB/CU-II/EKM/R/19 (മരട് പി.എസ്. ക്രൈം നമ്പർ.1293/19) u/s. 607, 420 IPC & Sec. 13(1)(d), 13(2) of PC Act എന്നിങ്ങനെ 3 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

### പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി

45 (3666) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള ഉദ്യോഗാർത്ഥികളുടെ പ്രായപരിധി ഉയർത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

### ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകൾ

46 (3667) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ ഭരണപരിഷ്കാര കമ്മീഷൻ നാളിതുവരെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ എത്രയെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഭരണപരിഷ്കാര കമ്മീഷൻ നാല് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

1. വിജിലൻസ് സംവിധാനം - പരിഷ്കരണം
2. Capacity Development of Civil Servants - Kerala
3. Welfare to Rights - Implementation of Select Legislations - A review
4. Personnel Reforms - Civil Service in Kerala

## ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകൾ

47 (3668) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ എത്ര; പ്രസ്തുത റിപ്പോർട്ടുകളിൽ ഏതിനെല്ലാമാണ് മുൻഗണന നൽകി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷന്റെ സിവിൽ സർവ്വീസ് പരിഷ്കരണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഭരണപരിഷ്കാര കമ്മീഷൻ നാല് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

1. വിജിലൻസ് സംവിധാനം - പരിഷ്കരണം
2. Capacity Development of Civil Servants - Kerala
3. Welfare to Rights - Implementation of Select Legislations - A review
4. Personnel Reforms - Civil Service in Kerala

പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

## പി.എസ്.സി. പരീക്ഷകളിലെ വെയിറ്റേജ് മാർക്ക്

48 (3669) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.സി., എസ്.പി.സി. അംഗങ്ങൾക്ക് പി.എസ്.സി. പരീക്ഷകളിൽ വെയിറ്റേജ് മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) 'A' 'B' 'C' സർട്ടിഫിക്കറ്റുകൾ നേടിയിട്ടുള്ള NCC കേഡറ്റുകൾക്ക് പോലീസ്, ജയിൽ, എക്സൈസ് തുടങ്ങിയ യൂണിഫോംഡ് ഫോഴ്സുകളിലേയ്ക്കുള്ള പി.എസ്.സി. നിയമനങ്ങളിൽ യഥാക്രമം 2%, 3%, 5% എന്ന രീതിയിൽ വെയിറ്റേജ് മാർക്ക് നൽകുന്നതിന് 21-8-2007-ലെ G.O.(Ms) 112/2007/H.Edn. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എസ്.പി.സി. അംഗങ്ങൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**ബൈ-ട്രാൻസ്ഫർ നിയമനങ്ങളിൽ സംവരണം**

49 (3670) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പി.എസ്.സി. വഴിയുള്ള ബൈ-ട്രാൻസ്ഫർ നിയമനങ്ങളിൽ സംവരണം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ സംവരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇല്ല. പരിഗണനയിലില്ല.

**പി.എസ്.സി. പരീക്ഷകൾക്കായി തയ്യാറാക്കുന്ന ചോദ്യങ്ങൾ**

50 (3673) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ പരീക്ഷകൾക്കുവേണ്ടി അദ്ധ്യാപകർ ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ ഗൈഡുകളിൽ നിന്നുള്ള ചോദ്യങ്ങൾ എടുക്കുവാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി പി.എസ്.സി. നടത്തുന്ന പല പരീക്ഷകളുടെയും ചോദ്യങ്ങൾ ഗൈഡുകളിൽ നിന്നും പകർത്തി ചോദിക്കുന്നു എന്ന പരാതി വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 22-1-2019-ന് പി.എസ്.സി. നടത്തിയ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ്-2 പരീക്ഷയ്ക്ക് ചോദിച്ച ചോദ്യങ്ങളിൽ ഭൂരിഭാഗവും യൂണിവേഴ്സൽ പബ്ലിക്കേഷൻസിന്റെ മൾട്ടിപ്പിൾ ചോയിസ് ക്വസ്റ്റ്യൻസ് ഫോർ ജുഡീഷ്യൽ സർവ്വീസ് എക്സാമിനേഷൻസ് എന്ന പരീക്ഷാ സഹായിയിൽ നിന്നും പകർത്തിയതാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പരിശോധനയിൽ വെളിപ്പെട്ട കാര്യങ്ങളും പ്രസ്തുത ചോദ്യ പേപ്പർ തയ്യാറാക്കിയ അദ്ധ്യാപകനെതിരെ സ്വീകരിച്ച നടപടിയും അറിയിക്കാമോ;

(ഇ) വ്യാപകമായ പരാതി ഉണ്ടായ സാഹചര്യത്തിൽ പ്രസ്തുത പരീക്ഷ റദ്ദാക്കണമെന്ന ആവശ്യം പി.എസ്.സി. പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചുരുക്കം ചില പരീക്ഷകൾക്ക് ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് വിഭാഗം സമഗ്രമായ അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ചോദ്യപേപ്പർ തയ്യാറാക്കിയ വിദഗ്ധനെതിരെ നടപടികൾ സ്വീകരിക്കത്തക്ക രീതിയിലുള്ള ക്രമക്കേടുകൾ ഒന്നുംതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(ഇ) പരീക്ഷ റദ്ദ് ചെയ്യുന്നതിനുള്ള കാരണങ്ങൾ ഒന്നുംതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

**പി.എസ്.സി. പരീക്ഷയിലെ നിബന്ധനകൾ**

51 (3675) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ്സിലെ പ്രതികൾ നടത്തിയ പരീക്ഷാ തട്ടിപ്പിലൂടെ പി.എസ്.സി.-യുടെ പ്രതിച്ഛായ കളങ്കപ്പെട്ടു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) സാങ്കേതികവിദ്യ വളരുന്നതനുസരിച്ച് തട്ടിപ്പിന്റെ സാങ്കേതികവിദ്യയും വളരുന്ന കാലഘട്ടത്തിൽ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് പി.എസ്.സി. പുറപ്പെടുവിച്ച നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നടന്ന പരീക്ഷയിൽ ചിലർ ക്രമക്കേട് നടത്തി എന്നത് ബോദ്ധ്യപ്പെട്ടതിനാൽ ഈ വിഷയം ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു. കൂടാതെ ആരോപണവിധേയരായ ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽനിന്നും സ്ഥിരമായി വിലക്കുവാനും ഇവരുടെ പ്രൊഫൈലുകൾ നിർജ്ജീവമാക്കുവാനും പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം പി.എസ്.സി. പരീക്ഷകൾ കൂടുതൽ കുറ്റമറ്റരീതിയിലും സുതാര്യമായും നടപ്പിലാക്കുന്നതിനായി പരീക്ഷാ കേന്ദ്രത്തിൽ മൊബൈൽ ഫോൺ, ബ്ലൂടൂത്ത് ഉൾപ്പെടെയുള്ള വിവര വിനിമയ ഉപകരണങ്ങൾ കർശനമായി നിരോധിച്ചുകൊണ്ട് പി.എസ്.സി. മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. തുടർന്നുവന്ന പരീക്ഷകളിൽ ആയത് ഫലപ്രദമായി നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

## സിവിൽ സപ്ലൈസ് വകുപ്പിൽ അസിസ്റ്റന്റ് സെയിൽസ്മാൻ

52 (3677) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സിവിൽ സപ്ലൈസ് വകുപ്പിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ (222/2015) 2019-ൽ നിലവിൽ വന്ന പി.എസ്.സി. ലിസ്റ്റിന്റെ നിയമനസ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിട്ട സാഹചര്യം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഏതെങ്കിലും വിഭാഗത്തിന് മുൻകാല കോമ്പൻസേഷൻ നൽകിയിട്ടുണ്ടോ; ഇനി ഏതെങ്കിലും വിഭാഗത്തിന് ലഭിക്കാനുണ്ടോ; അറിയിക്കുമോ;

(ഡി) ഈ തസ്തികയിൽ പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലെ നിയമനം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 19-6-2018-ൽ നിലവിൽവന്ന അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും 129 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ടി തസ്തികയുടെ സാധ്യതാ പട്ടിക 30-10-2017-ന് പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും മറ്റ് തസ്തികകളിൽനിന്നും വ്യത്യസ്തമായി ഭിന്നശേഷിക്കാർക്ക് അർഹതാ നിർണ്ണയം നടത്തിയ ശേഷമാണ് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) 13 (പതിമൂന്ന്) ഒഴിവുകൾ കോഴിക്കോട് പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 7 (ഏഴ്) ഒഴിവുകളിൽ നിയമന ശിപാർശ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുകയും നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനം നൽകി വരികയും ചെയ്യുന്നുണ്ട്.

## സിവിൽ പോലീസ് ഓഫീസർ ലിസ്റ്റിന്റെ കാലാവധി

53 (3678) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പ്രസിദ്ധീകരിച്ച സിവിൽ പോലീസ് ഓഫീസർമാരുടെ ലിസ്റ്റിൽ എത്ര പേരുടെ പേരുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഈ ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; അറിയിക്കുമോ;

(ബി) ഒരു വിദ്യാർത്ഥി സംഘടനയിൽപ്പെട്ട ഏതാനും പേർ ചെയ്ത കുറ്റത്തിന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ ശിക്ഷിക്കുന്നത് നീതീകരിക്കാവുന്നതാണോ;

(സി) കേസ്സിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി തദനുസൃതമായി നീട്ടുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ)

| | Main list | Suppl. list |
|---|---|---|
| SAP | 1158 | 397 |
| KAP-I | 874 | 380 |
| KAP-II | 958 | 441 |
| KAP-III | 806 | 461 |
| KAP-IV | 1287 | 593 |
| KAP-V | 958 | 441 |
| MSP | 1259 | 533 |

റാങ്ക് പട്ടികയുടെ കാലാവധി 1-7-2020 വരെയാണ്.

(ബി & സി) പരീക്ഷാ ക്രമക്കേട് സംബന്ധിച്ച വിഷയം ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷിക്കാരുടെ സ്ഥിരനിയമനം**

54 (3679) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പി.എസ്.സി. മുഖേന സ്ഥിരനിയമനം നൽകിയിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 2590 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു:

| | |
|---|---|
| തിരുവനന്തപുരം | 717 |
| കൊല്ലം | 155 |
| ആലപ്പുഴ | 132 |
| പത്തനംതിട്ട | 63 |
| കോട്ടയം | 109 |
| ഇടുക്കി | 109 |
| എറണാകുളം | 196 |
| തൃശ്ശൂർ | 143 |
| പാലക്കാട് | 207 |
| മലപ്പുറം | 255 |
| കോഴിക്കോട് | 196 |
| വയനാട് | 81 |
| കണ്ണൂർ | 146 |
| കാസർഗോഡ് | 81 |

## പി.എസ്.സി. വഴി കോളേജുകളിലെ മലയാളം അദ്ധ്യാപക നിയമനം

55 (3680) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ മലയാളം അദ്ധ്യാപകരെ നിയമിക്കുന്നതിന് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; എങ്കിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നാളിതുവരെ നിയമിച്ചുവെന്ന് അറിയിക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ; ഈ തസ്തികയിലേക്ക് എത്ര ഒഴിവുകളാണ് ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതേ തസ്തികയിലേക്ക് എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ, മലയാളം ലക്ചറർ പോസ്റ്റിൽ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഗസ്റ്റ് ലക്ചറർമാരാണ് മലയാളം വിഷയം പഠിപ്പിക്കുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കോളേജുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഭാഷാ അദ്ധ്യാപകർക്ക് സ്ഥിരനിയമനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മലയാള ഭാഷ അദ്ധ്യാപകർക്ക് കേരളത്തിൽ മാത്രമേ കൂടുതൽ തൊഴിൽ സാധ്യതയുള്ളൂ എന്നുള്ള കാര്യം കൂടി പരിഗണിച്ച്, ആഴ്ചയിൽ 16 മണിക്കൂർ ജോലി വേണം എന്നുള്ള മാനദണ്ഡം നിലനിൽക്കെ മറ്റ് വിഷയങ്ങളിൽ ആയതിന് ഇളവ് നൽകി തസ്തിക സൃഷ്ടിച്ചതുപോലെ മലയാളം അദ്ധ്യാപകരുടെ തസ്തികയും സൃഷ്ടിച്ച് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) മാതൃഭാഷയായ മലയാളത്തെ ഭരണഭാഷ ആയി പ്രഖ്യാപിച്ച സർക്കാർ ആഴ്ചയിൽ 16 മണിക്കൂർ അധ്യയനം ഇല്ലെന്നുള്ള കാരണത്താൽ മലയാളം ഭാഷ അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകാത്തത് വിവേചനമാണെന്നുള്ള കാര്യം ഗൗരവമായി കാണുമോ?

ഉത്തരം

(എ) ഉണ്ട്. 16-8-2017-ൽ നിലവിൽ വന്ന ടി റാങ്ക് പട്ടികയിൽനിന്നും 22 നിയമനങ്ങൾ നടന്നിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 15-8-2020-ന് അവസാനിക്കും. ടി തസ്തികയിലേയ്ക്ക് 39 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ മലയാളം തസ്തികയിലേയ്ക്ക് 69 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഒരു കോളേജിന്റെ അക്കാദമിക് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി അനുവദിക്കപ്പെട്ട തസ്തികകൾ ഇല്ലെങ്കിൽപ്പോലും പ്രസ്തുത കോഴ്സ് നടത്തിപ്പിനുവേണ്ട ജോലി ഭാരം ഉണ്ടെങ്കിൽ അതിഥി അദ്ധ്യാപകരെ പ്രിൻസിപ്പാൾമാർക്ക് തന്നെ നിയമിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6 സർക്കാർ കോളേജുകളിലായി മലയാള വിഭാഗത്തിൽ 16 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഈ ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതാണ്.

(സി & ഡി) സംസ്ഥാനത്തെ 6 സർക്കാർ കോളേജുകളിലായി മലയാള വിഭാഗത്തിൽ 16 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരം എന്ന നിലവിലെ മാനദണ്ഡം പാലിക്കാത്തവയുൾപ്പെടെ വിവിധ സർക്കാർ കോളേജുകളിലായി മലയാള വിഭാഗത്തിൽ 18 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും നിലവിൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## പി.എസ്.സി. മുഖേന തൃശ്ശൂർ ജില്ലയിലെ അദ്ധ്യാപക നിയമനം

56 (3681) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എൽ.പി.എസ്.എ., യു.പി.എസ്.എ. അദ്ധ്യാപകരെ പി.എസ്.സി. മുഖാന്തരം നിയമിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിലേയ്ക്ക് താഴെപ്പറയുംപ്രകാരം നിയമന ശിപാർശ നൽകിയിട്ടുണ്ട്.

| വർഷം | എൽ.പി.എസ്.എ. | യു.പി.എസ്.എ. |
|---|---|---|
| 2016 | 5 | 53 |
| 2017 | 12 | 11 |
| 2018 | 118 | Nil |
| 2019 | 139 | 127 |

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

57 (3682) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പതിനാല് ജില്ലകളിലെയും 2019 ആഗസ്റ്റ് 30-ന് കാലാവധി അവസാനിച്ച എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്ന് നടന്ന നിയമനങ്ങൾ മുൻവർഷങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ ക്രമാതീതമായി കുറഞ്ഞുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റാങ്ക് ലിസ്റ്റ് കാലാവധി പിന്നിട്ടിട്ടും 2019 ജൂലൈ 6-ന് നടന്ന പരീക്ഷയുടെ ചുരുക്കപ്പട്ടിക പി.എസ്.സി. ഇതുവരെയും പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ചുരുക്കപ്പട്ടിക തയ്യാറാക്കി റാങ്ക് ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത റാങ്ക് പട്ടികയിൽനിന്നും പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

(ബി&സി) വിവിധ വകുപ്പുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള സത്വര നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയായാലുടൻ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ലീഗൽ അസിസ്റ്റന്റ് ആയി തസ്തികമാറ്റം വഴി പി.എസ്.സി. നിയമനം

58 (*T3683) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് പി.എസ്.സി. നടത്തുന്ന എഴുത്തുപരീക്ഷയ്ക്ക് മിനിമം മാർക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. നടത്തിയ എഴുത്ത് പരീക്ഷയ്ക്ക് മിനിമം മാർക്ക് ലഭിക്കാത്ത എത്രപേർക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും പി.എസ്.സി. വഴി നിയമനം ലഭിച്ചു; അറിയിക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പി.എസ്.സി നടത്തിയ എഴുത്തുപരീക്ഷയിൽ എട്ട് മാർക്ക് കിട്ടിയ ആൾക്ക് ലീഗൽ അസിസ്റ്റന്റ് ആയി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; വ്യക്തമാക്കുമോ;

(ഡി) നിർദ്ദിഷ്ട യോഗ്യതാ മാർക്ക് ഇല്ലാത്തവരെ ഭാവിയിൽ തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റായി നിയമിക്കുന്നത് വിലക്കി ഉത്തരവായിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 16-8-2019-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.വി.സി. V) വകുപ്പിന്റെ G.O.(Ms) 09/2019/P&ARD ഉത്തരവുപ്രകാരം തൊട്ടടുത്ത വിജ്ഞാപനം മുതൽ ഗ്രേഡ് II ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങൾക്കും 40 ശതമാനം കട്ട് ഓഫ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) പി.എസ്.സി. നൽകുന്ന നിയമന ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിയമ വകുപ്പ് നിയമനം നടത്തുന്നത്.

(സി) നിയമന ശിപാർശയോടൊപ്പം മാർക്ക് വിവരങ്ങൾ പി.എസ്.സി. അറിയിക്കാറില്ല.

(ഡി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 16-8-2019-ലെ G.O.(Ms) 09/2019/P&ARD ഉത്തരവുപ്രകാരം തൊട്ടടുത്ത വിജ്ഞാപനം മുതൽ ഗ്രേഡ് II ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങൾക്കും 40 ശതമാനം കട്ട്ഓഫ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

**ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ പി.എസ്.സി. നിയമനം സംബന്ധിച്ച്**

59 (3684) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച എ.വി.സി.-വി(2)/45/2019/ഉ.ഭ.പ.വ. നമ്പർ റിപ്പോർട്ടിൽ, നികത്തപ്പെടാതെ കണ്ടെത്തിയ 26 ലീഗൽ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച ഫയലിൽ നിയമമന്ത്രി അനുകൂലമായി ശിപാർശ നൽകിയിട്ടുണ്ടോ;

(ഡി) ഡി.ജി.പി. ഓഫീസിൽ നിലവിലുള്ള എസ്3(എ)/167180/2017 നമ്പർ ഫയലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ഈ ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ഇ) കഴിഞ്ഞ ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻ പേർക്കും നിയമനം ലഭിച്ചപ്പോൾ, ഇപ്പോൾ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിയുവാൻ മാസങ്ങൾ മാത്രം നിലനിൽക്കേ 5% പോലും നിയമനം നടത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലീഗൽ അസിസ്റ്റന്റിന്റെ നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റാങ്ക് ഹോൾഡേഴ്സിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നടത്തിയ പരിശോധന ഇതുവരെയും പൂർത്തിയായിട്ടില്ല.

(ബി & സി)) ബാധകമല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) നാളിതുവരെ 59 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

**ലീഗൽ അസിസ്റ്റന്റ് തസ്തികമാറ്റ നിയമനത്തിന് പി.എസ്.സി. പരീക്ഷ**

60 (T*3685) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ, തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിന് പി.എസ്.സി. നടത്തുന്ന എഴുത്തുപരീക്ഷയ്ക്ക് മിനിമം മാർക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. നടത്തിയ എഴുത്ത് പരീക്ഷയ്ക്ക് മിനിമം മാർക്ക് ലഭിക്കാത്ത എത്രപേർക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും പി.എസ്.സി. വഴി നിയമനം ലഭിച്ചു; അറിയിക്കുമോ;

---

* T – മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പി.എസ്.സി നടത്തിയ എഴുത്തുപരീക്ഷയിൽ എട്ട് മാർക്ക് കിട്ടിയ ആൾക്ക് ലീഗൽ അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; വ്യക്തമാക്കുമോ;

(ഡി) നിർദ്ദിഷ്ട യോഗ്യതാ മാർക്ക് ഇല്ലാത്തവരെ ഭാവിയിൽ തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റായി നിയമിക്കുന്നത് വിലക്കി ഉത്തരവായിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 16-8-2019-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.വി.സി. V) വകുപ്പിന്റെ G.O.(Ms) 09/2019/P&ARD ഉത്തരവുപ്രകാരം തൊട്ടടുത്ത വിജ്ഞാപനം മുതൽ ഗ്രേഡ് II ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങൾക്കും 40 ശതമാനം കട്ട്ഓഫ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) പി.എസ്.സി. നൽകുന്ന നിയമന ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിയമ വകുപ്പ് നിയമനം നടത്തുന്നത്.

(സി) നിയമന ശിപാർശയോടൊപ്പം മാർക്ക് വിവരങ്ങൾ പി.എസ്.സി. അറിയിക്കാറില്ല.

(ഡി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 16-8-2019-ലെ G.O.(Ms) 09/2019/P&ARD ഉത്തരവുപ്രകാരം തൊട്ടടുത്ത വിജ്ഞാപനം മുതൽ ഗ്രേഡ് II ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങൾക്കും 40 ശതമാനം കട്ട്ഓഫ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

## എക്സൈസ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ്

61 (3686) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിൽ ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്നാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്; നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

എക്സൈസ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. എക്സൈസ് ഡ്രൈവർമാരുടെ നിയമനം ജില്ലാ അടിസ്ഥാനത്തിലാണ്. ഇതുസംബന്ധിച്ച വിശദമായ വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ |
|---|---|---|
| തിരുവനന്തപുരം | 4-9-2019 | 4 |
| കൊല്ലം | 4-9-2019 | 7 |
| പത്തനംതിട്ട | 4-9-2019 | 1 |
| ആലപ്പുഴ | 4-9-2019 | 5 |
| കോട്ടയം | 4-9-2019 | 4 |
| ഇടുക്കി | 4-9-2019 | 4 |
| എറണാകുളം | 4-9-2019 | 2 |
| തൃശ്ശൂർ | 4-9-2019 | 4 |
| പാലക്കാട് | 4-9-2019 | 2 |
| മലപ്പുറം | 4-9-2019 | 2 |
| കോഴിക്കോട് | 4-9-2019 | 2 |
| വയനാട് | 4-9-2019 | 1 |
| കണ്ണൂർ | 4-9-2019 | 4 |
| കാസർഗോഡ് | 4-9-2019 | 4 |

**അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികയിൽ നിയമനം**

62 (3687) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. കാറ്റഗറി നമ്പർ 153/2015, 154/2015, 155/2015, 156/2015, 157/2015, 158/2015, 159/2015, 160/2015 എന്നിവയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ തസ്തികയിൽ നിയമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിൽ നിന്നും 1-10-2019-ലെ ആ.കു.വ S2/107/2019 നമ്പർ കത്ത് പി.എസ്.സി.-യ്ക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് പി.എസ്.സി. സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ടി കത്തിന്മേലുള്ള തുടർനടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊണ്ടു വരികയാണ്.

## തിരുവനന്തപുരം ജില്ലയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

63 (3688) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലയിൽ നിന്നുള്ള ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ തിരുവനന്തപുരം ജില്ലയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 1-4-2019 മുതൽ 15-10-2019 വരെ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി എന്നിവയും പ്രസ്തുത ഒഴിവുകളിൽ പി. എസ്. സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിൽ ഈ കാലയളവിൽ പി.എസ്.സി. യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തു കൊണ്ട് ലഭിച്ച കത്തിന്റെയും പ്രൊഫോർമയുടെയും ബന്ധപ്പെട്ട രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ കാലയളവിൽ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഒഴിവ് ലഭിച്ച തീയതി | വകുപ്പ് | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | 11-4-2019 | ജി.എസ്.റ്റി. വകുപ്പ് | 1 |
| 2 | 3-5-2019 | നിയമസഭാ സെക്രട്ടേറിയറ്റ് | 1 |
| 3 | 3-5-2019 | പഞ്ചായത്ത് | 1 |
| 4 | 16-5-2019 | ആരോഗ്യ വകുപ്പ് | 1 |
| 5 | 20-6-2019 | ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് | 1 |
| 6 | 23-9-2019 | ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് | 2 |

റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നാല് ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**സർക്കാർ ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്ന് പിരിച്ചുവിടുന്നതിനുള്ള നടപടിക്രമം**

64(3689) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുന്നതിന് പി.എസ്.സി.-യുടെ അനുമതി വാങ്ങണമെന്ന് ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നടപടിക്രമം പാലിക്കാതെ മുൻ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും ഉദ്യോഗസ്ഥനെ പിരിച്ചുവിട്ടിട്ടുണ്ടോ; പ്രസ്തുത പിരിച്ചുവിടൽ നടപടി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ റദ്ദ് ചെയ്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) സി.എം.ഒ. 19031391 നമ്പർ പെറ്റീഷനിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ റെഗുലേഷൻസ്) 1957-ന്റെ ചട്ടം 6(1) പ്രകാരം സർവ്വീസിൽനിന്നും നീക്കം ചെയ്യൽ/ഡിസ്മിസ്സ് ചെയ്യൽ തുടങ്ങിയ കഠിന ശിക്ഷകൾ, സർക്കാർ ശിക്ഷാധികാരി/അപ്പീൽ അധികാരി എന്ന നിലകളിൽ നൽകുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്ന അവസരത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടേണ്ടതാണ്.

(ബി - ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സി.ഇ. സെല്ലിലെ റാങ്ക് ലിസ്റ്റ്

65 (3690) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായി സി.ഇ. സെല്ലിൽ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; അതിൽ എത്ര പേരാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുതറാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി; വിശദമാക്കുമോ;

(സി) പ്രസ്തുതറാങ്ക് ലിസ്റ്റിൽ നിന്ന് നിയമനത്തിനായി ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) നിയമനത്തിനായി കാത്തിരിക്കുന്നവരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ട്. എൽ.ഡി. ക്ലാർക്കിന്റെ ലിസ്റ്റിൽ 397 പേർ, അസിസ്റ്റന്റ് തസ്തികയുടെ ലിസ്റ്റിൽ 65 പേർ, ആഡിറ്റർ തസ്തികയുടെ ലിസ്റ്റിൽ 15 പേർ, ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ സീനിയോരിറ്റി ലിസ്റ്റിൽ 4 പേർ എന്നിങ്ങനെ അപേക്ഷകർ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 30 പേർക്കും ആഡിറ്റർ തസ്തികയിൽ 4 പേർക്കും നിയമനാനുമതി നൽകിയിട്ടുണ്ട്.

(സി) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 124 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ നിയമനം

66 (3692) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി ( ലോവർ ഡിവിഷൻ ക്ലാർക്ക്) കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ നിലവിൽ എത്ര പേരുടെ അപേക്ഷ പരിഗണിക്കാനുണ്ട്;വ്യക്തമാക്കുമോ;

(ബി) വിവിധങ്ങളായ കാരണങ്ങളാൽ പ്രസ്തുത ലിസ്റ്റിൽപ്പെട്ടവരുടെ നിയമന നടപടികൾക്ക് കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പട്ടികയിൽപ്പെട്ടവരുടെ നിയമനനടപടികൾ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ?

ഉത്തരം

(എ) എൽ.ഡി. ക്ലാർക്ക് തസ്തികയുടെ സീനിയോരിറ്റി ലിസ്റ്റിൽ 397 അപേക്ഷകരുണ്ട്.

(ബി & സി) അപേക്ഷകരുടെ അദാലത്ത് നടത്തി യോഗ്യതയ്ക്കനുസൃതമായി മറ്റ് തസ്തികകൾ തെരഞ്ഞെടുക്കാൻ അവസരം നൽകി നിയമനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**"ദൃശ്യ മാധ്യമങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ"**

67 (3693) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010 ജനുവരി മുതൽ നാളിതു വരെ എത്ര വാർത്താ ചാനലുകൾ, പത്രങ്ങൾ, വിനോദ ചാനലുകൾ എന്നിവ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സാറ്റലൈറ്റ് ചാനലുകളിലെ ജീവനക്കാർക്ക് വേജ് ബോർഡ് നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) പത്ര-മാധ്യമങ്ങളിലെ നോൺ ജേർണലിസ്റ്റുകൾക്കുള്ള പെൻഷൻ സ്കീം ദൃശ്യ മാധ്യമങ്ങളിലെ ജീവനക്കാർക്കു കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി.വി. ചാനലുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗും പത്രങ്ങളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പർ ഫോർ ഇന്ത്യയുമാണ് കൈകാര്യം ചെയ്യുന്നത്.

(ബി) വർക്കിംഗ് ജേർണലിസ്റ്റ് & അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ്) & മിസല്ലേനിയസ് പ്രൊവിഷൻസ് ആക്ട് 1955-ന്റെ 2(സി)-യിലെ എംപ്ലോയി എന്ന നിർവ്വചനത്തിൽ സാറ്റലൈറ്റ് ചാനലുകളിലെ ജീവനക്കാർ ഉൾപ്പെടുന്നില്ല. അതുകൊണ്ട് സാറ്റലൈറ്റ് ചാനലുകളിലെ ജീവനക്കാർക്ക് വേജ് ബോർഡ് ബാധകമല്ല.

(സി) ടെലിവിഷൻ ചാനലുകളിലെ നോൺജേർണലിസ്റ്റ് വിഭാഗത്തിന് നിലവിൽ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകുന്നില്ല. പുതിയതായി കൂടുതൽപേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് നിലവിൽ

പ്രായോഗികമല്ല. 2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 2-2-2016-ലെ ജി.ഒ.(പി) നമ്പർ 24/2016/തൊഴിൽ നമ്പർ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. ഈ വിഭാഗത്തിന് പ്രസ്തുത പദ്ധതിയിൽ അംഗത്വം സ്വീകരിക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യവും കുടുംബ പെൻഷൻ, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം തുടങ്ങിയവ ലഭ്യമാകും.

**മലയാളം ഭരണഭാഷയാക്കുന്നതിന് നടപടി**

68 (3694) ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷ ഭരണഭാഷ എന്ന നയം സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ;

(ബി) മലയാളം ഭരണഭാഷയാക്കുന്ന നടപടിക്ക് ഏതെല്ലാം മേഖലകളിലും വകുപ്പുകളിലുമാണ് പ്രായോഗിക തടസ്സങ്ങൾ ഉള്ളതെന്നറിയിക്കുമോ;

(സി) മാതൃഭാഷ, ഭരണഭാഷ എന്ന നയം പിൻപറ്റാത്ത ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ ഭരണഭാഷാ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ആയതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് 1957-ലാണ്. 1969-ൽ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് പാസ്സാക്കി സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് 19-1-2015-ലെ എസ്.ആർ.ഒ. നമ്പർ 43/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളം മാത്രമേ ഉപയോഗിക്കാവൂയെന്ന് പ്രസ്തുത വിജ്ഞാപനം നിഷ്കർഷിക്കുന്നുണ്ട്. 2017 മേയ് ഒന്ന് മുതൽ പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുവേണ്ടി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട നടപടികളിലും സാങ്കേതികപദങ്ങളും സാങ്കേതികവിദ്യയും ഉപയോഗിക്കുന്നതുമായ വകുപ്പുകളിലും മലയാളത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് പ്രായോഗികതടസ്സം നേരിടുന്നുണ്ട്.

(സി) ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ 4-2-2006 തീയതിയിലെ സ.ഉ. (സാധാ) 21/2006/ഉ.ഭ.പ.വ. നമ്പർ ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട സി-ഡിറ്റ് സോഫ്റ്റ്‌വെയർ

69 (3696) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി ഡിറ്റ് ഏതൊക്കെ കരാറുകളാണ് ഏറ്റെടുത്തിട്ടുള്ളത്; മത്സരാധിഷ്ഠിത ദർഘാസ്സിലൂടെയാണോ ഈ കരാർ ലഭിച്ചത്;വ്യക്തമാക്കുമോ;

(ബി) പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി-ഡിറ്റ് ഏത് സോഫ്റ്റ് വെയറാണ് വികസിപ്പിച്ചത് എന്നറിയിക്കാമോ;

(സി) പ്രസ്തുത ചിട്ടിയുമായി ബന്ധപ്പെട്ട് എടുത്ത കരാർ വർക്കുകളെല്ലാം സി-ഡിറ്റാണോ പൂർണ്ണമായും ചെയ്തത്; അല്ലെങ്കിൽ ഈ വർക്കുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടോ;

(ഡി) സി ഡിറ്റ് ഏതൊക്കെ കമ്പനികൾക്കാണ് വർക്കുകൾ ഔട്ട്സോഴ്സ് ചെയ്തത്; ഏതൊക്കെ കമ്പനികൾക്ക് നൽകിയെന്നും ഓരോ വർക്കിനും എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കുമോ;

(ഇ) സി.എൻ.സി. എന്ന സ്വകാര്യ സ്ഥാപനത്തിന് പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് ഏതൊക്കെ വർക്കുകളാണ് നൽകിയിരിക്കുന്നത്; എത്ര രൂപയ്ക്കാണ് ഓരോ വർക്കും ഈ സ്ഥാപനത്തിന് നൽകിയത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി-ഡിറ്റ് കെ.എസ്.എഫ്.ഇ.-യുമായി ഒപ്പുവച്ച കരാറുകൾ ചുവടെ ചേർക്കുന്നു:

i. കെ.എസ്.എഫ്.ഇ.-യുടെ വെർച്വൽ എൻആർഐ ചിറ്റ് ബ്രാഞ്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങളോടൊപ്പം തമ്പാനൂരിൽ കസ്റ്റമർ കോൺടാക്റ്റ് സെന്റർ സ്ഥാപിക്കുക. ആവശ്യാനുസരണം സോഫ്റ്റ്‌വെയർ അധിഷ്ഠിത കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് സിസ്റ്റം സംയോജിപ്പിക്കുക.

ii. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിക്കും മറ്റ് ദൈനംദിന പ്രവൃത്തികൾക്കുമായി ഒരു ഡിജിറ്റൽ ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കി ഏകോപിപ്പിക്കുക.

iii. എൻ.ആർ.ഐ. ചിട്ടിക്കുവേണ്ടി മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിച്ചുപ്രവർത്തിപ്പിക്കുക.

iv. കെ.എസ്.എഫ്.ഇ എൻ.ആർ.ഐ ചിറ്റ് സ്കീമിന്റെ സമാരംഭം, പ്രചാരണം, പ്രവർത്തനങ്ങൾ എന്നിവയ്ക്കായി മാർക്കറ്റിംഗ് തന്ത്രവും മീഡിയപ്ലാനും രൂപപ്പെടുത്തുക.

v. എൻഐസി വികസിപ്പിച്ച എൻ.ആർ.ഐ ചിറ്റിന്റെ പ്രധാന ആപ്ലിക്കേഷനും കെ.എസ്.എഫ്.ഇ.-യുടെ CASBA സോഫ്റ്റ്‌വെയറുമായുള്ള സംയോജനം

vi. പ്രവൃത്തിയുടെ നടത്തിപ്പിനുവേണ്ട സ്റ്റാഫ് സേവനങ്ങൾ, ഓൺസൈറ്റ് സാങ്കേതിക പിന്തുണ, പരിപാലനം എന്നിവ നൽകുക.

vii. നിലവിലുള്ള CASBA സോഫ്റ്റ്‌വെയർ ആപ്ലിക്കേഷന്റെ സിസ്റ്റം ഓഡിറ്റ് നടത്തുക.

viii. കെ.എസ്.എഫ്.ഇ.-യുടെ എല്ലാ ശാഖകളിലും സിസ്റ്റം ഓഡിറ്റിനൊപ്പം ഹാർഡ്‌വെയർ, നെറ്റ്‌വർക്കിംഗ് സംവിധാനങ്ങളുടെ ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ഓഡിറ്റ് നടത്തുക.

മത്സരാധിഷ്ഠിത ദർഘാസ് അടിസ്ഥാനത്തിലല്ല സിഡിറ്റിന് കരാർ നൽകിയത്. സർക്കാർ അംഗീകൃത ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ (ടി.എസ്.പി.) എന്ന നിലയിലാണ് കെ.എസ്.എഫ്.ഇ. മേൽപ്പറഞ്ഞ ജോലികൾ സി-ഡിറ്റിന് നൽകിയിട്ടുള്ളത്.

(ബി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പ്രോജക്ടിനായി സി-ഡിറ്റ് താഴെപ്പറയുന്ന സോഫ്റ്റ്‌വെയറുകളുടെ വികസനം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

കസ്റ്റമർ കോൺടാക്റ്റ് സെന്റർ നടത്തിപ്പ്, സോഫ്റ്റ്‌വെയർ അധിഷ്ഠിത കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്‌മെന്റ് സംവിധാനം, ഡിജിറ്റൽ ഡോക്യുമെന്റ് മാനേജ്‌മെന്റ് സിസ്റ്റം, മൊബൈൽ ആപ്ലിക്കേഷൻ, എൻ.ഐ.സി വികസിപ്പിച്ച എൻ.ആർ.ഐ ചിട്ടിയുടെ പ്രധാന ആപ്ലിക്കേഷനും കെ.എസ്.എഫ്.ഇ.-യുടെ CASBA സോഫ്റ്റ്‌വെയറുമായുള്ള സംയോജനം.

(സി &ഡി) അല്ല. സി-ഡിറ്റിന്റെ സാങ്കേതികവിദ്യാ പങ്കാളികൾ വഴിയാണ് മേൽപ്പറഞ്ഞ ജോലികൾ നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ ഇനം | നൽകിയ തുക | പാർട്ണർ സ്ഥാപനങ്ങൾ |
|---|---|---|---|
| 1 | കോൺടാക്റ്റ് സെന്റർ & കസ്റ്റമർ റിലേഷൻസ് മാനേജ്‌മെന്റ് സോഫ്റ്റ്‌വെയർ | 179.37 ലക്ഷം | ഒറിസിസ് ഇന്ത്യ കൺസൾട്ടൻസി സർവ്വീസസ്, തിരുവനന്തപുരം |
| 2 | ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്) | 146.1 ലക്ഷം | ഓസ്പിൻ ടെക്നോളജിസ്, ടെക്നോപാർക്ക് തിരുവനന്തപുരം |
| 3 | പ്രവാസി ചിട്ടി മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ | 47.77 ലക്ഷം | സാവസ് ആപ് ടെക്കീസ് പ്രൈ. ലിമിറ്റഡ്, തിരുവനന്തപുരം |
| 4 | കോൺടാക്റ്റ് സെന്റർ & ഡാറ്റ സെന്റർ-സിവിൽ & ഇന്റീരിയർ വർക്ക് | 130 ലക്ഷം | യു.എൽ.സി.സി.എസ്, കോഴിക്കോട് |
| 5 | ഡാറ്റാ സെന്റർ-ഹാർഡ്‌വെയർ | 81.34 ലക്ഷം | ടെക്പൂൾ കൺസൾട്ടൻസി സർവ്വീസസ് പ്രൈ. ലിമിറ്റഡ് |

(ഇ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ജോലിയും സി.എൻ.സി. എന്ന സ്ഥാപനത്തിന് സി-ഡിറ്റ് നൽകിയിട്ടില്ല.

## ഡിജിറ്റൽ കേരള നെറ്റ്വർക്ക്

70 (T*3697) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ വൈദ്യുതി തൂണുകളെ ഉപയോഗപ്പെടുത്തി സർക്കാർ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഡിജിറ്റൽ കേരള നെറ്റ് വർക്ക് എന്ന പേരിലുള്ള ഇന്റർനെറ്റ് കണക്ഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നിലവിൽ നടന്നു വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി തൂണുകളെ ഉപയോഗപ്പെടുത്തി അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (K-FON) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി.)-ന്റെയും സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ് ' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ സിസ്റ്റം ഇന്റഗ്രേറ്ററായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (K-FON) പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി പ്ലാനിംഗ്, ഫീൽഡ് സർവ്വേ, ഡിസൈൻ എന്നിവ പുരോഗമിച്ചുവരുന്നു. കോർ റിംഗിൽ 3600 കിലോമീറ്ററിലെയും അക്സസ്സ് റിംഗിൽ 3588 കിലോമീറ്ററിലെയും സർവ്വേ പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ നെറ്റ്വർക്ക് ഓപ്പറേഷൻ സെന്ററിന്റെ ഡിസൈൻ നടപടികളും ഇതോടൊപ്പം ആരംഭിച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഇൻഫോപാർക്കിന് പ്രവേശന കവാടം

71 (3698) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോപാർക്ക് രണ്ടാം ഘട്ടം പദ്ധതി പ്രദേശത്തേക്ക് പാടത്തിക്കര തുരുത്തിൽ നിന്നും പ്രവേശന കവാടം സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടോ;

(ബി) അനുമതി നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) പഞ്ചായത്ത് പുറമ്പോക്ക് ഭൂമി, പ്രവേശന കവാടം നിർമ്മിക്കുന്നതിനും മറ്റുമായി ഇൻഫോപാർക്കിന് സൗജന്യമായി വിട്ടുനൽകാൻ കുന്നത്തുനാട് പഞ്ചായത്തിന്റെ 23-10-2018-ന് നടന്ന യോഗപ്രകാരം തീരുമാനിച്ചിട്ടുണ്ട്. വിട്ടുനൽകാൻ തീരുമാനിച്ചിരുന്ന കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കുന്നത്തുനാട് വില്ലേജ്, ബ്ലോക്ക് 26 സർവ്വേ നമ്പർ 284/10-ൽപ്പെട്ട 0.0820 ഹെക്ടർ ഭൂമി ബി.ടി.ആർ.-ൽ പുറമ്പോക്ക് തോട് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലം സൗജന്യമായി വിട്ടുനൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്നും പ്രവേശന കവാടം നിർമ്മിക്കുന്നതിന് സ്ഥലം അനുയോജ്യമാണോ എന്നുമുള്ള കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചുവരുന്നു. പ്രസ്തുത പുറമ്പോക്ക് ഭൂമി ഇൻഫോപാർക്കിന് ലഭ്യമാകുന്ന മുറയ്ക്ക് പ്രവേശന കവാടവും അനുബന്ധ റോഡും നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## സി-ആപ്റ്റിൽനിന്നുള്ള വർക്കിംഗ് അറേഞ്ചുമെന്റ്

72 (3699) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് (സെന്റർ ഫോർ പ്രിന്റിംഗ് ആന്റ് അഡ്വാൻസ്ഡ് ടെക്നോളജി) എന്ന സ്ഥാപനത്തിൽനിന്നും എത്ര ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ ഈ സർക്കാരിന്റെ കാലത്ത് മറ്റ് ഓഫീസുകളിലേക്ക് നിയോഗിച്ചിട്ടുണ്ട്; കണക്കുകൾ അറിയിക്കുമോ;

(ബി) ഇപ്രകാരം മാറ്റി നിയമിച്ചതുമൂലം സി-ആപ്റ്റിലെ ജോലികൾക്ക് ജീവനക്കാരുടെ അഭാവം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അഭാവം പരിഹരിക്കുവാൻ ജില്ലാ ഓഫീസുകളിൽനിന്നും കേന്ദ്ര ഓഫീസിലേക്ക് ജീവനക്കാരെ പുനഃക്രമീകരിച്ചിട്ടുണ്ടോ;

(സി) ഈ വിധം ജീവനക്കാരെ പുനഃക്രമീകരിച്ചതു കാരണം സി-ആപ്റ്റിനുണ്ടായ അധിക സാമ്പത്തിക ചെലവ് എത്രയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) 3 ജീവനക്കാരെ മറ്റ് ഓഫീസുകളിലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജില്ലാ ഓഫീസുകളിൽനിന്നും കേന്ദ്ര ഓഫീസിലേയ്ക്ക് ജീവനക്കാരെ പുനഃക്രമീകരിച്ചിട്ടില്ല.

(സി) അധിക സാമ്പത്തിക ചെലവ് ഉണ്ടായിട്ടില്ല.

**അക്ഷയകേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾ**

73 (3700) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന തിരക്കും ഈടാക്കുന്ന അമിതമായ ഫീസും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ബി) കമ്പ്യൂട്ടർ/ഇന്റർനെറ്റ് പരിജ്ഞാനമില്ലാത്തവർക്ക് സേവനം നൽകുവാൻ സ്ഥാപിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായുള്ള പരാതികൾക്ക് പരിഹാരം കണ്ടെത്തുമോ;

(സി) ഏതെല്ലാം സേവനങ്ങളാണ് അക്ഷയ വഴി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഓരോ പഞ്ചായത്തിലെയും പ്രധാന കേന്ദ്രങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അക്ഷയ കേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കുവാൻവേണ്ടി എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിവരുന്നു.

അക്ഷയ കേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ് നിലവിലുള്ള കേന്ദ്രങ്ങളിൽ തിരക്ക് വർദ്ധിപ്പിക്കുകയും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ സർക്കാർ പുനഃപരിശോധിക്കുകയും ഒരു ഗ്രാമപഞ്ചായത്ത്/

മുനിസിപ്പാലിറ്റി പരിധിയിൽ അനുവദിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥ ഇപ്പോൾ ഒഴിവാക്കുകയും 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 2 കിലോമീറ്ററിൽനിന്ന് 1.5 കിലോമീറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇനി അക്ഷയ കേന്ദ്രങ്ങൾ കൂടുതലായി അനുവദിക്കാൻ സാധിക്കുന്നതാണ്.

അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂവെന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർതലത്തിലും സർക്കാർതലത്തിലും സംവിധാനമൊരുക്കിയിട്ടുണ്ട്.

(സി) അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭിക്കുന്ന സേവനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ ഇപ്പോൾ പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ഓരോ പഞ്ചായത്തിലെയും ആവശ്യകത കണക്കാക്കി കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ഇനി തടസ്സമില്ല.

**അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്തുകളിൽ**

74 (3701) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഒരു ഗ്രാമപഞ്ചായത്തിൽ എത്ര വീതമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അക്ഷയ കേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളിൽ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഒരു ഗ്രാമപഞ്ചായത്തിൽ അനുവദിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണം 4 ആയും രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 2 കി.മീ. ആയുമാണ് മുമ്പ് നിശ്ചയിച്ചിരുന്നത്. അക്ഷയ കേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വ്യവസ്ഥകൾ സർക്കാർ പുനഃപരിശോധിക്കുകയും ഒരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണം സംബന്ധിച്ച വ്യവസ്ഥ ഒഴിവാക്കുകയും 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 1.5 കി.മീ. ആയി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) വ്യവസ്ഥകളിൽ മാറ്റം വന്നിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ സാധിക്കുന്നതാണ്.

**ഒല്ലൂർ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ**

75 (3702) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ?

ഉത്തരം

ഒല്ലൂർ നിയോജകമണ്ഡലത്തിൽ 11 അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതിൽ ഒൻപതെണ്ണമാണ് നിലവിൽ പ്രവർത്തിക്കുന്നത്. മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ ചിറക്കാക്കോട് ജംഗ്ഷൻ, നടത്തറ ഗ്രാമപഞ്ചായത്തിലെ പൂച്ചെട്ടി, മൂർക്കനിക്കര, പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാണിയംപാറ, പട്ടിക്കാട്, പുത്തൂർ ഗ്രാമപഞ്ചായത്തിലെ പൂത്തൂർ, മരത്താക്കര, തൃശ്ശൂർ കോർപ്പറേഷനിലെ കുരിയച്ചിറ, ഒല്ലൂർ ജംഗ്ഷൻ എന്നിവിടങ്ങളിലാണ് അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

മാടക്കത്തറ പഞ്ചായത്ത് ഓഫീസ് ലൊക്കേഷനിലും തൃശ്ശൂർ കോർപ്പറേഷനിലെ മണ്ണുത്തി ജംഗ്ഷനിലും അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല.

**അക്ഷയ കേന്ദ്രങ്ങളും സേവനവും**

76 (3703) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അക്ഷയ കേന്ദ്രങ്ങളിൽ സേവനങ്ങൾക്കായി എത്തുന്ന അപേക്ഷകരുടെ ബാഹുല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചില അക്ഷയ കേന്ദ്രങ്ങൾ സേവനത്തിനുള്ള ഫീസ് അധിക നിരക്കിൽ വാങ്ങുന്നതും രസീത് കൊടുക്കാത്തതുമായ കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 2719 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(സി) ഉണ്ട്.

(ഡി) അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂവെന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം അക്ഷയ കേന്ദ്രങ്ങളിൽ

പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർതലത്തിലും സർക്കാർതലത്തിലും സംവിധാനമൊരുക്കിയിട്ടുണ്ട്.

**റീ-ബിൽഡ് കേരള പദ്ധതി**

77 (3705) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതികൾക്കായി ഇതുവരെ എത്ര രൂപ വായ്പ ലഭിച്ചു; വായ്പ നൽകിയ ഏജൻസികൾ ഏതൊക്കെ; ഓരോ വായ്പയ്ക്കുമുള്ള പലിശ നിരക്ക് എത്ര; വ്യക്തമാക്കുമോ;

(ബി) റീ-ബിൽഡ് കേരള പദ്ധതികൾക്കായി മുഖ്യമന്ത്രി വിദേശ രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ എത്ര രൂപയുടെ വാഗ്ദാനങ്ങൾ ലഭിച്ചിരുന്നു; അതിൽ എത്ര രൂപ ഇതുവരെ ലഭിച്ചു;വിശദമാക്കാമോ;

(സി) ഇതിനായി മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും അവരെ അനുഗമിച്ച ഉദ്യോഗസ്ഥരുടെയും വിദേശയാത്രകൾക്ക് എത്ര രൂപ ചെലവായി; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽനിന്ന് 500 മില്ല്യൺ ഡോളർ വികസനനയ വായ്പയും (DPL), ജർമ്മൻ ബാങ്കായ KfW-ൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോക ബാങ്കിൽനിന്ന് വികസനനയ വായ്പയുടെ ആദ്യഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമ്മൻ ബാങ്കായ KfW-ൽനിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പിട്ടു. ലോക ബാങ്കിൽനിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഭാഗം-എ<br>കൺസഷണൽ വായ്പ | ഭാഗം-ബി<br>നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശ നിരക്ക് | 1.25% വാർഷിക പലിശ | LIBOR+ലോക ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15-11-2024 മുതൽ 15-5-2049 വരെ 50 അർദ്ധവാർഷിക തവണകൾ | 15-11-2024 മുതൽ 15-11-2043 വരെ 39 അർദ്ധവാർഷിക തവണകൾ |

(ബി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക-സാങ്കേതിക സഹായസഹകരണങ്ങൾ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) അഭ്യർത്ഥിക്കുന്നതിനുമായി മുഖ്യമന്ത്രിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉൾപ്പെടുന്ന രണ്ടംഗസംഘം യു.എ.ഇ. സന്ദർശിച്ചിരുന്നു.

പ്രളയാനന്തര പുനർനിർമ്മാണത്തിനായുള്ള (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) സാമ്പത്തിക സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കാണ് ലഭിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 4656.95 കോടി രൂപ (8-11-2019 വരെ) ലഭിച്ചിട്ടുണ്ട്. ഇതിൽ 229.82 കോടി രൂപ പൊതുജനങ്ങളിൽനിന്ന് ഇലക്ട്രോണിക്സ് ബാങ്കിംഗ് ഇടപാട് മുഖേനയും 2731.84 കോടി രൂപ അല്ലാതെയും ലഭിച്ചതാണ്. മുഖ്യമന്ത്രിയുടെ സന്ദർശനത്തിന്റെ ഫലമായി ലഭിച്ച സാമ്പത്തികസഹായം ഉൾപ്പെടെയുള്ള കണക്കാണിത്. അതേസമയം, ഏതെങ്കിലും വിദേശരാജ്യത്തുനിന്ന് കേരളത്തിലെ പ്രളയവുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തുകൊണ്ടുള്ള കത്തുകളോ പ്രൊപ്പോസലുകളോ ലഭിച്ചിട്ടില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## പ്രളയ ദുരിതാശ്വാസ ഫണ്ട്

78 (3706) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് ഇതുവരെ ആകെ എത്ര രൂപ ലഭിച്ചിട്ടുണ്ട് എന്നും പ്രസ്തുത ഫണ്ടിൽനിന്നും എത്ര രൂപ ചെലവാക്കിയെന്നും ബാക്കി എത്ര രൂപയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിലേക്ക് സർക്കാർ ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തുക എത്രയാണെന്നും കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിച്ചതെത്രയാണെന്നും അറിയിക്കാമോ;

(സി) പ്രളയ ദുരിതാശ്വാസത്തിനായി ലഭിക്കുന്ന തുക പ്രത്യേക അക്കൗണ്ടിലാണോ സൂക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് 2019 നവംബർ 4 വരെ 4660.93 കോടി രൂപ ലഭ്യമാകുകയും അതിൽ 2476.46 കോടി രൂപ ചെലവഴിച്ചതിനുശേഷം ബാക്കി തുകയായ 2184.47 കോടി രൂപ നിലവിലുണ്ട്.

(ബി) പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന സർക്കാർ ജീവനക്കാരിൽനിന്ന് സാലറി ചലഞ്ച് ഇനത്തിൽ 4-11-2019 വരെ 1218.49 കോടി രൂപയും ഉത്സവബത്ത ഇനത്തിൽ 117.69 കോടി രൂപയും പൊതുജനങ്ങൾ, പൊതുസ്ഥാപനങ്ങൾ സംഘടനകൾ മുതലായവയിൽനിന്ന് 3324.75 കോടി രൂപയും ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് തുകകൾ ലഭ്യമായിട്ടില്ല.

(സി) സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ സാലറി ചലഞ്ച്, ഉത്സവബത്ത എന്നീ ഇനത്തിൽ സ്വരൂപിക്കുന്ന തുക പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കുവേണ്ടി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവ് ചെയ്യുന്നത്. പൊതുജനങ്ങൾ, പൊതുസ്ഥാപനങ്ങൾ, സംഘടനകൾ മുതലായവയിൽനിന്നും സ്വരൂപിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രധാന ട്രഷറി പബ്ലിക് അക്കൗണ്ടായ TPA-701010200000080-ലും പതിനെട്ട് ബാങ്ക് അക്കൗണ്ടുകളിലുമായാണ് സ്വരൂപിക്കുന്നത്.

**ആലപ്പുഴ ജില്ലയിൽ നവകേരള നിർമ്മാണ പദ്ധതി**

79 (3707) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) നവകേരള നിർമ്മാണ പദ്ധതിയിലൂടെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പ്രളയാനന്തരം ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സർക്കാർ കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative)-ക്ക് രൂപം നൽകി.

വിവിധ വകുപ്പുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുമ്പാകെ സമർപ്പിച്ച വിവിധ പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ പരിഗണിച്ചുവരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 13-08-2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം 300 കോടി രൂപ (ലോക ബാങ്കിന്റെ വികസനനയ വായ്പയിൽനിന്ന്)

2. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ 8 ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസനനയ വായ്പയിൽനിന്ന്)

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്ക് കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

4. വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യക്കൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

(3 മുതൽ 5 വരെ പദ്ധതികൾക്ക് വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഭരണാനുമതി) ഇതിനുപുറമെ ജലവിഭവം, തദ്ദേശസ്വയംഭരണം, കൃഷി, മൃഗപരിപാലനം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുടെ പദ്ധതികൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച് സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും 83.69 കിലോമീറ്റർ ദൈർഘ്യമുള്ള പൊതുമരാമത്ത് റോഡുകളും 115.487 കിലോമീറ്റർ തദ്ദേശസ്വയംഭരണ റോഡുകളും പുനർനിർമ്മാണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കൽപ്പറ്റ മണ്ഡലത്തിലെ റോഡുകൾ**

80 (3708) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവിൽ കൽപ്പറ്റ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ; ഈ റോഡുകൾക്ക് എത്ര രൂപ വീതമാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സാങ്കേതിക അനുമതി എന്ന് നൽകുമെന്ന് അറിയിക്കുമോ;

(സി) 2018-ലെയും 2019-ലെയും പ്രളയത്തിൽ പൂർണ്ണമായും തകർന്ന, മേൽ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ റോഡുകളും ആദ്യ ഘട്ടത്തിൽ തന്നെ പുനരുദ്ധാരണം നടത്തുന്നതിന് സാങ്കേതിക അനുമതി നൽകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) റീ-ബിൽഡ് കേരളയുടെ കീഴിൽ ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ കൽപ്പറ്റ മണ്ഡലത്തിലെ 14 റോഡുകൾ (33.1 കി.മീ.) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. റോഡുകളുടെ പട്ടിക അനുബന്ധം-1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. പ്രാഥമിക പദ്ധതി റിപ്പോർട്ട് പ്രകാരം 17.44 കോടി രൂപയാണ് പ്രസ്തുത റോഡുകൾക്ക് വേണ്ടിവരുന്ന തുക.

(ബി&സി) പ്രസ്തുത റോഡുകളുടെ പ്രാഥമിക പദ്ധതി റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ഇവയ്ക്കുവേണ്ട സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയദുരിത സഹായം**

81 (3709) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- ലുണ്ടായ പ്രളയത്തെത്തുടർന്ന് നാശനഷ്ടമുണ്ടായ എല്ലാവർക്കും അർഹമായ എല്ലാ സഹായവും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വരൂപിച്ച തുക യഥാസമയം അർഹരായവർക്ക് നൽകാത്തതിന് കാരണമെന്താണ്; വ്യക്തമാക്കാമോ;

(ബി) പ്രളയപുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ സഹായം ലഭിയ്ക്കാത്തതുമായി ബന്ധപ്പെട്ട് ആകെ എത്ര ഹർജികൾ ഹൈക്കോടതിയിൽ നിലവിലുള്ളതായി സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി എന്തെല്ലാം നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ നാശനഷ്ടങ്ങൾക്കിരയായതും ധനസഹായം കൈപ്പറ്റുന്നതിനാവശ്യമായ രേഖകൾ സമർപ്പിച്ചതുമായ മുഴുവൻ പേർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ശരിയായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, റേഷൻ കാർഡ് വിവരങ്ങൾ, ഭൂമിയുടെ/വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കാൻ സാധിക്കാതിരുന്നതുമൂലം ചുരുക്കം ചില ആളുകൾക്ക് ധനസഹായം എത്തിക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദുരിതാശ്വാസം സംബന്ധിച്ച് ഒരു ബാച്ച് കേസ്സാണ് കോടതി കേൾക്കുന്നതും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാര്യാലയം നേരിട്ട് ഇടപെടുന്നതും. ഒരു നിശ്ചിത ദിവസത്തിനുള്ളിൽ അർഹരായ എല്ലാവർക്കും സഹായം നൽകിത്തീർക്കണമെന്ന് കോടതി ഈ കേസ്സിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**മഹാപ്രളയത്തിൽ തകർന്നുപോയ ആകെ വീടുകളുടെ എണ്ണം**

82 (3712) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ തകർന്നുപോയ ആകെ വീടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ആയതിൽ എത്ര വീടുകൾ പുനർനിർമിച്ചു നൽകാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര വീടുകൾ പുനർനിർമ്മിക്കാനുണ്ടെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ തകർന്നുപോയ ആകെ വീടുകളുടെ എണ്ണം 18,529-ഉം അതിൽ പുനർനിർമ്മിച്ചത് 8517 എണ്ണവും ഇനി പുനർനിർമ്മാണം പൂർത്തിയാക്കാനുള്ള വീടുകളുടെ എണ്ണം 10,012-ഉം ആണ്.

**മലപ്പുറം നിയോജകമണ്ഡലത്തിലെ പ്രളയ ധനസഹായം**

83 (3716) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ 2019-ലെ പ്രളയത്തെത്തുടർന്ന് എത്ര പേർക്ക് അടിയന്തര ധനസഹായമായ പതിനായിരം രൂപ വിതരണം ചെയ്തുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഓരോ വില്ലേജിലും ക്യാമ്പിൽ പങ്കെടുത്തവർക്കും വീട്ടിൽ വെള്ളം കയറിയവർക്കും ധനസഹായമായ പതിനായിരം രൂപ ഇതുവരെ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അർഹതയുള്ള അപേക്ഷകരുടേയും അതിൽ തുക കൈപ്പറ്റിയവരുടേയും കണക്കുകൾ വില്ലേജ് തലത്തിൽ ലഭ്യമാക്കുമോ;

(ഡി) വീട് നഷ്ടപ്പെട്ടവർക്കും ഭാഗികമായി തകർന്നവർക്കും കൃഷി നാശം സംഭവിച്ചവർക്കും വിതരണം ചെയ്ത നഷ്ടപരിഹാരത്തുകയുടെ കണക്കുകൾ വെളിപ്പെടുത്തുമോ;

(ഇ) ദുരിതാശ്വാസ ധനസഹായവും നഷ്ടപരിഹാരത്തുകയും പൂർണ്ണമായി എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആനക്കയം-71, മലപ്പുറം-404, പാണക്കാട്-239, കോഡൂർ-36 എന്നീ വില്ലേജുകളിലായി ആകെ 750 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) മലപ്പുറം മണ്ഡലത്തിലെ ആനക്കയം, മലപ്പുറം, പാണക്കാട് വില്ലേജുകളിലെ കുടുംബങ്ങൾ മാത്രമാണ് ക്യാമ്പിൽ കഴിഞ്ഞിട്ടുള്ളത്. കോഡൂർ വില്ലേജിലെ ഒരു കുടുംബത്തിനൊഴിച്ച് ബാക്കി എല്ലാ കുടുംബങ്ങൾക്കും ധനസഹായം ലഭിച്ചിട്ടുണ്ട്. വീടുകളിൽ വെള്ളം കയറിയതുമൂലം ബന്ധുവീടുകളിലും മറ്റും കഴിഞ്ഞവർക്കുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി & ഇ) കണക്കെടുപ്പുകൾ നടക്കുന്നതേയുള്ളൂ. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം നൽകിത്തുടങ്ങുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ പ്രളയ സഹായം**

84 (3717) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2019-ലെ പ്രളയത്തെത്തുടർന്ന് എത്ര പേർക്കാണ് അടിയന്തര സഹായമായ പതിനായിരം രൂപ വിതരണം ചെയ്തിട്ടുള്ളത്;

(ബി) മണ്ഡലത്തിൽ ദുരിതത്തിലകപ്പെട്ട, പതിനായിരം രൂപയ്ക്ക് അർഹതയുള്ളവരുടെ എണ്ണവും അവരിൽ പ്രസ്തുത തുക ലഭിച്ചവരുടെ എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവരിൽ ഭാഗികമായും പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ടവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആലത്തൂർ താലൂക്കിൽ 4-11-2019 വരെ 692 പേർക്ക് 10,000 രൂപ അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്.

(സി) പൂർണ്ണമായും നാശനഷ്ടം സംഭവിച്ചത് -211, ഭാഗികമായി നാശനഷ്ടം സംഭവിച്ചത് - 866.

## കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിൽ അനുവദിച്ച ചികിത്സാ ധനസഹായം

85 (3718) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അപേക്ഷാ രേഖകളെല്ലാം ശരിയാണെങ്കിൽ മിനിമം എത്ര ദിവസം കൊണ്ട് സഹായം ലഭ്യമാക്കണം എന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ;

(ബി) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലെ വില്ലേജുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ആവശ്യമായ രേഖകളുടെ അഭാവംമൂലം തീർപ്പു കല്പിക്കാതെ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ രേഖകൾ ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിൽ വരുന്ന വില്ലേജുകളിൽ ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച ചികിൽസാ ധനസഹായം അനുവദിച്ചത് വില്ലേജ് തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളിൽ കഴിയുന്നത്ര വേഗത്തിൽത്തന്നെ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. അനുവദിക്കുന്ന തുക ഉടൻതന്നെ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Direct Beneficiary Transfer (DBT) സംവിധാനം മുഖേന നേരിട്ട് ലഭ്യമാക്കുന്നുണ്ട്.

(ബി) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലെ വില്ലേജുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ ആവശ്യമായ രേഖകളുടെ അഭാവംമൂലം തീർപ്പുകൽപ്പിക്കാത്തവ നിലവിലില്ല.

(സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## മാവേലിക്കര താലൂക്കിലെ ചികിത്സാ ധനസഹായ അപേക്ഷകൾ

86 (3719) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി അപേക്ഷ നല്കിയ മാവേലിക്കര താലൂക്കിലെ എത്ര അപേക്ഷകൾ 2016-17 മുതൽ നാളിതുവരെ നിരസിച്ചിട്ടുണ്ടെന്നും നിരസിക്കാനുണ്ടായ കാരണവും വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും രോഗവിവരങ്ങളുമടക്കം വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ പുനഃപരിശോധിച്ച് ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഓൺലൈൻ സംവിധാനം നിലവിൽ വന്നതുമുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി നൽകിയ അപേക്ഷകളിൽ മാവേലിക്കര താലൂക്കിലെ 1002 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മാനദണ്ഡപ്രകാരമല്ലാതെ ലഭിച്ച അപേക്ഷകൾ മാത്രമാണ് നിരസിച്ചിട്ടുള്ളത്. നിരസിച്ചവയുടെ വിശദാംശങ്ങൾ www.cmo.kerala.gov.in എന്ന ഓൺലൈൻ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനാവശ്യമായ രേഖകൾ സഹിതവും നിശ്ചിത മാനദണ്ഡപ്രകാരവുമുള്ള പുന:പരിശോധനാ അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

## കാസർഗോഡ് ജില്ലയിൽ സി.എം.ഡി.ആർ.എഫ്. സഹായധനം

87 (3720) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സി.എം.ഡി.ആർ.എഫ്.-ൽ നിന്നും കാസർഗോഡ് ജില്ലയിൽ നാളിതുവരെയായി എത്ര പേർക്ക് സഹായധനം അനുവദിച്ചിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സി.എം.ഡി.ആർ.എഫ്.-ൽനിന്നും കാസർഗോഡ് ജില്ലയിൽ ലഭിച്ച 16205 അപേക്ഷകളിൽ അർഹരായ 13877 ഗുണഭോക്താക്കൾക്ക് 27,01,63,824 രൂപ (ഇരുപത്തിയേഴ് കോടി ഒരു ലക്ഷത്തി അറുപത്തിമൂന്ന് ആയിരത്തി എണ്ണൂറ്റി ഇരുപത്തിനാല് രൂപ മാത്രം) സഹായധനം അനുവദിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് സഹായത്തിനായുള്ള അപേക്ഷകൾ

88 (3722) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് സഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ, റിപ്പോർട്ട് സഹിതം തിരിച്ചെത്തുമ്പോൾ റവന്യൂ തപാൽ സെക്ഷനിൽ മാസങ്ങളോളം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനും ഒരു അപേക്ഷ നിശ്ചിത ദിവസത്തിൽ കൂടുതൽ അവിടെ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് ലഭിക്കുന്ന വ്യക്തിഗത അപേക്ഷകൾ കൈകാര്യം ചെയ്യുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ റിപ്പോർട്ട് സഹിതം ലഭിക്കുന്ന അപേക്ഷകൾ റവന്യൂ തപാൽ സെക്ഷൻ മുഖാന്തരമല്ല വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ ലഭിക്കുന്നത്. ആയതിനാൽ റവന്യൂ തപാൽ സെക്ഷനിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യമില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം

89 (3723) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയിട്ട് 30-9-2019 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ആകെ എത്ര രൂപ ചികിത്സാ സഹായമായി നൽകിയിട്ടുണ്ട്; പ്രസ്തുത തുക ലഭിച്ച ആളുകളുടെ എണ്ണം എത്രയാണ്;

(ബി) മേൽ കാലയളവിൽ പരിയാരം, കുറ്റ്യേരി, ചപ്പാരപ്പടവ്, കൂവേരി, പന്നിയൂർ, കുറുമാത്തൂർ, മലപ്പട്ടം, കുറ്റയാട്ടൂർ, മാണിയൂർ, മയ്യിൽ, കയരളം, കൊളച്ചേരി, ചേലേരി, ആന്തൂർ, മൊറാഴ, തളിപ്പറമ്പ് വില്ലേജുകളിൽ ചികിത്സാ ധനസഹായം ലഭിച്ച ആളുകളുടെ എണ്ണം, ആകെ തുക എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലേറിയിട്ട് 30-9-2019 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 377271 പേർക്കായി 660,62,52,982 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായ ഇനത്തിൽ മാത്രമുള്ള കണക്ക് പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

(ബി) മേൽപ്രകാരം ധനസഹായം ലഭിച്ച ആളുകളുടെ എണ്ണവും അനുവദിച്ച തുകയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം

90 (3725) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 9-6-2019-ന് പാലക്കാട്-കൊടുവായൂർ സംസ്ഥാന പാതയിലെ തണ്ണിശ്ശേരിയിൽവച്ച് ഉണ്ടായ ആംബുലൻസ്-ലോറി അപകടത്തിൽ മരണപ്പെട്ട 8 പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) 9-6-2019-ന് പാലക്കാട്- കൊടുവായൂർ സംസ്ഥാന പാതയിലെ തണ്ണിശ്ശേരിയിൽവച്ചുണ്ടായ ആംബുലൻസ്-ലോറി അപകടത്തിൽ മരണപ്പെട്ട 8 പേരിൽ പാലക്കാട് ജില്ലയിലെ 7 പേരുടെ കുടുംബങ്ങൾക്ക് 6-11-2019-ലെ ജി.ഒ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സാധാ) നമ്പർ 3228/2019/റവ. & ജി.ഒ. (സാധാ) നമ്പർ 3229/2019/റവ. ഉത്തരവുകൾപ്രകാരം 1,00,000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപകടത്തിൽ മരണപ്പെട്ട തൃശ്ശൂർ ജില്ലയിലെ വ്യക്തിയുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിന് എയർസ്ട്രിപ്പുകൾ

91 (3727) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിയ്ക്കുന്നതിന് എയർസ്ട്രിപ്പുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം ആശ്രാമം മൈതാനത്ത് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് എയർസ്ട്രിപ്പുകൾ നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ ബേക്കലിന്റെ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) കൊല്ലം ആശ്രാമം മൈതാനത്ത് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പ് രൂപരേഖ തയ്യാറാക്കിയിട്ടില്ല.

## തിരുവനന്തപുരം വിമാനത്താവളം

92 (3728) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ് അവകാശം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റ്റിയാൽ കമ്പനിയുടെ കീഴിൽ ആക്കുന്നതിന്

എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ നടത്തിയത്; അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ്; വ്യക്തമാക്കുമോ;

(ബി) അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പിനായി അദാനി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കമ്പനി രൂപീകരണം, കേന്ദ്ര സർക്കാർ തീരുമാനം വൈകിയെങ്കിലും അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പിൽ നിന്നും പിന്നോട്ടില്ലായെന്നതിന്റെ സൂചനയാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിതമായ ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. എങ്കിലും സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്ത കമ്പനിക്ക് ബിഡ് ലഭിക്കുകയുണ്ടായില്ല. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവൽക്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി KSIDC-യുടെ നേതൃത്വത്തിൽ രൂപവൽക്കരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നൽകുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 27-2-2019-ന് കത്തും അയച്ചിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് കൈമാറുന്ന പ്രവർത്തനം സജീവമായി മുന്നോട്ടുകൊണ്ടുപോകുന്ന സാഹചര്യത്തിലും അദാനി എന്റർപ്രൈസസ്സിന് അവാർഡ് നൽകുന്നതിനെതിരെ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുള്ളതും കോടതിവിധിക്ക്

വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് സ്വകാര്യവൽക്കരണ നടപടികളിൽനിന്നും പിന്തിരിയണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

**അന്തർസംസ്ഥാന നദീജല കരാറുകൾ**

93 (3729) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല കരാറുകളിൽ കേരളം ഒപ്പുവച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കരാർ ഒപ്പുവച്ചിരിക്കുന്നത്; ഏതൊക്കെ നദികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഓരോ കരാറിലും കേരളത്തിന് എത്ര ജലം ലഭ്യമാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്; പ്രസ്തുത കരാർ പ്രകാരം കേരളത്തിന് ആവശ്യമായ ജല ലഭ്യത ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ജല ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി കരാറുകളിൽ കേരളം ഏർപ്പെട്ടിട്ടുണ്ട്. 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29-5-1970-ൽ കേരളവും തമിഴ്നാടും ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർപാട്ട കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നിവയാണ് അവ.

മേൽപ്പറഞ്ഞ അന്തർസംസ്ഥാന നദീജല കരാറുകൾപ്രകാരം പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽപ്പെടുന്ന പെരിയാർ നദിയുടെ പോഷക നദികളായ ആനമലയാർ, നീരാർ നദികൾ, ചാലക്കുടിപ്പുഴയുടെ പോഷക നദികളായ ഷോളയാർ, പറമ്പിക്കുളം ആർ, തുണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ, ഭാരതപ്പുഴയുടെ പോഷക നദികളായ പാലാർ, ആളിയാർ എന്നിവയും മുല്ലപ്പെരിയാർ പാട്ടക്കരാറിൽപ്പെടുന്ന പെരിയാർ നദിയും ശിരുവാണി കുടിവെള്ള പദ്ധതി കരാറിൽപ്പെടുന്ന ശിരുവാണി നദിയും ഉൾപ്പെടുന്നു.

(സി) പ്രസ്തുത കരാറുകളിൽ പി.എ.പി. കരാർ മുഖേന മാത്രമാണ് കേരളത്തിന് ജലം ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥയുള്ളത്. അതുപ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1 മുതൽ ജൂൺ 30 വരെ) മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ, കേരളത്തിന് 7.25 ടി.എം.സി. ജലം നൽകേണ്ടതാണ്. കൂടാതെ കേരള ഷോളയാർ റിസർവ്വോയറിലെ ജലനിരപ്പ് സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും സമ്പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ നിലനിർത്തേണ്ടതും സെപ്റ്റംബർ 2-നും ജനുവരി 31-നും ഇടയിലുള്ള കാലയളവിൽ, കേരള ഷോളയാർ ജലസംഭരണി പൂർണ്ണ ജലസംഭരണ നിരപ്പിന് 5 അടി താഴെയായി (അതായത് +2658 അടി) നിർത്തേണ്ടതുണ്ട്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഓഫ് ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16.35 ടി.എം.സി.-യിൽ കൂടുതലാകുകയാണെങ്കിൽ 2.5 ടി.എം.സി. വരെ ജലം കേരളത്തിന് ചിറ്റൂർ പുഴയിലേയ്ക്കുംബാക്കി ജലം ചാലക്കുടി പുഴയിലേയ്ക്കും അർഹതപ്പെട്ടതാണ്. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്. എന്നാൽ കഴിഞ്ഞ ഏതാനും ജലവർഷങ്ങളിൽ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട അളവിൽ ജലം തമിഴ്നാട് ലഭ്യമാക്കിയിട്ടില്ല.

(ഡി) പി.എ.പി. കരാർപ്രകാരമുള്ള ജലം ഉറപ്പാക്കുന്നതിന് യഥാസമയങ്ങളിൽ കേരളം ഉദ്യോഗസ്ഥതലങ്ങളിലും സർക്കാർതലത്തിലും തമിഴ്നാടുമായി ബന്ധപ്പെട്ട് വേണ്ടനടപടികൾ എടുക്കാറുണ്ട്. ഇതിനായി സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിക്കാറുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ജലം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു. ഇതിനുപുറമെ 28-1-2019-ന് ചേർന്ന 101-ാമത് ജെ.ഡബ്ല്യൂ.ആർ.ബി.

യോഗത്തിലും കേരളം ഈ വിഷയം ഉന്നയിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ ഇരുസംസ്ഥാനങ്ങളും തമ്മിൽ അനുരഞ്ജനം ഉണ്ടാകാത്ത വിഷയങ്ങളിൽ ജെ.ഡബ്ല്യു.ആർ.ബി. ചെയർമാൻ വിവരം ഇരുസംസ്ഥാനങ്ങളെ അറിയിക്കുകയും അതനുസരിച്ച് പ്രസ്തുത വിഷയങ്ങൾ സർക്കാർതലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി തമിഴ്നാട് സർക്കാരിനെ അറിയിക്കുകയും ചെയ്തു. കൂടാതെ 2-4-2019, 22-7-2019, 29-8-2019 തീയതികളിൽ കരാർ പ്രകാരം വെള്ളം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. 25-9-2019-ൽ കൂടിയ കേരള തമിഴ്നാട് മുഖ്യമന്ത്രിമാരുടെ ചർച്ചയിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലവിഹിതം കേരളത്തിന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും തമിഴ്നാട് ഉറപ്പ് നൽകിയിട്ടുണ്ട്.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

94 (3730) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് വർഷം പഴക്കമുള്ള പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യാൻ കേരളവും തമിഴ്നാനാടും സംയുക്തമായി തീരുമാനിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിനായി സംസ്ഥാന സെക്രട്ടറിതല കമ്മിറ്റിക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ കമ്മിറ്റിയുടെ ഘടന എന്താണെന്നും എന്തൊക്കെ കാര്യങ്ങളാണ് പ്രധാനമായും ചർച്ചയ്ക്ക് വിധേയമാകുകയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പി.എ.പി. കരാർ പുനരവലോകനം ചെയ്യാൻ തീരുമാനിക്കുകയുണ്ടായി.

(ബി&സി) കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർസംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് 25-9-2019-ന് തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി രണ്ട് സംസ്ഥാനങ്ങളിലെയും 5 ഉദ്യോഗസ്ഥർ വീതമുള്ള ഒരു

പത്തംഗ സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൽ ഉൾപ്പെടുത്തുന്നതിനായി കേരളത്തിന്റെയും തമിഴ്നാടിന്റെയും അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. സംയുക്ത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത കമ്മിറ്റി ചുവടെ ചേർക്കുന്ന കാര്യങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്.

1. പറമ്പിക്കുളം-ആളിയാർ പ്രോജക്ട് കരാർ പുനരവലോകനം
2. ആനമലയാർ വഴി 2.5 ടി.എം.സി. വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം
3. പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ
4. പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ

**അന്തർസംസ്ഥാന നദീജല വിഷയം**

95 (3731) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദീജല വിഷയത്തിൽ 2019 സെപ്റ്റംബർ 25-ന് നടന്ന മുഖ്യമന്ത്രിതല ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനം ഉയർത്തുന്ന പ്രധാന വാദമുഖങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്ന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പി.എ.പി. കരാർ പുനരവലോകനം, പറമ്പിക്കുളം ആളിയാർ കരാർ ലംഘനം, തമിഴ്നാട് ഉന്നയിക്കുന്ന ആനമലയാർ, നീരാർ-നല്ലാർ ഡൈവേർഷനുകൾ, പാണ്ടിയാർ-പുന്നപ്പുഴ പദ്ധതി കൂടാതെ പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന് കൈമാറേണ്ട കെട്ടിടങ്ങൾ, ജെ.ഡബ്ല്യൂ.ആർ. ബോർഡ് ശാക്തീകരണം എന്നീ വിഷയങ്ങളാണ് പ്രധാനമായും പരിഗണിച്ചത്. പ്രസ്തുത യോഗത്തിലെടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ തീരുമാനിച്ചു. ഇതിനായി ഇരുസംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ, ഓരോ സംസ്ഥാനത്തിലെയും അഞ്ചംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കുന്നതാണ്.

i. ആനമലയാർവഴി 2.5 ടി.എം.സി. വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം

ii. പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ

iii. മണക്കടവ് വിയറിൽനിന്നും കേരളത്തിന് നൽകുന്ന വെള്ളത്തിന്റെ അളവിലും ചിറ്റൂർപുഴ പ്രദേശത്തുനിന്നും കേരളത്തിന് നൽകുന്ന 2.5 ടി.എം.സി. വെള്ളത്തിന്റെ അളവിലുമുള്ള കുറവ് സംബന്ധിച്ച കാര്യങ്ങൾ

2) ചാലിയാർ പുഴയുടെ രണ്ട് കൈവഴികൾ ഉൾപ്പെടുന്ന പാണ്ടിയാർ-പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽനിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

3) കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറ്മാസം ഇടവിട്ട് തിരുവനന്തപുരത്തും ചെന്നൈയിലും യോഗം ചേരാൻ തീരുമാനിച്ചു.

(ബി) അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പി.എ.പി. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നും കരാറിലെ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. മണക്കടവ് വിയറിൽനിന്നും കേരളത്തിന് നൽകുന്ന ജലത്തിന്റെ അളവിലും ചിറ്റൂർ പുഴ പ്രദേശത്തുനിന്ന് കേരളത്തിൽ ലഭ്യമാകേണ്ട ജലത്തിന്റെ അളവിലുള്ള കുറവ് സംബന്ധിച്ച കാര്യവും കേരളം ഉന്നയിക്കുകയുണ്ടായി. പി.എ.പി. കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തമിഴ്നാടിന്റെ അനധികൃത നിർമ്മിതികളിലൂടെയും ഡൈവേർഷനുകളിലൂടെയും കേരളത്തിന് അർഹതപ്പെട്ട ഉപയോഗിക്കപ്പെടാത്ത flood waters നഷ്ടപ്പെട്ടതായും ഇതുമൂലം നദികളുടെ ഇക്കോസിസ്റ്റത്തിന് നാശമുണ്ടായതായും തമിഴ്നാടിനെ അറിയിച്ചു. കൂടാതെ പറമ്പിക്കുളം സിസ്റ്റത്തിൽനിന്ന് കരാർപ്രകാരം കേരളത്തിന് ലഭ്യമാകുന്ന 2.5 ടി.എം.സി. ജലം ഇതുവരെയും ലഭിച്ചിട്ടില്ലെന്നും യഥാർത്ഥ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പത്തുവർഷത്തിനുശേഷം പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ threshold revise ചെയ്യാൻ കരാറിൽ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച് യാതൊരു നടപടിയും എടുത്തിട്ടില്ലെന്നും കേരളം ചർച്ചയിൽ വാദിക്കുകയുണ്ടായി.

ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ ശാക്തീകരണം, പി.എ.പി.-യിൽ ഉൾപ്പെടുന്ന തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങളും ഭൂമിയും കേരളത്തിന് കൈമാറാനുള്ള നടപടികൾ എടുക്കുക, കാവേരി നദീജല തർക്ക

പരിഹാര ട്രൈബ്യൂണൽ വിധിപ്രകാരം കേരളത്തിന് അനുവദിച്ച അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്മേൽ തമിഴ്നാടിന്റെ എതിർപ്പ് പിൻവലിക്കുക, മുല്ലപ്പെരിയാറിന്റെ Catchment ആയ തേക്കടിയിൽ കേരള വനം വകുപ്പ് നിർമ്മിക്കുന്ന മെഗാ കാർപാർക്കിംഗ് വിഷയത്തിൽ പ്രകടിപ്പിച്ചിരുന്ന എതിർപ്പ് തമിഴ്നാട് പുനഃപരിശോധിക്കുക എന്നീ വിഷയങ്ങൾ കേരളം പ്രസ്തുത ചർച്ചയിൽ തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. NWDA-യുടെ പദ്ധതിയും തമിഴ്നാടിന് താൽപ്പര്യമുള്ളതുമായ പമ്പാ-അച്ചൻകോവിൽ വൈപ്പാർ നദീ സംയോജന പദ്ധതിക്കെതിരെയുള്ള എതിർപ്പും ചെമ്പകവല്ലി വിയറിന്റെ നിർമ്മാണം അനധികൃതമാണെന്നും ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇടുക്കി ഡാമിലേയ്ക്കുള്ള ഒഴുക്ക് കുറയ്ക്കുമെന്നും ആയതിനാൽ വിയറിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അംഗീകരിക്കാൻ സാധിക്കുകയില്ലെന്നും കേരളം അറിയിച്ചു. നിർദ്ദിഷ്ട പാണ്ടിയാർ-പുന്നപ്പുഴ ജലവൈദ്യുത പദ്ധതിയിൽ കേരളത്തിന്റെ ജലവിഹിതം, വൈദ്യുതി വിഹിതം എന്നിവ ഗുണകരമായി ലഭ്യമാക്കുമോയെന്ന് വിശദമായി പരിശോധിച്ചതിനുശേഷമേ നടപടികളെടുക്കാൻ നിർവ്വാഹമുള്ളൂവെന്ന് കേരളം തമിഴ്നാടിനെ അറിയിക്കുകയുണ്ടായി.

## പരസ്യ ഹോർഡിംഗുകൾക്കുള്ള ചെലവ്

96 (3732) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഭരണനേട്ടങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി സ്ഥിരം പരസ്യ ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിനായി വരുന്ന ചെലവെത്ര; ജില്ലാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ഹോർഡിംഗുകളുടെ എണ്ണവും ചെലവും അറിയിക്കാമോ;

(ബി) ഇപ്രകാരം ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) കഴിഞ്ഞ രണ്ട് പ്രളയങ്ങളെത്തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട സംസ്ഥാനത്ത് ഇത്തരം അധികച്ചെലവ് നിയന്ത്രിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളുടെയും പരിപാടികളുടെയും പ്രചരണാർത്ഥം പരസ്യം ചെയ്യുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഹോർഡിംഗുകളുടെ എണ്ണവും ചെലവും ചുവടെ ചേർക്കുന്നു:

| ജില്ല | ഹോർഡിംഗുകളുടെ എണ്ണം | ഹോർഡിംഗ് നിർമ്മാണ ചെലവ് (എല്ലാ ചെലവുകളും നികുതിയും ഉൾപ്പെടെ രൂപ) |
|---|---|---|
| തലസ്ഥാനം | | |
| തിരുവനന്തപുരം | 12 | 1,12,82,853 |
| മലബാർ മേഖല | | |
| തൃശ്ശൂർ | 12 | 1,12,97,138 |
| മലപ്പുറം | 6 | 52,76,201 |
| കോഴിക്കോട് | 14 | 1,19,14,187 |
| കണ്ണൂർ | 11 | 1,26,03,902 |
| ആകെ | 55 | 5,23,74,281 |

(ബി) ഹോർഡിംഗ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള ലൊക്കേഷനുകളുടെ ഉടമസ്ഥാവകാശമുള്ള സർക്കാർ വകുപ്പ്/സ്ഥാപന മേധാവികളിൽനിന്ന് അനുമതിപത്രം ലഭ്യമാക്കുന്നതിനും അനുമതിപത്രം ഇതിനകം ലഭ്യമായ സ്ഥലങ്ങളിൽ ഹോർഡിംഗ് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാണ് തുക വിനിയോഗിക്കുന്നത് എന്നതിനാൽ അധിക ചെലവ് വരുന്നില്ല.

## പ്രവാസികളുടെ ക്ഷേമനിധി അംഗത്വം

97 (3733) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധി പദ്ധതിയിൽ അംഗമാകുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) പ്രായപരിധിയില്ലാതെ എല്ലാ പ്രവാസികളെയും ക്ഷേമനിധിയിൽ അംഗമാക്കുവാനുള്ള നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഉണ്ടായിരുന്ന ക്ഷേമനിധി ബോർഡിന്റെ ഓഫീസ് പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ & ബി) കേരള പ്രവാസി ക്ഷേമനിധി അംഗത്വം നൽകുന്നത് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. ടി ആക്ടനുസരിച്ച് അംഗത്വത്തിനുള്ള പ്രായപരിധി 18 മുതൽ 60 വയസ് വരെയാണ്. 60 വയസ് കഴിഞ്ഞവർക്ക് അംഗത്വം നൽകുന്നതിന് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി & ഡി) മലപ്പുറത്ത് പ്രവാസി ക്ഷേമനിധി ബോർഡിന്റെ ലെയ്സൺ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അതിനാൽ കോട്ടയ്ക്കലിൽ ക്ഷേമനിധിയുടെ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**പ്രവാസി ലാഭവിഹിത പദ്ധതി**

98 (3734) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ദാസൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് പ്രവാസി ക്ഷേമ ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(സി) പ്രവാസികൾക്കായി ഏർപ്പെടുത്തിയ പ്രവാസി ലാഭവിഹിത പദ്ധതി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ കിഫ്ബിയിലേക്ക് എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) പ്രവാസി ലാഭവിഹിത പദ്ധതിയ്ക്കായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നോർക്ക റൂട്ട്സ് മുഖേന ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
2. പ്രവാസി നിയമസഹായ പദ്ധതി (PLAC)
3. ലോക കേരള സഭ
4. നോർക്ക് റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി
5. മാവേലിക്കരയിൽ ലോക കേരള കേന്ദ്രം
6. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
7. ഒമാൻ എയർവേയ്സുമായി സഹകരിച്ച് നോർക്ക തിരിച്ചറിയൽ കാർഡുള്ളവർക്കും കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ 7% ഇളവ്
8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)
9. നോർക്ക എമർജൻസി റിപാട്രിയേഷൻ സ്കീമിന്റെ ഉപപദ്ധതിയായി നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

2017 സെപ്റ്റംബർ മാസം മുതൽ കേരള പ്രവാസി ക്ഷേമനിധിയിലെ എല്ലാ അംഗങ്ങൾക്കും കാറ്റഗറി വ്യത്യാസമില്ലാതെ 2000 രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. പ്രവാസികൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പ്രവാസി ക്ഷേമനിധി രജിസ്ട്രേഷനും അംശദായ അടവിനും 20-12-2016 മുതൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായി പ്രവാസി ഡിവിഡന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) പ്രവാസി ഡിവിഡന്റ് പദ്ധതി സർക്കാർ അംഗീകരിച്ച് 2-9-2019-ലെ എസ്.ആർ.ഒ. 650/2019 നമ്പരായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിക്കുന്നു.

(ഡി) ഇപ്പോൾ കണക്കാക്കിയിട്ടില്ല.

(ഇ) ഓൺലൈൻ രജിസ്ട്രേഷൻ ഇതുവരെ ആരംഭിച്ചിട്ടില്ല. പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള സാങ്കേതികവും ഭരണപരവുമായ നടപടികൾ പുരോഗമിക്കുന്നു.

## പ്രവാസി ഡിവിഡന്റ് പദ്ധതി

99 (3735) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിനും പ്രവാസികൾക്ക് ഒരു

സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ച് പ്രവാസി ഡിവിഡന്റ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്ന ഓരോ പ്രവാസിയിൽ നിന്നും എത്ര തുക വീതം നിക്ഷേപം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തു തുകയാണ് പ്രതിമാസം പെൻഷനായി ലഭിക്കുകയെന്നും വിശദമാക്കാമോ;

(സി) ഇപ്രകാരം സമാഹരിക്കുന്ന തുക എവിടെ നിക്ഷേപിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത തുക ഉൽപ്പാദനക്ഷമമായ മേഖലകളിൽ നിക്ഷേപിക്കുന്നതിനും അതുവഴി പദ്ധതിയുടെ നടത്തിപ്പും പെൻഷൻ വിതരണവും സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; നിക്ഷേപിക്കുന്ന തുകയ്ക്ക് സർക്കാർ ഗ്യാരന്റി നൽകാൻ തയ്യാറാവുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രവാസി ഡിവിഡന്റ് പദ്ധതി ആവിഷ്ക്കരിച്ച് 2-9-2019-ലെ എസ്.ആർ.ഒ. നമ്പർ 650/2019 പ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽനിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്. ഇപ്പോൾ ഇപ്രകാരം നിശ്ചയിക്കപ്പെട്ട ഏജൻസി കിഫ്ബിയാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ സ്വീകരിച്ച് കിഫ്ബിക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് നിലവിൽ കിഫ്ബി നൽകുന്ന 9% വിഹിതവും സർക്കാർ നൽകുന്ന 1% വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകർക്ക് 10% ഡിവിഡന്റാണ് നൽകുന്നത്. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം ചേർക്കും. ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും തുടർന്ന് പങ്കാളിക്കും ലഭിക്കുന്നത്. ഡിവിഡന്റ് പ്രതിമാസമായി നൽകുന്നു. ജീവിത പങ്കാളിയുടെ കാലശേഷം നിക്ഷേപ തുകയും ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റും നോമിനി/അനന്തരാവകാശിക്ക് കൈമാറുന്നതോടെ പ്രതിമാസ ഡിവിഡന്റ് നൽകുന്നത് അവസാനിക്കും. കിഫ്ബി നിക്ഷേപ തുകയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**നോർക്ക മുഖേനയുള്ള പ്രവാസി പുനരധിവാസ പദ്ധതികൾ**

100 (3736) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽരഹിതരായ പ്രവാസികൾക്ക് നോർക്ക മുഖേന നടത്തി വരുന്ന പുനരധിവാസ പദ്ധതികൾ ഏതെല്ലാം; വിശദാംശം അറിയിക്കുമോ?

ഉത്തരം

പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകിവരുന്നുണ്ട്.

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് ഈ പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതിരേഖകൾ തയ്യാറാക്കാനും വായ്പാ ലഭ്യത ഉറപ്പാക്കാൻവേണ്ട സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭിക്കും. നോർക്ക പുനരധിവാസ പദ്ധതി പ്രകാരം നിലവിൽ 14 ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാകും.

## ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് കമ്പനി

101 (3737) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനി രൂപീകരണത്തിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കമ്പനി വഴി സംസ്ഥാനത്ത് ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് എത്രപേർ ഇതിനകം മുന്നോട്ടുവന്നിട്ടുണ്ടെന്നും അതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവാസി മലയാളികളിൽനിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. ദീർഘകാല ലാഭവും വളർച്ചയും കൈവരിക്കുന്നതിന് പ്രായോഗികമായ പ്രോജക്ടുകൾ കമ്പനി നിക്ഷേപകർക്ക് നൽകുന്നതാണ്. പൂർണ്ണമായും പ്രവാസികളുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണത്തോടുകൂടി കേരളത്തിലെ നിക്ഷേപ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി കമ്പനിയെ വിജയത്തിലെത്തിക്കുകയാണ് ലക്ഷ്യം.

(സി) ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ രൂപീകരണത്തിന് തുടർച്ചയായി സംസ്ഥാനത്ത് പ്രവാസി നിക്ഷേപം കൊണ്ടുവരുന്നതിന് 2019 ഒക്ടോബറിൽ ദുബായിൽ എൻ.ആർ.കെ. എമർജിഗ് എന്റർപ്രണേഴ്സ് മീറ്റ് സംഘടിപ്പിച്ചുവരുന്നു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ താൽപ്പര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളിലുണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## വിമാനക്കൂലി വർദ്ധനവ്

102 (3738) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിമാനക്കൂലി വർദ്ധനവ് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതിനായി കേന്ദ്രസർക്കാരിൽ എന്തെങ്കിലും സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രവാസി മലയാളികൾക്കുണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നോർക്കയുടെ പ്രവാസി തിരിച്ചറിയൽ കാർഡുടമകൾക്കും കുടുംബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ യാത്രാനിരക്കിൽ 7 ശതമാനം ഇളവ് ലഭിക്കുന്നുണ്ട്. ഇപ്പോൾ കുവൈറ്റ് എയർവേയ്സുമായും ഇത്തരം ചർച്ചകൾ നടത്തി ഒരു ധാരണാപത്രം തയ്യാറായിവരുന്നു.

സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.

കൂടാതെ അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിമാനയാത്രാക്കൂലിയിൽ വൻവർദ്ധനവ് വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർവ്വീസുകളുടെ എണ്ണവും സീറ്റും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അധിക ആഭ്യന്തര അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

## നോർക്കയുടെ എമർജൻസി ആംബുലൻസ് സർവ്വീസ്

103 (3739) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ എമർജൻസി ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത സേവനം സൗജന്യമാണോയെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പ്രവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) വരുമാന പരിധി ബാധകമല്ലാതെ എല്ലാ വിഭാഗത്തിൽപ്പെട്ട പ്രവാസികൾക്കും എമർജൻസി ആംബുലൻസ് സർവ്വീസിന്റെ സൗജന്യ സേവനം ലഭ്യമാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) വിദേശത്ത് ജോലി ചെയ്യുന്ന പാവപ്പെട്ട മലയാളികൾ അസുഖബാധിതരായി മടങ്ങേണ്ടിവരുമ്പോഴും പ്രവാസികളുടെ ഭൗതിക ശരീരം

നാട്ടിലെ എയർപോർട്ടിൽനിന്നും വീടുകളിലേയ്ക്കോ ആശുപത്രികളിലേയ്ക്കോ എത്തിക്കുന്നതിനും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണമെന്ന വിദേശ മലയാളികളുടെ ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ച് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് 'നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്'. നോർക്ക-റൂട്ട്സ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ചാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കൂടാതെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികളായ മലയാളികൾ രോഗബാധിതരായി കേരളത്തിലേയ്ക്ക് മടങ്ങേണ്ടിവരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളിൽനിന്നും വീട്ടിൽ/ആശുപത്രിയിൽ എത്തിക്കുന്നതും മറ്റ് സംസ്ഥാനങ്ങളിൽ മരണപ്പെടുന്ന കേരളീയരായ പ്രവാസികളുടെ ഭൗതിക ശരീരം മേൽപ്പറഞ്ഞ കേരളത്തിലെ വിമാനത്താവളങ്ങളിൽനിന്നും വീട്ടിലെത്തിക്കുന്നതും വിദേശത്തുനിന്നും രോഗബാധിതരായി മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ എത്തുന്ന പ്രവാസി മലയാളികളെ/ വിദേശത്ത് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം പ്രസ്തുത വിമാനത്താവളങ്ങളിൽനിന്നും വീട്ടിൽ/ആശുപത്രിയിൽ എത്തിക്കുന്നതും ഉൾപ്പെടുത്തിക്കൊണ്ട് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സൗജന്യമാണ്.

(സി) പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരുന്നു.

(ഡി) ഇതുവഴിയുള്ള സേവനത്തിന് വരുമാന പരിധി ബാധകമല്ല.

**മൂസാൻകുട്ടി പുഴക്കരയുടെ യാത്രാവിലക്ക്**

104 (3740) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷാർജയിലെ കുവൈറ്റ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യപ്പെട്ട മൂസാൻകുട്ടി പുഴക്കര 21-12-2016-ന് മുഖ്യമന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടിയാനെ നാട്ടിലെത്തിക്കുന്നതിന് നോർക്ക എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ വ്യക്തിയുടെ യാത്രാ വിലക്ക് ഒഴിവാക്കാൻ സർക്കാർ മതിയായ ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഫലപ്രദമായിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) നിവേദനം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

**നോർക്കയിൽ അംഗത്വമെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

105 (3741) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയിൽ ആർക്കൊക്കെ അംഗത്വമെടുക്കാമെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) നോർക്ക വഴി പ്രവാസികൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദേശത്ത് രേഖാമൂലം 6 മാസത്തിൽ കൂടുതൽ ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 വയസ് പൂർത്തിയായവർക്ക് നോർക്കാ തിരിച്ചറിയൽ കാർഡിന് അപേക്ഷ നൽകാവുന്നതാണ്. തിരിച്ചറിയൽ കാർഡിന്റെ കാലാവധി 3 വർഷമാണ്. പ്രവാസി തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷ ഓൺലൈനായി www.norkaroots.org എന്ന വെബ്സൈറ്റ് മുഖാന്തരം സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ പേമെന്റായി 315 രൂപയാണ് തിരിച്ചറിയൽ കാർഡിനായി അടയ്ക്കേണ്ടത്.

(ബി) നോർക്ക റൂട്ട്സ് വഴി പ്രവാസികൾക്ക് നൽകിവരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

(1) തിരികെയെത്തിയ ദുരിതബാധിതരായ പ്രവാസികൾക്കുള്ള സാന്ത്വന ധനസഹായ പദ്ധതി - പ്രവാസി ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തി സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി രൂപീകരിച്ച ദുരിതാശ്വാസനിധി.

(2) തിരികെയെത്തിയ പ്രവാസികളെ സംരംഭകരാകാൻ സഹായിക്കുന്ന പുനരധിവാസ പദ്ധതി (NDPREM) – തിരികെയെത്തിയ പ്രവാസികളെ

പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

(3) എമർജൻസി റിപാട്രിയേഷൻ പദ്ധതി, പൊതുമാപ്പ് - യുദ്ധം, ആഭ്യന്തര കലാപം, പ്രകൃതിദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽനിന്നും പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്തുനിന്നോ തൊഴിൽ സ്ഥലത്തുനിന്നോ മിക്കപ്പോഴും വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി മാറ്റേണ്ടതായിവരുന്നു.

(4) നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും - വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതീ യുവാക്കൾക്കുള്ള നൈപുണ്യ നവീകരണ പദ്ധതി.

(5) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ - വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേയ്ക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ (എച്ച്.ആർ.ഡി.) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുള്ളത്.

(6) വിദേശ ജോലികൾക്കുള്ള റിക്രൂട്ട്മെന്റ് - വിദേശ രാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽനിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയയ്ക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക റൂട്ട്സ്.

(7) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ - വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക സമഗ്രമായ പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

(8) ജോബ് പോർട്ടൽ - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

(9) നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് - അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശ മലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതിക ശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും

അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. ഇപ്പോൾ ഈ സേവനം മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

(10) പ്രവാസി നിയമസഹായ പദ്ധതി - കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ.

(11) ലോക കേരള സഭ – ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുംവേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭ.

(12) നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(13) ലോക കേരള കേന്ദ്രം - കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(14) പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം - പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മകളായ പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(15) നോർക്ക ഫെയർ - ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർവിമാനങ്ങളിൽ യാത്ര ചെയ്യുന്ന നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ 7 ശതമാനം ഇളവ് നൽകാൻ ഒമാൻ എയർവേയ്സുമായി ധാരണയായിട്ടുണ്ട്. ഇതേ രീതിയിൽ ഇളവ് നൽകുന്നതിന് കുവൈറ്റ് എയർവേയ്സുമായി ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്.

(16) നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി)- കേരളത്തിലെ വ്യവസായ സംരംഭക സാധ്യതകൾ പഠിച്ച് മുൻഗണനാ ക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുകവഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി.-യുടെ ലക്ഷ്യം.

(17) നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം - വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതിക ശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്തപക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കിവരുന്നു.

**പ്രവാസികൾക്കായി ക്ഷേമ പദ്ധതികൾ**

106 (3742) <u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തിയ ശേഷം സാമ്പത്തികമായും ശാരീരികമായും അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് നോർക്ക റൂട്ട്സ് മുഖേന "സാന്ത്വന" എന്ന പേരിൽ ധനസഹായ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) സാന്ത്വന പദ്ധതി പ്രകാരം എന്തെല്ലാം ധനസഹായമാണ് പ്രവാസികൾക്കായി നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പ്രവാസി പുനരധിവാസ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) സാന്ത്വന പദ്ധതിപ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയും പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തി ഗുരുതര രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന

പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപയും തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് വിവാഹ ധനസഹായമായി പരമാവധി 15,000 രൂപയും അംഗപരിമിതിയുള്ള പ്രവാസികൾക്കും ആശ്രിതർക്കും വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി 10,000 രൂപയും ധനസഹായം നൽകിവരുന്നു.

(സി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേകം ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺസ് എമിഗ്രന്റ്സ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും, 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുന്നത്. സംരംഭകർക്കാവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതിരേഖകൾ തയ്യാറാക്കാനും വായ്പാ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ലഭ്യമാക്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവൽക്കരണ സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക റൂട്ട്സ്, കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തരം എല്ലാ ജില്ലകളിലും എല്ലാ മാസവും നൽകിവരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിനായി നിലവിൽ 14 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാലഭ്യത ത്വരിതപ്പെടുത്തിയിട്ടുണ്ട്.

ഇവയ്ക്കുപുറമേ ഒറ്റദിവസംകൊണ്ട് അപേക്ഷകർക്ക് അനായാസമായി ലോൺ ലഭ്യമാക്കുന്ന ക്യാമ്പ് മോഡൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം ഇതുവരെ 4 ഫീൽഡ് ക്യാമ്പ് നടത്തിയിട്ടുണ്ട്. രണ്ട് ക്യാമ്പുകൾകൂടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഈ പദ്ധതി കൂടുതൽ വിപുലവും ഊർജ്ജിതവുമാക്കി പദ്ധതിയുടെ ഫലം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

**വിദേശ രാജ്യങ്ങളിലേയ്ക്കുള്ള ആഭ്യന്തര അറ്റസ്റ്റേഷൻ സേവനങ്ങൾ**

107 (3743) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേക്കുള്ള ആഭ്യന്തര അറ്റസ്റ്റേഷൻ സേവനങ്ങൾ ഇ-നോർക്ക റൂട്ട്സ് ഓഫീസ് വഴി നടത്തിയാൽ മതിയെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നോർക്കയുടെ റീജിയണൽ ഓഫീസുകൾ വഴി മാത്രമാണോ നടപ്പാക്കുന്നത്; ആയതിന് ജില്ലാ ഓഫീസുകൾ നിലവിലുണ്ടോ;

(സി) അറ്റസ്റ്റേഷൻ നടപടികൾക്ക് സർട്ടിഫിക്കറ്റുകൾ ഒന്നിച്ച് കളക്ട്ചെയ്ത് തിരുവനന്തപുരത്ത് എത്തിക്കുകയാണോ ചെയ്യുന്നത്; അതോ ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ ഓഫീസുകളിൽ നിയമിച്ചിട്ടുണ്ടോ; ആയതിന്റെ വിശദവിവരം അറിയിക്കാമോ;

(ഡി) തിരുവനന്തപുരത്ത് ആഭ്യന്തര വകുപ്പിൽ അറ്റസ്റ്റേഷൻ അപേക്ഷകൾ സ്വീകരിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടോ എന്നറിയിക്കാമോ; വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ ഏതു രീതിയിലാണ് അറ്റസ്റ്റേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ഇ) സർട്ടിഫിക്കറ്റുകളുടെ ആഭ്യന്തര അറ്റസ്റ്റേഷനെ സംബന്ധിച്ച് പുതിയ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 3-9-2019-ലെ സ.ഉ. (സാധാ) നമ്പർ 139/2019/ആഭ്യന്തരം ഉത്തരവുപ്രകാരം വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽനിന്നുള്ള വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനും അത് ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ എത്തിച്ച് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് അപേക്ഷകർക്ക് തിരികെ ലഭ്യമാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി നോർക്കാ റൂട്ട്സിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നിലവിൽ നോർക്കയുടെ റീജിയണൽ ഓഫീസുകൾവഴി മാത്രമാണ് നടപ്പാക്കുന്നത്.

(സി) നോർക്ക റൂട്ട്സിന്റെ മേഖലാ ഓഫീസുകളിൽ സ്വീകരിക്കുന്ന സർട്ടിഫിക്കറ്റുകൾ തിരുവനന്തപുരത്ത് എത്തിച്ച് തിരുവനന്തപുരം മേഖലാ ഓഫീസ് വഴിയാണ് ആഭ്യന്തര അറ്റസ്റ്റേഷൻ ചെയ്യുന്നത്. ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ ഓഫീസുകളിൽ നിയമിച്ചിട്ടില്ല.

(ഡി) ഇല്ല. വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ നിലവിൽ നോർക്കാ റൂട്ട്സാണ് അറ്റസ്റ്റേഷൻ നടത്തി നൽകുന്നത്.

(ഇ) ഇല്ല.

## ലോക കേരള സഭ

108 (3744) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ രണ്ടാം സമ്മേളനം 2020 ജനുവരിയിൽ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഒന്നാം ലോക കേരള സഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(സി) രണ്ടാം ലോക കേരള സഭയ്ക്കായി എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ലോക കേരള സഭയിൽ നിന്നും പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ രാജി വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ;

(ഇ) പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുള്ള അലംഭാവമുണ്ടെന്നും ഇവിടെ നിക്ഷേപം നടത്തുവാൻ മുന്നോട്ടു വന്ന സാജനെന്ന പ്രവാസി സംരംഭകന് അധികൃതരുടെ നിഷേധാത്മകമായ നിലപാട് മൂലം ആത്മഹത്യ ചെയ്യേണ്ടി വന്നു എന്നുമുള്ള ആക്ഷേപങ്ങൾ ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരാജയപ്പെട്ടു എന്ന് സൂചിപ്പിക്കുന്നുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രഥമ ലോക കേരള സഭാ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ കാര്യക്ഷമമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി 7 വിഷയാധിഷ്ഠിത സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റികൾ യഥാക്രമം യോഗങ്ങൾ നടത്തുകയും ശിപാർശകൾ സമർപ്പിക്കുകയും ചെയ്തു. ഇതിൽനിന്ന് പ്രായോഗികത, ഫണ്ട് ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ തെരഞ്ഞെടുത്ത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

(1) പ്രവാസി മലയാളികളിൽനിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചു. പ്രവാസികളുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണത്തോടുകൂടിയ നിക്ഷേപ സാധ്യതകളെ കണ്ടെത്തുന്നതിനുൾപ്പെടെയുള്ള

തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. നോൺ കേരളൈറ്റ്സ് എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് (നീം) സംഘടിപ്പിച്ചിട്ടുള്ളത് ഇതിന്റെ തുടർച്ചയായിട്ടാണ്.

(2) പുതുതായി രൂപീകരിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(3) പ്രവാസി മലയാളി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പുവരുത്തുന്നതിനും ഗാർഹിക പീഡനം അവസാനിപ്പിക്കുന്നതിനും പ്രവാസി വനിതകളുടെ പരാതികൾ സ്വീകരിക്കുന്നതിനുംവേണ്ടി നോർക്ക റൂട്ട്സിൽ എൻ.ആർ.ഐ. വനിതാ സെൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(4) കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

(5) മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം എന്നിവ തടയുന്നതിനും വിദേശ രാജ്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നൽകുന്നതിനും എയർപോർട്ടുകൾ കേന്ദ്രീകരിച്ച് Migration Facilitation Centre-ഉം പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation സെന്ററും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(6) നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിനുവേണ്ടി ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(7) പ്രവാസികൾക്കായി ആരംഭിക്കുന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപ സമിതി രൂപീകരിച്ചു. പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിക്കുന്നു.

(8) തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നു.

(9) ഇതുകൂടാതെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

(10) എൻ.ആർ.ഐ. ബാങ്ക് ആരംഭിക്കുന്നതും എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതും സംബന്ധിച്ച തുടർനടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

(സി) രണ്ടാം ലോക കേരള സഭാ സമ്മേളനത്തിന്റെ നടത്തിപ്പിനുള്ള ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

**തീവ്രവാദ സംഘടനകളുടെ സ്വാധീനം**

109 (3745) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീവ്രവാദ സംഘടനകളുടെ സ്വാധീനം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഫലപ്രദമായി നേരിടുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) യുവാക്കൾ തിവ്രവാദ ഗ്രൂപ്പുകളിൽ ചേരുന്നത് തടയുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ തീവ്രവാദ സംഘടനകളുടെ സ്വാധീനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിന്റെ വടക്കൻ ജില്ലകളിൽനിന്നുള്ള ഏതാനും വ്യക്തികൾ തീവ്രവാദ സംഘടനകളിൽ ചേർന്ന് പ്രവർത്തിക്കുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലകളിൽ തീവ്രവാദ വ്യാപനം ഫലപ്രദമായി തടയുന്നതിനായി സംസ്ഥാന പോലീസും ഇന്റലിജൻസും എൻ.ഐ.എ.-യും ഏകോപിപ്പിച്ചുകൊണ്ട് ഫലപ്രദമായി ഇടപെട്ടുവരുന്നുണ്ട്. വിവിധ De-radicalization പ്രോഗ്രാമുകളും Counter Radicalization പ്രോഗ്രാമുകളും നടത്തിവരുന്നു. തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സംശയമുള്ളവരെ പ്രത്യേകം നിരീക്ഷിച്ചുവരികയും ചെയ്യുന്നു.

## പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ പട്ടിക

110 (3746) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ പട്ടിക ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ റാങ്ക് തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരെ കേരള പോലീസ് ആക്ടിലെ വകുപ്പ് പ്രകാരം നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികളായിട്ടുള്ള സർവ്വീസിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ കണക്ക് റാങ്ക് തിരിച്ച് ചുവടെ ചേർക്കുന്നു

| | |
|---|---|
| DC/DySP/AC | 2 |
| CI/RI/API | 3 |
| SI/RSI/APSI/SI(G) | 9 |
| ASI/RASI/APASI/ASI (G) | 4 |
| SCPO/WSCPO/SCPO (G) | 19 |
| SPO/WCPO | 57 |
| DRIVERS | 5 |
| TOTAL | 99 |

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി., ക്രൈം ബ്രാഞ്ച് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ഈ കമ്മിറ്റി ക്രിമിനൽ കേസ്സിൽ പ്രതികളായി ഗുരുതരമായ ആരോപണങ്ങൾ നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ഒരു പട്ടിക സമർപ്പിച്ചിട്ടുള്ളതുമാണ്. കോടതി മുമ്പാകെ വിചാരണയിലിരിക്കുന്ന വിഷയം സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിലെ അന്തിമ തീർപ്പ് ഉത്തരവ് വിഷയത്തിൽ പുറപ്പെടുവിക്കാൻ കോടതി തീർപ്പ് കൽപ്പിച്ചതിനുശേഷം മാത്രമേ പാടുള്ളൂവെന്ന് കേരള പോലീസ് ഡിപ്പാർട്ടുമെന്റ് ഇൻക്വയറീസ് പണിഷ്മെന്റ് & അപ്പീൽ റൂൾസിലെ ചട്ടം 10 വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇവർക്കെതിരെ അച്ചടക്ക നടപടികൾ തീർപ്പാക്കാൻ

സാധിച്ചിട്ടില്ല. എന്നിരുന്നാലും ഗുരുതരമായ ക്രിമിനൽ കേസ്സുകളിൽ പ്രതികളായി അച്ചടക്ക നടപടികൾ നേരിടുന്നവരെ പ്രസ്തുത നടപടികൾ തീർപ്പാക്കി സർവ്വീസിൽനിന്നും നീക്കം ചെയ്യാവുന്നതാണെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെ വെളിച്ചത്തിൽ കേരള പോലീസ് ഡിപ്പാർട്ടുമെന്റ് ഇൻക്വയറീസ് പണിഷ്മെന്റ് & അപ്പീൽ റൂൾസിലെ ചട്ടം 10 നിലനിൽക്കുന്നതാണോ എന്നതിലേയ്ക്ക് അഡ്വക്കേറ്റ് ജനറലിൽനിന്നും നിയമോപദേശം തേടിയതിൽ, കേരള പോലീസ് ഡിപ്പാർട്ടുമെന്റ് ഇൻക്വയറീസ് പണിഷ്മെന്റ് & അപ്പീൽ റൂൾസിലെ ചട്ടം 10-ന് പുറമെ 2011-ലെ കേരള പോലീസ് ആക്ട് സെക്ഷൻ 86 (2) 101 (8) (1) കൂടി ഭേദഗതി വരുത്തണമെന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അനന്തര സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

### ക്രിമിനൽ നടപടി ചട്ടപ്രകാരം കേസ്സുകൾ പിൻവലിക്കുന്നതിന് നടപടി

111(3747) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ നടപടി ചട്ടം മൂന്നൂറ്റി ഇരുപത്തി ഒന്ന് പ്രകാരം എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ . പ്രവർത്തകർക്കെതിരെ എടുത്തിട്ടുള്ള ക്രിമിനൽ കേസ്സുകൾ കൂട്ടത്തോടെ പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെയുള്ള കേസ്സുകളാണ് പിൻവലിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിവാദമായ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ തങ്ങളുടെ പേരിലുള്ള കേസ്സുകളിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അപ്രകാരം ഒരു തീരുമാനമെടുത്തിട്ടില്ല.

(ബി) ഇപ്രകാരം ഒരു അപേക്ഷ ലഭിച്ചിട്ടില്ല.

### പരീക്ഷകളിലെ ആൾമാറാട്ടം സംബന്ധിച്ച കേസ്സുകൾ

112 (3748) <u>ശ്രീ. അബ്ദുൽ ഹമീദ്. പി. :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾമാറാട്ടം നടത്തി പരീക്ഷ എഴുതിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഈ വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ വകുപ്പുകളും പി.എസ്.സി.-യും നടത്തുന്ന വിവിധ പരീക്ഷകളിൽ ആൾമാറാട്ടം നടന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യത്തിൽ സ്വമേധയാ കേസ്സെടുത്ത് നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിന് നിയമ തടസ്സമുണ്ടോ എന്നറിയിക്കാമോ;

(സി) പരീക്ഷകളിൽ ആൾമാറാട്ടം നടക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആൾമാറാട്ടം നടത്തി പരീക്ഷയെഴുതിയ അദ്ധ്യാപകരെയും പ്രിൻസിപ്പലിനെയും സസ്പെന്റ് ചെയ്യുകയും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഈ അദ്ധ്യാപകർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുവാൻ ഡി.ജി.പി.-ക്ക് കത്ത് നൽകുകയും ആയതിന്മേൽ കോഴിക്കോട് മുക്കം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 294/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയുമാണ്.

(ബി) വ്യക്തമായ പരാതികളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത്തരം വിഷയങ്ങളിൽ കേസ്സെടുക്കുന്നത്.

(സി) ആൾമാറാട്ടം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതി നൽകുവാൻ പരീക്ഷാ ചീഫ് സൂപ്രണ്ടിന് നിർദ്ദേശം നൽകണമെന്ന് വിജിലൻസ് സ്ക്വാഡുകൾക്ക് കർശന നിർദ്ദേശം നൽകാറുണ്ട്. കൂടാതെ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഇതുമായി ബന്ധപ്പെട്ട് പൊതുനിർദ്ദേശങ്ങൾ ഹാൾടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങൾ

113 (3749) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങൾ പോലീസ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ വനപ്രദേശങ്ങളിലും ആദിവാസി മേഖലകളിലുമാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ളത്.

## കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവർ

114 (3751) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവരുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; നാളിതുവരെ വകുപ്പുതല നടപടി സ്വീകരിക്കാത്ത എത്ര പേരുണ്ട്; സസ്പെൻഷനിലുള്ള എത്ര പേരുണ്ട്; ഇനിയും സസ്പെന്റ് ചെയ്യപ്പെടാത്ത എത്ര പേരുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സേനാംഗങ്ങളിൽ പോക്സോ കേസുകളിൽ ഉൾപ്പെട്ട എത്ര പേരുണ്ടെന്ന് അറിയിക്കുമോ ; തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| DC/DySP/AC | 5 |
| IP/RI/API | 12 |
| SI/RSI/APSI/SI(G) | 60 |
| ASI/RASI/APASI/ASI (G) | 42 |
| SCPO/WSCPO/SCPO (G) | 145 |
| CPO/WCPO | 454 |
| TOTAL | 718 |

(ബി) ഇതിൽ 587 പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) മേൽ സേനാംഗങ്ങളിൽ പോക്സോ കേസ്സുകളിൽ ഉൾപ്പെട്ട 10 പേരാണുള്ളത്. തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| SI/RSI/APSI/SI(G) | 1 |
| ASI/RASI/APASI/ASI (G) | 1 |
| SCPO/WSCPO/SCPO (G) | 3 |
| SPO/WCPO | 5 |
| TOTAL | 10 |

## എറണാകുളം കെ.എ.പി. ഒന്നാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

115 (3752) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എ.പി. ഒന്നാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽനിന്നും 67 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനായി പി.എസ്.സി., എറണാകുളം ജില്ലാ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സെൻട്രൽ പോലീസ് ക്യാന്റീനുകൾ

116 (3753) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് വകുപ്പിന് കീഴിൽ എത്ര സെൻട്രൽ പോലീസ് ക്യാന്റീൻ പ്രവർത്തിക്കുന്നുവെന്നും ഓരോ ക്യാന്റീനിലും എത്ര പേർ വീതം അംഗങ്ങളായിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ; അംഗങ്ങൾ ഏതൊക്കെ സേനാ വിഭാഗങ്ങളിലും തസ്തികയിലും ഉൾപ്പെടുന്നു എന്ന വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവരിൽ നിന്നും എത്ര രൂപയാണ് ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; ഡെപ്പോസിറ്റ് സ്വീകരിക്കാത്ത വിഭാഗങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഡെപ്പോസിറ്റായി സ്വീകരിച്ച തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ ഇനത്തിൽ പലിശയായി എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ; ഈ ക്യാന്റീനുകളുടെ ലാഭവിഹിതം എല്ലാ വർഷവും കണക്കാക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തെ ലാഭവിഹിതം എത്രയെന്ന് അറിയിക്കാമോ;

(ഡി) ഈ ക്യാന്റീനുകളിലെ ജോലികൾക്കായി എത്ര പോലീസുകാരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഇ) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ക്യാന്റീനുകളിൽ പോലീസുകാരെ നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## പൊൻകുന്നത്ത് പോലീസ് പരേഡ് ഗ്രൗണ്ടും സ്റ്റാഫ് ക്വാർട്ടേഴ്സും സ്ഥാപിക്കാൻ നടപടി

117 (3754) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 150 സെന്റ് സ്ഥലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന 50 സെന്റ് സ്ഥലം പ്രയോജനപ്പെടുത്തി സ്റ്റാഫ് ക്വാർട്ടേഴ്സ് കോംപ്ലക്സും പോലീസ് പരേഡ് ഗ്രൗണ്ടും സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) 01 (b)/ 100 / KIIFB / 2017-18 നമ്പർ കത്തിലൂടെ എം.എൽ.എ. പ്രസ്തുത പദ്ധതിയ്ക്കായി ആവശ്യമുന്നയിച്ചത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) ഇതിന്മേൽ ആഭ്യന്തര (ഇ) വകുപ്പിന്റെ ഇ 1-10-2018 നമ്പർ ഫയലിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പൊൻകുന്നം പോലീസ് സ്റ്റേഷൻ പരിസരത്ത് ഫ്ലാറ്റ് മാതൃകയിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സും പരേഡ് ഗ്രൗണ്ടും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻവേണ്ട നടപടി സ്വീകരിക്കാനാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം.എൽ.എ. നൽകിയ കത്ത് സർക്കാരിൽ ലഭിച്ചിരുന്നു. സർക്കാർ നിർദ്ദേശമനുസരിച്ച് ടി കത്തിലെ ആവശ്യം പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) തീർപ്പുകൽപ്പിച്ചിട്ടില്ല. സംസ്ഥാന പോലീസ് മേധാവിയിൽനിന്ന് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഫയലിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## വാമനപുരം മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

118 (3755) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും ഹൈസ്കൂളുകളും ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി നിലവിലില്ലാത്ത സർക്കാർ സ്കൂളുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിൽ പദ്ധതി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ-സി) വാമനപുരം നിയോജകമണ്ഡലത്തിലുള്ള 3 ഹയർസെക്കന്ററി സ്കൂളുകളിലും 2 ഹൈസ്കൂളുകളിലും എസ്.പി.സി. പദ്ധതി നിലവിലുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഭരതന്നൂർ ജി.എച്ച്.എസ്.എസ്.-ൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ചിട്ടുള്ള മേൽപ്പറഞ്ഞ സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. Dr. Ambedkar Vidyanikethan CBSE MR School, Njaraneeli
2. GHS, Venjaramoodu
3. GHSS, Bharathannur
4. Govt. HSS, Kallara
5. Govt. BHSS, Mithirmala

## വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.-ൽ സ്റ്റുഡന്റ്സ് പോലീസ്

119 (3756) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായ വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.-ൽ സ്റ്റുഡന്റ്സ് പോലീസ് അനുവദിയ്ക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ "സ്റ്റുഡന്റ്സ് പോലീസ്" അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ 2015-16 അദ്ധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിച്ച് നൽകുകയും പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി സ്കൂളിലെ പ്രധാന അദ്ധ്യാപികയ്ക്കും മറ്റ് രണ്ട് അദ്ധ്യാപകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഈ സ്കൂളിൽ കുട്ടികളുടെ അഭാവംമൂലം പദ്ധതി ആരംഭിക്കുന്നതിന് താൽപ്പര്യമില്ലെന്ന് സ്കൂൾ അധികൃതർ ബന്ധപ്പെട്ട ജില്ലാ അധികാരികളെ അറിയിച്ചതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

## കെ.എ.പി. അഞ്ചാം ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർ നിയമനം

120 (3757) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ (കാറ്റഗറി നമ്പർ 657/2017) തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതൊക്കെ ജില്ലയിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകളിലേക്കാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ 2020, 2021, 2022 എന്നീ വർഷങ്ങളിൽ എത്ര ഒഴിവുകൾ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത ബറ്റാലിയനിൽ കൂടുതൽ നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഒഴിവുകൾ നിലവിലില്ല.

(ഡി) കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ 2020, 2021, 2022 എന്നീ വർഷങ്ങളിൽ പി.എസ്.സി. വഴി നിയമനത്തിനായി ഉണ്ടാകാനിടയുള്ള ഒഴിവുകളുടെ എണ്ണം കണക്കാക്കിവരുന്നു.

(ഇ) ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് അടിയന്തരമായി പി.എസ്.സി.-യെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ

121 (3758) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. തയ്യാറാക്കിയ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ ബറ്റാലിയനിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എ.പി -5 ബറ്റാലിയനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സിവിൽ പോലീസ് ഓഫീസറിന്റെ ഇനി തുടങ്ങുവാൻ പോകുന്ന ബാച്ചിലേക്ക് കെ.എ.പി. 5 -ൽ നിന്ന് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിലവിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ ആകെ 3031 ഒഴിവുകൾ കേരള പി.എസ്.സി.-യുടെ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| യൂണിറ്റ് | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം |
|---|---|
| എസ്.എ.പി. | 713 |
| കെ.എ.പി. 1 | 67 |
| കെ.എ.പി. 2 | 703 |
| കെ.എ.പി. 3 | 573 |
| കെ.എ.പി. 4 | 388 |
| കെ.എ.പി. 5 | 02 |
| എം.എസ്.പി. | 585 |
| ആകെ | 3031 |

(ബി) ആകെ രണ്ട് ഒഴിവുകൾ.

(സി) ഇക്കാര്യം മുൻകൂറായി നിർണ്ണയിക്കുവാൻ കഴിയുകയില്ല.

## പോലീസ് വകുപ്പിലെ സി.എ. നിയമനം

122 (3759) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ പി.എ./സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സി.എ.)/സീനിയർ ഗ്രേഡ് സി.എ./സി.എ. ഗ്രേഡ്-II/സി.എ. ഗ്രേഡ്-I തസ്തികകളുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്; എത്ര പേർ ഓരോ ഗ്രേഡിലും ജോലി ചെയ്യുന്നു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്രപേർ കോൺട്രാക്ട്/എംപ്ലോയ്മെന്റ്/ ഡെയ്‌ലി വേജസ്/ഡെപ്യൂട്ടേഷൻ/ബൈ ട്രാൻസ്ഫർ/കംപാഷണേറ്റ് എന്നീ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു; വിശദാംശവും പകർപ്പും നൽകാമോ;

(സി) പ്രസ്തുത തസ്തികകളിൽ എത്രപേർ പി.എസ്.സി. നിയമനം മുഖേന ജോലിചെയ്യുന്നു; തിരുവനന്തപുരം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ നികത്താനുണ്ട്; വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ 1-4-2019 മുതൽ 15-10-2019 വരെ (ഹെഡ് ക്വാർട്ടേഴ്സ് ഉൾപ്പെടെ) പോലീസ് വകുപ്പിൽ സി.എ.-മാരുടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച കത്തിന്റെയും ബന്ധപ്പെട്ട രേഖകളുടെയും പകർപ്പ് സഹിതം വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ Sanctioned Strength 110 ആണ്. പി.എ./സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സി.എ.)/സീനിയർ ഗ്രേഡ് സി.എ./സി.എ. ഗ്രേഡ് II/സി.എ. ഗ്രേഡ് I തസ്തികകളുടെ അനുപാതം 27:27:28:28 ആണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 31 പേർ പി.എസ്.സി. നിയമനം മുഖേന ജോലി ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിലവിലുണ്ടായിരുന്ന 2 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

## രാഷ്ട്രീയ കൊലപാതകങ്ങൾ

123 (3760) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തുണ്ടായ രാഷ്ട്രീയ കൊലപാതകങ്ങളിലെ എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്; എത്ര കേസ്സുകളിൽ വിചാരണ നടക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങളുടെ അന്വേഷണം സി.ബി.ഐ.-യ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ഇസഹാക്കിന്റെ കൊലപാതകം

124 (3761) ശ്രീ. സി. മമ്മൂട്ടി:
ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ അഞ്ചുടിയിൽ മത്സ്യത്തൊഴിലാളിയും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രവർത്തകനുമായ ഇസഹാക്കിന്റെ കൊലപാതകത്തിന് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ രാഷ്ട്രീയ ബന്ധവും ഗൂഢാലോചനയും പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) താനൂർ അഞ്ചുടിയിൽ ഐ.യു.എം.എൽ. പ്രവർത്തകനായ ഇസഹാക്കിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് താനൂർ പി.എസ്. ക്രൈം നമ്പർ 409/19 U/S 143, 147, 148, 302 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നതും ടി കേസ്സിലേയ്ക്ക് 7 പ്രതികളെ അറസ്റ്റ് ചെയ്ത് പരപ്പനങ്ങാടി ബഹുമാനപ്പെട്ട JFCM കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവുപ്രകാരം മലപ്പുറം ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് പ്രതികളുടെ ബന്ധങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

## പ്രണയം നിരസിച്ചതുമായി ബന്ധപ്പെട്ട് യുവതികളെ പെട്രോളൊഴിച്ച് കൊലപ്പെടുത്തുന്ന സംഭവങ്ങൾ

125 (3762) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയം നിരസിച്ചതിന്റെ പേരിൽ യുവതികളെ പെട്രോളൊഴിച്ച് കൊലപ്പെടുത്തുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ജനങ്ങൾക്ക് കടുത്ത ആശങ്ക ഉളവാക്കിയിട്ടില്ലേ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരമുള്ള എത്ര കേസ്സുകൾ ഉണ്ടായെന്ന് അറിയിക്കാമോ;

(സി) കൊല്ലപ്പെട്ട എത്ര യുവതികളുടെ ബന്ധുക്കൾക്ക് എന്തെങ്കിലും തരത്തിലുള്ള ആശ്വാസ നടപടികൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) സ്ത്രീകളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നതിൽ ആഭ്യന്തര വകുപ്പിനുണ്ടായ പരാജയമാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനുള്ള കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് കർശന ഇടപെടലുകളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരമുള്ള 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കൊല്ലപ്പെട്ട യുവതികളുടെ ബന്ധുക്കൾക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കിയിട്ടില്ല.

(ഡി) ക്രമസമാധാന പാലനത്തിൽ സർക്കാർ കാര്യമായ പ്രവർത്തനമാണ് നടത്തുന്നത്. ഈ സംഭവങ്ങളെ മുൻനിർത്തി ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം പരാജയമാണെന്ന് വിലയിരുത്താൻ കഴിയില്ല. കുറ്റവാളികളെ എത്രയുംവേഗം നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും മതിയായ ശിക്ഷ വാങ്ങിനൽകാനും സർക്കാർ കർശനമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## വാളയാറിൽ രണ്ട് പെൺകുട്ടികൾ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസ്

126 (3763) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിൽ രണ്ട് പെൺകുട്ടികൾ ക്രൂരപീഡനത്തിന് വിധേയമായതിനെതുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിൽ കോടതി പ്രതികളെ വെറുതെ വിട്ടത് പോലീസ് അന്വേഷണത്തിലുണ്ടായ വീഴ്ച കാരണമാണ് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സിൽ പ്രതികളെ രക്ഷപ്പെടുത്താനായി ഒത്തുകളിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കേസ്സിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധം കാരണമാണ് അവരെ രക്ഷിക്കാൻ പോലീസ് പരിശ്രമിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാളയാറിൽ രണ്ട് പെൺകുട്ടികൾ ക്രൂരപീഡനത്തിന് വിധേയമായതിനെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിൽ ഇവരുടെ കുടുംബത്തിന് നീതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരമൊരു ആക്ഷേപം പരിശോധിച്ചുവരുന്നു. പ്രസ്തുത കേസ്സുകളുടെ അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി ക്രമസമാധാനപാലന ചുമതലയുള്ള പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) വാളയാർ കേസിലെ അന്വേഷണ വീഴ്ചയെ തുടർന്ന് കേസിൽ ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്കനടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ്സന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡിവൈ.എസ്.പി.-യുടെ വിശദീകരണവും തേടിയിരുന്നു. ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്.

പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപം പരിശോധിച്ചുവരുന്നു.

(സി) അന്വേഷണത്തിൽ എന്തെങ്കിലും പാളിച്ചകൾ പറ്റിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനായി ക്രമസമാധാന ചുമതലയുള്ള പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിലെ പ്രതികളെ വെറുതെവിട്ട ബഹു. കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

**വാളയാറിൽ രണ്ട് പെൺകുട്ടികളുടെ ദുരൂഹ സാഹചര്യത്തിലുള്ള മരണം**

127 (3764) ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിൽ രണ്ട് പെൺകുട്ടികൾ ക്രൂര പീഡനത്തിന് വിധേയമായതിനെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസ്സുമായി ബന്ധപ്പെട്ട് കോടതി പ്രതികളെ വെറുതെ വിട്ട സംഭവത്തിൽ പ്രോസിക്യൂഷന് വീഴ്ച സംഭവിച്ചുവെന്നത് പരിശോധിക്കുമോ ;

(ബി) പ്രസ്തുത കേസ്സിൽ മൂത്ത കുട്ടിയുടെ ഇൻക്വസ്റ്റ് റിപ്പോർട്ടിൽ പീഡനം നടന്നിരിക്കാനുള്ള സാഹചര്യം തള്ളിക്കളയാതിരുന്നിട്ടും പോലീസ് അന്വേഷണം അവസാനിപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇളയ കുട്ടിയുടെ ഇൻക്വസ്റ്റ് റിപ്പോർട്ടിൽ കുട്ടി ക്രൂരമായ പീഡനത്തിന് വിധേയമായിട്ടുണ്ടെന്നും ആത്മഹത്യയല്ല മറിച്ച് കൊലപാതകമാകാനുള്ള സാധ്യതയാണ് ഉള്ളതെന്ന് സൂചിപ്പിച്ചിട്ടും പോലീസ് ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ - സി) വാളയാറിലെ സഹോദരങ്ങളായ രണ്ട് പെൺകുട്ടികളുടെ അസ്വാഭാവിക മരണം സംബന്ധിച്ച് ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചു. സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു. കേസ് അന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡിവൈ.എസ്.പി.-യുടെ വിശദീകരണവും തേടിയിരുന്നു.

ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി, ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്.

പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപവും പരിശോധിക്കുന്നതാണ്.

## പി.എസ്.സി. പരീക്ഷാ തട്ടിപ്പ് കേസ് പ്രതികൾക്ക് ജാമ്യം

128 (3767) ഡോ. എം. കെ. മുനീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്രിമിനൽ കേസ്സുകളിൽ പ്രതികളായി ജയിലുകളിൽ കഴിയുന്നവരുടെ കുറ്റപത്രം മനപ്പൂർവം താമസിപ്പിച്ച് നൽകി കുറ്റവാളികൾക്ക് ജാമ്യം നേടാൻ പോലീസ് അവസരം ഒരുക്കി കൊടുക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി. പരീക്ഷാത്തട്ടിപ്പ് കേസ്സിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിൽ പോലീസിന് ഉണ്ടായ വീഴ്ചയെത്തുടർന്ന് പ്രതികൾക്ക് ജാമ്യം ലഭിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി. പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ചിൽ അന്വേഷണത്തിലുള്ള ക്രൈം നമ്പർ 429/CB/TVM/2019 എന്ന കേസ്സിന്റെ അന്വേഷണം പൂർത്തിയാകാത്തതിനാലാണ് ഈ കേസ്സിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിക്കാത്തത്. പ്രതികൾക്ക് ജാമ്യം ലഭിക്കാനിടയായതിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല.

## ടോട്ടൽ ഫോർ യു തട്ടിപ്പ് കേസ്

129 (3768) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിന്റെ നിലവിലുള്ള സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ നിക്ഷേപകർക്ക് നൽകുവാനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടംവരെയായി; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് സംബന്ധിച്ച് 33 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണ വേളയിൽ സമാന സ്വഭാവമുള്ളതായി കാണപ്പെട്ട കേസ്സുകൾ ക്ലബ് ചെയ്ത് 9 കേസ്സുകളാക്കി കുറച്ചിട്ടുള്ളതും പ്രസ്തുത കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട തിരുവനന്തപുരം ACJM കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ഈ കേസ്സുകൾ വിചാരണയിലുമാണ്.

(ബി) അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത വസ്തുവകകൾ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ തീരുമാനം അനുസരിച്ച് വിട്ടുതൽ ചെയ്യുന്നതാണ്.

## കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനും സ്വീകരിച്ച നടപടികൾ

130 (3769) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ ക്രൈം രജിസ്റ്റർ ചെയ്ത ജില്ലയിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനും, കുറ്റവാളികളെ പിടികൂടുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള പോലീസ് സംവിധാനങ്ങൾ ജില്ല തിരിച്ചും, സേനാംഗങ്ങളുടെ എണ്ണം പ്രത്യേകമായും വ്യക്തമാക്കാമോ;

(ഡി) കുറ്റകൃത്യങ്ങളും കുറ്റവാളികളും പെരുകിവരുന്ന ജില്ലകളിൽ അതിനുള്ള കാരണമെന്താണെന്ന് പഠിച്ച് പരിഹാരം കാണാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## മാവോയിസ്റ്റുകൾക്ക് കീഴടങ്ങുവാൻ പദ്ധതി

131 (3770) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-മേയ് മാസം മാവോയിസ്റ്റുകൾക്ക് കീഴടങ്ങുവാൻ വേണ്ടി എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) ഇതനുസരിച്ച് എത്ര മാവോയിസ്റ്റുകൾ കീഴടങ്ങിയെന്ന് വെളിപ്പെടുത്താമോ; കീഴടങ്ങിയവർക്ക് എന്തെങ്കിലും പ്രതിഫലം നൽകിയിട്ടുണ്ടോ;വിശദമാക്കാമോ;

(സി) കീഴടങ്ങുവാൻ സന്നദ്ധത അറിയിച്ചവരുടെ വിവരങ്ങൾ വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 28-5-2018-ലെ സ.ഉ. (എം.എസ്)93/2018/ആഭ്യന്തരം നമ്പർ പ്രകാരം മാവോയിസ്റ്റ് പ്രവർത്തകർക്കായി കീഴടങ്ങൽ/പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദികളായ മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങളിൽ അകപ്പെട്ട തീവ്ര നക്സലുകളെയും യുവാക്കളെയും പൂർണ്ണമായും അവരുമായുള്ള സമ്പർക്കത്തിൽനിന്നും മോചിതരാക്കി പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് അവസരമൊരുക്കുകയും ആവശ്യമായ തൊഴിലവസരങ്ങളും സംരംഭകത്വ അവസരങ്ങളും നൽകി അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംഘടനയുടെ കേഡർമാരോ, പ്രവർത്തകരോ അംഗങ്ങളോ ആയ നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവരെയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) ഇതുവരെ കേരളത്തിൽ മാവോയിസ്റ്റ് കേഡർമാർ ആരുംതന്നെ കീഴടങ്ങുകയോ കീഴടങ്ങുവാൻ സന്നദ്ധത അറിയിക്കുകയോ ചെയ്തിട്ടില്ല.

## പ്രാകൃതമുറകൾ ലോക്കപ്പുകളിൽ ഉപയോഗിക്കുന്ന സാഹചര്യം

132 (3771) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യത്വവും കാര്യക്ഷമതയും ആകണം പോലീസിന്റെ മുഖമുദ്ര എന്ന് സർക്കാർ കരുതുന്നുണ്ടോ; അപ്രകാരമല്ലാത്ത പ്രവൃത്തികൾ പോലീസ് സേനയുടെ ഭാഗത്തുനിന്നും നിരന്തരം ഉണ്ടാകുന്നുവെന്ന ആക്ഷേപം വസ്തുതയാണോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ലോക്കപ്പ് മർദ്ദനവും, മൂന്നാം മുറയും ന്യായീകരിക്കാനാവില്ലെന്ന് പ്രഖ്യാപിക്കുമ്പോഴും, പോലീസ് സേനയിലെ ഒരു വിഭാഗം കാലത്തിന് നിരക്കാത്ത പ്രാകൃത മുറകൾ ലോക്കപ്പുകളിൽ ഉപയോഗിക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തിരുത്തൽ നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) മനുഷ്യത്വവും കാര്യക്ഷമതയുമാകണം പോലീസിന്റെ മുഖമുദ്ര എന്നതാണ് സർക്കാർ നയം. ഇതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, പിങ്ക് പട്രോൾ, സ്ത്രീ സുരക്ഷാ പദ്ധതികൾ, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായുള്ള പദ്ധതികൾ തുടങ്ങിയവയിലൂടെയും മറ്റും ജനസൗഹൃദപരമായ പ്രവർത്തനങ്ങളാണ് പോലീസ് നടത്തിവരുന്നത്. സേനയിലെ ചുരുക്കം ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇതിന് വ്യത്യസ്തമായി ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടികളും നിയമനടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കസ്റ്റഡിയിൽ എടുക്കുന്നവർക്കെതിരെ മൂന്നാംമുറ പാടില്ലായെന്നും കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചു മാത്രം പ്രതികളെ അറസ്റ്റ് ചെയ്യാവൂ എന്നും അറസ്റ്റു ചെയ്യപ്പെടുമ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ എല്ലാ ഉത്തരവുകളും കർശനയായി പാലിക്കണമെന്നും കസ്റ്റഡിയിലെടുക്കുന്നവരെ 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കണമെന്നും കൃത്യമായ മെഡിക്കൽ പരിശോധനയ്ക്കുശേഷം മാത്രമേ കസ്റ്റഡിയിൽ സൂക്ഷിയ്ക്കാൻ പാടുള്ളൂ എന്നും സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടി വരുന്നവരോട് മാന്യമായ പെരുമാറ്റം മാത്രമേ പാടുള്ളൂ എന്ന നിർദ്ദേശവും അതിനായുള്ള അവബോധവും എല്ലാ പോലീസുദ്യോഗസ്ഥർക്കും നൽകി വരുന്നുണ്ട്.

**സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങൾ**

133 (3772) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിനുള്ളിൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ എത്ര കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തു; അതിൽ എത്ര പേർ മരണപ്പെട്ടു; വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വാഹനങ്ങളുടെ മത്സരയോട്ടം കാരണം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര അപകടം ഉണ്ടായി; അതിൽ എത്രപേർ മരണപ്പെട്ടു;

(സി) ഇക്കാലയളവിനുള്ളിൽ അശ്രദ്ധമാകുംവിധം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിച്ച വകയിൽ എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തു; അതിൽ എത്രപേർ മരണപ്പെട്ടു;

(ഡി) ഇക്കാലയളവിനുള്ളിൽ ബൈക്ക് റെയ്സിംഗ് മൂലം അപകടം വരുത്തിവച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; അതിൽ എത്ര പേർ മരണപ്പെട്ടു;

(ഇ) ഇത്തരത്തിൽ വാഹനങ്ങൾ ഓടിച്ച് അപകടം വരുത്തിവയ്ക്കുന്നവരുടെ ലൈസൻസ് അന്വേഷണം കൂടാതെതന്നെ എന്നേയ്ക്കുമായി റദ്ദ് ചെയ്യുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 25-5-2016 മുതൽ 31-10-2019 വരെ സംസ്ഥാനത്ത് 135374 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 14468 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) 25-5-2016 മുതൽ 31-10-2019 വരെ സ്വകാര്യ വാഹനങ്ങളുടെ മത്സരയോട്ടം കാരണം നാളിതുവരെ 177 അപകടങ്ങൾ ഉണ്ടാവുകയും അതിൽ 14 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) 25-5-2016 മുതൽ 31-10-2019 വരെ ഇത്തരത്തിൽ 3238 അപകടങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിൽ 650 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) 25-5-2016 മുതൽ 31-10-2019 വരെ ബൈക്ക് റെയ്സിംഗ് മൂലം അപകടം വരുത്തിവച്ച കേസ്സുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) അശ്രദ്ധമായി വാഹനങ്ങൾ ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് വാഹനം ഓടിച്ചയാളുടെ വിശദീകരണം കേട്ടതിനുശേഷം താത്കാലികമായി റദ്ദു ചെയ്യുന്നുണ്ട്. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം അപകടത്തിന് കാരണമാകുന്ന അമിത വേഗത, അമിത ഭാരം, മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനം ഓടിക്കൽ തുടങ്ങിയ നിയമലംഘനം നടത്തുന്നവരുടെ ലൈസൻസുകളും മോട്ടോർ വാഹന വകുപ്പ് താത്കാലികമായി റദ്ദ് ചെയ്യാറുണ്ട്. ഈ വർഷം സെപ്റ്റംബർ മാസം വരെ 21246 ലൈസൻസുകൾ താത്കാലികമായി റദ്ദു ചെയ്തിട്ടുണ്ട്.

## സോഷ്യൽ മീഡിയയിലൂടെയുള്ള വ്യാജവാർത്തകൾ

134 (3773) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഷ്യൽ മീഡിയയിലൂടെ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സോഷ്യൽ മീഡിയയുമായി ബന്ധപ്പെട്ട ദുരുപയോഗം തടയുന്നതിന് എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഇത്തരത്തിൽ സോഷ്യൽ മീഡിയയിൽ പോസ്റ്റിട്ട് അപകീർത്തിപ്പെടുത്തിയതുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്തു; ആയതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; അറസ്റ്റ് ചെയ്തവരിൽ എത്ര പേരെ നിയമത്തിന് മുന്നിൽ എത്തിച്ചു; വ്യക്തമാക്കുമോ;

(സി) ഓഖി ദുരന്തം, നിപ ദുരന്തം, 2018-ലെ മഹാപ്രളയം, 2019-ലെ പ്രളയവും ഉരുൾപൊട്ടലും തുടങ്ങി പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിലൂടെ വ്യാജവാർത്തകൾ പ്രചരിപ്പിച്ച എത്ര പേർക്കെതിരെ കേസ്സെടുത്തു; അതിൽ എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു; ഇതിൽ സർക്കാർ/പൊതുമേഖലാ ജീവനക്കാർ ആരെല്ലാം; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ റിപ്പോർട്ടാകുന്ന സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകളും സ്കൂളുകൾ, കോളേജുകൾ, കുടുംബശ്രീ യൂണിറ്റ് എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ/ചർച്ചാ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു.

(ബി) 835 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 643 പേരെ അറസ്റ്റ് ചെയ്യുകയും 676 പേർക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഓഖി ദുരന്തം, നിപ ദുരന്തം, 2018-ലെ മഹാപ്രളയം, 2019-ലെ പ്രളയവും ഉരുൾപൊട്ടലും തുടങ്ങി പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിലൂടെ വ്യാജവാർത്തകൾ പ്രചരിപ്പിച്ച 69 പേർക്കെതിരെ കേസ്സെടുക്കുകയും നിയമനടപടികളുടെ ഭാഗമായി 50 പേരെ അറസ്റ്റ് ചെയ്യുകയും 49

പേർക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 6 പേർ സർക്കാർ, പൊതുമേഖലാ ജീവനക്കാരാണ്. അവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. *

## സമൂഹ മാധ്യമങ്ങളിലൂടെ സർക്കാരിനെതിരെയുള്ള വിമർശനം

135 (3774) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ മാധ്യമങ്ങളിലൂടെ മുഖ്യമന്ത്രിയേയോ മന്ത്രിമാരെയോ സർക്കാരിനെയോ വിമർശിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ് എടുത്ത് അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) കേസ്സിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർ എത്രയാണെന്നും ആയതിൽ എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ; ആയതിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ വിമർശിച്ചവർക്കെതിരെ ഏതെല്ലാം വകുപ്പ് ചുമത്തിയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിമർശിച്ചുവെന്ന കാരണത്താൽ കേസ്സുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

## നിയമസഭാ സാമാജികനെതിരെയുള്ള അധിക്ഷേപം

136 (3775) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ സാമാജികനെതിരെ സമൂഹമാധ്യമങ്ങളിൽ നടത്തിയ അധിക്ഷേപത്തിന് എതിരെ പ്രസ്തുത അംഗം നൽകിയ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) ആർക്കൊക്കെ എതിരായിട്ടാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; എന്ത് നടപടികളാണ് ഇവർക്കെതിരെ സ്വീകരിച്ചിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരം പരാതിക്ക് ആധാരമായ പോസ്റ്റുകൾ ഇപ്പോഴും നവമാധ്യമങ്ങളിൽ തുടരുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പരാതിയിൽ തിരുവനന്തപുരം സിറ്റി പോലീസ് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 'Chotilekshimidivakaran' എന്ന Facebook ID-ക്കെതിരെ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ Cr. No. 1525/18 U/s. 153 IPC and 43 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യക്തമായ വിവരം വെളിവായിട്ടില്ലാത്തതിനാൽ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇത്തരം പോസ്റ്റുകൾ തടയാൻ ഫേസ്ബുക്ക് ലീഗൽ വിംഗിന് നിയമപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

**പോലീസ് സ്റ്റേഷൻ ആധുനികവത്കരണം**

137 (3776) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 100 പോലീസ് സ്റ്റേഷനുകളും 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 പോലീസ് സ്റ്റേഷനുകളും സ്മാർട്ടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന പ്ലാൻ പദ്ധതിയിലൂടെ ലഭിച്ച തുക ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രിന്റർ, സ്കാനർ, ഫോട്ടോകോപ്പിയർ, ഫർണിച്ചർ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ സിറ്റി ഈസ്റ്റ്, ഒല്ലൂർ, മണ്ണുത്തി, വിയ്യൂർ, ചാവക്കാട്, ചേലക്കര, ചാലക്കുടി, ഇരിങ്ങാലക്കുട, ചേർപ്പ് തുടങ്ങിയ പോലീസ് സ്റ്റേഷനുകൾ സ്മാർട്ടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## കുറ്റാന്വേഷണം, ക്രമസമാധാനം എന്നിവയ്ക്ക് പ്രത്യേക യൂണിറ്റുകൾ

138 (3777) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണം, ക്രമസമാധാനം എന്നിവയ്ക്ക് പ്രത്യേക യൂണിറ്റുകൾ രൂപീകരിയ്ക്കുന്നത് പോലീസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിയ്ക്കുന്ന നടപടിയാകും എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമസമാധാനവും കുറ്റാന്വേഷണവും ഓരോ സബ് ഇൻസ്പെക്ടർമാരുടെ വീതം നേതൃത്വത്തിൽ പ്രത്യേകമായി പ്രവർത്തിച്ചുവരുന്ന സമ്പ്രദായം, പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്. സംസ്ഥാനത്തെ 477 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ എസ്.എച്ച്.ഒ. സംവിധാനം ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് കേസ്സന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാന പ്രശ്നങ്ങളിൽ ഉടൻ ഇടപെട്ട് നടപടികൾ സ്വീകരിച്ച് ഗുരുതരമായ സ്ഥിതിവിശേഷങ്ങൾ ഒഴിവാക്കുന്നതിനും കഴിയുന്നു. രണ്ട് മേഖലകളിലും വിന്യസിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുവാനും സാധിക്കും.

## പുതിയ പോലീസ് സ്റ്റേഷനുകൾ

139 (3778) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതുപ്പാടി (അടിവാരം) പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടി പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

## സിവിൽ പോലീസ് ഓഫീസർമാരുടെ കുറവ്

140 (3779) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ കുറവ് ബറ്റാലിയനുകളിൽനിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം വിവിധ ബറ്റാലിയനുകളിലായി നിലനിൽക്കുന്ന ഒഴിവുകളിൽ നേരിട്ട് നിയമനം നടത്താനുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആലത്തൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

141 (3780) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മാണ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19 പ്രകാരം ആലത്തൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 125.529 ലക്ഷം രൂപയുടെ അനുമതി

സർക്കാർ നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 28.872 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.-ക്ക് നൽകിയിട്ടുള്ളതും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 27.616 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം നിർവ്വഹണ ഏജൻസിയായ കെ.പി.എച്ച്.സി.സി.-യെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി 28-12-2018-ാം തീയതി ദർഘാസ് വിളിച്ച് 12 മാസത്തെ കാലാവധി നിശ്ചയിച്ച് വർക്ക് കോൺട്രാക്ടർക്ക് നൽകുകയുണ്ടായി. ടി വർക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

## പട്ടാമ്പി പോലീസ് സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ

142 (3781) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പോലീസ് സ്റ്റേഷനിൽ ജീവനക്കാരുടെ എത്ര തസ്തികകൾ ആണ് നിലവിലുള്ളത്; പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്; എത്ര പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പട്ടാമ്പി പോലീസ് സ്റ്റേഷനിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇവയിൽ എത്ര കേസ്സുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും തരം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

| നിലവിലുള്ള തസ്തികകളുടെ എണ്ണം | നിലവിലുള്ള തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ എണ്ണം | ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം |
|---|---|---|
| Inspector SHO - 1 | Inspector SHO - 1 | |
| SI - 4 | SI - 3 | |
| ASI - 4 | ASI - 4 | SI - 1 |
| SCPO - 6 | SCPO - 6 | CPO - 3 |
| CPO - 22 | CPO - 19 | |
| WCPO - 4 | WCPO - 4 | |

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ വിവരം

143 (3782) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ 2011 മുതൽ 2018 വരെയുള്ള കാലയളവിൽ പ്രതിവർഷം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ വർദ്ധിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അത് കൈകാര്യം ചെയ്യുന്നതിന് നിലവിലെ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമാണോ; അല്ലെങ്കിൽ പുതിയ തസ്തിക സൃഷ്ടിച്ച് കൂടുതൽ പോലീസുകാരെ നിയമിക്കാൻ അനുമതി നൽകുമോ?

ഉത്തരം

(എ)കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ 2011 മുതൽ 2018 വരെയുള്ള കാലയളവിൽ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. *

(ബി) രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ വർദ്ധിച്ചിട്ടുണ്ട്.

| Year | TOTAL NO OF CASES REGISTERED |
|---|---|
| 2011 | 637 |
| 2012 | 1090 |
| 2013 | 1276 |
| 2014 | 1746 |
| 2015 | 2326 |
| 2016 | 2134 |
| 2017 | 1696 |
| 2018 | 1682 |

ഇവ കൈകാര്യം ചെയ്യുന്നതിന് സേനയിലെ അംഗസംഖ്യ അപര്യാപ്തമാണെന്ന് കാണുന്ന സ്റ്റേഷനുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്ന കാര്യം പോലീസ് മേധാവിയുടെ തലത്തിൽ നടത്തിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവമ്പാടി മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം

144 (3783) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിലെ മുക്കം, തിരുവമ്പാടി, കോടഞ്ചേരി പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എന്തു നടപടികളാണ് സ്വീകരിച്ചതെന്നും എത്ര തുകയാണ് ഇതിനായി അനുവദിച്ചതെന്നും വിശദമാക്കുമോ;

(ബി) മുക്കം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പ്ലാൻ പദ്ധതിയിലൂടെ ലഭിച്ച തുക ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രിന്റർ, സ്കാനർ, ഫോട്ടോകോപ്പിയർ, ഫർണിച്ചർ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. തിരുവമ്പാടി പോലീസ് സ്റ്റേഷനിൽ 2017-18 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി Disabled Friendly, Additional Room എന്നിവ നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ 2018-19 സ്കീമിൽ Disabled Friendly നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

മുക്കം പോലീസ് സ്റ്റേഷന് Smart Police Station പദ്ധതിയിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) മുക്കം പോലീസ് സ്റ്റേഷൻ നിർമ്മാണം സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19 പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ഇതിലേയ്ക്കായി സർക്കാർ 197 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക മുഴുവൻ കോഴിക്കോട് ജില്ലാ പോലീസ് മേധാവിക്ക് രണ്ട് ഗഡുക്കളായി അനുവദിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് ആണ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്.

(സി) കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തിന്റെ കൈവശാവകാശവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ കളക്ടറിൽനിന്നും വ്യക്തത ലഭിക്കുന്നമുറയ്ക്ക് മുക്കം പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ജീർണ്ണാവസ്ഥയിലായ കറുകച്ചാൽ പോലീസ് ക്വാർട്ടേഴ്സുകൾ

145 (3784) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ പോലീസ് സ്റ്റേഷൻ പരിസരത്തെ ക്വാർട്ടേഴ്സുകൾ കാടുകയറി നശിച്ചുകിടക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) നശിച്ച ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് മാറ്റുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; സർവ്വേ റിപ്പോർട്ട് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടത് എന്നാണ്; പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 30-11-2018-ൽ കെ.പി.എച്ച്.സി.സി. എം.ഡി.-ക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഫ്ലാറ്റ് മാതൃകയിൽ ക്വാർട്ടേഴ്സും ബാക്കിയുള്ള സ്ഥലത്ത് പോലീസ് പരേഡ് ഗ്രൗണ്ടിനും അനുമതി ലഭിക്കുന്നില്ലായെങ്കിൽ പ്രസ്തുത സ്ഥലം മറ്റ് വകുപ്പുകൾക്ക് വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ ചെയ്യാനും ബാക്കി ലേലം ചെയ്ത് പൊളിച്ച് മാറ്റാനും പൊതുമരാമത്ത് വകുപ്പിന് പോലീസ് മേധാവി കത്ത് നൽകിയിട്ടുണ്ട്.

(ബി) നശിച്ച ക്വാർട്ടേഴ്സുകൾ ലേലം ചെയ്യുന്നതിന് ചങ്ങനാശ്ശേരി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് 26-8-2018, 26-9-2019 എന്നീ തീയതികളിൽ സംസ്ഥാന പോലീസ് മേധാവി കത്ത് അയച്ചിട്ടുണ്ട്.

(സി) കറുകച്ചാലിൽ പുതിയ ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ കെ.പി.എച്ച്.സി.സി., എം.ഡി.-ക്ക് കത്ത് അയച്ചിരുന്നുവെങ്കിലും 10-12-2018-ൽ ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ മിനിട്ട്സ് പ്രകാരം ടി സ്ഥലത്ത് ക്വാർട്ടേഴ്സിന്റെ ഡിമാന്റ് കുറവായതിനാൽ ആയത് ആവശ്യമില്ല എന്ന തീരുമാനമെടുത്തിട്ടുള്ളതാണ്. എന്നാൽ കിഫ്ബി പ്രകാരം ടി

സ്ഥലത്ത് പരേഡ് ഗ്രൗണ്ടും ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സും നിർമ്മിക്കുവാൻ ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി തരുവാൻ 22-8-2019 തീയതിയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചങ്ങനാശ്ശേരി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മാണം അത്യാവശ്യമായതിനാലും ചങ്ങനാശ്ശേരി സബ് ഡിവിഷനിലെ പോലീസ് സ്റ്റേഷനിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ടി സ്ഥലം ഉപയോഗിക്കുവാൻ ആലോചിക്കുന്നതിനാലും പോലീസ് നവീകരണത്തിനായി പുതിയ പദ്ധതി നടപ്പിലാക്കി വരുന്നതിനാലും കിഫ്ബി പദ്ധതിപ്രകാരമുള്ള ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ്, പരേഡ് ഗ്രൗണ്ട് എന്നിവ ലഭിച്ചില്ലായെങ്കിലും മറ്റ് വകുപ്പുകൾക്ക് ടി ഭൂമി വിട്ടു നൽകുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

## മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

146 (3785) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തെക്കിൽ വില്ലേജിൽ സ്ഥലം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

കാസർഗോഡ് ജില്ലയിലെ മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തെക്കിൽ വില്ലേജിൽ ചട്ടഞ്ചാൽ എന്ന സ്ഥലത്തുള്ള റീസർവ്വേ നമ്പർ 107/1 എ പ്രകാരമുള്ള 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി ജില്ലാ പോലീസ് മേധാവി കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

## കെ. ജി. വിമലന്റെ മരണം സംബന്ധിച്ച പരാതി

147 (3786) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പോലീസ് സ്റ്റേഷൻ പരിധിയിൽ കെ.ജി. വിമലൻ എന്നയാളുടെ മരണം സംബന്ധിച്ച് ഉയർന്നിട്ടുള്ള പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(ബി) വിമലന്റെ മകൻ മരണ ദിവസം മുതൽ തിരോധാനം ചെയ്തതിനെപ്പറ്റി പോലീസ് അന്വേഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവല്ല പോലീസ് സ്റ്റേഷൻ പരിധിയിൽ കെ. ജി. വിമലൻ എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട് നാലോളം പരാതികൾ ലഭ്യമായിട്ടുണ്ട്. ഭാര്യ രാജമ്മയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ തിരുവല്ല പോലീസ് സ്റ്റേഷനിൽ ക്രൈം. 1664/2019 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടർന്നുവരുന്നു.

(ബി) മരണപ്പെട്ട വിമലന്റെ മകൻ വിപിനെ സ്റ്റേഷനിൽ വിളിച്ച് വരുത്തി വിശദമായി ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും ടിയാൻ ഇപ്പോൾ കുടുംബവീട്ടിൽ താമസിച്ച് വരുന്നതുമാണ്.

**വ്യാജ ഒസ്യത്ത് ചമച്ച് ഭൂമി തട്ടിയെടുത്തതിന്റെ പേരിൽ കേസ്**

148 (3787) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ട.ജ്യുഡീഷ്യൽ മജിസ്ട്രേട്ട് പരേതനായ ലിങ്കൺ എബ്രഹാമിന്റെ പേരിൽ താമരശ്ശേരിയിലുള്ള ഭൂമി വ്യാജ ഒസ്യത്ത് തയ്യാറാക്കി തട്ടിയെടുത്തുവെന്ന് ആരോപിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരാതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാമാണ് ചോദ്യം ചെയ്തതെന്നും കേസ്സിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) 2015 സെപ്റ്റംബർ 22-ാം തീയതി താമരശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ് ടി. സിദ്ദിഖ്, ഡി.സി.സി. ജനറൽ സെക്രട്ടറി ഹബീബ് തമ്പി, മുൻ കെ.പി.സി.സി. സെക്രട്ടറി എൻ.കെ. അബ്ദുറഹിമാൻ എന്നിവരുടെ പേരിൽ കോടിക്കണക്കിന് വില വരുന്ന വസ്തു പ്രമാണം ചെയ്തിട്ടുണ്ടെന്നും റിട്ടയേർഡ് ജുഡീഷ്യൽ ഓഫീസറായിരുന്ന ലിങ്കൺ എബ്രഹാം തന്റെ പിതാവിന്റെ നാമധേയത്തിലുള്ള കെ. എം. എബ്രഹാം ചാരിറ്റബിൾ ട്രസ്റ്റിനുവേണ്ടി ഒസ്യത്ത് പ്രകാരം നീക്കിവച്ച വസ്തുവാണ് കോൺഗ്രസ് നേതാക്കൾ തട്ടിയെടുത്തതെന്നും ഈ തട്ടിപ്പിനും വ്യാജ ഒസ്യത്ത്

നിർമ്മാണത്തിനും പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നുമാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്.

(സി) നിലവിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചിട്ടില്ല.

(ഡി) പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി പരാതിക്കാരനായ എ. എച്ച്. ഹാഫിസിന്റെയും ടി. സിദ്ദിഖ്, എൻ. കെ. അബ്ദു റഹിമാൻ, ഹബീബ് തമ്പി, ഫിലോമിൻ എബ്രഹാം, ജീൻ അർജ്ജുൻ കുമാർ, ദേവസ്യ പി. വി. എന്നിവരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ പരാതിയിൽ പറയുന്ന കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## കൊല്ലം റൂറൽ കേന്ദ്രമാക്കി ടെലികമ്മ്യൂണിക്കേഷൻ വിംഗും ആംഡ് റിസർവ് ക്യാമ്പും

149 (3789) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് കേന്ദ്രമാക്കി ടെലികമ്യൂണിക്കേഷൻ വിംഗ്, ആംഡ് റിസർവ് ക്യാമ്പ് എന്നിവ സ്ഥാപിക്കുന്നത് സംബന്ധിച്ച് പോലീസ് മേധാവിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിംഗും ക്യാമ്പും സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കൊല്ലം റൂറൽ ആംഡ് റിസർവ് ക്യാമ്പ് സ്ഥാപിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

കൊല്ലം റൂറലിൽ ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശിപാർശ ഇപ്പോൾ പരിഗണനയിലില്ല.

## എരുമേലി സി.ഐ.-യുടെ സസ്പെൻഷൻ

150 (3790) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി പോലീസ് സ്റ്റേഷൻ സി.ഐ. ആയിരുന്ന ശ്രീ. ദിലീപ്ഖാനെ സസ്പെൻഡ് ചെയ്യാൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും അതിന് ആധാരമായ കുറിപ്പ് ഫയലിന്റെയും നടപ്പ് ഫയലിന്റെയും പകർപ്പും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ പോലീസ് മേധാവി എന്തെങ്കിലും റിമാർക്സ് ഏതെങ്കിലും ഫയലിൽ രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ പ്രസ്തുത റിമാർക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് പൂഞ്ഞാർ എം.എൽ.എ. ബഹു. മുഖ്യമന്ത്രിക്ക് 22-10-19-ൽ നൽകിയ (നമ്പർ എംഎൽഎ - പിഎൻജെആർ /ജിപി /306/2019-20) കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എരുമേലി പോലീസ് സ്റ്റേഷൻ സി.ഐ. ആയിരുന്ന ശ്രീ. ദിലീപ് ഖാനെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഉത്തരവ്, നടപ്പ് ഫയൽ, കുറിപ്പ് ഫയൽ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവി ഒരു ഫയലിലും റിമാർക്സ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

(സി) ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൂഞ്ഞാർ എം.എൽ.എ. 22-10-2019 തീയതി മുഖ്യമന്ത്രിക്ക് നൽകിയ എം.എൽ.എ. പി.എൻ.ജെ.ആർ/ജി.പി/306/2019-20 നമ്പർ കത്ത്, പരാതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1-11-2019 തീയതിയിൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുള്ളതും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## കാസർഗോഡ് ജില്ലയിൽ വിവിധ കുറ്റങ്ങൾ ചുമത്തി പിടികൂടിയ വാഹനങ്ങൾ

151 (3791) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ കുറ്റങ്ങൾ ചുമത്തി പിടികൂടിയ എത്ര വാഹനങ്ങൾ കഴിഞ്ഞ മൂന്ന് വർഷമായി കെട്ടികിടക്കുന്നു എന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ വാഹനങ്ങളുടെ നിയമലംഘനങ്ങൾ ഏത് സെക്ഷൻ പ്രകാരമാണ് കുറ്റകരമായതെന്നും ഏത് തരത്തിലുള്ള വാഹനങ്ങളാണ് കെട്ടിക്കിടക്കുന്നതെന്നും അവയുടെ ഇപ്പോഴത്തെ മാർക്കറ്റ് വില എന്താണെന്നും വ്യക്തമാക്കാമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ വാഹനങ്ങൾക്കെതിരെ കോടതികളിൽ കേസ് നിലവിലുണ്ടോ എന്നും കേസ്സ് തീർപ്പാക്കാത്തതുകൊണ്ടാണോ വാഹനങ്ങൾ വിട്ടുകൊടുക്കാത്തതെന്നും വ്യക്തമാക്കുമോ; വാഹനയുടമകൾ തിരിഞ്ഞു നോക്കാത്തതുകൊണ്ട് എത്ര വാഹനങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാരിന് ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ ഈ വാഹനങ്ങൾ ലേലം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ ഉത്തരവ് (പി) നമ്പർ. 60/2018/ആഭ്യ. തീയതി 11-9-2018 പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് ടി വാഹനങ്ങൾ തീർപ്പു കൽപ്പിക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സന്ദേശം സംസ്ഥാന പോലീസ് മേധാവി എല്ലാ റെയ്ഞ്ച് മേധാവിമാർക്കും നൽകിയിട്ടുള്ളതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്റ്റീഫന്റെ ദുരൂഹമരണം സംബന്ധിച്ച പരാതി

152 (3793) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പോലീസ് സ്റ്റേഷനിൽ മണ്ണൂർക്കര വില്ലേജിൽ കരിങ്കുന്നം ലിജോ ഭവനിൽ സി. ആൽബർട്ട് തന്റെ സഹോദരനായ സി. സ്റ്റീഫന്റെ ദുരൂഹമരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) സ്റ്റീഫന്റെ മരണം സ്വത്ത് തട്ടിയെടുക്കലുമായി ബന്ധപ്പെട്ട് ഉള്ളതാണെന്നുള്ള പരാതിയിന്മേൽ കുറ്റക്കാരെ ആരെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോയെന്നും 2013-ൽ മരണപ്പെട്ട സ്റ്റീഫന്റെ (ക്രൈം നമ്പർ 993/13) കേസ്സിന്റെ അന്വേഷണ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പരാതിയിൽ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ചിന് നൽകിയിട്ടുള്ളതും ആയതിൻമേൽ പ്രാഥമിക അന്വേഷണം നടത്തിയിരുന്നു.

(ബി) സ്റ്റീഫന്റെ സ്വത്ത് തട്ടിയെടുക്കലുമായി ബന്ധപ്പെട്ട പരാതിയിൽ കുറ്റക്കാരായി ആരേയും കണ്ടെത്തിയിട്ടില്ല. കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 993/13 നമ്പരായി രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം ബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റിൽ ക്രൈം നമ്പർ 139/CB/TVM/2014 നമ്പരായി തുടരന്വേഷണം നടത്തി വരുന്നതുമാണ്. അന്വേഷണം അന്തിമഘട്ടത്തിലാണ്.

**കുളത്തുമ്മൽ ഗോൾഡൻ പെറ്റ് സെന്ററിൽ നടന്ന മോഷണം**

153 (3794) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട കുളത്തുമ്മലിലെ ഗോൾഡൻ പെറ്റ് സെന്റർ എന്ന സ്ഥാപനത്തിൽ നടന്ന മോഷണം സംബന്ധിച്ച പരാതിയിൽ കാട്ടാക്കട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 388/19 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കേസ്സിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ് അന്വേഷണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) കാട്ടാക്കട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 388/19 കേസ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതല്ല.

(ബി & സി) ബാധകമല്ല.

**ചെങ്ങന്നൂരിലെ ഗോപീകൃഷ്ണനെന്ന കുട്ടിയുടെ ദുരൂഹമരണം**

154 (3795) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ പാണ്ടനാട് വൻവഴി പുതിയ വീട്ടിൽ ഗോപാലകൃഷ്ണന്റെ പതിനേഴ് വയസ്സുള്ള മകൻ ഗോപീകൃഷ്ണനെ 2019 ജൂൺ 24-ന് വീട്ടിനുള്ളിൽ തൂങ്ങിമരിച്ചനിലയിൽ കാണപ്പെട്ടതിനെ തുടർന്ന് വീട്ടിനുള്ളിൽ കണ്ട രക്തക്കറ, ഉച്ചയ്ക്ക് വീടിനു മുന്നിൽ അപരിചിതരെ കണ്ടുവെന്ന അയൽക്കാരുടെ മൊഴി തുടങ്ങിയ സംശയാസ്പദമായ സാഹചര്യങ്ങൾ മുൻനിർത്തി ബന്ധുക്കൾ നൽകിയ പരാതി പോലീസ് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദുരൂഹമരണത്തിന്റെ കാരണം കൂടുതൽ അന്വേഷണത്തിലൂടെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സംഭവവുമായി ബന്ധപ്പെട്ട് ചിറ്റപ്പനായ ബാലകൃഷ്ണൻ ആചാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1655/19 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

എന്നാൽ മരണത്തിൽ ബന്ധുക്കളും രക്ഷകർത്താക്കളും സംശയമുന്നയിച്ചിട്ടുള്ളതും അമ്മയുടെ മൊഴിയിൽ അപരിചിതനായ ആരോ ഒരാൾ വന്നുപോയി എന്നും മറ്റും അയൽവാസിയായ ഒരാൾ പറഞ്ഞിട്ടുള്ളതും ആയതിന്മേൽ സൈബർ സെല്ലിന്റെ സഹായത്തോടെ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതും അപ്രകാരം ആരെങ്കിലും വന്ന് പോയിട്ടുള്ളതായി അയൽവാസി അല്ലാതെ മറ്റാരുംതന്നെ പറഞ്ഞിട്ടില്ലാത്തതുമാണ്. കൃത്യസ്ഥലത്തിന് സമീപത്തുനിന്ന് ശേഖരിച്ച രക്തക്കറയുടെ സാമ്പിളുകൾ രാസപരിശോധനയ്ക്കായി ബഹുമാനപ്പെട്ട കോടതി മുഖാന്തരം അയച്ചുകൊടുത്തിട്ടുള്ളതും ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണിന്റെ കോൾ വിവരങ്ങളും മറ്റും ശേഖരിക്കുന്നതിനായി സൈബർ സെല്ലിന് അയച്ച് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(ബി) ഈ കേസ്സിലേയ്ക്ക് കൂടുതൽ സാക്ഷികളേയും മറ്റും കണ്ട് ചോദിച്ചും കെമിക്കൽ പരിശോധനാ ഫലം പരിശോധിച്ചും കൂടുതൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കരുനാഗപ്പള്ളിയിൽ ബഹുനില പോലീസ് ക്വാർട്ടേഴ്സ്**

155 (3796) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനോട് ചേർന്ന് ക്വാർട്ടേഴ്സ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ നിന്ന് എത്ര സ്ഥലം മറ്റ് പദ്ധതികൾക്കായി അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(സി) അവശേഷിക്കുന്ന സ്ഥലം എത്രയെന്നും അവിടെയുള്ള എത്ര ക്വാർട്ടേഴ്സുകൾ ഉപയോഗപ്രദമാണെന്നും വ്യക്തമാക്കാമോ;

(ഡി) ഉപയോഗപ്രദമല്ലാത്ത ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി അവിടെ ഫ്ലാറ്റ് മാതൃകയിൽ ബഹുനില പോലീസ് ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനോട് ചേർന്ന് ക്വാർട്ടേഴ്സ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 73.40 ചതുരശ്ര മീറ്റർ ആണ്.

(ബി) ഇതിൽ 8.09 ചതുരശ്ര മീറ്റർ സ്ഥലം ഫയർഫോഴ്സ് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്.

(സി) അവശേഷിക്കുന്ന സ്ഥലം 65.31 ചതുരശ്ര മീറ്റർ ആണ്. ഇതിൽ മൂന്ന് ക്വാർട്ടേഴ്സുകൾ ഉപയോഗപ്രദമാണ്.

(ഡി) ഉപയോഗപ്രദമല്ലാത്ത ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. ഫ്ലാറ്റ് മാതൃകയിലുള്ള ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് പ്ലാൻ, എസ്റ്റിമേറ്റ്, എലിവേഷൻ എന്നിവ തയ്യാറാക്കി നൽകുന്നതിന് കരുനാഗപ്പള്ളി അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ആംഡ് പോലീസ് ബറ്റാലിയനുകളിലെ ഒഴിവുകൾ**

156 (3797) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആംഡ് പോലീസ് ബറ്റാലിയനുകളിൽ കമാന്റന്റ്, ഡി.സി., എ.സി., എ.പി.ഐ., എ.പി.എസ്.ഐ., എ.പി.എ.എസ്.ഐ. എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകളിൽ ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ റെഗുലർ പ്രൊമോഷൻ നടന്നിട്ട് എത്രുകാലമായി; ഈ കാലവിളംബം ബറ്റാലിയന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത തസ്തികകളിലെ ഒഴിവുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| കമാന്റന്റ് | 4 |
| ഡെപ്യൂട്ടി കമാന്റന്റ് | 8 |
| അസിസ്റ്റന്റ് കമാന്റന്റ് | 12 |
| ആംഡ് പോലീസ് ഇൻസ്പെക്ടർ | 6 |
| എ.പി.എസ്.ഐ. | 0 |
| എ.പി.എ.എസ്.ഐ. | 1 |

(ബി) ബറ്റാലിയനുകളിൽ കാലാകാലങ്ങളായി നടന്നുവരുന്ന സീനിയോറിറ്റി തർക്കങ്ങൾമൂലമാണ് റെഗുലർ പ്രൊമോഷൻ നടത്താൻ സാധിക്കാതെ വരുന്നത്. കമാന്റന്റ് തസ്തികയിൽ സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ താൽക്കാലിക പ്രൊമോഷൻ മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. കാലാകാലങ്ങളായി നിരവധി കോടതി വിധികൾ വരുന്നതിനാൽ ഡെപ്യൂട്ടി കമാന്റന്റ് പ്രൊമോഷനുള്ള അസിസ്റ്റന്റ് കമാന്റന്റിന്റെ സെലക്ട് ലിസ്റ്റ് കഴിഞ്ഞ 25-ലേറെ വർഷങ്ങളായി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഉയർന്ന ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമാണെന്ന സാഹചര്യം കണക്കിലെടുത്ത് വർഷങ്ങളായി ഡെപ്യൂട്ടി കമാന്റന്റ് തസ്തികയിൽ താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ബറ്റാലിയനുകളിൽ അവശ്യ തസ്തികകളിൽ താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുള്ളതിനാൽ റെഗുലർ പ്രൊമോഷൻ നടക്കാത്തത് ബറ്റാലിയന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടില്ല.

(സി) സീനിയോറിറ്റി തർക്കങ്ങൾ പരിഹരിച്ച് കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി എ.പി. ബറ്റാലിയൻ ഡി.ഐ.ജി. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിച്ചുകൊണ്ട് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റുകൾ നിലവിൽ വരുന്ന മുറയ്ക്ക് നിലവിലുള്ള ഒഴിവുകളിൽ റെഗുലർ പ്രമോഷൻ നൽകുന്നതാണ്.

**മാവോയിസ്റ്റ് സ്ക്വാഡുകൾക്ക് സ്പെഷ്യൽ അലവൻസ്**

157 (3798) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് ഭീഷണി നേരിടുന്ന മലപ്പുറം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും അലവൻസ് ലഭ്യമാക്കണമെന്ന്

അഭ്യർത്ഥിച്ച് മലപ്പുറം ജില്ലാ പോലീസ് മേധാവി മുഖേന സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ആർക്കൊക്കെയാണ് ഈ സ്പെഷ്യൽ അലവൻസ് നൽകുന്നത്;

(സി) അലവൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(ഡി) അലവൻസ് ലഭിച്ചുകൊണ്ടിരിക്കുന്ന മാവോയിസ്റ്റ് സ്ക്വാഡിലെ ഡ്രൈവർമാർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) മാവോയിസ്റ്റ് സ്ക്വാഡുകൾക്ക് അധികമായി ലഭിക്കുന്ന സ്പെഷ്യൽ അലവൻസ് ഉദ്യോഗസ്ഥ റാങ്ക് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ – ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**മാവോയിസ്റ്റുകൾക്കെതിരെയുള്ള കേസ്സുകൾ**

158 (3799) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവോയിസ്റ്റുകൾക്കെതിരേ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; മാവോയിസ്റ്റുകൾ കീഴടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

101 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ മാവോയിസ്റ്റുകളാരും കീഴടങ്ങാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല.

**കാംകോയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം**

159 (3800) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ സി &എ.ജി.-യുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ശിപാർശ പ്രകാരം, കാംകോ യന്ത്ര സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തുന്ന അന്വേഷണം ആരംഭിച്ചത് എന്നാണ്; വ്യക്തമായ വിവരം നൽകുമോ;

(ബി) V.E.3/16/S.I.U-II ഫയൽ നമ്പർ പ്രകാരം ആരംഭിച്ച പ്രസ്തുത അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ (കാംകോ) യന്ത്ര സാമഗ്രികൾ വാങ്ങിയതിലെ അഴിമതി സംബന്ധിച്ചുള്ള വി.ഇ 3/16/എസ്.ഐ.യു-II നമ്പർ അന്വേഷണം 17-10-2016-നാണ് ആരംഭിച്ചത്.

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു.

## പിലാക്കാട്ടിരി അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്

160 (3801) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നാഗലശ്ശേരി പഞ്ചായത്തിലെ എട്ടാം വാർഡിലെ 73-ാം നമ്പർ പിലാക്കാട്ടിരി അങ്കണവാടി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിനാസ്പദമായ പരാതി വിജിലൻസിന് ലഭിച്ചത് എന്നാണ്; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ആരെയൊക്കെയാണ് കേസ്സിൽ പ്രതി ചേർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഈ കേസ്സിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് അന്വേഷണം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഈ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേസ് അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഈ അംഗൻവാടിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) പിലാക്കാട്ടിരി അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടർ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## മലപ്പുറം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ സമർപ്പിച്ച പരാതി

161 (3802) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിൽ ശ്രീ. മുഹമ്മദാലി പാതിരമണ്ണ സമർപ്പിച്ച നമ്പർ 1323/2018/എം.പി.എം. പെറ്റീഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ മേലാറ്റൂർ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ലേലം ചെയ്തതിലെ അഴിമതി സംബന്ധിച്ച് ശ്രീ. മുഹമ്മദാലി പാതിരമണ്ണ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് എസ്.സി. 13/19/എം.പി.എം. നമ്പരായി ഒരു മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മിന്നൽ പരിശോധനയുടെ റിപ്പോർട്ടിന്മേൽ ഉചിത തലങ്ങളിൽ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

## പോക്സോ കോടതികളുടെ പ്രവർത്തനം

162 (3803) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് പോക്സോ കോടതികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോക്സോ കേസ്സുകൾ ഒരു വർഷം കൊണ്ട് തീർപ്പുകൽപ്പിക്കണമെന്ന നിയമം നിലനിൽക്കുമ്പോഴും കോടതികളിൽ തീർപ്പു കൽപ്പിക്കാതെ കേസ് ഫയലുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോക്സോ കേസ്സുകളുടെ എണ്ണവും തീർപ്പു കൽപ്പിച്ചതിന്റെ എണ്ണവും തമ്മിലുള്ള അനുപാതവും ശതമാനവും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പോക്സോ കോടതികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോക്സോ കേസ്സുകളിലെ പ്രധാനപ്പെട്ട തെളിവുകൾക്ക് FSL പരിശോധന റിപ്പോർട്ട് ആവശ്യമാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളുടെ വർദ്ധനയ്ക്കനുസരിച്ച് ഫോറൻസിക് പരിശോധനയ്ക്ക് അയയ്ക്കപ്പെടുന്ന സാമ്പിളുകളും വർദ്ധിക്കുന്നു. ആയതിനാൽ ഫോറൻസിക് പരിശോധനാ ഫലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം കേസ്സുകളുടെ വിചാരണ നീണ്ടുപോകാൻ കാരണമാകുന്നുണ്ട്. ഈ വിഷയം സർക്കാർ ഗൗരവമായി കണ്ട് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) സംസ്ഥാനത്ത് പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 30-9-2019 വരെ വിചാരണയിലുള്ള 7,915 കേസ്സുകളാണ് ഉണ്ടായിരുന്നത്. ഇതിൽ ഈ വർഷം മാത്രം 995 കേസ്സുകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. ആയതിന്റെ ശതമാനം 12.57 ശതമാനമാണ്. ഫയലിംഗിന്റെ അടിസ്ഥാനത്തിൽ തീർപ്പു കല്പിച്ച കേസ്സുകളുടെയും ഫയൽ ചെയ്ത പോക്സോ കേസ്സുകളുടെയും അനുപാതം 4399 : 11319 ആണ്. ആയതിന്റെ ശതമാനം 38.86% ആണ്.

(ഡി) ഉണ്ട്. SUO MOTO WP (Crl.) No. 1/2019 കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 25-7-2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പോക്സോ കേസ്സുകൾ തീർപ്പാക്കുന്നതിന് 57 അതിവേഗ കോടതികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

### വാണിജ്യ കോടതികൾ

163 (T* 3804) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യകരാറുകളുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; എവിടെയൊക്കെയാണ് ഇപ്പോൾ വാണിജ്യകോടതികൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള വാണിജ്യകോടതികളുടെ എണ്ണം പരിമിതമാകയാൽ വാണിജ്യകേസുകൾ തീർപ്പാക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ വേഗത്തിൽ തീർപ്പാക്കുന്നതിനായി പുതിയ വാണിജ്യകോടതികൾ സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; പ്രസ്തുത വിഷയത്തിൽ അതിവേഗം തീരുമാനമെടുക്കുമോയെന്ന് അറിയിക്കുമോ?

---

* T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്തെ വാണിജ്യ കരാറുകളുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നത് നിലവിലുള്ള സിവിൽ കോടതികളിലാണ്. മേൽ ആവശ്യത്തിനായി സംസ്ഥാനത്ത് പ്രത്യേക വാണിജ്യ കോടതികൾ നിലവിലില്ല.

(ബി) ഹൈക്കോടതി ശിപാർശ ചെയ്തതനുസരിച്ച് വാണിജ്യ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ഉചിതമായ കോടതികളെ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം**

164 (3805) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിലെ വിവിധ കോടതികൾ അസൗകര്യപൂർണ്ണമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ കോടതികൾ പ്രവർത്തിക്കുന്നതിനുവേണ്ടി കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; പ്രസ്തുത കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് ഏതെങ്കിലും പ്രത്യേക സ്ഥലം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ജലവിഭവ വകുപ്പിന്റെ അധീനതയിൽ കരുനാഗപ്പള്ളി വില്ലേജിലുള്ള കെ.ഐ.പി. ഓഫീസ് പ്രവർത്തിച്ചിരുന്ന സ്ഥലം കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളിയിലെ വിവിധ കോടതികൾ പ്രവർത്തിക്കുന്ന മന്ദിരങ്ങളിലെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി താലൂക്കിൽ തഴവ വില്ലേജിൽ ബ്ലോക്ക് നമ്പർ II ൽ റീസർവ്വേ നമ്പർ 200/4-ൽപ്പെട്ട 39.50 ആർ സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ജില്ലാ ജഡ്ജി നൽകിയ അർത്ഥന പത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. എന്നാൽ ഈ സ്ഥലം ആവശ്യമില്ലെന്നും പകരം കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 584/4 ൽപ്പെട്ട 59.45 ആർ സ്ഥലം അനുവദിക്കണമെന്നും കാണിച്ച് 19-10-2019-ന് അർത്ഥന പത്രം സർക്കാരിൽ നൽകിയിട്ടുള്ളതും ആയതിന്മേൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിൽ ഉള്ളതും ഐ.എച്ച്.ആർ.ഡി. പോളിടെക്നിക് സ്ഥിതി ചെയ്യുന്നതുമായ സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

## കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കാൻ നടപടി

165 (3806) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനോടകം തന്നെ എല്ലാ സർക്കാർ ഉത്തരവുകളും കോടതി വ്യവഹാരങ്ങളും മലയാളത്തിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി 27-1-2009-ലെ സ.ഉ.(കൈ) നമ്പർ 12/2009/നിയമ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമ പാർലമെന്ററികാര്യ മന്ത്രി എന്നിവർ അംഗങ്ങളായുള്ള ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി. തുടർന്ന് 19-12-2013-ലെ സ.ഉ.(കൈ) നമ്പർ 223/2013/നിയമ പ്രകാരം 12 അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത സമിതി വിപുലീകരിക്കുകയുണ്ടായി. ഉന്നതതല സമിതിയുടെ യോഗ തീരുമാനമനുസരിച്ച് നിലവിൽ കീഴ്കോടതികളിലെ വ്യവഹാരഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉന്നതതല സമിതിയുടെ 2018-ൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് ഒരു തുടക്കമെന്ന നിലയിൽ സംസ്ഥാനത്തെ കീഴ്കോടതികളിൽ പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

166 (3807) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക് എന്നീ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ റേഷ്യോ എപ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ സർവ്വീസിൽ ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ, ഫയർമാൻ എന്നീ സമാന സ്കെയിലുള്ള തസ്തികകളിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ പ്രസ്തുത സ്കെയിലിൽ ശമ്പളം വാങ്ങുന്നുവെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) വകുപ്പ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുവാൻ വേണ്ടി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത തസ്തികകളുടെ സ്കെയിൽ പരിഷ്കരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഫയർമാൻ ഡ്രൈവർ കം ഓപ്പറേറ്റർ തസ്തികയുടെ കുറവ് പരിഹരിക്കുന്നതിന് ലൈറ്റ് ഡ്യൂട്ടി ലൈസൻസ് ഉള്ള ഫയർമാൻ വിഭാഗം ജീവനക്കാർക്ക് കൂടി വാഹനം ഓടിക്കുന്നതിന് അനുമതി കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക് വിഭാഗം ജീവനക്കാരിൽനിന്നും 9:1 അനുപാതത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നു.

(ബി) ഫയർമാൻ, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികകൾ 20000-45800 എന്ന സമാന ശമ്പള സ്കെയിലിലുള്ള തസ്തികകളും; ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക് എന്നീ തസ്തികകൾ 26500-56700 എന്ന സമാന ശമ്പള സ്കെയിലുള്ള തസ്തികകളുമാണ്. ഓരോ സ്കെയിലിലും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഫയർമാൻ | - | 2250 പേർ |
| ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | - | 573 പേർ |
| ലീഡിംഗ് ഫയർമാൻ | - | 211 പേർ |
| ഡ്രൈവർ മെക്കാനിക്ക് | - | 50 പേർ |

(സി) ശിപാർശ ചെയ്തിട്ടില്ല.

(ഡി) ഇപ്രകാരം അനുമതി നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

## അഗ്നിസുരക്ഷാ സേവന വകുപ്പിന്റെ പ്രവർത്തനങ്ങൾ

167 (3808) ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്ത വേളയിലെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് അഗ്നി സുരക്ഷാ സേവന വകുപ്പിൻ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി ജനകീയ ദുരന്ത പ്രതിരോധ സേന (സിവിൽ ഡിഫൻസ്) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ദുരന്ത സാഹചര്യങ്ങളിൽ സിവിൽ ഡിഫൻസ് സേനയുടെ ചുമതലകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത സേനയിൽ ഏതെല്ലാം മേഖലകളിൽ നിന്നുള്ളവരെയാണ് ഉൾപ്പെടുത്തുന്നതെന്നറിയിക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് ഇവർക്ക് നൽകുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) അഗ്നിരക്ഷാ സേവന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സന്നദ്ധ സേവകരെ ഉൾപ്പെടുത്തി സിവിൽ ഡിഫൻസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സിവിൽ ഡിഫൻസ് സേനയുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്:

- പ്രകൃതി ദുരന്ത സാദ്ധ്യതാ മുന്നറിയിപ്പുകൾ പ്രാദേശികമായി സംപ്രേഷണം ചെയ്യപ്പെടുകയും ദുരന്താഘാതമേൽക്കാനിടയുള്ള ജനങ്ങളിലേയ്ക്ക് അവ എത്തുകയും ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുക, ആവശ്യമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളോട് ആവശ്യപ്പെടുക.

- അപകടങ്ങളോ പ്രകൃതി ദുരന്തങ്ങളോ ഉണ്ടാകുമ്പോൾ അവയുടെ വ്യാപ്തി മനസ്സിലാക്കി രക്ഷാപ്രവർത്തകർക്കും പോലീസിനും മറ്റു ബന്ധപ്പെട്ട അധികാരികൾക്കും സമയബന്ധിതമായി അറിയിപ്പു നൽകുക.

- രക്ഷാപ്രവർത്തകർ എത്തിച്ചേരുന്നതിനുള്ള ഇടവേളയിൽ പ്രാദേശികമായി ചെയ്യാവുന്ന മുന്നൊരുക്കങ്ങളും ദുരന്തത്തിന്റെ വ്യാപ്തി കൂടാതെയിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും അതിനായി പരിസരവാസികൾക്ക് നിർദ്ദേശങ്ങളും നേതൃത്വവും നൽകുക. അപകടത്തിൽപ്പെട്ടവർക്ക് അടിയന്തരവും ശരിയായ രീതിയിലുള്ളതുമായ സഹായമെത്തിക്കുക.

- ദുരന്ത സമയത്തും അപകടങ്ങളിലും അടിയന്തരമായി ഇടപെടേണ്ട സേവന സൗകര്യങ്ങളുടെ ലഭ്യതയും അവയെ ബന്ധപ്പെടാനുള്ള നമ്പരുകളും ശേഖരിച്ച് സൂക്ഷിക്കുകയും അടിയന്തര ഘട്ടങ്ങളിൽ അവ വേഗത്തിൽ ലഭ്യമാക്കുകയും ചെയ്യുക.

- ദുരന്ത സമയത്ത് പ്രദേശവാസികളെ ഒഴിപ്പിക്കുകയും റെസ്ക്യൂ ഷെൽട്ടറുകൾ ആരംഭിക്കുകയും വേണ്ടിവന്നാൽ അതിനുള്ള പ്രാദേശിക സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ നടത്തിപ്പിനും ബന്ധപ്പെട്ട അധികാരികളെ സഹായിക്കുക.

- പ്രാദേശികമായി രക്ഷാപ്രവർത്തനത്തിലും പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളിലും സഹായിക്കുകയും പ്രദേശവാസികൾക്ക് സഹായങ്ങൾ എത്തിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്യുക.

- അതത് പ്രദേശത്തെ സ്കൂളുകളിലുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് (SPC) ചിട്ടയായ ദുരന്ത പ്രതിരോധ – അതിജീവന പരിശീലനം സംഘടിപ്പിക്കുക.

- സമൂഹത്തിൽ ദുരന്ത അതിജീവനക്ഷമത ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പരിശീലന പരിപാടികളും അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

(സി) ഇന്ത്യൻ പൗരത്വമുള്ള 18 വയസ്സ് പൂർത്തിയായ സ്ത്രീകൾക്കും പുരുഷന്മാർക്കും വോളണ്ടിയറാകാൻ അപേക്ഷിക്കാം.

- നാലാം ക്ലാസ് വരെയുള്ള പ്രാഥമിക വിദ്യാഭ്യാസമെങ്കിലും ഉണ്ടായിരിക്കണം.

- പ്രതികൂല സാഹചര്യങ്ങളിൽ പ്രവൃത്തിയെടുക്കുന്നതിന് ബുദ്ധിമുട്ടില്ലാത്തവിധം ശാരീരികവും മാനസികവുമായ കാര്യക്ഷമതയുണ്ടായിരിക്കണം.

- അപേക്ഷകരുടെ പേരിൽ ക്രിമിനൽ കേസ്/റെക്കോർഡുകളും ഉണ്ടാകരുത്.

- ആംഡ് ഫോഴ്സസ്, ഫയർ സർവ്വീസ്, ടെറിറ്റോറിയൽ ആർമി, മറ്റു പാരാ മിലിട്ടറി സേനകൾ, സമാനമായ യൂണിഫോംഡ് സർവ്വീസുകളിലെന്നിവയിൽ ജോലിയിലുള്ളവരെയും ആംഡ് ഫോഴ്സിൽ ജോലി ചെയ്യുന്ന സിവിലിയന്മാരെയും വോളണ്ടിയറായി തെരഞ്ഞെടുക്കുന്നതല്ല. എന്നാൽ പ്രസ്തുത സർവ്വീസുകളിൽനിന്ന് സ്വാഭാവികമായി വിരമിച്ചവർക്ക് അംഗമാകാവുന്നതാണ്.

- മറ്റു സർക്കാർ-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ ഇതര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് സ്ഥാപന മേധാവിയുടെ/തൊഴിൽ ദാതാവിന്റെ അനുമതിയോടെ വോളണ്ടിയറാകാൻ അപേക്ഷിക്കാം.

• വിവിധ ഫയർസ്റ്റേഷനുകളിൽ നിലവിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർ സർവ്വീസിലെ അടിസ്ഥാന പരിശീലനം ലഭിച്ചിട്ടുള്ളവർ, സർവ്വീസിൽ നിന്ന് വിരമിച്ചവർ, ഡോക്ടർമാർ, നഴ്സുമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, യൂണിഫോംഡ് സർവ്വീസുകളിൽ നിന്ന് വിരമിച്ചവർ തുടങ്ങിയവർക്ക് മുൻഗണന നൽകുന്നതാണ്. ഇതിനുപുറമെ തീരപ്രദേശങ്ങളിൽ കടലിൽ പോയി ശീലമുള്ള മത്സ്യത്തൊഴിലാളികൾക്കും മലയോര പ്രദേശങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കും മുൻഗണന നൽകുന്നതാണ്.

• യുവതീ-യുവാക്കളിൽ സ്റ്റുഡന്റ് പോലീസ് സേനാംഗങ്ങൾ, എൻ.എസ്.എസ്. വോളണ്ടിയർമാർ, എൻ.സി.സി. എന്നീ വിഭാഗങ്ങിൽ പരിശീലനം ലഭിച്ചവർക്ക് പരിഗണന നൽകുന്നതാണ്.

(ഡി) കായിക ക്ഷമത ഉയർത്തുന്ന പരിശീലനങ്ങൾ പ്രാഥമിക ചികിത്സാ പരിശീലനം, രക്ഷാപ്രവർത്തനങ്ങളിൽ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ജീവൻരക്ഷാ ഉപകരണങ്ങൾ പരിചയപ്പെടൽ, പ്രത്യേക സന്ദർഭങ്ങളിൽ പ്രാദേശികമായി സ്വീകരിക്കേണ്ട മുൻകരുതലുകൾ, പ്രാദേശികമായ സന്നദ്ധതയും ജാഗ്രതയും ഉറപ്പാക്കുന്നതിന് വോളണ്ടിയർമാർ ശേഖരിച്ച് സൂക്ഷിക്കേണ്ട വിവരങ്ങൾ എന്നിവയ്ക്ക് പുറമെ വ്യക്തിത്വ വികസനം, മാനസിക പിരിമുറുക്കം കുറയ്ക്കൽ തുടങ്ങിയവയും കൂടി ഉൾപ്പെടുന്ന വിധം ചിട്ടയായതും സമഗ്രമായതുമായ പരിശീലനമാണ് നൽകുക.

പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കുള്ള പ്രാഥമിക പരിശീലനങ്ങൾ, അഗ്നിരക്ഷാ വകുപ്പിന്റെ പ്രാദേശിക പരിശീലന കേന്ദ്രങ്ങളുടെ ചുമതലയിൽ, അതതു യൂണിറ്റുകളെ ബന്ധിപ്പിച്ചിട്ടുള്ള ഫയർസ്റ്റേഷൻ തലത്തിലും കൂടുതൽ വിശദമായ പരിശീലനങ്ങൾ റസിഡൻഷ്യൽ പരിശീലനങ്ങളായി ജില്ലാതലത്തിലും നൽകുന്നതാണ്. യുദ്ധകാല പരിതസ്ഥിതികളും കടുത്ത ദുരന്താഘാത സ്ഥിതിയും നേരിടുന്നതിനുള്ള വിദഗ്ദ്ധ പരിശീലനങ്ങൾ തൃശ്ശൂരിലെ സിവിൽ ഡിഫൻസ് അക്കാദമിയിലും കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലുമായും നൽകുന്നതാണ്.

**ബഹുനില കെട്ടിടങ്ങൾക്ക് ഫയർ ആന്റ് സേഫ്റ്റി അനുമതി**

168 (3809) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ബഹുനില കെട്ടിടങ്ങൾക്ക് ഫയർ ആന്റ് സേഫ്റ്റി അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ തരം കെട്ടിടങ്ങൾക്കാണ് ഇത്തരം അനുമതി നിർബന്ധമാക്കിയിട്ടുള്ളത്;

(സി) ഫയർ ആന്റ് സേഫ്റ്റി വിഭാഗത്തിന്റെ അനുമതിയില്ലാതെ സംസ്ഥാനത്ത് പ്രത്യേകിച്ച് നഗര, വിനോദ സഞ്ചാര പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 55, 56, 58, 60 എന്നീ ചട്ടങ്ങൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 53, 54, 56, 57, 58 എന്നീ ചട്ടങ്ങൾ പ്രകാരവും പ്രസ്തുത ചട്ടങ്ങളിൽ പരാമർശിക്കുന്ന വിഭാഗം കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ അടിത്തറ വിസ്തീർണ്ണം $1000M^2$-നുമുകളിലോ ഉയരം 15 മീറ്ററിനുമുകളിലോ വരുന്ന കെട്ടിടങ്ങൾക്കാണ് ഫയർ & സേഫ്റ്റി അനുമതി ആവശ്യമായിട്ടുള്ളത്.

(സി) ഉണ്ട്. വകുപ്പിന്റെ അനുമതിയില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും ആദ്യഘട്ടമെന്ന നിലയിൽ നോട്ടീസ് നൽകുകയും നോട്ടീസ് നൽകിയിട്ടും അഗ്നിസുരക്ഷാ മാനദണ്ഡം നടപ്പിലാക്കാത്ത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർമാർക്കും തുടർ നടപടികൾക്കായി നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫയർമാൻ തസ്തിക**

169 (3810) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർഫോഴ്സ് വിഭാഗത്തിലെ ഫയർമാൻ തസ്തികയിൽ നിലവിൽ റാങ്ക് പട്ടിക പി.എസ്.സി. തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര പേരുടെ റാങ്ക് പട്ടികയാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ; ഓരോ ജില്ലയിലും എത്ര ഫയർമാൻമാരുടെ ഒഴിവാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഫയർമാൻ തസ്തികയിലേയ്ക്ക് പി.എസ്.സി. പുതിയതായി അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; ഒരു റാങ്ക് പട്ടിക നിലനിൽക്കുമ്പോൾ പുതുതായി പി.എസ്.സി. ടെസ്റ്റ് നടത്തി റാങ്ക് പട്ടിക തയ്യാറാക്കുന്ന രീതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫയർ & റെസ്ക്യൂ സർവ്വീസസിൽ ഫയർമാൻ തസ്തികയുടെ റാങ്ക് പട്ടിക 17-12-2018-ൽ നിലവിൽ വന്നിട്ടുണ്ട്. 898 പേരുടെ റാങ്ക് പട്ടികയാണ് നിലവിലുള്ളത്. നിലവിലുള്ള ഒഴിവ് ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 5 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 3 |
| ആലപ്പുഴ | - | 2 |
| കോട്ടയം | - | 3 |
| എറണാകുളം | - | 41 |
| ഇടുക്കി | - | 23 |
| പാലക്കാട് | - | 4 |
| തൃശ്ശൂർ | - | 20 |
| മലപ്പുറം | - | 16 |
| കോഴിക്കോട് | - | 14 |
| വയനാട് | - | 12 |
| കണ്ണൂർ | - | 19 |
| കാസർഗോഡ് | - | ഇല്ല. |
| ആകെ | - | 165 |

(ബി) പ്രസ്തുത തസ്തികയ്ക്ക് 15-10-2019-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനമായിട്ടുണ്ട്. തസ്തികയുടെ കാലാവധി ഒരു വർഷമാകയാൽ റാങ്ക് പട്ടിക നിലനിൽക്കുമ്പോൾത്തന്നെ അടുത്ത തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

## പാറശ്ശാല ഫയർ സ്റ്റേഷന് അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കുന്നതിന് നടപടി

170 (3811) ശ്രീ.സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തമിഴ്നാട് അതിർത്തിയോടു ചേർന്ന് എൻ.എച്ച്.-47-ന് സമീപത്തായി സ്ഥിതിചെയ്യുന്ന പാറശ്ശാല ഫയർ സ്റ്റേഷനിൽ ഒരു ആംബുലൻസും ഒരു മിനി മൊബൈൽ ടാങ്ക് യൂണിറ്റും (എം.ടി.യു.) അനുവദിച്ച് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോ;

(ബി) പാറശ്ശാല ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിമിതമായ സൗകര്യങ്ങളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പാറശ്ശാല ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) അഗ്നിരക്ഷാ വകുപ്പിൽ പുതിയ വാഹനങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പാറശ്ശാല നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശ്ശാല അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 08.75 ആർ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിലനിർത്തി വകുപ്പിന് ഉപയോഗാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലം, വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

171 (3812) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിനുവേണ്ടി വകുപ്പിന് ലഭിച്ചിട്ടുള്ള ഭൂമി സംബന്ധമായി നിലവിൽ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ;

(സി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര താലൂക്ക് നാദാപുരം വില്ലേജിൽ നാദാപുരം ദേശത്ത് റീസർവ്വേ നമ്പർ 73/1-ൽപ്പെട്ട 25 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ പ്ലാൻ പരിശോധിച്ച് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അത്യാവശ്യഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി കോസ്റ്റ് ഇഫക്ടീവായ പുതുക്കിയ പ്ലാൻ എത്രയുംവേഗം നൽകുന്നതിനായി PWD-യ്ക്ക് തിരികെ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ തടസ്സങ്ങളൊന്നും ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പിൽനിന്നും പുതുക്കിയ പ്ലാൻ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി മാത്രമേ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കോതമംഗലം ഫയർ സ്റ്റേഷനിൽ ആധുനിക ഉപകരണങ്ങൾ**

172 (3813) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപുലമായ പ്രവർത്തന മേഖലയുള്ളതും ഇടുക്കി അതിർത്തിവരെ വ്യാപിച്ച് കിടക്കുന്ന മേഖലയിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തിവരുന്നതുമായ കോതമംഗലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം നിലയത്തിന് പ്രാധാന്യം നൽകി താഴെപ്പറയുന്ന വാഹനങ്ങളും ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഡെലിവറി ഹോസ് | - | 15 എണ്ണം |
| ഡെലിവറി ഹോസ് (സിന്തറ്റിക്) | - | 16 എണ്ണം |
| ഡെലിവറി ഹോസ് (റബ്ബർ ലൈൻഡ്) | - | 15 എണ്ണം |
| ബി.എ. സെറ്റ് | - | 5 എണ്ണം |
| റബ്ബർ ഡിങ്കി വിത്ത് ഒ.ബി. എഞ്ചിൻ | - | 1 എണ്ണം |
| വാട്ടർ ടെണ്ടർ | - | 1 എണ്ണം |
| സെർച്ച് ലൈറ്റ് | - | 1 എണ്ണം |
| എൽ.ഇ.ഡി. ടോർച്ച് | - | 1 എണ്ണം |
| എമർജൻസി ലാമ്പ് | - | 1 എണ്ണം |
| എയർ കംപ്രസ്സർ | - | 1 എണ്ണം |
| ഗം ബൂട്ട് | - | 33 എണ്ണം |

| | | |
|---|---|---|
| സ്കൂബാ വാൻ | - | 1 എണ്ണം |
| ഹെൽമെറ്റ് വിത്ത് വൈസർ | - | 33 എണ്ണം |
| സ്കൂബാ സെറ്റ് | - | 2 എണ്ണം |
| ലൈഫ് ജാക്കറ്റ് | - | 15 എണ്ണം |

വെള്ളത്തിൽ നിന്നുള്ള രക്ഷാപ്രവർത്തനം നിർവ്വഹിക്കുന്നതിനുള്ള ഒരു സ്പെഷ്യലൈസ്ഡ് ടീമിനെ കോതമംഗലം സ്റ്റേഷനിൽ നിയോഗിച്ചിട്ടുണ്ട്.

**മാവേലിക്കര അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം**

173 (3814) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര അഗ്നി രക്ഷാനിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അഗ്നി രക്ഷാനിലയത്തിന് ആധുനിക സൗകര്യങ്ങളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് അത്യാധുനിക സൗകര്യങ്ങളുള്ള വാഹനങ്ങളും ഉപകരണങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ഡിവിഷൻ തയ്യാറാക്കിയ 5 കോടി രൂപയുടെ എസ്റ്റിമേറ്റിനൊപ്പം ലഭ്യമാക്കിയിരുന്ന പ്ലാനിൽ വകുപ്പുതല പരിശോധനയിൽ ചില മാറ്റങ്ങൾ അനിവാര്യമായതിനാൽ പുതുക്കിയ പ്ലാൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മാവേലിക്കര അഗ്നിരക്ഷാ നിലയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനായി ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിലയത്തിന് പ്രാധാന്യം നൽകി താഴെപ്പറയുന്ന ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ഡെലിവറി ഹോസ് | - | 15 നമ്പർ |

2. ഡെലിവറി ഹോസ് (സിന്തറ്റിക്) - 8 നമ്പർ
3. ഡെലിവറി ഹോസ് (റബ്ബർ ലൈൻഡ്)- 15 നമ്പർ
4. ബി.എ. സെറ്റ് - 3 നമ്പർ
5. സെർച്ച് ലൈറ്റ് - 1 നമ്പർ
6. എൽ.ഇ.ഡി. ടോർച്ച് - 2 നമ്പർ
7. എമർജൻസി ലാമ്പ് - 2 നമ്പർ
8. ഗം ബൂട്ട് - 38 നമ്പർ
9. ഹെൽമെറ്റ് വിത്ത് വൈസർ - 38 നമ്പർ
10. പോർട്ടബിൾ പമ്പ് - 1 നമ്പർ

കൂടുതൽ ഫണ്ടും ഭരണാനുമതിയും ലഭ്യമാകുന്നതനുസരിച്ച് പുതിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുമ്പോൾ ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ മാവേലിക്കര നിലയത്തിന് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**കോഴിക്കോട് ജില്ലയിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി**

174 (3815) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഫയർ സ്റ്റേഷനുകൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) മുൻഗണനാ പട്ടികയിൽ അന്തിമ തീരുമാനം കൈക്കൊണ്ടതിനുശേഷം ടി പട്ടികയിൽ ഉൾപ്പെടുന്നപക്ഷം സ്ഥലത്തിന്റെ ലഭ്യത, ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

## മൂവാറ്റുപുഴ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

175 (3816) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് ആധുനിക സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മൂവാറ്റുപുഴ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നഗരസഭ അനുവദിച്ചു നൽകിയ വള്ളൂർക്കുന്നം വില്ലേജിൽ സർവ്വേ നമ്പർ 841/2-ൽപ്പെട്ട 15 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി PWD-യിൽനിന്നും 320 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. ഒരു ഫയർ സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ നിർമ്മിതി മാത്രമടങ്ങുന്ന കോസ്റ്റ് ഇഫക്ടീവായ ഒരു എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കറുകച്ചാൽ നെടുങ്കുന്നം പ്രദേശത്ത് പുതിയ ഫയർ സ്റ്റേഷൻ

176 (3817) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയാറാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ, മണിമല, വെള്ളാവൂർ പഞ്ചായത്തുകളിലും തിരുവല്ല നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി പഞ്ചായത്തിനും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നെടുങ്കുന്നത്തോ കറുകച്ചാലിലോ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആവശ്യമായ സ്ഥലം തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്ത് നൽകിയാൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മറ്റ് തടസ്സങ്ങളെന്തൊക്കയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ഫയർ & റെസ്ക്യൂ വകുപ്പ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും), പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്, പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുന്നപക്ഷം ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**പഴയന്നൂരിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

177 (3818) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് തയ്യാറാക്കിയ പട്ടികയിൽ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണിടിച്ചിൽ സാധ്യത, കാട്ടുതീ പടരുന്നതിനുള്ള സാധ്യത, മറ്റു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിൽ നിന്നുള്ള അകലം എന്നിവ കണക്കിലെടുത്ത് പഴയന്നൂർ ആസ്ഥാനമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണന നൽകുമോ;എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉൾപ്പെട്ടിട്ടില്ല.

(ബി) വകുപ്പ് നടത്തുന്ന ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുന്ന പക്ഷം അടിയന്തര പ്രാധാന്യം, സ്ഥലത്തിന്റെ ലഭ്യത, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കു വിധേയമായി മാത്രമേ പ്രസ്തുത സ്ഥലത്ത് ഫയർസ്റ്റേഷൻ അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

178 (3819) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് എന്നിവ സ്ഥിതി ചെയ്യുന്ന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ വേനൽക്കാലത്ത് ഇടയ്ക്കിടെ തീപിടുത്തം ഉണ്ടാവുന്ന മാടായിപ്പാറ, പേമാരിയിൽ വെള്ളം കയറുന്ന ചെറുകുന്ന്, കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുകളിലെ പ്രദേശങ്ങൾ എന്നിവ ഉള്ളത് കണക്കിലെടുത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

## പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ

179 (3820) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വേനൽക്കാലത്ത് തീപിടുത്തങ്ങളും മഴക്കാലത്ത് പുഴയിൽ വീണുള്ള അപകടമരണങ്ങളും പതിവായിരിക്കെ ബജറ്റിൽ അനുവദിച്ചിട്ടുള്ള പട്ടാമ്പിയിലെ ഫയർ സ്റ്റേഷൻ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്ന് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പട്ടാമ്പി ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള കേസ്സുകളിൽ മുൻഗണന നിശ്ചയിച്ച് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നമുറയ്ക്ക് പട്ടാമ്പി സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര ഫയർ സ്റ്റേഷന് എം.റ്റി.യു. ഫയർ എഞ്ചിൻ

180 (3821) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഫയർ സ്റ്റേഷന് ആവശ്യമായി വരുന്ന എം.റ്റി.യു. ഫയർ എഞ്ചിൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എം.റ്റി.യു.ഫയർ എഞ്ചിൻ തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ സ്ഥലത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ 2019 സെപ്റ്റംബർ വരെ നെയ്യാറ്റിൻകര ഫയർ സ്റ്റേഷന് രക്ഷാപ്രവർത്തനത്തിനായി ഏതെല്ലാം ഉപകരണങ്ങൾ ആണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ഫയർ സ്റ്റേഷൻ നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഫയർ സ്റ്റേഷന്റെ നവീകരണ പ്രവർത്തനങ്ങൾ എപ്പോഴാണ് നടത്തിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിലയത്തിൽ നിലവിൽ എം.റ്റി.യു.-1, മിനി എം.റ്റി.യു-1, ജീപ്പ് -1, വാട്ടർ മിസ്റ്റ് -1 എന്നീ വാഹനങ്ങൾ ഉപയോഗത്തിലുണ്ട്. 2015-ൽ നെയ്യാർഡാം, ആറ്റിങ്ങൽ, വിഴിഞ്ഞം, തിരുവനന്തപുരം എന്നീ നിലയങ്ങളിലും 2016-ൽ തിരുവനന്തപുരം, കഴക്കൂട്ടം എന്നീ നിലയങ്ങളിലും എം.റ്റി.യു. അനുവദിച്ചിട്ടുണ്ട്.

(ബി) മിനി വാട്ടർ മിസ്റ്റ് ടെണ്ടർ - 1, ന്യൂമാറ്റിക്ക് എയർ ബാഗ്, ബി.എ. സെറ്റ് - 3, ഡെലിവറി ഹോസ് -47, സെർച്ച് ലൈറ്റ് -1, എൽ.ഇ.ഡി ടോർച്ച് -1, എമർജൻസി ലാമ്പ് -1, ഗംബൂട്ട് -40, ഹെൽമറ്റ് - 40, ഡെമോളിഷിംഗ് ഹാമർ -1, ഹൈസ്പീഡ് പോർട്ടബിൾ പമ്പ് എന്നിവ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ 2012-ൽ നടത്തിയിട്ടുണ്ട്.

## ജയിൽ വകുപ്പിലെ നിയമനം

181 (3822) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ വകുപ്പിൽ ആകെ എത്ര നിയമനങ്ങൾ നടത്തി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ജയിൽ വകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ വകുപ്പിൽ വിവിധ തസ്തികകളിലായി ആകെ 394 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) തൃശ്ശൂർ ജില്ലയിൽ ജയിൽ വകുപ്പിൽ തസ്തികകൾ ഒന്നുംതന്നെ ഒഴിഞ്ഞു കിടക്കുന്നില്ല.

**അച്ചടി വകുപ്പിലെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ**

182 (3823) ശ്രീ.അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ രാജേന്ദ്രകുമാർ അനയത്ത് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പുനരുദ്ധാരണ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കാനായിട്ടാണോ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ നിയമിച്ചിട്ടുള്ളത്;

(ബി) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി വാപ്കോസ് എന്ന സ്ഥാപനത്തെ കണ്ടെത്തിയിട്ടുള്ളത് കോമ്പറ്റിറ്റീവ് ബിഡ്ഡിംഗ് പ്രോസെസ്സിലൂടെയാണോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ ബിഡ്ഡിംഗ് പ്രോസസ്സിൽ പങ്കെടുത്തു; വിശദാംശം നൽകുമോ;

(സി) ബിഡ്ഡിംഗ് പ്രോസെസ്സിലൂടെയല്ലെങ്കിൽ വാപ്കോസ് എന്ന സ്ഥാപനത്തെ കണ്ടെത്തിയത് ഏത് മാനദണ്ഡത്തിലൂടെയാണ്;

(ഡി) വാപ്കോസ് എന്ന സ്ഥാപനത്തിന് അച്ചടി രംഗത്ത് പദ്ധതി നിർവ്വഹണ മേഖലയിലെ പ്രാവീണ്യം എന്താണ്; വാപ്കോസിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ ചുമതലകളാണ് നൽകിയിരിക്കുന്നത്; പദ്ധതി നിർവ്വഹണത്തിനായി വാപ്കോസിന് സെൻഡേജ് ചാർജായി എന്ത് തുകയാണ് നൽകുന്നത്; ഇത് നിശ്ചയിക്കുന്നത് എപ്രകാരമാണ്;

(ഇ) അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നത് ആരാണ്; ഇതിന്റെ നിലവിലെ സ്ഥിതിയെന്താണ്; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അതെ.

(ബി&സി) Expression of interest-ലൂടെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ കണ്ടെത്തിയത്. ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് Expression of interest ആവശ്യപ്പെട്ടതെങ്കിലും M/s. WAPCOS മാത്രമാണ് പ്രതികരിച്ചത്.

1. KITCO
2. KSEB
3. INKEL
4. BSNL
5. KSCC Ltd.
6. Uralungal Labour Contract Co-operative Society Ltd.
7. Kerala State Housing Board (KSHB)
8. Kerala State Nirmiti Kendra (KESNIK)
9. Kerala State Coastal Area Development Corporation
10. Kerala Police Housing and Construction Corporation
11. Kerala Electrical and Allied Engineering Ltd
12. HLL Infra Tech Services Ltd.
13. WAPCOS

(ഡി) KIIFB മുഖാന്തരം വകയിരുത്തിയിട്ടുള്ള 100 കോടി രൂപ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി ശിപാർശ ചെയ്ത പദ്ധതി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കൽ, ടി പദ്ധതി നിർവ്വഹണത്തിനുമായിട്ടാണ് M/s. WAPCOS-നെ 7-3-2019-ലെ സ.ഉ. (സാധാ) 371/19/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ളത്.

പദ്ധതിയുടെ 3.75% ആണ് M/s. WAPCOS സെന്റേജ് ചാർജ്ജായി ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ അത് അംഗീകരിച്ചിട്ടില്ല. ഒരു സമഗ്ര പദ്ധതി മാനേജ് ചെയ്യാനുള്ള പരിചയം പരിഗണിച്ചാണ് WAPCOS എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഇ) M/s. WAPCOS-നെയാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

**അച്ചടിയും സ്റ്റേഷനറിയും വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ**

183 (3824) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അച്ചടിയും സ്റ്റേഷനറിയും വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) <u>അച്ചടി വകുപ്പ്</u>

- വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ജീവനക്കാർക്കും പൊതുജനങ്ങൾക്കും മറ്റു കാര്യാലയങ്ങൾക്കും യഥാസമയം ലഭ്യമാക്കുന്നതിനായി 08-03-2019 മുതൽ അച്ചടി വകുപ്പിന്റെ വെബ്സൈറ്റ് (www.printing.kerala.gov.in) നിലവിൽ വന്നു.

- ഗവൺമെന്റ് പ്രസ്സുകളുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- അച്ചടി വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് പ്രസ്സുകളിൽനിന്നും ഉപയോഗശൂന്യമായ സാമഗ്രികൾ MSTC വഴി ലേലം ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുന്നതിന് 23-5-2017-ലെ സ.ഉ.(സാധാ) 933/17/ഉ.വി.വ. ഉത്തരവുപ്രകാരം അനുമതി ലഭിക്കുകയും അതനുസരിച്ച് 7,84,86,197 രൂപയ്ക്ക് ടി ഉപയോഗശൂന്യമായ സാധനങ്ങൾ വിൽക്കുവാൻ സാധിക്കുകയും ചെയ്തു.

- അച്ചടി വകുപ്പ് ഡയറക്ടറേറ്റിലും മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും ISO 9001-2015 സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു. ടി രണ്ട് കാര്യാലയങ്ങളിലും താമസംവിനാ ISO 9001-2015 സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമാണ്.

- അച്ചടി വകുപ്പിന്റെ ഡിജിറ്റലൈസേഷന്റെ ഭാഗമായി നടപ്പിലാക്കുന്ന COMPOSE പ്രോജക്ടിന്റെ ഭാഗമായി 1-6-2019 മുതൽ അസാധാരണ ഗസറ്റുകൾ ഓൺലൈനിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. കൂടാതെ ആഴ്ചതോറും പ്രസിദ്ധീകരിക്കുന്ന കേരള ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ട്രയൽ റൺ നടന്നുവരുന്നു.

സ്റ്റേഷനറി വകുപ്പ്

- TERMS Software:- വകുപ്പിൽ നിലവിൽ സ്റ്റേഷനറി സംഭരണ-വിതരണങ്ങൾക്കായി ഉപയോഗിച്ചുവന്നിരുന്ന E-mist Software പരിഷ്കരിച്ച് സ്റ്റേഷനറി വകുപ്പിന്റെ മുഴുവൻ കൺസ്യൂമർ ഓഫീസുകളേയും ഉൾക്കൊള്ളുന്നതും വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതുമായ ഇൻവെന്ററി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ TERMS Software (Total Enterprises Resource Management System) സുഗമവും കാര്യക്ഷമമായും 2019 ഏപ്രിൽ മാസത്തോടെ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് Online ആയിത്തന്നെ വൗച്ചർ സമർപ്പിക്കുവാനും അവർക്ക് സൗകര്യപ്രദമായ രീതിയിലും സമയത്തും തടസ്സങ്ങൾ ഇല്ലാതെ സ്റ്റേഷനറി വകുപ്പിന്റെ സേവനം ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ട്.

- ഡോർ ഡെലിവറി:- Online വൗച്ചർ സംവിധാനം പ്രയോജനപ്പെടുത്തി പാലക്കാട് ജില്ലയിൽ പാലക്കാട് സിവിൽ സ്റ്റേഷൻ, ആലത്തൂർ, മണ്ണാർക്കാട്, ചിറ്റൂർ എന്നിവിടങ്ങളിൽ ഡോർ ഡെലിവറി സമ്പ്രദായത്തിൽ സ്റ്റേഷനറി വിതരണം 2018-19 കാലയളവിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിരുന്നു.

- E-Office:- 2019 ഫെബ്രുവരി മാസത്തോടെ സ്റ്റേഷനറി വകുപ്പിൽ ഫയൽ നീക്കം പൂർണ്ണമായും E-Office സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്.

- സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി:- വകുപ്പിനെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

- 2018-ൽ കോഴിക്കോട് മേഖലാ സ്റ്റേഷനറി ഓഫീസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

- വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് പുതിയ മന്ദിരവും ഗോഡൗണും നിർമ്മിക്കുന്നതിനായി 20 സെന്റ് റവന്യൂ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.

**ജലപാതാ നിർമ്മാണത്തിന് ആവിഷ്കരിച്ച പദ്ധതികൾ**

184 (3825) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലപാതാ നിർമ്മാണത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിന്റെ സമ്പൂർണ്ണ വികസനത്തിനായുള്ള അടിസ്ഥാന വികസന പദ്ധതികളിലൊന്നാണ് ഉൾനാടൻ ജലപാതാ വികസനം. ഏറ്റവും ചെലവു കുറഞ്ഞതും പരിസ്ഥിതി മലിനീകരണം കുറഞ്ഞതുമായ ഗതാഗത സൗകര്യമാണ് ഉൾനാടൻ ജലഗതാഗതം. കൂടാതെ ഏറ്റവും ചെലവു കുറഞ്ഞതും അപകടം കുറഞ്ഞതുമായ ചരക്ക് ഗതാഗതവും ഇതിലൂടെ സാധ്യമാകും. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ.- ഉം 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ഉൾപ്പെടെ 328 കി.മീ. ഭാഗം ദേശീയ ജലപാത (N.W 3) ആണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി.മീ. എന്നീ ഭാഗങ്ങളുടെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഉയർന്ന പദ്ധതി ചെലവുവരുന്ന ഭാഗങ്ങൾ KIIFB-യുടെ സഹായത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ KWIL (കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ്) എന്ന SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ. ജലപാതയിൽ KWIL ഏറ്റെടുത്ത പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. 6.62 കി.മീ. ഭാഗികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. 25.56 കി.മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുണ്ട്. പാർവ്വതീപുത്തനാറിന് കുറുകെ 3 ലിഫ്റ്റിംഗ് ടൈപ്പ് സ്റ്റീൽ നടപ്പാലങ്ങളിൽ രണ്ടെണ്ണത്തിന്റെ ഡിസൈൻ പ്രവൃത്തികൾ ചെയ്യാൻ KEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. കൊല്ലത്തും വർക്കലയിലുമായി അവശേഷിച്ച 18.14 കി.മീ. ഭാഗത്തെ പ്രവൃത്തികൾ നടന്നുവരുന്നു. വർക്കലയിൽ ചെയിനേജ് 49.740 കി. മീ. മുതൽ 50.900 കി. മീ.

വരെയുള്ള വികസന പ്രവൃത്തികളുടെ എഗ്രിമെന്റ് വച്ച പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ വർക്കല വെട്ടൂർ ഭാഗത്ത് കനാൽ വികസന പ്രവൃത്തികൾ ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ ചെയിനേജ് 21.05 കി.മീ. മുതൽ 26.00 കി.മീ. വരെയുള്ള കനാൽ ക്ലീനിംഗ് പ്രവൃത്തി നടന്നുവരുന്നു. കൂടാതെ ചിറയിൻകീഴ് പഞ്ചായത്തിൽ ചെ. 33.63 കി.മീ. മുതൽ 37.29 കി.മീ. വരെയുള്ള 3 പ്രവൃത്തികളുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. വർക്കലയിൽ 5 സ്റ്റീൽ നടപ്പാലങ്ങളുടെ Design KEL-ൽ നിന്നും സ്വീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടികൾ നടന്നുവരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (411.78-450.08 കി.മീ.) ജലപാത ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാൽ, പയ്യോളി കനാൽ എന്നിവയുടെ വികസനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ തുടർ നടപടികൾ നടന്നുവരുന്നു. വടകര – മാഹി കനാലിന്റെ (ചെ. 450.08 കി.മീ. - 467.69 കി.മീ.) ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹിക്കും വളപട്ടണത്തിനും ഇടയിലെ 3 അൺകട്ട് ഭാഗങ്ങളിൽ റീച്ച് ഒന്നിലും റീച്ച് രണ്ടിലും ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് വരെ ജലപാത ഗതാഗതയോഗ്യമാണ്. ഹോസ്ദുർഗ്ഗിനും ബേക്കലിനും ഇടയിലുള്ള അൺകട്ട് ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്.

## ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്കുള്ള ആനുകൂല്യം

185 (3827) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർ കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരും പരിക്കേറ്റവരും തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിമിനായി മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസ്സുകൾ കേരള ഇൻലാന്റ് വെസൽസ് റൂൾസ് പ്രകാരമുള്ള ആക്സിഡന്റ് സ്കീം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ തള്ളിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലുകൾക്ക് അത്തരം കേസ്സുകൾ പരിഗണിക്കുന്നതിന് ചുമതല നൽകുന്ന വിജ്ഞാപനം ഇറക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) 30-5-2010 ലെ G.O.(P)No.5/2010/CSIND പ്രകാരം കേരള ഇൻലാന്റ് വെസ്സൽ റൂൾ നിലവിൽ വന്നിട്ടുള്ളതും 15-9-2010 മുതൽ പ്രസ്തുത റൂൾ തുറമുഖ വകുപ്പിന് കീഴിൽ പ്രാബല്യത്തിൽ വന്നതു മുതൽ ഉൾനാടൻ ജലയാനങ്ങൾക്ക് രജിസ്ട്രേഷനും തേർഡ് പാർട്ടി ഇൻഷ്വറൻസും നൽകി വരുന്നതും കണക്കിലെടുത്ത് പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകൂല്യം ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും ലഭിക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെ വിജ്ഞാപനം ഇറക്കുവാൻ സാധിക്കുമോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ, പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകൂല്യം ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ ഉൾപ്പെട്ടവർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത വിജ്ഞാപനം ഇറക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ജി) നിലവിൽ ഇതു സംബന്ധിച്ച ഫയൽ ഏത് വകുപ്പിലാണെന്നും ഫയലിന്റെ നിജസ്ഥിതി എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)ഉണ്ട്.

(ബി - ജി) മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണലുകളെ കേരള ഇൻലാന്റ് വെസൽസ് റൂൾസ് പ്രകാരമുള്ള ആക്സിഡന്റ് സ്കീം കേസ്സുകൾകൂടി കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം ഇറക്കുന്നത് സംബന്ധിച്ച് 28-9-2019-ലെ സി5/196/2019/ആഭ്യന്തരം നമ്പർ <u>കത്തു</u>പ്രകാരം ഹൈക്കോടതി രജിസ്ട്രാറോട് അഭിപ്രായമാരാഞ്ഞിരിക്കുകയാണ്. ഹൈക്കോടതിയിൽ നിന്നും റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകൂല്യം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാനാകൂ.

**ഭരണഭാഷ മലയാളം**

186 (T* 3828) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളം ആക്കി മാറ്റാനുള്ള തീരുമാനം പ്രാബല്യത്തിൽ വന്നിട്ടും ഇപ്പോഴും സെക്രട്ടേറിയറ്റിലെ പല വകുപ്പുകളിൽ നിന്നും ഇംഗ്ലീഷ് ഭാഷയിൽ സർക്കാർ ഉത്തരവുകൾ പുറത്തിറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇത്തരം കാര്യങ്ങളിൽ മലയാളം നിർബന്ധമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനുവേണ്ടി സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർക്ക്, ഭരണഭാഷ സംബന്ധിച്ച, നിലവിലുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് (1) കേന്ദ്ര സർക്കാർ (2) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ (3) ഹൈക്കോടതി-സുപ്രീം കോടതി (4) ഇതര സംസ്ഥാനങ്ങൾ (5) മറ്റു രാജ്യങ്ങൾ (6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പുഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്കുവിധേയമായി എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മേയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

ഭരണഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഭരണഭാഷാ വർഷാഘോഷം ദീർഘിപ്പിക്കുകയുണ്ടായി. ഈ കാലയളവിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഭരണഭാഷാ വ്യാപനത്തിനായി പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകുകയും കർമ്മപരിപാടിയുടെ മാതൃക ഔദ്യോഗികഭാഷാ വകുപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. യൂണിക്കോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചാരണം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽകൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മപരിപാടി രൂപപ്പെടുത്തിയത്. കൂടാതെ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടിക്രമങ്ങൾ, ജീവനക്കാർക്ക് നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിയമന ഉത്തരവുകൾ എന്നിവ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്ന നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ ഓഫീസുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിൽനിന്നും ഭാഷാമാറ്റ പുരോഗതിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ ഔദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

## സ്വകാര്യ ലാബുകളുടെ നിലവാരം പരിശോധിക്കുന്നതിനുള്ള നടപടി

187(3829) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ലാബുകളിൽ നടത്തുന്ന പരിശോധനകളുടെ പിഴവുമൂലം രോഗമില്ലാത്തവരെ മാരക രോഗികളാക്കി ചികിത്സയ്ക്ക് വിധേയമാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാവക്കാട് താലൂക്ക് ആശുപത്രിക്ക് സമീപമുള്ള സ്വകാര്യ മെഡിക്കൽ ലാബിൽ നടത്തിയ പരിശോധനയിൽ നാലരവയസ്സുകാരനായ കുട്ടിക്ക് എച്ച്.ഐ.വി. പോസിറ്റീവ് ആയി റിപ്പോർട്ട് നൽകിയെന്നതും കോട്ടയം സ്വദേശിനിയായ വീട്ടമ്മക്ക് അർബുദമുണ്ടെന്ന തെറ്റായ ലാബ് റിസൽട്ട് മൂലം ചികിത്സയ്ക്ക് വിധേയയാകേണ്ടിവന്ന സംഭവവും സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലാബുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ ലാബുകളിൽ യോഗ്യതയുള്ള ടെക്നീഷ്യന്മാർ ഉണ്ടെന്നും അവിടെ ഉപയോഗിക്കുന്ന ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണെന്ന് ഉറപ്പുവരുത്തുന്നതിനും ശക്തമായ പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ചാവക്കാട് സ്വകാര്യ ലാബിൽ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട പരാതി ഗൗരവമായി പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) അന്വേഷണം നടത്തുകയും ഇതുസംബന്ധിച്ച റിപ്പോർട്ടിൽ പ്രസ്തുത ലാബിൽ നടത്തിയിട്ടുള്ളത് സ്ക്രീനിംഗ് ടെസ്റ്റ് മാത്രമാണ് എന്നും അതിൽ സംശയകരമായ റിസൽട്ട് കണ്ടപ്പോൾ കൺഫർമേറ്ററി ടെസ്റ്റ് നടത്തുന്നതിനായി ICTC-യിലേയ്ക്ക് അയയ്ക്കുകയും ആയതിൽ ലഭിച്ച റിസൽട്ട് നെഗറ്റീവ് ആയിരുന്നു എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ഈ ലാബിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച കാര്യത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അന്വേഷണ റിപ്പോർട്ട് ചാവക്കാട് മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് അയച്ചു നൽകിയിട്ടുണ്ട്.

മാവേലിക്കര സ്വദേശിനിയായ ശ്രീമതി രജനി സ്വകാര്യ ലാബിലെ തെറ്റായ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കീമോതെറാപ്പിയ്ക്ക് വിധേയയാകേണ്ടി വന്ന സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ടി സമിതി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. സ്കാനിംഗ് സെന്ററുകളും ഡയഗ്നോസ്റ്റിക് ലാബുകളും ഡോക്ടർമാരും തമ്മിൽ എന്തെങ്കിലും ഇടപാടുകളോ ബന്ധമോ ഉണ്ടോ എന്ന കാര്യത്തിൽ പോലീസ് അന്വേഷണം നടത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. ശ്രീമതി രജനിയെ ചികിത്സിച്ച ഡോക്ടർമാരുടെ വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭ്യമാക്കുകയും അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. കാൻസർ ബാധയില്ലാതെ കീമോതെറാപ്പിയ്ക്ക് വിധേയമായ ശ്രീമതി രജനിക്ക് ഇത് കാരണമുണ്ടായ ചികിത്സാ ചെലവും മാനസിക ആഘാതവും കണക്കിലെടുത്ത് 3 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നതിന് 26-10-2019-ലെ സ.ഉ.(കൈ) നമ്പർ 161/2019/ആ.കു.വ. പ്രകാരം റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ 1-11-2019-ലെ സ.ഉ.(സാധാ) നമ്പർ 3136/2019/റവ. പ്രകാരം 3 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ & റെഗുലേഷൻ ആക്ട് 2018 അനുസരിച്ച് 1-1-2019 മുതൽ എല്ലാ ലബോറട്ടറികളുടേയും താൽക്കാലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതത് സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് വെബ്സൈറ്റിൽ അപ്‍ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും സ്റ്റാഫുകളുടെ പേരും യോഗ്യതയും ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്.

**ഡിഫ്തീരിയ രോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

188 (3830) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കൂടുതലായി ഡിഫ്ത്തീരിയ കേസ്സുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഡിഫ്തീരിയ ബാധ ലാബുപരിശോധനയിൽ തെളിഞ്ഞിട്ടുള്ളത്;

(സി) ഡിഫ്തീരിയ മൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലെന്ന് വെളിപ്പെടുത്താമോ;

(ഡി) ചെറിയ കുട്ടികളിൽ കണ്ടുവന്നിരുന്ന ഡിഫ്തീരിയ രോഗം ഒമ്പത് വയസ്സിന് മുകളിലുള്ള കുട്ടികളിലും പ്രായമായവരിലും ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഡിഫ്തീരിയ രോഗത്തിന് നൽകുന്ന റ്റി.റ്റി. വാക്സിന് പകരം ടെറ്റനസ്സ് ഡിഫ്തീരിയ-അഡല്റ്റ് വാക്സിൻ നൽകണമെന്ന ഡബ്ല്യൂ.എച്ച്.ഒ.-യുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(എഫ്) ഇത് നടപ്പിലാക്കിയ ശേഷവും ഡിഫ്തീരിയ ബാധിക്കുന്ന രോഗികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് ഗൗരവമായി എടുത്ത് പ്രതിരോധ പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2019 വർഷത്തിൽ 299 ഡിഫ്ത്തീരിയ ആണെന്ന് സംശയിക്കുന്ന കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലബോറട്ടറി പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ 25 എണ്ണം ഡിഫ്ത്തീരിയ ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും സമാന രീതിയിൽ ഡിഫ്ത്തീരിയ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ കുട്ടികൾക്കും വാക്സിനേഷൻ നൽകാൻ മാതാപിതാക്കൾ തയ്യാറാകാത്തതാണ് ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്യാൻ കാരണം.

(ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ.

(സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (തിരുവനന്തപുരം, എറണാകുളം). കൂടാതെ suspected ഡിഫ്ത്തീരിയ കാരണം മലപ്പുറത്തും കാസർഗോഡും മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കണ്ടെത്തിയിട്ടുണ്ട്. വിലയിരുത്തിയിട്ടുണ്ട്.

(ഇ) നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികൾക്ക് 10 വയസ്സിലും 15 വയസ്സിലുമാണ് Td വാക്സിൻ ഇപ്പോൾ നൽകുന്നത്. 2019 ജൂൺ - ജൂലൈ മാസം മുതൽ Td വാക്സിൻ സംസ്ഥാനത്ത് നടപ്പിലാക്കി.

(എഫ്) പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതലായി നടത്തി വരുന്നുണ്ട്. ഡിഫ്ത്തീരിയ കേസ് റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൂടുതൽ ആളുകളിലേയ്ക്ക് ഡിഫ്ത്തീരിയ പടരാതെയിരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ വാക്സിൻ എടുക്കുന്നതിനെപ്പറ്റിയുള്ള ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

## ഐ. വി. ഫ്ളൂയിഡ് ഡ്രിപ്പ് നിർമ്മാണം

189 (3832) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾക്കും നിർജ്ജലീകരണം ഉൾപ്പെടെയുള്ളവർക്കും നൽകുന്ന ഐ.വി.ഫ്ളൂയിഡ് ഡ്രിപ്പ് നിർമ്മാണത്തിലേക്ക് കടക്കുവാൻ കെ.എസ്.ഡി.പി. തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഐ.വി.ഫ്ളൂയിഡ് നിർമ്മിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങളോടു കൂടിയ മിഷ്യനറി ഇറക്കുമതി ചെയ്തിട്ടുണ്ടോ; എങ്കിൽ എവിടെയാണ്;

(സി) കെ.എസ്.ഡി.പി. ഐ.വി.ഫ്ളൂയിഡ് നിർമ്മിക്കുന്നതോടു കൂടി രോഗികൾക്ക് കുറഞ്ഞ വിലക്ക് ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഐ.വി.ഫ്ളൂയിഡ് ഡ്രിപ് നിർമ്മാണത്തിനുള്ള പ്ലാന്റ് 2021-ൽ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഐ.വി. ഫ്ളൂയിഡ് നിർമ്മിക്കുന്നതിനുവേണ്ടി ആധുനിക സാങ്കേതികവിദ്യ അടങ്ങുന്ന മെഷിനറി ഇറക്കുമതി ചെയ്യുന്നതിനായി സ്വിറ്റ്സർലാന്റിൽ ഉള്ള വിദേശ കമ്പനിക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ഡി.പി. ഐ.വി. ഫ്ളൂയിഡ് നിർമ്മിക്കുന്നതോടുകൂടി കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് ഐ.വി. ഫ്ളൂയിഡ് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

**കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്ന മരുന്നുകൾ**

190 (3833) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്ന ചില മരുന്നുകൾ തിരിച്ചറിയാൻ കഴിയാത്ത വിധം ഒരേ ലേബൽ ഉള്ളതായതിനാൽ ചില സ്ഥലങ്ങളിൽ മരുന്ന് മാറിക്കൊടുക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകൾ രോഗികൾക്ക് നൽകിയശേഷം മരവിപ്പിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചു നൽകുന്ന മരുന്നുകളിൽ ഒരേ കമ്പനികൾ

നിർമ്മിച്ച് വിതരണം നടത്തുന്ന വ്യത്യസ്ത മരുന്നുകളുടെ പുറത്തുള്ള ലേബലുകൾ, അടയാളങ്ങൾ എന്നിവയിൽ സാമ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ കർശനമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. മരുന്ന് നിർമ്മിച്ച് വിതരണം നടത്തുന്ന കമ്പനികൾ വിതരണം നടത്തുന്ന മരുന്നുകളുടെ പുറത്തുള്ള ലേബലുകൾ (പുറത്തുള്ള നിറം, അടയാളങ്ങൾ തുടങ്ങിയവ) ഒരേ തരത്തിലുള്ളവ ആകാൻ പാടില്ലെന്നുള്ള വ്യക്തമായ നിർദ്ദേശം ദർഘാസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാത്ത കമ്പനികൾക്ക് നോട്ടീസ് നൽകി, പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിതരണം ചെയ്ത മരുന്നുകളെ സംബന്ധിച്ച് പരാതികൾ ലഭിച്ച അവസരങ്ങളിൽ മരവിപ്പിക്കുകയും നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിതരണം നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

1. ദർഘാസ് ക്ഷണിക്കുമ്പോൾത്തന്നെ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് അവർ ദർഘാസിൽ അവകാശപ്പെടുന്ന രീതിയിൽ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനും കാര്യക്ഷമത പരിശോധിക്കുന്നതിനുമുള്ള സൗകര്യം ഉണ്ട് എന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഇൻ-ഹൗസ് ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ, ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് അല്ലെങ്കിൽ കേന്ദ്ര മരുന്ന് പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതാണ്. മേൽ വിവരിച്ച പരിശോധനാഫലങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗം സൂക്ഷ്മമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്.

2. ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള അടുത്ത നടപടിയായി കോർപ്പറേഷനിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം എംപാനെൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ലാബുകളിലെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യാറുണ്ട്.

3. ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും 10%ൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം (സാമ്പിളുകൾ കോർപ്പറേഷന്റെ DDMS സോഫ്റ്റ്‌വെയർ മുഖേന തെരഞ്ഞെടുക്കുന്നു). മരുന്നുകളുടേയും ഉല്പാദകരുടേയും പേരും മറ്റു വിവരങ്ങളും ഒഴിവാക്കി DDMS സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിക്കുകയും എംപാനെൽഡ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തുകയും ചെയ്തുവരുന്നു. എംപാനെൽഡ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളെ തെരഞ്ഞെടുക്കുന്നതും DDMS സോഫ്റ്റ്‌വെയർ പ്രകാരമാണ്. എംപാനെൽഡ് ലബോറട്ടറികളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നു. ടി പരിശോധനയിൽ ഗുണനിലവാരമില്ല എന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

4. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം മരവിപ്പിക്കുകയും പരാതി ലഭിച്ച സ്ഥാപനത്തിൽനിന്നും സാമ്പിൾ ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുകയും ചെയ്യുന്നതാണ്.

5. ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്.

6. ഒരു ഉല്പാദകൻ വിതരണം ചെയ്യുന്ന ഏതെങ്കിലും മരുന്നുകളുടെ മൂന്ന് ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാകേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

7. ഒരു ഉല്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെട്ടാൽ പ്രസ്തുത മരുന്ന് കമ്പനിയെ തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽനിന്നും വിലക്കുകയും ചെയ്യുന്നു.

8. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും 10 ശതമാനത്തിൽ കുറയാതെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നതിനുപുറമെ കാലഹരണ തീയതി അവസാനിക്കുന്നതിനുമുൻപുവരെ ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി റാൻഡമായി മരുന്നുകളുടെ ലഭ്യമായ സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്.

9. ഒരു ഉല്പാദകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനമാകാനോ നിറത്തിലോ മറ്റു അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കി തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കുവാനോ പാടില്ലെന്ന് നിലവിലെ ദർഘാസ് വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രസ്തുത ഉല്പാദകനിൽനിന്നും പിഴ ഈടാക്കാറുമുണ്ട്. കോർപ്പറേഷന്റെ 2017-18-ലെ ദർഘാസു മുതൽ കളർ കോഡ് നിർബന്ധമാക്കിയിട്ടുണ്ട്.

10. ശീതസംഭരണ ഊഷ്മാവിലും ($2^0$- $8^0$), നാർക്കോട്ടിക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടുകൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽനിന്നും അന്യത്രസേവന വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ കീഴിൽ ഫാർമസിസ്റ്റുമാരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

12. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ NABL ലബോറട്ടറിയായ Pharma & Allied Testing Laboratory-യെ കോർപ്പറേഷന്റെ എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം

191 (3834) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥാനം എത്രയാണ്; കാലാകാലങ്ങളിൽ സംസ്ഥാനത്തെ ഭരണ കർത്താക്കൾ ആരോഗ്യ മേഖലയിൽ കൊണ്ടുവന്ന പരിഷ്കാരങ്ങൾ ഈ നേട്ടത്തിന് കാരണമായിട്ടില്ലെ; വ്യക്തമാക്കാമോ;

(ബി) ലോകാരോഗ്യ സംഘടനയുടെ നിർവ്വചനത്തിൽ ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ മാത്രമല്ല ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയുമാണ് എന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥിതി ആശാവഹമാണോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഭീതിജനകമാം വിധം വർദ്ധിക്കുന്നുവെന്നത് ജനങ്ങളുടെ മാനസികമായ പിന്നോക്കാവസ്ഥയെ അല്ലേ സൂചിപ്പിക്കുന്നത്; എങ്കിൽ ജനങ്ങളെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുന്നതിനും ലഹരി മുക്ത കുടുംബങ്ങൾ സൃഷ്ടിക്കുന്നതിനും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥാനം ഒന്നാമതാണ്. സംസ്ഥാനത്ത് കാലാകാലങ്ങളിൽ ആരോഗ്യ മേഖലയിൽ കൊണ്ടുവന്ന പരിഷ്കാരങ്ങൾ ഈ നേട്ടത്തിന് കാരണമായിട്ടുണ്ട്.

(ബി) മാതൃശിശു മരണ നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് കുറവാണ്. കേരളത്തിലെ ജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ അവസ്ഥ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും രോഗാതുര നിരക്ക് ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ഇതിനായി പ്രത്യേക പദ്ധതി വിപുലീകരിച്ച് നടപ്പാക്കിവരുന്നു. ജീവിതശൈലീ രോഗത്തിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

(സി) ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിലും എൻ.എച്ച്.എം.-ന്റെ സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നേതൃത്വത്തിലും പ്രതിരോധ പ്രവർത്തനങ്ങളും രോഗചികിത്സയും ഏകോപിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ ആർദ്രം

പീപ്പിൾസ് ക്യാമ്പയിനിന്റെ (ജനകീയ ക്യാമ്പയിന്റെ) ഭാഗമായി ഏറ്റെടുത്തിട്ടുള്ള 5 പ്രധാന വിഭാഗങ്ങളിൽ ഒന്ന് പുകയില, മദ്യപാനം തുടങ്ങിയ ലഹരിയുടെ നിയന്ത്രണവും മാനസികാരോഗ്യവുമാണ്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതലത്തിലുള്ള സമിതിയും ഇതിന്റെ ഉപ വിഭാഗങ്ങളായി സ്കൂൾതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുൾപ്പെടെ വലിയൊരു പ്രതിരോധ പ്രചരണ ക്യാമ്പയിൻ രൂപം നൽകുകയാണ്. ഇത് കൂടാതെ എക്സൈസ് വകുപ്പുമായി സഹകരിച്ച് വിമുക്തി ലഹരി വിമോചന കേന്ദ്രങ്ങൾ നടത്തിപ്പിലും ആരോഗ്യ വകുപ്പ് ഇടപെടുന്നുണ്ട്. ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും 'വിമുക്തി' ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരേ സമയം പത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി 272 മാനസികാരോഗ്യ ക്ലിനിക്കുകൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്നു.

## വൃക്ക രോഗികളുടെ എണ്ണം

192 (3835) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൃക്ക രോഗികളുണ്ടെന്നാണ് സർക്കാർ കണക്കാക്കുന്നതെന്ന് അറിയിക്കുമോ; വർഷം തോറും വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഡയാലിസിസ് കേന്ദ്രങ്ങളിൽ ഡയാലിസിസ് ചെയ്യാൻ സഹായിക്കുന്ന ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക നിലവിൽ സംസ്ഥാനത്ത് എത്രയുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) താലൂക്കാശുപത്രികളിൽ വരെ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചപ്പോൾ പ്രസ്തുത തസ്തിക സൃഷ്ടിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ നിലവിൽ 4069 വൃക്കരോഗികൾ ഡയാലിസിസ് ചെയ്തുവരുന്നു. വർഷംതോറും വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 3 ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തികകൾ നിലവിലുണ്ട്. ആരോഗ്യ വകുപ്പിൽ ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിവിധ മെഡിക്കൽ കോളേജുകളിലേയ്ക്കായി 74 ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആരോഗ്യ വകുപ്പിൽ നിലവിൽ ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തികകളാണ് സൃഷ്ടിക്കുന്നത്. ആർദ്രം മാനദണ്ഡത്തിൽ ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

**പബ്ലിക് ഹെൽത്ത് കേഡർ**

193 (3837) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത കേഡറിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥാ ജന്യരോഗങ്ങളും പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ പൊതുജനാരോഗ്യവിഭാഗം (പബ്ലിക് ഹെൽത്ത് കേഡർ) എന്ന പുതിയ വിഭാഗം ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ മെഡിക്കൽ സർവ്വീസസ് കേഡർ, പൊതുജനാരോഗ്യ കേഡർ എന്നിങ്ങനെ വിഭജിച്ചുകൊണ്ടാണ് ഇത്തരത്തിൽ കേഡറുകൾ രൂപീകൃതമായത്. മെഡിക്കൽ ഓഫീസർമാർക്ക് ഇപ്പോൾ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിൽ ഇതിനനുസൃതമായി ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആശുപത്രികളുടെ ഭരണപരമായ കാര്യങ്ങളുടെ ഒപ്പം പൊതുജനാരോഗ്യ പരിപാടികളും നടത്തിക്കൊണ്ട്

പോകേണ്ടതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ടും സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പകർച്ചവ്യാധികളിന്മേൽ നിയന്ത്രണം വരുത്തേണ്ട നടപടികളുടെ ഗൗരവവും ആവശ്യകതയും കണക്കിലെടുത്തുകൊണ്ടുമാണ് നിലവിലുള്ള കേഡറിനെ വിഭജിക്കുന്നതിനുള്ള ശിപാർശ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*

## തലസ്ഥാന നഗരിയിൽ ഡെങ്കിപ്പനി പടരുന്ന സാഹചര്യം

194 (3838) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ ഡെങ്കിപ്പനി പടരുന്നത് ആരോഗ്യ വകുപ്പ് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) മഴ വിട്ടുമാറാതെ തുടരുന്നതും ഫോഗിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതുമാണ് ഡെങ്കിപ്പനി പടരുന്നതിനുള്ള കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) 2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ജില്ലയിൽ ഡെങ്കിപ്പനിയുമായി ബന്ധപ്പെട്ട എത്ര കേസ്സുകളാണ് റിപ്പോർട്ട് ചെയ്തത്; അതിലെത്ര മരണം സംഭവിച്ചുവെന്ന് അറിയിക്കുമോ;

(ഡി) തലസ്ഥാന നഗരിയിൽ കൊതുക് ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 2019 സെപ്റ്റംബർ മാസത്തിൽ 137 കേസ്സുകൾ റിപ്പോർട്ട് ചെയ്തു. മരണം ഒന്നുമില്ല. 2019 ഒക്ടോബർ മാസത്തിൽ 145 കേസ്സുകൾ റിപ്പോർട്ട് ചെയ്തു. മരണം 1.

(ഡി) കൊതുകുശല്യം രൂക്ഷമായ പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൊതുകുനിരീക്ഷണം നടത്തി ഈഡിസ് കൊതുകിന്റെ സാന്ദ്രത കൂടിയ പ്രദേശങ്ങൾ കണ്ടുപിടിച്ച് അവിടെ രോഗം പകരാതിരിക്കുവാൻവേണ്ടി സംയോജിത കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. എല്ലാ ശനിയാഴ്ചയും കൊതുകിന്റെ പ്രജനനസ്ഥലങ്ങൾ നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളിൽ സ്വഭാവ രൂപീകരണം വളർത്തുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. വാർഡുതല ശുചിത്വ പോഷക സമിതികൾ വഴി പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ കൊതുകിന്റെ പ്രജനന ഉറവിടങ്ങൾ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. 'FRAT' പോലുള്ള സംഘടനകളെ ഉൾപ്പെടുത്തി റസിഡന്റ്സ് അസോസിയേഷൻ, മറ്റു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവത്കരണത്തിലൂടെ ശീലവൽക്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ഡെങ്കിപ്പനി കേസ്സുകൾ വരുന്ന സ്ഥലങ്ങളിൽ വീടിനുള്ളിലെ കൊതുക് നശീകരണത്തിനായി ISS (Indoor Space Spray)യും പുറമേയുള്ള കൊതുകുകളുടെ നിയന്ത്രണത്തിനായി മഴയില്ലാത്ത സമയങ്ങളിൽ ഫോഗിംഗും നടത്തുന്നു. കൂത്താടികളെ നിയന്ത്രിക്കുന്നതിനായി ടെമിഫോസ്, ഡൈഫ്ളൂബെൻഡുറോൺ എന്നിവ വെള്ളത്തിൽ സ്പ്രേ ചെയ്യുന്നു. കമിഴ്ത്തുവാൻ കഴിയാത്ത ഉറവിട നശീകരണത്തിനാണ് ഇവ ഉപയോഗിക്കുന്നത്. റബ്ബർ പ്ലാന്റേഷനിലെ കൊതുക് നിയന്ത്രണത്തിനായി ടാപ്പിംഗ് ഇല്ലാത്ത സമയത്ത് ലാറ്റക്സ് കപ്പുകൾ കമിഴ്ത്തി വയ്ക്കുന്നതിനുള്ള നിർദ്ദേശം ഉടമയ്ക്ക് നൽകിയിട്ടുണ്ട്.

കൂടാതെ ഹെൽത്തി കേരള പരിശോധനയുടെ ഭാഗമായി വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ മുതലായവ പരിശോധിച്ച് നിലവിലെ പൊതുജനാരോഗ്യ നിയമപ്രകാരം ആവശ്യമായ ശിക്ഷണ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഹെൽത്തി കേരള ക്യാമ്പയിന്റെ ഭാഗമായി കൊതുക് വളരാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## സർക്കാർ ആശുപത്രികളിലെ ശൗചാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി

195 (3839) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെ ശൗചാലയങ്ങളുടെയും ശുചിമുറികളുടെയും ശോചനീയാവസ്ഥയും എണ്ണത്തിലുള്ള കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ നിർമ്മാണസാമഗ്രികളുടെ ഗുണനിലവാരവും നിർമ്മാണപ്രവൃത്തിയുടെ മേന്മയും

ഉറപ്പുവരുത്തി ശൗചാലയങ്ങളും ശുചിമുറികളും നിർമ്മിക്കുന്നതിനും ഇത് യഥാക്രമം ശുചീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ശൗചാലയങ്ങളും ശുചിമുറികളും ലഭ്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്ന പ്രവൃത്തികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങളിലും ശൗചാലയങ്ങളുടെയും കുളിമുറികളുടെയും കാര്യത്തിൽ നല്ല പ്രാധാന്യം നൽകി വരുന്നുണ്ട്.

**സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പാക്കൽ**

196 (3840) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ എൻ.എ.ബി.എൽ. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പരമാവധി ലാബുകളെ സ്കീമിന്റെ കീഴിൽ കൊണ്ടുവരുന്നതിനും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ലാബ് സൗകര്യം ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ലാബുകളിൽ സാങ്കേതിക വിഭാഗത്തിൽ ജോലി ചെയ്യുന്ന വലിയൊരു വിഭാഗം നിശ്ചിത യോഗ്യതയില്ലാത്തവരാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് നടത്തുന്നത് ; വ്യക്തമാക്കാമോ;

(ഡി) സുരക്ഷാമാലിന്യനിർമ്മാർജ്ജന ചട്ടങ്ങൾ എന്നിവ ഭൂരിപക്ഷം ലാബുകളും പാലിക്കുന്നില്ല എന്നത് വസ്തുതയല്ലേ; എങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിഷ്കർഷിച്ചിട്ടില്ല.

(സി) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ആക്ട് 2018 അനുസരിച്ച് 1-1-2019 മുതൽ എല്ലാ ലബോറട്ടറികളുടേയും

താൽക്കാലിക രജിസ്ട്രേഷൻ നടന്നുവരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതത് സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങൾ, സ്റ്റാഫുകളുടെ പേര്, യോഗ്യത, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി 2 വർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ്. താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ 2 വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതും സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിനുമുൻപ് സ്ഥാപന പരിശോധന അസസ്സർമാർ നടത്തുകയും ഉദ്ദേശിക്കുന്ന നിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

(ഡി) ലാബുകളുടെ സുരക്ഷയിൽ എന്തെങ്കിലും വീഴ്ചയുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഡിസ്ട്രിക്ട് ലാബ് ടെക്നീഷ്യൻ ഉൾപ്പെട്ട ടീം അവിടെ പരിശോധന നടത്തുകയും വീഴ്ചകൾ കണ്ടെത്തുകയാണെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജന സംവിധാനം 'ഇമേജ്' വഴി എല്ലാ ലബോറട്ടറികൾക്കും നിർബന്ധമാക്കിയിട്ടുണ്ട്.

## കാൻസർ ചികിത്സാ രംഗത്തെ വ്യാജന്മാർ

197 (3841) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സാ രംഗത്ത് ചില വ്യാജ ചികിത്സകരുടെ കടന്നുവരവ് സൃഷ്ടിക്കുന്ന ഗുരുതരമായ സാമൂഹ്യ വിപത്തിനെ സംബന്ധിച്ച് സമീപകാലത്ത് ഉയർന്ന ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച പ്രായോഗിക നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) രോഗ പ്രതിരോധവും ചികിത്സാ മാർഗ്ഗങ്ങളും സംബന്ധിച്ച വ്യക്തമായ അറിവും ധാരണയുമില്ലാത്ത ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കിടയിൽ ഫലപ്രദമായ ബോധവത്കരണവും പാലിയേറ്റീവ് പ്രവർത്തനങ്ങളും നടത്തുന്ന സാമൂഹ്യ-കാരുണ്യ സംഘടനകൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുവാൻ പദ്ധതികളുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)കാൻസർ ചികിത്സാ രംഗത്ത് വ്യാജ ചികിത്സകന്മാരും അശാസ്ത്രീയ ചികിത്സാ സമ്പ്രദായങ്ങളും വ്യാജ ചികിത്സാ സന്ദേശങ്ങളും കടന്നു വരുന്നുവെന്നുള്ളത് ഗൗരവതരമായ വിഷയമാണ്. ഈ രംഗത്തെക്കുറിച്ചുള്ള ഭയവും അജ്ഞതയും, ഉടൻ പ്രതിവിധി ഉറപ്പ് നൽകുന്ന വ്യാജ ചികിത്സകരുടെ വാഗ്ദാനങ്ങളുംകൊണ്ട് രോഗികൾ അകപ്പെടുന്നുവെന്നുള്ളതാണ് ഏറ്റവും ഗൗരവതരമായ വിഷയം. ഇങ്ങനെയുള്ള വ്യാജന്മാർക്കെതിരെയും വ്യാജ ചികിത്സാ സംവിധാനങ്ങൾക്കെതിരെയും ശക്തമായ ഇടപെടലാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വ്യാജ വൈദ്യന്മാർക്കെതിരെയും വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും നിയമ വ്യവസ്ഥയിലൂടെ നേരിടുന്നതിനുള്ള ശക്തമായ നിർദ്ദേശം സർക്കാർ നൽകിയിട്ടുള്ളതാണ്. ചികിത്സാ കേന്ദ്രങ്ങളിലെ റെയ്ഡുകൾ, സർട്ടിഫിക്കറ്റ് പരിശോധനകൾ, നിയമാനുസൃത മാനദണ്ഡങ്ങളുടെ പാലനം തുടങ്ങിയ നടപടികൾ ശക്തിപ്പെടുത്തുകയും നിയമലംഘകരെ നിയമത്തിനു മുൻപിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

(ബി) ദീർഘകാല രോഗങ്ങൾ ബാധിച്ച ജനവിഭാഗത്തിന് സാന്ത്വനമേകുവാനും, ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതി സുസജ്ജമാണ്. ഓരോ രോഗത്തെക്കുറിച്ചുമുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഉതകുന്ന ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ജീവനക്കാർ വഴി ജനങ്ങളിൽ എത്തിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടേയും യുവജന പ്രസ്ഥാനങ്ങളുടേയും, സ്വയം സഹായ സംഘങ്ങളുടെയുമൊക്കെ സഹായവും പിൻതുണയും തേടാറുണ്ട്. ഇത്തരം സംഘടനകളെയെല്ലാം കോർത്തിണക്കിക്കൊണ്ട് ഒരു വേദിയിൽ അണിനിരക്കുന്നതിനുള്ള പുതിയ പദ്ധതിയായ 'അരികെ' സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

198 (3842) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ അന്തരീക്ഷ മലിനീകരണം, പരിമിതമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ എന്നിവയുടെ ഫലമായി ശ്വാസകോശ സംബന്ധമായ മാരക രോഗങ്ങൾക്ക് ജനങ്ങൾ അടിമകളാകുമെന്ന ജി.പി.എം.ബി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അന്തരീക്ഷ മലിനീകരണം കൂടിവരുന്ന സാഹചര്യത്തിൽ അത് കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആഗോളതലത്തിൽ ആരോഗ്യരംഗത്ത് ഉണ്ടാകുന്ന അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളും പ്രശ്നങ്ങളും പകർച്ചവ്യാധികളേയുമെല്ലാം തന്നെ നേരിടുന്നതിന് ലോകരാജ്യങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള സഹായസഹകരണങ്ങൾ നൽകുന്നതിന് ലോകാരോഗ്യ സംഘടനകളുടേയും ലോക ബാങ്കിന്റേയും നേതൃത്വത്തിൽ രൂപീകൃതമായിട്ടുള്ളതാണ് Global Preparedness Monitoring Board (GPMB).

അന്താരാഷ്ട്ര സംഘടനകളുടേയും ഏജൻസികളുടേയും തലവൻമാർ, നേതാക്കൾ, മറ്റ് വിദഗ്ധൻമാർ ഉൾപ്പെടുന്ന 15 പേരടങ്ങുന്ന ഈ സ്വതന്ത്ര സംഘടന ആരോഗ്യമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും കുറവുകൾ മനസ്സിലാക്കുകയും അവ പരിഹരിക്കാൻ ഉതകുന്ന മാർഗ്ഗങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുകയും ചെയ്യുന്നു.

അപകടകാരികളായ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി അടിയന്തരമായി നടപ്പിലാക്കേണ്ടതും ഊന്നൽ കൊടുക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ചാണ് 2019-ലെ അവരുടെ ആദ്യവാർഷിക റിപ്പോർട്ട് പ്രധാനമായും ലക്ഷ്യമിടുന്നത്.

ഈ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല, കേരളത്തിലെ നിപ പ്രതിരോധത്തെ രാഷ്ട്രീയ ഇച്ഛാശക്തിയുടേയും ആരോഗ്യ സംവിധാനങ്ങളുടേയും, ശാക്തീകരണത്തിന്റേയും പ്രധാന ഉദാഹരണമായി പ്രതിപാദിച്ചിരിക്കുന്നത് അഭിമാനിക്കാവുന്ന ഒന്നാണ്.

(ബി) ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ അന്തരീക്ഷ മലിനീകരണത്തിന്റെ തോത് കുറവാണെങ്കിലും വ്യവസായവൽക്കരണത്തിന്റേയും നഗരവൽക്കരണത്തിന്റേയും വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവിന്റേയും പ്രത്യാഘാതമായി കേരളത്തിന്റെ അന്തരീക്ഷ മലിനീകരണവും വർദ്ധിക്കുന്നതിന്റെ സാധ്യത വളരെക്കൂടുതലാണ്.

ഇത് മുൻകൂട്ടി കണ്ടുകൊണ്ടുതന്നെ പരിസ്ഥിതി വകുപ്പും, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡും, ആരോഗ്യ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും എല്ലാം തന്നെ പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്.

അന്തരീക്ഷ മലിനീകരണം ജനങ്ങളുടെ ആരോഗ്യത്തിലുണ്ടാക്കാവുന്ന ഭവിഷ്യത്തുകളെ നേരിടുന്നതിനും പ്രതിരോധിക്കുന്നതിനുമാണ് ആരോഗ്യ വകുപ്പ് കൂടുതൽ ഊന്നൽ നൽകുന്നത്.

ഇതിനായി ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ "Environment Health Cell" രൂപീകരിച്ച് മുന്നോട്ട് പോകുന്നു.

ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലെല്ലാം ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളിൽ പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഹെർബൽ ഗാർഡൻ മുതലായവ സജ്ജമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മാലിന്യ പരിപാലന സംവിധാനവും കാര്യക്ഷമമായി എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും നടത്താനുള്ള നടപടികളും പുരോഗമിച്ച് വരികയാണ്. ഇതിനായി വിദഗ്ധരെ ഉൾപ്പെടുത്തി ഒക്ടോബർ മാസത്തിൽ എല്ലാ ആശുപത്രി സൂപ്രണ്ടുമാരേയും ഉൾപ്പെടുത്തി ശില്പശാലയും സംഘടിപ്പിക്കുകയുണ്ടായി.

## കാൻസർ ഗ്രിഡിന്റെ പ്രവർത്തനം

199 (3843) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഉണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കണ്ടെത്തലുകളാണ് അത് സംബന്ധിച്ച് പുറത്തുവന്നിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കാൻസർ രോഗം കണ്ടെത്താനായി ജില്ലാ കേന്ദ്രങ്ങളിൽ ഏതെങ്കിലും ആശുപത്രികളോട് ചേർന്ന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഏതൊക്കെ ആശുപത്രികളിൽ ചികിത്സ ലഭ്യമാണ് എന്ന് അറിയിക്കുമോ; എന്തൊക്കെ സൗകര്യങ്ങൾ ആണ് അവിടെ ഒരുക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കാൻസർ രോഗികളുടെ ചികിത്സാ സൗകര്യാർത്ഥം സ്വകാര്യ മേഖലയേയും സർക്കാർ മേഖലയേയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന കാൻസർ ഗ്രിഡിന്റെ പ്രവർത്തനം ആരംഭിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കാൻസർ രോഗികൾ ഉൾപ്പെടെയുള്ള രോഗികൾക്ക് സാന്ത്വന പരിചരണം ജില്ലകൾ തോറും ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാൻസർ രോഗത്തിന്റെ എണ്ണത്തെ സംബന്ധിക്കുന്ന ആധികാരിക സമ്പൂർണ്ണ രജിസ്ട്രി സംസ്ഥാനത്ത് നിലവിലില്ല. തിരുവനന്തപുരം ആർ.സി.സി.-യുടേയും മലബാർ കാൻസർ സെന്ററിന്റേയും നേതൃത്വത്തിൽ നടക്കുന്ന രജിസ്ട്രിയിൽ നിന്നാണ് നിലവിൽ കാൻസർ രോഗ സംബന്ധമായ കണക്കുകൾ ക്രോഡീകരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയും കാൻസർ വിഭാഗത്തിലെ ആശുപത്രി അടിസ്ഥാനമാക്കിയുള്ള കാൻസർ രോഗികളുടെ വിവര ശേഖരണം ലഭ്യമാണ്. ഈ വിവരശേഖരണം ICMR-ന്റെ നേതൃത്വത്തിൽ NCDIR-ന്റെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ 2017 മുതലും, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2019 മുതലും HBCR (Hospital Based Cancer Registry) നടപ്പിലാക്കിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിൽ നിന്നും റിപ്പോർട്ട് ചെയ്ത കാൻസർ രോഗികളുടെ എണ്ണം അനുബന്ധമായി* ചേർക്കുന്നു.

സംസ്ഥാനത്ത് ഓരോ ജില്ലയിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രികൾ സ്ഥാപിച്ചാൽ മാത്രമേ ജില്ല തിരിച്ചുള്ള രോഗികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. ആർ.സി.സി. നടത്തി വരുന്ന കാൻസർ രജിസ്ട്രിയിൽ തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ കാൻസർ രോഗികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. പ്രസ്തുത കണക്കനുസരിച്ച് 2017-ൽ തിരുവനന്തപുരം ജില്ലയിൽ ആകെ 6460 പേർക്കും കൊല്ലം ജില്ലയിൽ ആകെ 5122 പേർക്കും പുതുതായി കാൻസർ രോഗം ബാധിച്ചതായി കാണുന്നു.

(ബി) സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ കാൻസർ രോഗത്തിന് വർദ്ധനവ് ഉണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിത ശൈലിയിൽ നിന്നും കാതലായ വ്യതിയാനം, കൃത്രിമ രാസവസ്തുക്കളുടെ അമിതമായ ഉപയോഗം, മായം ചേർന്ന ഭക്ഷണം, പുകയില, മദ്യം എന്നിവയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉപയോഗം, ഗാർഹിക, അന്തരീക്ഷ മലിനീകരണം എന്നിവയാണ് കാൻസർ രോഗം പിടിപെടുന്നതിനുള്ള പ്രധാന കാരണങ്ങളായി കാണപ്പെടുന്നത്. ഇതിനു പുറമേ വർദ്ധിച്ചുവരുന്ന ശരാശരി ആയുർ ദൈർഘ്യം ദീർഘസ്ഥായി രോഗങ്ങൾ നമ്മുടെ ജനങ്ങൾക്കിടയിൽ വർദ്ധിക്കുന്നതിന് കാരണമാകുന്നു. എന്നാൽ ഇതു സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയിട്ടില്ല. ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രികൾ ജില്ലകൾ തോറും സ്ഥാപിച്ചാൽ മാത്രമേ കാൻസറിന്റെ വ്യക്തമായ കാരണങ്ങളെക്കുറിച്ച് പഠനം നടത്താൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 23 ആശുപത്രികളിൽ കാൻസർ കെയർ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇവിടെ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനങ്ങൾ നൽകിവരുന്നു. Blood transfusion, ascitic fluid tapping, പാലിയേറ്റീവ് കീമോതെറാപ്പി, മോർഫിൻ ചികിത്സ തുടങ്ങിയ സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത്. ഇതിനു പുറമേ കാൻസർ രോഗ നിർണ്ണയവും ക്യാമ്പുകളും ഈ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഈ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

തിരുവനന്തപുരം, കൊച്ചി, തലശ്ശേരി എന്നീ നഗരങ്ങളിൽ യഥാക്രമം ആർ.സി.സി., കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ സെന്ററുകളുടെ നേതൃത്വത്തിൽ കാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിൽ വായ, സ്തനം, ഗർഭാശയഗളം എന്നീ ഭാഗങ്ങളിലെ കാൻസർ രോഗം മുൻകൂട്ടി കണ്ടു പിടിക്കുന്നതിനുള്ള പരിശോധനകളാണ് പ്രധാനമായും നടത്തുന്നത്. ഇതിനു പുറമേ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിലും മുൻകൂർ കാൻസർ നിർണ്ണയ വിഭാഗങ്ങളുണ്ട്.

എറണാകുളം ജില്ലയിൽ ജില്ലാ കാൻസർ നിയന്ത്രണ പരിപാടി (DCCP) ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ PHC, CHC ഡോക്ടർമാർക്ക് കാൻസർ രോഗ നിർണ്ണയ പരിശീലന പരിപാടികൾ CCRC-യിൽ സംഘടിപ്പിച്ചു വരുന്നു. അതിനോടൊപ്പം താലൂക്ക് ആശുപത്രികളിൽ കാൻസർ രോഗം നിർണ്ണയിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സർജൻസ്, ഗൈനക്കോളജിസ്റ്റ്, ENT, ദന്ത ഡോക്ടർമാർ താലൂക്ക് ആശുപത്രികളിൽ ബയോപ്സി ചെയ്യുന്നതിന് പരിശീലിപ്പിച്ചിട്ടുണ്ട്. ബയോപ്സി റിപ്പോർട്ട് ചെയ്യുന്നതിനായി DCCP-യുടെ ഭാഗമായി ഒരു സെൻട്രൽ ലാബ് CCRC-യുടെ മേൽനോട്ടത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ കേരള കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സ്വകാര്യ മേഖലയിലേയും, സർക്കാർ മേഖലയിലേയും ചെറുതും വലുതുമായ കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ഏകോപിപ്പിക്കുന്നതിന് കാൻസർ ഗ്രിഡ് എന്ന ആശയം സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ ചികിത്സാ കേന്ദ്രങ്ങളുടെ സഹകരണത്തോടുകൂടി സർക്കാർ സ്വീകരിച്ചു വരുന്നു.

(ഇ) ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് കാൻസർ രോഗികൾക്ക് പാലിയേറ്റീവ് കീമോതെറാപ്പിയും വേദനാരഹിത ചികിത്സയും നൽകുന്നതിന് 'അഭയം' എന്ന പേരിൽ പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകൾ 14 ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും സാന്ത്വന ചികിത്സാ പദ്ധതി നിലവിലുണ്ട്. എല്ലാ പഞ്ചായത്തുകളിലും പി.എച്ച്.സി.-കൾ കേന്ദ്രീകരിച്ച് പ്രൈമറി കെയർ പരിചരണവും, ജില്ലാ, താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി.-കൾ കേന്ദ്രീകരിച്ച് സെക്കന്ററിതല പരിചരണവും വകുപ്പ് ഉറപ്പാക്കി വരുന്നു.

**ഹീമോഫീലിയ രോഗികൾക്ക് നൽകുന്ന മരുന്ന്**

200 (3844) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹീമോഫീലിയ രോഗികൾക്ക് നൽകുന്ന മരുന്നിന് 2019 സെപ്റ്റംബറിൽ ക്ഷാമം ഉണ്ടായതുമൂലം പ്രസ്തുത രോഗികൾ ബുദ്ധിമുട്ടിലായിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം മരുന്നുകൾ ആജീവനാന്തം സൗജന്യമായി ലഭിക്കുന്നതിന് സംവിധാനം ഒരുക്കിയിരുന്നോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തലാക്കി സർക്കാർ ആരംഭിച്ച കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ ഹീമോഫീലിയ രോഗികൾക്ക് ചികിത്സക്കുള്ള തുക ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ഇവർക്ക് ആജീവനാന്ത ചികിത്സ ഉറപ്പാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസി വഴി ലഭിച്ചുകൊണ്ടിരുന്ന മരുന്ന് വിതരണം ഭാഗികമായി തടസ്സപ്പെട്ടതുമൂലം രോഗികൾ അഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം മരുന്നുകൾ ആജീവനാന്തം സൗജന്യമായി ലഭിക്കുന്നതിന് സംവിധാനം ഒരുക്കിയിരുന്നു.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയപ്പോൾ ഹീമോഫീലിയ രോഗചികിത്സ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല, എന്നിരുന്നാലും 6-8-2019-ലെ സ.ഉ.(എം.എസ്.) 122/2019/H&FWD നമ്പർ ഉത്തരവുപ്രകാരം ഹീമോഫീലിയ രോഗികൾക്ക് മാർച്ച് 2020 വരെ കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായ മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കാൻ നടപടി

201 (3845) ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി. പി. അയിഷാ പോറ്റി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ

(ബി) സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്ന സേവനങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ആർദ്രം മിഷൻ മുഖേന നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ആശുപത്രികൾ സ്ത്രീസൗഹൃദവും ഭിന്നശേഷി സൗഹൃദവുമാക്കുന്നതിനും മികച്ച ഒ.പി. സൗകര്യം, രജിസ്ട്രേഷൻ കൗണ്ടറുകൾ, മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) സർക്കാർ ആശുപത്രികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആർദ്രം മിഷൻ. ആർദ്രം മിഷൻ വഴി സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിന് ആശുപത്രികളിൽ സൗകര്യപ്രദമായ രജിസ്ട്രേഷൻ സംവിധാനങ്ങൾ, പ്രത്യേക ക്യൂ സമ്പ്രദായം, ഇ-ഹെൽത്ത് വഴി ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ കാത്തിരിപ്പ് സ്ഥലങ്ങൾ, സ്ത്രീ സൗഹൃദ-ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗികൾക്ക് കുടിവെള്ള സൗകര്യം, മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, കുട്ടികൾക്കായുള്ള പാർക്ക്, കാരുണ്യ മെഡിക്കൽ സ്റ്റോർ,

ഒ.ആർ.റ്റി. കോർണർ, സ്വകാര്യത ഉറപ്പാക്കുന്ന പരിശോധനാ മുറികൾ മുതലായവയും ഏർപ്പെടുത്തിയിട്ടുണ്ട്. എട്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലാതല ആശുപത്രികളിലെ ഈ പ്രവൃത്തി, വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരികയാണ്. താലൂക്കതല ആശുപത്രികളിലെ ഒ.പി. വിഭാഗം ഘട്ടംഘട്ടമായി രോഗീ സൗഹൃദമാക്കാനുള്ള പ്രാരംഭ നടപടികൾ നടന്നു വരികയാണ്.

(ബി) ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. വൈകുന്നേരം ആറ് മണിവരെ ഒ.പി. സമയം ദീർഘിപ്പിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനവും ഗുണമേന്മയുള്ള മരുന്നുകളും ഉറപ്പു വരുത്തുകയും ചെയ്തു. ശ്വാസ്, ആശ്വാസ് എന്നീ പദ്ധതികളും, നഴ്സസ് പ്രീ ചെക്ക്-അപ് മുതലായ പദ്ധതികളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കി. സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സേവനങ്ങൾ താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ ശക്തിപ്പെടുത്തുക വഴി നൂതന ചികിത്സാ സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള നടപടികളും നടന്നു വരുന്നുണ്ട്. മേൽ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി ആശുപത്രികളിലെ സേവനങ്ങൾ മെച്ചപ്പെടുത്താനും, കുറഞ്ഞ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുക വഴി സ്ത്രീകൾക്കും പുരുഷന്മാർക്കും ഒ.പി.-യിൽ പ്രത്യേകം ക്യൂ സംവിധാനം, മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കൂടുതൽ രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷി സ്ത്രീ-സൗഹൃദ ടോയ്‌ലെറ്റുകൾ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം, സ്വകാര്യത ഉറപ്പു വരുത്തുന്ന പരിശോധനാ മുറികൾ, ഭിന്നശേഷിക്കാർക്കും, മുതിർന്ന പൗരന്മാർക്കും പ്രത്യേക സൗകര്യവും മുൻഗണനയും മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### സർക്കാർ ആശുപത്രികളിൽ പുതുതായി ഡയാലിസിസ് യൂണിറ്റുകൾ

202 (3846) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഇതുവരെ ഏതൊക്കെ സർക്കാർ ആശുപത്രികളിൽ പുതുതായി ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ജില്ല തിരിച്ച് സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ഡയാലിസിസിന് വിധേയരാകുന്നവർക്ക് സാമ്പത്തിക ആനുകൂല്യം**

203 (3847) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഡയാലിസിസിന് വിധേയരാകുന്ന നിർധനരായ രോഗികൾക്ക് സർക്കാർ സാമ്പത്തിക ആനുകൂല്യം ലഭ്യമാക്കുന്നുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഈ ആനുകൂല്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തുടർച്ചയായി ഡയാലിസിസിന് വിധേയരാകുന്ന നിർധനരായ രോഗികൾക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ചികിത്സാ സഹായം അനുവദിച്ചുവരുന്നു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ഉപയോഗശൂന്യമായ മരുന്നുകളുടെ സംസ്കരണം**

204 (3848) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്റിബയോട്ടിക് ഉൾപ്പെടെയുള്ള ഉപയോഗശൂന്യമായ മരുന്നുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതു വഴി മരുന്നിലെ രാസപദാർത്ഥങ്ങൾ മണ്ണിലും ജലത്തിലും ലയിച്ച് വീണ്ടും മനുഷ്യനിലെത്തുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉപയോഗിച്ചതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉപയോഗിച്ചുകഴിഞ്ഞ് ബാക്കിയായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ പൊതുജനങ്ങളിൽനിന്ന് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു വേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധവ്യാപാരികളുടെ സംഘടനയായ All Kerala Chemists and Druggist Association (AKCDA)-യോട് ചേർന്ന് രൂപീകരിച്ച PROUD (Programme for Removal of Unused Drugs) എന്ന പദ്ധതിക്ക് 15-4-2019-ൽ തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇന്ത്യയിൽത്തന്നെ ആദ്യത്തെ സംരംഭമാണ്. സർക്കാരിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജില്ലയിലെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത് സ്ഥാപിച്ചിട്ടുള്ള മെഡിസിൻ ഡ്രോപ്പ് ബോക്സ്/കളക്ടിംഗ് ബിന്നുകൾ മുഖാന്തരം ശേഖരിച്ച് ഉപയോഗശൂന്യമായ 3.5 ടണ്ണോളം മരുന്നുകൾ മംഗലാപുരത്ത് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന 'Ramky Energy & Environment' മാലിന്യ സംസ്കരണ പ്ലാന്റിൽ ഒക്ടോബർ ആദ്യവാരം എത്തിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ചിട്ടുണ്ട്. ഈ പ്രാരംഭ പദ്ധതിക്ക് പൊതുജനങ്ങളിൽനിന്നും നല്ല സഹകരണം ലഭിച്ചതിനെത്തുടർന്ന് സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി പരിശോധിച്ചു വരുന്നു.

## ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ

205 (3849) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൂടുതൽ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

2013-ൽ കേന്ദ്ര സർക്കാർ അക്രെഡിറ്റേഷൻ പ്രോസെസ്സായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) ആരംഭിച്ചു. NQAS എന്നത് NABH പോലെ ISQUA (ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓഫ് ക്വാളിറ്റി) അംഗീകരിച്ച അക്രഡിറ്റേഷനാണ്.

NQAS ആരംഭിച്ചതോടുകൂടി സ്വതന്ത്ര ഏജൻസിയായി QCI നടത്തുന്ന NABH അക്രെഡിറ്റേഷൻ സർക്കാർ ആശുപത്രികളിൽ എടുക്കുന്നതിനുള്ള സാമ്പത്തിക സഹായം നാഷണൽ ഹെൽത്ത് മിഷൻ (NHM) R.O.P.-യിലൂടെ നൽകുന്നില്ല. NABH എടുക്കുന്നതിന് പ്രതിവർഷം അസ്സെസ്മെന്റ് ഫീസും അതുകൂടാതെ അക്രെഡിറ്റേഷൻ ഫീസായ മൂന്ന് ലക്ഷം രൂപയും ഓരോ

ആശുപത്രിക്കും NABH-ന്റെ നടത്തിപ്പുകാരായ സ്വതന്ത്ര ഏജൻസിയായ QCI-ക്ക് നൽകേണ്ടതാണ്. ഇത് സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നു. അതേസമയം ഭാരത് സർക്കാർ നൽകുന്ന NQAS അക്രെഡിറ്റേഷൻ നേടുകയാണെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രതിവർഷം ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിൽ ഇൻസെന്റീവ് ലഭിക്കുന്നതാണ്. അതുകൊണ്ടുതന്നെ സർക്കാർ ഇപ്പോൾ NABH-നെപ്പോലെ ISQUA അംഗീകരിച്ച NQAS അക്രെഡിറ്റേഷൻ എടുക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ഇതുവരെ സംസ്ഥാനത്തെ 55 ആശുപത്രികൾക്ക് NQAS അക്രെഡിറ്റേഷൻ ലഭിച്ചുകഴിഞ്ഞു. ഈ സാമ്പത്തിക വർഷാവസാനത്തോടെ 140 ആശുപത്രികളെങ്കിലും NQAS അക്രെഡിറ്റേഷൻ നേടിയെടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ജീവിതശൈലീ രോഗങ്ങളുടെ മരുന്ന് ലഭ്യത

206 (3850) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങളുടെ വ്യാപനം കേരളത്തിലെ ആരോഗ്യരംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാർമസിസ്റ്റുകൾക്ക് മാത്രമേ മരുന്ന് വിതരണത്തിന് അനുവാദമുള്ളൂ എന്ന കോടതി വിധിമൂലം ജീവിതശൈലി രോഗബാധിതർക്ക് ആവശ്യമായ മരുന്നുകൾ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നിന്നും ലഭിയ്ക്കുന്നതിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ആരോഗ്യ വകുപ്പ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം കേരളത്തിലെ ആരോഗ്യരംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെകീഴിൽ സൗജന്യമരുന്ന് വിതരണം, ഓരോ 500 ജനസംഖ്യയേയും പ്രതിനിധാനം ചെയ്യുന്ന കുടുബക്ഷേമ ഉപകേന്ദ്രങ്ങൾ വഴിയായിരുന്നു നടപ്പിലാക്കി വന്നിരുന്നത്. ഇത് വയോജനങ്ങളും നിരാലംബരുമായ നിരവധി ജനങ്ങൾക്ക് പ്രയോജനപ്രദമാകുകയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ ജീവിതശൈലീരോഗ ക്ലിനിക്കുകളിൽ പ്രകടമായ വ്യത്യാസം ഉണ്ടാകുകയും ചെയ്തു. ഫാർമസിസ്റ്റുകളുടെ ഇടപെടലിനെ തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 1948-ലെ ഫാർമസിസ്റ്റ് ആക്ട് പ്രകാരം യോഗ്യരായ ഫാർമസിസ്റ്റുകൾ മാത്രമേ മരുന്ന് വിതരണം നടത്താവൂ എന്ന

വാദമുയർത്തിക്കൊണ്ട് ഈ പ്രവർത്തനം സ്റ്റേ ചെയ്തിരുന്നു. ഇതിനെതിരെ സംസ്ഥാന ആരോഗ്യ വകുപ്പ് counter affidavit ഫയൽ ചെയ്യുകയും Drugs and Cosmetics Act പ്രകാരം പൊതുജനാരോഗ്യ പരിപാടികൾക്ക് മരുന്ന് വിതരണം നടത്തുന്നതിൽ തടസ്സമില്ലെന്ന് പ്രതിവാദം ഉയർത്തുകയും ചെയ്തു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി, ഫാർമസിസ്റ്റ് മാത്രമേ മരുന്ന് നൽകാവൂ എന്ന ഫാർമസി കൗൺസിലിന്റെ വാദം ശരി വയ്ക്കുകയും ഉത്തരവിറക്കുകയും ചെയ്തു. ഇത് സബ്സെന്റർ വഴിയുള്ള മരുന്ന് വിതരണത്തെ പ്രതികൂലമായി ബാധിക്കുകയും സബ് സെന്ററിനെ ആശ്രയിച്ച് വന്നിരുന്ന നിരവധിപേരെ ഈ പദ്ധതിയിൽനിന്നും പിൻതിരിയുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു.

(സി) ഈ പ്രതിസന്ധി മറികടക്കുന്നതിന് ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നതിനും കേന്ദ്ര നിയമ വ്യവസ്ഥയിൽ ഇതുസംബന്ധമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 3 മാസത്തെ മരുന്ന് ലേബൽ ചെയ്ത കവറുകൾ ഒട്ടിച്ച് നൽകികൊണ്ട് രോഗികൾക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നതിനുള്ള ബുദ്ധിമുട്ട് കുറയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇ-ഹെൽത്ത് പദ്ധതി

207 (3851) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം ആശുത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ പലമേൽ, ചെന്നിത്തല എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഇപ്പോൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്.

## വൃക്ക രോഗികൾക്ക് തുടർ ചികിത്സയ്ക്കായി സാമ്പത്തിക സഹായ പദ്ധതികൾ

208 (3852) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ എത്ര രോഗികൾ സംസ്ഥാനത്ത് ഉണ്ടെന്ന് അറിയിക്കാമോ; ഇവർക്ക് തുടർ ചികിത്സയ്ക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) വൃക്ക മാറ്റി വയ്ക്കപ്പെട്ട രോഗികൾക്ക് എല്ലാ താലൂക്ക് ആശുപത്രികൾ വഴിയും പ്രത്യേക ചികിത്സയും സൗജന്യമായി മരുന്നും നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) തുടർ ചികിത്സ നടത്തേണ്ടി വരുന്നവർക്ക് സാമ്പത്തിക സഹായമായി എന്തെങ്കിലും ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ലഭ്യമായ കണക്കുകൾപ്രകാരം വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി നാളിതുവരെ 1097 പേർ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുണ്ട്. ഇവർക്ക് Monthly follow-up നടത്തിവരുന്നുണ്ട്. കൂടാതെ ഇവർക്കായി പ്രത്യേക ഒ.പി.-കളും നടത്തിവരുന്നുണ്ട്.

(ബി) വൃക്ക മാറ്റിവയ്ക്കപ്പെട്ട രോഗികൾക്കാവശ്യമായ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി മരുന്നുകൾ നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ മാത്രമാണ് സൗജന്യമായി വിതരണം ചെയ്യുന്നത്. എന്നാൽ വൃക്ക രോഗികൾക്ക് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിന് ആവശ്യമായി വരുന്ന COLONIDINE TAB IP 100 mcg എന്ന ഗുളിക താലൂക്കാശുപത്രികൾ മുഖേനയും ഡയാലിസിസ് ചികിത്സയോടനുബന്ധിച്ച് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. വൃക്കരോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന 42 മരുന്നുകൾകൂടി അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തണമെന്നുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരുടെ യോഗത്തിൽ എടുത്ത യോഗ തീരുമാനപ്രകാരമുള്ള മരുന്നുകൾകൂടി 2020-21 സാമ്പത്തിക വർഷം മുതൽ വൃക്കരോഗ ചികിത്സാ സൗകര്യമുള്ള താലൂക്ക് ആശുപത്രിതലം മുതൽ വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും അതനുസരിച്ചുള്ള മരുന്നുകൾ സംഭരിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

(സി) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികളുടെ തുടർചികിത്സയ്ക്ക് KASP വഴി 5 ലക്ഷം രൂപ വരെ പ്രതിവർഷം ലഭ്യമാണ്. കൂടാതെ Society for Medical Assistance to poor പദ്ധതിപ്രകാരം 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർധനരായ രോഗികൾക്ക് ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും അനുവദിച്ചുവരുന്നു. കേരള സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിൽ "സമാശ്വാസം" പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ കഴിഞ്ഞവർക്ക് പ്രതിമാസ ധനസഹായമായി 1000 രൂപ നൽകിവരുന്നു. ശസ്ത്രക്രിയ തീയതി മുതൽ 5 വർഷക്കാലത്തേയ്ക്കാണ് ഈ സഹായം നൽകുന്നത്.

## ആയുഷ്യം പദ്ധതി

209 (3853) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ്യം പദ്ധതി എന്താണെന്ന് വിശദമാക്കാമോ; ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആയുർവേദ ചികിത്സാ സമ്പ്രദായത്തിലൂടെ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് ആയുഷ്യം. പ്രമേഹം, കൊളസ്ട്രോൾ, രക്ത സമ്മർദ്ദം, അമിതവണ്ണം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കുക എന്നുള്ളതാണ് ആയുഷ്യം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും മെഡിക്കൽ ക്യാമ്പുകൾ വഴി സ്ക്രീനിംഗ് നടത്തി രോഗികളെ തെരഞ്ഞെടുക്കുകയും രക്ത പരിശോധനയിലൂടെ രോഗാവസ്ഥ തീർച്ചപ്പെടുത്തുകയും ഓരോ രോഗികൾക്കും അവരുടെ രോഗാവസ്ഥയ്ക്കനുസരിച്ചുള്ള മരുന്നുകൾ നൽകുകയും 10 ദിവസം കൂടുമ്പോൾ തുടർപരിശോധന നടത്തുകയും പ്രാണായാമ പോലുള്ള യോഗാസനങ്ങൾ രോഗികൾക്കായി നിർദ്ദേശിക്കുകയുമാണ് ആയുഷ്യം പദ്ധതിയിലൂടെ ചെയ്യുന്നത്.

(ബി) ഉണ്ട്. 2019-20 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നാഷണൽ ആയുഷ് മിഷൻ മുഖേന പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

210 (3854) ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ സംയോജിപ്പിച്ചു കൊണ്ടാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കെ.എ.എസ്.പി. ചികിത്സാ പരിരക്ഷ ലഭിക്കും; ഇതിന്റെ വരുമാന പരിധി എത്രയാണെന്ന് അറിയിക്കുമോ;

(സി) കാരുണ്യ ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടായിരുന്ന ഏതെങ്കിലും അസുഖങ്ങൾക്ക് കെ.എ.എസ്.പി. വന്നതിനുശേഷം ആനുകൂല്യം ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) കെ.എ.എസ്.പി. പരിരക്ഷ ലഭ്യമാകുന്ന വയനാട് ജില്ലയിലെ ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ/ചിസ്, ചിസ് പ്ലസ് (CHIS PLUS), എസ് ചിസ് (SCHIS) പദ്ധതികളും കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമും സംയോജിപ്പിച്ചുകൊണ്ടാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത്.

(ബി) നിലവിൽ 31-3-2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ., ചിസ് ആരോഗ്യകാർഡുള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC), 2011 ഇത് ദുർബല വിഭാഗമെന്ന കണക്കാക്കിയ ജനങ്ങൾക്കും പുതിയ പദ്ധതിയുടെ അംഗത്വം നൽകിവരുന്നു. ഏതെങ്കിലും വിഭാഗം ജനങ്ങളെ തെരഞ്ഞെടുത്തോ വരുമാനം അടിസ്ഥാനത്തിലോ പദ്ധതിയിൽ അംഗങ്ങളാക്കി തുടങ്ങിയിട്ടില്ല, എന്നാൽ നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ., ചിസ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സർക്കാർ തെരഞ്ഞെടുത്ത ദുർബ്ബല വിഭാഗങ്ങൾ വഴിയാണ്. പ്രസ്തുത വിഭാഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ആയി ചേർക്കുന്നു.

(സി) ഹിമോഫീലിയ രോഗത്തിന് കെ.എ.എസ്.പി. പദ്ധതിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നില്ല.

(ഡി) കെ.എ.എസ്.പി. പരിരക്ഷ ലഭ്യമാകുന്ന വയനാട് ജില്ലയിലെ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി* ആയി ചേർക്കുന്നു

**കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

211 (T*3855) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വഴി എത്രയാളുകൾക്ക് ചികിത്സാ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അർഹരായ ഒട്ടനവധി ആളുകൾക്ക് ഇനിയും ചികിത്സ ഇൻഷ്വറൻസ് ലഭ്യമാകാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 6-11-2019 വരെ 505045 ക്ലെയിമുകൾക്ക് 332,59,46,478 രൂപയുടെ ചികിത്സാ സഹായം അനുവദിച്ചു.

(ബി&സി) നിലവിൽ 31-3-2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ / ചിസ് കാർഡ് കൈവശമുള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011-ൽ ഉൾപ്പെട്ട ദരിദ്ര വിഭാഗം ജനങ്ങൾക്കും മാത്രമാണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്.

**കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി**

212 (T*3856) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം ലഭിച്ചിരുന്ന കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി നിർത്തലാക്കിയത് മൂലം സാധാരണക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് ബദലായി കൊണ്ടുവന്ന കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഈ പദ്ധതിയിൻ കീഴിൽ എത്ര പേർക്ക് പ്രസ്തുത ധനസഹായം അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

(സി) കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ ചേർന്നിട്ടുള്ള ഓരോ കുടുംബത്തിനും അനുവദിക്കുന്ന പരമാവധി ഇൻഷ്വറൻസ് തുക എത്രയാണെന്നും പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സംയോജിപ്പിച്ചതിനെ തുടർന്ന് ഐ.എ.എസ്.പി.-യിൽ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അംഗങ്ങളല്ലാത്ത കെ.ബി.എഫ്. ഗുണഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുകയും അതേത്തുടർന്ന് 6-8-2019-ലെ G.O.(Rt)122/2019/H&FWD പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി 31-3-2020 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി.

(ബി) കെ.എ.എസ്.പി. പദ്ധതി ഏപ്രിൽ 1, 2019 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി പദ്ധതിയിൽ നാളിതുവരെ 41.4 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായി. പദ്ധതിയിൽ സേവനം നൽകുന്ന ആശുപത്രികളുടെയും നൽകിയ ചികിത്സയുടേയും വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി അംഗങ്ങളായ ഓരോ കുടുംബത്തിനും 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ ചികിത്സാ ആനുകൂല്യം ഓരോ വർഷവും ലഭ്യമാകും. പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി പദ്ധതിയിൽ അംഗത്വം നൽകി അനുവദിച്ച അംഗത്വ കാർഡ് പ്രസ്തുത പദ്ധതിയുടെ സേവനം നൽകിവരുന്ന ആശുപത്രിയിൽ കാണിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാൽ മാത്രം മതി. തുടർന്ന് ചികിത്സയ്ക്കാവശ്യമായ തുക പ്രസ്തുത കാർഡിൽനിന്നും ആശുപത്രി വിനിയോഗിച്ചുകൊള്ളും. രോഗി ഇതിനായി മറ്റൊന്നും ചെയ്യേണ്ടതില്ല.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

213 (T*3857) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി പ്രകാരം അഞ്ച് ലക്ഷം രൂപ വരെ വരുമാനമുള്ള സാധാരണക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ ഏതൊക്കെ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) പഴയ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് തുടർന്നും ആനുകൂല്യം നൽകുന്നതിന് ആവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വരുമാനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

അടിസ്ഥാനമാക്കി നടപ്പിലാക്കിയിട്ടില്ല. നിലവിൽ 31-3-2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ./ചിസ് കാർഡ് കൈവശമുള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011-ൽ ഉൾപ്പെട്ട ദരിദ്ര വിഭാഗം ജനങ്ങൾക്കും മാത്രമാണ് 2019-20 സാമ്പത്തികവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്.

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) 6-8-2019-ലെ G.O.(Rt)122/2019/H&FWD പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് 2020 മാർച്ച് വരെ തുടർന്നും ആനുകൂല്യം നൽകുന്നുണ്ട്.

## സാന്ത്വന ചികിത്സാ സംവിധാനം

214 (3858) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വന ചികിത്സാ സംവിധാനം സാർവ്വത്രികമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) അനധികൃത പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾ അടച്ചുപൂട്ടുവാൻ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; സർക്കാർ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സാന്ത്വന ചികിത്സാ സംവിധാനം സാർവ്വത്രികമാക്കാൻ സർക്കാർ തലത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിവഴി രോഗികൾക്കും വീട്ടുകാർക്കും ട്രെയിനിംഗ് റീഹാബിലിറ്റേഷൻ പ്രോഗ്രാം, സാന്ത്വന പരിചരണം എന്നിവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തിവരുന്നു. ഉയർന്ന ആയുർദൈർഘ്യവും ജീവിതശൈലിയിൽ വന്ന മാറ്റങ്ങളും കാരണം ദീർഘകാല രോഗങ്ങളാൽ വലയുന്നവർക്കും വാർദ്ധക്യ സഹജമായ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുമായി സർക്കാർ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രൈമറി ലെവൽ പാലിയേറ്റീവ് കെയർ സംവിധാനവും സി.എച്ച്.സി.-കളിലും മേജർ ഹോസ്പിറ്റലുകളിലും സെക്കന്ററി, ടേർഷ്യറി ലെവൽ പാലിയേറ്റീവ് കെയർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 311 എണ്ണം. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ആയി ചേർത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾ പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് 3-7-2018-ലെ പി.എച്ച്.5-51297/2018/ആ.വ.ഡ. പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറും 7-3-2019-ലെ സർക്കാർ ഉത്തരവ് (സാധാ) 553/2019 ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പും പുതുക്കിയ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## തൃശ്ശൂർ ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ട്

215 (T*3859) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും തൃശ്ശൂർ ജില്ലയിൽ എത്ര തുക വിതരണം ചെയ്തു; ആയതിന്റെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിലെ 7921 അപേക്ഷകർക്കായി 84.61 കോടി രൂപയുടെ ചികിത്സാ സഹായം നൽകിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായ തുക ആശുപത്രികൾക്കാണ് വിതരണം ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ആയുർവേദ ചികിത്സാരംഗത്തെ വികസന പ്രവർത്തനങ്ങൾ

216 (3860) ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആയുർവേദ ചികിത്സാ രംഗത്ത് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ അവരെ ആരോഗ്യമുള്ള ജീവിതത്തിലേക്ക് നയിക്കുന്നതിനും എല്ലാ ജില്ലകളിലും വൃദ്ധജന പരിപാലന യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കുട്ടികളിൽ ഉണ്ടാകുന്ന അസുഖങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിച്ച് അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന 'ബാലമുകുളം' പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ 'ജീവനി' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയുർവേദ ചികിത്സാ രംഗത്ത് ഭാരതീയ ചികിത്സാ വകുപ്പിനും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ അവരെ ആരോഗ്യമുള്ള ജീവിതത്തിലേയ്ക്ക് നയിക്കുന്നതിനുമായി ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്ന വൃദ്ധജനപരിപാലനം എന്ന പദ്ധതി നിലവിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയുർവേദ ചികിത്സയിൽ വൃദ്ധജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന്റെ ഭാഗമായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ ആയുർവേദ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും "പ്രത്യേക വയോജന സംരക്ഷണകേന്ദ്രം" എന്ന പദ്ധതി നടപ്പിലാക്കി ചികിത്സ ലഭ്യമാക്കി വരുന്നുണ്ട്. ഇതിൻപ്രകാരം ചികിത്സ തേടി വരുന്ന വൃദ്ധജനങ്ങൾക്കായി പ്രത്യേക ബെഡ്ഡുകൾ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്.

(സി) കുട്ടികളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുക, ശാരീരിക ക്ഷമത വർദ്ധിപ്പിക്കുക, സ്കൂൾ കുട്ടികളുടെ പകർച്ചവ്യാധി കുറയ്ക്കുക, കുട്ടികളുടെ ദന്തശുദ്ധി നിലനിർത്തുന്നതിലൂടെ ദന്തരോഗങ്ങൾ ഒഴിവാക്കുക, പ്രാഥമിക കേൾവി-കാഴ്ച വിലയിരുത്തൽ, കുട്ടികളിലെ ബുദ്ധിശക്തി വിലയിരുത്തൽ, വ്യക്തിപരവും സാമൂഹികവുമായ ഇടപെടലുകളിലൂടെ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് ബാലമുകുളം.

(ഡി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ ജീവനി പദ്ധതി നിലവിൽ നാല് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. (തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ)

## ഹീമോഫീലിയ രോഗബാധിതർക്ക് ജീവൻരക്ഷാ മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി

217 (3861) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനപരിധിയില്ലാതെ ഹീമോഫീലിയ രോഗബാധിതർക്ക് ജീവൻരക്ഷാ മരുന്നുകൾ സൗജന്യമായി നൽകിവരുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര രോഗികൾക്ക് പ്രസ്തുത ധനഹായം അനുവദിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) അവർക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം രേഖകളാണ് അതിനു ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള സ്ഥിതിവിവര കണക്കുകൾപ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 1137 ഹീമോഫീലിയ രോഗബാധിതർക്ക് ജീവൻരക്ഷാ മരുന്നുകൾ സൗജന്യമായി നൽകിവരുന്നു.

(ബി) ഹീമോഫീലിയ രോഗികൾക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡുകൾ അനുവദിച്ചിട്ടുണ്ട്. ഫോട്ടോയും അഡ്രസ്സ് തെളിയിക്കുന്ന രേഖയും ഹീമോഫീലിയ ആണെന്ന ടെസ്റ്റ് റിസൽട്ടുമാണ് തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനാവശ്യമായ രേഖകൾ.

## സ്റ്റെന്റും ഇംപ്ലാന്റും നിർമ്മിക്കുന്ന പദ്ധതി

218 (3862) ശ്രീ.ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യമായി വരുന്ന സ്റ്റെന്റും ഇംപ്ലാന്റും സർക്കാർ ഉടമസ്ഥതയിൽ നിർമ്മിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ അത്തരം പ്ലാന്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യമായി വരുന്ന സ്റ്റെന്റും ഇംപ്ലാന്റും നിലവിൽ സർക്കാർ ഉടമസ്ഥതയിൽ നിർമ്മിക്കുന്നില്ല. ഇത്തരത്തിലുള്ള പ്ലാന്റുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മാനസികാരോഗ്യ പരിപാലനം

219 (3863) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ പരിപാലനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കുട്ടികളിലെയും കൗമാരക്കാരിലെയും മാനസിക അസ്വാസ്ഥ്യങ്ങൾ വിദഗ്ധ പരിശോധന നടത്തി കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകി മാനസികാരോഗ്യ സേവനം പ്രാഥമികാരോഗ്യ തലത്തിൽത്തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മാനസിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മാനസികരോഗികൾക്കുള്ള സേവനത്തിന്റെ അടിസ്ഥാന നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആശാ വർക്കർമാരുടെ സേവനം ഉപയോഗിച്ച് മാനസികപ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യകേന്ദ്രത്തിൽ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്ന 'സമ്പൂർണ്ണ മാനസികാരോഗ്യപദ്ധതി', വിഷാദ രോഗമുള്ളവരെ കണ്ടെത്തുന്നതിനായി ആരംഭിച്ച 'ആശ്വാസം' പദ്ധതി, ഗർഭിണികളായ സ്ത്രീകൾക്കും പ്രസവാനന്തരം അമ്മമാർക്കും പ്രത്യേക മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച 'അമ്മ മനസ്സ്' , മാതൃശിശു മാനസികാരോഗ്യ പരിപാടി, സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി 'ആത്മഹത്യാ പ്രതിരോധ പദ്ധതി', ആദിവാസി മേഖലകളിൽ കൂടുതലായി കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം, കുട്ടികളിലെ മാനസികപ്രശ്നങ്ങൾ, ആത്മഹത്യ എന്നിവയ്ക്ക് പരിഹാരമായി നടപ്പിലാക്കുന്ന 'ട്രൈബൽ മെന്റൽ ഹെൽത്ത് സർവ്വീസ്', പ്രളയാനന്തര മാനസികാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 10 ജില്ലകളിൽ നടന്നുവരുന്ന പരിരക്ഷ പദ്ധതി, ലഹരി വിമോചനത്തിനായി എക്സൈസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന 'വിമുക്തി' പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ മാനസികാരോഗ്യ പരിപാലനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, കുട്ടികളിലേയും കൗമാരക്കാരിലേയും ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത എന്നീ പ്രയാസങ്ങൾ പരിഹരിക്കുകയെന്ന ഉദ്ദേശ്യത്തോടെ എല്ലാ ജില്ലകളിലും 'സ്കൂൾ മാനസികാരോഗ്യ പദ്ധതിയും' പൊതുജനങ്ങൾക്കായി ജില്ലാ മാനസികാരോഗ്യ പരിപാടി മുഖേന മാനസികാരോഗ്യ ബോധവത്കരണ പരിപാടികളും നടന്നുവരുന്നു. ഇതിനുപുറമേ ജില്ലാ ജനറൽ ആശുപത്രി സൈക്യാടി വിഭാഗത്തിന്റെ കീഴിലും കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാകുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ,

സ്കൂൾ കൗൺസിലർമാർ, സ്കൂൾ ഹെൽത്ത് നഴ്സുമാർ എന്നിവർക്ക് മാനസികാരോഗ്യ പരിശീലനം നൽകിവരുന്നു. ഇതുവഴി സ്കൂൾ കുട്ടികൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയും ആത്മഹത്യാ പ്രതിരോധത്തെക്കുറിച്ചുമുള്ള ബോധവത്കരണം നടത്തിവരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിലെ സ്കൂൾ ആരോഗ്യ പരിപാടിയുടേയും കൗമാരപരിപാടിയുടേയും സഹകരണത്തോടെയാണ് 'സ്കൂൾ മാനസികാരോഗ്യ പദ്ധതി' നടപ്പിലാക്കുന്നത്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം 615 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തി വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന് 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡോക്ടർമാരുടേയും നഴ്സുമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ നികത്തുകയും മാനസികരോഗ ചികിത്സയ്ക്കുള്ള എല്ലാ അവശ്യമരുന്നുകളും മുടക്കമില്ലാതെ ലഭ്യമാക്കി രോഗികൾക്ക് നൽകുകയും ചെയ്തുവരുന്നുണ്ട്. അർഹരായ എല്ലാ മാനസികരോഗികൾക്കും പെൻഷൻ ലഭിക്കുന്നതിനുള്ള അവശതാ സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡുവഴി നൽകിവരുന്നു. രോഗം ഭേദമായിട്ടും ആശുപത്രിയിൽ കഴിഞ്ഞിരുന്ന അന്യസംസ്ഥാനങ്ങളിലേ തുൾപ്പെടെയുള്ള രോഗികളെ 'ദിബാനിയൻ' എന്ന സന്നദ്ധ സംഘടനയുമായി ചേർന്ന് അതത് വീടുകളിലെത്തിക്കുകയോ പ്രത്യേകം സജ്ജീകരിക്കപ്പെട്ട വീടുകളിൽ പുനരധിവസിപ്പിക്കുകയോ ചെയ്തുവരുന്നു. എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് ഫണ്ട് വകയിരുത്തുകയും പരിശീലന പരിപാടി തുടങ്ങുകയും ചെയ്തിട്ടുണ്ട്. 1870-ൽ പ്രവർത്തനം ആരംഭിച്ച തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം 2020-ൽ 150 വർഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി സമഗ്രമായ വികസനം മുൻനിർത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ന്യൂഡൽഹി ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസുമായി സഹകരിച്ച് വിവിധ കേന്ദ്രങ്ങൾ പങ്കെടുക്കുന്ന ഗവേഷണ പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആധുനിക സൈക്യാട്രി വാർഡ് നിർമ്മാണം പുരോഗമിക്കുകയാണ്. ആശുപത്രി വികസന സമിതിയും നിയമസഭാ ഉറപ്പുകളുടെ സമിതിയും ജില്ലാ ജഡ്ജ് ചെയർമാനായുള്ള മോണിറ്ററിംഗ് കമ്മിറ്റിയും ശിപാർശ ചെയ്തതുപ്രകാരം വികസന പ്രവർത്തനങ്ങൾക്ക് സഹായകരമായ നിലയിൽ മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ (MHIRC) എന്ന് പുനർനാമകരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി നൂതന പദ്ധതികൾ**

220 (3864) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യരംഗത്ത് സവിശേഷ പ്രാധാന്യം നൽകി ശ്രദ്ധിക്കേണ്ട മേഖലകൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി സർക്കാർ നടപ്പാക്കിയ നൂതന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(സി) അതിന്റെ ഭാഗമായി വൃദ്ധജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി (കോംപ്രഹെൻസീവ് ജിറിയാട്രിക് ഹെൽത്ത് കെയർ പ്രോഗ്രാം) ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ജില്ലാ ആശുപത്രികളിൽ വൃദ്ധസൗഹൃദ വാർഡുകൾ ഒരുക്കുന്നതിനും വൃദ്ധജനാരോഗ്യ ചികിത്സയിൽ വൈദഗ്ധ്യമുള്ളവരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക ആരോഗ്യസ്ഥിതി വിശേഷം മുന്നിൽക്കണ്ട് ജീവിതശൈലീ രോഗങ്ങൾ, വയോജന ആരോഗ്യം, മാനസിക ആരോഗ്യം, ട്രോമാകെയർ, സാന്ത്വന പരിചരണം, പുതിയ സാംക്രമിക രോഗ നിയന്ത്രണം എന്നിവയാണ് പ്രത്യേക പരിഗണന നൽകി ശ്രദ്ധിക്കേണ്ട വിഷയങ്ങൾ.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പിനും ദേശീയ ആരോഗ്യമിഷനും കീഴിൽ എൻ.പി.എച്ച്.സി.ഇ. പദ്ധതിയിലൂടെയും നിരവധി വയോജന ആരോഗ്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിൽ വയോജന ആരോഗ്യ പദ്ധതിയിലൂടെ ആശുപത്രികളെ വയോജന സൗഹൃദമാക്കുന്നതിനുള്ള ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സേവനങ്ങൾ ശാക്തീകരിക്കുന്നതിനും മാനവശേഷി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ

ഭാഗമായി പ്രധാന ആശുപത്രികളിൽ ജീറിയാട്രിക് വാർഡുകൾ, ജീറിയാട്രിക് ഒ.പി., വയോജന സൗകര്യ ശൗചാലയങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ.-യുടെ സഹായത്തോടെ ഡോക്ടർമാരേയും സ്റ്റാഫ് നഴ്സുമാരേയും ഫിസിയോ തെറാപ്പിസ്റ്റുകളേയും വിന്യസിപ്പിക്കുകയും പ്രധാന ആശുപത്രികളിൽ ജീറിയാട്രിക് ഒ.പി./ഐ.പി., ഫിസിയോതെറാപ്പി എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും സൗജന്യമായിട്ടാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത്.

(സി) ഉണ്ട്. സംസ്ഥാനത്ത് സാന്ത്വന പരിചരണത്തിനും വയോജന ആരോഗ്യത്തിനും ഒരു സമഗ്ര നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ആരോഗ്യ വകുപ്പിനുകീഴിലുള്ള പ്രധാന ആശുപത്രികളിൽ ജീറിയാട്രിക് കെയർ വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വകുപ്പിനുകീഴിൽ Elderly Care Fund, ദേശീയ ആരോഗ്യ മിഷനുകീഴിലുള്ള നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് C/o Elderly എന്നീ പദ്ധതികളുടെ ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. 10 കിടക്കകളുള്ള വാർഡുകൾ സജ്ജീകരിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഭൗതിക സൗകര്യങ്ങൾ, ഫിസിയോതെറാപ്പി, സ്ട്രോക്ക് റീഹാബിലിറ്റേഷൻ, ആർത്രൈറ്റീസ് ക്ലിനിക് തുടങ്ങിയ സാങ്കേതിക സേവനങ്ങൾ ക്ലിനിക്കുകളിൽ ലഭ്യമാക്കുന്നുണ്ട്. ദേശീയ ആരോഗ്യദൗത്യം മുഖേന മെഡിക്കൽ ആഫീസർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ ഈ ആശുപത്രികളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

## സ്നേഹപൂർവ്വം പദ്ധതി

221 (3865) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം 2018-19 വർഷം എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ അപേക്ഷ സമർപ്പിച്ച പലർക്കും ധനസഹായം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ 2014-15 അദ്ധ്യയന വർഷത്തിലെ 566 ഗുണഭോക്താക്കൾക്കും 2015-16 അദ്ധ്യയന വർഷത്തിലെ 856 ഗുണഭോക്താക്കൾക്കും 2016-17 അദ്ധ്യയന വർഷത്തിലെ 1481 ഗുണഭോക്താക്കൾക്കും 2017-18 അദ്ധ്യയന വർഷത്തിലെ 25994 ഗുണഭോക്താക്കൾക്കും 2018-19 അദ്ധ്യയന വർഷത്തിലെ 36481 ഗുണഭോക്താക്കൾക്കുംകൂടി ആകെ 65378 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. നിലവിൽ സ്നേഹപൂർവ്വം പദ്ധതി മാനദണ്ഡമനുസരിച്ച് അപേക്ഷകർ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരായിരിക്കണം. എ.പി.എൽ. വിഭാഗത്തിലാണെങ്കിൽ വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയിലും നഗരപ്രദേശങ്ങളിൽ 22,375 രൂപയിലും അധികരിക്കരുത്. സ്നേഹപൂർവ്വം പദ്ധതിക്കായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിനുശേഷം വിദ്യാഭ്യാസ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷയുടെ പ്രിന്റ് ഔട്ട് സമർപ്പിച്ച എല്ലാ കുട്ടികളുടെയും അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ അനുസരിച്ചുള്ളവ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടും സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ പ്രിന്റ്ഔട്ട് അയച്ചു നൽകാത്തതും വരുമാന പരിധി അധികരിച്ചതുമായ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് എൻ.എച്ച്.എം.-ൽനിന്നും ലഭിക്കേണ്ട കുടിശ്ശിക

222 (3866) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആരോഗ്യകിരണം, ആർ.എസ്.ബി.വൈ., ജെ.എസ്.എസ്.കെ., ജെ.എസ്.എസ്.കെ. -നിയോനാറ്റ്സ് എന്നീ പദ്ധതികൾ പ്രകാരം എച്ച്.എം.സി.-യ്ക്ക് ലഭിക്കേണ്ട ഒരു കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ എൻ.എച്ച്.എം.-ൽ നിന്നും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) എൻ.എച്ച്.എം.- ൽ നിന്നും ലഭിക്കേണ്ട ഒരു കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ ആശുപത്രിയ്ക്ക് ലഭിക്കാത്തതിനാൽ, ലാബിലേയ്ക്ക് ആവശ്യമായ കെമിക്കൽ, ശുചീകരണ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, എച്ച്.എം.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൻ.എച്ച്.എം.-ൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക ആശുപത്രിയ്ക്ക് ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) RSBY ഫണ്ട് ആരോഗ്യ സ്ഥാപനങ്ങളാണ് മെയിന്റയിൻ ചെയ്യുന്നത്. JSSK പദ്ധതിക്കുള്ള 23,19,250 രൂപ 15-10-2019-ന് Hospital Management Committee-ക്ക് കൈമാറിയിട്ടുണ്ട്. RBSK, ആരോഗ്യകിരണം മുതലായ പദ്ധതികൾക്കുള്ള ഫണ്ട് ജില്ലകൾക്ക് അനുവദിച്ചുകൊണ്ടുള്ള സംസ്ഥാന മിഷൻ ഡയറക്ടറുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കുന്നമുറയ്ക്ക് ആയത് ആശുപത്രികൾക്ക് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) RBSK, ആരോഗ്യകിരണം മുതലായ പദ്ധതികൾക്കുള്ള ജില്ലകൾക്ക് ഫണ്ട് അനുവദിച്ചുള്ള സംസ്ഥാന മിഷൻ ഡയറക്ടറുടെ ഉത്തരവുപ്രകാരമുള്ള ഫണ്ട് ധനകാര്യ വകുപ്പിന്റെ വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് ലഭ്യമാക്കുന്നമുറയ്ക്ക് അത് ജില്ലകൾക്കും അതത് ആശുപത്രികൾക്കും നൽകുന്നതാണ്.

**രോഗികളാകുന്നവരുടെ എണ്ണം**

223 (3867) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രവും, സാങ്കേതികവിദ്യകളും മുന്നേറിക്കൊണ്ടിരിക്കുമ്പോഴും, സംസ്ഥാനത്ത് രോഗികളാകുന്നവരുടെ എണ്ണം ആശങ്കാജനകമായി വർദ്ധിക്കുന്നു എന്നത് വസ്തുതയല്ലേ;

(ബി) ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ പ്രമേഹരോഗികളുള്ള സംസ്ഥാനമായി കേരളം മാറിയതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചികിത്സ, രോഗ നിർണ്ണയം, രോഗ പ്രതിരോധ സംവിധാനം എന്നിവ പൂർണ്ണമായും മാറുന്ന കാലത്തിന് അനുസൃതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) വസ്തുതയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ചിരിക്കുന്ന കേരള സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ആധുനികവൽക്കരണത്തിന്റേയും നഗരവൽക്കരണത്തിന്റേയും പരിണിത ഫലമായി ജീവിതശൈലീ രോഗങ്ങൾ ആശങ്കാജനകമായി വർദ്ധിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അച്യുതമേനോൻ സെന്ററിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അഞ്ചിൽ ഒരാൾക്ക് പ്രമേഹം ഉണ്ടെന്ന കണ്ടെത്തലാണ് നടത്തിയിരിക്കുന്നത്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, ലഹരിയോടുള്ള ആസക്തി, ഉയർന്ന മാനസിക പിരിമുറുക്കം എന്നിവയാണ് കേരളത്തെ പ്രമേഹത്തിന്റെ തലസ്ഥാനമാക്കി മാറ്റുന്നതിന്റെ കാരണം. അന്നജത്തിന്റെ മുൻതൂക്കവും കൊഴുപ്പും മധുരവും ഏറെയുള്ള ഭക്ഷണം, നാരുകൾ അടങ്ങിയ പഴം, പച്ചക്കറികൾ എന്നിവയുടെ കുറഞ്ഞ ഉപയോഗം എന്നിവയാണ് ആഹാര സംബന്ധമായ പ്രശ്നങ്ങൾ.

കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് വ്യായാമം കുറയുന്നുവെന്നതും മദ്യം ഉൾപ്പെടെയുള്ള ലഹരിയോടുള്ള ആസക്തി ഏറിയതും പ്രമേഹം വർദ്ധിക്കുന്നതിന് കാരണമാകുന്നു.

(സി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയായ അമൃതം ആരോഗ്യം കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ചുഭേദമാക്കുന്നതിനുമുള്ള നടപടികൾ ഈ പദ്ധതി പ്രകാരം സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് രക്താദിസമ്മർദ്ദം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ലോകാരോഗ്യ സംഘടനയും ICMR-മായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് IHML സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന് അനുസൃതമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കുകയും ജനങ്ങൾക്ക് സാമ്പത്തികവും ശാരീരികവുമായ അസൗകര്യങ്ങൾ നേരിടുന്നത് കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യ വകുപ്പ് താരതമ്യേന ചെലവ് കുറയുന്നതും വീട്ടിൽവച്ച് ചെയ്യാവുന്നതുമായ CAPD ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതി ആരംഭിക്കുകയും ചെയ്തു. പ്രമേഹരോഗത്തിന്റെ complication ആയ ഡയബറ്റിക് റെറ്റിനോപ്പതി നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നയനാമൃതം പദ്ധതി ആരംഭിച്ചു. ഗുരുതര ശ്വാസകോശ രോഗമായ chronic

obstructive pulmonary disease നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ജില്ലാ ആശുപത്രികളിലും SWASS ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും എല്ലാ ജില്ലകളിലും ജില്ലാ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുവാൻ സൗകര്യമുള്ള ഒരു വാർഡ് ആരംഭിക്കുന്നതിനുള്ള അഭയം പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**ആർദ്രം മിഷൻ ജനകീയമാക്കുന്നതിനായി നടപടി**

224 (3868) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ നടപ്പിലായതോടെ സംസ്ഥാനത്തെ ആരോഗ്യ സേവന രംഗത്ത് വൻ കുതിച്ചു ചാട്ടവും പൊതുജനാരോഗ്യ സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തെങ്കിലും ഇപ്പോഴും രോഗപ്രതിരോധ സംവിധാനങ്ങൾ വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർദ്രം മിഷന്റെ ഭാഗമായി ചികിത്സാ ചെലവ് കുറച്ചുകൊണ്ട് വരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) മിഷൻ കൂടുതൽ ജനകീയമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) രോഗപ്രതിരോധ മേഖലയിൽ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുകയും ടി സ്ഥാപനങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനവും ഗുണമേന്മയുള്ള മരുന്നുകളും ഉറപ്പുവരുത്തുകയും ചെയ്യുകവഴി പ്രാഥമികതലത്തിൽത്തന്നെ സൗജന്യമായി മെച്ചപ്പെട്ട ചികിത്സ ഒരുക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി

വിഭാഗങ്ങളിൽ ഡോക്ടർമാരുടേയും അനുബന്ധ ജീവനക്കാരുടേയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകവഴി സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗം ചികിത്സയും കുറഞ്ഞ നിരക്കിൽ രോഗികൾക്ക് നൽകാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിലായി കൂടുതൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്താനും ഇതുവഴി രോഗപ്രതിരോധ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്.

(സി) വിവിധ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലും ഫീൽഡുതല പ്രവർത്തനങ്ങളിലും കൂടുതൽ ജനപങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗ നിയന്ത്രണം, മാനസികരോഗ പരിചരണം, മാതൃശിശു ആരോഗ്യ പരിചരണം തുടങ്ങിയ വിവിധ രോഗനിയന്ത്രണങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതുവഴി ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുവാനും ഒ.പി. വിഭാഗം ജനകീയമാക്കാനും സാധിച്ചിട്ടുണ്ട്.

ആർദ്രം മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി വ്യായാമം, നല്ല ഭക്ഷണശീലങ്ങൾ, മാനസികാരോഗ്യം, ശുചിത്വം തുടങ്ങിയ വിഷയങ്ങളിലൂന്നി വിപുലമായ ഒരു സംസ്ഥാനതല ക്യാമ്പയിൻ നവംബർ 18-ന് ആരംഭിച്ചു.

(ഡി) ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം അവയുടെ കീഴിലുള്ള ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്താനുള്ള നടപടികൾ എടുത്തുവരുന്നതാണ്. എല്ലാ ദിവസങ്ങളിലും ഉച്ചകഴിഞ്ഞ് ഉപകേന്ദ്ര ക്ലിനിക്കുകൾ, ജീവിതശൈലീ രോഗങ്ങൾക്കുകൂടി ഊന്നൽ നൽകികൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന നടപടികളും എടുത്തുവരുന്നു.

**ആർദ്രം പീപ്പിൾസ് ക്യാമ്പയിൻ പദ്ധതി**

225 (3869) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പീപ്പിൾസ് ക്യാമ്പയിൻ എന്ന പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ട് പോകുന്നതോടൊപ്പം പ്രവർത്തനങ്ങളിൽ കൂടുതലായി ജനപങ്കാളിത്തം കൊണ്ടുവരേണ്ടതുണ്ടെന്നും

അതിനായി ഒരു സംസ്ഥാനതല ക്യാമ്പയിൻ തുടക്കമിടാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന മിഷൻ യോഗം തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഒ.(ആർ.ടി.)നമ്പർ 2493/2019/ആ.കു.വ. തീയതി 18-10-2019 അനുസരിച്ച് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. താഴെപ്പറയുന്ന അഞ്ച് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് വിഭാവനം ചെയ്യുന്നത്:

1. ആരോഗ്യ വർദ്ധക രോഗപ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ സേവനങ്ങളും ഫലപ്രദമായ ഉപയോഗം ഉറപ്പു വരുത്തലും.
2. ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ വ്യാപിപ്പിക്കുക.
3. ശാരീരിക വ്യായാമങ്ങളുടെയും കായിക പ്രവൃത്തികളുടെയും പ്രോത്സാഹനം.
4. മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഡീ-അഡിക്ഷനും
5. വൃത്തിയും വെടിപ്പും മാലിന്യ നിർമ്മാർജ്ജനവും

ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നവംബർ 18-ന് നിർവ്വഹിക്കുന്നതാണ്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവനുസരിച്ചുള്ള പ്രവർത്തന പരിപാടികൾക്കായി വിപുലമായ സംസ്ഥാനതല കമ്മിറ്റികൾക്കും സബ്കമ്മിറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെക്കൂടി (M.P., M.L.A.) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജില്ലാതല കമ്മിറ്റികളുടെ നേതൃത്വത്തിൽ ജില്ലകളിലെ ക്യാമ്പയിനുകൾ രൂപപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. താഴെത്തട്ടിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും വിവിധ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി

226 (3871) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി ആലത്തൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതി അടക്കമുള്ള വിശദാംശവും അറിയിക്കാമോ?

ഉത്തരം

(എ) 2017-18-ലെ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

2018-19 ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ആലത്തൂർ മണ്ഡലത്തിലെ തേങ്കുറിശ്ശി, കുനിശ്ശേരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിൽ കുടുംബാരേഗ്യകേന്ദ്രമായി ഉയർത്തിയ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾവീതം സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണി വരെ ഒ.പി. ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ, എൻ.സി.ഡി. ക്ലിനിക് പ്രീ ചെക്ക്, ഔട്ട് റീച്ച് ക്ലിനിക്, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.

രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തവയിൽ കുനിശ്ശേരി പി.എച്ച്.സി.-യിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തേങ്കുറിശ്ശി പി.എച്ച്.സി.-യിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**പരിയാരം മെഡിക്കൽ കോളേജ്**

227 (3872) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഏറ്റെടുത്ത പരിയാരം മെഡിക്കൽ കോളേജിൽ വർഷങ്ങളായി കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യാത്തതും മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതും കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിന് ഒരു പാക്കേജ് തയ്യാറാക്കി ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിനുവേണ്ടി, പ്ലാൻ/പ്ലാനിതര ശീർഷകത്തിൽ മെഡിക്കൽ കോളേജിന്റേയും അനുബന്ധ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടെ നവീകരണം/അറ്റകുറ്റപ്പണികൾ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക്, 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതികൾ**

228 (3873) ശ്രീ. എം. സ്വരാജ്:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകൾ രോഗീ സൗഹൃദമാക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗത്തിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ ചികിത്സയ്ക്കുള്ള ആധുനിക സൗകര്യങ്ങൾ സജ്ജീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനെ രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 717.29 കോടി രൂപയുടെ മാസ്റ്റർപ്ലാനിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി മാതൃഭൂമി മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന് ഭരണാനുമതി നൽകിയിട്ടില്ല.

കോട്ടയം മെഡിക്കൽ കോളേജ് വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് 560 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജ് രോഗീസൗഹൃദ ആശുപത്രിയായി മാറ്റുന്നതിന് ആർദ്രം പദ്ധതിപ്രകാരം ഒ.പി. നവീകരണത്തിനായി 2.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം രോഗീസൗഹൃദം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശീർഷകത്തിൽ അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശുചിമുറികളുടെ അറ്റകുറ്റപ്പണിയും നവീകരണവും ഇടനാഴി, രോഗികൾക്കാവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനുള്ള സൗകര്യം, പേഷ്യന്റ് അനൗൺസ്മെന്റ് സിസ്റ്റം എന്നിവ നടപ്പാക്കിയിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സൂപ്പർ സ്പെഷ്യാലിറ്റി, മദർ ആന്റ് ചൈൽഡ് ബ്ലോക്ക് എന്നിവയുടെ വികസനത്തിന് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ INKEL പദ്ധതി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചു. ഇതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റിക്കായി 277 കോടി രൂപയും മദർ ആന്റ് ചൈൽഡ് ബ്ലോക്കിനായി 285.54 കോടി രൂപയും കിഫ്ബിവഴി ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും സ്റ്റാഫ് കോർട്ടേഴ്സിനുംവേണ്ടി അനുവദിച്ച 368.75 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബിവഴി INKEL നടപ്പിലാക്കിവരുന്നു.

(സി) തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, എറണാകുളം, സർക്കാർ മെഡിക്കൽ കോളേജുകളിൽ നൂതന സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിനെ ടെറിഷറി കാൻസർ സെന്റർ ആയി ഉയർത്തുകയും അവിടെ ആധുനിക സംവിധാനങ്ങളായ ലീനിയർ ആക്സിലറേറ്ററും ഏറ്റവും നൂതന സംവിധാനമായ "true beam" റേഡിയേഷൻ ഉപകരണവും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിനെ മിനി ആർ.സി.സി. ആക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ കാൻസർ വിഭാഗത്തിന്റെ വികസനത്തിന്റെ ഭാഗമായി ലീനിയർ ആക്സിലറേറ്റർ, സി.റ്റി. സിമുലേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല ബാക്കി തെറാപ്പി ഉപകരണം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലെ കാൻസർ വിഭാഗങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ ലീനിയർ ആക്സിലറേറ്റർ, സി.റ്റി. സിമുലേറ്റർ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ട കെട്ടിടങ്ങളുടെ പണികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളിൽ പുതിയ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പാരിപ്പള്ളി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ്

229 (3874) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ആയതിന് ആവശ്യമായ അനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ആവശ്യമായ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഈ കോളേജ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ;

(സി) നഴ്സിംഗ് മേഖലയിലെ തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് പ്രസ്തുത നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ-സി) കൊല്ലം സർക്കാർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള ഭൗതിക സാഹചര്യം ഒരുക്കൽ, തസ്തിക സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

## താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ഒഴിവുകൾ

230 (3876) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം; എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്; ഇത്തരം തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) താലൂക്ക് ആശുപത്രികളിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവ് വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. ജനറൽ മെഡിസിൻ | | | |
| കൺസൾട്ടന്റ് | | ജൂനിയർ കൺസൾട്ടന്റ് | |
| 1 | താലൂക്കാശുപത്രി കുന്നംകുളം-1 | 1 | താലൂക്കാശുപത്രി മല്ലപ്പള്ളി -1 |
| | | 2 | താലൂക്കാശുപത്രി പേരാവൂർ-2 |
| | | 3 | താലൂക്കാശുപത്രി മംഗൾപ്പാടി-1 |
| 2. ഗൈനക്കോളജി | | | |
| 1 | താലൂക്കാശുപത്രി ആറ്റിങ്ങൽ-1 | | |
| 2 | താലൂക്കാശുപത്രി ശാസ്താംകോട്ട-1 | | |
| 3 | താലൂക്കാശുപത്രി മല്ലപ്പള്ളി-1 | | |
| 4 | താലൂക്കാശുപത്രി പീരുമേട്-1 | | |
| 5 | താലൂക്കാശുപത്രി പേരാവൂർ-2 | | |
| 6 | താലൂക്കാശുപത്രി ഇരിട്ടി-1 | | |
| 3. ഓർത്തോപീഡിക്സ് | | | |
| ജൂനിയർ കൺസൾട്ടന്റ് | | | |
| 1 | താലൂക്കാശുപത്രി കട്ടപ്പന-1 | | |
| 4. പീഡിയാട്രിക്സ് | | | |

| | | | |
|---|---|---|---|
| കൺസൾട്ടന്റ് | | | |
| 1 | താലൂക്കാശുപത്രി വിതുര-1 | | |
| 2 | താലൂക്കാശുപത്രി ഫോർട്ട് കൊച്ചി-1 | | |
| 5. ഇ.എൻ.റ്റി. | | | |
| ജൂനിയർ കൺസൾട്ടന്റ് | | | |
| 1 | താലൂക്കാശുപത്രി പേരാവൂർ-1 | | |
| 6. ഡെർമറ്റോളജി | | | |
| ജൂനിയർ കൺസൾട്ടന്റ് | | | |
| 1 | താലൂക്കാശുപത്രി കരുവേലിപ്പടി-1 | | |
| 7.ഒഫ്ത്താൽമോളജി | | | |
| 1 | താലൂക്കാശുപത്രി പിറവം -1 | | |

പ്രസ്തുത ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## സ്പെഷ്യാലിറ്റി ആശുപത്രികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി

231 (3877) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിൽ എത്ര സ്പെഷ്യാലിറ്റി (വിദഗ്ധ ചികിത്സ) ആശുപത്രികൾ (നെഞ്ച് വേദന, മാനസിക രോഗം, കുഷ്ഠരോഗം മുതലായവയ്ക്ക്) ഉണ്ട്; വ്യക്തമാക്കുമോ;

(ബി) അവയുടെ ഭരണപരവും ഭൗതികവുമായ സാഹചര്യങ്ങളും സ്റ്റാഫ് പാറ്റേണും കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ഏതെല്ലാം കേഡർ വിഭാഗങ്ങളിലുള്ള ഡോക്ടർമാരുടെ തസ്തിക ഉണ്ട്; അവയിൽ എത്ര പേർ ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രികളിൽ മേധാവികളുടെ തസ്തിക സ്പെഷ്യാലിറ്റി ഡോക്ടർമാർക്കാണോ;അതോ അഡ്മിനിസ്ട്രേറ്റീവ് കേഡർക്കാണോ;അതിനെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ആശുപത്രികളിൽ ഏതിലെങ്കിലും ഏതെങ്കിലും തസ്തികയിൽ അനുവദിക്കപ്പെട്ട കേഡറിലല്ലാതെയുള്ള ഡോക്ടർമാർ ചാർജ് വഹിക്കുന്നുണ്ടോ;അങ്ങനെയെങ്കിൽ അതിനുള്ള ഭരണപരമായ കാരണമെന്ത്; വ്യക്തമാക്കുമോ;

(എഫ്) കേഡർ സംവിധാനം അട്ടിമറിക്കുന്ന തരത്തിലുള്ള ചാർജ് ഓഫീസർ നിയമന രീതി അവസാനിപ്പിച്ച് സുശക്തമായ ഭരണസംവിധാനം സ്ഥാപിക്കാൻ വേണ്ട എന്തൊക്കെ നടപടികളാണ് ഇത് വരെ സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ എത്ര കാലയളവിനുള്ളിൽ ശരിയായ നിയമനം നടത്താൻ സാധിക്കും എന്നാണ് സർക്കാർ വിലയിരുത്തൽ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന് കീഴിൽ 7 സ്പെഷ്യാലിറ്റി ആശുപത്രികൾ ഉണ്ട്.

| | |
|---|---|
| 1 | നെഞ്ചുരോഗ ആശുപത്രി, പുലയനാർകോട്ട, തിരുവനന്തപുരം |
| 2 | മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട, തിരുവനന്തപുരം |
| 3 | മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ |
| 4 | മാനസികാരോഗ്യകേന്ദ്രം, കോഴിക്കോട് |
| 5 | ലെപ്രസി സാനറ്റോറിയം, നൂറനാട്, ആലപ്പുഴ |
| 6 | ഗാന്ധിഗ്രാം ആശുപത്രി, കൊരട്ടി, തൃശ്ശൂർ |
| 7 | ഡെർമറ്റോളജി ആശുപത്രി, ചേവായൂർ, കോഴിക്കോട് |

(ബി) തെരഞ്ഞെടുക്കപ്പെട്ട സ്പെഷ്യാലിറ്റി ആശുപത്രികളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ചും മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഏർപ്പെടുത്തിയതോടെ ചില സ്പെഷ്യാലിറ്റി ആശുപത്രികളെ രോഗികൾ ആശ്രയിക്കുന്നത് കുറഞ്ഞിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) സൈക്യാട്രി, ശ്വാസകോശരോഗ വിഭാഗം, ഡെർമറ്റോളജി എന്നീ വിഭാഗങ്ങളിലായി യഥാക്രമം 40, 6, 8 എന്നിങ്ങനെ ഡോക്ടർമാരുടെ തസ്തികകളുണ്ട്. ആയതിലെല്ലാം ഡോക്ടർമാർ ജോലി ചെയ്യുന്നു.

(ഡി) മേൽപ്പറഞ്ഞ ആശുപത്രികളിൽ മേധാവികളുടെ തസ്തിക അഡ്മിനിസ്ട്രേറ്റീവ് കേഡറിലാണ് ഉൾപ്പെടുത്തുന്നത്. അതിനെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു

(ഇ) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ എല്ലാം അഡ്മിനിസ്ട്രേറ്റീവ് തസ്തികയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരാണ് ചാർജ് വഹിക്കുന്നത്.

(എഫ്) കേഡർ സംവിധാനം അട്ടിമറിക്കുന്ന തരത്തിലുള്ള ചാർജ് ആഫീസർ നിയമനരീതി നിലവിൽ ഇല്ല.

## താലൂക്ക് ആസ്ഥാനങ്ങളിൽ താലൂക്ക് ആശുപത്രികൾ

232 (3878) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനത്ത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നിലവിലുള്ള എത്ര താലൂക്കുകളുണ്ടെന്നും നിലവിലില്ലാത്ത ഏതെല്ലാം താലൂക്കുകളുണ്ടെന്നും അറിയിക്കാമോ;

(ബി) നിലവിലില്ലാത്ത താലൂക്കുകളിൽ ആയത് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള 77 താലൂക്കുകളിൽ 46 ഇടങ്ങളിൽ താലൂക്കാസ്ഥാന ആശുപത്രികൾ നിലവിലുണ്ട്. ബാക്കിയുള്ള 31 താലൂക്കുകളിൽ താലൂക്ക്/ജനറൽ ആശുപത്രികൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള എല്ലാ താലൂക്കുകളിലും താലൂക്ക് ആശുപത്രിയോ അതിന് മുകളിലോ ഉള്ള ആശുപത്രികൾ നിലവിലുണ്ട്. കൂടുതലായി സ്ഥാപനങ്ങൾ തുടങ്ങുക എന്നതിനല്ല, നിലവിലുള്ള സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനാണ് ആർദ്രം മിഷനിലൂടെ ശ്രമിച്ചുവരുന്നത്.

## ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രം

233 (3879) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേണും നിലവിൽ ഏതെല്ലാം തസ്തികകളിൽ ജീവനക്കാരുടെ കുറവുണ്ടെന്നും കാണിക്കുന്ന പട്ടിക ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവിടെ കിടത്തി ചികിത്സ അനുവദിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിലെ തസ്തികകളും ഒഴിവുകളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

കൂടാതെ എൻ.എച്ച്.എം. മുഖേന ഓരോ ഫാർമസിസ്റ്റ്, പാലിയേറ്റീവ് നഴ്സ് എന്നിവരെ നിയമിച്ചിട്ടുണ്ട്.

(ബി) കിടത്തി ചികിത്സ അനുവദിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഓച്ചിറ സി.എച്ച്.സി.-യിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്തെ 152 ബ്ലോക്ക് തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 76 എണ്ണം ഈ വർഷം രോഗീസൗഹൃദ രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത പട്ടികയിൽ ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്.

## വെള്ളറട സി.എച്ച്.സി.

234 (3880) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകാത്തതിനാൽ ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ലാത്തത് ആശുപത്രിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോ ; വിശദാംശം അറിയിക്കാമോ ;

(ബി) ഗിരിവർഗ്ഗ മേഖലയിൽ നിന്നും ഉൾപ്പെടെ ദിവസേന എഴുനൂറോളം ഒ.പി. വരുന്ന വെള്ളറട സി.എച്ച്.സി.യിലെ സ്റ്റാഫ് പാറ്റേൺ പി.എച്ച്.സി. യുടേതിൽനിന്നും സി.എച്ച്.സി.യുടേതായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

(സി) വെള്ളറട സി.എച്ച്.സി.യിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടറുടെ കുറവ് പരിഹരിച്ച് ഗൈനക്കോളജി വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ; വിശദാംശം അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മലയോര ആദിവാസി മേഖലയായ വെള്ളറടയിൽ സ്ഥിതി ചെയ്യുന്ന സി.എച്ച്.സി. -യെ ഗിരിജന സൂപ്പർസ്പെഷ്യാലിറ്റി സി.എച്ച്.സി.ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിക്കാമോ

ഉത്തരം

(എ) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് മെച്ചപ്പെട്ട ചികിത്സാ സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ 152 ബ്ലോക്ക തല സി.എച്ച്.സി.-കളെ ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക തല കുടുംബാരോഗ്യ കേന്ദ്രമാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷത്തേയ്ക്ക് 76 എണ്ണത്തെ ഇതിനായി തെരഞ്ഞെടുത്ത് പ്ലാൻ എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

(സി) ഗൈനക്കോളജി വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ഒന്നുംതന്നെ നാളിതുവരെ അനുവദിച്ചിട്ടില്ല. എൻ.എച്ച്.എം. മുഖേന നിയമിച്ചിരുന്ന ഡോക്ടറുടെയും അതോടൊപ്പം നിലവിലുള്ള 3 ഡോക്ടർമാരുടേയും സേവനം പ്രയോജനപ്പെടുത്തിയാണ് ടി വിഭാഗം പ്രവർത്തിച്ചിരുന്നത്. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവത്തിലും ഗൈനക്കോളജി വിഭാഗത്തിന് ആവശ്യമായ മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലാണ് ടി വിഭാഗം പ്രവർത്തിപ്പിക്കാൻ കഴിയാത്തത്.

(ഡി) മലയോര ആദിവാസി മേഖലയായ വെള്ളറടയിൽ സ്ഥിതിചെയ്യുന്ന സി.എച്ച്.സി.-യെ ഗിരിജന സൂപ്പർ സ്പെഷ്യാലിറ്റി സി.എച്ച്.സി. ആയി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികളൊന്നുംതന്നെ തൽക്കാലം സർക്കാർ പരിഗണനയിലില്ല. കൂടാതെ പദവി ഉയർത്തുക എന്നതല്ല ഘട്ടംഘട്ടമായി ആവശ്യമായ മെച്ചപ്പെട്ട സൗകര്യങ്ങൾ ആശുപത്രികളിൽ ക്രമീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**തൊടുപുഴ താലൂക്ക് ആശുപത്രിയിൽ അഡീഷണൽ ബ്ലോക്ക് നിർമ്മാണം**

235 (3881) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ താലൂക്ക് ആശുപത്രിയിൽ അഡീഷണൽ ബ്ലോക്ക് പണിയുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ നിർമ്മാണം എന്നു തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തൊടുപുഴ താലൂക്കാശുപത്രിയിൽ അഡീഷണൽ ബ്ലോക്ക് പണിയുന്നതിനുള്ള ഭരണാനുമതി 27-11-2015-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(സാധാ) 3829/15/ആ.കു.വ. പ്രകാരം നൽകുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി വർക്കുകളുടെ പണി പുരോഗമിച്ചുവരുന്നു.

**വൈക്കം താലൂക്കിലെ ആശുപത്രികൾ**

236 (3882) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്ത് നിർമ്മാണം നടക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ ഇലക്ട്രിക്ക് ജോലികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) വൈക്കം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈക്കത്ത് നിർമ്മാണം നടക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റേയും ഒന്നാം നിലയുടേയും ഇലക്ട്രിക് ജോലിയുടെ റീ ടെണ്ടർ നടപടി അവസാനിക്കുകയും 25-10-2019-ന് പണികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടുമുതൽ അഞ്ചുവരെയുള്ള നിലകളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ നടന്നുവരികയാണ്.

(ബി) ഡയാലിസിസ് യൂണിറ്റിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഡയാലിസിസ് യൂണിറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള എഗ്രിമെന്റ് പ്രകാരം 2020 മാർച്ച് 31-നുമുൻപ് സിവിൽ വർക്കുകൾ തീർക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിൽ പാർട്ട് ടൈം ക്ലീനർ**

237 (3883) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിൽ പാർട്ട് ടൈം ക്ലീനർ (പേഷ്യന്റ് എംപ്ലോയീസ്) തസ്തികയിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ നിയമന ഉത്തരവിന് സാധൂകരണം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ ഒഴിവുള്ള 4 പാർട്ട് ടൈം തസ്തികയിലേയ്ക്ക് രോഗം ഭേദമായ അന്തേവാസികളിൽനിന്നും കൂടിക്കാഴ്ച നടത്തി താൽക്കാലിക നിയമനം നൽകിയതിന് സാധൂകരണം നൽകുന്നതുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## കോതമംഗലം താലൂക്ക് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടി

238 (3884) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2.18 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭരണാനുമതിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കോതമംഗലം താലൂക്ക് ആശുപത്രി രോഗി സൗഹൃദമാക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി 2.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തനത്തിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി)

1. ഒ.പി. വെയിറ്റിംഗ് ഏരിയ
2. ടോക്കൺ സിസ്റ്റം
3. സ്വകാര്യത ഉറപ്പുവരുത്തുന്ന പരിശോധനാമുറി
4. ഫാർമസി വെയിറ്റിംഗ് ഏരിയ
5. ഫാർമസി ടോക്കൺ സിസ്റ്റം
6. ഡിസേബിൾ ഫ്രണ്ട്‌ലി ടോയ്‌ലെറ്റ്

(ഡി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെയാണ് പ്രവൃത്തിയുടെ എസ്.പി.വി. ആയി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ അധികം വൈകാതെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ചൂണ്ടൽ ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് നിയമനം

239 (3885) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടൽ ആയുർവേദ ഡിസ്പെൻസറിയിൽ യോഗ്യതയുള്ള ജീവനക്കാരല്ല മരുന്നുവിതരണം നടത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ട നാല്പത്തിയഞ്ച് വർഷത്തെ പഴക്കമുള്ള ഈ ഡിസ്പെൻസറിയിൽ അടിയന്തരമായി ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിച്ചുവരുന്നു.

## എറണാകുളം കരുവേലിപ്പടി ക്ഷയരോഗാശുപത്രിയുടെ കെട്ടിട നിർമ്മാണം

240 (3886) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമകൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്നതും 1950-ൽ പ്രവർത്തനം ആരംഭിച്ചതുമായ, എറണാകുളം ജില്ലയിലെ സർക്കാർ മേഖലയിലെ ഏക ക്ഷയരോഗ ആശുപത്രിയുടെ ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിനായി

നിർദ്ദേശിക്കപ്പെട്ട പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) എസ്റ്റിമേറ്റ് ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) കെട്ടിടനിർമ്മാണത്തിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷയരോഗാശുപത്രിയുടെ പഴയ കെട്ടിടം പൊളിച്ച സ്ഥലത്ത് പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യൂ.ഡി.-യിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) എറണാകുളം ജില്ലാ ടി.ബി. ഓഫീസറുടെ 28-7-2018-ലെ എ 1/276/2017-ാം നമ്പർ കത്തിൽ സ്ഥലം പരിശോധിച്ച് പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ പി.ഡബ്ല്യു.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി&ഡി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തുകയും അനന്തരനടപടികൾ സ്വീകരിച്ചുവരികയുമാണ്.

**പാവറട്ടി പഞ്ചായത്തിലെ പി.എച്ച്.സി.**

241 (3887) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവറട്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി.-യിലെ നിലവിലുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ നിലവിൽ ഏതെല്ലാം ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പി.എച്ച്.സി.യിൽ താൽക്കാലികാടിസ്ഥാനത്തിൽ ഏതെങ്കിലും ജീവനക്കാർ പ്രവർത്തിക്കുന്നുണ്ടോ;

(സി) ദിനംപ്രതി നിരവധി രോഗികൾ എത്തുന്ന തീരപ്രദേശത്തെ പ്രധാന പി.എച്ച്.സി.യിൽ ആവശ്യമായ ഡോക്ടർമാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പി.എച്ച്.സി.യിലെ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പാവറട്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി.-യിലെ സ്റ്റാഫ് ലിസ്റ്റും ഒഴിവുള്ള തസ്തികകളും താഴെ ചേർക്കുന്നു.

| Sl. No. | Designation | Sanctioned Post | In Position | Vacant Post |
|---|---|---|---|---|
| 1 | Medical Officer (Assistant Surgeon) | 2 | 2 | Nil |
| 2 | Staff Nurse | 1 | 1 | Nil |
| 3 | Pharmacist | 1 | 1 | Nil |
| 4 | Clerk | 1 | 1 | Nil |
| 5 | Office Attendant | 1 | 1 | Nil |
| 6 | Nursing Assistant | 1 | 1 | Nil |
| 7 | Hospital Attendant Gr.II | 2 | 1 | 1 |
| 8 | Part Time Cleaner | 1 | 1 | Nil |
| 9 | Health Inspector | 1 | 1 | Nil |
| 10 | Junior Health Inspector Gr.I | 1 | 1 | Nil |
| 11 | Junior Health Inspector Gr.II | 2 | 2 | Nil |
| 12 | Public Health Nurse | 1 | Nil | 1 |
| 13 | Junior Public Health Nurse Gr.II | 5 | 5 | Nil |
| Total | | 20 | 18 | 2 |

(ബി) എച്ച്.എം.സി. ലാബിൽ ഒരു ലാബ് ടെക്നീഷ്യൻ താൽക്കാലിക വ്യവസ്ഥയിൽ ജോലിചെയ്യുന്നു. പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്ടിൽ ഒരു നഴ്സ് താൽക്കാലികമായി ജോലിചെയ്യുന്നു.

(സി) ടി സ്ഥാപനത്തിൽ ഒരു ദിവസം ശരാശരി 170 ഒ.പി. ഉണ്ട്. ടി സ്ഥാപനത്തിൽ അസിസ്റ്റന്റ് സർജൻമാരുടെ 2 തസ്തികയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ഡി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിലെ ജീവനക്കാരിൽനിന്നും പബ്ലിക് ഹെൽത്ത് നഴ്സ് പ്രൊമോഷൻ നടത്തുന്നതിനായി എഫ്.എച്ച്.എസ്. ട്രെയിനിംഗ് നടന്നുവരുന്നു. ടി ട്രെയിനിംഗ് കഴിഞ്ഞ് ലിസ്റ്റ് ലഭിക്കുന്നതോടുകൂടി ഒഴിവുകൾ നികത്താനായി കഴിയും.

ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ ഒരു ഒഴിവ് എംപ്ലോയ്മെന്റ് ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഇന്റർവ്യൂ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് നടപടി**

242 (3888) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ഏതെങ്കിലും സി.എച്ച്.സി. യിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് ആർദ്രം പദ്ധതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം കാത്ത് ലാബ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പുതിയ ഒരു പ്രൊപ്പോസൽ നൽകിയാൽ ആയത് പരിഗണിക്കുമോ;

(സി) മലയോരപ്രദേശമായ കോങ്ങാട് നിന്നും വളരെ ദൂരെയാണ് പല കാത്ത് ലാബ് സൗകര്യമുള്ള ആശുപത്രികളുമെന്നിരിക്കെ, രോഗികളുടെ സൗകര്യം കണക്കിലെടുത്ത് മണ്ഡലത്തിൽ നിലവിലുള്ള ഏതെങ്കിലും ഒരു സർക്കാർ ആശുപത്രിയിൽ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) ആർദ്രം പദ്ധതിയിൽ സി.എച്ച്.സി.-യിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആരോഗ്യ വകുപ്പിൽ നിലവിൽ ആർദ്രം മാനദണ്ഡം അനുസരിച്ചാണ് ആരോഗ്യ സ്ഥാപനങ്ങൾ വികസിപ്പിച്ചു

വരുന്നത്. ആർദ്രം മാനദണ്ഡം അനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാതല ആശുപത്രികളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗമായ കാർഡിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കാത്ത് ലാബുകൾ പ്രവർത്തിക്കുന്നത്. പാലക്കാട് ജില്ലയിൽ പാലക്കാട് ജില്ലാ ആശുപത്രിയെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവിടെ നിലവിൽ കാർഡിയോളജി വിഭാഗവും കാത്ത് ലാബ് സേവനങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയിലെ മറ്റ് ആശുപത്രികളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## നീലേശ്വരം താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം

243 (3889) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി എവിടെയൊക്കെയാണ് കാഷ്വാലിറ്റി സംവിധാനം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) നീലേശ്വരം താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം പ്രവർത്തന സജ്ജമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മംഗൽപ്പാടി, പനത്തടി, ബേഡഡുക്ക, നീലേശ്വരം എന്നീ താലൂക്കാശുപത്രികളിലാണ് പുതുതായി കാഷ്വാലിറ്റി സംവിധാനം അനുവദിച്ചിട്ടുള്ളത്.

(ബി) നീലേശ്വരം താലൂക്കാശുപത്രിയിൽ നിലവിൽ കാഷ്വാലിറ്റി സംവിധാനം പ്രവർത്തന സജ്ജമാണ്.

## ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് ഭക്ഷണ വിതരണം

244 (3890) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിൽ പേഷ്യന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2004 മാർച്ചിന് ശേഷമുള്ള റിവിഷൻ റേറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത തുക ഇതുവരെയും അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-സി കോഴിക്കോട് ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്കുള്ള ഭക്ഷണം വിതരണം ചെയ്ത വകയിൽ പേഷ്യന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2004 മാർച്ചിന് ശേഷമുള്ള റിവിഷൻ റേറ്റ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

## ഞാറക്കൽ സർക്കാർ ആശുപത്രിക്ക് പുതിയ കെട്ടിടം

245 (3891) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ജിഡ ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് മുന്നോടിയായി പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഇതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പൊളിച്ചുനീക്കൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ജിഡയുടെ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പഴയതും അപകടാവസ്ഥയിലുള്ളതും ഉപയോഗശൂന്യവുമായ ഫീമെയിൽ വാർഡ് സ്ഥിതി ചെയ്യുന്നുണ്ട്. ടി കെട്ടിടം പൊളിച്ചു നീക്കിയാൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

(ബി-ഡി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഉപയോഗശൂന്യമായ കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള അനുമതി ജി.ഒ (ആർ.റ്റി.) നമ്പർ 1140/19/ആകുവ.

തീയതി 17-5-2019 പ്രകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ, ടി കെട്ടിടം പൊളിച്ചുനീക്കുന്നതിന് നാല് പ്രാവശ്യം ടെണ്ടർ വിളിച്ചിരുന്നു, എന്നാൽ ടെണ്ടറുകളിൽ എല്ലാംതന്നെ കെട്ടിടത്തിന്റെ മതിപ്പു വിലയേക്കാൾ കുറഞ്ഞ തുകയാണ് രേഖപ്പെടുത്തിയിരുന്നത്.

## ശാന്തിവിള ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

246 (3892) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ശാന്തിവിള സർക്കാർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഓഫീസ് സ്റ്റാഫിനേയും നിയമിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ആശുപത്രി കെട്ടിടത്തിന്റെ മുകളിലത്തെ നില രോഗികൾക്കും മറ്റും ഉപയോഗിക്കുവാനായി ലിഫ്റ്റോ മറ്റ് സൗകര്യങ്ങളോ നിർമ്മിക്കുവാൻ ആവശ്യമായ നടപടി ഉണ്ടാകുമോ;

(സി) റസിഡൻസ് അസോസിയേഷനുകളും ജനപ്രതിനിധികളും നിരന്തരം ആവശ്യപ്പെട്ടിട്ടും ഈ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ ഉണ്ടാകുന്ന അലംഭാവം പരിഹരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ശാന്തിവിള സർക്കാർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഓഫീസ് സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) നേമം താലൂക്ക് ആശുപത്രിക്ക് മുൻവശത്തുള്ള ഇരുനില കെട്ടിടം റോഡിന്റെ സമീപത്തായി സ്ഥിതിചെയ്യുന്നു. ടി കെട്ടിടത്തിന് ലിഫ്റ്റ് നിർമ്മിക്കുന്നതിനായി ശ്രമിച്ചപ്പോൾ റോഡ് വീതി കൂട്ടുന്ന പ്രശ്നമുള്ളതിനാലും അത്യാഹിത വിഭാഗത്തിന്റെ സമീപത്ത് ലിഫ്റ്റ് നിർമ്മിച്ചാൽ സ്ഥലപരിമിതി നിമിത്തം ആശുപത്രിയിൽ ചികിത്സയ്ക്കായി വരുന്ന രോഗികൾക്ക് തടസ്സമായതിനാലും കെട്ടിടത്തിന്റെ മുൻഭാഗത്ത് ലിഫ്റ്റ് നിർമ്മിക്കുന്നതിന് നാട്ടുകാർ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ കെട്ടിടത്തിന്റെ പുറകുവശത്തായി ലിഫ്റ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫണ്ടുകളുടെ ലഭ്യതയനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം പുതിയ കെട്ടിടം നിർമ്മിക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

## നിലമ്പൂർ ജില്ലാ ആശുപത്രിയിലെ പേവാർഡിന്റെ ശോചനീയാവസ്ഥ

247 (3894) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന് കീഴിൽ പ്രവർത്തിക്കുന്ന പേവാർഡ് നിർമ്മിച്ചത് എന്നാണ്; എത്ര റൂമുകളാണ് പ്രസ്തുത പേവാർഡിൽ നിർമ്മിച്ചിരുന്നത്;

(ബി) നിലവിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിൽ എത്ര റൂമുകൾ ഉപയോഗയോഗ്യമായിട്ടുണ്ട്;

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ കീഴിൽ പേവാർഡ് നിർമ്മിക്കുന്നതിന് ചെലവഴിച്ച തുക, അറ്റകുറ്റപ്പണികൾക്കായിട്ടുള്ള തുക എന്നിവ എത്രയാണ്; കാലപ്പഴക്കത്താൽ കെട്ടിടത്തിന്റെ ചുമരുകൾ തകർന്നു വീണത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പേവാർഡ് സ്ഥിതി ചെയ്യുന്ന സ്ഥലം ജില്ലാ ആശുപത്രിക്ക് തന്നെ വിട്ടുകിട്ടണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന് കീഴിൽ പ്രവർത്തിക്കുന്ന പഴയ പേവാർഡ് 1976-ലും ജനതാ പേവാർഡ് 1982- ലുമാണ് നിർമ്മിച്ചിട്ടുള്ളത്. 20 മുറികളാണ് പ്രസ്തുത പേവാർഡിലുള്ളത്.

(ബി) കാലപ്പഴക്കംമൂലം അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നതിനാൽ ആകെയുള്ള 20 മുറികളിലും അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ പൂർണ്ണമായും തുറന്ന് പ്രവർത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിർമ്മാണ ചെലവിനെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഫയലുകൾ ലഭ്യമല്ല. എന്നാൽ അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തുക 16,93,566 രൂപയാണ്. ചുമരുകൾ തകർന്നുവീണതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അറ്റകുറ്റപ്പണികൾ നടത്തി പേവാർഡ് പ്രവർത്തന യോഗ്യമാക്കുന്നതിനാൽ പേവാർഡ് സ്ഥിതിചെയ്യുന്ന സ്ഥലം ജില്ലാ ആശുപത്രിക്ക് വിട്ടുകൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി വികസനം

248 (3895) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ വികസനവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 31-1-2017-ലെ എൻ.എച്ച്.എം./714/എം.സി.എച്ച്/കെ.കെ.ഡി./എ. എസ്.163/സി.(ഇ)/2016-17 എന്ന ഉത്തരവ് പ്രകാരം 10 കോടി രൂപ ചെലവിൽ 50 കിടക്കകളോടുകൂടിയ എം.സി.എച്ച്. ബ്ലോക്കിന്റെ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുകയും ആയത് 90% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ആശുപത്രിയിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് നിർമ്മിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ CESS Fund-ൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ 48.7 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിരുന്നു. എന്നാൽ ടി പ്ലാന്റ് നിർമ്മിക്കുന്നതിന് പ്രസ്തുത തുക അപര്യാപ്തമായതിനാൽ അധികമായി ചെലവ് വരുന്ന തുക ആശുപത്രിക്ക് ലഭിച്ച കായകൽപ്പ അവാർഡ് തുകയിൽനിന്നും ലഭ്യമായ മറ്റ് ഫണ്ടുകളിൽ നിന്നോ 25 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മൊത്തം ലഭ്യമായ 73.7 ലക്ഷം രൂപ ഉപയോഗിച്ച് മലിനീകരണ പ്ലാന്റ് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ തുടർന്നു വരികയാണ്.

(ബി) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബാലുശ്ശേരി താലൂക്കാശുപത്രിയിലെ പുതിയ തസ്തികകളും സൗകര്യങ്ങളും

249 (3896) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിലവിൽ ശരാശരി എത്ര പേരാണ് ഒ.പി.യിൽ ചികിത്സയ്ക്കായി എത്തുന്നതെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം താലൂക്കാശുപത്രിയിൽ എത്തുന്ന എല്ലാവർക്കും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭൂരിഭാഗം മലയോര പഞ്ചായത്തുകളിൽ നിന്നും ആദിവാസി വിഭാഗക്കാർ ചികിത്സയ്ക്കായി എത്തുന്ന പ്രസ്തുത താലൂക്കാശുപത്രിക്കായുള്ള തസ്തിക സൃഷ്ടിക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലുശ്ശേരി താലൂക്കാശുപത്രിയിൽ അനുവദിച്ച പുതിയ തസ്തികകളും ചികിത്സാ സൗകര്യങ്ങളും ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിലവിൽ ശരാശരി 650 ആളുകൾ ഒ.പി.-യിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്.

(ബി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺപ്രകാരം താലൂക്കാശുപത്രിയിൽ എത്തുന്ന എല്ലാവർക്കും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ഇവിടെ ജനറൽ മെഡിസിൻ, ഒ.പി., പീഡിയാട്രിക്സ്, ടി.ബി. ചികിത്സ, എൻ.സി.ഡി.ഒ.പി., ഡെന്റൽ വിംഗ് മുതലായവ നന്നായി പ്രവർത്തിക്കുന്നു.

(സി) സർക്കാരിന്റെ ആർദ്രം മിഷനിൽ ഉൾപ്പെട്ട ആശുപത്രിയാണ് ബാലുശ്ശേരി താലൂക്ക് ആശുപത്രി. ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 7 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) | 1 |
| 2 | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ) | 1 |
| 3 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 3 |
| 4 | ഫാർമസിസ്റ്റ് ഗ്രേഡ്-2 | 1 |
| 5 | അസിസ്റ്റന്റ് ഡെന്റൽ സർജൻ | 1 |

ആർദ്രം മിഷനിൽ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള സൗകര്യങ്ങളാണ് ഘട്ടംഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ ഏർപ്പെടുത്തുന്നത്.

## മൂവാറ്റുപുഴ ജനറൽ ആശുപത്രി

250 (3897) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ എന്തൊക്കെ സേവനങ്ങളാണ് പുതുതായി ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ പൂർത്തിയാക്കിയതും അനുവദിച്ചതുമായ നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ നിലവിലെ സ്ഥിതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ലഭ്യമായി വരുന്ന സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

- ന്യൂബോൺ സിക്ക് യൂണിറ്റ്
- കീമോതെറാപ്പി
- ഡയാലിസിസ്
- 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ്, ഫാർമസി, എക്സ്റേ
- വിമുക്തി (ലഹരി വിമോചന കേന്ദ്രം)
- ടോക്കൺ സംവിധാനം ഒ.പി. ആന്റ് ഫാർമസി
- ഫിസിയോതെറാപ്പി
- മോർച്ചറിയിൽ ഫ്രീസർ സംവിധാനം

- വാർദ്ധക്യ സൗഹൃദ ശൗചാലയങ്ങൾ
- ശിശു സൗഹൃദ വാർഡ്/പി.പി. യൂണിറ്റ്
- ഒ.പി. രജിസ്ട്രേഷൻ, ഐ.പി. രജിസ്ട്രേഷൻ, കാഷ്വാലിറ്റി രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരിച്ചു.
- രോഗീസൗഹൃദ ഔട്ട് പേഷ്യന്റ് വിഭാഗം
- ഫാർമസി, ലാബ് എന്നീ വിഭാഗങ്ങൾ വികസിപ്പിച്ച് നവീകരിച്ചു.

(ബി) മൂവാറ്റുപുഴ ജനറൽ ആശുപത്രിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയും നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു

## മല്ലപ്പള്ളി താലൂക്കാശുപത്രി വികസനം

251 (3898) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി തയ്യാറാക്കിയ രൂപരേഖ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മല്ലപ്പള്ളി താലൂക്കാശുപത്രിയുടെ വികസനത്തിനായി തയ്യാറാക്കിയ രൂപരേഖ കെ.എസ്.ഇ.ബി. സിവിൽ വിംഗ് മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) 28-5-2019-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1279/19/ആ.കു.വ. പ്രകാരം 38,25,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അനുമതിക്കായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നെടുമങ്ങാട് മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

252 (3899) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന നടപടികൾ പൂർത്തീകരിച്ചതെന്നും ഏതിന്റെയെല്ലാം നടപടികളാണ് പുരോഗമിക്കുന്നതെന്നും എന്നത്തേക്ക് നടപടികൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം, തോന്നയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരാഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കരകുളം, തോന്നയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടപടികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. രണ്ടാംഘട്ടത്തിലെ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും പണിയുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഉദ്ഘാടനം നടക്കുന്നതാണ്. ഇവിടേയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത തോന്നയ്ക്കൽ, കരകുളം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി ഓരോ സ്ഥാപനത്തിനുംവേണ്ടി അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ സ്ഥാപനങ്ങൾക്കുവേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കുറവിലങ്ങാട് താലൂക്കാശുപത്രി കെട്ടിട നിർമ്മാണം

253 (3900) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനു വേണ്ടി എസ്.പി.വി.യായി നിശ്ചയിച്ച കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും പ്ലാനിലും ഭേദഗതികൾ സമർപ്പിക്കാൻ 4-5-2019 ൽ ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ടതു പ്രകാരം പുതുക്കിയ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഭേദഗതി വരുത്തിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്നും ആയതിന്റെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) ആരോഗ്യ വകുപ്പ് കഴിഞ്ഞ ഏതാനും വർഷങ്ങളായി പദ്ധതി വൈകിപ്പിക്കുന്നു എന്നുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുമോ;

(ഡി) ഈ ഫയൽ കിഫ്ബി അംഗീകരിക്കുവാൻ വൈകുന്നതിന്റെ കാരണം അറിയാമോ;എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതുക്കിയ പ്ലാൻ സമർപ്പിക്കേണ്ടതുണ്ട്.

(സി) അത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പുതുക്കിയ പ്ലാൻ ലഭ്യമായശേഷം പരിശോധിച്ച് ഭരണാനുമതി നൽകുന്നമുറയ്ക്കാണ് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

## മരുന്നുകളുടെ ദൗർലഭ്യം

254 (3901) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ മരുന്നിന്റെ അവശ്യകതയും ലഭ്യതയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടുകൾ ഉപയോഗിച്ചാലും മരുന്നുകളുടെ ദൗർലഭ്യം വ്യാപകമായി അനുഭവപ്പെടുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇനി എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി സ്ഥാപനങ്ങൾ ഇൻഡന്റ് ചെയ്യേണ്ട അളവ് നിജപ്പെടുത്തി (ഫിനാൻഷ്യൽ ക്യാപ്പ്) നൽകുകയും അതനുസരിച്ച് ബന്ധപ്പെട്ട മേലധികാരിവഴി ക്രോഡീകരിച്ച നൽകുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അഖിലേന്ത്യാതലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ മുഖേന മരുന്ന് സംഭരിച്ച് ഇൻഡന്റിന് അനുസൃതമായി വിതരണം നടത്തി വരുന്നുണ്ട്.

(ബി&സി) ഇൻഡന്റ് മുഖേന ആവശ്യപ്പെടുന്ന മരുന്നുകൾ ആശുപത്രികൾക്ക് നൽകാറുണ്ട്. പ്രകൃതി ദുരന്തങ്ങളോ, മഴക്കാല പകർച്ചപ്പനികളോ, എച്ച്1 എൻ1 പനി, നിപ്പാ വൈറസ് ബാധ തുടങ്ങിയവ ഉണ്ടായിട്ടുള്ള സാഹചര്യത്തിലും മരുന്നുകളുടെ ദൗർലഭ്യം ഉണ്ടാകാനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് ആവശ്യാനുസരണം മരുന്നുകൾ സംഭരിച്ച നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടുകൾ ഉപയോഗപ്പെടുത്തിയും അടിയന്തര ഘട്ടങ്ങളിൽ ആശുപത്രികളുടെ തനത് ധനസ്രോതസ് ഉപയോഗിച്ചും പ്രാദേശികമായി മരുന്നുകൾ സംഭരിച്ച് നൽകാറുണ്ട്.

## കടുത്തുരുത്തി മണ്ഡലത്തിലെ പി.എച്ച്.സി.-കൾ

255 (3902) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം പി.എച്ച്.സി., കടുത്തുരുത്തി പി.എച്ച്.സി. എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കടപ്ലാമറ്റം പി.എച്ച്.സി.യിലെ ഒ.പി. വിഭാഗത്തിൽ ശരാശരി എത്രപേർ ദിവസേന ചികിത്സ തേടുന്നുണ്ട്; ഇവിടെ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണ് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും കൂടുതൽ പാരാമെഡിക്കൽ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കടുത്തുരുത്തി പി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആശുപത്രി കെട്ടിടം ട്രസ്സ് വർക്ക് ചെയ്യുകയും മുറ്റം ടൈൽ പാകി വൃത്തിയാക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി ആശുപത്രിയിൽ 2 ലക്ഷം രൂപ ചെലവിൽ റീ വയറിംഗ് നടത്തി. കൂടാതെ ഈ വർഷത്തെ പ്രോജക്ടിൽ രോഗികൾക്കും മറ്റും ഇരിപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിലേയ്ക്ക് എൽ.സി.ഡി. പ്രൊജക്ടർ, സ്ക്രീൻ, ലാപ്ടോപ്, മൈക്ക് എന്നിവ വാങ്ങുന്നതിന് 95,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കടപ്ലാമറ്റം സി.എച്ച്.സി.-യെ 2018-19-ൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 24-10-2019 മുതൽ തുടങ്ങുകയും ചെയ്തു. 21-10-2019 മുതൽ പുതിയതായി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ ഡെന്റൽ വിഭാഗവും ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സ്ഥാപനത്തിൽ പ്രതിദിനം ശരാശരി 150 രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് വിധേയരാകാറുണ്ട്. ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ എൻ.സി.ഡി. പ്രവർത്തിക്കുന്നതിനാൽ ഒ.പി.-യിൽ 280-ന് മുകളിൽ രോഗികൾ ചികിത്സയ്ക്ക് എത്താറുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ 2 അസിസ്റ്റന്റ് സർജൻ, 1 എൻ.എച്ച്.എം. ഡോക്ടർ, 1 ഡെന്റൽ ഡോക്ടർ എന്നിവർ സേവനം അനുഷ്ഠിക്കുന്നു.

(സി) നിലവിലെ മാനദണ്ഡം അനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ സ്ഥാപനത്തിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കൂടുതൽ പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ ആശുപത്രികൾ

256 (3903) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ഇരുപത് കിടക്കകൾ ഉള്ള തുറയാങ്കര ആയുർവേദ ആശുപത്രി, പത്ത് കിടക്കകൾ ഉള്ള ചീമേനി ഗവൺമെന്റ് ആയുർവേദ ആശുപത്രി എന്നിവ താലൂക്ക് ആശുപത്രി സ്റ്റാറ്റസിൽ ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) പട്ടണക്കാട് പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ആശുപത്രി നൂറ് കിടക്കകളുടെ ആശുപത്രിയായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്-ലെ ജീവനക്കാർക്ക് വേതന വർദ്ധനവ്

257 (3905) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തിയിലെ സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്-ൽ കരാർ അടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന അനദ്ധ്യാപക ജീവനക്കാർക്ക് G.O.(P) 28/2016/FIN dt. 20-2-2016 പ്രകാരമുള്ള വേതന വർദ്ധനവ് ശിപാർശ ചെയ്തുകൊണ്ടുള്ള ആരോഗ്യ വകുപ്പിലെ C/29/2019 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശിപാർശ പ്രകാരം അനുമതി നല്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സി-മെറ്റിൽ കരാർ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ സേവനം ചെയ്യുന്ന അനദ്ധ്യാപക ജീവനക്കാർക്ക് G.O.(P) 28/2016/FI. dt; 26-2-2016 പ്രകാരമുള്ള വേതന വർദ്ധനവ് ശിപാർശ ചെയ്തുകൊണ്ടുള്ള സി-മെറ്റ് ഡയറക്ടറുടെ പ്രൊപ്പോസൽ C3/29/2019 നമ്പർ ഫയലിൽ പരിശോധിക്കുന്നതിനായി പ്രസ്തുത കരാർ ജീവനക്കാരുടെ തുടർച്ചാനുമതി സംബന്ധിച്ച ഉത്തരവും കൂടുതൽ രേഖകളും സി-മെറ്റ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം സി-മെറ്റിൽ 2010 മുതൽ 2015 വരെ സൃഷ്ടിച്ചിട്ടുള്ള എല്ലാ താൽക്കാലിക കരാർ തസ്തികകളുടേയും തുടർച്ചാനുമതി നൽകിക്കൊണ്ടുള്ള 14-8-2019-ലെ സി-മെറ്റ് ഡയറക്ടറുടെ E/185/2017/SIMET നമ്പർ നടപടിക്രമം 5-11-2019-ലെ G.O.(Rt) No.2635/19/H&FWD പ്രകാരം സാധൂകരിച്ച് നൽകുകയും ഫയലിൻമേലുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**അധിക ഫാർമസിസ്റ്റ് തസ്തിക**

258 (3906) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പി.എച്ച്.സി.-കളിലെ ഒ.പി. സമയം രാവിലെ എട്ട് മുതൽ വൈകിട്ട് ആറ് വരെയായി ദീർഘിപ്പിച്ചതിനെത്തുടർന്ന് പ്രവൃത്തി സമയം മുഴുവനും മരുന്നുവിതരണം ചെയ്യുന്നതിനായി അധിക ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമുള്ള ആശുപത്രികളിൽ ഫാർമസിസ്റ്റ് ലീവ് അല്ലെങ്കിൽ ഓഫ് എടുക്കുന്ന അവസരങ്ങളിൽ മരുന്ന് വിതരണം എങ്ങനെയാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിപ്രകാരം 150 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഒരു ഫാർമസിസ്റ്റ് മാത്രമുള്ള സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റ് ലീവ്/ഓഫ് എടുക്കുന്ന അവസരങ്ങളിൽ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജീവനക്കാരനാണ് മരുന്ന് വിതരണം ചെയ്യുന്നത്.

## സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

259 (3907) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി ഡി.പി.സി. ചേരാനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ചുള്ള ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടർ കാര്യാലയത്തിലെ അഡീഷണൽ ഡി.എച്ച്.എസ്.ന്റെ പക്കൽ എത്തിയിട്ട് എത്ര നാളുകളായി എന്ന് വ്യക്തമാക്കാമോ; എന്നാണ് അദ്ദേഹം ഫയൽ ഡയറക്ടർക്ക് നൽകിയത്; ഈ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിയമപ്രകാരം ഒരു ഉദ്യോഗസ്ഥന് ഒരു ഫയൽ എത്ര നാൾ പിടിച്ചുവയ്ക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) നിയമപരമല്ലാതെ ഫയൽ പിടിച്ചുവച്ച ഉദ്യോഗസ്ഥനോട് വിശദീകരണം തേടുകയോ കുറ്റക്കാരായവർക്കെതിരെ മാതൃകാപരമായ വകുപ്പുതല നടപടികൾ സ്വീകരിക്കുകയോ ചെയ്യുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് റേഷ്യോ പ്രൊമോഷന്റെ അടിസ്ഥാനത്തിലാണ്.

(ബി) സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നത് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് 1-ന്റെ സീനിയോറിറ്റി പട്ടികയിൽനിന്നാണ്. അംഗീകരിക്കപ്പെട്ട ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്-1 സീനിയോറിറ്റി പട്ടിക നിലവിലില്ലാത്തതിനാലാണ് സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് കാലതാമസം നേരിടുന്നത്. പ്രസ്തുത പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ആരംഭിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ചട്ടങ്ങളൊന്നും നിലവിലില്ല.

(ഡി) ഇക്കാര്യത്തിൽ ബോധപൂർവ്വമായ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ ക്ലറിക്കൽ, ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ

260 (3908) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 2010-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ടുവെങ്കിലും നിലവിൽ ക്ലറിക്കൽ അസിസ്റ്റന്റിന്റെയും ഓഫീസ് അസിസ്റ്റന്റിന്റെയും ഓരോ തസ്തികകൾ മാത്രമാണുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ശരാശരി ഒരു ദിവസം തൊള്ളായിരത്തോളം ഒ.പി. വിഭാഗത്തിലും പതിനഞ്ചോളം ഐ.പി. വിഭാഗത്തിലും ഉൾപ്പെടുന്നതായ രോഗികൾ എത്തിച്ചേരുന്ന പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഇപ്പോഴും ഒരു ക്ലറിക്കൽ അസിസ്റ്റന്റിന്റെയും ഒരു ഓഫീസ് അസിസ്റ്റന്റിന്റെയും സേവനങ്ങൾ മാത്രമാണ് ലഭിക്കുന്നതെന്നിരിക്കെ പ്രസ്തുത തസ്തികകൾ കൂടുതൽ അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) തസ്തികകൾ സൃഷ്ടിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ മൂന്ന് ക്ലറിക്കൽ സ്റ്റാഫിന്റെയും ഒരു ഹെഡ് ക്ലർക്കിന്റെയും തസ്തികകൾ നിലവിലുള്ള ചാലിശ്ശേരി പോലുള്ള സി.എച്ച്.സി.-കളിൽ നിന്നും തസ്തികകൾ പട്ടാമ്പി താലൂക്ക് ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി താലൂക്കാസ്ഥാന ആശുപത്രിയിൽ ഒരു ക്ലാർക്കിന്റെ അനുവദിക്കപ്പെട്ട തസ്തിക മാത്രമാണുള്ളതെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസിലെ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റിനെ ടി ആശുപത്രിയിലേയ്ക്ക് പുനർവിന്യാസം ചെയ്തിട്ടുണ്ട്.

(സി) സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പാറ്റേൺ അനുസരിച്ചുള്ള തസ്തികയാണ് സി.എച്ച്.സി. ചാലിശ്ശേരിയിൽ നിലവിലുള്ളത്. ടി തസ്തികകൾ പട്ടാമ്പി താലൂക്കാശുപത്രിയിലേയ്ക്ക് മാറ്റിയാൽ ചാലിശ്ശേരിയിലെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതാണ്.

## പട്ടാമ്പി ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ തസ്തിക പുനഃസ്ഥാപിക്കുന്നത്

261 (3909) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ തസ്തിക 30-4-2011-ൽ പുനഃസ്ഥാപിക്കുമെന്നുള്ള നിബന്ധന വച്ചുകൊണ്ട് താത്കാലികമായി ഡബ്ല്യു & സി. ആശുപത്രി, തൈക്കാടിലേക്ക് 2011- ൽ ഷിഫ്റ്റ് ചെയ്യപ്പെട്ടത് ഇനിയും പുനഃസ്ഥാപിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും പെട്ടെന്ന് പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## സർവ്വീസ് ക്വാട്ടയിൽ പഠിക്കുന്ന ഫാർമസി ജീവനക്കാർ

262 (3910) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാർക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയായ ബി.ഫാം., എം.ഫാം. കോഴ്സുകൾക്ക് സർവ്വീസ് ക്വാട്ട അനുവദിച്ചിട്ടുണ്ടോ;

(ബി) സർവ്വീസ് ക്വാട്ടയിൽ പഠിയ്ക്കുന്നവർക്ക് നിലവിലെ തസ്തികയിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാർക്ക് ബി.ഫാം. കോഴ്സിന് നിലവിൽ സർവ്വീസ് ക്വാട്ട അനുവദിച്ചിട്ടില്ല. ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളിലെ ഫാർമസി വിഭാഗം ജീവനക്കാർക്ക് എം.ഫാം. കോഴ്സിന് റൊട്ടേഷൻ വ്യവസ്ഥയിൽ ഒരു സീറ്റ് നീക്കിവച്ചിരിക്കുന്നു.

(ബി) എം.ഫാം. കോഴ്സിന് സർവ്വീസ് ക്വാട്ടയിൽ പഠിക്കുന്നവർക്ക് നിലവിലെ തസ്തികയിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

## ദന്ത ഡോക്ടർമാരുടെ നിയമനം

263 (3911) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന ദന്തരോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദന്തസംരക്ഷണത്തിനും ചികിത്സയ്ക്കും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) നിലവിൽ സർക്കാർ ആശുപത്രികളിൽ ദന്തഡോക്ടർമാരുടെ അപര്യാപ്തതയുണ്ടോ;

(സി) എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡെന്റൽ ഡോക്ടർമാരുടെ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡെന്റൽ യൂണിറ്റുകളുടെ നവീകരണവും അത്യാധുനികമായ ഉപകരണങ്ങളും മെറ്റീരിയലുകളും ഉപയോഗിച്ചുകൊണ്ടുള്ള ചികിത്സാ സൗകര്യങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. ഓരോ വർഷവും പൊതുജനങ്ങൾക്കും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കുംവേണ്ടി ഡെന്റൽ ക്യാമ്പുകൾ ഫലപ്രദമായി സംഘടിപ്പിച്ചുവരുന്നു.

(ബി) നിലവിൽ അസിസ്റ്റന്റ് ഡെന്റൽ സർജന്റെ ഒരൊഴിവും ഡെന്റൽ സിവിൽ സർജന്റെ ഒരൊഴിവും ഡെന്റൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നാല് ഒഴിവുകളുമാണുള്ളത്. ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിൽ 40 സി.എച്ച്.സി.-കളിൽ ഡെന്റൽ സർജന്മാരുടെ തസ്തികകളുണ്ട്.

## കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിലെ പുതിയ തസ്തികകൾ

264 (3912) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽ ഈ സർക്കാർ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഏതെല്ലാം; ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് മാനദണ്ഡപ്രകാരമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കൗൺസിലിൽ പുതിയതായി ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരം;

(ഡി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ മാനദണ്ഡമെന്താണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിലെ തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടില്ല.

## ആരോഗ്യ വകുപ്പിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ

265 (3916) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എച്ച്.സി., സി.എച്ച്.സി., എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ ആകെ ആവശ്യമുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എണ്ണമെത്രയാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രസ്തുത ഹെൽത്ത് സെന്ററുകളിൽ എത്ര സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ സേവനത്തിലുണ്ടെന്ന് വ്യക്തമാക്കുമോ; സ്പെഷ്യലിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ആർദ്രം പദ്ധതിപ്രകാരം പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാറില്ല. താലൂക്കാശുപത്രിയിലും അതിനുമുകളിൽ വരുന്ന സ്ഥാപനങ്ങളിലുമാണ് സ്പെഷ്യാലിറ്റി ഡോക്ടർമാരെ നിയമിക്കുന്നത്. എന്നാൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന തസ്തികകൾ നിലനിർത്തിയിട്ടുണ്ട്.

(ബി) നിലവിൽ പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ താഴെപ്പറയും പ്രകാരം സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ സേവനത്തിലുണ്ട്.

ഗൈനക്കോളജി -15

പീഡിയാട്രിക്സ് -15

ജനറൽ മെഡിസിൻ -9

ഓർത്തോപീഡിക് -2

ഒഴിവുള്ള തസ്തികകൾ അസിസ്റ്റന്റ് സർജൻമാർക്ക് നൽകി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികയിലെ ഒഴിവുകൾ

266 (3917) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികകൾ എന്നു മുതലാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 5-11-2016-ലെ ഉ.പ.സി 3/262/2016/ഉ.ഭ.പ.വ നമ്പർ പരിപത്ര പ്രകാരം പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിവിധ വിഭാഗങ്ങളിലായി 84 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും 185 ലക്ചറർ തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു.

(ബി) വിവരം അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(സി) റേഡിയേഷൻ ഫിസിക്സിലെ ഒരു ലക്ചറർ തസ്തികയിലേയും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയും ഫാർമക്കോളജി (1),

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജനറൽ മെഡിസിൻ (1) വിഭാഗങ്ങളിലെ 2 ലക്ചറർ തസ്തികകളിലേയും ഒഴികെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ഡി) റേഡിയേഷൻ ഫിസിക്സിലെ ലക്ചറർ തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യാൻ സൃഷ്ടിച്ച തസ്തികകളിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും ഫാർമക്കോളജി, ജനറൽ മെഡിസിൻ വിഭാഗങ്ങളിലെ ലക്ചറർ തസ്തികയിലേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി

267 (3918) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അനിവാര്യമായ എണ്ണം ഫാർമസിസ്റ്റ് തസ്തികകളിലുള്ള കുറവ് ആശുപത്രികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രികൾ രോഗി സൗഹൃദമാക്കുന്നതിൽ ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽത്തന്നെ ഫാമിലി ഹെൽത്ത് സെന്റർ ആയി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് 150 ഫാർമസിസ്റ്റുകളുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

268 (3919) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്പെഷ്യൽ റൂൾ എത്രയും വേഗം പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ഡെന്റൽ കോളേജുകളിൽ നിലവിൽ മരുന്ന് വിതരണത്തിനായി ഫാർമസിസ്റ്റുകളെ നിയമിച്ചിട്ടില്ലാത്തതിനാൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ സ്റ്റോർ വെരിഫിക്കേഷൻ ടീമില്ലാത്തതിനാൽ പ്രസ്തുത നിയമനത്തിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ആർദ്രം രണ്ടാം ഘട്ടം പദ്ധതിയിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന വിഷയം പരിഗണനയിലാണ്.

(ബി) കേരളത്തിലെ സർക്കാർ ഡെന്റൽ കോളേജുകൾ എല്ലാംതന്നെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് ഒരേ ക്യാമ്പസിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ ഡെന്റൽ കോളേജുകളിൽ വരുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ അതത് സ്ഥലത്തുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലുള്ള ഫാർമസി മുഖാന്തരം മുടക്കമില്ലാതെ വിതരണം ചെയ്തുവരുന്നു. അതിനാൽ ഡെന്റൽ കോളേജുകളിൽ പ്രത്യേക ഫാർമസികൾ തുടങ്ങുന്നതിന്റെ ആവശ്യം നിലവിലില്ല.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റോർ വെരിഫിക്കേഷൻ ടീം രൂപീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) ആർദ്രം പദ്ധതിപ്രകാരം ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തിക

269 (3920) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലുണ്ടാവുന്ന ശ്രവണ, സംസാര വൈകല്യങ്ങൾ നേരത്തേ കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് ഉതകുന്ന ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തിക സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളിൽ ഉണ്ടാകുന്ന ഭാരിച്ച ചെലവ് കണക്കിലെടുത്ത് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ, താലൂക്ക് ആശുപത്രികളിലും ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തിക ആരോഗ്യ വകുപ്പിൽ നിലവിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തിക

270 (3921) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ കേൾവിത്തകരാറുകൾ ആരംഭത്തിലെ കണ്ടെത്തുന്നതിനായി കേരളത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തികയിലുള്ളവരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തിക ഇല്ലാത്ത മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പ്രസ്തുത തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ലിനിക്കൽ ആഡിയോമെട്രീഷ്യൻ തസ്തിക ആരോഗ്യ വകുപ്പിൽ നിലവിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## തിരുവനന്തപുരം ജില്ലയിൽ ആർദ്രം പദ്ധതിയിൽപ്പെടുത്തി ഫാർമസിസ്റ്റ് തസ്തിക

271 (3922) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റിന്റെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ പ്രവർത്തനസമയം ദീർഘിപ്പിച്ചതനുസരിച്ച് ഫാർമസിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റിന്റെ 15 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 180 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം

272 (3923) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ (ഡി.എച്ച്.എസ്സ്) ആശ്രിത നിയമനം നൽകുന്നതിനായി ഉത്തരവ് ലഭിച്ച എത്ര പേർക്ക് നിയമനം നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് നൽകിയിട്ടും നിയമനം നൽകുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം നടത്തുന്നതിന് എത്ര ശതമാനം ഒഴിവുകളാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന്

സർക്കാർ ഉത്തരവ് നൽകിയിട്ടുള്ള ശ്രീമതി സുനിജക്ക് (എ.ബി. കോട്ടേജ്, കടയ്ക്കാവൂർ) ആരോഗ്യ വകുപ്പിൽ എത്ര ഒഴിവുകൾ നിലവിൽ വന്നാൽ നിയമനം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് ലഭിച്ച 190 പേർക്ക് ഇനിയും നിയമന ഉത്തരവ് നൽകുവാനുണ്ട്.

(ബി) 24-5-1999-ലെ സ.ഉ.(അച്ചടി) 12/1999/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ലോവർ ഡിവിഷൻ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ പരേതൻ ജോലിചെയ്തിരുന്ന വകുപ്പിൽ നിലവിൽ ഒഴിവുകൾ ഉള്ളപക്ഷം അത്തരം ഒഴിവുകളിലോ, ഒഴിവുകൾ നിലവിലില്ലാത്ത പക്ഷം തൊട്ടടുത്ത് സംഭവിക്കുന്ന ഒഴിവുകളിലോ ആശ്രിതനിയമനം നൽകേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ആശ്രിത നിമയനം നൽകിവന്നിരുന്നു. ഇതിനെതിരെ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നമ്പർ 2141/2018 നമ്പർ കേസ്സിന്റെ 1-7-2019 തീയതിയിലെ വിധിന്യായ പ്രകാരം വകുപ്പിലെ ആശ്രിതനിയമനം ഒരു വർഷത്തിലുണ്ടാകുന്ന ഒഴിവിന്റെ 5%-ൽ അധികരിക്കുവാൻ പാടില്ല എന്ന് ഉത്തരവായിട്ടുണ്ട്. ഈ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഇതിൽ വ്യക്തത ലഭിച്ചാൽ മാത്രമേ തുടർ നിയമനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

(സി) മേൽ സൂചിപ്പിച്ച 24-5-1999-ലെ ഉത്തരവുപ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ലോവർ ഡിവിഷൻ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ പരേതൻ ജോലിചെയ്തിരുന്ന വകുപ്പിൽ നിലവിൽ ഒഴിവുകൾ ഉള്ളപക്ഷം അത്തരം ഒഴിവുകളിലോ, ഒഴിവുകൾ നിലവിലില്ലാത്ത പക്ഷം തൊട്ടടുത്ത് സംഭവിക്കുന്ന ഒഴിവുകളിലോ ആശ്രിതനിയമനം നൽകേണ്ടതാണ്. ഒഴിവുകളുടെ അഭാവം നിമിത്തം അത്തരം നിയമനം സാധ്യമാകാത്ത പക്ഷം, അത്തരം നിയമനം പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് വഴി നടത്തേണ്ടതാണ്. പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് വഴിയുള്ള ഇത്തരം നിയമനങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി എല്ലാ വകുപ്പുതലവന്മാരും നിയമനാധികാരികളും തങ്ങളുടെ വകുപ്പിൽ പ്രതിവർഷം സംഭവിക്കാനിടയുള്ള ഒഴിവുകളുടെ 5% പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുവാനുള്ളവരിൽ ശ്രീമതി സുനിജയുടെ സീനിയോരിറ്റി നമ്പർ 9 ആണ്. വകുപ്പിലെ ഒഴിവിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സീനിയോരിറ്റി വരുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

## ഒപ്റ്റോമെട്രിസ്റ്റുകളുടെ ഒഴിവുകൾ

273 (3924) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ആശുപത്രികളിലായി ഒപ്റ്റോമെട്രിസ്റ്റുകളുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) നിലവിൽ ഒഴിവുള്ള ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ;

(ഡി) പുതുതായി ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) 23 ഒഴിവുകൾ

| | |
|---|---|
| മലപ്പുറം | -3 ഒഴിവുകൾ |
| വയനാട് | -6 ഒഴിവുകൾ |
| കണ്ണൂർ | -9 ഒഴിവുകൾ |
| കാസർഗോഡ് | -5 ഒഴിവുകൾ |

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താല്ക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യം വഴി സംസ്ഥാനത്ത് 37 ഒപ്റ്റോമെട്രിസ്റ്റുമാരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) പി.എസ്.സി.-യിൽനിന്ന് ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ടി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താല്ക്കാലികമായി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

274 (3926) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കാമോ;

(ബി) ആർദ്രം പദ്ധതി വഴി എത്ര പുതിയ ലാബ് ടെക്നീഷ്യൻ തസ്തിക പാലക്കാട് ജില്ലയിൽ സൃഷ്ടിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ ഒഴിവുകൾ നിലവിലില്ല.

(ബി) ആർദ്രം പദ്ധതിവഴി പാലക്കാട് ജില്ലയിൽ ജില്ലാ ആശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രികളിലായി 5 ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. 2017-18 ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പാലക്കാട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 16 ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. 2018-19 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്ത് തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിലേയ്ക്കായി 200 ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിലവിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ ഇല്ല.

## ആലപ്പുഴ ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II നിയമനം

275 (3927) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ 16-7-2018-ൽ നിലവിൽ വന്ന കാറ്റഗറി നമ്പർ 454/2016 പ്രകാരമുള്ള ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്ന് ഒരു വർഷം കഴിഞ്ഞിട്ടും നാമമാത്രമായ നിയമനം മാത്രമേ നടന്നിട്ടുള്ളൂ എന്ന

വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്ത ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ തുടങ്ങിയ ആശുപത്രികളിലും മറ്റു പല ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യത്തിന് സ്റ്റാഫ് നഴ്സ് തസ്തിക നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ആലപ്പുഴ ജില്ലയിലെ പല ആരോഗ്യ കേന്ദ്രങ്ങളിലും ഒഴിവുള്ള സ്റ്റാഫ് നഴ്സ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 15-6-2019-ലെ ഇ.ഇ 6-87697/2016/ഡി.എച്ച്.എസ്. നമ്പർ ഉത്തരവ് പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് നിരവധി പ്രൊമോഷൻ നടന്നെങ്കിലും പ്രസ്തുത ഒഴിവുകൾ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം .വ്യക്തമാക്കുമോ;

(ഇ) ആർദ്രം പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് എത്ര സ്റ്റാഫ് നഴ്സ് തസ്തികയാണ് പുതുതായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമനങ്ങൾ അടിയന്തരമായി നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ഒഴിവുകളിൽ നിയമപ്രകാരം പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് I, ഗ്രേഡ് II അനുപാത തുല്യത വരുത്തിയശേഷമുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നിലവിലുള്ള സ്റ്റാഫ് നഴ്സ് തസ്തിക ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ സേവനം നൽകിവരുന്നു. ആലപ്പുഴ ജില്ലയിലെ കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ എന്നീ സ്ഥാപനങ്ങൾ ആർദ്രം പദ്ധതിയിൽ താലൂക്കുതല ആശുപത്രി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതി പ്രകാരം കായംകുളം-2, ചെങ്ങന്നൂർ-1,-ഉം സ്റ്റാഫ് നഴ്സിന്റെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ആലപ്പുഴ

ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 14 കുടുംബാരോഗ്യ കേന്ദ്രങ്ങളിലായി 28 സ്റ്റാഫ് നഴ്സിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 400 സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആയതിൽ, ആലപ്പുഴ ജില്ലയിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.

(ഡി) സ്റ്റാഫ് നഴ്സ് ഗ്രേഡ് 1: ഗ്രേഡ് 2 അനുപാതം നിലനിർത്തുന്നതിനായി 15-6-2019-ലെ ഇ.ഇ.6-87697/2016/ ഡി.എച്ച്.എസ്. നമ്പർ ഉത്തരവുപ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽനിന്നും സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തി ജീവനക്കാരെ ജില്ലയിൽത്തന്നെ നിലനിർത്തി ഉത്തരവായിരിക്കുന്നതിനാൽ ടി ഉത്തരവുപ്രകാരം സ്റ്റാഫ് നഴ്സ് തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടായിട്ടില്ല.

(ഇ) ആർദ്രം പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നാളിതുവരെ 45 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സൃഷ്ടിച്ച സ്റ്റാഫ് നഴ്സ് തസ്തികകളിൽ ജില്ലതിരിച്ചുള്ള സ്ഥാപനങ്ങൾക്കുവേണ്ടി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ ലാബുകളുടെ പ്രവർത്തനം

276 (3928) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകൾക്ക് അംഗീകാരം നൽകുന്നതിന് സൂക്ഷ്മവും അതേ സമയം പ്രായോഗികവുമായ വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എം.എൽ.ടി. ഡിപ്ലോമ എങ്കിലും ഉള്ള ലാബ് ടെക്നീഷ്യൻമാർ വേണ്ടത്ര ഉണ്ടായിരിക്കുക, രക്തം, മൂത്രം, കഫം എന്നിവ പരിശോധിക്കുന്നതിന് വെവ്വേറെ ഏരിയ ഉണ്ടായിരിക്കുക തുടങ്ങിയ വ്യവസ്ഥകൾ ലാബുകൾ പാലിക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; ഇത്തരം വ്യവസ്ഥകൾ പാലിക്കാത്ത ലാബുകളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) തെറ്റായ പരിശോധനാഫലങ്ങൾ നൽകുന്ന ലാബുകൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട് എന്നറിയിക്കാമോ;

(ഡി) ഗുരുതരമായ വീഴ്ചകൾ സ്വകാര്യലാബുകളുടെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ ലാബ് അധികൃതരിൽ നിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ കേരളത്തിലെ സ്വകാര്യ മേഖലയിലേതുൾപ്പെടെയുള്ള എല്ലാ മോഡേൺ മെഡിസിൻ സ്ഥാപനങ്ങളുടേയും ഓൺലൈൻ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ച് സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളുടേയും താൽക്കാലിക രജിസ്ട്രേഷൻ നടന്നുവരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതതു സ്ഥാപനങ്ങളുടെ പൂർണ്ണവിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും സ്റ്റാഫുകളുടെ പേരും യോഗ്യതയും ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി രണ്ട് വർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ്. താൽക്കാലിക രജിസ്ട്രേഷൻ

നൽകുന്നതിനുമുൻപ് സ്ഥാപന പരിശോധന, ആക്ട് പ്രകാരം നടത്തുന്നില്ല. താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ രണ്ട് വർഷത്തിനകം സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിനുമുൻപ് അസ്സസർമാർ സ്ഥാപന പരിശോധന നടത്തുകയും ഉദ്ദേശിക്കുന്ന നിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

(ബി) യോഗ്യതയുള്ള ലാബ് ടെക്നീഷ്യൻമാർ, ആവശ്യത്തിന് ലബോറട്ടറി ഉപകരണങ്ങൾ, സ്ഥല സൗകര്യങ്ങൾ എന്നിങ്ങനെ എല്ലാ സൗകര്യങ്ങളുമുള്ള ലബോറട്ടറികൾക്ക് മാത്രമേ സ്ഥിരമായ അംഗീകാരം ലഭിക്കുകയുള്ളു. ഈ സൗകര്യങ്ങൾ കുറവുള്ള ലബോറട്ടറികൾക്ക് ആയവ പരിഹരിച്ചതിനുശേഷമേ സ്ഥിരമായുള്ള രജിസ്ട്രേഷൻ/പുനർ അംഗീകാരം നൽകുകയുള്ളൂ

(സി) പ്രസ്തുത പരാതികൾ അതാത് ജില്ലകളിലുള്ള ഡി.എം.ഒ.-മാരാണ് അന്വേഷിക്കുന്നത്. ഇതിനായി ലബോറട്ടറി സ്പെഷ്യലിസ്റ്റ് ഉൾപ്പെടെയുള്ള ഇൻസ്പെക്ഷൻ കമ്മിറ്റികൾ പരിശോധന നടത്തുകയും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തുവരുന്നത്.

(ഡി) ഗുരുതര വീഴ്ചകൾ സ്വകാര്യലാബുകളുടെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ ലാബ് അധികൃതരിൽനിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

## പാലക്കാട് ജില്ലയിൽ ബ്ലഡ് ബാങ്കുകളുടെ കുറവ്

277 (3929) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതൊക്കെ ആശുപത്രികളോടനുബന്ധിച്ചാണ് ബ്ലഡ് ബാങ്ക് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ബ്ലഡ് ബാങ്കുകളുടെ കുറവുമൂലം ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ രക്തദാന-സ്വീകരണങ്ങൾക്കായി വിഷമതയനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജില്ലയിലെ താലൂക്ക് ആസ്ഥാന ആശുപത്രികളിൽ ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

### ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിൽത്തന്നെ ഏറ്റവും മാതൃകാപരമായ ഹബ് ആന്റ് സ്പോക്ക് മോഡലിൽ രക്ത സംഭരണവും വിതരണവും നടത്തുന്ന ജില്ലയാണ് പാലക്കാട്. പാലക്കാട് ജില്ലയിൽ ഒരു രക്തബാങ്കും 4 സംഭരണ യൂണിറ്റുകളും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ മണ്ണാർക്കാട് താലൂക്ക് ആശുപത്രി രക്തഘടക വേർതിരിക്കൽ യൂണിറ്റായി ഉയർത്തുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

## രക്തപരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങളും ഗുണനിലവാരവും

278 (3930) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രക്തപരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങളും ഗുണനിലവാരവും പരിശോധനാവിധേയമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പല ലാബുകളിൽ നിന്നും ലഭിക്കുന്ന റിസൾട്ടുകളിൽ വരുന്ന വ്യതിയാനങ്ങൾ വകുപ്പ് തലത്തിൽ പഠനവിധേയമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; വിവരിക്കാമോ;

(സി) പരിശോധനാ ചാർജ്ജുകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ആലോചനയിലുണ്ടോ;

(ഡി) അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ എത്ര ലാബുകളാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ മേഖലയിലെ രക്തപരിശോധനാ ലാബുകളിൽ യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാർ, സയന്റിഫിക് ഓഫീസർമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ സേവനം ലഭ്യമാണ്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഗുണനിലവാരമുള്ള മെഡിക്കൽ ഉപകരണങ്ങളും മെഷീനുകളും ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ടി ലാബുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുന്നുണ്ട്. 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും മെഡിക്കൽ ലബോറട്ടറികൾ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. 2019 ജനുവരി മുതൽ ടി രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ, യോഗ്യതയുള്ള ടെക്നിക്കൽ സ്റ്റാഫുമാർ എന്നീ വിവരങ്ങൾ രജിസ്ട്രേഷനുവേണ്ടി

നൽകേണ്ടതാണ്. 2 വർഷത്തേയ്ക്ക് താൽക്കാലിക രജിസ്ട്രേഷനും എല്ലാ ഗുണനിലവാരമുള്ള ലബോറട്ടറികളാണെങ്കിൽ സ്ഥിരം രജിസ്ട്രേഷനും ലഭിക്കുന്നതാണ്. കൂടാതെ സ്വകാര്യമേഖലയിലെ ഏതെങ്കിലും ലബോറട്ടറിയെക്കുറിച്ച് പരാതി ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രസ്തുത ലബോറട്ടറികൾ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇപ്പോൾ നിലവിലില്ല. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതും രജിസ്ട്രേഷൻ കാൻസൽ ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാൻ കഴിയുന്നതുമാണ്.

(സി) അത്തരത്തിലുള്ള ആലോചന നിലവിലില്ല.

(ഡി) അംഗീകാരം ഉള്ളതും ഇല്ലാത്തതുമായി 17 സ്വകാര്യ ലാബുകളാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്നത്.

**ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

279 (3931) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യസുരക്ഷാവകുപ്പ് കണ്ടെത്തിയിട്ടുള്ള പ്രധാന ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ക്വാഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു.

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് SNF @ School (Safe and Nutritious Food at School).

സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന Government Contact Centre (GCC) വഴി ലഭിക്കുന്ന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഭൗതിക സാഹചര്യവും ശുചിത്വമാനദണ്ഡങ്ങളും ഉറപ്പുവരുത്തുന്നതിനുംവേണ്ടി "Operation FISH" (Food Inspection@ Students' Hostel) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള 'ഓപ്പറേഷൻ സാഗർ റാണി', ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ മാതൃകാ ഗ്രാമപഞ്ചായത്ത് പദ്ധതി, ആരാധനാലയങ്ങൾ ഉൾപ്പെടെ ഭക്ഷ്യവിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ നടപ്പിലാക്കിയ പുതിയ പദ്ധതിയായ "BHOG" (Blissfull Hygienic Offering to God), ശർക്കരയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ 'ഓപ്പറേഷൻ പനേല' എന്നീ പദ്ധതികളും വിജയകരമായി നടന്നുവരുന്നു. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളോ സംരംഭകരോ ആയവർക്ക് ദേശീയ ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് FoSTaC (Food Safety Training and Certification).

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമേ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിലും ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം തുടങ്ങിയ ഉത്സവവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് പരിശോധനകളും അവബോധന പരിപാടികളും സംഘടിപ്പിച്ച് വരുന്നു.

(ബി) ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമായ രീതിയിൽ ഭക്ഷ്യവസ്തുക്കൾ വിൽക്കുക, ഭക്ഷ്യവസ്തുക്കളിൽ അനുവദനീയമായ അളവിൽ കൂടുതൽ കളർ ചേർക്കുക, ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ശുചിത്വ

മാനദണ്ഡങ്ങൾ പാലിക്കാതെയിരിക്കുക, ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കാത്ത ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുക, കാലഹരണപ്പെട്ട ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന, ലേബൽ ലംഘനം തുടങ്ങിയവയാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പ്രധാന ക്രമക്കേടുകൾ.

(സി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിനും അടിയന്തര സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, സ്കൂൾ/കോളേജ് കലോത്സവം തുടങ്ങിയ സന്ദർഭങ്ങളിലും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യങ്ങളിലും വ്യാപകമായ പരാതികൾ ലഭിക്കുന്ന സാഹചര്യത്തിലും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ തട്ടുകടകൾ കേന്ദ്രീകരിച്ച് മാസത്തിൽ മൂന്ന് ദിവസത്തെ രാത്രികാല പ്രത്യേക പരിശോധനകളും നടത്തി വരുന്നു.

## വഴിയോരങ്ങളിൽ തുറന്നുവച്ച് വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കൾ

280 (3932) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് വഴിയോരങ്ങളിൽ തുറന്നുവച്ച് കച്ചവടം നടത്തുന്ന ചക്കര/ശർക്കര ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കുന്നുണ്ടോ;

(ബി) ഈച്ചകളും പൊടിയും നിറയുന്ന വഴിയോര കച്ചവട സാമഗ്രികളുടെ ശുദ്ധത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ലഭ്യമായ ശർക്കരയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 'ഓപ്പറേഷൻ പനേല' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ശർക്കര വിൽപ്പന നടത്തുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ

ഗുണനിലവാര നിയമപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വഴിയോരങ്ങളിൽ വിൽക്കുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ഒരു മാസത്തിൽ മൂന്ന് ദിവസത്തെ പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. കൂടാതെ, ഇത്തരം കച്ചവടക്കാരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ 'Clean Street Food Hub' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

## ചേലക്കരയിലെ ഫുഡ് സേഫ്റ്റി ഓഫീസ്

281 (3933) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച ഫുഡ് സേഫ്റ്റി ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വാടകരഹിതമായി ഓഫീസ് കെട്ടിട സൗകര്യം ലഭ്യമാക്കാം എന്നറിയിച്ചിട്ടും ഇത് മാറ്റി സ്ഥാപിക്കുന്നതിന് നിലവിൽ എന്താണ് തടസ്സം എന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ഡി) എന്നത്തേക്ക് ഓഫീസ് സ്ഥലം മാറ്റി പ്രവർത്തിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ചേലക്കര ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസ് നിലവിൽ വടക്കാഞ്ചേരി ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിനോട് ചേർന്നാണ് പ്രവർത്തിക്കുന്നത്.

(ബി&സി) പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ലഭ്യമായ സ്ഥലത്ത് നിലവിൽ ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങളില്ല. സൗകര്യം ഒരുക്കുന്നതിന് അമ്പതിനായിരം രൂപയുടെ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പഴയന്നൂർ ബ്ലോക്ക് സബ്ഡിവിഷൻ നൽകിയിട്ടുണ്ട്.

(ഡി) പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ഓഫീസ് സജ്ജീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തീകരിക്കുന്നമുറയ്ക്ക് ടി ഓഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ആശാ വർക്കർമാർക്ക് നൽകുന്ന ഓണറേറിയം**

282 (3934) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാ വർക്കർമാർക്ക് ഓണറേറിയം നൽകുന്നതിൽ കുടിശ്ശികയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ടി കുടിശ്ശിക എന്നത്തേക്ക് നൽകാനാകും എന്ന് അറിയിക്കുമോ;

(സി) അതത് മാസങ്ങളിൽ പ്രസ്തുത ഓണറേറിയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആശാ വർക്കർമാർക്ക് 4 മാസത്തെ ഓണറേറിയം കുടിശ്ശികയായിട്ടുണ്ട്. ഇതുവരെ ജൂൺ 2019 വരെയുള്ള ഓണറേറിയമാണ് വിതരണം ചെയ്തിട്ടുള്ളത്. ജൂലൈ, ആഗസ്റ്റ് മാസത്തെ ഓണറേറിയം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് വൈകാതെ വിതരണം ചെയ്യുന്നതാണ്.

(സി) ആശാ വർക്കർമാർക്ക് അതത് മാസം ഓണറേറിയം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**മെന്റൽ ഹെൽത്ത് കെയർ ആക്ടിൽ ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റിനെ ഉൾപ്പെടുത്താൻ നടപടി**

283 (3936) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെന്റൽ ഹെൽത്ത് കെയർ ആക്ടിൻ കീഴിൽ സംസ്ഥാനതലത്തിൽ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ അതിൽ ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റിനെ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ;

(ബി) റൈറ്റ്സ് ടു പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിൻ കീഴിൽ സംസ്ഥാനതലത്തിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ

എത്രത്തോളമായി; ചട്ടങ്ങൾ രൂപീകരണ യോഗങ്ങളിൽ ഏതെല്ലാം പ്രൊഫഷണലുകളാണ് ഉൾപ്പെടുന്നതെന്നും ഇതുവരെ എത്ര യോഗങ്ങൾ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) മെന്റൽ ഹെൽത്ത് കെയർ ആക്ടിൻ കീഴിൽ സംസ്ഥാനതലത്തിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി; ചട്ടങ്ങൾ രൂപീകരണ യോഗങ്ങളിൽ റീഹാബിലിറ്റേഷൻ മേഖലയിലുള്ള ഏതെല്ലാം പ്രൊഫഷണലുകളാണ് ഉൾപ്പെടുന്നതെന്നും ഇതുവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017-ൽ ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ സേവനത്തിനെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ, ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ തയ്യാറാക്കുന്ന റൂൾസിൽ, ഈ വിഷയം ഉൾപ്പെടുത്താൻ കഴിയുകയില്ല.

(ബി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ദി റൈറ്റ്സ് ടു പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 2016-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടങ്ങളുടെ കരട് രൂപീകരിക്കുകയും പൊതുജനാഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ കരട് ചട്ടങ്ങൾ നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി പ്രൊഫഷണലുകളെ ഉൾപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ 2 മീറ്റിംഗുകൾ 13-7-2017, 11-1-2018 തീയതികളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

ചട്ടങ്ങളുടെ കരട് രൂപീകരിക്കുന്നതിലേയ്ക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിന് വേണ്ടി 6-6-2017-ൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു ഏകദിന 'കൺസൾട്ടേഷൻസ് മീറ്റിംഗ്' സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സാമൂഹ്യനീതി വകുപ്പിലെയും കേരള സാമൂഹ്യ സുരക്ഷാമിഷനിലെയും ഉദ്യോഗസ്ഥർ പങ്കെടുക്കുകയും ചട്ടങ്ങൾ രൂപീകരിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച രീതിയും തുടർനടപടികളും ചർച്ച ചെയ്യുകയുമുണ്ടായി. ഇതിനെത്തുടർന്ന് 2017 ജൂൺ 16, 17 തീയതികളിൽ കോവളം ആനിമേഷൻ സെന്ററിൽ വച്ച് ഒരു "റൈറ്റ് ഷോപ്പ്" സംഘടിപ്പിക്കുകയും വിവിധ അംഗപരിമിത മേഖലകളെ പ്രതിനിധീകരിക്കുന്ന 43 വിദഗ്ദ്ധർ പങ്കെടുക്കുകയും ചെയ്തു.

ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 8-1-2018, 2-2-2019, 16-10-2019 തീയതികളിൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 31-1-2019 തീയതിയിൽ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വിവിധ വകുപ്പ് പ്രതിനിധികളുടെയും അംഗപരിമിത മേഖലയിലെ വിദഗ്ദ്ധരുടെയും യോഗങ്ങൾ ചേർന്നിട്ടുണ്ട്.

<u>13-7-2017 -ൽ സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തവർ</u>

1. ശ്രീമതി ഷീല ദാസ്, ജോയിന്റ് സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
2. ശ്രീമതി ചന്ദന, അണ്ടർ സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
3. ശ്രീ. മൊയ്തീൻ, ആൾ കേരള പേരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ്, തിരുവനന്തപുരം.
4. ശ്രീമതി ശ്രീലത പി. ആർ., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
5. ശ്രീ. പ്രതാപചന്ദ്രൻ, നിയമ വകുപ്പ്
6. ശ്രീ. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീ. ഷണ്മുഖം, ആൾ കേരള അസോസിയേഷൻ ഓഫ് ദി ഡഫ്.
8. ശ്രീ. സഹീറുദ്ദീൻ, SID, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം.
9. ശ്രീ. ജോർജ്ജ് ഫ്രാൻസിസ് എം. എ., ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് വകുപ്പ്.
10. ശ്രീ. ആർ. പ്രദീപ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ്, പത്തനംതിട്ട.
11. ശ്രീ. സതീഷ് ചന്ദ്രൻ നായർ, Former Head of VRC

<u>11-1-2018 -ൽ സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തവർ</u>

1. ശ്രീ. അനിൽകുമാർ ICCONS
2. ശ്രീ. വർഗീസ് മാത്യു ICCONS

3. ഡോ. സാമുവൽ എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്.

4. ശ്രീ. ജയിംസ് പി. മാത്യൂ, കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്.

5. ശ്രീ. സജീവൻ. സി., സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്

6. ശ്രീ. ജേക്കബ്, SNAC കോ-ഓർഡിനേറ്റർ

7. ശ്രീ. സഹീറുദ്ദീൻ, SID, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം.

8. ശ്രീ. റഹീമുദ്ദീൻ, ജോയിന്റ് ഡയറക്ടർ, CDMRP, കോഴിക്കോട്.

(സി) മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017 പ്രകാരമുള്ള സംസ്ഥാന കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 28-10-2019-ൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരടുചട്ടങ്ങൾ സംബന്ധിച്ച് അഭിപ്രായം അറിയിക്കുവാനായി കരട് ചട്ടത്തിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർ, മെന്റൽ ഹെൽത്ത് പ്രോഗ്രാം നോഡൽ ഓഫീസർ, മാനസികാരോഗ്യകേന്ദ്രം സൂപ്രണ്ടുമാർ, മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവികൾ എന്നിവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിഹാബിലിറ്റേഷൻ മേഖലയിലുള്ള പ്രൊഫഷണലുകൾ ഉൾപ്പെടുന്ന യോഗം ചേർന്നിട്ടില്ല.

## ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം

284 (3937) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഫയൽ കൈമാറ്റത്തിന് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 117 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 46 ലക്ഷം രൂപ e-health-ന് നൽകിയിട്ടുണ്ട്.

## വിഷൻ സെന്ററുകളുടെ പ്രവർത്തനം

285 (3938) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനങ്ങളുടെ കാഴ്ച വൈകല്യങ്ങൾ കണ്ടെത്തി തക്ക സമയത്ത് ചികിത്സ നിർദ്ദേശിക്കുവാൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നേത്രപരിശോധനക്കുള്ള വിഷൻ സെന്ററുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി നാഷണൽ ഹെൽത്ത് മിഷൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത വിഷൻ സെന്ററുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനും അവിടെ യോഗ്യരായ ഒപ്ട്രോമെട്രിക്സ്റ്റുകളെയും ജീവനക്കാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണ ജനങ്ങളുടെ കാഴ്ച വൈകല്യങ്ങൾ കണ്ടെത്തി ചികിത്സ നിർദ്ദേശിക്കുവാൻ നിലവിൽ 76 കേന്ദ്രങ്ങളിൽ വിഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 2019-2020 സാമ്പത്തിക വർഷത്തിൽ 170 വിഷൻ സെന്ററുകൾകൂടി ആരംഭിക്കുവാൻ അംഗീകാരം നൽകുകയും ആയത് പ്രവർത്തന സജ്ജമാക്കുവാൻ വേണ്ടുന്ന നടപടികൾ നടന്നുവരുകയും ചെയ്യുന്നു.

(ബി) 2019-2020 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന 170 വിഷൻ സെന്ററുകൾക്കായി വിഷൻ സെന്റർ ഒന്നിന് 1,00,000 (ഒരു ലക്ഷം രൂപ) പ്രകാരം 170 വിഷൻ സെന്ററുകൾക്കായി ഒരു കോടി എഴുപത് ലക്ഷം രൂപയ്ക്ക് നാഷണൽ ഹെൽത്ത് മിഷൻ അനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിൽ പ്രവർത്തിക്കുന്ന 76 വിഷൻ സെന്ററുകളിൽ മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ നേത്രപരിശോധന നടത്തുന്നതിനായി ഒപ്ട്രോമെട്രിസ്റ്റുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുതായി ആരംഭിക്കുവാൻ പോകുന്ന വിഷൻ സെന്ററുകളിലും മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ നേത്ര പരിശോധന നടത്തുന്നതിനായി ഒപ്ട്രോമെട്രിസ്റ്റുമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നതാണ്.

## എം.ബി.ബി.എസ്.-ന് എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സംവരണം

286 (3940) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ എം.ബി.ബി.എസ്. മെഡിക്കൽ സീറ്റിൽ ആകെ എത്ര സീറ്റുകളാണുള്ളത്; ഇതിൽ സംവരണതത്വം പാലിച്ച് പ്രവേശനത്തിന് നീക്കിവച്ചിട്ടുള്ള സീറ്റുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ ഏത് സംവരണ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; ഈ വിഭാഗത്തിന് എത്ര ശതമാനമാണ് സംവരണമെന്ന് വ്യക്തമാക്കാമോ;

(സി) 2019-20 അദ്ധ്യയന വർഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് എം.ബി.ബി.എസ്. കോഴ്സിന് സർക്കാർ സീറ്റിൽ പ്രവേശനം ലഭിച്ചുവെന്നും ഏത് റാങ്ക് വരെയുള്ളവർക്കാണ് പ്രവേശനം ലഭിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആൾ ഇന്ത്യ ക്വോട്ട, നോമിനി സീറ്റുകൾ, പി.ഡി. ക്വോട്ട, പ്രത്യേക സംവരണം, EWS ക്വോട്ട ഉൾപ്പെടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് ആകെ 1555 സീറ്റുകളുണ്ട്. നിർദ്ദേശാനുസൃത സംവരണം EWS വിഭാഗത്തിനുള്ള പ്രത്യേക ക്വോട്ട, പാലക്കാട് മെഡിക്കൽ കോളേജിലെ SC/ST വിഭാഗത്തിനുള്ള അധിക സീറ്റുകൾ ഉൾപ്പെടെ പ്രവേശന പരീക്ഷ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത് 1305 സീറ്റുകളാണ് സംവരണ തത്വം പാലിച്ച് (സ്റ്റേറ്റ് മെറിറ്റ് ഉൾപ്പെടെയുള്ള നിർദ്ദേശാനുസൃത സംവരണം) പ്രവേശനത്തിന് നീക്കിവച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം 1051 ആണ്.

(ബി) എസ്.ഐ.യു.സി. വിഭാഗം ഉൾപ്പെടുന്ന "Backward Christian (BX)"-ന് 1% സീറ്റാണ് സംവരണം ചെയ്തിട്ടുള്ളത്.

(സി) 2019-2020 അദ്ധ്യയനവർഷം എം.ബി.ബി.എസ്. കോഴ്സിന് എസ്.ഐ.യു.സി. ഉൾപ്പെടുന്ന Backward Christian (BX) വിഭാഗത്തിന് 10 സീറ്റുകളിൽ 10 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. Backward Christian (BX) വിഭാഗത്തിൽ പ്രവേശനം ലഭിച്ച അവസാന വിദ്യാർത്ഥിയുടെ മെഡിക്കൽ റാങ്ക് 4492 ആണ്.

**ദേശീയ മെഡിക്കൽ കമ്മീഷൻ നിയമം**

287 (3941) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക വൈദ്യ വിഭ്യാഭ്യാസ രംഗത്ത് സമൂലമാറ്റങ്ങൾ കൊണ്ടുവരുവാനെന്ന പേരിൽ രൂപീകരിച്ച ദേശീയ മെഡിക്കൽ കമ്മീഷൻ ആധുനിക വൈദ്യശാസ്ത്രം പാവപ്പെട്ട ഗ്രാമീണർക്ക് അപ്രാപ്യമാക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ആധുനിക വൈദ്യശാസ്ത്രത്തിൽ ഡോക്ടറായി പ്രാക്ടീസ് നടത്തുവാൻ അംഗീകൃത യോഗ്യതയില്ലാത്തവർക്ക് കമ്മീഷന്റെ പ്രത്യേക മാനദണ്ഡപ്രകാരം ആധുനിക വൈദ്യശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ട ആളുകൾക്ക് മധ്യതലത്തിൽ സാമൂഹിക ആരോഗ്യ ദാതാക്കളായി ചികിത്സ നടത്തുവാൻ ലൈസൻസ് നൽകുന്നത് ഗ്രാമീണ മേഖലയിലെ ചികിത്സകളുടെ ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ മെഡിക്കൽ കോളേജുകളിൽ അമ്പതുശതമാനത്തോളം സീറ്റുകളിലെ ഫീസ് നിർണ്ണയിക്കുന്നതിനുള്ള അധികാരം നാഷണൽ മെഡിക്കൽ കൗൺസിലിന് നൽകിയത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ശാസ്ത്രീയമായ തെളിവുകളില്ലാതെ വ്യത്യസ്തമായ ചികിത്സാ ശാഖകളെ സമന്വയിപ്പിക്കുന്ന പാഠ്യപദ്ധതി ആധുനിക വൈദ്യ വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തെ ദോഷകരമായി ബാധിക്കുകയില്ലേ;

(ഇ) എങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലൂടെ ആരോഗ്യ മേഖലയെ അത് എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തുന്നതിനും അതിനെതിരെ തിരുത്തൽ നടപടിയായി എന്തുകാര്യങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാകുന്നതിന് മുൻപുതന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ഇക്കാര്യം സമഗ്രമായി പഠിച്ച് ആശങ്കകളുണ്ടെങ്കിൽ ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം

288 (3942) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിന് കൂടുതൽ ഉദാരവ്യവസ്ഥകൾ നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമത്തിൽ ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ നിയമത്തിൽ നിർദ്ദേശിക്കുന്നില്ല എന്നതും അപേക്ഷകർക്ക് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള സാമ്പത്തികശേഷി ഉണ്ടോ എന്ന് മാത്രം പരിശോധിച്ചാൽ മതിയെന്നുമുള്ള നിബന്ധന സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജുകൾ പരിശോധിക്കുവാൻ സർക്കാർ ഏജൻസിക്ക് പുറമെ, സ്വകാര്യ ഏജൻസികളെ നിയോഗിക്കാമെന്ന ഉദാരവ്യവസ്ഥ സ്വകാര്യ മേഖലയെ വഴിവിട്ട് സഹായിക്കുന്ന ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) രാജ്യത്തെ ആരോഗ്യ ,വൈദ്യ, വിദ്യാഭ്യാസ മേഖലയെ കൂടുതൽ അരാജകത്വത്തിലേക്ക് നയിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളുന്ന പ്രസ്തുത നിയമം സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ കവർന്നെടുക്കുന്നതും ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നതുമാകയാൽ അതിനെതിരെ സർക്കാരിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ ;വിശദമാക്കുമോ?

### ഉത്തരം

(എ-ഡി) നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാകുന്നതിന് മുൻപുതന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയെക്കൊണ്ട് ഇക്കാര്യം സമഗ്രമായി പഠിച്ച് ആശങ്കകളുണ്ടെങ്കിൽ ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## കാർഡിയോ വാസ്കുലർ ടെക്നോളജി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്

289 (3943) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി വിദ്യാർത്ഥികളുടെ 2014-ൽ പുറത്തിറക്കിയ സിലബസിൽ ഇന്റേൺഷിപ്പ് സമയത്ത് സർക്കാർ നിശ്ചിത സ്റ്റൈപ്പന്റ് നൽകണമെന്ന് രേഖപ്പെടുത്തിയിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ആയതുപ്രകാരം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകിയിരുന്നുവോ;

(സി) സ്റ്റൈപ്പന്റ് നൽകിയിട്ടില്ലെങ്കിൽ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സിലബസിൽ രേഖപ്പെടുത്തിയതുപ്രകാരം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള ആരോഗ്യ സർവ്വകലാശാല തയ്യാറാക്കിയ ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി കോഴ്സിന്റെ സിലബസിൽ "Stipend as fixed by the Govt. will be paid during internship" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) പാരാമെഡിക്കൽ ബിരുദ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നില്ല.

(സി)

- വർഷാവർഷം പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കുന്ന പ്രോസ്പെക്ടസിൽ ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി കോഴ്സിന് സ്റ്റൈപ്പന്റ് നൽകുമെന്ന് പരാമർശിച്ചിട്ടില്ല.
- ഇന്റേൺഷിപ്പുള്ള മറ്റ് പാരാമെഡിക്കൽ ബിരുദ കോഴ്സുകൾക്കും നാളിതുവരെ സ്റ്റൈപ്പന്റ് നൽകുന്നില്ല.
- സർക്കാർ നടത്തുന്ന പാരാമെഡിക്കൽ ബിരുദാനന്തര കോഴ്സുകൾക്ക് മാത്രമാണ് നിലവിൽ സ്റ്റൈപ്പന്റ് നൽകിവരുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്യുവർക്കുള്ള കുടിശ്ശിക

290 (3944) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾക്ക് സ്റ്റെന്റ് അടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കില്ലെന്ന് വിതരണക്കാരുടെ സംഘടന വെളിപ്പെടുത്തുകയുണ്ടായോ;

(ബി) 2018 നവംബർ 1 മുതൽ 2019 ജൂൺ 30 വരെ പത്ത് കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജ് ഈ ഇനത്തിൽ കുടിശ്ശികയായി നൽകാനുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തൊട്ടാകെ നാല്പത്തിമൂന്ന് കോടി രൂപയുടെ കുടിശ്ശിക ഈ ഇനത്തിലുണ്ടെന്ന് വിതരണക്കാർ വ്യക്തമാക്കുകയുണ്ടായോ;

(ഡി) വിതരണ കമ്പനിക്കാരുടെ നിലപാട് സമൂഹത്തിലെ അടിത്തട്ടിലുള്ളവരെ ഏറെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റെന്റടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കുകയില്ലെന്ന് വിതരണക്കാർ അറിയിച്ചിട്ടില്ല. ആലപ്പുഴ മെഡിക്കൽ കോളേജിൽ മുമ്പ് കുടിശ്ശികയുണ്ടായിരുന്ന സമയത്ത് സ്റ്റെന്റടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കുകയില്ലെന്ന് വിതരണക്കാർ അറിയിച്ചിട്ടുണ്ടായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്റ്റെന്റടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കുകയില്ലെന്ന് വിതരണക്കാരുടെ സംഘടന വെളിപ്പെടുത്തിയിട്ടുണ്ട്.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ കാരുണ്യ പദ്ധതിപ്രകാരം 2018 നവംബർ മുതൽ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2019 ജനുവരി 1 മുതൽ 2019 ജൂൺ 30 വരെ 7,10,12,858 രൂപ ഈ ഇനത്തിൽ നൽകുവാനുണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 16 കോടി രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിൽ 7,10,12,858 രൂപയും ആലപ്പുഴ മെഡിക്കൽ കോളേജിൽ 1,62,87,924 രൂപയും കോട്ടയം മെഡിക്കൽ കോളേജിൽ 5,58,56,346 രൂപയും തൃശ്ശൂർ മെഡിക്കൽ കോളേജിൽ 5,02,393 രൂപയുമുൾപ്പെടെ ആകെ 30,36,59,521 രൂപ വിതരണക്കാർക്ക് നൽകാനുണ്ട്.

(ഡി) സ്റ്റെന്റടക്കമുള്ള ഉപകരണങ്ങളുടെ വിതരണം തടസ്സപ്പെടാത്തതിനാൽ വിതരണ കമ്പനിക്കാരുടെ നിലപാട് സമൂഹത്തിലെ അടിത്തട്ടിലുള്ളവരെ പ്രതികൂലമായി ബാധിക്കുന്നില്ല.

(ഇ) മെഡിക്കൽ കോളേജുകളിലെ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വിതരണ കമ്പനിക്കാരുടെ കുടിശ്ശിക തുക നൽകിവരുന്നു.

## മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പരീക്ഷകളിൽ കോപ്പിയടി

291 (3945) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പരീക്ഷകളിൽ വിദ്യാർത്ഥികൾ വ്യാപകമായി കോപ്പിയടി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് ഇപ്രകാരമുള്ള ക്രമക്കേട് കണ്ടെത്തിയതെന്നും ഇതിന്റെ വെളിച്ചത്തിൽ മെഡിക്കൽ പരീക്ഷകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുവാൻ ആരോഗ്യ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വ്യാപകമായി കോപ്പിയടി നടത്തിയതായി കണ്ടെത്തിയിട്ടില്ല. എന്നാൽ, ഏതാനും മെഡിക്കൽ കോളേജുകളിൽ ചില വിദ്യാർത്ഥികൾ പരീക്ഷാ ഹാളിൽ അച്ചടക്ക ലംഘനങ്ങൾ നടത്തിയതായുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ സി.സി.റ്റി.വി. റിപ്പോർട്ട് പരിശോധനയിൽ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജ്, തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം എസ്.യു.റ്റി. അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, വർക്കല എസ്.ആർ. മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ, കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കോഴിക്കോട് കെ.എം.സി.റ്റി. മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം ക്രമക്കേടുകൾ അന്വേഷിച്ച് നടപടിയെടുക്കുന്നതിന് സർവ്വകലാശാലയിൽ സംവിധാനങ്ങൾ നിലവിലുണ്ട്. അപ്രകാരം 9 വിദ്യാർത്ഥികൾക്കും ഒരു

കോളേജിനുമെതിരെ സർവ്വകലാശാല നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ പി.എസ്.സി. പരീക്ഷകൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതിന് സമാനമായ രീതിയിൽ കൂടുതൽ നിയന്ത്രണങ്ങൾ മെഡിക്കൽ പരീക്ഷകൾക്ക് ഏർപ്പെടുത്തുന്നതിനും സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

## സിദ്ധ വിഭാഗത്തിലെ തസ്തികകൾ

292 (3946) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സിദ്ധ വിഭാഗത്തിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആയുർവേദ ആശുപത്രികളിൽ സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ സർക്കാർ ആയുർവേദ ഹോസ്പിറ്റലുകളിലാണ് സിദ്ധ യൂണിറ്റ് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സിദ്ധ വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ വിവിധ പ്രോജക്ടുകളിലായി നാഷണൽ ആയുഷ് മിഷൻ മുഖേന 11 (പതിനൊന്ന്) സിദ്ധ മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) സിദ്ധ മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ആയുർവേദ ഹോസ്പിറ്റലുകളിൽ പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി 8 സിദ്ധ യൂണിറ്റുകൾ പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

## പരിയാരം ആയുർവ്വേദ കോളേജ്

293 (3947) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം നാൽപ്പതിൽ നിന്ന് അറുപത് ആയി വർദ്ധിപ്പിച്ചത് കണക്കിലെടുത്തും അടിസ്ഥാന സൗകര്യത്തിന്റെ അഭാവം കണക്കിലെടുത്തും പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ച ആയുർവ്വേദ കോളേജിലെ ഐ. & ഇ.എൻ.ടി. ആശുപത്രി കെട്ടിട നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം 2018-19 അക്കാദമിക് വർഷം മുതൽ 40-ൽനിന്ന് 60 ആക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ക്ലാസ് മുറികളിൽ 60 കുട്ടികളെ പ്രവേശിപ്പിക്കുവാനുള്ള സൗകര്യമില്ലാത്തത് പരിഗണിച്ച് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അപേക്ഷ നൽകുകയും ചീഫ് ആർക്കിടെക്റ്റ് 7 നിലകളുള്ള അക്കാദമിക് ബ്ലോക്കിന്റെ ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കോഴിക്കോടുള്ള ഡ്രിക്കിലേയ്ക്ക് അയച്ചിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 87 കോടി രൂപയുടെ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ടി കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പണികൾ അന്തിമഘട്ടത്തിലായതിനാൽ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അക്കാദമിക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക ലഭ്യമല്ലായിരുന്നു. 2020-21-ലെ ബജറ്റിൽ പ്രസ്തുത അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ട്.

(ബി) കണ്ണൂർ ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മിക്കുന്നതിന് ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഐ. &ഇ.എൻ.റ്റി. ആശുപത്രി കെട്ടിടത്തിന്റെ സ്കെച്ച് ഡിസൈൻ ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കുകയും പൊതുമരാമത്ത് കെട്ടിട വിഭാഗം 33 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തതിൻപ്രകാരം ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിയ ഡിസൈൻ അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഡ്രിക്കിന് അയച്ചുകൊടുത്തിട്ടുണ്ട്. ടി കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പണികൾ അന്തിമഘട്ടത്തിലായതിനാൽ ടി ആശുപത്രിക്കാവശ്യമായ തുക 2019-20 വർഷത്തെ ബജറ്റിൽ അനുവദിക്കാനായിട്ടില്ല.

## ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) തസ്തികകളിലെ യോഗ്യതകളിൽ ഇളവ്

294 (3948) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ഔഷധങ്ങളുടെ അംഗീകാരം കൊടുക്കുന്ന ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറെ (ആയുർവേദം) നിയമിക്കുന്നതിന് 1999 മുതൽ 2019 ജനുവരി വരെ ആവശ്യമുണ്ടായിരുന്ന വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാം; ഇപ്പോഴത്തെ യോഗ്യതകൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദം), ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) എന്നീ തസ്തികകൾക്ക് ആവശ്യമുണ്ടായിരുന്ന യോഗ്യതകളിൽ ഇപ്പോൾ ഇളവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച തസ്തികകളിലെ യോഗ്യതകളിൽ ഇളവ് വരുത്തുവാനുള്ള തീരുമാനങ്ങൾ എടുത്തപ്പോൾ ആയുഷ് ഡിപ്പാർട്ട്മെന്റിലെ വിഷയവൈദഗ്ദ്ധ്യമുള്ളവരുമായി കൂടിയാലോചന നടത്തിയിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ആയുർവേദ ഔഷധ ഗുണനിലവാര നിയന്ത്രണത്തിൽ കാലങ്ങളായി നിലനിന്നിരുന്ന യോഗ്യത കുറച്ചു കൊണ്ടുവരുന്നത് ഗുണനിലവാരമില്ലാത്ത ആയുർവേദ ഔഷധങ്ങൾ വിപണിയിൽ എത്താനുള്ള സാഹചര്യം ഉണ്ടാക്കുമെന്നത് ഗൗരവമായി കാണുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള യോഗ്യത നിർണയിച്ച് 2003-ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച് ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥരുടെ യോഗ്യത ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ റൂൾസ്-162-എ പ്രകാരം ആയുർവേദ, സിദ്ധ, യുനാനി/ബി.ഫാം (ആയുർവേദം) വിഷയത്തിൽ ബിരുദം അടിസ്ഥാന യോഗ്യതയും അഞ്ചുവർഷത്തിൽ കുറയാതെയുള്ള എൻഫോഴ്സ്മെന്റ് പരിചയമോ ഔഷധ നിർമ്മാണ പരിചയമോ ഔഷധ പരിശോധനാ പരിചയമോ അദ്ധ്യാപനത്തിലും റിസർച്ചിലുമുള്ള പരിചയമോ ആണ്. പ്രസ്തുത യോഗ്യതയുള്ളവരെ 2004 മുതൽ സംസ്ഥാനത്ത് ലൈസൻസിംഗ് അതോറിറ്റിയായി നിയമിച്ചുവരുന്നു. അതിനുമുമ്പ് ഡ്രഗ്സ് കൺട്രോളർ കേരളയാണ് ആയുർവേദ, സിദ്ധ, യുനാനി മരുന്നുകൾക്ക് ലൈസൻസ് അനുവദിച്ചിരുന്നത്.

(ബി) 3-6-2007-ൽ നിലവിൽവന്ന സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദം) തസ്തികയുടെ സ്പെഷ്യൽ റൂൾ 13-2-2019-ൽ ഭേദഗതി വരുത്തിയപ്പോൾ അധികമായുണ്ടായിരുന്ന 18 മാസത്തെ മാനുഫാക്ചറിംഗ്/ടെസ്റ്റ് പരിചയം ഒഴിവാക്കിയിട്ടുണ്ട്. അടിസ്ഥാന യോഗ്യതയിൽ മാറ്റം വരുത്തിയിട്ടില്ല. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) തസ്തികയുടെ യോഗ്യതകൾ, നിയമനരീതി എന്നിവ പ്രതിപാദിച്ച് സ്പെഷ്യൽ റൂൾ ഏർപ്പെടുത്തിയത് 13-2-2019-ലാണ്.

(സി) സ്പെഷ്യൽ റൂൾസ്, രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് അംഗീകൃത സർവ്വീസ് സംഘടനകൾ നിയമ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് എന്നിവരുമായി ചർച്ച ചെയ്ത് പി.എസ്.സി.-യുടെ അംഗീകാരത്തോടെയാണ് മാറ്റം വരുത്തിയത്.

(ഡി) സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദ)-യുടെ യോഗ്യതയിൽ മാറ്റം വരുത്തിയതുകൊണ്ട് ഗുണനിലവാരമില്ലാത്ത ആയുർവേദ ഔഷധങ്ങൾ വിപണിയിൽ എത്താനുള്ള സാഹചര്യം ഉണ്ടാവുകയില്ല. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ റൂൾസ്-162-എ പ്രകാരം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദ)-യുടെ തസ്തികയുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനാൽ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ റൂൾസ് പ്രകാരം മതിയായ യോഗ്യതയുള്ളവരെയാണ് ഡ്രഗ്സ് കൺട്രോളർ വകുപ്പിൽനിന്നും എ.എസ്.യു. ലൈസൻസിംഗ് അതോറിറ്റിയായി സർക്കാർ നിയമിച്ചത്.

## മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി

295 (3949) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിർമ്മിക്കുന്ന മരുന്നുകൾ കേരളത്തിൽ വിതരണം ചെയ്യപ്പെടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസ് എന്ന കേന്ദ്ര നിയമത്തിലെ വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് രാജ്യമെമ്പാടും അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽത്തന്നെ ഉറപ്പാക്കിയശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിലെത്തിക്കുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കുവേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധന ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നു. ഇതിലേയ്ക്കായി സർക്കാർ സ്റ്റാറ്റ്യൂട്ടറി ലാബുകൾ

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനംമൂലവും മരുന്നുകൾക്ക് നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) പോണ്ടിച്ചേരിയിലെ ഒരു മരുന്ന് നിർമ്മാണ സ്ഥാപനത്തിൽ വൃത്തിഹീനമായ സാഹചര്യത്തിൽ മരുന്നുകൾ നിർമ്മിക്കുന്നതായി ഏതാനും വർഷങ്ങൾക്കുമുമ്പ് ദൃശ്യമാധ്യമങ്ങളിലൂടെ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിയ വിശദമായ അന്വേഷണത്തിൽ സ്ഥാപനത്തിന്റെ വിലാസം കണ്ടെത്തുകയും ഇതേപ്പറ്റി വിശദമായ റിപ്പോർട്ട് കണ്ടെത്തുവാൻ പോണ്ടിച്ചേരി ഡ്രഗ്സ് കൺട്രോൾ വകുപ്പ് അധികാരികളോട് ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമായ വിവരം വച്ച് വാർത്ത വസ്തുതാപരമല്ലെന്ന് വിവരം ലഭിക്കുകയുണ്ടായി. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-യും അതിന്റെ കീഴിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് കേരളം ഉൾപ്പെടെ രാജ്യമെമ്പാടും മരുന്നുകളുടെ നിർമ്മാണം, വിതരണം/വില്പന നിയന്ത്രിക്കുന്നത്. ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദന ശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ആയതിനാൽ ഇതരസംസ്ഥാനങ്ങളിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിർമ്മിക്കുന്ന മരുന്നുകൾ കേരളത്തിൽ വിതരണം ചെയ്യപ്പെടുന്നതായ മേൽസൂചിപ്പിച്ച വാർത്തകളല്ലാതെ മറ്റ് വാർത്തകളൊന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗുണനിലവാരമുള്ള ഹോമിയോ മരുന്നുകളുടെ നിർമ്മാണം

296 (3950) ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള ഹോമിയോ മരുന്നുകളുടെ നിർമ്മാണം കാര്യക്ഷമമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഹോമിയോപ്പതി വൈദ്യശാസ്ത്ര രംഗത്ത് ഉപയോഗിക്കുന്ന എല്ലാവിധ ജനറിക് മരുന്നുകളും 'ഹോംകോ'യിൽ ഉല്പാദിപ്പിക്കുന്നുണ്ടോ;

(സി) കേരളത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും മെഡിക്കൽ കോളേജുകൾക്കും ആവശ്യമായ മരുന്നുകൾ നൽകുന്നതിന് പുറമെ മറ്റ് സംസ്ഥാനങ്ങൾക്കും ഹോംകോ ഔഷധ വിതരണം നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി 'ഹോംകോ'യിൽ എല്ലാ ദിവസവും 'സൗഖ്യം' എന്ന പേരിൽ സൗജന്യ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഹോംകോയുടെ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ് കൺട്രോൾ ആക്ട് പ്രകാരം അംഗീകാരമുള്ള ക്വാളിറ്റി കൺട്രോൾ ലബോറട്ടറി സ്ഥാപനത്തിൽ സജ്ജമാക്കിയിട്ടുണ്ട്. മറ്റുള്ള മരുന്നുകൾ പരിശോധിക്കുന്നതിനാവശ്യമായ FORM-38 പ്രകാരമുള്ള അംഗീകാരവും ലഭ്യമാണ്. നിലവിലുള്ള ഫാക്ടറി കെട്ടിടത്തിൽ WHO GMP അനുവർത്തിക്കുന്ന മാനദണ്ഡപ്രകാരം മരുന്നുകൾ ഉത്പാദിപ്പിച്ചുവരുന്നു. ഹോംകോയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 52.88 കോടി രൂപ അടങ്കൽ തുകയ്ക്ക് ഒരു ബൃഹത് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ പുതിയ കെട്ടിട നിർമ്മാണത്തിന്റെ സിവിൽ വർക്കുകൾ 85% പൂർത്തിയായിട്ടുണ്ട്. പുതിയ കെട്ടിടം കമ്മീഷൻ ചെയ്യുന്നതോടുകൂടി കൂടുതൽ മരുന്ന് ഉത്പാദിപ്പിക്കുവാനും അതിലൂടെ വർഷത്തിൽ 75 കോടിയോളം വിറ്റുവരവുള്ള സ്ഥാപനമായി ഹോംകോ മാറുന്നതുമാണ്.

(ബി) ഉണ്ട്.

(സി) കേരളത്തിന് പുറമേ ഉത്തർപ്രദേശ്, മിസോറാം, മണിപ്പൂർ, ആന്ധ്രാപ്രദേശ്, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, ചണ്ഡിഗഢ് എന്നീ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും 2018-19-ൽ ഔഷധ വിതരണം നടത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തിക്കുന്നുണ്ട്. ഹോംകോയിൽ ജോലി ചെയ്തുവരുന്ന ഷിഫ്റ്റ് സൂപ്പർവൈസർമാർ ടി ക്ലിനിക്കിൽ സേവനമനുഷ്ഠിക്കുന്നു. കൂടാതെ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ തിങ്കളാഴ്ചയും വന്ധ്യതാനിവാരണ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്.

## കാസർഗോഡ് ജില്ലയിൽ ഐ.പി. സൗകര്യമുള്ള ഹോമിയോ ആശുപത്രികൾ

297 (3951) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഐ.പി. സൗകര്യമുള്ള എത്ര ഹോമിയോ ആശുപത്രികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കാസർഗോഡ് താലൂക്കിൽ ചെമ്മനാട് പഞ്ചായത്തിലെ കളനാട് ഹോമിയോ ആശുപത്രിയിൽ മുൻപ് ഐ.പി.യൂണിറ്റ് പ്രവർത്തിച്ചിരുന്നുവോ ; വിശദവിവരങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ ഒരു ഹോമിയോ ഐ.പി. ഹോസ്പിറ്റലും ഇല്ലാത്ത സാഹചര്യത്തിൽ കളനാട് ഹോമിയോ ആശുപത്രിയിൽ ഐ.പി. പുനഃസ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഐ.പി. സൗകര്യമുള്ള 3 ഹോമിയോ ആശുപത്രികളാണ് നിലവിലുള്ളത്. കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രി, നീലേശ്വരത്ത് പ്രവർത്തിക്കുന്ന എൻ. കെ. ബാലകൃഷ്ണൻ സ്മാരക ഹോമിയോ ആശുപത്രി, കോളിയടുക്കത്ത് പ്രവർത്തിക്കുന്ന കളനാട് ഹോമിയോ ആശുപത്രി എന്നിവയാണ് പ്രസ്തുത ആശുപത്രികൾ. ഇവയിലോരോന്നിലും 25 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവുമുണ്ട്.

(ബി) 30-5-1980-ൽ കിടത്തി ചികിത്സാ സൗകര്യത്തോടുകൂടി ആരംഭിച്ച ഈ സ്ഥാപനം അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയുടെ ഭാഗമായി

18-1-1987-ൽ കിടത്തി ചികിത്സ അവസാനിപ്പിക്കുകയും ഡിസ്പെൻസറിയായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. 16-3-1995 മുതൽ കിടത്തി ചികിത്സ പുനരാരംഭിച്ചെങ്കിലും വീണ്ടും 9-7-1995-ന് കിടത്തി ചികിത്സ അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ 1-3-2009-ൽ കിടത്തി ചികിത്സ പുനരാരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) കളനാട് ഹോമിയോ ആശുപത്രിയിൽ നിലവിൽ ഐ.പി. യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

**പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രി**

298 (3952) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രിയിൽ ആവശ്യത്തിന് നഴ്സിംഗ് സ്റ്റാഫ് ഇല്ലാത്തതിനാൽ രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**ആയുർവേദ യൂണിവേഴ്സിറ്റി കെട്ടിടനിർമ്മാണം**

299 (3953) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിലെ ആയുർവേദ യൂണിവേഴ്സിറ്റി കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിച്ചതെന്നെന്നും ഏത് നിർവ്വഹണ ഏജൻസിയാണ് പ്രവൃത്തി നടത്തുന്നതെന്നും ഉൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ അറിയിക്കുമോ;

(സി) ഈ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ എന്നും എങ്കിൽ എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറയിൽ ആയുർവേദ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ ആരോഗ്യശാസ്ത്ര സർവ്വകലാശാലയ്ക്കുകീഴിൽ തൃപ്പൂണിത്തുറയിൽ 'സ്കൂൾ ഓഫ് റിസർച്ച് ഇൻ ആയുർവേദ' എന്ന പദ്ധതിക്കായി 25.68 കോടി രൂപയുടെ ഭരണാനുമതി മൂന്ന് ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 9 നില കെട്ടിടമാണ് നിർമ്മിച്ചു വരുന്നത്. നാളിതുവരെ നാല് നിലകളുടെ കോൺക്രീറ്റ് സ്ട്രക്ചറിന്റെയും താഴത്തെ രണ്ട് നിലകളുടെ ഭിത്തി നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ബി) 10-10-2017-ൽ കെട്ടിട നിർമ്മാണം ആരംഭിച്ചു. Forest Industries Travancore Limited (FIT) എന്ന സ്ഥാപനത്തെയാണ് നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുള്ളത്.

(സി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2020 ഡിസംബർ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

300 (3955) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ഇനങ്ങളിൽ എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഈ സാമ്പത്തികവർഷം ഇതുവരെ കെ.എസ്.എസ്.എം.- ന് എത്ര തുക ലഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) കെ.എസ്.എസ്.എം.-ൽ സർക്കാർ അനുവദിച്ച എത്ര തസ്തികകൾ ഉണ്ടെന്നും ഏതെല്ലാമെന്നും വിശദമാക്കാമോ;

(ഡി) നിലവിൽ കെ.എസ്.എസ്.എം.-ൽ സ്ഥിരം/താൽക്കാലിക/ ഡെപ്യൂട്ടേഷൻ തുടങ്ങി വിവിധ വ്യവസ്ഥകളിൽ ജോലി ചെയ്യുന്നവർ ആരെല്ലാമെന്നും എന്നുമുതൽ ഇവർ ഇവിടെ ജോലി ചെയ്തുവരുന്നു എന്നുമുള്ള വിശദാംശം നൽകാമോ;

(ഇ) കെ.എസ്.എസ്.എം.- ന്റെ ആഡിറ്റ് നടത്തുന്നതാരാണെന്നും എന്നു വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നൽകാമോ;

(എഫ്) ആശ്വാസകിരണം പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഈ പദ്ധതിയിൽ അപേക്ഷിച്ച എത്ര പേർക്ക് ഇനി തുക അനുവദിക്കാനുണ്ടെന്നും എന്നുവരെയുള്ളവർക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു*.

(സി) വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു*.

(ഡി) വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു*

(ഇ) കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| സി.എ.ജി. ഓഡിറ്റ് | 2012 ഏപ്രിൽ മുതൽ 2017 മാർച്ച് വരെയുള്ള 5 വർഷത്തെ വിശദമായ ഓഡിറ്റ് നടത്തിയിട്ടുണ്ട് |
| അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റ് | എല്ലാ വർഷവും നടത്തിവരുന്ന ഈ ഓഡിറ്റ് 2017-18 സാമ്പത്തിക വർഷം വരെ നടത്തിയിട്ടുണ്ട്. 2018-19-ലെ ഓഡിറ്റ് പരിശോധന കഴിഞ്ഞു. |
| ഇന്റേണൽ ഓഡിറ്റ് | M/s.GRA & Co. എന്ന Chartered Accountant സ്ഥാപനം നടത്തി വരുന്ന ഓഡിറ്റ് 2016-17 സാമ്പത്തിക വർഷം വരെയുള്ള റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. |
| P.K.Raju & Co. Chartered Accountant | 2014-15 മുതൽ 2018-19 വരെ വീകെയർ പദ്ധതിയുടെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |

(എഫ്) ആശ്വാസകിരണം പദ്ധതി നിലവിലുണ്ട്. 2016 മാർച്ച് വരെ ഏകദേശം 63544 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23804 അപേക്ഷകളടക്കം 2017 മാർച്ച് വരെ ലഭിച്ച 90251 പേർക്ക് 82 കോടി രൂപ 2017 മാർച്ച് വരെയുള്ള ധനസഹായമായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. തുടർന്ന്, 2017-18 കാലയളവിൽ 102952 പേർക്ക് 2017 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 73 കോടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ ആകെ 120301 പേർക്ക് 2017 നവംബർ മുതൽ 2018 ജൂൺ വരെയുള്ള ധനസഹായം നൽകി. ടി ഗുണഭോക്താക്കളിൽ 6584 പേർ മരണപ്പെടുകയും ബാക്കിയുള്ള 113717 പേർക്ക് 2018 നവംബർ വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം പുതിയ അപേക്ഷകൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

## വനിതാ-ശിശു വികസന വകുപ്പിലെ ഉദ്യോഗക്കയറ്റം

301 (3956) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിത-ശിശുവികസന വകുപ്പിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇവയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് പ്രൊമോഷൻ ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രൊമോഷൻ നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വനിത-ശിശു വികസന വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ജോയിന്റ് ഡയറക്ടർ | 3 |
| 2 | ജില്ലാ വനിത ശിശു വികസന ഓഫീസർ | 5 |
| 3 | ശിശു വികസന പദ്ധതി ഓഫീസർ | 27 |
| 4 | പ്രോഗ്രാം ഓഫീസർ | 3 |
| 5 | വനിതാ പ്രൊട്ടക്ഷൻ ഓഫീസർ | 6 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 153 |

| (1) | (2) | (3) |
|---|---|---|
| 7 | കെയർടേക്കർ (മെയിൽ) | 10 |
| 8 | കെയർടേക്കർ (ഫീമെയിൽ) | 12 |
| വനിത ശിശു വികസന/സാമൂഹ്യനീതി വകുപ്പുകളിൽ വരുന്ന പൊതു വിഭാഗം തസ്തികകളിലെ ഒഴിവുകൾ | | |
| 9 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 13 |
| 10 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 5 |
| 11 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 12 | ജൂനിയർ സൂപ്രണ്ട് | 15 |
| 13 | ഹെഡ് അക്കൗണ്ടന്റ് | 9 |
| 14 | സീനിയർ ക്ലാർക്ക് | 4 |
| 15 | ക്ലാർക്ക് | 7 |
| 16 | ക്ലാർക്ക് -ടൈപ്പിസ്റ്റ് | 1 |
| 17 | ഓഫീസ് അറ്റൻഡന്റ് | 13 |
| 18 | വാച്ച്മാൻ | 2 |
| 19 | വാച്ച് വുമൺ | 3 |
| 20 | ആയ | 10 |
| 21 | മേട്രൺ ഗ്രേഡ്-I | 4 |
| 22 | കുക്ക് | 2 |
| 23 | പാർട്ട് ടൈം സ്വീപ്പർ | 5 |
| 24 | ഗാർഡ്നർ | 1 |
| 25 | നീഡിൽ വർക്ക് ടീച്ചർ | 1 |

(ബി) നോൺ ഗസറ്റഡ് തസ്തികയിൽ ഉദ്യോഗക്കയറ്റം നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റുകൾ നിലവിലുണ്ട്. ഗസറ്റഡ് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ല.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

**അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സഹായം**

302 (3957) ശ്രീമതി പി. അയിഷാ പോറ്റി:
പ്രൊഫ. കെ.യു. അരുണൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഈ സർക്കാർ ആശ്വാസനിധി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആരോഗ്യ, നിയമസേവനങ്ങളും പോലീസ് സംരക്ഷണവും ഉൾപ്പെടെയുള്ള സാമ്പത്തികേതര സഹായങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിർഭയ സെൽ ഇക്കാര്യത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി ആശ്വാസ നിധി പദ്ധതി നടപ്പിലാക്കി വരുന്നു. 18-10-2019 വരെ 52 പേർക്ക് ആശ്വാസനിധി പദ്ധതിയിലുൾപ്പെടുത്തി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി

ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് "സഖി" വൺ സ്റ്റോപ്പ് സെന്റർ. കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വനിത-ശിശു വികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. കേരളത്തിൽ 14 ജില്ലകളിലും വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തനക്ഷമമാണ്.

(സി) കേരള സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി വരുന്ന നിർഭയ പോളിസിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർഭയസെൽ വഴി നടപ്പിലാക്കി വരുന്നു.

1. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ 13 ഹോമുകൾ തിരുവനന്തപുരം-3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

2. 12 വയസ്സിന് താഴെയുള്ള ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ SOS ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കുന്നു.

3. കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന വൺസ്റ്റോപ്പ് സെന്ററുകളുടെ നോഡൽ ഏജൻസിയായി നിർഭയ സെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ വനിതകളുടെയും കുട്ടികളുടെയും ഹോമുകളുടെയും എസ്.ഒ.എസ്. മോഡൽ ഹോമിന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവയും നടപ്പിലാക്കി വരുന്നു.

### വയോജനങ്ങൾക്കായുള്ള ആരോഗ്യ പദ്ധതികൾ

303 (3958) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ആയുർദൈർഘ്യം കൂടുതലായതിനാൽ വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്കായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**കെ.എസ്.എസ്.എം. ആശ്വാസ ചികിത്സാ ധനസഹായം**

304 (3959) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നു മാത്രമല്ലാതെ കൂടുതൽ ചികിത്സാ ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ;

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കെ.എസ്.എസ്.എം. ഗുരുതരരോഗികൾക്കുള്ള ആശ്വാസ ചികിത്സാ ധനസഹായം ഇപ്പോൾ അനുവദിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു തരത്തിലുള്ള രോഗികൾക്ക് അപേക്ഷ സമർപ്പിക്കാം; വിശദമാക്കുമോ;

(ഡി) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) കിഡ്നി മാറ്റിവയ്ക്കൽ പോലുള്ള ചികിത്സകൾക്ക് അത്തരം ആശ്വാസകരമായ സഹായം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻവഴി നൽകിവരുന്ന ചികിത്സാ സഹായങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഗവൺമെന്റ് ആശുപത്രിയിൽനിന്നും രോഗത്തിന്റെയും ചികിത്സയുടെയും ചെലവ് രേഖപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സ്വകാര്യ ആശുപത്രിയിൽ മാത്രമേ ചികിത്സ നടത്താനാവൂ എന്ന സാഹചര്യമാണെങ്കിൽ ഗവൺമെന്റ് ആശുപത്രിയിൽനിന്നുള്ള റഫറൽ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുടെ പകർപ്പ് ആവശ്യമാണ്.

(ഇ) 'വി കെയർ' പദ്ധതി മുഖേന കിഡ്നി മാറ്റിവയ്ക്കൽ പോലുള്ള ചികിത്സകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വാഹനങ്ങൾ

305 (3960) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കീഴിലുള്ള വാഹനങ്ങളുടെ വിശദവിവരവും ആരെല്ലാമാണ് ഈ വാഹനങ്ങൾ ഉപയോഗിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) കെ.എസ്.എസ്.എം. എത്ര വാഹനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ എടുത്തിട്ടുണ്ടെന്നും ഏതെല്ലാം വാഹനങ്ങളാണ് അതെന്നുമുള്ള വിശദാംശം നൽകുമോ;

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനങ്ങൾ എന്ന് മുതലാണ് കെ.എസ്.എസ്.എം.-ന് വേണ്ടി ഉപയോഗിക്കുന്നതെന്നും ഈ വാഹനങ്ങൾ ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ഒരു വാഹനവും വി-കെയർ, മിഠായി പദ്ധതി, എസ്.ഐ.ഡി., വയോമിത്രം എന്നീ പദ്ധതികൾക്കുവേണ്ടി ഓരോ വാഹനങ്ങളും മിഷന്റെ ഔദ്യോഗികാവശ്യത്തിനുവേണ്ടി ഒരു വാഹനവും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ബ്ലോക്ക് എന്നിവിടങ്ങളിൽ നടപ്പാക്കുന്ന വയോമിത്രം പദ്ധതിക്കുവേണ്ടി ഒരു യൂണിറ്റിന് ഒരു വാഹനം വീതവും ഉപയോഗിച്ചുവരുന്നു.

(ബി) ആകെ 110 വാഹനങ്ങൾ ഉപയോഗിച്ചുവരുന്നതിൽ 6 വാഹനങ്ങൾ ദിവസവാടക അടിസ്ഥാനത്തിലും ബാക്കി 104 വാഹനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിലും ഉപയോഗിച്ചുവരുന്നു. പ്രസ്തുത വാഹനങ്ങൾ 1200-നും 1500-നും സി. സി.-ക്കിടയിൽ വരുന്ന സ്വിഫ്റ്റ് ഡിസയർ, ഇൻഡിക്ക, ഇൻഡിഗോ എന്നീ ഇനത്തിൽപ്പെടുന്നവയാണ്.

(സി) വാഹനങ്ങൾ ടെണ്ടർ ക്ഷണിച്ച് വാർഷിക കരാറടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്നു. പ്രസ്തുത കരാർ അനുസരിച്ച് നിലവിലെ കരാർ തുകയ്ക്കുതന്നെ വാഹനം നൽകാൻ തയ്യാറാകുന്ന വാഹന ഉടമകളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുകയും അല്ലാത്തപക്ഷം പുതിയ ടെണ്ടർ മുഖാന്തരവുമാണ് വാഹനങ്ങൾ എടുക്കുന്നത്. പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ് വാഹനം ഉപയോഗിക്കുന്നത്.

## കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ പ്രവർത്തനം

306 (3961) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിതേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കെ.എസ്.എസ്.എം. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണോ കെ.എസ്.എസ്.എം. പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ജോലികൾ ഏത് വകുപ്പ് മുഖേനയാണ് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ കെ.എസ്.എസ്.എം-ന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം എത്രയെന്നും ഇതുവരെ എത്ര തുക ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. ജിതേന്ദ്രൻ, IAS (റിട്ട. സാമൂഹ്യനീതി ഡയറക്ടർ)-ന്റെ റിപ്പോർട്ട് അനുസരിച്ച് കെ.എസ്.എസ്.എം. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്.

(ബി&സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമെന്ന നിലയിലാണ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ജോലികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് ആകെ 17280 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ടി ബഡ്ജറ്റ് വിഹിതത്തിൽനിന്നും 14755.34 ലക്ഷം രൂപ മിഷന് അനുവദിച്ചിട്ടുണ്ട്.

## പുതിയ ശിശുസംരക്ഷണ നയം

307 (3962) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സംരക്ഷണത്തിനായി കഴിഞ്ഞ വർഷം സുപ്രീംകോടതി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് ശിശുസംരക്ഷണ നയത്തിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 817 സ്ഥാപനങ്ങൾ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. JJ ACT പ്രകാരം രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം എല്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും നൽകുകയും രജിസ്റ്റർ ചെയ്യാത്ത 288 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുള്ളതുമാണ്. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മിനിമം സ്റ്റാൻഡേർഡ് ആന്റ് കെയർ ഉറപ്പാക്കുന്നതിന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസത്തിന്റെയും സാമൂഹിക പുനഃസംയോജനത്തിന്റെയും ഭാഗമായി ദത്തെടുക്കൽ, പോറ്റി വളർത്തൽ, സ്പോൺസർഷിപ്പ്, കിൻഷിപ് പോറ്റിവളർത്തൽ, ഫിറ്റ് ഫെസിലിറ്റി, കാവൽ, ശരണബാല്യം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ കീഴിലുള്ള ചൈൽഡ് കെയർ സ്ഥാപനങ്ങളിലെ 16 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് സ്കിൽ ഡെവലപ്മെന്റിന്റെ ഭാഗമായി Hindustan Latex Family Planning Promotion Test (HLT PPT) നേതൃത്വത്തിൽ അസെസ്സ്മെന്റ് നടത്തുകയും അസെസ്സ്മെന്റിന്റെ വെളിച്ചത്തിൽ അവരെ വിവിധ ജോലികളിലേയ്ക്ക് പ്ലേസ്മെന്റ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലാതലത്തിൽ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ രൂപീകരിച്ചു. JJ ACT നടപ്പാക്കുന്നതിന്റെ ഭാഗമായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും നിയമസംവിധാനങ്ങളിൽ നിയോഗിച്ചിട്ടുള്ള വ്യക്തികൾക്കും ജുഡീഷ്യൽ അക്കാദമികൾ വഴി പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

(സി) 2015-ലെ ബാലനീതി നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ശിശുസംരക്ഷണ നയം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ആശ്വാസകിരണം പദ്ധതി**

308 (3963) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കും രോഗബാധിതർക്കും സഹായകരമാംവിധം നടപ്പിലാക്കിയ ആശ്വാസ കിരണം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് എന്നുവരെയുള്ള ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്; ഇനി നൽകാനുള്ള തുകയുടെ വിശദാംശം അറിയിക്കുമോ; കുടിശ്ശികയായ തുക എന്നത്തേക്ക് വിതരണം നടത്താനാകും; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആശ്വാസകിരണം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2016 മാർച്ച് വരെ ഏകദേശം 63544 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23,804 അപേക്ഷകളടക്കം 2017 മാർച്ച് വരെ ലഭിച്ച 90251 പേർക്ക് 82 കോടി രൂപ 2017 മാർച്ച് വരെയുള്ള ധനസഹായമായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. തുടർന്ന്, 2017-18 കാലയളവിൽ 102952 പേർക്ക് 2017 ഏപ്രിൽ മുതൽ 2017 ഒക്ടോബർ വരെ 73 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ ആകെ 120301 പേർക്ക് 2017 നവംബർ മുതൽ 2018 ജൂൺ വരെയുള്ള ധനസഹായം നൽകി. ടി ഗുണഭോക്താക്കളിൽ 6584 പേർ മരണപ്പെടുകയും ബാക്കിയുള്ള 113717 പേർക്ക് 2018 നവംബർ വരെയുള്ള ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2019 ഒക്ടോബർ മാസം വരെ കുടിശ്ശിക ഉൾപ്പെടെ ധനസഹായം അനുവദിക്കുന്നതിന് 85,97,00,520 രൂപ ആവശ്യമുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്നതാണ്.

**സാമൂഹ്യ സുരക്ഷാമിഷൻ പദ്ധതിപ്രകാരം ഡയാലിസിസിന് സഹായം**

309 (3964) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സാമൂഹ്യ സുരക്ഷാമിഷൻ സമാശ്വാസം പദ്ധതി പ്രകാരം ഡയാലിസിസ് ആവശ്യമുള്ളവർക്ക് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

സമാശ്വാസം പദ്ധതി പ്രകാരം വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാകുന്നവർ, വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ, ഹീമോഫീലിയ രോഗബാധിതർ, അരിവാൾ രോഗബാധിതർ എന്നിവർക്കാണ് പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഒരു കോടി രൂപ വകകൊള്ളിച്ചിരുന്നതിൽ 50 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. വീ കെയർ ഫണ്ടിൽനിന്നും ഈ സാമ്പത്തിക വർഷം ഇതുവരെ ആകെ 2,11,12,100 രൂപ ചെലവഴിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം മുതൽ പുതുതായി അപേക്ഷിച്ച രണ്ടായിരത്തോളം അപേക്ഷകർക്കും നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 6530 ഗുണഭോക്താക്കൾക്കും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**ശുഭയാത്ര പദ്ധതി**

310 (3965) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുഭയാത്ര പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള ഇലക്ട്രോണിക് വീൽ ചെയറിനായി ശ്രീ. മുഹമ്മദ് നബീൽ, അഴീക്കോട് എന്ന വ്യക്തി 4-1-2019-ന് നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷപ്രകാരം ഇലക്ട്രോണിക് വീൽ ചെയർ എന്നത്തേക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള എത്ര അപേക്ഷകളാണ് ഇനിയും തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ശുഭയാത്ര പദ്ധതിപ്രകാരം ഭിന്നശേഷിക്കാർക്കുള്ള ഇലക്ട്രോണിക് വീൽചെയറിനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 5-1-2019 ആയിരുന്നു. ശ്രീ. മുഹമ്മദ് നബീൽ എം., മുല്ലോളി ഹൗസ്, ബോട്ടുപാലം, അഴീക്കോട്, കണ്ണൂർ ജില്ല എന്ന വ്യക്തിയുടെ അപേക്ഷ 7-1-2019-ലാണ് കോർപ്പറേഷനിൽ ലഭിച്ചത്. ആയതിനാൽ ടിയാളുടെ അപേക്ഷ തുടർനടപടികൾക്കായി പരിഗണിച്ചിട്ടില്ല.

(സി) അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിയായ 5-1-2019 തീയതിക്കകം ലഭിച്ച 2423 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. 5-1-2019-നുശേഷം ലഭിച്ച 693 അപേക്ഷകൾ തുടർനടപടികൾക്കായി പരിഗണിച്ചിട്ടില്ല.

**ആശ്വാസകിരണം പദ്ധതി**

311 (3966) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്കും ഗുരുതരരോഗം ബാധിച്ചവർക്കും പ്രായാധിക്യം വന്നവർ, കിടപ്പുരോഗികൾ എന്നിവർക്കുമൊക്കെയുള്ള സർക്കാർ സഹായമായ ആശ്വാസകിരണം പദ്ധതി ഒരു വർഷമായി നിശ്ചലമായിയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഒന്നേകാൽ ലക്ഷത്തിലധികം പേർ ഈ സഹായത്തിനായി കാത്ത് നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇനത്തിൽ കുടിശ്ശികയായി എത്ര കോടി രൂപ നൽകാനുണ്ട് എന്ന് അറിയിക്കുമോ;

(സി) മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത ഇതിലെ ഭൂരിപക്ഷം ഗുണഭോക്താക്കളും ആനുകൂല്യം മുടങ്ങിയതോടെ കടുത്ത പ്രയാസത്തിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രവർത്തനം എന്ന് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. നിലവിൽ ആശ്വാസകിരണം പദ്ധതി മുടങ്ങിയിട്ടില്ല. 2018 നവംബർ മാസം വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം വരെ കുടിശ്ശിക ഉൾപ്പെടെ ധനസഹായം അനുവദിക്കുന്നതിന് 85,97,00,520 രൂപ ആവശ്യമുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്.

## വനിത-ശിശുക്ഷേമ ഓഫീസുകൾ

312 (3967) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശുക്ഷേമ ഓഫീസുകൾ ഇപ്പോൾ ഏതൊക്കെ തലങ്ങളിലാണുള്ളത്; വ്യക്തമാക്കാമോ;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ സിവിൽ സ്റ്റേഷനിൽ ഒഴിവുള്ള സ്ഥലത്ത് പ്രസ്തുത ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനതലത്തിൽ വനിത-ശിശു വികസന ഡയറക്ടറേറ്റ്, നിർഭയ സെൽ, സംസ്ഥാന ശിശു സംരക്ഷണ യൂണിറ്റ് എന്നിവയും ജില്ലാതലത്തിൽ 14 ജില്ലാ വനിത-ശിശു വികസന ഓഫീസുകൾ, 14 ജില്ലാ പ്രോഗ്രാം ഓഫീസുകൾ, 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസുകൾ, 14 ജില്ലാ ശിശുസംരക്ഷണ ഓഫീസുകൾ, ബ്ലോക്ക് തലത്തിൽ 258 ശിശു വികസന പദ്ധതി ഓഫീസുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കുപുറമേ നിർഭയ സെല്ലിനുകീഴിൽ വകുപ്പ് നേരിട്ട് നടത്തുന്ന ഒരു SOS മോഡൽ ഷെൽട്ടർ ഹോമും വിവിധ ജില്ലകളിലായി 14 വിമൺ & ചിൽഡ്രൻസ് ഹോമുകളും പ്രവർത്തിക്കുന്നു. വിവിധ ജില്ലകളിലായി 10 ഗ്രേഡ്-I ക്ഷേമ സ്ഥാപനങ്ങളും 16 ഗ്രേഡ്-II ക്ഷേമ സ്ഥാപനങ്ങളും 14 ഗ്രേഡ്-III ക്ഷേമ സ്ഥാപനങ്ങളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു.

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓഫീസുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

(സി) വനിതാ-ശിശു വികസന വകുപ്പിനുകീഴിലുള്ള വാഴൂർ ഐ.സി.ഡി.എസ്. പ്രോജക്ട് നിലവിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂരിലാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

313 (3968) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ജില്ലകളിൽ തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) 2013-ൽ അന്നത്തെ സർക്കാർ തുടക്കം കുറിച്ച സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പരിചരിക്കുവാൻ ഏതെല്ലാം സ്പെഷ്യലൈസേഷനുള്ള ജീവനക്കാരെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ കെട്ടിടനിർമ്മാണത്തിന് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കുട്ടികളിലെ അംഗപരിമിതികൾ നേരത്തെ കണ്ടെത്താനും അനുയോജ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിന് കോഴിക്കോട്, പാലക്കാട്, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ബി) കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി അംഗപരിമിതർക്കുള്ള

മേഖലയിലെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2016 മുതൽ "അനുയാത്ര" എന്ന പേരിലുള്ള ഒരു സമഗ്രമായ പരിപാടി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെ നടപ്പാക്കുന്നു.

(സി) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സേവനങ്ങൾ നൽകുന്നതിനായി ആരംഭിച്ചിട്ടുള്ള ഓട്ടിസം സെന്ററുകൾ, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ എന്നിവിടങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേഷൻ എന്നീ മേഖലകളിൽ സ്പെഷ്യലൈസേഷനുള്ള ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഈ പദ്ധതിയുടെ 11 ജില്ലകളിലെ കെട്ടിട നിർമ്മാണത്തിനായി 34.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലാണ് റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്.

**ശരണബാല്യം പദ്ധതി**

314 (3969) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലഭിക്ഷാടനം ഒഴിവാക്കുന്നതിനായിയുള്ള ശരണബാല്യം പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയതുമൂലം എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ബാലവേല, ബാലഭിക്ഷാടനം, തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി വനിത-ശിശുവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ്

ശരണബാല്യം. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് ശരണബാല്യം പദ്ധതി ആരംഭിച്ചിട്ടുള്ളത്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിൽ ഒരു റെസ്ക്യൂ ഓഫീസറെ വീതം നിയോഗിച്ചുകൊണ്ടാണ് ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരുന്നത്.

ശരണബാല്യം പദ്ധതിയുടെ ലക്ഷ്യ ഗ്രൂപ്പുകൾ

- ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ
- തെരുവിൽ അലയുന്നതും ഭിക്ഷയാചിക്കുന്നതുമായ കുട്ടികൾ
- കുട്ടിക്കടത്തിന് വിധേയരാകുന്ന കുട്ടികൾ
- സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികൾ, തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത കുട്ടികൾ

(ബി) ശരണബാല്യം പദ്ധതി നടപ്പിലാക്കിയതുമൂലം 213 കുട്ടികളെ റെസ്ക്യൂ ചെയ്യുകയും 36 FIR രജിസ്റ്റർ ചെയ്യുകയും കുട്ടികളുടെ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ബന്ധപ്പെട്ട വകുപ്പുകളുമായുള്ള സംയോജിത മീറ്റിംഗുകളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. റെസ്ക്യൂ ടീമിന്റെ നേതൃത്വത്തിൽ ജില്ലകളിൽ ബാലവേലയിലേർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ ശക്തമാക്കിവരുന്നു.

(സി) വനിതാ-ശിശുവികസന വകുപ്പ് സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ശരണബാല്യം പദ്ധതി നവംബർ 2018 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്.

**വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ**

315 (3970) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി ഈ സർക്കാർ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ സൗകര്യമൊരുക്കുന്ന എന്റെ കൂട് പദ്ധതി നിലവിൽ എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളതെന്നും ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകളുടെ സമഗ്രമായ വികസനവും ക്ഷേമവും ലക്ഷ്യമാക്കി ആദിവാസി ഊരുകളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുന്നതിനായി കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, മഹിളാ പ്രധാൻ ഏജന്റുമാർ , ജനമൈത്രി പോലീസ് തുടങ്ങിയവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്ന പേരിൽ കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വനിതകളുടെ ക്ഷേമത്തിനായി അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ സഹായം നൽകുന്ന 'അഭയകിരണം' , 55 വയസ്സിനുതാഴെ പ്രായമുള്ളവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിധവകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന 'സഹായഹസ്തം' , മൂന്ന് ലക്ഷം രൂപ വരെ വരുമാനമുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ സർക്കാർ എയ്ഡഡ് കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് പഠനത്തിന് ധനസഹായം നൽകുന്ന 'പടവുകൾ', കുടുംബനാഥൻ രോഗിയായി കിടപ്പിലാകുകയോ മരിക്കുകയോ ചെയ്യുന്ന കുടുംബങ്ങൾക്ക് പരമാവധി 50,000 രൂപ വരെ സഹായം നൽകുന്ന 'അതിജീവിക പദ്ധതി', സ്ത്രീശാക്തീകരണത്തിനുള്ള ബോധവൽക്കരണ പരിപാടി 'സധൈര്യം മുന്നോട്ട്' , സ്ത്രീകളിലെയും കുട്ടികളിലെയും പോഷണമില്ലായ്മ ഇല്ലാതാക്കുന്നതിനുള്ള സമ്പുഷ്ട കേരളം പദ്ധതി (നാഷണൽ ന്യൂട്രീഷൻ മിഷൻ), പ്രധാനമന്ത്രി മാതൃവന്ദന യോജന തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കുട്ടികളുടെ ക്ഷേമത്തിനായി സ്കൂളുകളിൽ നടപ്പാക്കുന്ന 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' (ഒ.ആർ.സി.), ബാലവേല, ബാലഭിക്ഷാടനം, കുട്ടിക്കടത്ത് എന്നിവയ്ക്ക് വിധേയരാകുന്നവർ, സ്കൂൾ പഠനം മുടങ്ങിയവർ തുടങ്ങിയ കുട്ടികളുടെ രക്ഷയ്ക്കായി 'ശരണബാല്യം', കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായുള്ള 'കരുതൽ സ്പർശം' , നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനഃശാസ്ത്രപരമായി പിന്തുണ നൽകുന്ന 'കാവൽ' , ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ സ്വന്തം കുടുംബത്തിലെ ഉറ്റ ബന്ധുക്കൾക്ക് സംരക്ഷണ ചുമതല നൽകുന്ന 'കിൻഷിപ്പ് ഫോസ്റ്റർ കെയർ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) 'എന്റെ കൂട് ' പ്രകാരമുള്ള സ്ഥാപനങ്ങൾ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനുസമീപവും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ കെ.റ്റി.ഡി.എഫ്.സി. കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ നാല് ആദിവാസി ഊരുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ 'വനമിത്ര' പദ്ധതിയുടെ ഭാഗമായി നാല് ഊരുകളിലെ ആദിവാസി വനിതകൾക്കും വിദ്യാർത്ഥിനികൾക്കും നൈപുണ്യവികസനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഒന്നര വർഷക്കാലമായി വിവിധങ്ങളായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത 5 പഞ്ചായത്തുകളുടെ 5 വാർഡ് തെരഞ്ഞെടുത്ത് ഇത്തരത്തിൽ 70 പഞ്ചായത്തുകളിലെ 35 വാർഡുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 'കൈത്താങ്ങ് കർമ്മസേന രൂപീകരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഓരോ വാർഡിലെയും ശിഥില കുടുംബങ്ങൾ, പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള കുടുംബങ്ങൾ, മദ്യപാനം/മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമുള്ള കുടുംബങ്ങൾ എന്നിവ കണ്ടെത്തുകയും ഈ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. 2019-20 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആശാവർക്കർക്ക് ഇ.എസ്.ഐ., ഇ.പി.എഫ്. ആനുകൂല്യ പരിധി**

316 (3971) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ ജോലിചെയ്യുന്ന ആശാവർക്കർ ഇ.എസ്.ഐ, ഇ.പി.എഫ് ആനുകൂല്യ പരിധിയിൽ വരുമോ; അറിയിക്കാമോ;

(ബി) ഇ.എസ്.ഐ., ഇ.പി.എഫ്. ആനുകൂല്യ പരിധിയിൽ ഇവരെ ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടിയുണ്ടോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ മേഖലയിൽ സേവനം ചെയ്യുന്ന ആശാവർക്കർമാർ ഇ.എസ്.ഐ., ഇ.പി.എഫ്. പരിധിക്കുള്ളിൽ വരുന്നവരല്ല.

(ബി) ആശാവർക്കർമാർക്ക് സ്ഥിരമായ വേതനമല്ല നൽകുന്നത്. മറിച്ച് സംസ്ഥാന സർക്കാർ നൽകുന്ന ഓണറേറിയവും വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുമാണ്. ആയതിനാൽ ഇവർ ഇ.എസ്.ഐ., ഇ.പി.എഫ്. പരിധിക്കുള്ളിൽ വരുന്നതല്ല.

## അങ്കണവാടി സൂപ്പർവൈസർമാരുടെ നിയമനം

317 (3972) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടി സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാറ്റഗറി നമ്പർ 423/2014 പ്രകാരം 19-7-2017 യിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും (ഐ.സി.ഡി.എസ്.) സൂപ്പർവൈസർ തസ്തികകളിൽ എത്ര പേർക്ക് നാളിതുവരെയായി നിയമനം നൽകിയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ 153 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) കാറ്റഗറി നമ്പർ 423/2014 പ്രകാരം 19-7-2017-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റ് ഡിഗ്രിയും 10 വർഷത്തെ അങ്കണവാടി സേവന പരിചയവുമുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനത്തിന്റേതാണ്. ആകെ തസ്തികയുടെ 11% ആയ 146 പേർക്കാണ് ഈ വിഭാഗത്തിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം നൽകാവുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. നിയമന ശിപാർശ ലഭിച്ച 143 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് ഒഴിവുകളിൽ 1 (ഒരു) ഒഴിവ് എസ്.സി. വിഭാഗത്തിൽ ആളില്ലാത്തതിനാലും 1 (ഒരു) ഒഴിവ് OX (Other Christians) വിഭാഗത്തിൽ ആളില്ലാത്തതിനാലും ഒഴിച്ചിട്ടുള്ളതും 1 ഒഴിവ് പി.എസ്.സി. താൽക്കാലികമായി നിയമനം മാറ്റിവച്ചിട്ടുള്ളതുമാണ്. നിയമനം ലഭിച്ച 143 പേരിൽ ഒരാൾ വകുപ്പ് മാറിയത് വഴിയുണ്ടായ ഒഴിവ് ST വിഭാഗത്തിന് മാത്രമുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുള്ളതുമാണ്.

(സി) നിലവിൽ ഈ കാറ്റഗറിയിൽ ഒഴിവുകളൊന്നും നിലവിലില്ലാത്തതിനാൽ ഒഴിവുണ്ടാകുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്താൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 18-7-2020 വരെയാണ്.

**അങ്കണവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കൽ**

318 (3973) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവരുടെ ശമ്പളവും പെൻഷനും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ICDS-നുകീഴിൽ വരുന്ന അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും ഓണറേറിയം കൈപ്പറ്റുന്നവരാണ്. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുവാൻ കഴിയുകയില്ല.

(ബി) 11-2-2019-ലെ സ.ഉ.(സാധാ) നമ്പർ 81/2019 സാ.നീ.വ പ്രകാരം, 1-10-2018 മുതൽ പ്രാബല്യത്തിൽ സംസ്ഥാനത്തെ മെയിൻ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 11,500 (പതിനൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും മിനി അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,500 (പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും അങ്കണവാടി ഹെൽപ്പർമാരുടെ ഓണറേറിയം 7,750 (ഏഴായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) ആയും വർദ്ധിപ്പിച്ചുകൊണ്ട്

ഉത്തരവായിട്ടുണ്ട്. അതുപോലെ പ്രതിമാസ ഓണറേറിയത്തിനു പുറമേ അങ്കണവാടി ഹെൽപ്പർമാർക്ക് അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിൽ അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 250 (ഇരുന്നൂറ്റി അൻപത് രൂപ മാത്രം) ഇൻസെന്റീവ് (Performance linked incentive) നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഈ വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 12,000 രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 8,000 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് MGNREGS, സ്റ്റേറ്റ് പ്ലാൻ, സ്മാർട്ട് അങ്കണവാടി മുതലായ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ അനുമതിക്ക് വിധേയമായി സ്ഥലം ലഭ്യമായ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**അങ്കണവാടി സൂപ്പർവൈസർ തസ്തിക**

319 (3974) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -ലെ ഉത്തരവ് പ്രകാരം ഡിഗ്രിയും പത്ത് വർഷം സർവ്വീസുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഡിഗ്രിയും പത്ത് വർഷം സർവ്വീസുമുള്ള അങ്കണവാടി വർക്കർമാരെ ഐ.സി.ഡി.എസ്.സൂപ്പർവൈസർമാരായി നിയമിക്കണമെന്ന് ഏതെങ്കിലും ട്രൈബ്യൂണൽ / കോടതികളിൽ നിന്ന് ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) വനിത-ശിശു വികസന വകുപ്പിൽ 1327 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയാണ് നിലവിലുള്ളത്. 27-12-2012-ലെ സ.ഉ.(പി) നമ്പർ 78/2012/സാ.ക്ഷേ.വ. പ്രകാരം രൂപികരിച്ചിട്ടുള്ള വിശേഷാൽ ചട്ടപ്രകാരം ഡിഗ്രിയും 10 വർഷം അങ്കണവാടി സേവനപരിചയവുമുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനത്തിനായി ആകെ തസ്തികയുടെ 11% ആയ 146 തസ്തികയാണ് പി.എസ്.സി. വഴി നേരിട്ട് നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്.

(ബി) കാറ്റഗറി നമ്പർ 423/2014 പ്രകാരം 19-7-2017-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. 143 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് ഒഴിവുകളിൽ 1 ഒഴിവ് എസ്.സി. വിഭാഗത്തിൽ ആളില്ലാത്തതിനാൽ 1 ഒഴിവ് OX (Other Christians) വിഭാഗത്തിൽ ആളില്ലാത്തതിനാലും ഒഴിച്ചിട്ടുള്ളതും 1 ഒഴിവ് പി.എസ്.സി. താൽക്കാലികമായി നിയമനം മാറ്റി വച്ചിട്ടുള്ളതുമാണ്. നിയമനം ലഭിച്ച 143 പേരിൽ ഒരാൾ വകുപ്പ് മാറിയത് വഴിയുണ്ടായ ഒഴിവ് ST വിഭാഗത്തിന് മാത്രമുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുള്ളതുമാണ്. നിലവിൽ ഈ കാറ്റഗറിയിൽ ഒഴിവുകളൊന്നുമില്ല.

(സി&ഡി) ഇല്ല. ഡിഗ്രിയും 10 വർഷം സർവീസുമുള്ള അംഗൻവാടി വർക്കർമാർക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം നിയമനം നൽകിവരുന്നുണ്ട്.

## സ്മാർട്ട് അങ്കണവാടികൾ

320 (3975) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം അങ്കണവാടികളാണ് ഈ വിഭാഗത്തിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് സ്ഥലത്തിന്റെ വിസ്തീർണ്ണമനുസരിച്ച് അഞ്ച് വ്യത്യസ്ത പ്ലാനിലും എസ്റ്റിമേറ്റിലും സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഓരോ കെട്ടിടത്തിനും ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ഒരു നിശ്ചിത തുക MLA/LSGD വിഹിതമായും കണ്ടെത്തിയാണ് നിർമ്മാണം നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) നിലവിൽ കണ്ണൂർ ജില്ലയിലെ 7 അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമായിട്ടുള്ള അങ്കണവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | ICDS Project | AWC No. |
|---|---|---|
| 1. | കൂത്തുപറമ്പ് അഡീഷണൽ | 29 |
| 2. | കൂത്തുപറമ്പ് | 53 |
| 3. | തലശ്ശേരി അഡീഷണൽ | 77 |
| 4. | കല്ല്യാശ്ശേരി | 43 |
| 5. | കല്ല്യാശ്ശേരി അഡീഷണൽ | 49 |
| 6. | പയ്യന്നൂർ അഡീഷണൽ | 98 &107 |

**ജില്ലാതലത്തിൽ അങ്കണവാടികൾക്ക് ഏകീകരിച്ച ഭക്ഷണക്രമം**

321 (3976) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിലെ ഓരോ അങ്കണവാടിയും വ്യത്യസ്ത രീതിയിലാണ് മെനു നിശ്ചയിച്ച് തയ്യാറാക്കുന്നത് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാതലത്തിൽ ഏകീകരിച്ച ഭക്ഷണക്രമം (മെനു) നടപ്പിലാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാതലത്തിൽ ഏകീകരിച്ച ഭക്ഷണക്രമം (മെനു) തയ്യാറാക്കിയിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അങ്കണവാടികളിൽ നടപ്പാക്കുന്ന അനുപൂരക പോഷകാഹാര പദ്ധതിയുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. ഓരോ പഞ്ചായത്തും ടി പദ്ധതിയ്ക്കായി വിലയിരുത്തിയിട്ടുള്ള തുകയുടേയും പ്രാദേശിക താൽപ്പര്യങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും ലഭ്യതയുടെ അടിസ്ഥാനത്തിൽ അങ്കണവാടികളിലെ 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളുടെയും (3 നേരം) ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് നൽകുന്ന ഭക്ഷണങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കുന്നു. ഓരോ പഞ്ചായത്തും നൽകുന്ന ഭക്ഷണക്രമത്തിൽ കേന്ദ്രസർക്കാർ

നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രോട്ടീൻ, കലോറി എന്നിവ (6 മാസം മുതൽ 6 വയസ്സ് വരെ 12-15 gm Protein, 500 Kcal) ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് 'അമൃതം ന്യൂട്രിമിക്സ്' എന്ന ഏകീകൃത ഭക്ഷണപദാർത്ഥം നൽകിവരുന്നു. ഓരോ പ്രദേശത്തെയും പ്രാദേശിക താൽപ്പര്യങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കുന്നതിനാലാണ് മറ്റ് വിഭാഗങ്ങൾക്ക് (3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ) ഏകീകൃത ഭക്ഷണക്രമം അവലംബിക്കാത്തത്.

**കോതമംഗലം മണ്ഡലത്തിലെ അങ്കണവാടികൾ**

322 (3977) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും എത്ര അംഗൻവാടികൾ വാടകക്കെട്ടിടത്തിലും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അവ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 208 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | - | 174 |
| | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | - | 15 |
| | വാടക ഇതര കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | - | 19 |

(സി&ഡി) കോതമംഗലം നിയോജകമണ്ഡലത്തിലെ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുളവുകാട് ഗ്രാമപഞ്ചായത്തിൽ അങ്കണവാടി

323 (3978) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് മുളവുകാട് ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറിൽ നിന്നുള്ള അനുമതിക്കായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും കത്ത് ലഭിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് എന്നാണ് ഇതു സംബന്ധിച്ച അറിയിപ്പ് ലഭിച്ചതെന്നും സ്വീകരിച്ച തുടർനടപടിയെന്തെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത അനുമതി നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) സാമൂഹ്യനീതി ഡയറക്ടർക്ക് ഇതുസംബന്ധിച്ച അറിയിപ്പ് 4-8-2017-ന് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ പ്രോഗ്രാം ഓഫീസർക്ക് 14-8-2017-ന് നിർദ്ദേശം നൽകിയിരുന്നു.

(സി&ഡി) അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസമുണ്ടായിരുന്നു. ആയത് ലഭ്യമായിട്ടുള്ളതിനാൽ പ്രസ്തുത അങ്കണവാടി നിർമ്മിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന അങ്കണവാടികൾ സ്മാർട്ട് അംഗൻവാടി കൺസെപ്റ്റ് ഉൾക്കൊണ്ടുകൊണ്ട് നിർമ്മിക്കുന്നതിനാണ് തത്വത്തിൽ തീരുമാനമെടുത്തിട്ടുള്ളത്.

## ശ്രുവണ വൈകല്യമുള്ളവർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

324 (3979) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുവണ വൈകല്യമുള്ളവർക്ക് വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) ശ്രുവണ വൈകല്യമുള്ളവരുടെ സ്പെഷ്യൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് എന്തെങ്കിലും സമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സമിതിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ശ്രുവണ വൈകല്യമുള്ളവർക്കുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ശ്രുതിതരംഗം പദ്ധതി

സംസ്ഥാനത്ത് ശ്രുവണവൈകല്യമുള്ള കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് ശ്രുതിതരംഗം. സംസ്ഥാനത്തെ അഞ്ച് വയസ്സ് വരെ പ്രായമുള്ള ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രുവണശേഷിയും സംസാരശേഷിയും നേടിയെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

ധ്വനി പദ്ധതി

ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് സ്വന്തം ചെലവിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസെസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

കാതോരം പദ്ധതി

നവജാതശിശുക്കളുടെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കാനുള്ള സമഗ്ര പദ്ധതിയാണിത്. ഇത് അനുയാത്രയുടെ ഉപപദ്ധതിയായി നടപ്പാക്കുന്നു.

(ബി) സമിതി നിലവിലില്ല. ഇതിനായി പ്രത്യേക സമിതിയെ നിയോഗിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഭിന്നശേഷിക്കാരായ ജീവനക്കാരുടെ ക്ഷേമം**

325 (3980) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ ജീവനക്കാരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സർവ്വീസ് കാലാവധി ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) The Rights of Persons with Disabilities Act, 2016, കേരള സർവ്വീസ് ചട്ടം എന്നിവയിൽ നിഷ്കർഷിക്കുന്ന എല്ലാ അവകാശ സംരക്ഷണവും ലഭിക്കുന്നതിന് ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് അർഹതയുണ്ട്. ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NHFDC) Financing Assistive Devices to enhance the employability of the PWDs എന്ന പദ്ധതി പ്രകാരം ഭിന്നശേഷിക്കാരായ ജീവനക്കാരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിന് ഹൈടെക് സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും യാത്ര ചെയ്യുന്നതിന് അനുയോജ്യമായ വാഹനം വാങ്ങിക്കുന്നതിനും ആറ് ശതമാനം മുതൽ പലിശ നിരക്കിൽ വായ്പ അനുവദിച്ചുവരുന്നു.

(ബി) കേരള സർവ്വീസ് ചട്ടത്തിൽ നിഷ്കർഷിക്കുന്ന സ്പെഷ്യൽ കാഷ്വൽ ലീവ്, സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്, കൺവേയൻസ് അലവൻസ്, സ്ഥലംമാറ്റ ഇളവുകൾ, കുടുംബപെൻഷനുള്ള പരിഗണനകൾ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർ അർഹരാണ്. The Rights of Persons with Disabilities Act, 2016 സെക്ഷൻ 20(2)-ൽ എല്ലാ സർക്കാർ സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദമായിരിക്കണമെന്നും സെക്ഷൻ 23-ൽ ഭിന്നശേഷിക്കാരായ ജീവനക്കാരെ കേൾക്കുന്നതിന് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും Grievance Redressal Officer-നെ നിയമിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡുകൾ**

326 (3981) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് നൽകി വന്നിരുന്ന യുണീക്ക് ഡിസെബിലിറ്റി ഐഡന്റിറ്റി ഡോക്യുമെന്റ് (യു.ഡി.ഐ.ഡി.) കാർഡിന്റെയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും വിതരണത്തിൽ ഉണ്ടായ കാലതാമസം കാരണം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ അംഗപരിമിതർക്ക് നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അംഗപരിമിതർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത തിരിച്ചറിയൽ കാർഡുകൾ സമയബന്ധിതമായി ലഭ്യമാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭാരത സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് അംഗപരിമിതർക്കുള്ള സവിശേഷ തിരിച്ചറിയൽ കാർഡും (UDID) മെഡിക്കൽ സർട്ടിഫിക്കറ്റും സംസ്ഥാനത്ത് നൽകിവരുന്നത്. കേരള സാമൂഹ്യ സുരക്ഷാമിഷൻ നിലവിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവരുടെ അപേക്ഷകൾ പ്രത്യേകം സമാഹരിച്ച് സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾവഴി Data Entry നടത്തി UDID കാർഡുകൾക്കായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചുവരുന്നു. ഇപ്രകാരം Data Entry നടത്തിയ 202219-ലധികം അപേക്ഷകൾ ഇപ്പോൾ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കും മെഡിക്കൽ റെക്കമെന്റേഷനുംവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

അപേക്ഷകൾ വെരിഫൈ ചെയ്ത് UDID കാർഡ് ജനറേറ്റ് ചെയ്ത് കഴിഞ്ഞാൽ അപേക്ഷകന് അയച്ചുനൽകാൻ ഒരാഴ്ചത്തെ സമയമേ ആവശ്യമായി വരുന്നുള്ളൂ.

ആരോഗ്യ വകുപ്പുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഭിന്നശേഷിക്കാർക്കുള്ള UDID കാർഡുകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പും കേരള സാമൂഹ്യ സുരക്ഷാമിഷനും സംയുക്തമായി ചർച്ചനടത്തി പരിശീലനം നടത്തിയതിനുശേഷം വെരിഫിക്കേഷൻ നടത്തുന്നതിനുള്ള അധികാരം ജില്ലയിലെ ആരോഗ്യ വകുപ്പിനുകീഴിലുള്ള മെഡിക്കൽ ഓഫീസർമാർക്ക് നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് കീഴ്സ്ഥാപനങ്ങളിൽ വെരിഫിക്കേഷനും

സർട്ടിഫിക്കറ്റ് ജനറേഷനും ആരംഭിച്ചിട്ടുണ്ട്. 14 ജില്ലകളിലും ഡിസെബിലിറ്റി ബോർഡുകൾ സംഘടിപ്പിച്ചിട്ടുള്ളതിനാൽ ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകിവരുന്നുണ്ട്.

## ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016

327 (3982) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ദേശീയ നിയമം ആർ.പി.ഡബ്ല്യൂ.ഡി.ആക്ട് 2016 സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും പ്രത്യേക നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഈ നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിലെ കാലതാമസത്തിനിടയാക്കിയ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാരുടെ ദേശീയ നിയമം The Rights of Persons with Disabilities Act, 2016-ന്റെ വിവിധ വ്യവസ്ഥകൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നു. ആക്ട് നടപ്പാക്കുന്നതിന്റെ പ്രാധാന്യം എല്ലാ വകുപ്പുദ്യോഗസ്ഥർക്കും ബോധ്യപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും വിവിധ സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

(ബി) The Rights of Persons with Disabilities Act, 2016 നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) The Rights of Persons with Disabilities Act, 2016 നിലവിൽ വന്നത് 19-4-2017-ലാണ്. പ്രസ്തുത ആക്ടിന്റെ സെക്ഷൻ 101-ൽ ആക്ട് നിലവിൽ വന്ന് ആറ്മാസത്തിനകം ചട്ടങ്ങൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം വിവിധ മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സംസ്ഥാന ചട്ടത്തിന്റെ കരട് തയ്യാറാക്കി വെബ്സൈറ്റിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിച്ച് പൊതുജനാഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. കരട് തയ്യാറാക്കുന്നതിന്റെ ഭാഗമായി നിരവധി ചർച്ചകൾ/വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് കാലതാമസം നേരിട്ടിട്ടുള്ളത്.

## ശിശുക്ഷേമ സമിതിയിലെ രാഷ്ട്രീയ നിയമനങ്ങൾ

328 (3983) ശ്രീ. പി. ടി. തോമസ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമ സമിതിയിലെ രാഷ്ട്രീയ നിയമനങ്ങൾ കാരണം പോക്സോ കേസുകൾ അട്ടിമറിക്കപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാളയാറിൽ രണ്ട് പെൺകുട്ടികൾ ക്രൂരപീഡനത്തിന് വിധേയമായതിനെ തുടർന്ന് ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞ കേസ്സിൽ പാലക്കാട് ശിശുക്ഷേമ സമിതി അദ്ധ്യക്ഷൻ പ്രതിക്കുവേണ്ടി ഹാജരായിരുന്ന എന്നത് വസ്തുതയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പോക്സോ കേസ്സുകളിൽ പ്രതികൾക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകരെ ശിശുക്ഷേമ സമിതി അദ്ധ്യക്ഷൻ സ്ഥാനത്തേക്ക് പരിഗണിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശിശുക്ഷേമ സമിതി അദ്ധ്യക്ഷ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളിൽ ഈ സർക്കാർ മാറ്റംവരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

### ഉത്തരം

(എ) 2015-ലെ ബാലനീതി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ചൈൽഡ് വെൽഫയർ കമ്മിറ്റി അംഗങ്ങളെ നിയമിക്കുന്നത്.

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയായി അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കൂടുതൽ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

(സി) 2015-ലെ ബാലനീതി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളെ നിയമിക്കുന്നത്.

(ഡി) ബാലനീതി നിയമം 2015 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ജൂവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) കോൺസ്റ്റിറ്റ്യൂഷൻ ഓഫ് ചൈൽഡ് വെൽഫെയർ കമ്മിറ്റീസ് ആൻഡ് ജൂവനൈൽ ജസ്റ്റിസ് ബോർഡ് (കേരള)റൂൾസ് 2017 പുറപ്പെടുവിച്ചിരുന്നു.

## സാമൂഹ്യനീതി വകുപ്പിൽ ഒഴിവുള്ള തസ്തികകൾ

329 (3984) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് പ്രൊമോഷൻ ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ ഉദ്യോഗക്കയറ്റം നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. നിലവിൽ സാമൂഹ്യ നീതി വകുപ്പിനുകീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | അഡീഷണൽ ഡയറക്ടർ | 1 |
| 2. | ജോയിന്റ് ഡയറക്ടർ | 1 |
| 3 | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 11 |
| 4 | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -II | 8 |
| 5 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 13 |
| 6 | ജൂനിയർ സൂപ്രണ്ട് | 15 |
| 7 | ഹെഡ് അക്കൗണ്ടന്റ് | 9 |
| 8 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 5 |
| 9 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |

| (1) | (2) | (3) |
|---|---|---|
| 10 | സീനിയർ ക്ലാർക്ക് | 4 |
| 11 | ക്ലാർക്ക് | 7 |
| 12 | ക്ലാർക്ക് -ടൈപ്പിസ്റ്റ് | 1 |
| 13 | ഓഫീസ് അറ്റൻഡന്റ് | 13 |
| 14 | വാച്ച്മാൻ | 2 |
| 15 | വാച്ച് വുമൺ | 3 |
| 16 | ആയ | 10 |
| 17 | മേട്രൺ ഗ്രേഡ്-I | 4 |
| 18 | കുക്ക് | 2 |
| 19 | പാർട്ട് ടൈം സ്വീപ്പർ | 5 |
| 20 | ഗാർഡ്നർ | 1 |
| 21 | മെയിൽ അറ്റൻഡന്റ് | 4 |
| 22 | സ്പെഷ്യൽ ടീച്ചർ | 1 |
| 23 | നഴ്സറി ടീച്ചർ | 1 |
| 24 | നീഡിൽ വർക്ക് ടീച്ചർ | 1 |

(ബി) നോൺ ഗസറ്റഡ് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റുകൾ നിലവിലുണ്ട്. ഗസറ്റഡ് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ല.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

## റേഷൻ കാർഡുകളിലെ അംഗങ്ങളുടെ ആധാറുകൾ റേഷൻ കാർഡുമായി ബന്ധിപ്പിക്കാൻ നടപടി

330 (3985) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകളിലെ എല്ലാ അംഗങ്ങളുടെയും ആധാറുകൾ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; ഇതിനായി അനുവദിച്ച സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമത്തിൽ അനുശാസിക്കും പ്രകാരം ഈ ബന്ധിപ്പിക്കൽ പ്രക്രിയ എന്നത്തേക്ക് പൂർത്തീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; ഇതിന്റെ സമയപരിധി നീട്ടി നൽകാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിലെ റേഷൻ ഉപഭോക്താക്കൾക്ക് ഇപ്രകാരം ആധാർ ലിങ്ക് ചെയ്യാൻ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ് മുഖേന ഇപ്രകാരം ലിങ്കിംഗ് സാധ്യമാണോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് റേഷൻ വാങ്ങാൻ അർഹതയുള്ള 35528093 അംഗങ്ങളിൽ 32622883 അംഗങ്ങളുടെ ആധാർ സീഡ് ചെയ്തിട്ടുണ്ട്. സർക്കാരിൽനിന്നും സബ്സിഡി ലഭ്യമാകുന്ന എല്ലാ പദ്ധതികൾക്കും ആധാർ നിർബന്ധമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവുള്ള സാഹചര്യത്തിൽ 2019 ഡിസംബർ 31 വരെ ആധാർ വിവരങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. എന്നാൽ 30-11-2019 വരെ സംസ്ഥാന സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്.

(സി) റേഷൻ കടയിൽനിന്ന് ഇ-പോസ് മുഖേന നേരിട്ടും അക്ഷയ സെന്ററിൽ ആധാറിന്റെ പകർപ്പുനൽകിയും civilsupplieskerala.gov.in എന്ന പോർട്ടൽ മുഖേന നേരിട്ടും താലൂക്ക് സപ്ലൈ ഓഫീസുകളിൽ ആധാറിന്റെ പകർപ്പ് നൽകിയും ആധാർ ലിങ്ക് ചെയ്യാവുന്നതാണ്.

**പാചകവാതക വിതരണരംഗത്തെ അപാകതകളും ക്രമക്കേടുകളും**

331 (3986) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണരംഗത്തെ അപാകതകളും ക്രമക്കേടുകളും പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കുവാനുമായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര പാചകവാതക ഏജൻസികൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് പാചകവാതക ഏജൻസി തുടങ്ങുവാൻ ആവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) പാചകവാതക വിതരണരംഗത്തെ അപാകതകളും ക്രമക്കേടുകളും പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ ജില്ലകളിലെ ഗ്യാസ് ഏജൻസികൾ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, എണ്ണക്കമ്പനി പ്രതിനിധികൾ, ഉപഭോക്താക്കൾ, ലീഡ് ബാങ്ക് അധികൃതർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ത്രൈമാസ ജില്ലാതല ഓപ്പൺ ഫോറങ്ങളും അദാലത്തുകളും നടത്തുകയും ഉപഭോക്താക്കളുടെ പരാതികളിൽ അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാതല റിപ്പോർട്ടുകൾ സർക്കാർതലത്തിൽ പരിശോധിച്ച് വേണ്ടനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികളും ഇതിനായി പ്രവർത്തിക്കുന്നുണ്ട്.

(ബി) പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടി മേഖലയിൽ മിനിമം വേജസ് നിശ്ചയിക്കുക, ഏജൻസികളിൽ ഓയിൽ കമ്പനികളുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും സംയുക്ത പരിശോധന നടത്തുക, ആവശ്യമെങ്കിൽ ക്യാഷ് ആൻഡ് ക്യാരി സിസ്റ്റം അനുവദിക്കുക, അത്യാവശ്യ സാഹചര്യങ്ങളിൽ കേരള എസൻഷ്യൽ സർവ്വീസ് മെയിന്റനൻസ് ആക്ട് പ്രയോഗിക്കുക, ടാങ്കർ ഡ്രൈവർമാരുടെ റിസർവ് പൂൾ കരുതുക, ടി മേഖലയിലെ അനാവശ്യവും അപ്രഖ്യാപിതവുമായ സമരങ്ങൾ നിയമംമൂലം നിരോധിക്കുക, പാചകവാതക വിതരണ മേഖലയിൽ 'കോഡ് ഓഫ് കോൺടക്ട്' നടപ്പിലാക്കുക, ടി മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിഹാര കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയായിരുന്നു കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ.

(സി) സംസ്ഥാനത്ത് നിലവിൽ 662 പാചകവാതക ഏജൻസികൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഏജൻസികളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 65 |
| 2 | കൊല്ലം | 57 |
| 3 | പത്തനംതിട്ട | 28 |

| (1) | (2) | (3) |
|---|---|---|
| 4 | ആലപ്പുഴ | 43 |
| 5 | കോട്ടയം | 51 |
| 6 | ഇടുക്കി | 31 |
| 7 | എറണാകുളം | 81 |
| 8 | തൃശ്ശൂർ | 57 |
| 9 | പാലക്കാട് | 52 |
| 10 | മലപ്പുറം | 52 |
| 11 | കോഴിക്കോട് | 49 |
| 12 | വയനാട് | 13 |
| 13 | കണ്ണൂർ | 59 |
| 14 | കാസർഗോഡ് | 24 |

(ഡി) കേന്ദ്ര പ്രകൃതിവാതക മന്ത്രാലയത്തിന്റെ മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എൽ.പി.ജി. ഏജൻസികൾ തുടങ്ങുവാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ്, ജില്ലാ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ, പെട്രോളിയം ആൻഡ് സേഫ്റ്റി ഓർഗനൈസേഷൻ എന്നിവയുടെ അനുമതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഗോഡൗണിലുള്ള കെട്ടിട നമ്പരും പെട്രോളിയം ആൻഡ് സേഫ്റ്റി ഓർഗനൈസേഷനിൽനിന്നുമുള്ള എൽ.പി.ജി. സംഭരണ ലൈസൻസും ആവശ്യമാണ്.

**പ്രധാനമന്ത്രി ഉജ്ജ്വല യോജന**

332 (3987) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇതുവരെ പ്രധാനമന്ത്രി ഉജ്ജ്വല യോജന പ്രകാരം എത്ര പേർക്ക് സൗജന്യ ഗ്യാസ് കണക്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രധാനമന്ത്രി ഉജ്ജ്വല യോജന പ്രകാരം 2,56,327 പേർക്ക് സൗജന്യ ഗ്യാസ് കണക്ഷൻ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 43825 |
| 2 | കൊല്ലം | 21760 |
| 3 | പത്തനംതിട്ട | 8620 |
| 4 | ആലപ്പുഴ | 10172 |
| 5 | കോട്ടയം | 13355 |
| 6 | ഇടുക്കി | 18255 |
| 7 | എറണാകുളം | 7566 |
| 8 | തൃശ്ശൂർ | 14773 |
| 9 | പാലക്കാട് | 20230 |
| 10 | മലപ്പുറം | 33259 |
| 11 | കോഴിക്കോട് | 19197 |
| 12 | വയനാട് | 18282 |
| 13 | കണ്ണൂർ | 15155 |
| 14 | കാസർഗോഡ് | 11878 |

**ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം**

333 (3988) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം നടത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; ആയതിനായി പ്രവർത്തിക്കുന്ന ഗോഡൗണുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) വാതിൽപ്പടി വിതരണം നടത്തുമ്പോൾ കൃത്യമായ അളവിൽ റേഷൻ സാധനങ്ങൾ റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഭക്ഷ്യധാന്യങ്ങൾ എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും റേഷൻ കടകളിൽ എത്തിക്കുന്നത് നിരീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എഫ്.സി.ഐ. തലത്തിൽത്തന്നെ പരിശോധനാ സംവിധാനങ്ങളുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകൾ ടി ഉദ്യോഗസ്ഥർ നിർവ്വഹിക്കുകയും കീടനിയന്ത്രണത്തിനുവേണ്ട സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയത്ത് നടത്തുകയും ചെയ്തുവരുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും റേഷൻ കടകളിലേയ്ക്ക് അയയ്ക്കുന്ന ഭക്ഷ്യധാന്യങ്ങൾ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെയാണ് നിയോഗിച്ചിരിക്കുന്നത്. എഫ്.സി.ഐ./സി.എം.ആർ. മില്ലുകളിൽനിന്ന് വിട്ടെടുക്കുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ എൻ.എഫ്.എസ്.എ. ഗോഡൗണിൽ സൂക്ഷിച്ച് അവിടെനിന്നും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ മുഖേന ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ നൽകുന്ന അതോറിറ്റി ലിസ്റ്റ് പ്രകാരമുള്ള അളവിൽ റേഷൻ സാധനങ്ങൾ അതാത് റേഷൻകടകളുടെ വാതിൽപ്പടിയിൽ എത്തിച്ച് എ.ആർ.ഡി.-യെ തൂക്കം ബോധ്യപ്പെടുത്തി ബില്ല് തൂക്കച്ചീട്ട് സഹിതം ഏൽപ്പിച്ചുകൊടുക്കുന്നു. നിലവിൽ സംസ്ഥാന വ്യാപകമായി 253 ഗോഡൗണുകൾ വഴിയാണ് സപ്ലൈകോ വാതിൽപ്പടി വിതരണം നടത്തി വരുന്നത്. ഇതിൽ 13 സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 46 സ്റ്റേറ്റ് വെയർ

ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 190 സ്വകാര്യ ഗോഡൗണുകളും നാല് സപ്ലൈകോ ഗോഡൗണുകളും ഉൾപ്പെടുന്നു.

(സി) വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ കടകളുടെ വാതിൽപ്പടികളിൽ കൃത്യമായി തൂക്കം ബോധ്യപ്പെടുത്തി നൽകണമെന്ന് പുതിയ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തിയത് എന്ന് താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ട്രാൻസ്പോർട്ടിംഗ് ചാർജ് ഇനത്തിലുള്ള തുക കോൺട്രാക്ടർക്ക് അനുവദിച്ചു നൽകാവൂ എന്ന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയാണ് ഇന്റർമീഡിയറി ഗോഡൗണിന്റെ ചുമതല വഹിക്കുന്നത്. ആയതിനാൽ എഫ്.സി.ഐ.-യിൽനിന്നും എൻ.എഫ്.എസ്.എ. ഗോഡൗണിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുനൽകുന്ന ലോറികളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ വെബ് ക്യാമറയും സി.സി.ടി.വി.യും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സപ്ലൈകോ തലത്തിൽ സ്വീകരിച്ചുവരുന്നു.

**പ്രളയബാധിതർക്ക് സൗജന്യ റേഷൻ**

334 (3989) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയ ബാധിതർക്കായി സർക്കാർ അനുവദിച്ച സൗജന്യ റേഷൻ വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ താമസക്കാർക്കാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സൗജന്യ റേഷൻ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് സെപ്റ്റംബർ മാസം ആദ്യവാരത്തിനു ശേഷം മാത്രമാണ് നൽകിയത് എന്നതിനാൽ തികച്ചും നിർധനരായ നിരവധി ഗുണഭോക്താക്കൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാതെ പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരക്കാർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; എങ്കിൽ എന്നു മുതൽ നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-ലെ പ്രളയ ബാധിതർക്കായി സർക്കാർ അനുവദിച്ച സൗജന്യ റേഷൻ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രളയബാധിതമായി പ്രഖ്യാപിച്ചിരുന്ന എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നീ വില്ലേജുകളിലെ റേഷൻ കാർഡുടമകൾക്കാണ് അനുവദിച്ചിരുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയബാധിതർക്ക് എ.എ.വൈ /മുൻഗണനാ വിഭാഗങ്ങളിലെ നീക്കിയിരിപ്പ് ഉപയോഗിച്ച് സൗജന്യ റേഷൻ വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആയതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്ത സാഹചര്യത്തിലാണ് പ്രളയ ബാധിത പ്രദേശങ്ങളിലെ മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര നോൺ സബ്സിഡി കാർഡുടമകൾക്ക് 2019 സെപ്റ്റംബർ മാസത്തെ റേഷൻ വിഹിതം മാത്രം സൗജന്യമായി അനുവദിച്ചുകൊണ്ട് 6-9-2019-ലെ സ.ഉ.(കൈ) നമ്പർ 28/2019/ഭ.പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. റേഷൻ വിതരണ സംവിധാനത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുക്കുമ്പോൾ പ്രസ്തുത ആനുകൂല്യം ലഭിക്കാത്തവർക്ക് ആയത് നിലവിൽ അനുവദിക്കുന്നത് പ്രായോഗികമല്ല.

**നെല്ല് സംഭരണപദ്ധതി**

335 (3990) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണ പദ്ധതി എപ്രകാരമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളായ സ്വകാര്യ മില്ലുകൾ സംഭരണത്തിൽ നിന്ന് വിട്ടുനിന്നതുമൂലം സംഭരണത്തിന് തടസ്സം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇതിനായി സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യ മില്ലുകളുടെ സേവനം തേടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) നെല്ല് സംഭരണ പദ്ധതിയിൽ കേന്ദ്രസർക്കാർ വിഹിതം യഥാസമയം ലഭിക്കാതെ വന്നതുമൂലം പ്രതിസന്ധി നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്തെ കർഷകരിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. ഈ പദ്ധതി പ്രകാരം നെല്ല് നൽകുവാൻ താൽപ്പര്യമുള്ള കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതും ഈ അപേക്ഷകൾ പരിശോധിച്ച് അംഗീകരിച്ചശേഷം സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖേന നെല്ല് സംഭരിക്കുകയും അവ സംസ്കരിച്ച് അരിയാക്കിയശേഷം പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് വിട്ടുനൽകുകയും ചെയ്യുന്നു.

(ബി) ഈ സീസണിന്റെ ആരംഭത്തിൽ സ്വകാര്യമില്ലുകളുടെ നിസ്സഹകരണം നെല്ല് സംഭരണം മന്ദഗതിയിലാകാൻ കാരണമായിട്ടുണ്ട്. എന്നാൽ നിലവിൽ മില്ലുകാരുമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചിട്ടുള്ളതും നെല്ല് സംഭരണം സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കർഷകരിൽനിന്നും സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിൽക്കൂടി വിതരണം ചെയ്യുന്നതിൻപ്രകാരമാണ് കേന്ദ്ര സർക്കാരിൽനിന്നും സബ്സിഡി ലഭിക്കുന്നത്. എന്നാൽ കേന്ദ്ര സർക്കാർ നൽകാനുള്ള സബ്സിഡി തുക ലഭിക്കാൻ വൈകുന്നതുമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുകയും ചെയ്യുന്നുണ്ട്. ആയവ പരിഹരിച്ച് സബ്സിഡി തുക ലഭ്യമാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

**ന്യായവില ഹോട്ടലുകൾ**

336 (3991) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ നേതൃത്വത്തിലോ ഭക്ഷ്യ വകുപ്പിന്റെ നേതൃത്വത്തിലോ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിന് ഏത് തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഹോട്ടലുകളെ സേവനങ്ങളുടെയും ഭക്ഷണ സാധനങ്ങളുടെ വിലയുടെയും അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള തരം തിരിവിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഹോട്ടലുകൾ അമിതവില ഈടാക്കുന്നത് തടയുന്നതിനായി വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് നിയമംമൂലം കർശനമാക്കിയിട്ടുണ്ട്. പൊതുവിതരണ വകുപ്പുദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) പരിഗണനയിലില്ല.

**വിശപ്പുരഹിത കേരളം പദ്ധതി**

337 (3992) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള വിശപ്പുരഹിത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുകയാണ് മാറ്റി വച്ചിട്ടുള്ളത്?

ഉത്തരം

(എ) ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് വിശപ്പുരഹിത കേരളം പദ്ധതി. ആലപ്പുഴ ജില്ലയിൽ നിലവിൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലും കോട്ടയം, കൊല്ലം ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലുമാണ്.

(ബി) നടപ്പുസാമ്പത്തിക വർഷം പദ്ധതിക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ഭക്ഷ്യ ഭദ്രതാ ബത്ത**

338 (3993) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ആർക്കൊക്കെയാണ് ഭക്ഷ്യ ഭദ്രതാ ബത്ത നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ബത്ത സംസ്ഥാനത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിയ റേഷൻ പോർട്ടബിലിറ്റി സൗകര്യം ജനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് റേഷൻ വാങ്ങുന്നതിന് പ്രോക്സി സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ; ഇത് വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ അനുച്ഛേദം-8 പ്രകാരം എ.എ.വൈ., മുൻഗണനാ വിഭാഗത്തിലുള്ള കാർഡുടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഭക്ഷ്യ ഭദ്രതാ ബത്ത നൽകണമെന്നും ആയത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ ഷെഡ്യൂൾ (1)-ലെ വില അടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19-ലെ Minimum Supportive Price (MSP)-ഉം റേഷൻ കടകൾ വഴി വിൽക്കുന്ന സാധനങ്ങളുടെ വിലയും അടിസ്ഥാനപ്പെടുത്തി ഭക്ഷ്യധാന്യത്തിന്റെ MSP നിരക്കിലുള്ള വിലയുടെ ഒന്നേകാൽ ഇരട്ടി വില കണക്കാക്കി അതിൽനിന്ന് റേഷൻവില കുറച്ചുകിട്ടുന്ന തുകയാണ് ബത്തയായി അനുവദിക്കുന്നത്.

Food Security Allowance = [{(MSP*1.25)-Selling Price of Rice}* Quantity of Item not delivered]

തിരുവനന്തപുരം ജില്ലയിൽ 2162 രൂപയും കോട്ടയം ജില്ലയിൽ 834 രൂപയും ഭക്ഷ്യ ഭദ്രതാ ബത്തയായി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത കാർഡുടമകൾക്ക് പകരക്കാരെ നിശ്ചയിക്കുന്നതാണ് പ്രോക്സി സംവിധാനം.

പ്രോക്സിയായി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ആഫീസർക്ക് അപേക്ഷ നൽകിയാൽ മതിയാകും. നാളിതുവരെ 30513 കാർഡുകളിൽ പ്രോക്സിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേന്ദ്ര ഭക്ഷ്യ അലോട്ട്മെന്റ്

339 (3994) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മേയ് മാസത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയപ്പോൾ കേന്ദ്രത്തിൽ നിന്നുള്ള പ്രതിമാസ ഭക്ഷ്യധാന്യ അലോട്ട്മെന്റ് എത്രയായിരുന്നുവെന്നും ഇതിൽ സംസ്ഥാനം ഏറ്റെടുത്തത് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) 2019 ഒക്ടോബർ മാസത്തെ അലോട്ട്മെന്റ് എത്രയാണെന്നും അതിൽ നാളിതുവരെ സംസ്ഥാനം എത്ര ഏറ്റെടുത്തുവെന്നും വ്യക്തമാക്കാമോ;

(സി) അലോട്ട്മെന്റിലോ ഏറ്റെടുക്കലിലോ കുറവ് വന്നിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ; ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വന്നത് 2016 നവംബറിലാണ്. 2016 നവംബറിലും 2017 മേയ് മാസത്തിലുമുണ്ടായിരുന്ന പ്രതിമാസ അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു:

(അളവ് മെട്രിക് ടണ്ണിൽ)

| വിഭാഗം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.എ.വൈ. | 16807.49 | 4045.475 | 20852.965 |
| പ്രയോറിറ്റി | 52073.178 | 12533.742 | 64606.92 |
| ടൈഡ്ഓവർവിഹിതം | 26835.124 | 6459.074 | 33294.198 |
| ആകെ | 95715.792 | 23038.291 | 118754.083 |

മേൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ഭക്ഷ്യധാന്യങ്ങളും സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്.

(ബി) 2019 ഒക്ടോബർ മാസത്തെ അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു:

(അളവ് മെട്രിക് ടണ്ണിൽ)

| വിഭാഗം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.എ.വൈ. | 17757.49 | 3095.475 | 20852.965 |
| പ്രയോറിറ്റി | 52073.178 | 12533.742 | 64606.92 |
| ടൈഡ്ഓവർവിഹിതം | 26835.124 | 6459.074 | 33294.198 |
| ആകെ | 96665.792 | 22088.291 | 118754.083 |

മേൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ഭക്ഷ്യധാന്യങ്ങളും സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്.

(സി) ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്ന 2013-നുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ ശരാശരി 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യവും സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽവന്ന 2016-നുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ ശരാശരി 15.93 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യവും കേന്ദ്രസർക്കാരിൽനിന്നും റേഷൻ വിതരണത്തിനായി അനുവദിച്ചിരുന്നു. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം മാത്രമാണ് സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ഇതുപ്രകാരമുള്ള അലോട്ട്മെന്റാണ് 2016 നവംബർ മുതൽ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. 2016 നവംബർ മുതൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായി സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ എ.എ.വൈ. പ്രയോറിറ്റി വിഭാഗത്തിൽ 2019 ഏപ്രിൽ വരെയുണ്ടായിരുന്ന നീക്കിയിരിപ്പ് കുറവ് ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

## ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പരിഷ്കാരങ്ങൾ

340 (3995) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ നടപ്പാക്കിയതുമൂലം എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായെന്ന് അറിയിക്കുമോ;

(സി) എല്ലാ റേഷൻകാർഡ് ഉടമകളുടെയും വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നുണ്ടോ; ഇത് ആർക്കൊക്കെ പങ്കുവയ്ക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ റേഷൻ കാർഡ് ഉടമകളുടെയും ആധാർ സീഡിംഗ് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ പ്രധാന ഘടകമായ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സംസ്ഥാനത്ത് കണക്ടിവിറ്റി ലഭ്യമല്ലാത്ത കടകൾ ഒഴികെയുള്ള 14272 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തിവരുന്നു. പോർട്ടബിലിറ്റി (ഏത് കടയിൽ നിന്നും സാധനങ്ങൾ വാങ്ങാവുന്ന സംവിധാനം) സംസ്ഥാനത്ത് നടപ്പിലാക്കി. ഇലക്ട്രോണിക് ത്രാസ് ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഇ-പോസ് മെഷീൻ മുഖേന ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യന്ത കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ IMPDS (Integrated Management Public Distribution System)-മായി ബന്ധപ്പെട്ട് 'ഒരു രാജ്യം ഒരു റേഷൻ കാർഡ് എന്ന ലക്ഷ്യം നാഷണൽ പോർട്ടബിലിറ്റി മുഖേന സാധ്യമാക്കുന്നതിനായി 2019 ഒക്ടോബർ 1-ന് കേരള കർണാടക ക്ലസ്റ്റർ രീതിയിൽ പൈലറ്റ് പദ്ധതി നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ GPS enabled vehicle tracking system നടപ്പാക്കുന്നതിലേയ്ക്കായി സപ്ലൈകോ മുഖാന്തരം EOI (Expression of Interest) ക്ഷണിക്കുകയും ഇതുസംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. താഴെപ്പറയുന്ന സർക്കാർ വകുപ്പുകളുമായും കേന്ദ്ര സർക്കാർ വകുപ്പ്/ഏജൻസികളുമായും റേഷൻ കാർഡ് വിവരങ്ങൾ പങ്കുവയ്ക്കുന്നുണ്ട്.

1. ഇ-ഡിസ്ട്രിക്ട് പ്രോജക്ട് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ)
2. സപ്ലൈകോ - സബ്സിഡി നിരക്കിൽ സപ്ലൈകോ ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നതിന്
3. പ്രധാനമന്ത്രി കിസാൻ പ്രോജക്ട് (കേന്ദ്രസർക്കാർ)
4. ഉന്നതി പ്രോജക്ട് (സംസ്ഥാന സർക്കാർ)
5. പ്രളയത്തോടനുബന്ധിച്ചുള്ള അദാലത്തുകൾ (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ)
6. സർവ്വീസ് പെൻഷൻ (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ)

7. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം (സി-ഡിറ്റ്)
8. ഇൻഫർമേഷൻ കേരള മിഷൻ - സേവന സോഫ്റ്റ്‌വെയർ മുഖേന പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്
9. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിയാക്)- നേരത്തെ പങ്കുവച്ചിട്ടുണ്ട്.
10. സെൻട്രൽ പി.ഡി.എസ്. (കേന്ദ്ര സർക്കാർ)
11. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് (കേന്ദ്ര സർക്കാർ)
12. IMPDS (Integrated Management Public Distribution System) നടപ്പാക്കുന്നതിനായി (കേന്ദ്ര സർക്കാർ)
13. NFSA ഡാഷ്ബോർഡ് (nfsa.gov.in) ആവശ്യങ്ങൾക്കായി (കേന്ദ്ര സർക്കാർ)

(ഡി) ഇല്ല. സംസ്ഥാനത്ത് റേഷൻ വാങ്ങാൻ അർഹതയുള്ള 35528093 അംഗങ്ങളിൽ 32622883 അംഗങ്ങളുടെ ആധാർ സീഡ് ചെയ്തിട്ടുണ്ട്.

## മുൻഗണനാക്രമം തെറ്റിച്ച് റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി

341 (3996) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത/മുൻഗണനാക്രമം ലംഘിച്ച് റേഷൻ വാങ്ങിയതായി ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ കണ്ടെത്തിയ സർക്കാർ ജീവനക്കാർ- പെൻഷൻകാർ / പൊതുമേഖലാ ജീവനക്കാർ- പെൻഷൻകാർ/മറ്റു കേന്ദ്ര ജീവനക്കാർ- പെൻഷൻകാർ/ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ എന്നിവരുടെ എണ്ണം എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) റേഷൻ സാധനങ്ങൾ ഇത്തരത്തിൽ അനധികൃതമായി വാങ്ങിയവരായി കണ്ടെത്തിയവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു ; പിഴയിനത്തിൽ എത്ര തുക ഈടാക്കി; വ്യക്തമാക്കുമോ;

(സി) റേഷൻ മുൻഗണനാ ശുദ്ധീകരണ പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും പരിശോധനയും ശുദ്ധീകരണവും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) അത്തരത്തിൽ അനധികൃതമായി റേഷൻ കൈപ്പറ്റിയവരിൽ എത്ര സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും കുടുംബങ്ങളും ഉണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ;

(ഇ) അനധികൃതമായി മുൻഗണനാ ക്രമം തെറ്റിച്ച് റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ നിലവിലെ എണ്ണം എത്ര ഉണ്ടെന്നാണ് സർക്കാർ വിലയിരുത്തുന്നത്; ആയതുകൂടി കണ്ടെത്തുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.ഐ.സി. തയ്യാറാക്കിയ സോഫ്റ്റ്‌വെയർ പ്രകാരമാണ് റേഷൻ കാർഡ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നത്. നിലവിലെ സോഫ്റ്റ്‌വെയറിൽ സർക്കാർ ജീവനക്കാർ-പെൻഷൻകാർ/പൊതുമേഖലാ ജീവനക്കാർ-പെൻഷൻകാർ/മറ്റ് കേന്ദ്ര ജീവനക്കാർ-പെൻഷൻകാർ/ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ എന്നിങ്ങനെ ഇനം തിരിച്ചുള്ള ഡാറ്റാ ലഭ്യമല്ല.

(ബി) റേഷൻ സാധനങ്ങൾ അനധികൃതമായി വാങ്ങിയവർക്കെതിരെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2019 സെപ്റ്റംബർ മാസം വരെ 70.43 ലക്ഷം രൂപ ഈയിനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്.

(സി) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയ ആയതിനാൽ അതിന് പൂർത്തീകരണം എന്നൊന്നില്ല.

(ഡി) ഒരാൾ മാത്രം.

(ഇ) 424171 കുടുംബങ്ങളെ അനർഹരാണെന്ന് കണ്ടെത്തി മാറ്റിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡുതല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിന് നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിലെ റേഷൻ കാർഡുകളിലെ അപാകത

342 (3997) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിശിഷ്യ ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിൽ എ.പി.എൽ./ബി.പി.എൽ. കാർഡുകളിലെ അപാകത പരിഹരിക്കാൻ നടപടികളുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ബി.പി.എൽ. കാർഡിന് അർഹതയുള്ള പാവപ്പെട്ടവർക്ക് പ്രസ്തുത സൗകര്യം നഷ്ടപ്പെട്ടത് പുനഃസ്ഥാപിച്ച് നൽകാൻ കഴിയുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് ഉൾപ്പെടെയുള്ള താലൂക്ക് സപ്ലൈ ഓഫീസുകളിൽ അർഹതയുണ്ടായിട്ടും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തവരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളതും അർഹരായവർക്ക് മുൻഗണനാ കാർഡുകൾ നൽകിവരുന്നുമുണ്ട്. അനർഹരായവരെ കണ്ടെത്തുന്നതിനായി പരിശോധനകൾ നടത്തിവരുന്നതും അനർഹമായ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്ന നടപടികളും പുരോഗമിക്കുന്നുണ്ട്.

## ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയ കുടുംബങ്ങൾ

343 (3998) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ആകെ എത്ര കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) ഇതിൽ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിലെ കുടുംബങ്ങളുടെ എണ്ണമെത്രയാണെന്നും ഓരോ മത വിഭാഗവും എത്ര ശതമാനം വീതമുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിനോടനുബന്ധിച്ച് എ.പി.എൽ./ബി.പി.എൽ. പട്ടികകൾക്കുപകരമായി മുൻഗണനാ/മുൻഗണനേതര

പട്ടികകളാണ് നിലവിലുള്ളത്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നവരെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ. (സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം (അനുബന്ധമായി ചേർക്കുന്നു)* മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് നാളിതുവരെ (29-10-2019) 3,96,071 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മതവിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാ ശേഖരിച്ചിട്ടില്ല.

## അനർഹമായി റേഷൻവിഹിതം വാങ്ങുന്നവർക്കെതിരെ നടപടി

344 (3999) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരം മുൻഗണനാ പട്ടികയിൽ സംസ്ഥാനത്ത് നിന്നും ഉൾപ്പെടുത്തുവാൻ അർഹതയുള്ളവർ എത്രപേരെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പട്ടികയിൽ അനർഹമായി പല കുടുംബങ്ങളും കടന്നുകൂടിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അനർഹമായി മുൻഗണനാ കാർഡ് കൈയിൽ വച്ച് റേഷൻ സാധനങ്ങൾ വാങ്ങിയ കുടുംബങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അനർഹമായി വാങ്ങിയ റേഷൻ സാധനങ്ങളുടെ കമ്പോളവിലയാണോ ഇപ്രകാരമുള്ളവരിൽ നിന്നും ഈടാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) മുൻഗണന പട്ടികയിൽ അനർഹമായി കടന്നുകയറിയവരെ കണ്ടെത്തുവാൻ കൂടുതൽ പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ - ഇ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്.

മുൻഗണനാ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ. (സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിനുപുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സ്വന്തമായി നാലുചക്ര വാഹനങ്ങൾ ഉള്ളവരുടെ വിവരങ്ങൾ മോട്ടോർ വാഹനവകുപ്പിൽനിന്നും ലഭ്യമാക്കുകയും ടി ഡാറ്റകളുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തുകയും ഫിൽഡുതല പരിശോധനകളിലൂടെ അനർഹമാണെന്ന് ബോധ്യപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ്തല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്നൊഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2019 സെപ്റ്റംബർ മാസം 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്.

## വ്യാജ വിരലടയാളത്തിലൂടെ റേഷൻ തട്ടിപ്പ്

345 (4000) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബയോമെട്രിക് സംവിധാനത്തിൽ വ്യാജ വിരലടയാളം പതിച്ചും ആധാർ നമ്പർ ചോർത്തിയും രാജ്യത്ത് ആദ്യമായി റേഷൻ തട്ടിപ്പ് നടത്തിയ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുകയുണ്ടായോ എന്നറിയിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് 1103029248 എന്ന റേഷൻ കാർഡുടമ ആയ ശ്രീമതി നിഷയുടെ പേരിൽ 1103029348 നമ്പർ കാർഡുടമയായ ശ്രീമതി ഗീതയുടെ വിരലടയാളം എടുക്കുകയും ആയത് ആതന്റിക്കേറ്റ് ചെയ്യപ്പെടുകയും ചെയ്തു എന്ന ഒരു പിശക് തിരുത്തുകയും ശ്രീമതി നിഷയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാളുടെ വിഹിതം പുനഃസ്ഥാപിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം കൂടുതൽ പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന UIDAI-യ്ക്ക് കൈമാറിയിട്ടുണ്ട്.

**റേഷൻ ഡിപ്പോ സസ്പെന്റ് ചെയ്യാനിടയായ സാഹചര്യം**

346 (4001) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലം പരശുവയ്ക്കൽ ഖാദി ഇൻഡസ്ട്രിയൽ സൊസൈറ്റി നമ്പർ 104-ന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്ന എ.ആർ.ഡി. 59-ാം നമ്പർ റേഷൻ ഡിപ്പോ സസ്പെന്റ് ചെയ്യാനിടയായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ഈ ഡിപ്പോയിലെ കാർഡുടമകൾക്ക് റേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഡിപ്പോയുടെ തുടർ നടത്തിപ്പിനുള്ള വ്യക്തിഗത ലൈസൻസ് ലഭിക്കുന്നതിന് ഇവിടത്തെ സെയിൽസ്മാൻ ആയിരുന്ന ബി. ബാലചന്ദ്രൻ സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; പ്രസ്തുത ലൈസൻസ് ടിയാൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലം പരശുവയ്ക്കൽ ഖാദി ഇൻഡസ്ട്രിയൽ സൊസൈറ്റി നമ്പർ 104-ന്റെ പ്രവർത്തനം നിലച്ചതിനാലാണ് ടി സൊസൈറ്റിയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന 59-ാം നമ്പർ റേഷൻ ഡിപ്പോ സസ്പെന്റ് ചെയ്യാനിടയായത്.

(ബി) നിലവിൽ ഈ കട എ.ആർ.ഡി. 569-നോട് കൂട്ടിച്ചേർത്ത് പ്രവർത്തിച്ചുവരുന്നതിനാൽ റേഷൻ സേവനങ്ങൾ കാർഡുടമകൾക്ക് ലഭ്യമാണ്.

കൂടാതെ പോർട്ടബിലിറ്റി സംവിധാനം നിലവിലുള്ളതിനാൽ കാർഡുടമകൾക്ക് അവരുടെ സൗകര്യാർത്ഥം ഏത് റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ വാങ്ങാവുന്നതാണ്.

(സി) എ.ആർ.ഡി. 59-ന്റെ സെയിൽസ്മാൻ ശ്രീ. ബി. ബാലചന്ദ്രൻ റേഷൻ കടയുടെ ലൈസൻസ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

## റേഷൻകടകൾ/റേഷൻ ഗോഡൗണുകൾ

347 (4002) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നപ്പോൾ സംസ്ഥാനത്ത് എത്ര റേഷൻ കടകൾ/എത്ര റേഷൻ ഗോഡൗണുകൾ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ എത്ര എന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ നിയമവിധേയമല്ലാത്ത കുറ്റകൃത്യങ്ങൾ നടത്തിയതായി സിവിൽ സപ്ലൈസ് വകുപ്പ് പരിശോധനയിൽ എത്ര റേഷൻ കടകൾ/എത്ര റേഷൻ ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ട്; എന്തു നടപടികൾ സ്വീകരിച്ചുവെന്നും എത്രയെണ്ണത്തിന്റെ ലൈസൻസ് റദ്ദാക്കിയെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ എത്ര പുതിയ റേഷൻ കടകൾ/ ഗോഡൗണുകൾ തുടങ്ങുവാൻ അനുമതി നൽകി; ജില്ല തിരിച്ച് വിശദാംശം നൽമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 14364 റേഷൻ കടകളും 335 സ്വകാര്യ മൊത്ത വിതരണ ഗോഡൗണുകളും ഉണ്ടായിരുന്നു. നിലവിൽ 14269 റേഷൻ കടകളും 75 താലൂക്കുകളിൽ 75 എൻ.എഫ്.എസ്.എ. ഡിപ്പോകളും അതിന് അനുബന്ധമായി 253 എൻ.എഫ്.എസ്.എ. ഗോഡൗണുകളും പ്രവർത്തിച്ചുവരുന്നു.

(ബി) കുറ്റകൃത്യങ്ങൾ നടത്തിയ 12515 റേഷൻ കടകൾ കണ്ടെത്തിയിട്ടുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവം കണക്കിലെടുത്ത് കേരള റേഷനിംഗ് ഓർഡർ, 1966 അനുശാസിക്കുംപ്രകാരം ലൈസൻസ് റദ്ദാക്കൽ, പിഴ ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 662 റേഷൻ കടകളുടെ ലൈസൻസുകൾ താൽക്കാലികമായും 30 എണ്ണത്തിന്റെ ലൈസൻസ് സ്ഥിരമായും റദ്ദ് ചെയ്തിട്ടുണ്ട്.

കുറ്റകൃത്യങ്ങൾ കണ്ടെത്തിയ ഗോഡൗണുകളുടെ വിവരങ്ങളും നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളും താഴെച്ചേർക്കുന്നു.

സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ ഗോഡൗണുകളുടെ എണ്ണം -15. ഇത്തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയ ഗോഡൗണുകളിലെ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം നൽകിയും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരെ ജില്ല വിട്ടും അല്ലാതെയും സ്ഥലം മാറ്റിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ ഗോഡൗണുകളിലെ ഉദ്യോഗസ്ഥരെ വേലവിലക്കിയും നടപടികൾ സ്വീകരിക്കുന്നു. മാത്രവുമല്ല, സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയ ഗോഡൗണുകളിലെ ഉദ്യോഗസ്ഥരിൽനിന്നും ബാധ്യതത്തുക ഈടാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 16 പുതിയ റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പുതിയ റേഷൻ കടകളുടെ എണ്ണം |
|---|---|---|
| 1 | പാലക്കാട് | 7 |
| 2 | ഇടുക്കി | 5 |
| 3 | കോഴിക്കോട് | 1 |
| 4 | മലപ്പുറം | 1 |
| 5 | വയനാട് | 1 |
| 6 | കാസർഗോഡ് | 1 |
| ആകെ | | 16 |

കൂടാതെ സംസ്ഥാനത്ത് 75 താലൂക്കുകളിലായി 75 എൻ.എഫ്.എസ്.എ. ഡിപ്പോകളും അനുബന്ധമായി 253 എൻ.എഫ്.എസ്.എ. ഗോഡൗണുകളും പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള ഗോഡൗണുകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നമ്പോലംകുന്ന് പ്രദേശത്ത് പുതിയ റേഷൻകട**

348 (4003) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ നവീകരണത്തിന് കട ഉടമകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച റേഷൻ കടകൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പുതിയ റേഷൻ കട അനുവദിക്കുന്നതിനുള്ള അപേക്ഷ രീതി, മാനദണ്ഡം തുടങ്ങിയ കാര്യങ്ങൾ അറിയിക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നമ്പോലംകുന്ന് പ്രദേശത്ത് പുതിയ റേഷൻ കട തുടങ്ങണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും ഒരു ഏകീകൃത മാതൃക നൽകി റേഷൻകടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻ കടയ്ക്ക് 2500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. അംഗീകാരം റദ്ദ് ചെയ്യപ്പെട്ടതും ലൈസൻസി മരണപ്പെട്ട് പുനർനിയമനം നടത്താത്തതും റേഷൻ വ്യാപാരം തുടർന്നും നടത്തുവാൻ താൽപ്പര്യം ഇല്ല എന്ന് അറിയിച്ചിട്ടുള്ളതുമായ റേഷൻ കടകൾ ഒഴികെയുള്ള 13029 റേഷൻകടകൾ, ഒരു റേഷൻ കടയ്ക്ക് 2,500 രൂപ നിരക്കിൽ 3,25,72,500 രൂപ (മൂന്ന് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച റേഷൻ കടകൾക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) പുതിയ റേഷൻ കട അനുവദിക്കേണ്ട പ്രദേശത്തിന്റെ പ്രത്യേകത, റേഷൻ കടയുടെ ആവശ്യകത, ടി കടയിൽ വരാനുള്ള റേഷൻ കാർഡിന്റെ എണ്ണം എന്നിവ പരിഗണിച്ചുകൊണ്ട് സർക്കുലർ നമ്പർ ബി3/95/ഭ.പൊ.വി.വ. തീയതി 16-11-1995 പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായാണ് പുതിയ റേഷൻ കടകൾ അനുവദിക്കുന്നത്. ടി റേഷൻ കട സമീപത്തുള്ള റേഷൻ കടകളിലെ

വ്യാപാരികളുടെ വരുമാനത്തിനെ ബാധിക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതിയ റേഷൻ കടയിൽ കുറഞ്ഞത് 400 റേഷൻ കാർഡെങ്കിലും വേണമെന്ന് നിബന്ധനയുണ്ട്.

(ഡി) നമ്പോലംകുന്ന് പ്രദേശത്ത് പുതിയ റേഷൻ കട തുടങ്ങണമെന്ന ആവശ്യം പരിഗണനയിലില്ല. എന്നാൽ എ.ആർ.ഡി. നമ്പർ 6 ടി പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ സപ്ലൈ ആഫീസർക്ക് കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസർ ശിപാർശ നൽകിയിരുന്നു. ആയതിനെതിരെ പരാതി ലഭ്യമായതിനാൽ വിശദമായ അന്വേഷണത്തിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

## ഇ-പോസ് നടപ്പാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പകരം സംവിധാനം

349 (4004) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സൗകര്യം കൃത്യമായി ലഭ്യമല്ലാത്ത വനമേഖലകളുൾപ്പെടെയുള്ള സ്ഥലങ്ങളിലെ റേഷൻ കടകളിൽ ഇ-പോസ് സംവിധാനം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും റേഷൻ സാധനങ്ങൾ വനമേഖലകളിൽ കൃത്യമായി വിതരണം ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇന്റർനെറ്റ് സൗകര്യം കൃത്യമായി ലഭ്യമല്ലാത്ത വനമേഖലകളുൾപ്പെടെയുള്ള സ്ഥലങ്ങളിലെ റേഷൻ കടകളിൽ ഇ-പോസ് സംവിധാനം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി മാനുവൽ ആയി റേഷൻ വിതരണം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും കൃത്യമായി വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതിനുശേഷം ഭക്ഷ്യ ധാന്യ വിതരണത്തിലെ കുറവ്

350 (4005) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മേയ് മാസത്തിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് മുൻഗണനാ പട്ടികയിൽ നിന്നും പുറത്തു പോയിട്ടുള്ളതോ പുറത്താക്കിയിട്ടുള്ളതോ ആയ കാർഡുടമകളുടെ എണ്ണം വ്യക്തമാക്കാമോ; ആനുപാതമായി അർഹരായവരെ തത്സ്ഥാനത്ത് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദമാക്കാമോ;

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്ത് പ്രതിമാസം ഭക്ഷ്യ ധാന്യ വിതരണത്തിൽ ശരാശരി എത്ര ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതു പ്രകാരം 2017 മേയ് മുതൽ 2019 ഒക്ടോബർ വരെ വിതരണം ചെയ്യാതെ ബാക്കി വന്ന ഭക്ഷ്യ ധാന്യ ശേഖരം എത്രയെന്നും ആയത് എപ്രകാരം എവിടെ സൂക്ഷിക്കുന്നു എന്നും വിശദമാക്കാമോ;

(സി) ആയത് സൂക്ഷിക്കുന്നതിന് ഗോഡൗൺ വാടകയിനത്തിൽ പ്രതിമാസം എത്ര രൂപ ചെലവാകുന്നു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മുൻഗണനാ വിഭാഗം റേഷൻ കാർഡുടമകളിൽനിന്നും ഇന്നേവരെ അനർഹരായ 424171 കുടുംബങ്ങളെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുൻഗണനാസാധ്യതാ പട്ടികയിൽനിന്നും ക്രമമനുസരിച്ച് ഉൾപ്പെടുത്തിവരുന്നു. മുൻഗണനാ സാധ്യതാപട്ടികകളിൽനിന്നും നാളിതുവരെ (29-10-2019) 396071 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28100 കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നിലവിൽ വന്നശേഷം ഭക്ഷ്യധാന്യങ്ങളായ അരിയുടെ വിതരണത്തിൽ 15 ശതമാനവും ഗോതമ്പിന്റെ വിതരണത്തിൽ 6 ശതമാനവും ശരാശരി കുറവ് വന്നിട്ടുണ്ട്. 2019 ഏപ്രിൽ മാസം വരെ 105621.116 MT അരിയും 26307.664 MT ഗോതമ്പും ബാക്കിവന്നിട്ടുണ്ട്. ഇപ്രകാരം ബാക്കിവന്ന ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിലും സപ്ലൈകോയുടെ പി.ഡി.എസ്. ഗോഡൗണുകളിലുമായി സൂക്ഷിച്ചിരിക്കുന്നു.

(സി) NFSA ഗോഡൗൺ വാടകയിനത്തിൽ പ്രതിമാസം ആകെ 2.09 കോടി രൂപ ചെലവാകുന്നുണ്ട്.

## ഭക്ഷ്യ ഗോഡൗണുകളിൽ ജനപ്രതിനിധികൾ ഉൾപ്പെടുന്ന സമിതി പരിശോധന

351 (4006) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളിൽ പൂപ്പൽ ബാധയും പുഴുക്കളുള്ളതും ഉപയോഗപ്രദമല്ലാത്തവയും ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉപയോഗയോഗ്യമല്ലാത്ത ആയിരക്കണക്കിന് മെട്രിക് ടൺ ഭക്ഷ്യ വസ്തുക്കൾ സംഭരിച്ചിരിക്കുന്ന ഗോഡൗണുകളിൽ ജനപ്രതിനിധികൾ ഉൾപ്പെടുന്ന സമിതി രൂപീകരിച്ച് പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകുമെന്നതിനാൽ ആയതിന് ഉത്തരവാദികളായവരെ കണ്ടെത്തി അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചില അവസരങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിതരണയോഗ്യമല്ലാത്ത റേഷൻ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിലെത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് ചെയ്ത് സ്റ്റോക്ക് മാറ്റിയെടുക്കുന്നതിനും അല്ലാത്തപക്ഷം അത്തരത്തിലുള്ള സ്റ്റോക്കിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട റേഷൻ വ്യാപാരികളുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനും റേഷൻ കടകളിലൂടെ വിതരണയോഗ്യമല്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിൽക്കാൻ പാടില്ലെന്നും കാണിച്ച് വ്യാപാരികൾക്ക് കർശന

നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽവിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 2 റേഷൻ കടകൾ സസ്പെന്റ് ചെയ്യുകയും ഒരു റേഷൻ കടയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലും ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നോർത്ത് പറവൂർ താലൂക്കിലെ ഒരു റേഷൻ കടയിൽ വിതരണം ചെയ്ത മട്ട അരിയിൽ പുഴുക്കളുണ്ടെന്ന പരാതിയിന്മേൽ അവ മാറ്റി നൽകുകയും ടി അരി മില്ലിലേയ്ക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ. വഴി ലഭിച്ച ഗോതമ്പിൽ ചില അവസരങ്ങളിൽ പ്രാണികളെ കണ്ടെത്തുകയും അത്തരത്തിലുള്ള സ്റ്റോക്ക് മാറ്റി നൽകിയിട്ടുമുണ്ട്.

തൃശ്ശൂർ താലൂക്കിൽ ഒരു റേഷൻ കടയിൽ ഇത്തരത്തിലുള്ള ഭക്ഷ്യധാന്യങ്ങൾ കണ്ടെത്തിയതിൽ, ടി കടയുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

തിരൂരങ്ങാടി താലൂക്കിൽ 407 ചാക്ക് ഗുണനിലവാരം കുറഞ്ഞ അരി കണ്ടെത്തുകയും ആയത് എൻ.എഫ്.എസ്.എ. ഗോഡൗണിലേയ്ക്ക് തിരിച്ചയയ്ക്കുകയും ടി സ്റ്റോക്ക് മാറ്റി നൽകുന്നതിന് എഫ്.സി.ഐ. ഏരിയാ മാനേജർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഫറോക്കിലെ എൻ.എഫ്.എസ്.എ. ഗോഡൗണിലെ പൂപ്പൽ ബാധയും പുഴുക്കളുള്ളതുമായ 533.95 കി.ഗ്രാം അരി നശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 29 പ്രകാരം ജനപ്രതിനിധികൾ ഉൾപ്പെടുന്ന സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻ കട തലങ്ങളിലുള്ള വിജിലൻസ് സമിതികൾ രൂപീകരിച്ചുവരുന്നു.

(സി) ഉത്തരവാദികളായ ജീവനക്കാർക്കെതിരെ വേലവിലക്ക്, സ്ഥലംമാറ്റം, ബാധ്യത ഈടാക്കൽ തുടങ്ങിയ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു.

1. ആർപ്പൂക്കര JMJ റൈസ് മിൽ 9-1-2017, 10-1-2017 തീയതികളിൽ പരിശോധന നടത്തി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പാഡി മാർക്കറ്റിംഗ് ഓഫീസറായിരുന്ന ശ്രീ. എൻ.എം. സുധീർ (അഗ്രികൾച്ചർ ഓഫീസർ, കൃഷി വകുപ്പിൽനിന്നും അന്യത്ര സേവനത്തിൽ)-നെ വേലവിലക്കിയിട്ടുണ്ട്.

2. സപ്ലൈകോ വിജിലൻസ് ഓഫീസർ 21-8-2019-ൽ ചങ്ങനാശ്ശേരി എൻ.എഫ്.എസ്.എ. ഡിപ്പോയിൽ നടത്തിയ പരിശോധനയിൽ 2018

ആഗസ്റ്റിലെ പ്രളയത്തിൽ കേടായ അരി നശിപ്പിച്ചുകളയാതെ സൂക്ഷിച്ചതുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി ഡിപ്പോ മാനേജർ ആയിരുന്ന ശ്രീ. പി.ബി. അജിയെ 26-8-2019 മുതൽ വേലവിലക്കി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വാതിൽപ്പടി വിതരണ സംവിധാനം**

352 (4007) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ നേരിട്ട് എത്തിക്കുന്ന വാതിൽപ്പടി വിതരണ സംവിധാനം കുറ്റമറ്റതും അഴിമതിരഹിതവും ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണോ;

(ബി) വാതിൽപ്പടി വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ലൈസൻസികളെ ഒഴിവാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് റേഷൻ കടകൾ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ&ബി) വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ കടകളുടെ വാതിൽപ്പടിയിൽ കൃത്യമായി തൂക്കം ബോധ്യപ്പെടുത്തി നൽകണമെന്ന് പുതിയ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് വാതിൽപ്പടി വിതരണം നടത്തിയത് എന്ന് താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇനത്തിലുള്ള തുക അനുവദിച്ച് നൽകാവൂ എന്ന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാതിൽപ്പടി വിതരണം നടത്തുമ്പോൾ തൂക്കം ബോധ്യപ്പെടുത്തി നൽകി തൽസമയം റേഷൻ വ്യാപാരിയിൽനിന്ന് ബില്ലിൽ ഒപ്പ് വാങ്ങുകയും പിന്നീട് താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തതിനുശേഷം മാത്രമാണ് കടത്തുകരാറുകാരന് സപ്ലൈകോ പേമെന്റ് നൽകുന്നത്. കൂടാതെ ഗോഡൗണിൽനിന്ന് ഭക്ഷ്യധാന്യ ചോർച്ച ഉണ്ടാകാതിരിക്കാൻ ഭക്ഷ്യധാന്യം എഫ്.സി.ഐ.-യിൽനിന്നും എൻ.എഫ്.എസ്.എ. ഗോഡൗണിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും എത്തിച്ചുനൽകുന്ന ലോറികളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും

എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ വെബ് ക്യാമറയും സി.സി.ടി.വി.-യും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സപ്ലൈകോതലത്തിൽ സ്വീകരിച്ചുവരുന്നു. ജി.പി.എസ്. എനേബിൾഡ് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സപ്ലൈകോ മുഖാന്തരം Expression of Interest (താൽപ്പര്യപത്രം) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി 29-7-2019-ൽ വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാനത്ത് റേഷൻ കടകൾ റദ്ദ് ചെയ്യുമ്പോൾ തൊട്ടടുത്ത കടകളോട് കൂട്ടിച്ചേർക്കുന്ന രീതി നിർത്തി സപ്ലൈകോയ്ക്ക് താൽക്കാലിക ചുമതല നൽകുവാനും സ്ഥിരമായി റദ്ദുചെയ്ത സാധ്യമായവ സപ്ലൈകോയോട് കൂട്ടിച്ചേർക്കുവാനും തത്വത്തിൽ തീരുമാനിച്ചിരുന്നു. സ്ഥിരമായി റദ്ദ് ചെയ്യുന്ന റേഷൻ ഡിപ്പോകൾ ഏറ്റെടുത്ത് പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ളവരിൽനിന്നും അപേക്ഷ ലഭിക്കാത്ത സാഹചര്യത്തിലാണ് ടി ഡിപ്പോകളുടെ ലൈസൻസുകൾ സപ്ലൈകോയ്ക്ക് നൽകുന്ന കാര്യം ആലോചനയിലുള്ളത്. ഇക്കാര്യം നടപ്പിൽ വരുത്തിയിട്ടില്ല.

## ഭക്ഷ്യ സാധനങ്ങളുടെ വിലക്കയറ്റം

353 (4008) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ?

ഉത്തരം

വിപണിയിലുണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതിവഴി വിലവർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സംവിധാനങ്ങൾ ഉപയോഗിച്ച് നാഫെഡ് മുഖേന ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് നേരിട്ട് അവശ്യസാധനങ്ങൾ സംഭരിച്ച് സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ഗ്രാമീണ മേഖലകൾക്ക് പ്രാമുഖ്യം നൽകി കൂടുതൽ വിൽപ്പനശാലകൾ തുറന്നും ഉൽസവ സീസണുകളിൽ പ്രത്യേക ചന്തകൾ നടത്തിയും പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കിവരുന്നു.സവാളവില വർദ്ധനയെത്തുടർന്ന് നാഫെഡിൽനിന്ന് സംഭരിച്ച് 38 രൂപയ്ക്ക് വിതരണം നടത്തിയതിനെത്തുടർന്ന് സവാള വിലവർദ്ധനവ് തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾക്കുപുറമെ 36 ഇനം അവശ്യസാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും ശബരി ബ്രാന്റിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാന്റഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവ പൊതുവിപണിയിലേതിനേക്കാളും 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വിൽപ്പന നടത്തുന്നു. പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി, 2018-19 സാമ്പത്തിക വർഷം ആകെ 86 വിൽപ്പനശാലകളും 2019-20 സാമ്പത്തികവർഷം ഇതുവരെ 23 വിൽപ്പനശാലകളുമാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. ശരാശരി 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണങ്ങൾ 140 വിൽപ്പനകേന്ദ്രങ്ങളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

## സിവിൽ സപ്ലൈസ് വഴിയുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

354 (4009) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത വില്പനശാലകളിൽ നിന്നും വിൽക്കുന്ന പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഗുണനിലവാര പരിശോധനകളിൽ കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിൽ 2019-ൽ ഏതെങ്കിലും കമ്പനികളുടെ / വിതരണക്കാരുടെ കരാർ റദ്ദാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ഡിപ്പോകളിലെയും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ച ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി അതാത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ പരിശോധന നടത്തിയതിനുശേഷമാണ് സാധനങ്ങൾ സ്വീകരിക്കപ്പെടുന്നത്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സപ്ലൈകോ ഔട്ട്ലെറ്റുകൾവഴി വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ

ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കൂടാതെ കോന്നിയിലുള്ള CFRD (Council for Food Research & Development) ലാബിലും എല്ലാ ഭക്ഷ്യവസ്തുക്കളും റാൻഡമായി സാമ്പിളെടുത്ത് പരിശോധന നടത്തിവരുന്നു. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP (Hazard Analysis and Critical Control Points)/AGMARK/FSSAI (Food Safety Standards Authority of India) ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വിൽപ്പനശാലകളിൽനിന്ന് ഏകദേശം 20 ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്.

(സി) ശബരി മസാല പൗഡർ വിതരണം ചെയ്തിരുന്ന ഭവാനി മസാല, പുതുച്ചേരി എന്ന കമ്പനിയുടെ കരാർ റദ്ദാക്കിയിട്ടുണ്ട്. അപ്പംപൊടി/പുട്ടുപൊടി വിതരണം ചെയ്തുകൊണ്ടിരുന്ന പുനത്തിൽ റോളർ ഫ്ലോർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്, കണ്ണൂർ എന്ന കമ്പനിയുടെ കരാർ റദ്ദാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മെഡിക്കൽ ഷോപ്പുകൾ

355 (4010) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എത്ര മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ ഷോപ്പുകളിലെ ആകെ വിറ്റുവരവ് എത്രയാണെന്നും ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയാണെന്നും നഷ്ടത്തിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ ഷോപ്പുകൾ വഴി വിൽക്കുന്ന മരുന്നുകൾ സംഭരിക്കുന്നത് എവിടെ നിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 97 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ 2019 സെപ്റ്റംബർ മാസത്തെ ആകെ വിറ്റുവരവ് 485.87 ലക്ഷം രൂപയാണ്.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ 31 എണ്ണം ലാഭത്തിലും 66 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

(സി) സപ്ലൈകോയുടെ മെഡിക്കൽ ഹോൾസെയിൽ ഡിവിഷൻ മുഖാന്തരം 75 മെഡിക്കൽ കമ്പനികളിൽനിന്നും ഡിസ്ട്രിബ്യൂട്ടർമാരിൽനിന്നും ലോക്കൽ പർച്ചേസ് നടത്തിയും മരുന്നുകൾ സംഭരിക്കുന്നു.

## സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക, നിയമനം

356 (4011) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയങ്ങൾ നടപ്പാക്കിയതിന്റെ ഭാഗമായി സബ്സിഡിയിനത്തിൽ ഭക്ഷ്യസാധനങ്ങൾ വിറ്റവകയിലും നെല്ല് സംഭരണത്തിലും ഭക്ഷ്യഭദ്രതാ നിയമപ്രകാരം വാതിൽപ്പടി വിതരണം നടത്തിയതിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈകോ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ ഓഫീസർ ഇൻചാർജ് ആയി എസ്.എ.ഐ. തസ്തികയിലുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കേണ്ടത് എന്ന ഉത്തരവ് സപ്ലൈകോയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എത്ര ഗോഡൗണുകളിൽ പ്രസ്തുത തസ്തികയിലുള്ളവർ ഓഫീസർ ഇൻചാർജ് ആയി ജോലി ചെയ്തു എന്ന് അറിയിക്കുമോ;

(സി) ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 22-2-19-ലെ സർക്കാർ ഉത്തരവ് നമ്പർ 11/2019 പ്രകാരം റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നിന്നും സപ്ലൈകോയിലേക്ക് ഡെപ്യൂട്ടേഷൻ ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിനും ജോലി ഭാരം സംബന്ധിച്ചും പഠനം നടത്തിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ട് സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സപ്ലൈകോയിൽ എസ്.എ.ഐ. എന്ന തസ്തിക ഇല്ല. സീനിയർ അസിസ്റ്റന്റ് 1 (One) എന്ന തസ്തികയാണുള്ളത്. സപ്ലൈകോ NFSA ഗോഡൗണുകളിൽ ഓഫീസർ ഇൻ-ചാർജ് ആയി സീനിയർ അസിസ്റ്റന്റ് -1 തസ്തികയിലുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കേണ്ടത് എന്ന ഉത്തരവും നിലവിലില്ല. എന്നാൽ സപ്ലൈകോയിൽ 83 NFSA ഡിപ്പോകളിൽ ഓഫീസർ-ഇൻ-ചാർജായി സീനിയർ അസിസ്റ്റന്റ്-1 തസ്തികയിലുള്ള ജീവനക്കാർ ജോലി ചെയ്തിട്ടുണ്ട്.

(സി) ടി വിഷയത്തെ സംബന്ധിച്ച് ലഭിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**അമരമ്പലം പഞ്ചായത്തിൽ സിവിൽ സപ്ലൈസ് ഗോഡൗൺ**

357 (4012) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അമരമ്പലം പഞ്ചായത്തിൽ സിവിൽ സപ്ലൈസ് ഗോഡൗൺ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച കരാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഗോഡൗൺ തുടങ്ങുന്നതിനുമുമ്പ് തന്നെ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും വ്യക്തിക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി ഏത് വ്യക്തിക്കാണ് നൽകിയത്; പേരും, വിലാസവും, സ്ഥലത്തിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നിലമ്പൂർ താലൂക്കിൽ ഭക്ഷ്യ വസ്തുക്കൾ സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് എത്ര ഗോഡൗണുകൾ ഉണ്ട്; വിസ്തീർണ്ണം, ഉടമസ്ഥർ, വാടക തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) വകുപ്പിന് നിലമ്പൂർ താലൂക്കിൽ ഇനിയും ഗോഡൗണുകൾ ആവശ്യമുണ്ടോ; എത്ര ചതുരശ്ര അടി സ്ഥലമാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. മലപ്പുറം ജില്ലയിൽ അമരമ്പലം പഞ്ചായത്തിൽ ശ്രീ. അബ്ദുള്ളക്കുട്ടി, പട്ടിക്കാട്, കടമന, അമരമ്പലം എന്ന വ്യക്തി തന്റെ ഉടമസ്ഥതയിലുള്ള 90 സെന്റ് സ്ഥലത്ത് (121 ബ്ലോക്ക്, 10/6 റീസർവ്വേ നമ്പർ) ടിയാളുടെ ചെലവിൽ സപ്ലൈകോ മാനദണ്ഡപ്രകാരമുള്ള ഗോഡൗൺ (28000 ച. അടി) ച. അടിക്ക് 13 രൂപ നിരക്കിൽ നിർമ്മിച്ച് ലഭ്യമാക്കാൻ സമ്മതിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാനുമായി യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല.

(സി) നിലമ്പൂർ താലൂക്കിൽ NFSA ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിനായി വാടകയ്ക്കെടുത്ത 5 ഗോഡൗണുകളുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇല്ല.

## നെടുമങ്ങാട് മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ

358 (4013) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്ന ആവശ്യമുന്നയിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ എവിടെയൊക്കെ വേണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ അനുവദിക്കാൻ തീരുമാനം എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ നെടുമങ്ങാട് നഗരസഭയിലെ കരിങ്ങാകോളനി കാഞ്ഞിരംപാറ, മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തലേക്കുന്ന്, വെമ്പായം ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ, നെടുമങ്ങാട് നഗരസഭയിലെ പൂവത്തൂർ, പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് എന്നീ സ്ഥലങ്ങളിലും കരകുളം, ആണ്ടൂർകോണം ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ടി സ്ഥലങ്ങളിൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളും വാടകരഹിത കെട്ടിടവും ഏർപ്പെടുത്തി നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് വിപണന സാധ്യതയും ജീവനക്കാരുടെ ലഭ്യതയുംകൂടി പരിഗണിച്ച് പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൂവത്തൂർ മാവേലി സ്റ്റോറിന് കെട്ടിടസൗകര്യം

359 (4014) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളവള്ളി ഗ്രാമപഞ്ചായത്തിൽ പൂവത്തൂർ പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ സ്ഥലപരിമിതിയുടെ പ്രശ്നം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം പൂവത്തൂർ ബസ് സ്റ്റാന്റിലെ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) അടിയന്തരമായി ഇക്കാര്യത്തിൽ തീരുമാനമെടുത്ത് സ്ഥാപനം മാറ്റുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി)ഉണ്ട്. പ്രസ്തുത സ്ഥാപനം പൂവത്തൂർ ബസ് സ്റ്റാന്റിലെ ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമായാലുടനെ ആവശ്യമായ ഫർണിഷിംഗ് ജോലികൾ പൂർത്തിയാക്കിയശേഷം മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

360 (4015) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലത്ത് മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദമാക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വവ്വാക്കാവ്, തഴവ, കുറ്റിപ്പുറം എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ വിവിധ സ്ഥലങ്ങളിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് 166 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. അനുയോജ്യമായ കെട്ടിട സൗകര്യം, അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ട് എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്കും വിപണന സാധ്യത, ആവശ്യമായ ജീവനക്കാരുടെ ലഭ്യത എന്നിവ

കണക്കിലെടുത്തും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മാവേലി സ്റ്റോർ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) തഴവ ഗ്രാമപഞ്ചായത്തിലും വവ്വാക്കാവ് ഉൾപ്പെടുന്ന കുലശേഖരപുരം ഗ്രാമപഞ്ചായത്തിലും നിലവിൽ രണ്ടുവീതം സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. മൂന്നാമതൊരു വിൽപ്പനശാല ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ മാനദണ്ഡം അനുസരിച്ചുള്ള വാടകരഹിത കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

കുറ്റിപ്പുറം മാവേലി സ്റ്റോർ സംബന്ധിച്ച് പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

## ചെറുവട്ടൂരിൽ പുതിയ മാവേലി സ്റ്റോർ

361 (4016) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂരിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത് ആരംഭിക്കുന്നതിന് നെല്ലിക്കുഴി പഞ്ചായത്ത് കഴിഞ്ഞ രണ്ട് വർഷത്തോളമായി 1400 സ്ക്വയർഫീറ്റുള്ള കെട്ടിടം സൗജന്യമായി നൽകിയിട്ടുള്ളതും കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾക്കായി ഒരു ലക്ഷം രൂപ നൽകിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെല്ലിക്കുഴി പഞ്ചായത്തിലുള്ളവർക്കും സമീപ പഞ്ചായത്തുകളായ പായിപ്ര, അശമന്നൂർ, കോതമംഗലം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുള്ളവർക്കും പ്രയോജനം ലഭിക്കുന്നതിനാൽ പ്രസ്തുത മാവേലി സ്റ്റോർ വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ ചെറുവട്ടൂർ എന്ന പ്രദേശത്ത് പുതുതായി ഒരു മാവേലി സൂപ്പർ സ്റ്റോർ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫർണിഷിംഗ് ജോലികൾ പൂർത്തിയാക്കി താമസംവിനാ വിൽപ്പനശാല പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയകാലത്ത് വിതരണം ചെയ്ത അരി

362( 4017) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയകാലത്ത് വിതരണം ചെയ്യാൻ ഒരു ലക്ഷം ടൺ അരി സംസ്ഥാനത്തിന് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അരിക്ക് കേന്ദ്രം വില നൽകണമെന്ന് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ എത്ര തുകയായിരുന്നു എന്നറിയിക്കാമോ;

(സി) അന്ത്യോദയ, അന്നയോജന വിഭാഗത്തിൽ അനർഹരായവർക്ക് അരി നൽകാതെ മിച്ചം വന്ന അരി പ്രളയബാധിതർക്ക് വിതരണം ചെയ്യുവാൻ അനുമതി തേടിയിരുന്നോ; ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നു; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2019-ലെ പ്രളയത്തോടനുബന്ധിച്ച് പ്രളയ ബാധിത പ്രദേശങ്ങളിൽ സൗജന്യ റേഷൻ വിതരണം നടത്തുന്നതിനായി പ്രതിമാസം 95329 മെട്രിക് ടൺ അരി മൂന്ന് മാസക്കാലത്തേയ്ക്ക് സൗജന്യമായോ എൻ.എഫ്.എസ്.എ. നിരക്കിലോ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയത് എം.എസ്.പി. ഡിറൈവ്ഡ് നിരക്കിലേ നൽകാൻ കഴിയുകയുള്ളൂ എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നത്.

(സി) അന്ത്യോദയ അന്നയോജന വിഭാഗത്തിൽ നീക്കിയിരിപ്പുള്ള അരി പ്രളയ ബാധിതർക്ക് വിതരണം ചെയ്യുവാൻ കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ അനുമതി നിഷേധിക്കുകയാണുണ്ടായത്.

## ഉപഭോക്തൃ തർക്കപരിഹാര ഫോറം

363 (4018) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് എപ്രകാരമാണ്; ഏതെങ്കിലും സമിതിയുടെ ശിപാർശ പ്രകാരമാണോ ഇത്തരം ഫോറങ്ങളിലേക്കുള്ള നിയമനം നടത്തുന്നത്; വിശദമാക്കുമോ;

(ബി) ഈ ഫോറങ്ങളിലേക്കുള്ള നിയമന യോഗ്യത എന്തൊക്കെയാണ്; അറിയിക്കുമോ;

(സി) ഇത്തരം ഫോറങ്ങളിലേക്കുള്ള നിയമനങ്ങളിൽ ബാഹ്യ ഇടപെടലുകൾ നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ രാഷ്ട്രീയ പരിഗണന ഒഴിവാക്കി യോഗ്യരായവരെ പ്രസ്തുത ഫോറങ്ങളിലെ അംഗങ്ങളാക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉപഭോക്തൃ സംരക്ഷണ നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന യോഗ്യതയുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ച് പ്രസ്തുത നിയമത്തിലും ചട്ടത്തിലും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി സമർപ്പിക്കുന്ന പാനലിൽനിന്നാണ് നിയമനം നടത്തുന്നത്. ഇക്കാര്യത്തിൽ ഏതെങ്കിലും സമിതിയുടെ ശിപാർശയില്ല.

(ബി) ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള ബിരുദം, 35 വയസ്സോ അതിനുമുകളിലോ പ്രായം, (65 വയസ്സ് കഴിയാൻ പാടില്ല) കഴിവും ആർജ്ജവവും, ധനതത്വം, നിയമം, കൊമേഴ്സ്, വ്യവസായം, അക്കൗണ്ടൻസി, പൊതുകാര്യങ്ങൾ, ഭരണനിർവ്വഹണം എന്നീ വിഷയങ്ങളിലേതെങ്കിലും കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം.

(സി&ഡി) ഇല്ല. ഉപഭോക്തൃ സംരക്ഷണ നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന യോഗ്യതയുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ച് പ്രസ്തുത നിയമത്തിലും ചട്ടത്തിലും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അഭിമുഖം നടത്തി തികച്ചും യോഗ്യരായവരെയാണ് നിയമിക്കുന്നത്.

**കച്ചവടസ്ഥാപനങ്ങളിലെ വിലവിവരപ്പട്ടിക**

364 (4019) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കച്ചവടസ്ഥാപനങ്ങളിൽ പ്രത്യേകിച്ച് പച്ചക്കറി, പഴം, പലചരക്ക് കടകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ കച്ചവടസ്ഥാപനങ്ങൾ അവശ്യ സാധനങ്ങൾക്ക് ഉയർന്ന വില ഈടാക്കുന്ന നിലവിലെ രീതി ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 1977-ലെ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1980-ലെ കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരം സിവിൽ സപ്ലൈസ് വകുപ്പിന്റെ സ്ക്വാഡുകൾ പരിശോധന നടത്തിവരികയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ അവശ്യ സാധന നിയമപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുമായി കൂടിച്ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നു. നിലവിലെ നിയമപ്രകാരം വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് സിവിൽ സപ്ലൈസ് വകുപ്പിനുള്ളത്. ഉയർന്നവില ഈടാക്കുന്നതുസംബന്ധിച്ച് പരിശോധിക്കുന്നതിനുള്ള അധികാരം സിവിൽ സപ്ലൈസ് വകുപ്പിനില്ല. ഉയർന്നവില ഈടാക്കുന്നത് ഉൾപ്പെടെയുള്ള പരാതികൾക്ക് ഉപഭോക്താവിന് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളെയോ കമ്മീഷനേയോ സമീപിക്കാവുന്നതാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണം**

365 (4020) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പള്ളിച്ചൽ-വിഴിഞ്ഞം, ബാലരാമപുരം-വിഴിഞ്ഞം എന്നീ റോഡുകൾ വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത റോഡുകൾ വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

(ബി) ബാധകമല്ല.

**വിഴിഞ്ഞം തുറമുഖത്തിന്റെ റെയിൽ കണക്റ്റിവിറ്റി**

366 (4021) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ റെയിൽ കണക്റ്റിവിറ്റിയുടെ രൂപരേഖയ്ക്ക് അന്തിമ അനുമതി ലഭിച്ചിട്ടുണ്ടോ; നിലവിലെ പ്രൊപ്പോസൽ അനുസരിച്ച് ഏതെല്ലാം സ്ഥലത്ത് കൂടിയാണ് റെയിൽ പാത ഉപരിതലത്തിലൂടെ കടന്നുപോകുന്നത്; ഉപരിതലത്തിൽ പാതയുടെ നീളം എത്രയാണ്;

(ബി) ഭൂഗർഭ റെയിൽ പാതക്ക് എത്ര കിലോമീറ്റർ നീളമാണ് ഉള്ളത്; എത്ര മീറ്റർ താഴ്ചയിലാണ് റെയിൽ പാത ഭൂമിക്കടിയിലൂടെ കടന്നുപോകുന്നത്;

(സി) റെയിൽ പാതയുടെ അടങ്കൽ തുക എത്രയാണ്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

റെയിൽപാതയുടെ ആരംഭത്തിൽ വിഴിഞ്ഞം തുറമുഖഭാഗത്ത് ഏകദേശം 130 മീറ്ററും റെയിൽ പാത അവസാനിക്കുന്ന ബാലരാമപുരം റെയിൽവേ സ്റ്റേഷൻ ഭാഗത്ത് ഏകദേശം 1.6 കിലോമീറ്ററും ഉപരിതലത്തിൽ കൂടെ കടന്നുപോകുന്ന തരത്തിലാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ആയത് ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) ഏകദേശം 9.0 കിലോമീറ്ററാണ് ഭൂഗർഭപാതയുടെ നീളം. പരമാവധി 48 മീറ്റർ വരെ താഴ്ചയിൽ റെയിൽപ്പാത ഭൂമിക്കടിയിലൂടെയാണ് കടന്നുപോകുന്നത്. ആയതിന് റെയിൽവേയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്.

(സി) റെയിൽവേയുടെ അനുമതി ലഭിച്ചാൽ മാത്രമേ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള എസ്റ്റിമേറ്റ് അനുസരിച്ച് 1032 കോടി രൂപയാണ് (സ്ഥലം ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെ) ചെലവ് കണക്കാക്കിയിരിക്കുന്നത്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

367 (4022) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടത്; നാളിതുവരെ എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തിയായത്; ഓരോന്നും പ്രത്യകം വിശദമാക്കാമോ;

(ബി) നിലവിലെ സ്ഥിതിയിൽ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും നിർമ്മാണം വൈകുന്നതിന്റെ കാരണം എന്താണെന്നും അറിയിക്കാമോ;

(സി) നിർമ്മാണം ആരംഭിച്ചത് മുതൽ മന്ത്രിതല മേൽനോട്ട സമിതി എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; യോഗം ചേർന്ന തീയതിയും മിനിട്ട്സും ലഭ്യമാക്കാമോ?

ഉത്തരം

(എ) അദാനി കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള കരാർപ്രകാരം 2019 ഡിസംബർ 3-നാണ് ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കേണ്ടത്. പ്രധാന പ്രവൃത്തികളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ നീളം | 600 മീറ്റർ (20%) |
| 2 | ഡ്രഡ്ജിംഗ് &റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ X 60 മീറ്റർ | പൈലിംഗ്, & പ്രീകാസ്റ്റിംഗ് പണികൾ 100 % പൂർത്തിയാക്കി. പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 4 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയിനുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകൾ - 8 എണ്ണം | ചൈനീസ് കമ്പനിക്ക് നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 2 ടഗ് ബോട്ടുകൾ ജപ്പാനിൽ നിർമ്മാണം പൂർത്തിയാക്കി. മറ്റുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| | | യാർഡ് ക്രെയിനുകൾ - 24 എണ്ണം | ചൈനയിലെ ഒരു കമ്പനിയുമായി നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

(ബി) പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പുരോഗതി വിലയിരുത്തിയതിൽ നിന്നും നിർദ്ദിഷ്ട കാലാവധിയിൽ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് കരുതുന്നില്ലെന്ന് ഇൻഡിപെൻഡന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ പാറ കണ്ടെത്താൻ നിർമ്മാണ കമ്പനിക്ക് കഴിയാത്തതാണ് പദ്ധതി വൈകാൻ കാരണമാകുന്നത്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മന്ത്രിതല മേൽനോട്ട സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ തുറമുഖ വകുപ്പുമന്ത്രി നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

## ഇടക്കൊച്ചിയിലെ ഉപയോഗശൂന്യമായ ടഗ് നീക്കം ചെയ്യാൻ നടപടി

368 (4023) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ തുറമുഖ വകുപ്പിനുവേണ്ടി നിർമ്മിക്കുന്നതിനായി കരാർ നൽകിയിരുന്നതും എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിലെ പാമ്പായിമൂലയ്ക്ക് കിഴക്കുവശം വേമ്പനാട് കായലിൽ വർഷങ്ങളായി മത്സ്യബന്ധനത്തിനും പരിസ്ഥിതിക്കും ദോഷകരമായ രീതിയിൽ ഉപയോഗശൂന്യമായി കിടക്കുന്നതുമായ ടഗ് നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് തുറമുഖ വകുപ്പ് ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നാണ് ഫയൽ ചെയ്തത്; പ്രസ്തുത കേസ് തീർപ്പാക്കി മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത ടഗ് എന്നത്തേക്ക് നീക്കം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതു സംബന്ധിച്ച് ഇടക്കൊച്ചി വേമ്പനാട് കായൽ സംരക്ഷണ സമിതി സമർപ്പിച്ച നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 1996 -ൽ 600 എച്ച്.പി. ശേഷിയുള്ള ഒരു ടഗ് നിർമ്മിക്കാൻ തുറമുഖ ഡയറക്ടർ ഇടക്കൊച്ചിയിലുള്ള ഡൽറ്റാ മറൈൻ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയത്ത് പണി പൂർത്തിയാക്കി ടി യാനം തുറമുഖ വകുപ്പിന് കൈമാറാൻ പ്രസ്തുത കമ്പനിക്ക് കഴിഞ്ഞില്ല. കരാർ പ്രകാരമുള്ള സമയത്ത് ജലയാനം കൈമാറാത്തതിനാൽ ടി കമ്പനിയുമായുള്ള കരാർ തുറമുഖ ഡയറക്ടർ റദ്ദ് ചെയ്യുകയും ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു. ടി നടപടിക്കെതിരെ ടി കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായം തീർപ്പാകാത്തതിനാലും ടഗ്ഗ് തുറമുഖ വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ലാത്തതിനാലും തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്.

(സി&ഡി) ഇതുസംബന്ധിച്ച് തുറമുഖ വകുപ്പ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടില്ല. M/s.ഡൽറ്റ മറൈൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP© No.2014/2011 കേസ്സിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടഗ് നീക്കം ചെയ്യുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) ഇല്ല. M/s. ഡൽറ്റ മറൈൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP© No.2014/2011 കേസ്സിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടഗ്ഗ് നീക്കം ചെയ്യുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കൊല്ലം തുറമുഖ വികസനം

369 (4024) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിലെ ചരക്ക് ഗതാഗത സർവ്വീസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും കൊല്ലം തുറമുഖം അംഗീകൃത എൻട്രി- എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ (ഫയൽ നമ്പർ 10429/ഇ 2/2014 മ. തു. വ.) ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും 28-10-2016- ലെ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്ന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനു വേണ്ട തുടർനടപടികൾ ഊർജ്ജിതമാക്കുമോ?

ഉത്തരം

(എ-സി) കൊല്ലം തുറമുഖത്തെ എൻട്രി എക്സിറ്റ് പോർട്ടായി പ്രഖ്യാപിക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിഗണിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ ഇമിഗ്രേഷൻ ബ്യൂറോ ഉദ്യോഗസ്ഥർ 17-1-2019-ൽ തുറമുഖം സന്ദർശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലത്ത് ചില അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ടി നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയാണ്.

## മാന്നാറിൽ ബോട്ട് യാത്രയ്ക്കുള്ള തുറമുഖ സംവിധാനം

370 (4025) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ മണ്ഡലത്തിൽപ്പെട്ട മാന്നാറിൽ വർഷങ്ങൾക്ക് മുമ്പ് ബോട്ട് യാത്രയ്ക്ക് നിലവിലുണ്ടായിരുന്ന തുറമുഖ സംവിധാനം മെച്ചപ്പെടുത്തി ടൂറിസവുമായി ബന്ധപ്പെടുത്തി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തുറമുഖ വകുപ്പിന് ഉൾനാടൻ ജലഗതാഗത മേഖലയിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ കഴിയുകയില്ല.

## തുറമുഖ വകുപ്പിൽനിന്ന് കേരള മാരിടൈം ബോർഡിലേയ്ക്ക് മാറ്റപ്പെട്ട ജീവനക്കാർ

371 (4026) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട ജീവനക്കാരെ സർക്കാർ ജീവനക്കാരായി നിലനിർത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അതത് കാലത്ത് പ്രാബല്ല്യത്തിൽ വരുന്ന സർക്കാർ തീരുമാനങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ ഇവയുടെ പ്രയോജനം കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട തുറമുഖ ജീവനക്കാർക്ക് കൂടി ലഭ്യമാകും വിധം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തുറമുഖ വകുപ്പിലെ ജീവനക്കാരെ കേരള മാരിടൈം ബോർഡിയലേയ്ക്ക് മാറ്റിയതിനെത്തുടർന്ന് ടി വകുപ്പിലെ ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നമ്പർ 1716/2018 കേസ്സിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം, സേവന-വേതന വ്യവസ്ഥകൾ തുടങ്ങിയവയിന്മേലുള്ള ജീവനക്കാരുടെ ആശങ്കകൾ ചർച്ച ചെയ്യുന്നതിനായി 19-8-2019-ൽ തുറമുഖ വകുപ്പ് സെക്രട്ടറി സർവ്വീസ് സംഘടനാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. യോഗത്തിൽ ഉയർന്നുവന്ന ആവശ്യങ്ങൾ നിയമ വകുപ്പിന്റെ സഹായത്തോടെ പരിശോധിച്ചുവരികയാണ്.

**ഗൈഡുകളുടെ ഒഴിവുകൾ**

372 (4027) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പി.എസ്.സി. വഴി ഗൈഡിനെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എത്ര ഗൈഡുകളുടെ ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കാമോ;

(സി) ഗൈഡ് നിയമനത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ഡി) ഗൈഡുമാരെ നിയമിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പി.എസ്.സി. വഴി ഗൈഡിനെ നിയമിച്ചിട്ടുണ്ട്. 1987-ൽ ഒരു ജീവനക്കാരനെ പി.എസ്.സി. മുഖേന (Special recruitment) നിയമിച്ചിരുന്നു.

(ബി) പുരാവസ്തു വകുപ്പിൽ നിലവിൽ ഗൈഡ് തസ്തികയിൽ ഒഴിവുകൾ ഇല്ല.

(സി) മ്യൂസിയം ഗൈഡ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന്:

1. 1 അംഗീകൃത സർവ്വകലാശാല ബിരുദം
2. കേന്ദ്ര/കേരള സർക്കാർ അംഗീകൃത ടൂറിസം ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ്
3. ഇംഗ്ലീഷിലും ഹിന്ദിയിലും ആശയവിനിമയം നടത്താനുള്ള കഴിവ് (കുറിപ്പ്: ടി യോഗ്യത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരിശോധിക്കുന്നതാണ്) എന്നിവയാണ് യോഗ്യതകൾ.

തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എസ്.എസ്.എൽ.സി./ തത്തുല്യയോഗ്യതയും ഇംഗ്ലീഷിലും ഹിന്ദിയിലും ആശയവിനിമയം നടത്താനുള്ള കഴിവ് എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ.

(ഡി) ഗൈഡുമാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വാമനപുരം മണ്ഡലത്തിലെ പുരാവസ്തു സംരക്ഷണ വകുപ്പ് പദ്ധതികൾ**

373 (4028) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ പുരാവസ്തു സംരക്ഷണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(നക്ഷത്രചിഹ്നമിടാത്ത 3614, 3619, 3620, 3629, 3640, 3643, 3664, 3665, 3671, 3672, 3674, 3676, 3691, 3695, 3704, 3710, 3711, 3713, 3714, 3715, 3721, 3724, 3726, 3750, 3765, 3766, 3788, 3792, 3826, 3831, 3836, 3870, 3875, 3893, 3904, 3913, 3914, 3915, 3925, 3935, 3939, 3954 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അടിയന്തരപ്രമേയം

### വികസന പദ്ധതികളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: ത്രിതല പഞ്ചായത്തുകളുടെ 2018-19 സാമ്പത്തിക വർഷത്തെ ക്യൂവിൽ നിന്ന ബില്ലുകളുടെയും സ്പിൽഓവർ വർക്കുകളുടെയും തുക 2019-20 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും വെട്ടിച്ചുരുക്കിയതും നടപ്പുസാമ്പത്തികവർഷത്തെ പദ്ധതി വീണ്ടും പുനർ നിർണ്ണയിക്കേണ്ടിവന്നതും പദ്ധതിയിൽ വീണ്ടും വെട്ടിക്കുറവ് വരുത്താൻ നടത്തുന്ന നീക്കവും ബില്ലുകൾ മാറി പണം നൽകാത്തതും കാരണം ത്രിതല പഞ്ചായത്തുകളുടെ വികസന പദ്ധതികൾ സ്തംഭിക്കാനിടയായിട്ടുള്ള ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അടിയന്തരപ്രമേയത്തിന് ആധാരമായി ബഹുമാന്യനായ അംഗം പറഞ്ഞ കാര്യങ്ങൾ എനിക്ക് മനസ്സിലാകുന്നില്ല. ഒരുപക്ഷേ ശ്രീ. കെ. സി. ജോസഫ് വിഷയം അവതരിപ്പിച്ചശേഷം അതിനുള്ള വിശദീകരണം ഞാൻ നൽകുന്നതായിരിക്കും ഉചിതം. ആദ്യം പറഞ്ഞത്, ത്രിതല പഞ്ചായത്തുകളുടെ 2018-19 സാമ്പത്തികവർഷത്തെ ക്യൂവിൽ നിന്ന ബില്ലുകളുടെയും സ്പിൽഓവർ വർക്കുകളുടെയും തുക 2019-20 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും വെട്ടിച്ചുരുക്കി എന്നാണ്. വെട്ടിച്ചുരുക്കുകയല്ല, അതുകൂടി ഉൾക്കൊള്ളാവുന്ന രീതിയിൽ വർദ്ധിപ്പിച്ചുനൽകുമെന്നാണ് നിയമസഭയിൽ പറഞ്ഞത്. പഞ്ചായത്തുകൾക്ക് ഇരുപത് ശതമാനവും കോർപ്പറേഷന് മുപ്പത് ശതമാനവും വരെ തുക ഇത്തരത്തിൽ ക്യാരിഓവറിന്റെയും സ്പിൽഓവറിന്റെയും അഡീഷണലായി കൊടുക്കും. ക്യൂവിൽ നിന്ന ബില്ലുകൾക്ക് തികഞ്ഞില്ലെങ്കിൽ അഡീഷണൽ തുക പിന്നെയും നൽകും. എവിടെയാണ് വെട്ടിച്ചുരുക്കിയിരിക്കുന്നത്; ഇത് അടിസ്ഥാനമില്ലാതെ പറയുകയാണ്. രണ്ടാമത് പറയുന്ന കാരണം, 2019-20 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും വെട്ടിച്ചുരുക്കിയതുമൂലം അവർക്ക് പ്ലാൻ റിവൈസ് ചെയ്യേണ്ടിവന്നുവെന്നാണ്. അത് വെട്ടിച്ചുരുക്കിയതുമൂലമല്ല, കൂടുതൽ കൊടുത്തതുകൊണ്ടാണ്. ഡിസംബറിൽ പ്ലാൻ അംഗീകരിച്ച് അതിനോട് കൂട്ടിച്ചേർക്കലാണ് നടക്കുന്നത്. കൂട്ടിച്ചേർക്കുന്നതിന് കാലതാമസം വന്നാലും അംഗീകരിച്ച പദ്ധതി നടപ്പാക്കാൻ യാതൊരു തടസ്സവുമില്ല.

ഇപ്പോൾ കേരളത്തിലെ എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർത്താൽ 63 എണ്ണം മാത്രമേ ബാക്കിയുള്ളൂ. അതുകൊണ്ട് പദ്ധതിക്ക് അംഗീകാരം കിട്ടാത്തതുകൊണ്ട് പ്രശ്നങ്ങളുണ്ടെന്നു പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഞാൻ എപ്പോഴെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ വെട്ടിക്കുറയ്ക്കുമെന്ന് സഭയിൽ പറഞ്ഞിട്ടുണ്ടോ? ഡിപ്പാർട്ട്മെന്റുകൾ അവരുടെ പ്ലാനിൽ മുൻഗണനകൾ പുതുക്കി നിശ്ചയിക്കണമെന്ന് സൂചിപ്പിക്കുകയുണ്ടായി. പറയാത്ത കാര്യത്തിന് എന്തിനാണ് ശ്രീ. കെ. സി. ജോസഫ് ഇങ്ങനെ ആശങ്കയുണ്ടാക്കുന്നത്? ബില്ലുകൾ മാറി പണം നൽകാത്തതുമൂലം, ഇപ്പോൾ പെന്റിംഗായ പ്ലാൻ ബിൽ 199 കോടി രൂപയാണ്. അത്രയും തുക വരാൻ കാരണം, ശമ്പള ദിവസങ്ങളായതുകൊണ്ടാണ്. ബാക്കി ചെലവുകൾക്ക് തുക അനുവദിക്കുന്നതിന് ban ഉണ്ട്. ബാൻ ലിഫ്റ്റ് ചെയ്തുകൊണ്ട് ways and means കണക്കിലെടുത്ത് ഇതിനകംതന്നെ പണം റിലീസ് ചെയ്തുതുടങ്ങിയിട്ടുണ്ട്. എവിടെയാണ് സ്തംഭനം? ശ്രീ. കെ. സി. ജോസഫ്, വെറുതെ പരിഭ്രാന്തിയുണ്ടാക്കരുത്. എന്തെങ്കിലും കാര്യമായിട്ടുണ്ടെങ്കിൽ പറഞ്ഞാൽ ഞാൻ വിശദീകരിക്കാം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വിഷയം വളരെ ലഘൂകരിച്ചാണ് സംസാരിച്ചത്. അങ്ങ് അസത്യങ്ങൾ കൊണ്ടും അർദ്ധസത്യങ്ങൾകൊണ്ടും സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. You are deliberately and purposefully misleading this House. ബഹുമാന്യനായ സ്പീക്കർ അടക്കമുള്ള 141 എം.എൽ.എ.-മാർക്കും ബോധ്യമായ കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. ഡോ. ടി. എം. തോമസ് ഐസക്കിന് ബോധ്യമാവില്ലായിരിക്കാം. അങ്ങ് സ്പീക്കറാണെങ്കിലും വികസന കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന ഒരു എം.എൽ.എ.-യാണ്. അങ്ങയുടെ പഞ്ചായത്തിലെ സി.പി.ഐ.(എം) പ്രസിഡന്റുമാരോട് അവിടത്തെ യഥാർത്ഥ അവസ്ഥ എന്താണെന്ന് ചോദിച്ചുനോക്കൂ. കേരളത്തിലെ ലോക്കൽ ഗവൺമെന്റുകളുടെ പ്ലാൻ സ്തംഭിച്ചിരിക്കുന്നുവെന്നത് രാഷ്ട്രീയ വ്യത്യാസമില്ലാതെ ഈ സഭയിലുള്ളവർക്കെല്ലാം ബോധ്യമുള്ള കാര്യമാണ്. അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇത്തവണ പ്ലാൻ റിവൈസ് ചെയ്യുന്നതിന് അങ്ങ് പറഞ്ഞ കാരണം 20 ശതമാനം അഡീഷണലായി കൊടുക്കാൻ പോകുന്നുവെന്നാണ്. ആ ഉത്തരവ് അങ്ങേയ്ക്ക് മേശപ്പുറത്ത് വയ്ക്കാൻ സാധിക്കുമോ? 20 ശതമാനം കൊടുക്കാൻ തീരുമാനിച്ച ഉത്തരവുണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കണം. സി.പി.ഐ.(എം.) മെമ്പർമാരോടും പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിനോടും എൽ.എസ്.ജി.ഡി. വകുപ്പുമന്ത്രിയോടും എന്താണ് റിവൈസ് ചെയ്യാൻ പറഞ്ഞതെന്ന് ചോദിച്ച

നോക്കൂ. 2018-19-ലെ ക്യൂ നിന്ന ബില്ലുകൾ ഇത്തവണ പ്ലാൻ ഫണ്ടിൽനിന്നും കുറച്ചാണ് കൊടുക്കുന്നത്. ചരിത്രത്തിൽ ആദ്യമായി 2019 ഡിസംബർ 31-നുമുമ്പായി പ്ലാൻ തയ്യാറാക്കി. പക്ഷേ, അങ്ങനെ തയ്യാറാക്കിയ പ്ലാൻ മുഴുവൻ റിവൈസ് ചെയ്യേണ്ടിവന്നു. കാരണം, സ്പിൽഓവറിന്റെയും ക്യൂബില്ലിന്റെയും പണം വെട്ടിച്ചുരുക്കാൻ തീരുമാനിച്ചതുകൊണ്ട് എല്ലാ പ്ലാനും റിവൈസ് ചെയ്യേണ്ടിവന്നു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ നിസ്സഹായനാണ്. ഇവിടെ പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ചൂണ്ടിക്കാണിച്ചതുപോലെ, ധനകാര്യ വകുപ്പ് ബകനെപ്പോലെ എല്ലാം വെട്ടിവിഴുങ്ങുകയാണ്. ധനകാര്യ നിയന്ത്രണംമൂലം ഒരു വകുപ്പിനും മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. ഈ അവസ്ഥയെക്കുറിച്ച് ഭരണകക്ഷി എം.എൽ.എ.-മാരാരും മിണ്ടുന്നില്ല. അവർക്ക് ഈ സർക്കാരിന് embarrassment ഉണ്ടാക്കാൻ സാധിക്കില്ല. അവരുടെ വാക്കുകൾകൂടിയാണ് ഞാൻ പറയുന്നത്. ഈ സാമ്പത്തികവർഷം ആരംഭിച്ച് ഏഴ് മാസം കഴിഞ്ഞു. വലിയ നേട്ടങ്ങളെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞല്ലോ? നമ്മുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഇപ്പോൾ 60 ശതമാനം പ്ലാൻ ചെലവ് കഴിഞ്ഞിരിക്കണം. എന്നാൽ എന്താണ് യഥാർത്ഥ അവസ്ഥ? 1-11-2019-ലെ നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യം നമ്പർ 1636, - 2019 വാർഷിക പദ്ധതി പുരോഗതി. 27-10-2019 വരെ ഗ്രാമപഞ്ചായത്ത് 30.78%, ബ്ലോക്ക് പഞ്ചായത്ത് 35.02%, ജില്ലാ പഞ്ചായത്ത് 23.79%, മുനിസിപ്പാലിറ്റി 27.24%, കോർപ്പറേഷൻ 23.46%, ആകെ ചെലവാക്കിയത് 29.1%. ഈ ചെലവ് വരുന്നത് ക്യൂ നിന്ന ബില്ലുകളുടെകൂടി പണം വകയിരുത്തിയിട്ടാണെന്നത് യാഥാർത്ഥ്യം. ക്യൂ നിന്ന ബില്ലുകളുടെ പേമെന്റ് കൊടുത്തു. ഏതാണ്ട് 837.66 കോടി രൂപ നടപ്പ് സാമ്പത്തികവർഷത്തെ പ്ലാനിൽനിന്നും പേ ചെയ്തു. അതുകൂടി കൂട്ടിയാണ് ഈ പറയുന്ന ശതമാനം. ഏഴ് മാസം കഴിയുമ്പോൾ plan expenditure is only less than 20%. ജനകീയാസൂത്രണത്തിന്റെ വലിയ വക്താവായ അങ്ങ് മരാരിക്കുളം മോഡലെന്നും കഞ്ഞിക്കുഴി മോഡലെന്നും പറയുന്ന ചില പദ്ധതികൾക്ക് ഉണ്ടായിട്ടുള്ള പ്ലാൻ ഫണ്ടിന്റെ ചെലവ് കുറവ് ഈ സർക്കാരിന് അഭിമാനകരമാണോ? ഞാൻ ഈ സഭാതലത്തിൽനിന്നുകൊണ്ട് അങ്ങയോട് ചോദിക്കാൻ ആഗ്രഹിക്കുന്നു; Can you give a solemn assurance in this august House? ഒന്ന്, ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിൽ ഒരു വെട്ടിക്കുറവും വരുത്തുകയില്ല എന്നുപറയാൻ സാധിക്കുമോ? രണ്ട്, 2020 മാർച്ച് 31-നുമുമ്പ് സമർപ്പിക്കുന്ന എല്ലാ ബില്ലുകളും ഈ സാമ്പത്തികവർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കൊടുക്കാൻ സാധിക്കുമോ; ഇപ്പോൾതന്നെ ട്രഷറിയിൽ ഞെരുക്കമായി. കഴിഞ്ഞ വർഷം എന്താണ് ചെയ്തത്; ജനുവരി മുതൽ പ്ലാൻ കട്ട് ഏർപ്പെടുത്തി. ട്രഷറി ban ഏർപ്പെടുത്തി. രണ്ട് ലക്ഷം രൂപ കഴിഞ്ഞാൽ ബിൽ

മാറിക്കൊടുക്കില്ല. മാർച്ച് 23 മുതലുള്ള ബില്ലുകൾ മുഴുവൻ ക്യൂവിൽ വച്ചു. ഇത്തവണയും ആവർത്തിക്കാൻ പോകുകയാണ്. ട്രഷറിയിൽ പണമില്ല. മന്ത്രി കെ. രാജു സ്റ്റെയിറ്റ് ഫോർവേർഡാണ്. അദ്ദേഹം പറഞ്ഞതുപോലെ ട്രഷറിയിൽ കയ്യിട്ടുനോക്കിയാൽ അവിടെ ഒന്നുമില്ല. ട്രഷറി കാലിയാണ്. This is a bankrupt Government. അങ്ങ് വളരെ കൗശലക്കാരനാണ്, ചിരിച്ചും കളിച്ചും ആംഗ്യങ്ങളൊക്കെ കാണിച്ചും ഞങ്ങളെ കബളിപ്പിക്കും; സഭയെ mislead ചെയ്യും. ഞങ്ങൾ ഏർപ്പെടുത്തിയ ഇ-ബില്ലിന്റെ തുടർച്ചയാണ് ഇപ്പോഴത്തെ ക്യൂ സിസ്റ്റം എന്ന് കഴിഞ്ഞ ദിവസം അങ്ങ് പറഞ്ഞു. ഞാൻ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലെ ഗ്രാമവികസന വകുപ്പുമന്ത്രിയായിരുന്നു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെയും വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെയും ഭരണകാലത്ത് സാമ്പത്തികവർഷം അവസാനിക്കുന്ന മാർച്ച് 31 അർദ്ധരാത്രിവരെ കൊടുത്തിരുന്ന എല്ലാ ബില്ലുകൾക്കും പണം കൊടുത്തിരുന്നു. ഇത്തവണ അങ്ങ് വഴി മാറി സഞ്ചരിച്ചു. ബില്ലുകൾ ക്യൂവിൽ വച്ചു, ബില്ലുകൾക്ക് പേമെന്റ് നടത്തിയില്ല. ഞങ്ങളുടെ ഭരണകാലത്ത് ക്യാരിഓവർ ചെയ്ത ബില്ലുകൾ, സ്പിൽഓവർ വർക്കുകൾ എന്നിവയുടെ മുഴുവൻ എമൗണ്ടും പിറ്റേ സാമ്പത്തികവർഷത്തെ പ്ലാനിൽ വെട്ടിക്കുറയ്ക്കാതെ അഡീഷണലായി കൊടുത്തു. ഞാൻ ഇത് ഉത്തരവാദിത്വത്തോടെ പറയുകയാണ്. അങ്ങ് എന്താണ് ചെയ്യുന്നത്; ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് ക്യാരിഓവർ ചെയ്ത മുഴുവൻ ബില്ലുകളുടെയും പേമെന്റ് അഡീഷണലായി കൊടുത്തു. അങ്ങ് ചെയ്തതുപോലെ നടപ്പു സാമ്പത്തികവർഷത്തെ പ്ലാൻ ഫണ്ടിൽ കട്ട് ചെയ്യാൻ തയ്യാറായില്ല. ഇപ്പോൾ ക്യൂ ബില്ലുകളുടെ തുക 837.66 കോടി രൂപയാണ്. ഈ തുക ഇക്കൊല്ലത്തെ പ്ലാൻ ഫണ്ടിൽനിന്നും കട്ട് ചെയ്യാതെ അഡീഷണലായി കൊടുക്കാൻ സാധിക്കുമോ; വെട്ടിക്കുറവ് വരുത്തുന്നതുമൂലം ഈ വർഷത്തെ പ്ലാനിൽ വർദ്ധനവുണ്ടാക്കി എന്ന് അങ്ങ് പറഞ്ഞു. ഞാൻ അന്വേഷിച്ചുനോക്കി. അങ്ങനെയുള്ള ഒരുത്തരവും പഞ്ചായത്തുകൾ കൊടുത്തിട്ടില്ല. അങ്ങ് ഈ സഭയെ ബോധപൂർവ്വം mislead ചെയ്യുകയാണ്. ഇപ്പോഴത്തെ അവസ്ഥയിൽ പദ്ധതിയുടെ പുനരാവിഷ്കരിക്കൽ വന്നു. എന്തുകൊണ്ടാണ് പുനരാവിഷ്കരിച്ചത്; തയ്യാറാക്കിയ പദ്ധതിയിൽ വെട്ടിക്കുറവ് വന്നു. കാരണം, ക്യൂ ബില്ലുകളുടെ എമൗണ്ട് നടപ്പു സാമ്പത്തിക വർഷത്തെ ക്വാട്ടയിൽ നിന്നും സ്പിൽഓവർ എമൗണ്ട് മാറിപ്പോയി. ചെലവാക്കാൻ പണമില്ല. അതുകൊണ്ട് പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചു. അങ്ങ് പറഞ്ഞ ന്യായീകരണം, 20 ശതമാനം കൊടുക്കാൻ തീരുമാനിച്ചുവെന്നാണ്. ദയവായി ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ ശ്രമിക്കരുത്. കഴിഞ്ഞ ദിവസം ശ്രീ. വി. ഡി. സതീശൻ അടിയന്തര പ്രമേയത്തിൽ പറഞ്ഞത്, Resilient Kerala Project -ന് ലോക ബാങ്ക് വാഗ്ദാനം ചെയ്ത 500 മില്ല്യൺ ഡോളറിൽ 250 മില്ല്യൺ ഡോളർ (1850 കോടി രൂപ) നമുക്ക് ലഭിച്ചുവെന്നും ആ പണം എവിടെയെന്നും ചോദിച്ചു.

അത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. ശ്രീ. വി. ഡി. സതീശൻ ഈ തുക എവിടെയാണ് പാർക്ക് ചെയ്തിരിക്കുന്നത് എന്നുചോദിച്ചു. അത് ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ ഉണ്ടെന്ന് അങ്ങ് പറഞ്ഞു. അതാണ് ട്രഷറിയിൽ കയ്യിട്ടുനോക്കിയാൽ അവിടെ ഒരു പൈസയുമില്ല എന്ന് മന്ത്രി കെ. രാജു പറഞ്ഞത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, നിങ്ങൾ അധികാരം കൈമാറുന്ന സമയത്ത് ട്രഷറിയിൽ ഒന്നുമില്ലാതിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് എന്താണെന്ന് എല്ലാവർക്കും അറിയാം, ഇപ്പോൾ മാറ്റി വിശദീകരിക്കേണ്ട. ഒഴിഞ്ഞുമാറാൻ നോക്കേണ്ട. അങ്ങ് പറഞ്ഞത് സത്യമാണ്. അങ്ങ് സത്യമേ പറയൂ. ട്രഷറിയിൽ ഒന്നുമില്ല. ട്രഷറി blank ആണ്, ട്രഷറി ബാലൻസ് നോക്കിയാൽ ട്രഷറിയിൽ പണമില്ല. ആ പണം എവിടെ പോയി; അങ്ങ് പറഞ്ഞു ഇതെല്ലാംകൂടി കെട്ടിപ്പൂട്ടി കയറിട്ടുവച്ച് മാറ്റിവയ്ക്കുകയല്ല എന്ന്. വേൾഡ് ബാങ്കിന്റെ പണം എവിടേയ്ക്ക് പോയി; ദൈനംദിന ചെലവിൽ നിങ്ങൾ വകമാറ്റി ചെലവഴിച്ചു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് ഉത്തരം കിട്ടുന്നില്ല. ചോദ്യം നമ്പർ 82-ന് ഈ സമ്മേളനം ആരംഭിച്ച 28-10-2019-ന് ഉത്തരം ലഭിക്കണമായിരുന്നു. ചോദ്യം ഇതാണ്, '2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയ ദുരിതാശ്വാസ സഹായത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എത്ര കോടി രൂപ സഹായമായി ലഭിച്ചു;'. 28-10-2019-നാണ് ഉത്തരം പറയേണ്ടത്. ഇപ്പോൾ 10 ദിവസംകൂടി കഴിഞ്ഞു. കിട്ടിയ ഉത്തരം 'വിവരം ശേഖരിച്ചുവരുന്നു.' എന്നാണ്. CMDRF-ലേക്ക് എത്ര എമൗണ്ട് കിട്ടിയെന്നുചോദിച്ചാൽ ഉത്തരം പറയുന്നില്ല. സഭയെ ഇരുട്ടിലാക്കുന്നു. അടുത്ത ചോദ്യം, 'ദുരിതാശ്വാസ സഹായമായി എത്ര കോടി രൂപ നൽകിയെന്നും ഏതെല്ലാം വിഭാഗക്കാർക്ക് നൽകിയെന്നും വെളിപ്പെടുത്താമോ;' അതിനും 'വിവരം ശേഖരിച്ചുവരുന്നു.' എന്നാണ് ഉത്തരം. വിവര സാങ്കേതികവിദ്യയുടെ കാലത്ത് ഒരു ബട്ടൺ പ്രസ് ചെയ്താൽ കിട്ടുന്ന ഉത്തരമാണിത്. ഈ സഭയിൽ ഉത്തരം പറയേണ്ട മുഖ്യമന്ത്രിക്ക് പറയാൻ സാധിക്കുന്നില്ല; ഇതെല്ലാം ഒഴിഞ്ഞുമാറലാണ്. നരേന്ദ്ര മോദി ഗവൺമെന്റിന്റെ demonetization പോലെ, ജി.എസ്.ടി.പോലെ ഉണ്ടായ സാമ്പത്തികമാന്ദ്യം കേരളത്തിൽ ആവർത്തിക്കുകയാണ്. ലഭിക്കുന്ന പണമെല്ലാം വകമാറ്റി ചെലവഴിക്കുന്നു. ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിനെയാണ് ജനകീയാസൂത്രണത്തിന്റെ ഏറ്റവും വലിയ ചാമ്പ്യനായി നമ്മൾ കാണുന്നത്. അങ്ങനെയുള്ള അങ്ങയുടെ പാർട്ടി, ഇ.എം.എസ്.-ന്റെ പാർട്ടി അധികാരത്തിൽ

ഇരിക്കുമ്പോൾ പ്രാദേശിക ഗവൺമെന്റുകളെ തകർക്കാൻ ശ്രമിക്കുന്നു. പണം നൽകുന്നില്ല. ഈ സാമ്പത്തികവർഷം തയ്യാറാക്കിയ പദ്ധതിയുടെ 50 ശതമാനം നടപ്പാക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇക്കാര്യം ഗവൺമെന്റ് ആലോചിക്കണം. ഈ സഭ നിർത്തിവച്ച് കക്ഷി വ്യത്യാസമില്ലാതെ, ഭരണകക്ഷി മെമ്പർമാർക്കുകൂടി അഭിപ്രായം പറയാൻ സഹായകരമായ രീതിയിൽ ഇക്കാര്യം ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, തദ്ദേശഭരണ സ്ഥാപനങ്ങൾ ക്യാരിഓവർ അല്ലെങ്കിൽ സ്പിൽ ഓവർ പൂർണ്ണമായും അഡീഷണലായി കൊടുക്കാത്തതിന്റെ ഫലമായുണ്ടാകുന്ന പ്രയാസത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ വിലപിക്കുമ്പോൾ അത് 'ചെകുത്താൻ വേദമോതുക' എന്ന പ്രയോഗത്തിന്റെ കാറ്റഗറിയിൽപ്പെട്ടതാണ്. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്; ജനകീയാസൂത്രണം തുടങ്ങിയപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് നാല് ഗഡുക്കളായി കൊടുക്കുകയും അവരുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലിട്ട് യഥേഷ്ടം ചെലവഴിക്കുകയും ചെയ്തുകൊണ്ടിരുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. അങ്ങനെ ചെയ്യുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് പിന്നീട് വളരെ ശക്തമായി അപ്പുറത്തുനിന്ന് വാദിച്ചതിന്റെയൊക്കെ അടിസ്ഥാനത്തിൽ ക്യാരിഓവർ സമ്പ്രദായം കൊണ്ടുവന്നു. കേന്ദ്ര സർക്കാരിന്റെ സ്കീമുകൾക്കുള്ളിലുള്ളതുപോലെയാണ് 20 ശതമാനം ക്യാരിഓവർ, അതായത് 80 ശതമാനവും ചെലവാക്കണം. അതിന് താഴെ ചെലവാക്കിയാൽ ആ തുകയത്രയും പോകും. 20 ശതമാനം മാത്രമേ അടുത്ത വർഷത്തേയ്ക്കുള്ളൂ. ഇതായിരുന്നില്ലേ നിലവിലുണ്ടായിരുന്ന സമ്പ്രദായം; ഇത് എന്നാണ് മാറിയത്? 2003-ൽ പ്ലാൻ പി.ഡി. അക്കൗണ്ട് അബോളിഷ് ചെയ്ത് അവിടെ കിടന്ന 2000 കോടി രൂപ എടുത്തതിനുശേഷം ആ സമ്പ്രദായം അവസാനിപ്പിച്ചു. സ്പിൽ ഓവറുമില്ല, ക്യാരി ഓവറുമില്ല. അതല്ലേ നിങ്ങൾ ചെയ്തത്; ഇതുകഴിഞ്ഞ് എൽ.ഡി.എഫ്. അധികാരത്തിൽ വന്നു, പഴയ സ്ഥിതി പുനഃസ്ഥാപിച്ചു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ വളരെ ഉത്തരവാദിത്വത്തോടെ പറയുന്നു, ഞങ്ങളുടെ ഗവൺമെന്റിലെ പ്രതിനിധിയായിരുന്ന ശ്രീ. മഞ്ഞളാംകുഴി അലി ഈ സഭയിലുണ്ട്. 2016 മാർച്ച് 31-ന് ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുന്നതുവരെ ക്യാരിഓവർ ചെയ്ത എല്ലാ ഫണ്ടുകളും ഏത് വർഷത്തെ ചെലവാണോ ആ ചെലവിൽ ഉൾപ്പെടുത്തി അഡീഷണലായി കൊടുത്തിരുന്നു. അങ്ങ് സത്യം മറച്ചുവയ്ക്കരുത്. അങ്ങേയ്ക്ക് സംശയമുണ്ടെങ്കിൽ നിയമസഭാ സമിതിയിൽവച്ച് അന്വേഷിക്കാം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ശ്രീ. മഞ്ഞളാംകുഴി അലി മന്ത്രിയായിരുന്ന കാലത്തുള്ളതല്ല, അതിനുമുമ്പുള്ള കാലത്തെ കാര്യമാണ്

പറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പഴയ സ്ഥിതി പുനഃസ്ഥാപിച്ചു. പിന്നീട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നു, ശ്രീ. കെ. സി. ജോസഫും മന്ത്രിയായിരുന്നു. അപ്പോൾ സ്പിൽഓവർ ഇല്ല, സെപ്പറേറ്റ് അക്കൗണ്ടിലേയ്ക്കിട്ട് ചെലവഴിക്കുന്നതിനുപകരം മറ്റ് ഡിപ്പാർട്ട്മെന്റുകളെല്ലാം ചെയ്യുന്നതുപോലെ, പ്രവൃത്തി ചെയ്തതിനുശേഷം ബിൽ കൊടുത്ത് പണം വാങ്ങുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. ഇത് നിയമസഭാ സമിതിയിൽവച്ച് അന്വേഷിക്കാം. എവിടെ വച്ചുവേണമെങ്കിലും ഡിബേറ്റ് ചെയ്യാം. ശ്രീ. മഞ്ഞളാംകുഴി അലിക്ക് ഓർമ്മയുണ്ടെങ്കിൽ പറയട്ടെ. മാർച്ച് 31 വരെ ട്രഷറി തുറന്നുവച്ചു. പക്ഷേ, അവസാനത്തെ രണ്ട് വർഷമല്ലേ ഇ-ലാംപ്സ് (e-LAMS) കൊണ്ടുവന്നത്. എന്താണ് ഇ-ലാംപ്സ്? ട്രഷറിയിൽ വയ്ക്കേണ്ട, ഇങ്ങോട്ട് പറഞ്ഞാൽ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചേക്കാം. ട്രഷറി മാർച്ച് 31 വരെ തുറന്നിരുന്നു. പക്ഷേ, ബില്ലുകളെല്ലാം നേരത്തെ പറഞ്ഞാൽ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കും. ആ ഇ-ലാംപ്സ് സമ്പ്രദായമല്ലേ കൊണ്ടുവന്നത്. ഇതാണ് നിങ്ങളുടെ ട്രാക്ക് റെക്കോർഡ്. അതുകൊണ്ടാണ് ചെകുത്താൻ വേദമോതുന്നുവെന്ന് ഞാൻ പറഞ്ഞത്. പ്ലാൻ എങ്ങനെ റിവൈസ് ചെയ്യണമെന്ന് കൃത്യമായി ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവിറക്കാതെ എങ്ങനെയാണ് പ്ലാൻ റിവൈസ് ചെയ്യാൻ പറയുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, ആ ഉത്തരവിന്റെ പകർപ്പ് നൽകാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നൽകാം. അതൊക്കെ പബ്ലിക് ഡോക്യുമെന്റ്സല്ലേ. ഞാൻ ഈ സഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്ലാൻ റിവൈസ് ചെയ്തുതീർന്നു. ഏതാനും തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമാണ് ഇനിയും ചെയ്യാനുള്ളത്. അങ്ങനെ ചെയ്തില്ലെങ്കിലും നേരത്തെ അംഗീകരിച്ച പ്ലാനുള്ളതുകൊണ്ട് അതിൽനിന്ന് അവരുടെ പദ്ധതി പ്രവർത്തനവും കാര്യങ്ങളും ചെയ്യുന്നു. കഴിഞ്ഞ ക്യൂവിൽ നിന്ന ബില്ലുകളുടെ തുക അധീഷണലായി നൽകുമോയെന്നതാണ് നിങ്ങളുടെ ചോദ്യം. നിലവിൽ കൊടുത്തിരിക്കുന്നത് തീർന്നിട്ടല്ലേ അധീഷണലായിട്ടുള്ളത് വരുന്നത്. അത് തീരുമ്പോൾ നൽകുമെന്നല്ലേ ഞാൻ നിയമസഭയിൽ പറഞ്ഞത്. ഇപ്പോൾ ക്യൂവിൽ/പെൻഡിംഗിൽ നിൽക്കുന്ന ബില്ലിലെ തുകയാണ് 191 കോടി രൂപയെന്ന് ഞാൻ പറഞ്ഞത്. അത് ശമ്പള ദിവസങ്ങൾ കഴിയുമ്പോൾ വരുന്നതാണ്. ഭാവിയിൽ എന്താണ് ഉണ്ടാകുക? സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച കാര്യങ്ങൾ നിയമസഭയിൽ ഞാൻ പറഞ്ഞതാണ്. അത് മറച്ചുവയ്ക്കേണ്ട കാര്യമില്ല. ശ്രീ. കെ. സി. ജോസഫ് പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞപ്പോൾ കേന്ദ്ര സർക്കാരിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞിരുന്നോ? കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ വർഷാദ്യം ബഡ്ജറ്റ്

തയ്യാറാക്കുമ്പോൾ അനുവദിക്കുന്ന വായ്പാ പരിധിയിൽനിന്നും തുക വെട്ടിക്കുറച്ചിട്ടുള്ള ഒരനുഭവം നിങ്ങൾക്ക് കാണിച്ചുതരാമോ? 6,500 കോടി രൂപയുടെ വായ്പയാണ് വെട്ടിക്കുറച്ചത്. 1,75,000 കോടി രൂപ കോർപ്പറേറ്റുകൾക്ക് നികുതി ഇളവ് കൊടുത്തു. ജി.എസ്.ടി. വരുമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ചുരുങ്ങിയത് 5000 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാരിന്റെ നികുതി വിഹിതത്തിൽനിന്ന് കിട്ടുമെന്ന് ബഡ്ജറ്റിൽ പറഞ്ഞു. ഏകദേശം 14000 കോടി രൂപ കേന്ദ്ര സർക്കാർ തരാനുള്ളത് ഈ വർഷം കുറയുമ്പോൾ, സാമ്പത്തിക ഞെരുക്കമുണ്ടാകുമ്പോൾ വിമർശിച്ചോളൂ. കേന്ദ്ര സർക്കാർ നയത്തെക്കുറിച്ച് ഒരക്ഷരം പറയുന്നുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കേന്ദ്ര സർക്കാരിനെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദി മാന്ദ്യം ഉണ്ടാക്കിയതുപോലെ ഇവിടെ ഞങ്ങളും മാന്ദ്യം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതല്ലേ നിങ്ങളുടെ വിമർശനം. സംസ്ഥാനത്തിന്റെ അധികാരങ്ങൾക്കുനേരെ ഇത്തരത്തിൽ വാൾ വീശുമ്പോൾ അതിനെതിരായി ഒരക്ഷരം ഉരിയാടാതെ ഇങ്ങനെ എല്ലാം വെട്ടിക്കുറച്ചാലോയെന്ന് അഡ്വാൻസായി പറഞ്ഞ് പരിഭ്രാന്തിയുണ്ടാക്കാനാണ് ശ്രമിക്കുന്നത്. സംസ്ഥാന നികുതിയിൽ ആറായിരത്തോളം കോടി രൂപയുടെ കുറവ് വരുന്നു. ഇത്തരത്തിൽ 20,000 കോടി രൂപ വരുമാനത്തിൽ കുറവ് വരുമ്പോൾ പദ്ധതി അംഗീകരിച്ചത് പൂർണ്ണമായി നടപ്പാക്കാനാവില്ല. എന്നാൽ ഇപ്പോഴും രണ്ട് കാരണങ്ങൾകൊണ്ട് പ്ലാൻ ഘട്ടങ്ങൾ പ്രഖ്യാപിച്ചിട്ടില്ല. ഒന്ന്, രാജ്യത്തെ മാന്ദ്യം കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ ഒരുപക്ഷേ, സൽബുദ്ധി തോന്നി 2009-ൽ ചെയ്തതുപോലെ നികുതിയിളവ് കൊടുക്കലല്ല യഥാർത്ഥ സ്റ്റിമുലസ് പാക്കേജ്; മറിച്ച്, കേന്ദ്ര സർക്കാരിന്റെ ചെലവിലെയും സംസ്ഥാന സർക്കാരിന്റെ ചെലവിലെയും ഗണ്യമായ വർദ്ധന വരുത്താനുള്ള അനുവാദം കൊടുക്കുക എന്നുള്ളതാണ്. 2010-ൽ ചെയ്തതുപോലെ ഫിസ്കൽ ഡെഫിസിറ്റ് വർദ്ധിപ്പിക്കാൻ തീരുമാനിക്കുക. ഇനിയും അങ്ങനെയൊരു ബുദ്ധി തോന്നിയാൽ ഇങ്ങനെയുള്ള വലിയ കട്ടിംഗിൽനിന്നും, 20000 കോടി രൂപയുടെ ആശ്വാസം ലഭിക്കും. അത് വരുമോ ഇല്ലയോ എന്ന് കാത്തിരിക്കാം. രണ്ട്, ഒരാഴ്ചമുമ്പ് ജി.എസ്.ടി.-യുടെ വരുമാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസ് ഒരു വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. അവിടെ അവർ പറഞ്ഞ കണക്ക് ശ്രദ്ധേയമായിരുന്നു. കഴിഞ്ഞ വർഷത്തെ അഡ്ഹോക്ക് സെറ്റിൽമെന്റ്, ഈ വർഷമൊക്കെ ഇവിടെ ക്രെഡിറ്റ് കൊടുത്തുകഴിയുമ്പോൾ

അവിടെനിന്നും വാങ്ങേണ്ട പണമാണ് IGST-യിൽ ഉള്ളത്. അത് അഡ്ഹോക്കായി കഴിഞ്ഞ വർഷം തന്നു. അതൊക്കെ ഈ വർഷം ലഭിക്കേണ്ടതാണ്. അത് മാറ്റി നിർത്തുകയാണെങ്കിൽ കേരളത്തിന് ജി.എസ്.ടി. നികുതി 20 ശതമാനം വർദ്ധിച്ചുവെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസ് പറയുന്നത്. അഡ്ഹോക്ക് സെറ്റിൽമെന്റിലൂടെ എത്ര രൂപയാണ് ലഭിച്ചതെന്നതിനെക്കുറിച്ച് കൃത്യമായ വിവരമില്ലാത്തതുകൊണ്ട് കൃത്യമായി നമുക്കും പറയാൻ കഴിഞ്ഞില്ല. അതിന്റെ പശ്ചാത്തലത്തിൽ ആന്വൽ റിട്ടേൺ ഡിസംബർ മാസത്തിൽ ലഭിക്കുമ്പോൾ ഉചിതമായി ഇടപെട്ടാൽ ഒരുപക്ഷേ ഇപ്പോൾ മൈനസിൽ നിൽക്കുന്ന നികുതി വരുമാനം 14-ൽനിന്നും മുകളിലേയ്ക്കുപോയി മെച്ചപ്പെടാം. ഈ രണ്ട് കാര്യങ്ങൾകൂടി മനസ്സിലാക്കിയിട്ടാകാം ഔപചാരികമായി പ്ലാൻകട്ട് എത്രയെന്ന് തീരുമാനിച്ചത്. എന്നാൽ അതിനുള്ളിൽ ഒരോ ഡിപ്പാർട്ട്മെന്റിനും ഇങ്ങനെയൊരു സാധ്യത പ്ലാൻ കട്ടിൽ ഉള്ളതുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നത് മുൻഗണന നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിലാകണം. അതല്ലെങ്കിൽ അത്യാവശ്യമുള്ള പദ്ധതികൾ കട്ട് ചെയ്യപ്പെട്ടുപോകും. ആ മുൻഗണന പരിഗണിക്കുന്നതിന് എല്ലാ വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടില്ല. കഴിഞ്ഞ വർഷം 20 ശതമാനം പ്ലാൻകട്ട് ഏർപ്പെടുത്തിയപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെത് പ്ലാൻകട്ട് ചെയ്തിട്ടില്ല. അതാണ് തദ്ദേശഭരണ സ്ഥാപനങ്ങളോട് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള സമീപനം. ഈ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടില്ല. അവരുടെ മുൻഗണന നിശ്ചയിച്ചതുപോലെ വേണമെന്ന് പറഞ്ഞിട്ടില്ല. എന്നുമാത്രമല്ല, ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് Rebuild Kerala Initiative (RKI) നൽകുന്ന പണം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. 260 കോടി രൂപ ഇതിനകം മൂന്ന് ജില്ലകൾക്കായി അനുവദിച്ചുകഴിഞ്ഞു. ബാക്കിയുള്ളത് ആർ.കെ.ഐ.-യുടെ പരിഗണനയിലാണ്. യഥാർത്ഥത്തിൽ ആർ.കെ.ഐ. വഴി ലഭിക്കുന്നതുകൂടി ചേർക്കുമ്പോൾ അംഗീകരിച്ച പ്ലാനിലേതിനേക്കാൾ എത്രയോ വലുതായിരിക്കും നടപ്പിലാക്കാൻ പോകുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, 2018-ലെ പ്രളയത്തിൽ ഗ്രാമീണ റോഡുകൾ തകർന്നതിന് പത്ത് പൈസപോലും പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ല. അതാണ് റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കൊടുക്കുമെന്ന് പറയുന്നത്. മൂന്ന് ജില്ലകൾക്ക് കൊടുത്തുവെന്നാണ് പറയുന്നത്. പൂർണ്ണമായും തകർന്ന റോഡുകളുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പ്രളയദുരിതാശ്വാസമെന്ന നിലയിൽ കൊടുക്കുന്നത് ഇതിൽ ഉൾപ്പെടുത്തുന്ന പദ്ധതി വിഹിതമായി പരിഗണിക്കുന്നത് ശരിയാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പദ്ധതി ചെലവായി പരിഗണിക്കണമെന്ന് പറഞ്ഞിട്ടില്ല. ഏത് രീതിയിൽ ലഭിച്ചാലും അവസാനം പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പണംതന്നെയാണ് വിനിയോഗിക്കുന്നത്. റോഡുകൾക്ക് കേടുപറ്റിയാൽ മെയിന്റനൻസ് ഗ്രാന്റിൽനിന്നും ചെലവഴിക്കും. ആ മെയിന്റനൻസ് ഗ്രാന്റ് വളരെ ഗണ്യമായി ഉയർത്താൻ പോകുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. അത് അങ്ങനെ ഉൾപ്പെടുത്താമെന്നുച്ചാൽ മെയിന്റനൻസ് ഗ്രാന്റ് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയും? പ്ലാൻ ഫണ്ടെന്ന് ഞാൻ പറഞ്ഞില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത്തരത്തിലൊരു പ്രയാസം ways and means clearance -ന്റെ പ്രശ്നങ്ങളെല്ലാം വന്നാൽപോലും അവരുടെ പ്ലാൻകട്ട് ചെയ്യുന്നില്ലെന്നുമാത്രമല്ല, അവർക്ക് RKI (Rebuild Kerala Initiative)-ഫണ്ടിൽ നിന്നും കൂടുതൽ പണം ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, റീബിൽഡ് കേരള പദ്ധതിയെ സംബന്ധിച്ച് പറഞ്ഞു. പഞ്ചായത്തുകൾക്ക് ആയിരം കോടി രൂപ അനുവദിക്കുമെന്ന് അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു, ഒൻപത് മാസമായി. 2018 ആഗസ്റ്റിലെ പ്രളയം കഴിഞ്ഞിട്ട് ഒരു കൊല്ലവും മൂന്ന് മാസവുമായി. അതത് പഞ്ചായത്തുകളുടെ കീഴിലാണോ റീബിൽഡ് കേരളയുടെ പ്രവൃത്തികൾ നടക്കുന്നത്? അതോ റീബിൽഡ് കേരള പദ്ധതിയിൽ ഗ്രാമീണ റോഡുകൾക്കുള്ള പണം ആ പഞ്ചായത്തുകളുടെ ഫണ്ടിലേയ്ക്ക് കൊടുക്കുമോ, അതല്ലെങ്കിൽ പുതിയൊരു കൺസൾട്ടന്റിനെ കൊണ്ടാണോ ഗ്രാമീണ റോഡുകളുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നത്? സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എഞ്ചിനീയർമാരുണ്ട്. അവരെയൊക്കെ ഒഴിവാക്കി റീബിൽഡ് കേരള പദ്ധതിക്ക് ഒരു പ്രത്യേക വിഭാഗം, അതിനൊരു പ്രോജക്ട് ഡിപ്പാർട്ട്മെന്റുണ്ടാക്കുന്നത് എന്ത് മാനദണ്ഡപ്രകാരമാണ്? നമുക്ക് എല്ലാ സംവിധാനവുമുണ്ട്. ഇന്നലെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരെ ഒഴിവാക്കി. കിഫ്ബിക്ക് വേറെ എഞ്ചിനീയർമാരെ നിയമിച്ചു. എന്തിനാണ് ഇങ്ങനെ വേറെവേറെ സംവിധാനങ്ങളിലേയ്ക്ക് പോകുന്നത്? അതുകൊണ്ടാണ് എല്ലാ കാര്യങ്ങൾക്കും കാലതാമസമുണ്ടാകുന്നത്.

മി.സ്പീക്കർ: ഇത് സ്പിൽ ഓവറാണ്.

ശ്രീ. പി. കെ. ബഷീർ: സർ, അദ്ദേഹം റീബിൽഡ് കേരളയെപ്പറ്റി പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, റീബിൽഡ് കേരളയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ മൂന്ന് ജില്ലകളുടെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ പണം അനുവദിച്ചു എന്ന് പറഞ്ഞു. അത് 2018-ലെ പ്രളയകാലത്ത് തകർന്നുപോയ 1700-ലധികം കിലോമീറ്റർ ദൈർഘ്യമുള്ള, തകർന്നുപോയ റോഡുകളുടെ ഭാഗമായിട്ടുള്ളതാണ്. 2019-ലും പ്രളയമുണ്ടായിട്ടുണ്ട്. ഇത് പ്രത്യേകമായി തയ്യാറാക്കുന്നതിന്റെ ഭാഗമായി കുറച്ച് താമസമുണ്ടായി. അതിനിടയ്ക്കാണ് പ്രളയവും രണ്ട് ഘട്ടങ്ങളിലുണ്ടായ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമൊക്കെ വന്നത്. ഇതെല്ലാം കാലതാമസത്തിന് കാരണമായി. എല്ലാ പണികളും നിലവാരത്തോടുകൂടി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി പ്രത്യേകമൊരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഉണ്ടാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരെയും സാങ്കേതിക വിഭാഗം ജീവനക്കാരെയും വച്ചുതന്നെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ബാക്കിയുള്ള റോഡുകൾകൂടി ഈ പ്രോജക്ടിന്റെ ഭാഗമായി ചേർക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. ഗ്രാമീണ റോഡുകളുടെ പ്രവർത്തനങ്ങൾക്ക് RKI ഫണ്ടും അത്യാവശ്യം വേണ്ടിവരികയാണെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ഫണ്ടുംകൂടി പ്രയോജനപ്പെടുത്തണമെന്നാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ധാരണയായിട്ടുള്ളത്. അതിനുവേണ്ടിയുള്ള വർക്കുകൾ അതിവേഗത്തിൽ നടക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിന്റെ ഫലമായി പദ്ധതി നടത്തിപ്പിൽ എന്തോ വലിയ തകർച്ചയുണ്ടായിക്കൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ മൂന്ന് വർഷത്തെ പ്രവർത്തനം പരിശോധിച്ചാൽ 70 ശതമാനത്തിൽ താഴെയാണ്. ഒരു വർഷം മാത്രമാണ് 70 ശതമാനത്തിന് മുകളിൽ രേഖപ്പെടുത്തിയത്, അത് 73 ശതമാനമായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് 2017-18-ൽ 86 ശതമാനവും 2018-2019-ൽ 87 ശതമാനവുമാണ് പദ്ധതി നിർവ്വഹണവും മറ്റു കാര്യങ്ങളും നടത്തിയിട്ടുള്ളത്. ഈ വർഷം 29 ശതമാനമാണ് ഇതുവരെയുള്ള ചെലവുകളെന്ന് അങ്ങ് പറഞ്ഞു. യഥാർത്ഥത്തിൽ ഇതിനുശേഷമുള്ള കണക്ക് പരിശോധിച്ചാൽ 30 ശതമാനം വരും. ഡോ. എം. കെ. മുനീർ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹം നൽകിയ ഉത്തരത്തിൽ പറയുന്നത് 2015 ഡിസംബർ മാസം പദ്ധതിച്ചെലവ് 20.5 ശതമാനമായിരുന്നു എന്നാണ്. ഇവിടെ വെറുതെ ആശങ്കകളും പരിഭ്രാന്തിയും പ്രചരിപ്പിക്കുകയാണ്.

അത് നേരത്തെ e-LAMS വച്ചിരുന്നത് കൊടുത്താലും അതുതന്നെവരും. ഇങ്ങനെ ആശങ്കപ്പെടേണ്ട കാര്യമില്ല. എങ്കിലും ഇങ്ങനെയൊരു കാര്യം സഭയിൽ വന്നപ്പോൾ കാര്യങ്ങൾ വിശദീകരിക്കാനും കുറച്ചുകൂടി വ്യക്തത വരുത്താനും കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വാക്കുകൾകൊണ്ടൊരു കസർത്തുമാത്രമാണ് നടത്തിയത്. 13-6-2009-ൽ ഇതേ വിഷയത്തിൽ ഒരു അടിയന്തര പ്രമേയം ശ്രീ. കെ. സി. ജോസഫ് തന്നെ അവതരിപ്പിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു പ്രശ്നവുമില്ല, എല്ലാം മുടങ്ങാതെ നടക്കുന്നുണ്ടെന്ന് അന്ന് അങ്ങ് മറുപടി പറയുകയുണ്ടായി. ഇവിടെ 'എല്ലാം വിഴുങ്ങുന്ന ബകൻ' ഉദ്യോഗസ്ഥന്മാരല്ല, ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് ഞങ്ങൾക്ക് ബോധ്യമായ ഒരു മറുപടിയാണ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടായത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ യാതൊരു വികസന പ്രവർത്തനങ്ങളും നടക്കുന്നില്ലെന്നതാണ് സത്യം. ഒരു സ്പെസിഫിക് ചോദ്യമാണ് ചോദിച്ചത്. കഴിഞ്ഞ വർഷം ക്യൂവിൽനിന്ന ബില്ലുകളുടെ തുകയായ 837.66 കോടി രൂപ ഈ വർഷത്തെ പദ്ധതികൾക്കുപുറമെ, അഡീഷണലായി നൽകാൻ കഴിയുമോ? ഇതാണ് ഈ അടിയന്തര പ്രമേയത്തിന്റെ ഒരു പ്രധാനപ്പെട്ട ഭാഗം.

ഡോ. ടി. എം. തോമസ് ഐസക്: സർ, നൽകാൻ കഴിയുമെന്ന് സഭയിൽ ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്ലാൻ റിവൈസ് ചെയ്തത്. അങ്ങ് ഇതേ ചോദ്യംതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ എന്താണ് അർത്ഥം?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ചോദിച്ചത്, ഓരോ പഞ്ചായത്തുകൾക്കും കിട്ടിയിട്ടില്ല എന്നുള്ളതുകൊണ്ടുതന്നെയാണ്. അങ്ങ് പറയുന്നത് പദ്ധതികളെല്ലാം പൂർത്തീകരിച്ചതിനുശേഷം തരാമെന്നാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങേയ്ക്ക് ഇക്കാര്യങ്ങളെല്ലാം അറിയാവുന്നതാണ്. ബഡ്ജറ്റിൽ നിങ്ങളുടെ പേരിൽ പണം വകയിരുത്തിയിട്ടുണ്ടെങ്കിൽ അത് ചെലവാക്കിയതിനുശേഷമല്ലേ അഡീഷണൽ ആതറൈസേഷൻ അനുവദിക്കേണ്ടത്? അല്ലാതെ തുടങ്ങുമ്പോൾത്തന്നെ

അനുവദിക്കുകയാണോ ചെയ്യുന്നത്? അതുകൊണ്ട് പണം ചെലവാക്കി തീർന്നതിനുശേഷം ചർച്ച ചെയ്യേണ്ട കാര്യങ്ങളാണിത്. ഇപ്പോഴേ ഇങ്ങനെയെല്ലാം ചോദിച്ചാൽ എന്തുചെയ്യും?

ശ്രീ. രമേശ് ചെന്നിത്തല: സർ, അപ്പോൾ ചെലവ് വരുത്താതിരുന്നാൽ അങ്ങേയ്ക്ക് പണം കൊടുക്കേണ്ടിവരില്ല, അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതുവരെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് 29.7 ശതമാനം. അങ്ങ് 30 ശതമാനമെന്നാണ് പറഞ്ഞത്. 30 ശതമാനമായി കണക്കാക്കാം. ക്യൂവിലുണ്ടായിരുന്ന ബില്ലുകളുൾപ്പെടെയുള്ളവയുടെ കാര്യമാണ് അങ്ങ് പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കാര്യം അങ്ങ് ഇവിടെ പറഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിലവിൽ ക്യൂവിൽനിന്ന ബില്ലുകൾ കൂട്ടാതെയുള്ള കണക്കാണ് പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ്: സർ, അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. നിലവിൽ 29.7 ശതമാനത്തിൽ ക്യൂ ബില്ലും ഉൾപ്പെടുന്നുണ്ട്. അതല്ലെങ്കിൽ എത്ര ശതമാനമാണുള്ളത്, ക്യൂ ബിൽ എത്ര ശതമാനമുണ്ടെന്ന് അദ്ദേഹം പറയട്ടെ.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയല്ലേ നൽകാൻ കഴിയൂ. ഇത് കൊടുക്കാൻ മറ്റേതെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ അങ്ങ് പറഞ്ഞുതന്നാൽ ആ വഴി നടപ്പിലാക്കാം. വേറെ മാർഗ്ഗങ്ങളൊന്നുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇതുപോലെ പ്രതിസന്ധി നേരിട്ട ഒരു കാലഘട്ടമുണ്ടായിട്ടില്ല. അങ്ങ് കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ കാര്യം പറഞ്ഞു. അതുസംബന്ധിച്ച് ഞാൻ പറയാം. എന്റെ കയ്യിൽ കണക്കുകളുണ്ട്. 75 ശതമാനത്തിന് മുകളിലായിരുന്നു പദ്ധതി നിർവ്വഹണം. 2011-2012-ൽ 75.47 ശതമാനം. 2012-2013-ൽ 68.74 ശതമാനം, 2013-2014-ൽ 73.66 ശതമാനം. 2015-2016-ൽ 72.5 ശതമാനം. ഇങ്ങനെയായിരുന്നു പ്ലാൻ എക്സ്പെൻഡിച്ചർ. ഞങ്ങൾ 60 ശതമാനത്തിന് താഴെ പ്ലാൻ ചെലവ് കൊണ്ടുവന്നിട്ടില്ല. ഇവിടെ ജനകീയാസൂത്രണത്തെപ്പറ്റിയും അധികാര വികേന്ദ്രീകരണത്തെപ്പറ്റിയും വാതോരാതെ സംസാരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയും എൽ.ഡി.എഫ്. ഗവൺമെന്റും പഞ്ചായത്തുകളെ ശ്വാസംമുട്ടിക്കുകയാണ്, അവർക്ക് വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത അവസ്ഥയുണ്ടാക്കുകയാണ്. നിരന്തരമായി ഞങ്ങൾ ഈ വിഷയം ഉന്നയിച്ചിട്ടും അങ്ങ് ഇക്കാര്യങ്ങളെ പൊതിഞ്ഞ് പറയുന്നു. അവർക്ക് ഫണ്ട് കിട്ടുന്നില്ലെന്നതാണ് സത്യം. 30 ശതമാനമാണ് കട്ട് ചെയ്യാൻ പോകുന്നത്. അങ്ങ് പറയുന്നത് പഞ്ചായത്തുകളുടെ വിഹിതം കട്ട് ചെയ്യുന്നില്ലെന്നാണ്. അങ്ങനെയെങ്കിൽ, ഒരു

കാര്യം പറയാൻ ആഗ്രഹിക്കുന്ന, അപ്പുറത്തിരിക്കുന്ന ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങളെപ്പോലും അങ്ങേയ്ക്ക് ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തുകളിൽ പ്രവർത്തനം നടക്കുന്നില്ല. കണ്ണൂർ മുനിസിപ്പാലിറ്റിയിലെ കഴിഞ്ഞ ചെയർപേഴ്സനായിരുന്ന ശ്രീമതി ഇ. പി. ലതയുടെ കത്ത് ശ്രീ. സണ്ണി ജോസഫ് എന്നെ കാണിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരോടോ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റുമാരോടോ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരോടോ ചോദിച്ചാൽ അവർ പറയുന്നത്, പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നില്ല, വികസന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെന്ന വ്യാപകമായ പരാതിയാണ്. അങ്ങ് പറഞ്ഞു, ജനവരി 1 മുതൽ കർശനമായ ട്രഷറി നിയന്ത്രണമെന്ന്. ശമ്പളം കൊടുക്കേണ്ട കാര്യങ്ങളാണ്. അതുകൂടി വരുമ്പോൾ എന്താണ് സ്ഥിതി? പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. അങ്ങ് കേന്ദ്ര സർക്കാരിനെക്കുറിച്ച് പറഞ്ഞു. ഞങ്ങളാരും കേന്ദ്ര സർക്കാരിന്റെ സാമ്പത്തികനയങ്ങളെ പിന്തുണയ്ക്കുന്നില്ല. നാളെ രാജ്ഭവന്റെ മുന്നിൽ കോൺഗ്രസ് പാർട്ടിയുടെ ഏറ്റവും വലിയ പ്രതിഷേധ ധർണ്ണ നടക്കുകയാണ്. രാജ്യത്തൊമ്പാടും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ കേന്ദ്രത്തിന്റെ സാമ്പത്തിക നയങ്ങൾക്കും മാന്ദ്യത്തിനും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്കുമെതിരായി സമരം നടക്കുകയാണ്. ഞങ്ങളാരും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനെ അനുകൂലിക്കുന്നില്ല. അങ്ങത് പറഞ്ഞത് വളരെ ദൗർഭാഗ്യകരമായിപ്പോയി. വിഷയം രണ്ടും രണ്ടാണ്. ശ്രീ. കെ. സി. ജോസഫ് അക്കാര്യം ഇവിടെ സൂചിപ്പിക്കാതിരുന്നത് വിഷയം വേറേ ആയതുകൊണ്ടാണ്. കേന്ദ്രത്തിന്റെ സാമ്പത്തിക നയങ്ങൾക്കും കോർപ്പറേറ്റ് സമീപനങ്ങൾക്കുമെതിരായി, 25 കോർപ്പറേറ്റുകൾക്കുവേണ്ടി മാത്രം സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്ന നടപടികൾക്കെതിരായി ഞങ്ങളാണ് ഏറ്റവും ശക്തമായി നിലകൊള്ളുന്നത്.

ഇന്ന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുകൾ നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നമാണിത്. അങ്ങ് എപ്പോഴും ഇതിനെ നിസ്സാരവൽക്കരിച്ച് പറയുകയാണ്. പഞ്ചായത്തുകൾക്ക് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ, അവർ വന്ന് പറയുമ്പോൾ ആ വസ്തുത പരിശോധിച്ചാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. നേരത്തെതന്നെ 'ലൈഫ്' പദ്ധതിക്കുവേണ്ടി പഞ്ചായത്തുകളുടെ പദ്ധതിയിൽ 20 ശതമാനം കുറവുവരുത്തി. സർക്കാരിന്റെ പദ്ധതികൾക്കുവേണ്ടി പഞ്ചായത്തുകളുടെ തനതുഫണ്ട് ഉപയോഗിക്കേണ്ടിവരുന്നു. എന്നിട്ട് 'ലൈഫ്' പദ്ധതി നേരെചൊവ്വേ നടക്കുന്നുണ്ടോ? 'ലൈഫ്' പദ്ധതിയുടെ ഭവന നിർമ്മാണത്തിന് കൺസൾട്ടൻസി തുകയായി 13.65 കോടി രൂപ ഒരു സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിരിക്കുകയാണ്. അത് എന്തിനുവേണ്ടിയാണ്; ഇവിടെ ഗവൺമെന്റിന്റെ

കൺസൾട്ടൻസി ഏജൻസികളില്ലേ; ഇത്രയും വലിയ തുക ചെലവാക്കി മദ്രാസിലുള്ള ഒരു സ്വകാര്യ കമ്പനിയെ ഇത് ഏൽപ്പിക്കേണ്ട കാര്യമെന്താണ്; പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (PMC) തെരഞ്ഞെടുത്തിരിക്കുന്നു. സി.ആർ. നാരായണറാവു പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനത്തെ മൂന്ന് റീജിയണിലേയ്ക്കും പി.എം.സി. ആയി തെരഞ്ഞെടുത്തു. അനാവശ്യമായ ചെലവുകൾ നിയന്ത്രിക്കുമെന്നുപറയുന്ന സർക്കാരാണ് 'ലൈഫ് മിഷൻ' പദ്ധതിക്കുവേണ്ടി ഇത്രയും കോടി രൂപയ്ക്ക് ഒരു കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത്. ഈ കൺസൾട്ടൻസിക്ക് കൊടുക്കുന്ന തുകകൊണ്ട് വേണമെങ്കിൽ 480 വീടുകൾ വച്ചുകൊടുക്കാമായിരുന്നു. സംസ്ഥാന സർക്കാർതന്നെ ഓരോ പദ്ധതിയും ഇയർമാർക്ക് ചെയ്ത് കൊടുക്കുകയാണ്, ഇതിനുവേണ്ടി ചെലവഴിക്കണമെന്ന്. പഞ്ചായത്തുകൾക്ക് അവരുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇവിടെ ശ്രീ. വി. ഡി. സതീശൻ റീബിൽഡ് കേരളയ്ക്കുവേണ്ടി വേൾഡ് ബാങ്കിൽനിന്ന് ലഭിച്ച 1750 കോടി രൂപ സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്കുവേണ്ടി വകമാറ്റി ചെലവഴിച്ചുകൊണ്ടിരിക്കുന്നു എന്നുപറഞ്ഞു. പൊട്ടിപ്പൊളിഞ്ഞൊരു ഖജനാവുമായി നിൽക്കുന്ന ധനകാര്യ വകുപ്പുമന്ത്രി വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകാതെ, അവകാശവും സ്വാതന്ത്ര്യവും നൽകാതെ, അവരുടെ പണംകൂടി കീശയിലാക്കുന്ന നിലപാടുമായാണ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് ബഡ്ജറ്റിൽ പറഞ്ഞ വികസനപ്രവർത്തനങ്ങൾപോലും നടക്കുന്നില്ല. നിരവധി അംഗങ്ങൾക്ക് പരാതികളുണ്ട്. ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾപോലും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ്, ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ്. അതിന്റെ ഏറ്റവും വലിയ പ്രതിഫലനമാണ് പഞ്ചായത്തിന്റെ കാര്യത്തിൽ കാണുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ തവണ പറഞ്ഞ അതേ മറുപടിയാണ് ഇപ്പോഴും പറയുന്നത്. അദ്ദേഹം വസ്തുതകൾ പരിശോധിച്ചുകൊണ്ട് ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന സർക്കാരിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എം. ഉമ്മർ: സർ, അധികാര വികേന്ദ്രീകരണം നടപ്പിലായിട്ട് ഏതാണ്ട് കാൽ നൂറ്റാണ്ട് പിന്നിട്ടു. കാൽ നൂറ്റാണ്ടിനുശേഷം ജനപ്രതിനിധികളും പഞ്ചായത്ത്, തദ്ദേശഭരണ സ്ഥാപനങ്ങളും ഇത്രയും വലിയൊരു പ്രതിസന്ധിയെ തരണം ചെയ്ത കാലഘട്ടമുണ്ടായിട്ടില്ല. യഥാർത്ഥത്തിൽ സംസ്ഥാന സർക്കാർ

അധികാര വികേന്ദ്രീകരണത്തിന് ബദലായി അധികാര കേന്ദ്രീകരണം നടത്തിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തികരംഗത്ത് പഞ്ചായത്തുകൾക്ക് പ്രവർത്തിക്കാൻ കഴിയാത്തത്ര പ്രയാസം അനുഭവിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലുള്ള ധാരാളം പ്രതിസന്ധികളുണ്ടാകുമ്പോൾ സർക്കാർ ആ പ്രതിസന്ധിയുടെ മൂർച്ച കൂട്ടുകയാണ്.

പണം യാതൊരു ബുദ്ധിമുട്ടുമില്ലാതെ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. പക്ഷേ അങ്ങനെയാണെങ്കിലും 10-4-2019-ന് സർക്കാർ ഇറക്കിയ ഒരു സർക്കുലറുണ്ട്. കേരള സർക്കാർ ധനകാര്യ (രഹസ്യ) വകുപ്പിന്റെ സർക്കുലറാണ്. അതിൽ പറയുന്നത്, നടപ്പു സാമ്പത്തികവർഷം സർക്കാർ വകുപ്പുകൾ ട്രഷറി ക്യൂവിൽനിന്നും പുനർസമർപ്പിക്കുന്ന ബില്ലുകളുടെ തുക കഴിച്ചുള്ള ബഡ്ജറ്റ് വിഹിതത്തിനുമാത്രമേ ഭരണാനുമതി പുറപ്പെടുവിക്കാൻ പാടുള്ളൂ എന്നാണ്. ഇക്കാര്യം ഭരണവകുപ്പും വകുപ്പ് മേധാവികളും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളും ഉറപ്പുവരുത്തേണ്ടതാണ്. ഇതിപ്പോഴും നിലനിൽക്കുകയാണ്. അങ്ങ് ആവശ്യമുണ്ടെങ്കിൽ പണം കൊടുക്കാമെന്ന് പറയും. പക്ഷേ ഇതനുസരിച്ചുള്ള പദ്ധതികൾക്കല്ലേ അംഗീകാരം നൽകുന്നുള്ളൂ. അതുമാത്രമല്ല, ഇപ്പോഴിവിടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മന്ത്രി ഒരേ ചോദ്യത്തിന് രണ്ട് വിധത്തിലുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അത് ഡിപ്പാർട്ട്മെന്റുകൾക്കല്ലേ; തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷൻസല്ലേ; അവർക്ക് ഗ്രാന്റ് കൊടുക്കുന്നതല്ലേ? ആ ഓർഡർ ഡിപ്പാർട്ട്മെന്റുകൾക്കാണ് ബാധകം.

ശ്രീ. എം. ഉമ്മർ: സർ, ഇത് അതനുസരിച്ചേ പോകുന്നുള്ളൂ. അതുകൊണ്ട് വേറെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നില്ല. അതിന് പണം ലഭിക്കണ്ടേ? അതുമാത്രമല്ല, 1-11-2019-ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ പണം ചെലവഴിച്ചതുസംബന്ധിച്ചുള്ള ചോദ്യത്തിന് ഭരണകക്ഷി അംഗത്തിന് ഒരു മറുപടിയും പ്രതിപക്ഷാംഗത്തിന് വേറൊരു മറുപടിയുമാണ് നൽകിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുവിഭാഗം, എസ്.സി.എസ്.പി., ടി.എസ്.പി. എന്നിവയുടെ ചെലവ് എത്ര ശതമാനമാണെന്ന് ചോദിച്ചപ്പോൾ ശ്രീ. കെ. സുരേഷ് കുറുപ്പിന് നൽകിയ മറുപടിയിൽ പറയുന്നത് പൊതുവിഭാഗം - 35.61%, എസ്.സി.എസ്.പി.-23.94%, ടി.എസ്.പി.-29.86% എന്നാണ്. അതേസമയം, ശ്രീ. കെ. സി. ജോസഫിന് നൽകിയ മറുപടിയിൽ പൊതുവിഭാഗം-36%, എസ്.സി.എസ്.പി.-24.3%, ടി.എസ്.പി.-27.21%

എന്നാണ്. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ചെലവഴിച്ച തുകയിലും വ്യത്യാസമുണ്ട്. ജില്ലാ പഞ്ചായത്ത് ചെലവഴിച്ചത് 34.77 ശതമാനവും ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത് 34.77 ശതമാനവും എന്നാണ് വേറൊരു മറുപടിയിൽ പറഞ്ഞിട്ടുള്ളത്. രണ്ടാമത്തേതിൽ മുഴുവൻ വ്യത്യാസമാണ്. ഒരേദിവസം ഒരേമന്ത്രി ഒരേസഭയിൽ നൽകിയ മറുപടിയാണിത്. ഇതിൽ യാതൊരു വ്യക്തതയുമില്ല.

പഞ്ചായത്തുകൾ പണം ചെലവഴിച്ചില്ലെന്ന് പറയുന്നുണ്ടല്ലോ. 4.6 ശതമാനം മാത്രമാണ് ഏപ്രിൽ മാസംവരെ ചെലവഴിച്ചതെന്ന് പറഞ്ഞു. ഇത് ചെലവഴിക്കാതിരിക്കാനുള്ള കാരണം, അംഗീകരിച്ച പദ്ധതിയിൽ ഒരു സ്പെല്ലിംഗ് മിസ്റ്റേക്കുണ്ടെങ്കിൽ, അംഗീകാരം ലഭിച്ച ഒരു പഞ്ചായത്തിന്റെ പേര് മാറിയിട്ടുണ്ടെങ്കിൽ അത് അവിടെവച്ച് ആ പഞ്ചായത്ത് ബോർഡിന് തിരുത്താനുള്ള അധികാരമില്ല. അത് വീണ്ടും സംസ്ഥാനതലത്തിൽ വന്ന് സർക്കാരിന് മാത്രമേ തിരുത്തിക്കൊടുക്കാൻ അധികാരമുള്ളൂ. ഒരു സ്പെല്ലിംഗ് മിസ്റ്റേക്കുണ്ടായാൽ അതുപോലും തിരുത്താൻ അധികാര വികേന്ദ്രീകരണം കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടുപോലും സാധ്യമല്ല. പഞ്ചായത്തിന്റെ പേരിലോ അല്ലെങ്കിൽ റോഡിന്റെ പേരിലോ ഒരു വ്യത്യാസം വന്നാൽ അവിടത്തെ പഞ്ചായത്ത് ബോർഡ് ചേർന്ന് തീരുമാനിച്ചാൽ മതി. അതിനുപോലും അധികാരമില്ലാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. പഞ്ചായത്തുകൾക്കുള്ള പദ്ധതികളെ സംബന്ധിച്ച് നമ്മൾ ഇവിടെ പലതവണ ചർച്ച ചെയ്തതാണ്. മുകളിൽ നിന്ന് താഴേയ്ക്ക് കെട്ടിയിറക്കുകയാണ്. പഞ്ചായത്തുകൾക്ക് സ്വയം ചെലവഴിക്കാൻ തീരുമാനമെടുക്കാനുള്ള അധികാരത്തിനുവേണ്ടി അങ്ങേയറ്റം വാദിച്ചിട്ടുള്ള ഡോ. ടി. എം. തോമസ് ഐസക്കിനെപോലെയുള്ളവർ ധനകാര്യ വകുപ്പുമന്ത്രിയാകുമ്പോൾ, അന്ന് അങ്ങ് മന്ത്രിയല്ലായിരുന്നെങ്കിൽപ്പോലും പഞ്ചായത്തുകളുടെ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ഗ്രാമങ്ങളിൽ മുഴുവൻ ഓടിനടന്ന അങ്ങ് ഇപ്പോൾ പരിപൂർണ്ണമായ അധികാരവും നിയന്ത്രണവുമുള്ളൊരു സർക്കാരിലേയ്ക്ക് വന്നപ്പോൾ പഞ്ചായത്തുകൾക്ക് കൈയും കാലും കെട്ടിയിട്ട് പണം ചെലവഴിക്കാമെന്ന് പറയാം എന്നല്ലാതെ സ്വാതന്ത്ര്യം കൊടുക്കുന്നില്ല. അത് വളരെ നിർഭാഗ്യകരമാണ്. അതുകൊണ്ട് ഇന്ന് ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട, അടിത്തട്ടിലുള്ള പഞ്ചായത്തുകൾക്ക്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത ഈ സാഹചര്യം, ഇത്രയധികം പ്രയാസമുള്ളൊരു വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എം. ഉമ്മറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. എഫ്. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി വാസ്തവത്തിൽ നിരാശയാണുണ്ടാക്കിയത്. ഡോ. ടി. എം. തോമസ് ഐസക് തന്നെയാണോ സംസാരിക്കുന്നതെന്ന് ഞങ്ങൾ ശ്രദ്ധിച്ചുനോക്കി. കാരണം, അദ്ദേഹം എപ്പോഴും ജനകീയാസൂത്രണത്തിനും അധികാര വികേന്ദ്രീകരണത്തിനുംവേണ്ടി ശക്തമായി നിന്ന ആളാണ്. മന്ത്രിയാകുന്നതിനുമുമ്പും ഒരുപാട് അതിനുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ള ആളാണ്. പക്ഷേ എന്തുകൊണ്ടാണ് അങ്ങ് ഇങ്ങനെയൊരു സമീപനം സ്വീകരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. എല്ലാ മന്ത്രിമാർക്കും ജോലിത്തിരക്കുണ്ടാകും. പക്ഷേ ഇന്നത്തെ വളരെ ഗൗരവമുള്ള ഈ വിഷയം ചർച്ച ചെയ്യാമായിരുന്നു. നമ്മുടെ പഞ്ചായത്ത് അംഗങ്ങൾ അവരുടെ ഉത്കണ്ഠകൊണ്ട്, പഞ്ചായത്ത് ഇലക്ഷൻ വരാൻ പോകുകയാണ്, ഒരു പഞ്ചായത്തിലും ഒരുകാര്യവും നടക്കുന്നില്ല. റോഡുകളെല്ലാം കുളമായി. റോഡ് മാത്രമാണോ പദ്ധതിയെന്ന് പറയുന്നത്; എന്തെല്ലാം പ്രവർത്തനം നടക്കേണ്ടതാണ്; അതിന് പണമുണ്ടോ? ഇതാണോ നമ്മളെല്ലാവരുംകൂടി അഭിമാനത്തോടുകൂടി കൊണ്ടുവന്ന അധികാര വികേന്ദ്രീകരണം അല്ലെങ്കിൽ ജനകീയാസൂത്രണം. ഈ അസംബ്ലി പോലെതന്നെ ഗൗരവമുള്ളതല്ലേ അവിടത്തെ പഞ്ചായത്ത് കമ്മിറ്റി യോഗവും? ഗ്രാമസഭ ടു ലോക്സഭ അതായിരുന്നല്ലോ നമ്മൾ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി കൊടുത്ത ആശയം. അതുവല്ലതും ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ? ദയവായി ഒരു കാര്യം അങ്ങ് ചെയ്യുന്നത് നല്ലതാണ്. കഴിയുമെങ്കിൽ ഗവൺമെന്റ് പദ്ധതി ആവിഷ്കരിച്ചശേഷം അത് പഞ്ചായത്തിന്റെ ചെലവിൽ നടപ്പിലാക്കാൻ പറയരുത്. അവർക്ക് ആകപ്പാടെ കിട്ടുന്നത് കുറച്ച് പണമാണ്. ആ പണത്തിന്റെ നല്ലൊരു ശതമാനം ഇത്തരം പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കാൻ പറഞ്ഞാൽ എന്തൊരു ന്യായമാണത്; പിന്നെ എന്ത് ലോക്കൽ സെൽഫ് ഗവൺമെന്റാണ്; എന്താണ് അവരുടെ അധികാരം; അവർക്കും വേണ്ടേ വികേന്ദ്രീകരണത്തിന്റെ ഗുണം? അതൊന്നും കൊടുക്കാതിരിക്കുകയാണ്. അങ്ങയിൽ നിന്ന് ഇങ്ങനെയൊരു മറുപടിയല്ല പ്രതീക്ഷിച്ചത്. അങ്ങ് കേന്ദ്രത്തിനെതിരായ കാര്യങ്ങൾ പറഞ്ഞു. ഞങ്ങളൊന്നും കേന്ദ്രത്തെ താങ്ങുന്ന കക്ഷികളല്ല. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഒരു രാജ്യത്ത് കേന്ദ്രം എല്ലാം കയ്യടക്കിവയ്ക്കുന്ന ഒരു അധികാര കേന്ദ്രമായല്ല വരേണ്ടത്. ഒരേസമയത്തുതന്നെ അധികാരങ്ങളും വരുമാന മാർഗ്ഗങ്ങളും സംസ്ഥാനങ്ങൾക്ക് കൊടുക്കണം. അതാണ് ഫെഡറൽ സംവിധാനം. പക്ഷെ അത് കേന്ദ്രം നടപ്പിലാക്കുന്നില്ല. മാത്രമല്ല, കൂടുതൽ പിടിമുറുക്കുകയുമാണ്. വരുമാന മാർഗ്ഗങ്ങളെല്ലാം കയ്യിലൊതുക്കുന്നു. അതിശക്തമായി കേന്ദ്ര ഗവൺമെന്റിനെതിരായി ഇത് പറയാൻ ഞങ്ങൾക്കാർക്കും ഒരു മടിയുമില്ല. അതല്ല ഇവിടത്തെ വിഷയം. നമ്മുടെ ഗവൺമെന്റിനില്ലേ ഉത്തരവാദിത്വം? ലോക്കൽ

ബോഡീസിന് വന്നിരിക്കുന്ന ഈ ബുദ്ധിമുട്ട്, ഒരു പ്രവർത്തനവും നടക്കാത്ത ഒരവസ്ഥയിൽ അവരെ സഹായിക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ചിന്തിക്കണം. വേണമെങ്കിൽ പ്രത്യേക മന്ത്രിസഭ കൂടണം. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമെല്ലാംകൂടി ചേരുന്നതല്ലേ നമ്മുടെ സംസ്ഥാനം? അവിടെ നടക്കുന്ന വികസന സ്തംഭനമെന്ന് പറയുന്നത് സ്റ്റേറ്റിന്റെ വികസന സ്തംഭനമാണ്. അതുകൊണ്ട് സംസ്ഥാന മന്ത്രിസഭ ഇത് ഗൗരവമായെടുത്ത് അതിനുള്ള പോംവഴികൾ എന്താണെന്ന് കണ്ടുപിടിക്കേണ്ടതായിരുന്നു. അതുകൊണ്ട് എത്രയുംപെട്ടെന്ന് ഇക്കാര്യങ്ങളിൽ ഒരു മാറ്റം വരുത്തണം. അതിന് ഒരു ചർച്ച ഉപകരിക്കുമായിരുന്നു. ആ ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളുടെ കക്ഷി വാക്കൗട്ട് നടത്തുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് യാഥാർത്ഥ്യം തന്നെയാണ്. അധികാര വികേന്ദ്രീകരണം എന്ന ലക്ഷ്യത്തെ സാമ്പത്തിക ഞെരുക്കം ദോഷകരമായി ബാധിക്കുമെന്നത് വാസ്തവം തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുകയില്ല, പക്ഷെ മുൻഗണന നിശ്ചയിക്കാനായി ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പറയുന്നത് അതിലേയ്ക്കുതന്നെയാണ് എത്തുന്നതെന്ന സംശയം സ്വാഭാവികമായുണ്ടാകുന്ന ഒന്നാണ്. അങ്ങ് അതിൽനിന്നും വ്യത്യസ്തമായി, തദ്ദേശഭരണ സ്ഥാപനങ്ങളോട് അത് ആവശ്യപ്പെട്ടിട്ടില്ല എന്നാണ് പറഞ്ഞത്. ലൈഫ് പദ്ധതിച്ചെലവ് പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും വിനിയോഗിക്കേണ്ട സാഹചര്യം വന്നപ്പോൾ അത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. റീബിൽഡ് കേരളയിലെ റോഡുകളുടെ കാര്യം അങ്ങിവിടെ സൂചിപ്പിച്ചു. ഇവർക്ക് മെയിന്റനൻസ് ഗ്രാന്റിൽനിന്ന് ഇത് ലഭ്യമാക്കേണ്ടതായി വരുമെന്ന് പറഞ്ഞു. അങ്ങനെയാണ് അങ്ങയുടെ മറുപടിയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങ് ഉദ്ദേശിക്കുന്നത്, സ്വാഭാവികമായും ഇതും അവരുടെ പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്ന നിലയിലേക്ക് വരുന്നുവെന്നതാണ്. 2018-ലെ പ്രളയത്തിനുശേഷമുള്ള ഗ്രാമീണ റോഡുകളുടെ സാഹചര്യം, 2019-ലെ പ്രളയത്തിനുകൂടി ചേർത്തുകൊണ്ട് ഒരുമിച്ച് റോഡുകൾക്കുള്ള ലിസ്റ്റ് കൊടുക്കണം എന്നതാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നതെന്ന് പറഞ്ഞു. 2018-19 ഒന്നര വർഷം, ആദ്യത്തെ പ്രളയം കഴിഞ്ഞ് ഗ്രാമീണ റോഡുകൾ തകർന്ന കാലഘട്ടം കഴിഞ്ഞു. കേരളത്തിലെ മിക്ക പഞ്ചായത്തുകളിലെയും ഗ്രാമീണ റോഡുകളുടെ സ്ഥിതി

പരമദയനീയമാണ്. പഞ്ചായത്തുകൾക്ക് മുന്നോട്ടുപോകാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നാട്ടിലേയ്ക്കിറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യം ഇന്നുണ്ട് എന്നത് വിസ്മരിക്കരുത്. അതിനാവശ്യമായ തുകകൾ പഞ്ചായത്തുകൾക്ക് നൽകണം. മൂന്ന് ജില്ലകൾക്കായി 266 കോടി രൂപ നൽകി എന്നാണ് അങ്ങ് സൂചിപ്പിച്ചത്. പ്രളയം ഏറ്റവുംകൂടുതൽ ബാധിച്ച എറണാകുളം, ആലപ്പുഴ ജില്ലകൾ ആദ്യത്തെ പട്ടികയിൽ വന്നിട്ടില്ല. ഏറ്റവുംകൂടുതൽ പ്രളയം ബാധിച്ച ജില്ലകളാണ് എറണാകുളവും ആലപ്പുഴയും. അത് ഇതിനകത്ത് കടന്നുവന്നതായി കാണാൻ കഴിയുന്നില്ല. എന്തായാലും ഇക്കാര്യത്തിൽ ഗവൺമെന്റ് ഗൗരവമായി ഇടപെട്ട് ആവശ്യമായ തുകകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. തദ്ദേശഭരണ സ്ഥാപന പ്രതിനിധികളെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന സാഹചര്യമുണ്ടാകരുതെന്ന് സൂചിപ്പിക്കുന്നു. അതോടൊപ്പംതന്നെ 1-11-2019-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി രണ്ട് മെമ്പർമാർക്ക് നൽകിയ മറുപടി വ്യത്യസ്തമാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ പരിശോധിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ സർക്കാർ വികേന്ദ്രീകരണത്തെപ്പറ്റി ഭംഗിയായി സംസാരിക്കുന്നുണ്ട്. പക്ഷെ പ്രവർത്തനത്തിൽ അത് കാണുന്നില്ല. കേന്ദ്രത്തിൽനിന്നും കൊടുക്കുന്ന പണം താഴേക്കിടയിലുള്ള സംഘടനകൾക്കു വേണ്ടി, സർക്കാരിനും പഞ്ചായത്തിനും കൊടുക്കുന്ന തോത് വർദ്ധിപ്പിച്ചു, എന്നിട്ടും ഇവിടെ വിതരണം ചെയ്യുന്നതിൽ പരാജയം കാണുന്നു. എന്നിട്ട് കേന്ദ്രത്തെ കുറ്റം പറഞ്ഞ് രക്ഷപ്പെടാൻവേണ്ടി ശ്രമിക്കുകയാണ്. ഈ തുക വകമാറ്റി ചെലവഴിക്കുന്നതും ധൂർത്തുംകൊണ്ട് സാമ്പത്തികമായ പ്രശ്നങ്ങൾ ഉണ്ടായിരിക്കുകയാണ്. കുറ്റം മറ്റുള്ളവരുടെ തലയിൽ കെട്ടിവച്ചിട്ട് കാര്യമില്ല. ഡീസെൻട്രലൈസ്ഡ് ബോഡീസിന് അവരുടെ കടമകൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാരിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തോട്ടം തൊഴിലാളികളുടെ കൂലിയും വീടില്ലാത്ത പ്രശ്നങ്ങളുമാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. കേരളത്തിലെ 661 തോട്ടങ്ങളും 24 സർക്കാർ തോട്ടങ്ങളും ഉൾപ്പെടെ 685 തോട്ടങ്ങളിലായി 63417 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. തോട്ടം തൊഴിലാളികളുടെ സ്ഥിതി അങ്ങേയറ്റം ദയനീയമാണ്. ഏറ്റവും കുറഞ്ഞ കൂലിയാണ് അവർക്ക് ലഭിക്കുന്നത്. വിലയിടിവിന്റെ പേരുപറഞ്ഞ് വൻകിട തോട്ടമുടമകൾ തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റാനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നത് അനുവദിക്കാനാകില്ല, അത് പ്രതിസന്ധിയുടെ പരിഹാരവുമല്ല. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തുകയേ വഴിയുള്ളൂ എന്നതാണ് ഇടതുപക്ഷ ട്രേഡ് യൂണിയനുകൾ പൊതുനിലപാടായി പ്രഖ്യാപിച്ചിട്ടുള്ളത്. തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധനവിനുവേണ്ടി നിരവധി ചർച്ചകളെല്ലാം നടന്നെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഈ മാസം 14-ാം തീയതി വീണ്ടും പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേരുന്നുണ്ട്. അതിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 27-ാം തീയതി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്തുകൊണ്ട് 50 രൂപ താൽക്കാലിക ആശ്വാസം നൽകിയിട്ടുണ്ട്. അതിൽത്തന്നെ പിന്നോട്ടുപോകുന്ന നിലപാട് മാനേജ്മെന്റുകൾ സ്വീകരിക്കുന്നുവെന്നാണ് പി.എൽ.സി. അംഗങ്ങൾ പറയുന്നത്. തോട്ടം തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് വരുത്തേണ്ടത് ആവശ്യമാണ്. 600 രൂപയാണ് കൂലിയായി എല്ലാവരും ആവശ്യപ്പെടുന്നതെങ്കിലും ഇന്നത്തെ സ്ഥിതി വച്ച് അത്രയും കൂലി ഒരു ട്രേഡ് യൂണിയനും ആവശ്യപ്പെടുമെന്ന് തോന്നുന്നില്ല. എന്തായാലും ന്യായമായ കൂലി തോട്ടം തൊഴിലാളികൾക്ക് കൊടുക്കേണ്ടതുണ്ട്. അതിന് അടിയന്തര പരിഹാരം കാണേണ്ടതുണ്ട്.

ലൈഫ് പദ്ധതിയിൽ തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. ലേബർ ഡിപ്പാർട്ട്മെന്റിൽ 28,452 തൊഴിലാളികളുടെ അപേക്ഷകൾ ഇതിനകംതന്നെ വന്നുകഴിഞ്ഞിട്ടുണ്ട്. സ്ഥലവും വീടുമില്ലാത്ത തൊഴിലാളികളുടെ എണ്ണം 20,380 എന്നാണ് ലേബർ ഡിപ്പാർട്ട്മെന്റ് കണക്കാക്കിയിരിക്കുന്നത്. സ്ഥലമുണ്ടെങ്കിലും വീടില്ലാത്തവർ 4,715 പേരുണ്ട്. റിട്ടയർചെയ്ത തൊഴിലാളികളുടെ കണക്ക് വേറെയുണ്ട്. അതുകൊണ്ട് തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. വൻകിട

തോട്ടമുടമകളിൽ നിന്നുതന്നെ ആവശ്യമായ സ്ഥലം ലഭ്യമാക്കുമെന്നായിരുന്നു നേരത്തെ ഗവൺമെന്റ് പറഞ്ഞിരുന്നത്. അതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. മാത്രമല്ല, പത്തോളം തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നുവെന്നാണ് ലേബർ ഡിപ്പാർട്ട്മെന്റിന്റെ കയ്യിലുള്ള കണക്കുകൾ പറയുന്നത്. വയനാട്ടിൽ കുറിച്യർമല, എൽസ്റ്റൺ പ്ലാന്റേഷൻ എന്നിവിടങ്ങളിൽ കുറേക്കാലമായി തൊഴിലാളികൾക്ക് കൂലിയും ആനുകൂല്യങ്ങളുമൊന്നും കൊടുക്കുന്നില്ല. ഇതിനെല്ലാംതന്നെ നമുക്കൊരു ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയണം. തോട്ടം തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. അവരുടെ ജീവിതം വളരെ പ്രയാസത്തിലാണ്, അത് പരിഹരിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം എന്നതാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതന പരിഷ്കരണത്തിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലുണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ 1948-ലെ മിനിമം വേതന നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് പതിവ്. എന്നാൽ 2015-16 കാലഘട്ടത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് ചർച്ചകൾ നടന്നെങ്കിലും ധാരണയിലെത്തിച്ചേരാൻ കഴിയാത്ത സാഹചര്യത്തിൽ, മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 17-5-2016-ൽ 78/2016/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയാണുണ്ടായത്. തോട്ടം മേഖലയിൽ അടുത്ത വേതനപരിഷ്കരണം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ഇതിനകം പത്ത് യോഗങ്ങൾ ചേർന്ന് വിഷയം ചർച്ച ചെയ്തുവെങ്കിലും ധാരണയിലെത്താൻ കഴിഞ്ഞില്ല. വേതന പരിഷ്കരണം സംബന്ധിച്ച് തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ 27-2-2019-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം നൽകാൻ ധാരണയിലെത്തി കരാറുണ്ടാക്കിയിട്ടുണ്ട്. ഇതുപ്രകാരമുള്ള വർദ്ധനവ് തൊഴിലാളികൾക്ക് ലഭിച്ചുവരികയാണ്. വേതന പരിഷ്കരണം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടി 14-11-2019-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന സ്വന്തമായി വീട് ലഭ്യമാക്കാൻ

സർക്കാർ തീരുമാനിക്കുകയും ആയതിന്റെ നടത്തിപ്പിനായി ലൈഫ് മിഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ തോട്ടം തൊഴിലാളികളെ നാല് കാറ്റഗറികളായി തരംതിരിച്ച് തൊഴിൽ വകുപ്പ് നടത്തിയ സർവ്വേയിൽ 32591 പേർ ഭൂരഹിതരും ഭവനരഹിതരുമാണെന്ന് കണ്ടെത്തുകയുണ്ടായി. സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷന് പ്രത്യേകമായി സമർപ്പിച്ചിട്ടുണ്ട്.

11.00 A.M.]

തോട്ടം മേഖലയിൽ ജോലി ചെയ്യുന്നതും സ്വന്തമായി സ്ഥലമുള്ളതും ഭവനരഹിതരുമായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപ ചെലവിൽ 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റ്യാർ വാലിയിൽ ലൈഫ് മിഷൻ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 'ഭവനം ഫൗണ്ടേഷൻ കേരള' മുഖേന പുരോഗമിച്ചുവരികയാണ്. തോട്ടം മേഖലയിൽ ജോലിചെയ്യുന്ന, സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽനിന്നും കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തോട്ടം തൊഴിലാളികൾക്കായി പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ ആവശ്യത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകുന്ന തോട്ടം ഉടമകളുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ലേബർ ഡിപ്പാർട്ട്മെന്റിൽ വയനാട്ടിലെ 3487 തൊഴിലാളികൾ വീടിനുവേണ്ടി അപേക്ഷ കൊടുത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഭവനനിർമ്മാണം ആരംഭിക്കുന്നതിന്റെ ഭാഗമായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഘട്ടംഘട്ടമായിമാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെങ്കിലും ആദ്യഘട്ടമെന്ന നിലയ്ക്ക് ഭവനനിർമ്മാണ പദ്ധതി ഏറ്റെടുക്കാൻ കഴിയുമോ; അങ്ങനെയെങ്കിൽ എത്ര കുടുംബങ്ങൾക്ക് വീട് നൽകാൻ കഴിയും?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, പ്രളയദുരന്തത്തെത്തുടർന്ന് വയനാട്ടിലെ തോട്ടംതൊഴിലാളികൾ ഉൾപ്പെടെയുള്ള സാധാരണ കുടുംബങ്ങൾ വലിയ ദുരിതമാണ് നേരിടേണ്ടി വന്നത്. പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിച്ച് നൽകുന്നതിനായുള്ള പദ്ധതികൾ ഫലപ്രദമായി അവിടെ നടപ്പിലാക്കിവരികയാണ്. പ്രളയവുമായി ബന്ധപ്പെട്ട് നിരവധി തോട്ടം തൊഴിലാളികൾക്കും വീട് ഇല്ലാതായിട്ടുണ്ട്. അത്തരം തൊഴിലാളികൾക്ക് വീട് നൽകുന്നതിനായി തോട്ടം ഉടമകളുമായി സംസാരിച്ച് സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. വയനാട്ടിൽ സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ, തോട്ടം ഉടമകളിൽ നിന്നോ, മറ്റ് ഭൂമി ഉപയോഗപ്പെടുത്തിയോ കഴിയുന്നതും ഡിസംബർ മാസത്തിൽത്തന്നെ 100 തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ പൂർണ്ണമായിക്കഴിഞ്ഞിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 100 കുടുംബങ്ങൾക്ക് വയനാട്ടിൽ അടിയന്തരമായി വീട് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ പ്രാവർത്തികമാക്കുന്നതാണ്.

## (2) പി.എസ്.സി. നിയമനവും ചട്ടങ്ങളുടെ രൂപീകരണവും

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുസ്വരത നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള ഭരണഘടനാനുസൃതമായ നിലപാടാണ് സംവരണത്തിലൂടെ നമുക്ക് ലഭിച്ചിട്ടുള്ളത്. വ്യത്യസ്ത ഗവൺമെന്റ് തലങ്ങളിലും മറ്റെല്ലാ തലങ്ങളിലും ആ സംവരണം എങ്ങനെയായിരിക്കുന്നു എന്ന വിഷയംതന്നെയാണ് രാവിലെയും ഇവിടെ ചർച്ച ചെയ്തത്. അതിനുള്ള മറുപടിയും അങ്ങ് പറഞ്ഞുകഴിഞ്ഞു. ആ മേഖലകളിലൊക്കെ അത്തരത്തിലുള്ള സംവരണങ്ങൾ ഇല്ലാതെപോകുകയും അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ പൊതുവെ നിലനിൽക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ, കേരളത്തെ സംബന്ധിച്ചിടത്തോളം അഭ്യസ്തവിദ്യരായ ഒട്ടനവധി ചെറുപ്പക്കാർ തൊഴിൽ തേടി നടക്കുന്ന ഒരു സമയം കൂടിയാണിത്. ഈ സന്ദർഭത്തിലും സംസ്ഥാനത്തെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, ക്ഷേമനിധികൾ എന്നിവിടങ്ങളിലുള്ള നിയമനങ്ങൾ നാളിതുവരെ പി.എസ്.സി.-യ്ക്ക് വിട്ടിട്ടില്ല. തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ 12 എണ്ണത്തിലെയും നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാനുണ്ട്. നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ട സ്ഥാപനങ്ങളിലെയും ഇതുവരെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കിയിട്ടില്ല. സാസ്കാരിക വകുപ്പിന്റെ കീഴിലെ 11-ഓളം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാനുണ്ട്. വ്യത്യസ്തങ്ങളായ സ്ഥാപനങ്ങളിലെ ഇതുസംബന്ധിച്ച കണക്ക് ഞാൻ പറയുന്നില്ല, അങ്ങയുടെ കൈവശംതന്നെ അവ

ഉണ്ടാകും. വ്യവസായ വകുപ്പിന് കീഴിലെ സംവരണങ്ങൾ പാലിക്കാതെയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെയും റൂൾസ് തയ്യാറാക്കാതെയും സംസ്ഥാനത്ത് 34-ഓളം സ്ഥാപനങ്ങൾ നിലവിലുണ്ട്. അത്തരം സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കിയതിനുശേഷം സെക്രട്ടേറിയറ്റിലെ ഭരണവകുപ്പിനെ ഏൽപ്പിക്കുകയാണ് പതിവായി ചെയ്യുന്നത്. ഭരണവകുപ്പ് ഇവ പരിശോധിച്ച് പി.എസ്.സി.-ക്ക് അയയ്ക്കണം. എന്നാൽ വിശേഷാൽ ചട്ടങ്ങൾ, സംവരണം, നിയമനരീതി തുടങ്ങിയ കാര്യങ്ങളിൽ പി.എസ്.സി. സഹായങ്ങൾ ചോദിക്കാറുണ്ട്. ആയതിന് ബന്ധപ്പെട്ട ഭരണവകുപ്പും പൊതുമേഖലാ സ്ഥാപനവും മറുപടി നൽകണം. ഇത്തരത്തിൽ ചില സ്ഥാപനങ്ങളുടെ വിശേഷാൽ ചട്ടം വർഷങ്ങളായി സെക്രട്ടേറിയറ്റിലെ സെക്ഷനുകളിൽ കിടക്കുകയാണ്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാതിരിക്കുന്നതും വിട്ടിട്ടും നിയമനങ്ങൾ നടക്കാത്തതുമൊക്കെ ചില സ്വാർത്ഥ നിലപാടുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണെന്ന് കാണാൻ കഴിയും. ഉദാഹരണത്തിന് മത്സ്യഫെഡിലെ റിക്രൂട്ട്മെന്റ് റൂൾസിലെ വിശേഷാൽ ചട്ടങ്ങളുടെ ഭാഗമായി ചില കാര്യങ്ങളിൽ പി.എസ്.സി. സഹായം അഭ്യർത്ഥിച്ചിട്ടും ഭരണവകുപ്പ് ഇതുവരെ മറുപടി നൽകിയിട്ടില്ല. ഇതുപോലുള്ളവ മറ്റു വ്യത്യസ്ത വകുപ്പുകളിലുമുണ്ട്. സർക്കാരിന്റെ ഒരു സർക്കുലറിലെ രണ്ടാമത്തെ ഇനത്തിൽ പറയുന്നത് "സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയെന്നത് സർക്കാരിന്റെ നയമാണ്, ഇത് നയപരമായ തീരുമാനമാണ്. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങൾ നിയമന ചട്ടങ്ങൾ രൂപീകരിക്കാതെയും സ്റ്റാഫ് ഘടന ഉറപ്പിക്കാതെയും സംവരണ തത്വങ്ങൾ പാലിക്കാതെയും അനധികൃത നിയമനങ്ങൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്" എന്നാണ്. നമ്മുടെ നാട്ടിലുള്ള ധാരാളം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒട്ടനവധിയാളുകൾ നിയമിക്കപ്പെടുന്നുണ്ട്. അവിടെയൊക്കെ സംവരണം പാലിച്ചുകൊണ്ട്, പി.എസ്.സി.-ക്ക് നിയമനങ്ങൾ വിട്ടുകൊണ്ട്, ആവശ്യമായ റിക്രൂട്ട്മെന്റ് റൂൾസ് ഉണ്ടാക്കി അവ നടപ്പിലാക്കാനാവശ്യമായ അടിയന്തര ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാക്കാൻ കഴിയണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാർ അധീനതയിലുള്ള മറ്റു സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനം പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. നിയമനനിരോധനം പിൻവലിച്ചുകൊണ്ട് റെക്കോർഡ് നിയമനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിവരുന്നത്. പി.എസ്.സി. മുഖേന ഇതുവരെ 1,16,000-ത്തിൽപ്പരം നിയമനങ്ങൾ നടത്തിക്കഴിഞ്ഞു. തസ്തികകൾ

വെട്ടിക്കുറയ്ക്കുന്ന രീതി അവസാനിപ്പിച്ച് ഇതുവരെ 18000-ത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. പുതുതായി ചില സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിടുകയും മറ്റുള്ളവയിൽ ഇതിനായുള്ള നടപടികൾ തുടർന്നുവരികയുമാണ്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുനൽകിയ വിവിധ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനാവശ്യമായ വിശേഷാൽ ചട്ടങ്ങൾ എത്രയുംവേഗം രൂപീകരിക്കാൻവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ചട്ട രൂപീകരണം വൈകുന്നത് സംബന്ധിച്ച് നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയും യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതിയും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുനൽകിയ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനുംവേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി 20-8-2019-ന് സർക്കാർ വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്, വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതും ചട്ടങ്ങൾ രൂപീകരിക്കാത്തതും സംബന്ധിച്ച് കർശന നടപടി സ്വീകരിക്കുമെന്ന് അങ്ങ് പറയുന്നുണ്ട്. എന്നാൽ ഒട്ടേറെക്കാലമായി ആ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇനിയും ചട്ടങ്ങൾ ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പിനെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആ കാര്യവും ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) ടാർ മിക്സിംഗ് പ്ലാന്റ് മൂലമുള്ള മലിനീകരണം

ശ്രീ. വി. ടി. ബൽറാം: സർ, തൃത്താല ഗ്രാമപഞ്ചായത്തിൽ തൃത്താല വില്ലേജിൽ കഴിഞ്ഞ കുറച്ചുകാലമായി പ്രവർത്തിച്ചുവരുന്ന എച്ച്.കെ. കൺസ്ട്രക്ഷൻസ് എന്ന പേരിലുള്ള ടാർ മിക്സിംഗ് പ്ലാന്റ് വലിയ രീതിയിലുള്ള

ബുദ്ധിമുട്ടും പാരിസ്ഥിതിക നാശവും മലിനീകരണവും പ്രദേശത്ത് സൃഷ്ടിക്കുകയാണ്. കഴിഞ്ഞ പ്രളയവുമായി ബന്ധപ്പെട്ട് ഈ പ്ലാന്റിലേയ്ക്ക് നല്ല രീതിയിൽ വെള്ള കയറി അവിടെ യാതൊരു സുരക്ഷാക്രമീകരണവും കൂടാതെ സൂക്ഷിച്ചിരുന്ന ടാറും ഡീസലും ഓയിലും കെമിക്കലുകളുമൊക്കെ വീപ്പകണക്കിന് പ്രളയത്തിൽ ഒഴുകിപ്പോയി അവിടത്തെ പുളിയപ്പറ്റ കായൽ പ്രദേശത്ത് വ്യാപകമായിട്ടുള്ള മലിനീകരണമുണ്ടാക്കുകയും ആ പ്രദേശത്തുള്ള വീടുകളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും ഇത് വ്യാപിക്കുകയും ആളുകൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുകയും കിണറുകൾ മലിനപ്പെടുകയും കുടിവെള്ളത്തിന് അനുയോജ്യമല്ലാത്ത രീതിയിൽ മാറുകയും ചെയ്തു. മലിനീകരണ നിയന്ത്രണ ബോർഡ് സാമ്പിൾ ശേഖരിച്ചുനൽകിയ റിപ്പോർട്ടിൽ ഈ വെള്ളം കുടിക്കാൻ അനുയോജ്യമല്ലെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പ്ലാന്റുടമയ്ക്ക് നൽകിയിരുന്നു, എന്നാൽ ഇതുവരെയും അവയൊന്നും പാലിച്ചിട്ടില്ലെന്നുമാത്രമല്ല ലൈസൻസ് അനുവദിക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടാണ് ഇത് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനം നടത്തുന്നതിനുവേണ്ടി വ്യാപകമായ രീതിയിൽ കായൽ കയ്യേറി നിലം നികത്തി എന്നുള്ള ആക്ഷേപവുമുണ്ട്. നിയമസഭയിലടക്കം നിരവധിതവണ ഞാനിത് ഉന്നയിച്ചതാണ്. അതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ അടക്കം കേസ് നിലവിലുണ്ട്. തൽസ്ഥിതി നിലനിർത്താനാണ് ഇപ്പോഴത്തെ നിർദ്ദേശം. പക്ഷെ ഇതൊക്കെ ലംഘിച്ചുകൊണ്ട് ഈ പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നു എന്നുള്ള ഒരു സൂചനയാണ് ഇപ്പോൾ ലഭിക്കുന്നത്. കഴിഞ്ഞ ദിവസവും ആ നിലയിലുള്ള പ്രവൃത്തികൾ അവിടെ ചെയ്തുവെന്നുള്ള വാർത്തകളാണ് കിട്ടുന്നത്. ഇതുമൂലം വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകളും ആശങ്കയും ഉണ്ടാകുന്നുണ്ട്. ക്യാൻസർ അടക്കമുള്ള അസുഖങ്ങൾ വ്യാപകമാകുന്നു എന്നുള്ള പരാതിയുമുണ്ട്. ജനങ്ങൾക്ക് കുടിക്കാൻ വെള്ളം ലഭിക്കുന്നില്ല. ജലസ്രോതസ്സുകളും വലിയൊരു കായൽപ്രദേശം മുഴുവനായും

മലിനപ്പെട്ടിരിക്കുന്നു. തൃത്താല, നാഗലശ്ശേരി, പട്ടിത്തറ എന്നീ മൂന്ന് പഞ്ചായത്തുകളിലെ ആയിരക്കണക്കിന് ആളുകളുടെ പ്രശ്നമായി ഇത് മാറിയിരിക്കുകയാണ്. നിയമവ്യവസ്ഥകൾ പലതും ലംഘിച്ചുകൊണ്ടും പലതിനേയും മറ്റുരീതിയിൽ മറികടന്നുകൊണ്ടുമാണ് ഈ സ്ഥാപനം ഇതുവരെ പ്രവർത്തിച്ചത്. ആ നിലയിലുള്ളൊരു പിന്തുണ അദ്ദേഹത്തിന് ലഭിക്കുന്നുണ്ട് എന്നുള്ള ആശങ്കയും ജനങ്ങളുടെ ഭാഗത്തുനിന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സമരസമിതി ശക്തമായ

സമരങ്ങൾ നടത്തിയിട്ടുണ്ട്. എ.ഐ.വൈ.എഫ്. പോലുള്ള ഭരണപക്ഷത്തെ യുവജനസംഘടനകളും പ്രവാസി സംഘടനകളും ഈ സമരത്തിന്റെ ഭാഗമായി കടന്നുവന്നിട്ടുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സ്ഥലം നേരിട്ട് സന്ദർശിച്ച് ഇക്കാര്യം ബോധ്യപ്പെട്ടിട്ടുള്ളതാണ്. നൂറ് കണക്കിനാളുകളാണ് അദ്ദേഹത്തെ കണ്ട് പരാതി പറയാനായി അവിടെയെത്തിയത്. ഈ സാഹചര്യത്തിൽ എച്ച്. കെ. കൺസ്ട്രക്ഷൻ എന്ന ടാർ മിക്സിംഗ് പ്ലാന്റ് അടച്ചുപൂട്ടുന്നതിനുവേണ്ടിയും അതിന്റെ ലൈസൻസ് റദ്ദാക്കുന്നതിനുവേണ്ടിയും അതുണ്ടാക്കിയ മലിനീകരണത്തിൽനിന്ന് നാടിനെ മോചിപ്പിക്കുന്നതിനുവേണ്ടിയുമുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിരവധി വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടാണ് അങ്ങയോട് അഭ്യർത്ഥിക്കാൻ കാരണം. നിലംനികത്തലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും വിഷയങ്ങൾ നിലവിലുണ്ട്. അതുകൊണ്ടുതന്നെ ഗവൺമെന്റിന്റെ സത്വരമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണം. മലിനീകരണത്തിൽനിന്ന് നാടിനെ സംരക്ഷിക്കാനുള്ള പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഒരിക്കൽക്കൂടി ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തുത്താല ഗ്രാമ പഞ്ചായത്തിലെ 16-ാം വാർഡിൽപ്പെട്ട കോടനാട് ശ്രീ. റ്റി. എം. അബ്ദുൽ ഹമീദ് ഖാൻ 2011-ൽ റോട്ടോമാക്സ് ഹോട്ട് മിക്സിംഗ് പ്ലാന്റ് സ്ഥാപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ്, ഒറ്റപ്പാലം സബ്കളക്ടറുടെ നടപടിക്രമം, തൃത്താല കൃഷി ഓഫീസറുടെ കത്തുകൾ എന്നിവ പ്രകാരം ഗസറ്റ് വിജ്ഞാപനത്തിലൂടെ ഡാറ്റാ ബാങ്കിൽനിന്ന് നീക്കംചെയ്ത 326 സെന്റ് ഭൂമിയിലാണ് ടാർ മിക്സിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെയും നിരാക്ഷേപ പത്രങ്ങളുടെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഈ പ്ലാന്റിന് തൃത്താല ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇവിടെ നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിച്ചതായി കാണുന്നില്ല. ഈ വർഷത്തെ വെള്ളപ്പൊക്കത്തിന്റെ ഭാഗമായി പ്രദേശമാകെ വെള്ളത്തിൽ മുങ്ങിയപ്പോൾ പ്ലാന്റിലേയ്ക്ക് വെള്ളംകയറുകയും പ്ലാന്റിന്റെ പ്രവർത്തനത്തിനായി സൂക്ഷിക്കപ്പെട്ടിരുന്ന ലൈറ്റ് ഡീസൽഓയിൽ ബാരൽ സമീപത്തുള്ള ജലാശയത്തിലേക്ക് ഒഴുകിപ്പോകുകയും ചെയ്തു. ഇതേത്തുടർന്ന് തൃത്താല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 13-8-2019-ൽ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ സ്ഥലം

സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. 30-8-2019-ന് വീണ്ടും പരിശോധന നടത്തിയപ്പോൾ ഓയിൽ നീക്കംചെയ്യാൻ പഞ്ചായത്തും പ്ലാന്റ് ഉടമയും നടപടി സ്വീകരിച്ചതായി കണ്ടു. പ്ലാന്റിൽനിന്ന് ഏറ്റവും അടുത്തുള്ള വീട്ടിലേയ്ക്ക് 160 മീറ്റർ അകലമുണ്ട്. ഇത്തരം പ്ലാന്റുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള വായു മലിനീകരണ നിയന്ത്രണ ഉപാധികൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. പ്ലാന്റ് തുടർച്ചയായി പ്രവർത്തിക്കുന്ന വരണ്ട കാലാവസ്ഥയുള്ള സമയത്ത് വായു ഗുണനിലവാര പരിശോധന നടത്തി പരിധി ലംഘിക്കുന്നുണ്ടോയെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) കുടിവെള്ള ക്ഷാമം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ 12 ദിവസമായി എന്റെ ജില്ലയായ ആലപ്പുഴയിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലും എട്ട് പഞ്ചായത്തുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഉൾപ്പെടെ രണ്ട് മന്ത്രിമാരുടെ നിയോജകമണ്ഡലം ഉൾപ്പെടുന്ന ജില്ല കൂടിയാണിത്. ആലപ്പുഴ ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച UIDSSMT പദ്ധതിയുടെ പൈപ്പ് പൊട്ടിയതാണ് ഈ കുടിവെള്ളക്ഷാമത്തിന് കാരണം. ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും സമീപത്തുള്ള 8 പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻവേണ്ടി 2006-ലാണ് ഈ പദ്ധതി ആരംഭിച്ചത്. അച്ചൻകോവിൽ ആറ്റിൽനിന്ന് ശേഖരിക്കുന്ന വെള്ളം കരുമാടിയിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ചശേഷമാണ് ആലപ്പുഴ മുനിസിപ്പാലിറ്റിയിലേക്കും പുറക്കാട്, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക്, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് എന്നീ പഞ്ചായത്തുകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. പത്തനംതിട്ട ജില്ലയിലെ കടപ്ര പഞ്ചായത്തിലെ സൈക്കിൾമുക്ക് എന്ന സ്ഥലത്തുനിന്നുമാണ് കരുമാടിയിലെ സംസ്കരണ പ്ലാന്റിലേയ്ക്ക് വെള്ളം എത്തിക്കുന്നത്. കരുമാടിയിൽനിന്ന് വെള്ളം കൊണ്ടുവരുന്ന തകഴി, കരുമാടി, അമ്പലപ്പുഴ വരെയുള്ള ഒന്നര കിലോമീറ്റർ ദൂരത്തിലുള്ള പൈപ്പുകളാണ് 43 തവണ പൊട്ടിയിട്ടുള്ളത്. കേവലം ഒന്നര കിലോമീറ്റർ ദൂരത്തിലുള്ള പൈപ്പുകൾ 43 തവണ പൊട്ടിയെന്ന് പറയുമ്പോൾത്തന്നെ എത്ര മോശം പൈപ്പുകളാണ് ഇട്ടിരിക്കുന്നതെന്നുള്ളത് മനസ്സിലാക്കാം. 12 ദിവസം ജനങ്ങൾ വെള്ളമില്ലാതെ നട്ടം തിരിഞ്ഞിട്ടും പൈപ്പ് നന്നാക്കാനുള്ള ഒരു നടപടിയും സർക്കാരിന്റെയും വാട്ടർ അതോറിറ്റിയുടെയും ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടില്ല. റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ്

നന്നാക്കാൻ പൊതുമരാമത്തു വകുപ്പ് അനുമതി നൽകാത്തതാണെന്ന് പറയപ്പെടുന്നു. ജലസേചന വകുപ്പ് പറയുന്നത് ധനകാര്യ വകുപ്പിൽനിന്ന് പണം നൽകുന്നില്ലെന്നാണ്. ഏതായാലും കേരളത്തിൽ നിന്നുള്ള രണ്ട് പ്രമുഖരായ മന്ത്രിമാരുടെ നിയോജകമണ്ഡലത്തിലാണ് 12 ദിവസമായി കുടിവെള്ളമില്ലാത്തത്. ആലപ്പുഴ ടൗൺ എന്നുപറയുന്നത് ജില്ലയുടെ ഹൃദയഭാഗമാണ്. കളക്ടറേറ്റ്, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് തുടങ്ങിയവയൊക്കെ പ്രവർത്തിക്കുന്ന സ്ഥലമാണ്. വെള്ളം എത്തിക്കാനുള്ള യാതൊരു ബദൽ മാർഗ്ഗവും വാട്ടർ അതോററ്റി സ്വീകരിച്ചുകാണുന്നില്ലെന്നതും ഏറെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. മാധ്യമങ്ങളും വിവിധ രാഷ്ട്രീയപാർട്ടികളും ഈ വിഷയങ്ങൾ ഏറ്റെടുത്തശേഷമാണ് ജലസേചന വകുപ്പിലെ നാലഞ്ച് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തത്. 43 തവണ പൊട്ടാൻ കാരണമായെങ്കിൽ ആ പൈപ്പ് എത്ര മോശമായിട്ടുള്ളതായിരിക്കും. പൊട്ടിയ പൈപ്പുകൾ അവിടെ ഇട്ടതാരാണ്; അവിടത്തെ മുനിസിപ്പൽ ചെയർമാൻ ഉൾപ്പെടെയുള്ളവരെപ്പറ്റി ആൾക്കാർ പരാതിപറയുന്നുണ്ട്. അതുപോലെ അവിടത്തെ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരെക്കുറിച്ചും പരാതിപറയുന്നു. അതുകൊണ്ട് അടിയന്തരമായി അവിടെ രാഷ്ട്രീയ നേതൃത്വം ഉണ്ടെങ്കിൽ അവരുടെ പേരിലും ഉദ്യോഗസ്ഥരുടെ പേരിലും വിജിലൻസ് അന്വേഷണം നടത്തി കർശന നടപടിയെടുക്കണം. ഇന്ന് 13-ാം ദിവസമാണ് ആലപ്പുഴ ടൗണിൽ വെള്ളം കിട്ടാതെ ആളുകൾ കഷ്ടപ്പെടുന്നത്. ആളുകളുടെ പരാതി കാരണമാണ് ഞാൻ ഇവിടെ ഈ വിഷയമുന്നയിച്ചത്. അതുകൊണ്ട് അടിയന്തരമായി ഇതിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഒരു ജില്ലാ തലസ്ഥാനത്ത് 13-ാം ദിവസമായിട്ടും ആളുകൾക്ക് വെള്ളം കിട്ടുന്നില്ല, ബദൽ മാർഗ്ഗങ്ങളില്ല, ആളുകൾ പ്രയാസപ്പെടുന്നതിനാൽ അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ആലപ്പുഴ നഗരത്തിലെ സ്ഥിര താമസക്കാരിയാണ് ഞാൻ. ഇപ്പോഴാണ് അങ്ങരിലേയ്ക്ക് താമസമാക്കിയിട്ടുള്ളത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് പരാമർശിക്കാം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ആലപ്പുഴ നഗരസഭയിൽ 12-13 ദിവസങ്ങളായി വെള്ളമില്ല. ഞാൻ അനുഭവസ്ഥകൂടിയാണ്. പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ ഗൗരവമേറിയ വിഷയമാണ്. ഒരു വർഷത്തിനുള്ളിൽ നാൽപ്പത്തിനാലാമത്തെ തവണയാണ് പൈപ്പ് പൊട്ടുന്നത്. സ്കൂളുകളും കോളേജുകളും അടച്ചിടേണ്ട സാഹചര്യംപോലും പലപ്പോഴുമുണ്ടായിട്ടുണ്ട്. ആർ.ഒ. പ്ലാന്റുകൾ പതിനാലെണ്ണമുള്ളതിൽ എട്ടെണ്ണം പ്രവർത്തിക്കുന്നില്ല. ഇവിടെ 650

മീറ്റർ സ്ഥലത്തിനിടയിലാണ് നാൽപ്പത്തിനാല് തവണയും പൈപ്പുപൊട്ടിയിട്ടുള്ളത്. അതിനകത്ത് നിലനിൽക്കുന്ന പ്രതിസന്ധി എന്താണെന്നുനോക്കി പരിശോധിച്ച് എത്രയുംവേഗം ഞങ്ങളുടെ മേഖലയിൽ കുടിവെള്ളം കിട്ടുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. അത്രരിലും കുടിവെള്ളപ്രശ്നം വലിയ രൂക്ഷമാണ്. അതുകൂടി ഈ അവസരത്തിൽ ഉന്നയിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയ്ക്കും എട്ട് സമീപ പഞ്ചായത്തുകളിലേയ്ക്കുമായി വിഭാവന ചെയ്ത UIDSSMT ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതിയാണ് ആലപ്പുഴ കുടിവെള്ള പദ്ധതി. ടി പദ്ധതി 6-5-2017-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിലൊന്നായ 19.3 കിലോമീറ്റർ നീളമുള്ള റാ വാട്ടർ പമ്പിംഗ് മെയിൻ അമ്പലപ്പുഴ-തിരുവല്ല സംസ്ഥാന പാതയിൽക്കൂടിയാണ് കടന്നുപോകുന്നത്. റാ വാട്ടർ പമ്പിംഗ് മെയിൻ തകഴി റെയിൽവേ സ്റ്റേഷൻ മുതൽ കേരളമംഗലം വരെ രണ്ട് ഭാഗങ്ങളിലായി ഏകദേശം 1500 മീറ്ററിനുള്ളിൽ, പൈപ്പ് നിരന്തരമായി പൊട്ടുന്നതുകാരണം കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട്. പമ്പിംഗ് തടസ്സപ്പെടുന്ന വേളയിൽ കുഴൽക്കിണറുകളും ആർ.ഒ. പ്ലാന്റുകളും പ്രവർത്തിച്ച് ടാങ്കർ ലോറി വഴിയും കുടിവെള്ളവിതരണം നടത്തുന്നുണ്ട്. തുടർച്ചയായി പൈപ്പുപൊട്ടുന്നതിനാൽ ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്. പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ പ്രസ്തുത സമയത്തെ നിർമ്മാണപ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചിരുന്ന കേരള വാട്ടർ അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുകയുണ്ടായി. പൈപ്പുപൊട്ടൽ നിരന്തരമായി തുടരുന്നതിനുള്ള സ്ഥായിയായ പരിഹാരം ടി പൈപ്പ് പൂർണ്ണമായി മാറ്റി സ്ഥാപിക്കുക എന്നതാണ്. സംസ്ഥാന പാതയിലെ പ്രസ്തുത സ്ഥലത്തെ പൈപ്പ് മാറ്റിസ്ഥാപിച്ച് റോഡ് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇന്ന് ചർച്ച ചെയ്ത് പ്രശ്നപരിഹാരം കണ്ടെത്തുന്നതാണ്.

(3) ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എം.എൽ.എ.-മാർ സമാഹരിക്കുന്ന ട്രഷറി നിക്ഷേപത്തിനാനുപാതികമായി ഒന്നര ഇരട്ടിത്തുകയ്ക്കുള്ള വികസനം മണ്ഡലത്തിൽ അനുവദിച്ചിരുന്നു. പ്രസ്തുത ഫണ്ടിൽനിന്നും മൂന്നരക്കോടി രൂപ ചെലവിൽ ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് ഗ്രൗണ്ടും ഇൻഡോർ സ്റ്റേഡിയവും നിർമ്മിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം സ്റ്റേഡിയത്തിൽ മുഴവൻ

സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞിരുന്നില്ല. കായിക പ്രതിഭകൾക്ക് പൂർണ്ണമായും പ്രയോജനപ്പെടണമെങ്കിൽ വൈദ്യുതി കണക്ഷൻ, ഫയർ സേഫ്റ്റി സൗകര്യങ്ങൾ, സിന്തറ്റിക് വുഡൻ കോർട്ടുകളുടെ നിർമ്മാണം, ലൈറ്റുകൾ, ശുദ്ധജല സൗകര്യങ്ങൾ, സ്റ്റേഡിയത്തിൽ കാറ്റുകടക്കാത്ത സൗകര്യങ്ങൾ, ടോയ്‌ലെറ്റ്, സ്റ്റോർ റൂം എന്നിവ അടിയന്തരമായി ഏർപ്പെടുത്തണം. പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിൽ സിന്തറ്റിക് കോർട്ടുകൾ, അരീന ലൈറ്റുകൾ, അഡ്മിനിസ്ട്രേറ്റീവ് ഡോർമെറ്ററി കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നുവെന്നും സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന് സാധ്യതാപഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുവെന്നും ബഹുമാനപ്പെട്ട സംസ്ഥാന കായിക വകുപ്പുമന്ത്രി അറിയിച്ചിരുന്നു. ചാലക്കുടി ഗവൺമെന്റ് കോളേജിലെ കായിക പ്രതിഭകൾക്കും മറ്റ് വിദ്യാലയങ്ങളിലെയും സമീപപ്രദേശങ്ങളിലെ നാട്ടുകാരായ കായിക താരങ്ങൾക്കും പ്രയോജനകരമായ തരത്തിൽ സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതിനായി സ്പോർട്സ് കൗൺസിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനും അടിയന്തരനടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ചാലക്കുടി, പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിർമ്മിച്ചിരിക്കുന്ന ഇൻഡോർ സ്റ്റേഡിയം പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി ഇൻഡോർ കോർട്ടിന്റെ നവീകരണം, മൂന്നുനിലയുള്ള അഡ്മിനിസ്ട്രേറ്റീവ് ഡോർമെട്രി കെട്ടിടം, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ഫ്ലഡ് ലൈറ്റുകൾ, മോഡ്യുലാർ സ്റ്റേജ്, മൂവബിൾ ഗ്യാലറികൾ, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 4.45 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുകയും സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രളയംമൂലമുണ്ടായ സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് 31-10-2019-ൽ കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്റ്റേഡിയം സന്ദർശിക്കുകയും സ്പോർട്സ് ഫ്ലോറിംഗ്, അനുബന്ധ സിവിൽ, ഇലക്ട്രിക്കൽ, ഫയർഫൈറ്റിംഗ് തുടങ്ങിയവ അടിയന്തര പ്രവൃത്തികളായി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് സാമ്പത്തികസ്ഥിതിക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (4) ബിരുദ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സൗദിഅറേബ്യയിലും യു.എ.ഇ-യിലും തൊഴിലെടുത്ത് ജീവിക്കുന്ന അക്കൗണ്ടന്റുമാരും അദ്ധ്യാപകരും നേരിടുന്ന പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. സൗദി അറേബ്യയിൽ അക്കൗണ്ടന്റുമാരുടെ സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്യണമെന്ന് അവിടത്തെ ഗവൺമെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എംബസിവഴി യൂണിവേഴ്സിറ്റികളിലേയ്ക്ക് അയച്ചുകൊടുക്കുകയാണ്. ബി.കോം സർട്ടിഫിക്കറ്റുകൾ റെഗുലർ കോളേജിൽ പഠിച്ചതാണോ അല്ലയോ എന്നൊരു കോളം അതിലുണ്ട്. റെഗുലർ കോളേജിൽ അല്ലെന്ന് മാർക്ക് ചെയ്യുന്നതുകൊണ്ട് പലരുടെയും തൊഴിൽ നഷ്ടപ്പെടുകയാണ്. യു.എ.ഇ.-യിൽ അദ്ധ്യാപകരുടെ സർട്ടിഫിക്കറ്റാണ് ഇങ്ങനെ വെരിഫൈ ചെയ്യുന്നത്. ധാരാളം മലയാളികൾ അവിടെ തൊഴിലെടുത്ത് ജീവിക്കുന്നുണ്ട്. യൂണിവേഴ്സിറ്റികൾ മാനുഷിക പരിഗണന നൽകേണ്ടതുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, യു.എ.ഇ.-യിൽ നിലവിൽ ജോലി ചെയ്തുവരുന്ന മലയാളികളുടെ തൊഴിൽ നഷ്ടവുമായി ബന്ധപ്പെട്ട ധാരാളം പരാതികൾ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിരുന്നു. കോളേജുകളിൽ റെഗുലർ പഠനത്തിലൂടെ നേടിയ യോഗ്യത ഇല്ലാത്ത അദ്ധ്യാപകർ ജോലിയിൽ തുടരുന്നത് അനുവദിക്കാൻ കഴിയില്ലെന്ന യു.എ.ഇ. അധികൃതരുടെ നിലപാടുമൂലം ജോലി നഷ്ടപ്പെടാൻ സാധ്യതയുള്ളവരും കാലങ്ങളായി യു.എ.ഇ.-യിൽ ജോലിചെയ്തുവരുന്ന ഒരു കൂട്ടം അദ്ധ്യാപകരുമാണ് ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ട് സർക്കാരിനെ സമീപിച്ചത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സൗദിഅറേബ്യയിലും മറ്റ് പല രാജ്യങ്ങളിലും അക്കൗണ്ടന്റുമാരായി ജോലി ചെയ്യുന്നവരുടെ ഡിഗ്രി റെഗുലറാണോ/പ്രൈവറ്റാണോ എഴുതിയിട്ടുള്ളതെന്നതിന്റെ വെരിഫിക്കേഷൻ ഓൺലൈൻ മുഖേനയാണ് സർവ്വകലാശാലകൾക്ക് വരുന്നത്. റെഗുലർ എന്ന് മാർക്ക് ചെയ്താൽ തൊട്ടടുത്ത്, In which College? എന്നാണ് വരുന്നത്. അതുകൊണ്ടാണ് സർവ്വകലാശാലകൾക്ക് പ്രൈവറ്റല്ല, റെഗുലറാണെന്ന് പറയുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നത്. പ്രശ്നപരിഹാരം കാണുന്നതിനായി പ്രാഥമിക നടപടിയെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യു.എ.ഇ.-യിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലുമായി പ്രസ്തുത വിഷയം takeup ചെയ്തിരുന്നു. എന്നാൽ കോൺസുലേറ്റ് ജനറൽ ഈ വിഷയം പലതവണ യു.എ.ഇ.-യിലെ വിദ്യാഭ്യാസ വകുപ്പ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായെങ്കിലും യു.എ.ഇ.

അധികൃതർ തങ്ങളുടെ നിലപാട് മാറ്റാൻ ഒരുക്കമല്ലായെന്നുള്ള വിവരമാണ് ലഭിച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഇഗ്നോയുടെ സെന്ററുമായി ബന്ധപ്പെട്ട് അവരുടെ സ്റ്റഡി സെന്ററിന്റെ പേര് കൊടുക്കുന്ന രീതി അവലംബിക്കുന്നുണ്ട്. ആ രീതി അവലംബിക്കാൻ സാധിക്കുമോയെന്നുള്ളത് സർവ്വകലാശാല വൈസ് ചാൻസലർമാരുമായി ബന്ധപ്പെട്ടതിനുശേഷം അക്കാര്യത്തിൽ തീരുമാനമുണ്ടാക്കാനാണ് ആലോചിക്കുന്നത്.

## (5) റോഡ് നവീകരണം

ശ്രീ. ബി. സത്യൻ: സർ, എന്റെ നിയോജകമണ്ഡലമായ ആറ്റിങ്ങലിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന ചാത്തമ്പാറ - പറങ്കിമാംവിള-മണമ്പൂർ-കടുവയിൽപള്ളി റോഡ്, ദേശീയപാതയും സംസ്ഥാനപാതയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട ഈ റോഡ് കഴിഞ്ഞ രണ്ട് പ്രളയകാലത്തോടുകൂടി പൂർണ്ണമായും തകർന്നു. തുടർന്ന് ഏതാണ്ട് എൺപതുവർഷത്തിലേറെ പഴക്കമുള്ള പാലവും തകർന്നു. ഇപ്പോൾ അതുവഴി വാഹനങ്ങൾക്കും ജനങ്ങൾക്കും യാത്ര ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കാർ ഈ പാലത്തിലൂടെയുള്ള യാത്ര അപകടം പിടിച്ച നിലയിലാണെന്ന് കണ്ട് യാത്ര ഒഴിവാക്കണമെന്ന ബോർഡും സ്ഥാപിച്ചതോടുകൂടി നാട്ടുകാർ വലിയ പ്രക്ഷോഭത്തിലാണ്. തദ്ദേശവാസികളെല്ലാം ഒരുമിച്ചുചേർന്ന് റോഡും പാലവും പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനകീയ പ്രക്ഷോഭത്തിലേർപ്പെട്ട് നിൽക്കുന്ന വളരെ ഗൗരവമായിട്ടുള്ള സ്ഥിതിവിശേഷം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ പാലം നവീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും മരാമത്ത് വകുപ്പുമന്ത്രിക്കും നിവേദനങ്ങൾ സമർപ്പിച്ചതിനെത്തുടർന്ന് 2019-2020 വർഷത്തിൽ 20% ബഡ്ജറ്റ് പ്രൊവിഷൻ നൽകിയിട്ടുണ്ട്. ഇപ്പോൾ ജനങ്ങളുടെ ഇടയിൽ വന്നിട്ടുള്ള ഈ പ്രയാസം നീക്കാൻ അടിയന്തരമായി റോഡും പാലവും നിർമ്മിക്കാൻവേണ്ടി പ്രത്യേക ഭരണാനുമതി ധനകാര്യ വകുപ്പും മരാമത്ത് വകുപ്പും നൽകണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്. ആശുപത്രികൾ, സ്കൂളുകൾ, കോളേജ്, നിരവധി ആരാധനാലയങ്ങളൊക്കെ ഉൾപ്പെടുന്ന ഈ പ്രദേശത്തുകൂടി, യാത്ര ചെയ്യാനാകാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നു. അങ്ങ് ഈ വിഷയം വളരെ ഗൗരവത്തോടുകൂടി പരിഗണിക്കണമെന്നും ഇതിന് പ്രത്യേക അനുമതി ഉടൻ നൽകണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ആറ്റിങ്ങലിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിലാണ് ജില്ലാപഞ്ചായത്തിന്റെ റോഡായ ചാത്തമ്പാറ-പറങ്കിമാംവിള മണമ്പൂർ-കടുവയിൽപള്ളി റോഡ് സ്ഥിതിചെയ്യുന്നത്.

ഇതിന് ബഡ്ജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ 20 ശതമാനം തുകയായ ഏതാണ്ട് അറുപത് ലക്ഷം രൂപയാണ് പ്രൊവിഷൻ വച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റേതാണ് ഈ റോഡ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ബി. സത്യന്റെ അഭ്യർത്ഥന പ്രകാരമാണ് നിരത്ത് വിഭാഗം പ്രവൃത്തി ഏറ്റെടുത്തതായി കാണുന്നത്. പ്രസ്തുത റോഡിന്റെ നീളം ആറ് കിലോമീറ്ററാണ്. ഒരു പാലവും പുതുക്കി പണിയേണ്ടതുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഒൻപത് കോടി രൂപ വേണ്ടിവരും. രണ്ടര കിലോമീറ്റർ റോഡിന്റെ നവീകരണത്തിന് ആ തുക പര്യാപ്തമല്ല. അതിനാൽ മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കേണ്ടതാണ്. ചീഫ് എഞ്ചിനീയർ സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

### (6) പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ എന്റെ നിയോജകമണ്ഡലമായ ഏറനാടിലെ രണ്ട് പ്രധാന പാലങ്ങളായ മഞ്ചേരിയിൽ നിന്ന് വയനാട്ടിലേയ്ക്ക് പോകുന്ന അരീക്കോട് പാലത്തിനും എടവണ്ണയിൽനിന്ന് മുക്കത്തേയ്ക്ക് പോകുന്ന സീതിഹാജി പാലത്തിനും കേടുപാടുകൾ സംഭവിച്ചു. ഇതിൽ എടവണ്ണ സീതിഹാജി പാലത്തിന്റെ രണ്ട് സ്ലാബുകൾ നീങ്ങിപ്പോയി. അരീക്കോട് പാലത്തിന്റെ എല്ലാ side protection wall-ഉം പ്രളയത്തിൽ നശിച്ചുപോയി. ചീഫ് എഞ്ചിനീയറും പി.ഡബ്ല്യൂഡി. സെക്രട്ടറിയും ആഗസ്റ്റ് മാസം അവിടെ വന്നപ്പോൾ അതുവഴിയുള്ള ഗതാഗതം നിരോധിച്ചു. സുരക്ഷിതമായ സ്ഥിതിയിലല്ല പാലം എന്നദ്ദേഹം റിപ്പോർട്ട് ചെയ്തു. ഇപ്പോൾ എടവണ്ണ സീതിഹാജി പാലത്തിന് ഏകദേശം മൂന്ന് കോടി രൂപയുടെയും അരീക്കോട് പാലത്തിന് രണ്ട് കോടി രൂപയുടെയും എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. എന്നാൽ അതിന് ഭരണാനുമതി നൽകുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് അന്വേഷിച്ചപ്പോൾ, പാലങ്ങളുടെ പുനർനിർമ്മാണത്തിനുള്ള ഫണ്ട് മാത്രമേ ഇപ്പോൾ അനുവദിച്ചിട്ടുള്ളൂ എന്നറിയാൻ കഴിഞ്ഞു. ആറ് മാസം കഴിഞ്ഞാൽ ഈ പാലങ്ങൾ രണ്ടും ഉണ്ടാകില്ല. ഇപ്പോൾ പുനർനിർമ്മാണത്തിനുമാത്രമേ ഫണ്ടുള്ളൂ. റിപ്പയറിന് ഫണ്ട് അനുവദിച്ചിട്ടില്ല. ഫണ്ട് അനുവദിക്കുന്നതിന് ഹെഡ് വേണം. അതിനായി പ്ലാനിംഗ് കമ്മീഷന് അപേക്ഷ കൊടുത്തിട്ടുണ്ട്. പുനർനിർമ്മാണത്തിനുള്ള പാലങ്ങളുടെ പട്ടിക അനുമതിക്കായി സർക്കാരിന് കൊടുത്തിട്ടുണ്ട്. ഈ പാലങ്ങൾ രണ്ടും അടിയന്തരമായി റിപ്പയർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. കെ. ബഷീറിന്റെ മണ്ഡലത്തിലുള്ള അരീക്കോട് പാലവും സീതിഹാജി പാലവും പ്രളയത്തിൽ തകർന്ന പാലങ്ങളാണ് എന്നദ്ദേഹം പറഞ്ഞത് ശരിയാണ്. രണ്ടരക്കോടി രൂപയും മൂന്ന് കോടി രൂപയുമായി മൊത്തം അഞ്ചരക്കോടി രൂപയാണ് എസ്റ്റിമേറ്റിലുള്ളത്. അത് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ, കേരളത്തിൽ ആകെ പാലങ്ങളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും എല്ലാംകൂടി നമ്മുടെ നിലവിലുള്ള ബഡ്ജറ്റിൽ നോൺ പ്ലാനിൽ ആകെ അഞ്ച് കോടി രൂപയേ നീക്കി വച്ചിട്ടുള്ളൂ. അതുകൊണ്ട് അതിൽനിന്ന് നമുക്ക് ചെയ്യാൻ കഴിയില്ല. ഈ തുക അപര്യാപ്തമാണ്. കഴിഞ്ഞ പ്രളയത്തിനുശേഷം റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾക്കും ഓർഡിനറി റിപ്പയറിംഗിനുമായി മൊത്തം റോഡ്സ് ആന്റ് ബ്രിഡ്ജസിന് ഒരുമിച്ച് 179.53 കോടി രൂപ കിട്ടിയിരുന്നു. പാലത്തിന് പ്രത്യേക വിഭാഗം രൂപീകരിച്ചതുകൊണ്ടും പ്രത്യേക ചീഫ് എഞ്ചിനീയർ ഉള്ളതുകൊണ്ടും എഴുപത് കോടിയോളം രൂപ പാലത്തിനായി മാറ്റിക്കൊടുത്തുകഴിഞ്ഞു. ആ എഴുപത് കോടി രൂപയുടേത് ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഇത് മാറ്റിവച്ചിട്ടുള്ളത്. എന്നാൽ, ചീഫ് എഞ്ചിനീയർക്ക് കൊടുത്തിട്ടുള്ള എഴുപത് കോടി രൂപയിൽ ഇത് ഉൾപ്പെടുത്താൻ കഴിയുമോ എന്നുള്ളത് നോക്കാം. തീർച്ചയായും ലഭ്യമാകുന്ന പ്ലാൻ/നോൺ പ്ലാൻ ഫണ്ടുകൊണ്ട് നമുക്കിത് ചെയ്യേണ്ടതായിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തികമായ സംവിധാനം ക്രമീകരിക്കുന്നതുവരെ വെയ്റ്റ് ചെയ്യണമെന്നാണ് പറയാനുള്ളത്.

### (7) വടുതല റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. ടി. ജെ. വിനോദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചിറ്റൂർ, ചേരാനല്ലൂർ, വടുതല പ്രദേശങ്ങളിലെ ജനങ്ങൾ എറണാകുളം പട്ടണത്തിൽ ജോലിക്കും വിദ്യാഭ്യാസത്തിനും കച്ചവടത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി വരുമ്പോൾ ഒരു പ്രധാന തടസ്സമായി നിൽക്കുന്നത് വടുതല റെയിൽവേ ഗേറ്റാണ്. അവിടെ ഒരു ROB (Railway Over Bridge) നിർമ്മിക്കണമെന്നുള്ളത് വർഷങ്ങളായി ജനങ്ങളുടെ വലിയൊരു ആവശ്യമാണ്. 2016-17 കാലഘട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ വടുതല മേൽപ്പാലത്തിനായി മുപ്പത്തിയൊന്ന് കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. Land Acquisition Cost ഉൾപ്പെടെ അൻപത്തിയൊന്ന് കോടി രൂപയായി അത് വർദ്ധിപ്പിച്ചു. കിഫ്ബി ബോർഡ് ഇതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു.

Social Impact Study നടത്തി ഫൈനൽ അലൈൻമെന്റ് റെയിൽവേയ്ക്ക് സമർപ്പിച്ചു. ഷൊർണ്ണൂർ-എറണാകുളം അഡീഷണൽ ലൈൻ ഇടുന്നതുമായി ബന്ധപ്പെട്ട് റെയിൽവേ ചില തടസ്സങ്ങൾ ഉന്നയിക്കുകയും RBDCK (Roads and Bridges Development Corporation of Kerala) സമർപ്പിച്ച അലൈൻമെന്റ് നിരസിച്ച് പുതിയ അലൈൻമെന്റ് നൽകാൻ ആവശ്യപ്പെടുകയും ചെയ്തു എന്ന് മനസ്സിലാക്കുന്നു. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഈ തടസ്സങ്ങൾ നീക്കി ആ പ്രദേശത്തെ ജനങ്ങളുടെ വലിയൊരു ആവശ്യമായ ROB നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, എറണാകുളത്തുനിന്നുള്ള പുതിയ എം.എൽ.എ. ശ്രീ. ടി. ജെ. വിനോദിന്റെ സബ്മിഷൻ വടുതല മേൽപ്പാല നിർമ്മാണത്തെപ്പറ്റിയാണ്. ഇത് കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പദ്ധതിയിൽപ്പെടുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ Special Purpose Vehicle ആയിട്ടുള്ള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്. മേൽപ്പാലമായതുകൊണ്ടാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. അവർ ഡി.പി.ആർ. തയ്യാറാക്കുകയും 2017 ജൂലൈ 27-ന് കിഫ്ബിയിൽ നിന്നും 47.72 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന പ്രശ്നത്തിൽ, 2013-ലെ നിയമപ്രകാരം പുരോഗതി നടന്നുവരവെയാണ് സാമൂഹിക ആഘാത പഠനത്തിന് വിദഗ്ദ്ധ സമിതി രംഗത്തുവന്നത്. മേൽപ്പാലത്തിന് കിഴക്ക് ഇരുവശത്തും സർവ്വീസ് റോഡ് നിർദ്ദേശിച്ചതിനാൽ ഇതനുസരിച്ച് വിശദമായ പഠനങ്ങൾക്കും പ്രായോഗിക പരിശോധനകൾക്കും ശേഷം മേൽപ്പാലത്തിന് കിഴക്കുഭാഗത്ത് ഇരുവശത്തും സർവ്വീസ് റോഡ് വരത്തക്ക വിധത്തിൽ അലൈൻമെന്റ് ഭേദഗതി ചെയ്യേണ്ടിവന്നു. അതിന്റെ സ്കെച്ചും ഏരിയാ സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നതിനുള്ള നടപടിക്കായി ലാന്റ് റവന്യൂ വകുപ്പിലേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റെയിൽവേ പച്ചാളം ഭാഗത്തെ അപ്രോച്ച് റെയിലിൽനിന്നും കൂടുതൽ ക്ലിയറൻസ് ആവശ്യമാണെന്നും അലൈൻമെന്റ് വീണ്ടും തെക്കോട്ട് നീക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അപ്രകാരം അലൈൻമെന്റ് മാറ്റുന്നതുകൊണ്ട് ഒൻപത് നില കെട്ടിടവും അമ്പലത്തിന്റെ ഹാളും ഉൾപ്പെടെ കൂടുതൽ സ്ഥലവും കെട്ടിടങ്ങളും അക്വയർ ചെയ്യേണ്ടിവരുന്നതും അത് അസാധ്യവുമായിട്ടുള്ള കാര്യമാണ്. ഇത് പദ്ധതി നടത്തിപ്പിന് പ്രതിബന്ധമുണ്ടാക്കിയിരിക്കുകയാണ്. ഇത് പുനഃപരിശോധിക്കണമെന്ന് റെയിൽവേയോട് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടുണ്ട്. 2019

ജൂലൈ 18-ന് റെയിൽവേയും ആർ.ബി.ഡി.സി.കെ.-യും നടത്തിയ മീറ്റിംഗിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പച്ചാളം വശത്തുള്ള അപ്രോച്ചിന് താഴെപ്പറയും പ്രകാരം രണ്ട് ഓപ്ഷനുകൾക്കുള്ള സെറ്റുകൾ തയ്യാറാക്കി റെയിൽവേയുടെ അംഗീകാരത്തിനായി 2019 ആഗസ്റ്റ് 26-ന് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള റെയിലിന്റെയും ഫ്യൂച്ചർ റെയിലിന്റെയും സെന്റർ ലൈനുകൾ തമ്മിൽ 7.8 മീറ്റർ ക്ലിയറൻസും റെയിൽവേയുടെ അതിർത്തിക്ക് 2.4 മീറ്റർ ക്ലിയറൻസും ഉൾപ്പെടെ ആകെ 10.2 മീറ്റർ ക്ലിയറൻസിൽ അപ്രോച്ച് നിർമ്മിക്കാനാണ് ഒന്നാമത്തെ ഓപ്ഷൻ. നിലവിലുള്ള റെയിലിന്റെയും ഫ്യൂച്ചർ റെയിലിന്റെയും സെന്റർ ലൈനുകൾ തമ്മിൽ 5.3 മീറ്റർ ക്ലിയറൻസും റെയിൽവേയുടെ അതിർത്തിക്ക് 2.4 മീറ്റർ ക്ലിയറൻസും ഉൾപ്പെടെ ആകെ 7.7 മീറ്റർ ക്ലിയറൻസിന് അപ്രോച്ച് നിർമ്മിക്കാനാണ് രണ്ടാമത്തെ ഓപ്ഷൻ. 2019 സെപ്റ്റംബർ 30-ന് ചീഫ് എഞ്ചിനീയർ (റെയിൽവേ), എറണാകുളത്തിനും ഒക്ടോബർ 18-ന് റെയിൽവേയുടെ ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്)-ക്കും സതേൺ റെയിൽവേയ്ക്കും ചെന്നൈയ്ക്കും അലൈൻമെന്റിൽ എത്രയുംവേഗം തീരുമാനമെടുക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രേഖാമൂലം ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യും ഇക്കാര്യത്തിൽ സാധ്യമായ മുൻകൈ എടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

(8) ദേശീയ കുടുംബക്ഷേമ പദ്ധതി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 'രംഗബോധമില്ലാത്ത കോമാളിയാണ് മരണം' എന്നത് പരക്കെ അറിയപ്പെടുന്ന ഒരു ചൊല്ലാണ്. പ്രത്യേകിച്ച് സാധാരണക്കാരന്റെ ജീവിതത്തിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുന്ന ഒന്നാണിത്. ഒരു കുടുംബത്തിലെ പ്രധാന വരുമാനം ആർജ്ജിക്കുന്ന 18 വയസ്സിനും 64 വയസ്സിനുമിടയിൽ പ്രായമുള്ള കുടുംബനാഥനോ കുടുംബനാഥയോ മരണപ്പെട്ടാൽ ധനസഹായം ലഭിക്കുന്ന പദ്ധതിയാണ് ദേശീയ കുടുംബക്ഷേമ പദ്ധതി. ഇതിലൂടെ ലഭിക്കുന്ന ഇരുപതിനായിരം രൂപ പാവപ്പെട്ട കുടുംബങ്ങൾക്ക് ഒരാശ്വാസം തന്നെയാണ്. കേന്ദ്ര സർക്കാർ ഈ പദ്ധതി ആരംഭിക്കുന്ന സമയത്ത് പുറപ്പെടുവിച്ച 1995-ലെ നാഷണൽ ഫാമിലി ബെനിഫിറ്റ് റൂളിൽ അർഹതയുടെ മാനദണ്ഡമായി പറയുന്നത് 'ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ' എന്നുമാത്രമാണ്. വാർഷിക വരുമാനം പതിനൊന്നായിരം രൂപയിൽ താഴെയുള്ളവരെയാണ് അന്ന് ദാരിദ്ര്യരേഖയിൽ ഉൾപ്പെടുത്തിയിരുന്നത്. സ്വാഭാവികമായും കേന്ദ്ര സർക്കാരിന്റെ ഈ നിയമത്തിന് ചുവടുപിടിച്ച് കേരള സർക്കാർ 22-4-1998-ലെ സാമൂഹ്യക്ഷേമ വകുപ്പിന്റെ 14/95 ഉത്തരവുപ്രകാരം 'ദാരിദ്ര്യരേഖയ്ക്ക് താഴെ' എന്ന വാക്കുകൾക്ക് പകരം 'വാർഷിക വരുമാനം പതിനൊന്നായിരം രൂപയിൽ താഴെയുള്ള

കുടുംബങ്ങൾ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിന്നീട് ദാരിദ്ര്യരേഖയുടെ വാർഷിക വരുമാന പരിധി ഉയർത്തിയിട്ടും സാമൂഹ്യക്ഷേമ വകുപ്പിന്റെ 14/95 ഉത്തരവ് നിലനിൽക്കുന്നതുമൂലം അർഹരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുകയും പലർക്കും അപേക്ഷ സമർപ്പിക്കാൻപോലും പറ്റാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ പഴയ ഉത്തരവ് തിരുത്തി വാർഷിക വരുമാന പരിധി അൻപതിനായിരം രൂപയാക്കുകയോ അല്ലെങ്കിൽ 'ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ' എന്ന് തിരുത്തിയോ സർക്കാർ ഉത്തരവിറക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമൂഹ്യനീതി വകുപ്പിന്റെ 22-4-1998-ലെ ഉത്തരവുപ്രകാരം ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ട വരുമാന പരിധി 'ദാരിദ്ര്യ രേഖയ്ക്ക് താഴെ' എന്നതിനുപകരം 'പതിനൊന്നായിരം രൂപ' എന്നായിരുന്നു. എന്നാൽ 25-3-2013-ലെ ഉത്തരവിലൂടെ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ട വരുമാന പരിധി കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം മാറ്റം വരുത്തി 'ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്' എന്നാക്കി സാമൂഹ്യനീതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

### (9) ഇടുക്കി പുനർനിർമ്മാണ പാക്കേജ്

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 2018-ലുണ്ടായ പ്രളയത്തെത്തുടർന്ന് വ്യാപകമായ നാശനഷ്ടമുണ്ടായ ജില്ലയാണ് ഇടുക്കി. ജീവഹാനിയോടൊപ്പം റോഡുകളും പാലങ്ങളുമെല്ലാം പൂർണ്ണമായും തകർന്നുപോയി. കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങളും ഇടുക്കിയെ പിന്നോട്ടടിച്ചിരിക്കുകയാണ്. ജില്ലയുടെ പുനർനിർമ്മാണത്തിനായി 2018-ലെ സംസ്ഥാന ബഡ്ജറ്റിലെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 5000 കോടി രൂപയുടെ ഇടുക്കി പാക്കേജ് ഏറെ പ്രതീക്ഷയോടെയാണ് ഇടുക്കിയിലെ ജനങ്ങൾ നോക്കിക്കാണുന്നത്. എന്നാൽ ഇന്നവർ വളരെ നിരാശയിലാണ്. ഒരു വർഷം പിന്നിടുമ്പോഴും ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഏറെ ആശങ്കാജനകമാണ് ഈ അവസ്ഥ. അത് ജില്ലയെ വലിയ തോതിൽ ബാധിക്കും. അങ്ങയുടെ പ്രഖ്യാപനം തീർച്ചയായിട്ടും ഇടുക്കിയിലെ ജനങ്ങൾ വളരെയേറെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. പദ്ധതി നടപടികളിലേയ്ക്ക് എത്രയും പെട്ടെന്ന് വരാൻ സാധിക്കേണ്ടതായിട്ടുണ്ട്. ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളും നാഷണൽ ഹൈവേയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഗ്രാമീണ റോഡുകളുമെല്ലാം തകർന്നിരിക്കുകയാണ്. റോഡുകൾക്ക്

മാത്രമായി ഒരു പാക്കേജ് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യം ഞങ്ങൾ പലതവണ നിയമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇടുക്കിയെ പൂർണ്ണമായും ബാധിച്ച ഏറ്റവും പ്രധാനപ്പെട്ട വിഷയം റോഡുകൾ തകർന്നുപോയി എന്നുള്ളതാണ്. യാതൊരു തരത്തിലും യാത്ര ചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണ് അവിടെയുള്ളത്. ഈ മരാമത്തിനുശേഷം ആകെ ജില്ലയിൽ 210 കോടി രൂപയാണ് അനുവദിക്കപ്പെട്ടത്. അതിൽ 50 കോടി രൂപ എന്റെ മണ്ഡലത്തിലും കിട്ടി. ഇടുക്കിയിൽ 3000 കോടി രൂപയുടെ റോഡുകളുടെ നഷ്ടമുണ്ടായെന്നാണ് പ്രാരംഭഘട്ടത്തിൽത്തന്നെ വിലയിരുത്തിയത്. ഇന്ന് ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഒരു തരത്തിലും വാഹനം പോകാൻ സാധിക്കാത്ത രീതിയിൽ റോഡുകൾ മുറിഞ്ഞുപോയിരിക്കുകയാണ്. മങ്കുവ-മാങ്കുത്ത് പാലം, മാപ്ലകപ്പടി-കൊച്ചുകേരളം, പാറത്തോട്-ഗ്രോട്ടോപ്പടി-മറ്റത്തിപ്പടി-കണ്ണാടിപ്പാറ റോഡ്, തോപ്രാംകുടി-ലത്തീൻപള്ളി-അമ്പലംപടി റോഡ്, ആന്റോപുരം-കൊച്ചുകരിമ്പൻ-വിമലഗിരി, അറക്കുളം-പുത്തൻപള്ളി-വെള്ളിയാമറ്റം, മുതിയാമല-കരിമ്പന-കൈപ്പ, പണിക്കൻകുടി-കൊന്നത്തടി-പൊന്മുടി, മുരിക്കാശ്ശേരി-തേക്കിൻതടി-രാജപുരം തുടങ്ങിയ റോഡുകളെല്ലാം പൂർണ്ണമായും നശിച്ചു. അവിടെ ഗതാഗതം ഇല്ലെന്നുമാത്രമല്ല സ്കൂൾ ബസ്സുകൾ പോലും സർവ്വീസ് നിർത്തിയ സ്ഥിതിയാണുള്ളത്. റോഡ് രണ്ടായി പിളർന്നിരിക്കുന്നു. ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉൾപ്പെടെയുള്ളവർ വന്ന് കണ്ട് ബോധ്യപ്പെട്ട സ്ഥലമാണ്. തീർച്ചയായും ഇക്കാര്യത്തിൽ അടിയന്തരമായ നടപടി ഉണ്ടാകേണ്ടതാണ്. ത്രിതല പഞ്ചായത്തുകളെക്കൊണ്ടോ എം.എൽ.എ./എം.പി. ഫണ്ട് കൊണ്ടോ വകുപ്പിന് കാര്യക്ഷമമായി ഇത്തരം കാര്യങ്ങളിൽ ഇടപെടാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. അതുകൊണ്ട് ഇടുക്കി പാക്കേജിലെ 5000 കോടി രൂപയിൽ പ്രഥമ പരിഗണന റോഡുകൾക്ക് നൽകുകയും ഇടുക്കിയിലെ റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. അതോടൊപ്പം ഏറ്റവും നാശനഷ്ടം സംഭവിച്ച മറ്റൊരു മേഖല കാർഷിക മേഖലയാണ്. വളർത്തുമൃഗങ്ങൾ പോലുംചത്തുപോയി. കർഷകർ വളരെ നിരാശയിലാണ്. രോഗങ്ങളും കേടുപാടുകളും വിളകളുടെ ഉൽപ്പാദനത്തകർച്ചയും കർഷകരെ ബാധ്യതയിലാക്കിയിരിക്കുന്നു. ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത നിലയിൽ ഈ പ്രളയത്തിനുശേഷം പത്ത് പേരിലേറെയാണ് അവിടെ ആത്മഹത്യ ചെയ്തിട്ടുള്ളത്. അതുകൊണ്ട് 5 ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. അവരുടെ വരുമാനത്തിൽനിന്നും അടയ്ക്കാൻ സാധ്യമല്ല. കൃഷി മുന്നോട്ട് കൊണ്ടുപോകാനും സാധിക്കുന്നില്ല. ഭൂമി എല്ലാം ഒഴുകിപ്പോയി. അവിടെ

മറ്റ് നിർമ്മാണത്തിലേക്ക് വരാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഈ പാക്കേജ് സത്യസന്ധമായി വിലയിരുത്തുന്നുണ്ടെങ്കിൽ കാർഷിക മേഖലയ്ക്ക് പ്രഥമ പരിഗണന കൊടുക്കണം. എടുത്തിട്ടുള്ള കടങ്ങൾ എഴുതിത്തള്ളി കർഷകരെ സംരക്ഷിക്കാൻ തീർച്ചയായും നടപടി സ്വീകരിക്കണം. മൊറട്ടോറിയത്തിന്റെ സമയപരിധി കഴിയുകയാണ്. പലിശയടക്കം തിരിച്ചടയ്ക്കണം. കർഷകർ വലിയ ദുരിതത്തിലായിരിക്കുന്നു. പ്രളയത്തെത്തുടർന്ന് വീടും സ്ഥലവും നഷ്ടമായി. സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയുമാണ് സർക്കാർ നിശ്ചയിച്ചത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും നിർമ്മാണ സാധനങ്ങളുടെ ലഭ്യതക്കുറവും വീട് നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കുന്നതിനുള്ള അമിതച്ചെലവും കാരണം നിരവധി ആളുകളുടെ വീട് നിർമ്മാണം സാധ്യമല്ലാതായിരിക്കുന്നു. മറ്റ് ജില്ലകൾ പോലെ അല്ല ഇടുക്കിയിലെ സ്ഥിതി. വളരെയേറെ ദൂരം നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകേണ്ടതായിട്ടുണ്ട്. അവർക്ക് അത്രയേറെ ചെലവുകൾ കൂടുതലായി വരുന്നു. അക്കാരണത്താൽ ജില്ലയുടെ ഭൂപ്രകൃതി മനസ്സിലാക്കിക്കൊണ്ട് പ്രളയത്തിൽ നഷ്ടപ്പെട്ട വീടുകളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന തുക 4 ലക്ഷത്തിൽ നിന്ന് 6 ലക്ഷമാക്കി ഉയർത്തണം. അതോടൊപ്പം ഭാഗികമായി തകർന്ന വീടുകൾ പൂർത്തിയാക്കാനായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അത്തരം വീടുകളെ സഹായിക്കുന്നതിന് ആവശ്യമായ നടപടി ഈ പാക്കേജിന്റെ ഭാഗമായി ഉണ്ടാകണം. ജില്ലയിലെ കാർഷിക മേഖലയുടെ ഉണർവ്വിനായി കൂടുതൽ പദ്ധതികൾ വിഭാവന ചെയ്ത് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. കർഷകർക്ക് സൗജന്യമായി വിത്തും വളവും കീടനാശിനികളും പണിയായുധങ്ങളും നൽകുക, കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പാക്കുക, വിപണി ഉറപ്പാക്കുക, കാർഷികമേഖലയിലെ സാങ്കേതിക വിദ്യകൾ കർഷകർക്ക് പ്രയോജനപ്രദമാകത്തക്ക രീതിയിൽ പാക്കേജിന്റെ ഭാഗമാക്കുക എന്നിവ ചെയ്യേണ്ടതുണ്ട്. ക്ഷീരകാർഷിക മേഖല വളരെ ദുരിതത്തിലാണ്. ക്ഷീരകർഷകരെ സഹായിക്കുന്നതിനുള്ള പ്രത്യേക പാക്കേജും ഇതിനോടനുബന്ധമായിത്തന്നെ ഉണ്ടാകണം. പ്രളയത്തെത്തുടർന്ന് ജലസ്ത്രോതസ്സുകൾ നശിച്ചുപോയി. കുടിവെള്ളത്തിനും ജലസേചനത്തിനും വിവിധ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ ഇല്ലാതായതോടുകൂടി ജനങ്ങൾക്ക് ഗാർഹിക ആവശ്യങ്ങൾക്കൊപ്പം ജലസേചനത്തിനും മാർഗ്ഗമില്ലാതായിരിക്കുകയാണ്. കേടുപാടുകൾ സംഭവിച്ച കിണറുകളും കുളങ്ങളുമുൾപ്പെടെ ജലസ്രോതസ്സുകൾ പുനർനിർമ്മിക്കുന്നതും ഈ പദ്ധതിയുടെ ഭാഗമായി കാണണം. അടിയന്തരപ്രാധാന്യമുള്ള ഒരു കാര്യം സൂചിപ്പിക്കട്ടെ. റോഡുകളുടെ നിർമ്മാണത്തിൽ ഇപ്പോൾ സൈഡ് ഫില്ലിംഗ് കെട്ടുന്നതിനുള്ള നടപടിയുണ്ട്. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ലാന്റ് സ്കേപ്പിംഗ് വരുമ്പോൾ

മണ്ണിടിഞ്ഞുവരുന്നതിന്റെ കൂടെത്തന്നെ കട്ടിംഗ് സൈഡ് കൂടി പോകുകയാണ്. അതുകൊണ്ട് റോഡുകളുടെ നിർമ്മാണത്തിൽ കട്ടിംഗ് സൈഡ് കെട്ടുന്നതിനുവേണ്ടിയുള്ള നടപടികൂടി രൂപപ്പെടുത്തി വന്നിരുന്നെങ്കിൽ റോഡുകൾ കുറേക്കൂടി ബലവത്താക്കാൻ കഴിയും. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ അത്തരം കാര്യങ്ങളിൽ നിർദ്ദേശം കൊടുത്താൽ പരമാവധി റോഡുകൾ ഭാവിയിൽ നിലനിർത്താൻ സാധിക്കും. ഓടകളില്ലാത്ത വിഷയം നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾക്ക് വലിയ തടസ്സമാകുന്നു. അതുകൊണ്ട് 5000 കോടി രൂപയുടെ പാക്കേജിന്റെ കാര്യത്തിൽ വളരെ പെട്ടെന്ന് തീരുമാനമുണ്ടാക്കാൻ സാധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പ്ലീസ്... 5 മിനിറ്റായി.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒരു കാര്യം കൂടി. കലാമിറ്റിയുമായി ബന്ധപ്പെട്ട് ആരാധനാലയങ്ങൾ, എയിഡഡ് സ്കൂളുകൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾ, റോഡ് ഇടിഞ്ഞുപോകൽ തുടങ്ങിയ വിഷയങ്ങൾ പരിഹരിക്കാൻ നമുക്ക് നിലവിൽ നിയമമില്ല. അപ്പോൾ ഇത്തരം കലാമിറ്റിയിലുണ്ടാകുന്ന നഷ്ടങ്ങൾ അവർക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ ചില മാറ്റങ്ങൾ വരുത്താൻ തയ്യാറാകണം. അതുപോലെ മൂലമറ്റം-കോട്ടമല റോഡ് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വന്ന് കണ്ട റോഡാണ്. അത് തകർന്നുപോയി. ആ നിലയിലുള്ള കാര്യങ്ങളെല്ലാം പ്രത്യേകമായി പരിഗണിക്കണം. റോഡുകൾക്ക് പൂർണ്ണമായും തുക അനുവദിച്ച് ഇടുക്കിയിലെ റോഡുകൾ പരിരക്ഷിക്കണം. ക്ഷീര കർഷക മേഖലയെ സംരക്ഷിക്കണം. കർഷകർ എടുത്തിട്ടുള്ള കടങ്ങൾ എഴുതിത്തള്ളാൻ നടപടിയുണ്ടാകണം. അക്കാര്യത്തിൽ അടിയന്തരമായ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സമഗ്ര സ്പർശിയായ ഒരു മേഖലാ വികസന പരിപാടിയായിട്ടാണ് 5000 കോടി രൂപയുടെ ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കിഫ്ബി, റീബിൽഡ് കേരള തുടങ്ങി വിവിധ സ്രോതസ്സുകളിൽനിന്നും സാമ്പത്തിക വർഷം 1500 കോടി രൂപ അടങ്കൽ തുക കണ്ടെത്തി ഇടുക്കി പാക്കേജിൽ വകയിരുത്താനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇടുക്കി ജില്ലയ്ക്കായുള്ള വിവിധ പദ്ധതികൾ റീബിൽഡ് കേരളയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ നെയ്യാശ്ശേരി-തൂക്കുമ്പൻ സാഡിൽ റോഡ്, ചെമ്മണ്ണാർ-ഗ്യാപ്പ് റോഡ് എന്നിവയും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള 144.84 കിലോമീറ്റർ ദൈർഘ്യമുള്ള 55

റോഡുകളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ജീവനോപാധികളുടെ വികസനവുമായി ബന്ധപ്പെട്ട് റീബിൽഡ് കേരള പദ്ധതിയുടെ ഉന്നതാധികാര സമിതി അംഗീകരിച്ചിട്ടുള്ള 250 കോടി രൂപയുടെ കുടുംബശ്രീ പദ്ധതികളിൽനിന്ന് ആനുപാതികമായ ആനുകൂല്യം ഇടുക്കി ജില്ലയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ലഭ്യമാകും. ഏലം കയറ്റുമതിയുമായി ബന്ധപ്പെട്ട് cardamom.net പദ്ധതി, വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള) നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി, അഗ്രോ ഇക്കോളജിക്കൽ സോണുകൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഇന്റഗ്രേറ്റഡ് ഫാം മാനേജ്മെന്റ് തുടങ്ങി കാർഷിക മേഖലയിൽ ഇടുക്കി ജില്ലയ്ക്ക് ഗുണം നൽകുന്ന വിവിധ പദ്ധതികൾ പരിശോധനാഘട്ടത്തിലാണ്. ഇടുക്കി ജില്ലയിലെ കാളിയാറിലെ പരുത്തിപ്പുഴ ചെക്ക് ഡാമിന്റെ തീരസംരക്ഷണ പ്രവർത്തനങ്ങൾ, ദേവിയാർ തോട്ടിലെ എക്കൽ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നീ ജലവിഭവ വകുപ്പിന്റെ പ്രോജക്ട് വർക്കുകൾക്ക് ഉന്നതാധികാര സമിതി അംഗീകാരം നൽകി സർക്കാർ തലത്തിൽ അംഗീകാരം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളും പ്രസ്തുത പാക്കേജുമായി ബന്ധപ്പെട്ട് പ്രവൃത്തി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സർക്കാർതല ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പ്ലാനിംഗ് ബോർഡ് ഇതിനകംതന്നെ കുട്ടനാട് പാക്കേജ് പോലൊരു സമഗ്ര പരിപാടി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ആ സമിതിക്ക് കൈമാറുകയും ചെയ്യും.

ശ്രീ. റോഷി അഗസ്റ്റിൻ: സർ,.....(മൈക്ക് ഓഫ്)....ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായി 29 പേർ മരിച്ച് റോഡ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടൊരു സ്ഥലം എന്തുകൊണ്ടാണ് ഇതിലൊന്നും ഉൾപ്പെടാത്തത്? സത്യസന്ധമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: പരിശോധിക്കാം.

### (10) എന്റർടെയിൻമെന്റ് ടാക്സ്

ശ്രീ. മാണി. സി. കാപ്പൻ: സർ, മലയാള സിനിമാ വ്യവസായം ഇന്ന് ആകെ തകരാറിലാണ്. ഏതാണ്ട് 150-ഓളം ചിത്രങ്ങൾ ഒരു വർഷം നിർമ്മിക്കപ്പെടുന്നുണ്ട്. അതിൽ കഷ്ടിച്ച് പത്ത് പടങ്ങൾക്കാണ് ആകെ ലാഭം കിട്ടിപ്പോകുന്നത്, പത്തെണ്ണത്തിന് മുതലും കിട്ടുന്നുണ്ട്. ഒരു സിനിമയ്ക്ക് ഏതാണ്ട് നാല് കോടി രൂപ ആവറേജ് കണക്കുകൂട്ടിയാൽ 520 കോടി രൂപ നഷ്ടത്തിലാണ് മലയാള സിനിമ പൊയ്ക്കൊണ്ടിരിക്കുന്നത്. 'One nation, one tax' എന്ന പേരിൽ ജി.എസ്.ടി.

നടപ്പാക്കി. ഇവിടെ മലയാള സിനിമയ്ക്ക് മാത്രമല്ല, കേരളത്തിൽ റിലീസ് ചെയ്യുന്ന പടങ്ങൾക്ക് എന്റർടെയിൻമെന്റ് ടാക്സ് എന്നൊരു ടാക്സുകൂടി അഡീഷണലായി വന്നിരിക്കുകയാണ്. ഇരന്നുതിന്നുന്നവനെ തുരന്നുതിന്നുന്ന ഒരു സ്ഥിതിയാണിത്. ഇതിനൊരു മാറ്റമുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. അതിന് നിർമ്മാതാക്കളുടെയും വിതരണക്കാരുടെയും ഒരു യോഗം വിളിച്ച് ജി.എസ്.ടി. മാത്രം നടപ്പാക്കിക്കൊണ്ട് എന്റർടെയിൻമെന്റ് ടാക്സ് ഒഴിവാക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഇരുപത്തിയഞ്ച് ശതമാനം എന്റർടെയിൻമെന്റ് ടാക്സ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സിനിമയ്ക്ക് ഏർപ്പെടുത്തിയിരുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ജി.എസ്.ടി. വന്നപ്പോൾ ആ ടാക്സ് തുടരുന്നതിന് തടസ്സമൊന്നുമില്ല, ജി.എസ്.ടി.-യുടെ നികുതികൂടി വേണമെന്ന് എല്ലാവരും തീരുമാനിച്ചു. തമിഴ്നാട് പോലെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി.-ക്കു പുറമെ എന്റർടെയിൻമെന്റ് ടാക്സും തുടരുന്ന അവസ്ഥയാണ്. എന്നാൽ ഈ രീതിയിൽ ഇരുപത്തിയഞ്ച് ശതമാനം കൂടി ജി.എസ്.ടി.-ക്കു പുറമെ എന്റർടെയിൻമെന്റ് ടാക്സ് വന്നാൽ വ്യവസായം താങ്ങില്ല എന്ന് വളരെ വ്യക്തമായതുകൊണ്ട് എന്റർടെയിൻമെന്റ് ടാക്സ് നമ്മൾ നിർത്തലാക്കി. അതിനുപകരം ഈ സഭയിൽ വച്ചുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ നികത്തികൊടുക്കും എന്നുപറഞ്ഞ് ജി.എസ്.ടി. മാത്രമായി ചുരുക്കി. എന്നാൽ പതിനെട്ട് ശതമാനമുണ്ടായിരുന്ന ജി.എസ്.ടി. പന്ത്രണ്ട് ശതമാനമായി പിന്നീട് കുറച്ചു. അന്ന് അംഗീകരിച്ച പതിനെട്ട് ശതമാനത്തിൽനിന്ന് മുകളിലേയ്ക്ക് പോകണ്ട. പക്ഷെ കുറച്ചുകഴിഞ്ഞപ്പോൾ പതിനെട്ട് ശതമാനം നികുതി വേണമെന്ന് പറഞ്ഞു. പന്ത്രണ്ട് ശതമാനമാക്കുമ്പോൾ നഷ്ടം കൂടും, അത്രയും കൂടുതൽ കൊടുക്കേണ്ടി വരും. അതിനുള്ള സാമ്പത്തിക സ്ഥിതി സംസ്ഥാന സർക്കാരിന് ഇന്നില്ല. അന്ന് സിനിമാ മേഖലയിലെ സംഘടനകൾ എന്നെ കണ്ട് സംസാരിച്ചിരുന്നു. അവർക്ക് ഭയമുണ്ടായിരുന്നത് എന്റർടെയിൻമെന്റ് ടാക്സ് പൂർണ്ണമായി വരുമെന്നുള്ളതായിരുന്നു. അതില്ലെന്ന് വ്യക്തമാക്കി. നേരത്തെയുണ്ടായിരുന്ന ജി.എസ്.ടി.-യുടെ നിലയേക്കാൾ മുന്നോട്ട് പോകില്ല. എന്നാൽ ജി.എസ്.ടി. വരുന്നത് എന്റർടെയിൻമെന്റ് ടാക്സിന്റെ മുകളിലാണ്. അപ്പോൾ ഇഫക്ടീവായി വർദ്ധനവ് പതിനെട്ട് ശതമാനത്തിന് മുകളിൽ പോകും. അതനുസരിച്ച് എന്റർടെയിൻമെന്റ് ടാക്സ് ക്രമീകരിക്കാമെന്ന് പറഞ്ഞു. മറ്റൊരു ആക്ഷേപം പറഞ്ഞത്, ഇതിന്റെ പേരിൽ സീൽ കുത്താൻ വേണ്ടി

വിളിപ്പിക്കുക എന്ന കാര്യം ഒഴിവാക്കുക എന്നതാണ്. അത് പൂർണ്ണമായി ഒഴിവാക്കി ഓൺലൈനായി നികുതി ചുമത്തുന്നതിനുള്ള ഏർപ്പാടുണ്ടാക്കാമെന്ന് ഉറപ്പുനൽകി. അങ്ങനെയൊരു ധാരണയിൽ എത്തിയതാണ്. അതുകൊണ്ട് ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നത് വലിയ പ്രയാസമാണ്. ഇന്നത്തെ സിനിമയ്ക്ക് സഹായം നൽകേണ്ട എന്നുള്ള ചിന്തയിലല്ല. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ ഇനി നികുതി ഇളവുകൂടി നൽകാൻ പറ്റില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, 100 രൂപ ടിക്കറ്റിന്റെ റേറ്റാണ്. അതിന്റെ കൂടെ എന്റർടെയിൻമെന്റ് ടാക്സ് അഞ്ച് ശതമാനം വരുമ്പോൾ 105 രൂപയാകും. അതിന്റെ മീതെയാണ് ജി.എസ്.ടി. ഏർപ്പെടുത്തുന്നത്. സാധാരണ ഒരു ടാക്സിന്റെ മീതെ വേറെയൊരു ടാക്സ് ഏർപ്പെടുത്തുന്നത് ശരിയാണോ? ബേസിക് പ്രിൻസിപ്പിളനുസരിച്ച് സാധാരണ ടാക്സേഷന് അങ്ങനെയില്ലല്ലോ. അതൊന്ന് ഒഴിവാക്കിക്കൊടുക്കാൻ പറ്റില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് ജി.എസ്.ടി. കൗൺസിൽ കൂടി അംഗീകരിച്ചുണ്ടാക്കിയ തീരുമാനമാണ്. അല്ലെങ്കിൽ ഞാൻ സമ്മതിക്കില്ലായിരുന്നു. തമിഴ്നാട് ഫുൾ എന്റർടെയിൻമെന്റ് ടാക്സ് തുടരുകയാണ്. സിനിമാ വ്യവസായികൾക്ക് നൽകിയിട്ടുള്ള ഉറപ്പെന്താണെന്നുവച്ചാൽ ഇതിന് പുറത്തുവന്നാലും നേരത്തെയുണ്ടായിരുന്ന പതിനെട്ട് ശതമാനത്തിൽ മുകളിലേയ്ക്ക് പോകില്ല എന്നുള്ളതാണ്. അതനുസരിച്ചാണ് എന്റർടെയിൻമെന്റ് ടാക്സ് ക്രമീകരിച്ചിട്ടുള്ളത്. എന്തെങ്കിലും കൃത്യമായിട്ടുള്ള ആക്ഷേപമുണ്ടെങ്കിൽ പരിശോധിച്ച് നമുക്ക് തിരുത്താം.

# V നിയമനിർമ്മാണകാര്യം

## (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ട് ഭേദഗതി ചെയ്തുകൊണ്ടുള്ള ഒരു ഓർഡിനൻസ് നേരത്തെ ഇറക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അതിൽ ഉദ്ദേശിച്ച മാറ്റം വരുത്തുകയും ചെയ്തു. അത് നിയമമാക്കുന്നതിനുവേണ്ടിയാണ് 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ട് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള ആക്ടിനകത്തുണ്ടായിരുന്ന ഇന്ത്യൻ വെറ്ററിനറി കൗൺസിൽ അദ്ധ്യക്ഷൻ, അതായത് ഈ സർവ്വകലാശാലയിൽ വൈസ് ചാൻസലറിനെ നിയമിക്കുന്നതിനുവേണ്ടി 2010-ലെ നിയമത്തിൽ കൊണ്ടുവന്നിരുന്ന നാല് ഘടകങ്ങളുണ്ടായിരുന്നതിൽ ഒന്ന്, ചാൻസലർ നാമനിർദ്ദേശം ചെയ്ത ഒരംഗം, രണ്ട്, സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരംഗം, പിന്നീട് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ഡയറക്ടർ ജനറലോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഒരാളോ, നാലാമതായി ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ അദ്ധ്യക്ഷൻ എന്നിങ്ങനെയായിരുന്നു. ഇവിടത്തെ ഒരു പ്രശ്നം, ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ അദ്ധ്യക്ഷപദവി വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് സെർച്ച് കമ്മിറ്റിയിലേയ്ക്ക് നാല് പേരെ കൊണ്ടുവരുന്നതിന് ഇതുവരെ കഴിഞ്ഞില്ലെന്നതാണ്. അതുകൊണ്ട് 2010-ലെ ആക്ടിൽ നാലാമത്തെ ഖണ്ഡിക ഭേദഗതി ചെയ്തുകൊണ്ടാണ് ഇപ്പോൾ വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുള്ളത്. അത് നല്ല തീരുമാനമായി ഞാൻ കാണുകയാണ്. പക്ഷെ ഞാൻ ചോദിക്കുന്നത്, കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്താണ് വൈസ് ചാൻസലർ ഒഴിയുന്നത്. ഈ ഗവൺമെന്റ് വന്ന് മൂന്നര വർഷക്കാലം കഴിഞ്ഞിട്ടും ഈ നിയമം കൊണ്ടുവരുന്നതിന് ഇത്രയും സമയം കാത്തിരിക്കേണ്ടതുണ്ടായിരുന്നോ എന്നുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ത്യൻ വെറ്ററിനറി കൗൺസിലിൽ ഒരു ചെയർമാനെ വച്ചിട്ടുണ്ടാകില്ല. ഒരു കസേര മാത്രം അവിടെ സൂക്ഷിച്ചുവച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യവുമില്ല. പക്ഷെ ആക്ട് ചെയ്യുന്ന ഒരാൾ ഉണ്ടാകുമല്ലോ, സ്വാഭാവികമായിട്ടും അങ്ങനെയല്ലേ വരിക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ നിയമവുമായി ബന്ധപ്പെട്ട് അദ്ധ്യക്ഷൻ എന്നുള്ളത് സ്പെസിഫിക്കായി സൂചിപ്പിച്ചിരുന്നു. 'ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ അദ്ധ്യക്ഷൻ' എന്നുള്ളത് വരുമ്പോൾ അതിനകത്ത് പ്രായോഗിക ബുദ്ധിമുട്ടുകൾ വന്നേക്കാം. അല്ലെങ്കിൽ അദ്ദേഹം നോമിനേറ്റ് ചെയ്യുന്ന ഒരാൾ എന്ന് വേണം. പക്ഷെ അങ്ങനെ പറയാത്ത സാഹചര്യത്തിൽ നിയമത്തിൽ സ്വാഭാവികമായും അദ്ധ്യക്ഷൻ എന്നുള്ളതുകൊണ്ട് അത്രയേ കഴിയൂ എന്നുള്ളതാണ് ഇതിനൊരു കാരണം. ഞാൻ ഈ ബിൽ കൊണ്ടുവന്നതിനെ എതിർക്കുന്നതല്ല, പക്ഷെ കൊണ്ടുവരുന്നതിന് എന്തിന് ഇത്ര കാലതാമസം എടുക്കുന്നുയെന്നതാണ്. ഈ ഒരു കാര്യം ഓർഡിനൻസിലൂടെ നേരത്തെ കൊണ്ടുവന്നുകഴിഞ്ഞാൽ അവിടെ ഒരു വൈസ് ചാൻസലറെ വയ്ക്കാൻ ബുദ്ധിമുട്ടില്ലെന്ന് തെളിഞ്ഞല്ലോ. കാരണം, ഓർഡിനൻസ് കൊണ്ടുവന്ന് രണ്ട് മാസക്കാലം മുമ്പ് വൈസ് ചാൻസലറെ വച്ചു. അതു നിയമമാക്കുകയാണ്. അപ്പോൾ സ്വാഭാവികമായും ഒരു ഗവൺമെന്റിന്റെ, ഒരു ഭരണത്തിന്റെ, ഒരു വകുപ്പിന്റെ കാര്യക്ഷമതക്കുറവിനെ ചൂണ്ടിക്കാണിക്കാൻ ഈ കാലതാമസത്തിനപ്പുറം വേറെയൊന്നുണ്ടോ? വൈസ് ചാൻസലർ ഇല്ലാത്ത യൂണിവേഴ്സിറ്റിയിൽ ഉദ്യോഗസ്ഥഭരണമാണ് ഇതുവരെയുണ്ടായിരുന്നത്. അപ്പോൾ വൈസ് ചാൻസലറെ വയ്ക്കുന്ന കാര്യത്തിലുണ്ടാകുന്ന ഇത്തരം വീഴ്ചകൾ ഭരണത്തിന്റെകൂടി കാര്യക്ഷമതക്കുറവായി ഞാൻ കാണുകയാണ്. അതുമാത്രമല്ല, ഇന്ന് വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ സ്ഥിതി എന്താണ്? 2010-ലാണ് വെറ്ററിനറി യൂണിവേഴ്സിറ്റി നിയമം കൊണ്ടുവരുന്നത്. ഒൻപത് വർഷം കഴിഞ്ഞ് ഭേദഗതി കൊണ്ടുവരുന്ന ഘട്ടത്തിൽ ഈ യൂണിവേഴ്സിറ്റിക്ക് ഒരു ആസ്ഥാന മന്ദിരമില്ല. ഒരു കോളേജ് കെട്ടിടത്തിന്റെ ഭാഗമെടുത്താണ് വയനാട്ടിൽ നിലവിലുള്ള യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം പ്രവർത്തിക്കുന്നത്. വൈസ് ചാൻസലർ വരാത്തത് നന്നായി. കാരണം, വൈസ് ചാൻസലർ വന്നുകഴിഞ്ഞാൽ ഇരിക്കാൻ ഒരു കസേരപോലുമില്ലാത്ത അവസ്ഥ യൂണിവേഴ്സിറ്റിയിൽ ഉണ്ടാകുക എന്നുപറഞ്ഞു കഴിഞ്ഞാൽ അത് യൂണിവേഴ്സിറ്റികളോട് നമ്മൾ കാണിക്കുന്ന സമീപനത്തിന്റെ തെളിവായി കാണാൻ കഴിയും. സ്വന്തമായി കെട്ടിടം നമുക്കില്ല. നിലവിലെ കെട്ടിടം എന്നുപറയുന്നത് ഈ കോളേജിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ ഒരു അടിസ്ഥാന വിഷയമെന്താണ്? അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലാണ് ഇതൊക്കെ ഉണ്ടായിരുന്നത്. ഇത് രണ്ടാക്കി മാറ്റിയതിനുശേഷം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളാണിത്. യഥാർത്ഥത്തിൽ രണ്ട് മന്ത്രിമാർ ഇതിനുണ്ടായി എന്നുള്ളത് ഈ യൂണിവേഴ്സിറ്റിയുടെ വളർച്ചയ്ക്ക് വിഘാതവും തളർച്ചയ്ക്ക് കാരണവുമായി എന്ന് പറയേണ്ടിവരും. കാരണം, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഇന്ന് കൈകാര്യം ചെയ്യുന്നത് ഒരു മന്ത്രി, വെറ്ററിനറി യൂണിവേഴ്സിറ്റി മറ്റൊരു മന്ത്രിയുടെ കൈയിലാണ്.

ഇവരുടെ ഏകോപനക്കുറവും നമുക്കിതിൽ കാണാൻ കഴിയും. ഈ യൂണിവേഴ്സിറ്റിയുടെ ഡെവലപ്മെന്റിനുവേണ്ടി രണ്ടോ മൂന്നോ തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പുതിയ യൂണിവേഴ്സിറ്റിയായതിനാൽ സ്വാഭാവികമായും കെട്ടിടം, സ്റ്റാഫ്, പുതിയ തസ്തികകൾ എന്നിവയൊക്കെ വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ കൃഷി വകുപ്പുമന്ത്രി പങ്കെടുത്തില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനുകാരണമായി പുറത്തു പറയപ്പെടുന്നത് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള staff strength കുറച്ചുകൊണ്ട് അതേ staff strength വെറ്ററിനറി യൂണിവേഴ്സിറ്റിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനമെടുക്കുമോയെന്ന് ഭയപ്പെട്ടിട്ടാണെന്നാണ്.

12.00 Noon]

ഇത് രണ്ട് വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് കാണിക്കുന്നത്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി മണ്ണുത്തിയിലാണ് സ്ഥിതിചെയ്യുന്നത്. മണ്ണുത്തിയിലെ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുള്ള കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും കുറെ ഭാഗങ്ങൾ വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൊടുക്കണമെന്നുള്ള അഭിപ്രായം ആ ഭാഗത്തുനിന്ന് വരുന്നുണ്ട്. അത് വിട്ടുകൊടുക്കില്ലെന്ന് കൃഷി വകുപ്പുമന്ത്രി ആഗ്രഹിക്കുന്നു. ഈ രണ്ട് വകുപ്പുകൾ തമ്മിലുള്ള ശീതസമരംകൊണ്ട് കുട്ടികൾ പഠിക്കുന്ന, റിസർച്ചുകൾ നടക്കുന്ന യൂണിവേഴ്സിറ്റി ഇന്ന് വളരെ പരിതാപകരമായ അവസ്ഥയിലേയ്ക്ക് പോയിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഈ തർക്കം നോക്കിക്കഴിഞ്ഞാൽ നമുക്ക് അത്ഭുതം തോന്നും. കാരണം, വെറ്ററിനറി യൂണിവേഴ്സിറ്റിയെ നിലവിലുള്ള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽനിന്ന് മാറ്റുമ്പോൾ സ്വാഭാവികമായും സ്റ്റാഫ് സ്ട്രെംഗ്ത്തും മാറും. കഴിഞ്ഞകാലത്ത് ഇവരെല്ലാം അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായിരുന്നു. നിലവിലുള്ള വെറ്ററിനറി സർവ്വകലാശാലയുടെ ജീവനക്കാരുടെ പി.എഫ്. ഏതാണ്ട് 20 കോടിയോളം രൂപയാണ്. ആ പി.എഫ്. തുക അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽനിന്ന് വെറ്ററിനറി സർവ്വകലാശാലയിലേയ്ക്ക് മാറ്റിയിട്ടില്ലായെന്നാണ് പറയപ്പെടുന്നത്. ഇതിലൂടെ തർക്കം എത്രമാത്രം വ്യാപ്തിയുള്ളതാണെന്ന് മനസ്സിലാകും. ഇത്തരം കാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിൽപോലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഏകോപനമില്ല. ഇപ്പോൾ ആസ്ഥാനമന്ദിരം സ്ഥാപിക്കാൻ സ്ഥലമുള്ളത് വയനാടാണ്. എന്നാൽ അവിടെ സ്വന്തമായി സ്ഥലമില്ല. കാരണം, വനം വകുപ്പിന് അവിടെ ഭൂമി

നൽകുന്നതുമായി ബന്ധപ്പെട്ട് ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. 2010-ൽ നിയമം വന്നെങ്കിലും അതിനുമുമ്പുതന്നെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീമതി കെ. ആർ. ഗൗരിഅമ്മ മന്ത്രിയായിരുന്നപ്പോൾ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ സജീവമായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഇതിന്റെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതുൾപ്പെടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപമെന്റിന് ഭൂമി വാങ്ങുന്നതിന് നാല് കോടി രൂപയാണ് അനുവദിച്ചത്. ഇതിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ, ഇന്നുവരെ ഒരിഞ്ച് സ്ഥലം പോലുമെടുത്തിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ന് അവിടെ മാർക്കറ്റ് വാല്യു എന്താണോ അത് കണ്ടെത്തി നൽകുന്നതിനുള്ള സമീപനമില്ല. ഗവൺമെന്റ് വാല്യു പറഞ്ഞുകഴിഞ്ഞാൽ സ്ഥലം കൊടുക്കുന്ന സാഹചര്യമില്ല. ഈ വിഷയത്തിലൊക്കെ നമ്മൾ എടുക്കേണ്ട തീരുമാനം എന്താണ്? നാഷണൽ ഹൈവേയ്ക്കുവേണ്ടിയും ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പിന്റെ കാര്യത്തിലും പൊന്നുംവില കൊടുത്ത് ഭൂമിയെടുക്കുന്നില്ലേ; സർവ്വകലാശാലയുടെ നിർമ്മിതിക്കായുള്ള സ്ഥലമെടുപ്പ് കാര്യത്തിലും എയർപോർട്ടുകളുടെ കാര്യത്തിലുമൊക്കെ നമുക്കൊരു സമീപനമുണ്ട്. മാർക്കറ്റ് വാല്യു എന്നുപറയുന്നതും ഗവൺമെന്റ് കാണുന്നതും രണ്ടും രണ്ടാണ്. ഗവൺമെന്റ് കാണുന്ന വില വളരെ തുച്ഛമായിരിക്കും. അതുവച്ച് കേരളം പോലുള്ള സ്ഥലത്ത് ഡെവലപമെന്റിന് ശ്രമിച്ചാൽ നടക്കില്ല. അതുകൊണ്ട് മറ്റ് സ്ഥാപനങ്ങളുടെ റോഡുകളുടെ കാര്യത്തിലും എയർപോർട്ടുകളുടെ കാര്യത്തിലും പൈപ്പ് ലൈനിന്റെ കാര്യത്തിലും എടുക്കുന്ന ഒരു സമീപനംതന്നെ സർവ്വകലാശാലയുടെ കാര്യത്തിലും സ്വീകരിക്കണം. അവിടെമാത്രം നിലവിലുള്ള ഗവൺമെന്റ് വാല്യു കൊടുത്തേ ഭൂമിയെടുക്കൂവെന്ന് പറഞ്ഞാൽ എങ്ങനെ ഭൂമിയെടുക്കാൻ കഴിയും? അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി താല്പര്യമെടുത്ത് ഭൂമി വാങ്ങി ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും മീറ്റിംഗുകൾ നടത്തണം. മറ്റ് മന്ത്രിമാരുമായി ചർച്ച ചെയ്ത് ഇതിനുള്ള സൗകര്യമൊരുക്കുന്നതിന് പ്രത്യേക താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം, നമുക്ക് അഭിമാനിക്കാവുന്ന ഒരു യൂണിവേഴ്സിറ്റിയാണത്. അതിനാൽ പൂർണ്ണമായ തലത്തിലേയ്ക്ക് അതിന്റെ വളർച്ച എത്തിക്കുകയെന്നുള്ളത് ഗവൺമെന്റുകളുടെയും വകുപ്പിന്റെയും മന്ത്രിയുടെയും ഉത്തരവാദിത്വമാണ്. അതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്താൻ അങ്ങ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഈ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഒരു ഗ്രാന്റും ഇതിനുവേണ്ടി ലഭിക്കുന്നില്ല. നോൺപ്ലാൻ എന്ന് പറയുന്നതല്ലാതെ വേണ്ടത്ര തുക ലഭിക്കുന്നില്ല. വളരെ ചെറിയ തുകയാണ് ലഭിക്കുന്നത്. ജീവനക്കാർക്ക് സാലറി കൊടുക്കേണ്ടത് നോൺപ്ലാനിൽ നിന്നാണ്. അതിനുപോലും ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ശമ്പളം കൊടുക്കുന്നത് നിർത്തിയിട്ടില്ലായെന്നത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ, അതുമാത്രമേ നോൺപ്ലാനിൽ നിന്ന് നടത്താൻ കഴിയുന്നുള്ളൂ. അതിനപ്പുറത്തേയ്ക്ക് പോകാൻ കഴിയുന്നില്ല. ഇനി പ്ലാൻഫണ്ടിന്റെ കാര്യത്തിലും ഏതാണ്ട് 50, 60 ശതമാനം മാത്രമേ എല്ലാ വർഷവും ലഭിക്കുന്നുള്ളൂ. നോൺ പ്ലാനുമില്ല, പ്ലാൻ ഫണ്ടും ഇല്ല, പിന്നെ എങ്ങനെയാണ് ഒരു യൂണിവേഴ്സിറ്റി മുന്നോട്ട് പോകുക; പ്ലാൻഫണ്ടിലൂടെയും നോൺപ്ലാൻ ഫണ്ടിലൂടെയും ഇത്തരം യൂണിവേഴ്സിറ്റികളെ ശക്തിപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി ഇ. എസ്. ബിജിമോൾ)

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, പ്രിയപ്പെട്ട മെമ്പർ പറയുന്ന കാര്യങ്ങളെല്ലാം ശരിയാണെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കുറേ കോഴ്സുകൾ അവിടെ ആരംഭിച്ചു. ഒരു കോഴ്സിനും സർക്കാരിൽനിന്നും അംഗീകാരം വാങ്ങിയില്ല. ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചില്ല. കുട്ടികൾ പെരുവഴിയിലാകുന്ന രീതിയാണുള്ളത്. അത് എങ്ങനെ പരിഹരിക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. മറ്റൊന്ന്, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നാല് കോടി രൂപ അനുവദിച്ചുവെന്നുള്ളത് നൂറ് ശതമാനം ശരിയാണ്. പക്ഷേ സ്ഥലം വാങ്ങുവാൻ കഴിഞ്ഞില്ല, കാരണം, നിയമങ്ങളുടെ നൂലാമാലയാണ്. ഈ ഗവൺമെന്റ് അതിനുവേണ്ടിയിട്ടുള്ള വലിയ പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വനം വകുപ്പിന്റെ നൂറ് ഏക്കർ സ്ഥലം അവിടെ ലഭിച്ചിട്ടുണ്ടെന്നുള്ളതാണ് എടുത്തുപറയേണ്ട കാര്യം. കോടതിയിൽ കേസ്സായതുകൊണ്ട് ഏറ്റവും ഒടുവിൽ വനം വകുപ്പ് അവിടെ കോളേജ് പണിയുന്നതിന് തടസ്സമില്ലായെന്ന സമീപനത്തിൽ എത്തിയിട്ടുണ്ട്. പൂർണ്ണമായും വന്നിട്ടില്ല. അതുകൂടി വന്നാൽ നമുക്ക് ആ കാര്യത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയും. ഇപ്പോൾ അവിടെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം, ധാരാളം കോഴ്സുകൾ തീരുമാനിക്കാതെ കൊടുത്തു എന്നുള്ളതാണ്. നമുക്കത് ഉപേക്ഷിക്കാനും കഴിയില്ല, കുട്ടികളുടെ ഭാവി പെരുവഴിയിലുമായി. ഇതൊക്കെയാണെങ്കിലും എമർജിംഗ് യൂണിവേഴ്സിറ്റിയെന്ന നിലയ്ക്ക് കഴിഞ്ഞ രണ്ട് തവണയും കേരളത്തിന് ഒരു കോടി രൂപ അവാർഡ് കിട്ടിയ യൂണിവേഴ്സിറ്റി ഇതാണ്. പ്രതിപാദിച്ച കാര്യങ്ങളിൽ ചിലത് പരിഹരിക്കേണ്ടതുതന്നെയാണ്. അക്കാര്യത്തിലെ വിയോജിപ്പല്ല ഞാൻ പറഞ്ഞത്. പക്ഷേ, കഴിഞ്ഞ കാലത്ത് ശ്രദ്ധിക്കാത്തതിന്റെ ഒരു ബുദ്ധിമുട്ട് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ശ്രീ. സി. കെ. ശശീന്ദ്രന് നന്നായി അറിയാവുന്ന കാര്യമാണിത്. അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ തർക്കിക്കുന്നില്ല. വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോയി ഉമ്മൻ ചാണ്ടി ഗവൺമെന്റ് വന്നപ്പോൾ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ആ ഗവൺമെന്റിന് മുന്നിൽ വന്നത്, ഹയർ സെക്കണ്ടറിയിലും ഹൈസ്കൂളുകളിലും പുതിയ തസ്തികകൾ അനുവദിച്ചു, പക്ഷേ, ഒരു നിയമനവും നടത്തിയില്ല എന്നുള്ളതാണ്. അഞ്ച് വർഷക്കാലംകൊണ്ട് പൂർണ്ണമായും നിയമനം നടത്തിയത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. മാറിമാറി വരുന്ന ഗവൺമെന്റുകൾ സ്വാഭാവികമായും ആദ്യം കോഴ്സുകൾ അനുവദിക്കും. കോഴ്സുകൾ കൊടുക്കുന്നതോടൊപ്പം തസ്തികകൾ കൊടുക്കുന്നത് കുറെക്കാലങ്ങളായി വളരെ പരിമിതമാണ്. പല യൂണിവേഴ്സിറ്റികളും ആർട്സ് ആന്റ് സയൻസ് കോളേജുകളുമൊക്കെ ആദ്യം കോഴ്സുകൾ അനുവദിക്കുന്നു. പിന്നീടാണ് തസ്തികകൾ അനുവദിക്കാറുള്ളത്. ഇവിടെയും നല്ല ഉദ്ദേശ്യത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പുതിയ കോഴ്സുകൾ ആരംഭിച്ചു. തസ്തികകൾ അനുവദിക്കുന്നതിന് ആ ഗവൺമെന്റ് അധികാരത്തിൽ വന്നില്ല. ഗവൺമെന്റിന്റെ തുടർച്ച എന്നുള്ള നിലയ്ക്ക് നിങ്ങൾ ആദ്യം അതിന് മുൻഗണന കൊടുത്തുകൊണ്ട് ആ കോഴ്സുകളിൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താനുള്ള കാര്യംകൂടി ചെയ്യേണ്ടതായിരുന്നു. മൂന്നരവർഷക്കാലമായി പരിപൂർണ്ണ അവഗണന ഈ ഭാഗത്തുണ്ട്. ആ അവഗണനയുടെ പട്ടികയിൽ മുന്നിൽ വയ്ക്കാവുന്ന ഒന്നാണ് ശ്രീ. സി. കെ. ശശീന്ദ്രൻ പറഞ്ഞത്. തീർച്ചയായും ആ ഒരു പരിഗണനകൂടി കൊടുത്ത് അവിടെയുള്ള കോഴ്സുകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനുപകരം സ്ഥിരം നിയമനം നടത്താൻ തസ്തിക അനുവദിച്ച് യൂണിവേഴ്സിറ്റിയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജീവനക്കാരുടെ കാര്യം ഇപ്പോഴും ഗവൺമെന്റ് ആലോചിക്കുന്നത് എന്താണ്; കാർഷിക സർവ്വകലാശാലയിലെ ഉദ്യോഗസ്ഥ തസ്തികകൾ എത്രമാത്രം ഇങ്ങോട്ട് ഷിഫ്റ്റ് ചെയ്യുക എന്നുള്ളതാണ്. അപ്പോൾ എന്താണ് സംഭവിക്കുക? രണ്ട് യൂണിവേഴ്സിറ്റികളും ദുർബ്ബലമാകും. ഇന്ന് കാർഷിക സർവ്വകലാശാല വളരെ അഭിമാനത്തോടുകൂടി നിൽക്കുന്നു, വെറ്ററിനറി സർവ്വകലാശാല വളർച്ചയുടെ പാതയിലാണ്. നിങ്ങൾ ഈ രീതിയിലാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ പുതിയ തസ്തികകൾ ഈ യൂണിവേഴ്സിറ്റിക്ക് നൽകാതെ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽനിന്നും കൂടുതൽ തസ്തികകൾ ഇങ്ങോട്ട് എടുത്തുമാറ്റാനാണ് തയ്യാറാകുന്നതെങ്കിൽ, ഒരു പരിധിവരെയെങ്കിലും നന്നായിപ്പോകുന്ന യൂണിവേഴ്സിറ്റിയെ ദുർബ്ബലപ്പെടുത്താൻ മാത്രമേ അതുപകരിക്കൂ. ഒരു യൂണിവേഴ്സിറ്റിയുടേതായ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിഞ്ഞുകൊണ്ട് മറ്റൊരു യൂണിവേഴ്സിറ്റിയെ ദുർബ്ബലപ്പെടുത്താതെ പുതിയ യൂണിവേഴ്സിറ്റിയെ ശക്തിപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഞാൻ പ്ലാൻ ഫണ്ടുമായി ബന്ധപ്പെട്ട കാര്യം ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട അംഗം അത് പരിശോധിക്കണം. 2019-20-ലെ ബഡ്ജറ്റ് പാസ്സാക്കിക്കൊടുത്ത് ആറ് മാസം കഴിഞ്ഞിട്ടും ഇതുവരെ ഒരു രൂപ പോലും ഈ വർഷത്തെ പ്ലാൻഫണ്ട് യൂണിവേഴ്സിറ്റിക്ക് ലഭ്യമായില്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ വർഷം പ്ലാൻഫണ്ട് ചെലവഴിക്കാൻ ഇനി ഏതാണ്ട് 4-5 മാസം മാത്രമാണ് നമ്മുടെ മുമ്പിലുള്ളത്. ഇന്ന് രാവിലെ ഇവിടെ സാമ്പത്തിക ബുദ്ധിമുട്ടൊക്കെ പറഞ്ഞു. ആ സാമ്പത്തിക ബുദ്ധിമുട്ടുകൾ മുഴുവൻ ചുമലിലേറ്റേണ്ട ബാദ്ധ്യത ഇത്തരം പാവപ്പെട്ട സർവ്വകലാശാലകൾക്കാകരുത്. അവർക്ക് എന്താണോ പ്ലാൻഫണ്ടിൽ നീക്കിവച്ചിട്ടുള്ളത് അത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം. അത്തരം കാര്യങ്ങളിലാണ് വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടത്. ഒരു യൂണിവേഴ്സിറ്റിയെ ശക്തിപ്പെടുത്തേണ്ടത് ഗവൺമെന്റ് ഉത്തരവാദിത്വമാണ്; അത് മാറിമാറി വരുന്ന ഗവൺമെന്റുകൾ ചെയ്തുകൊണ്ടിരിക്കും. ഇത് പുതിയ യൂണിവേഴ്സിറ്റിയാണ്. ഒരു ദശാബ്ദം പിന്നിടുന്നതേയുള്ളൂ. അതിന്റേതായ പ്രാരാബ്ധങ്ങൾ ഉണ്ടാകാം. അതൊക്കെ മനസ്സിലാക്കി ഒരു പ്രത്യേക പരിഗണന ഈ യൂണിവേഴ്സിറ്റിക്ക് നൽകുവാൻ ഗവൺമെന്റ് താൽപ്പര്യമെടുക്കണം. ഇത്തരം കാര്യങ്ങളിൽ വീഴ്ച ആവർത്തിക്കാതിരിക്കാനാണ് ഏതാണ്ട് 4 വർഷത്തിനുശേഷം ഒരു വി.സി.-യെ നിയമിച്ചത്. 4 വർഷം വി.സി. ഇല്ലാതെ വന്ന കാരണം ഇവിടെ പറഞ്ഞു, പക്ഷേ, കാരണങ്ങൾക്ക് പരിഹാരം നമ്മുടെ കയ്യിലുണ്ട് എന്ന് തെളിഞ്ഞുകഴിഞ്ഞു. ഈ പരിഹാരം നേരത്തെ ചെയ്യാത്തതിലുള്ള വിയോജിപ്പുകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ വ്യാപനത്തിനും ഗവേഷണത്തിനും വിദ്യാഭ്യാസ വികസനത്തിനും ബോധവൽക്കരണത്തിനും കർഷകരുടെ ക്ഷേമത്തിനും സഹായത്തിനുമൊക്കെയാണ് വാസ്തവത്തിൽ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി നിലവിൽ വന്നത്. 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടിലെ 12-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരമുള്ള സെർച്ച് കമ്മിറ്റിയിലെ നാല് അംഗങ്ങളിൽ ഒരാളെ ഒഴിവാക്കുന്നതാണ് ഇപ്പോഴുള്ള ഭേദഗതി. വളരെ ലളിതമാണ്, വലിയ സങ്കീർണ്ണതകളൊന്നുമില്ല. ഇതിനോട് വിയോജിച്ച

ബഹുമാന്യനായ വണ്ടൂർ അംഗവും ഈ ഭേദഗതിയുടെ അന്തഃസത്തയോട് യോജിക്കുന്നുണ്ട്. നാല് അംഗങ്ങളാണ് ഉള്ളത്. ഒന്ന്, ചാൻസലറുടെ നോമിനി, രണ്ട്, സർക്കാരിന്റെ നോമിനി, മൂന്ന്, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് (ICAR)-ന്റെ ഡയറക്ടർ ജനറലോ നോമിനിയോ, നാലാമത്തേതാണ് ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ ഡയറക്ടർ. ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ ഡയറക്ടറെ ഒഴിവാക്കി മൂന്ന് പേരെ ഈ സെർച്ച് കമ്മിറ്റിയിൽ ഉൾപ്പെടുത്തണം, അല്ലെങ്കിൽ അങ്ങനെ പരിമിതപ്പെടുത്തണമെന്നുള്ള ഈ ഭേദഗതിയുടെ അന്ത:സത്തയോട് ബഹുമാന്യനായ വണ്ടൂർ എം.എൽ.എ.-യും യോജിക്കുന്നുണ്ട്. പൊതുവിൽ ഈ ഭേദഗതിയോട് എല്ലാവർക്കും യോജിപ്പാണുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. പക്ഷേ, കാലതാമസം ഉണ്ടായെന്നുള്ളതാണ് ശ്രീ. എ. പി. അനിൽ കുമാർ പറയുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെയൊരു ഭേദഗതി അനിവാര്യമായിരിക്കുന്നത് എന്നുള്ള സാഹചര്യം നമുക്കറിയാം. കാരണം, 10 വർഷം മാത്രം പ്രായമുള്ള വെറ്ററിനറി സർവ്വകലാശാലയുടെ വൈസ്ചാൻസലർ പദവിയിൽ കുറെനാളുകളായി ഒരാൾ ഇല്ലായിരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ സെക്രട്ടറിമാരാണ് അഡീഷണലായി ഈ വകുപ്പിന്റെ ചുമതല വഹിച്ചുകൊണ്ടിരുന്നത്. അത് പോര; ഈ സർവ്വകലാശാലയെ കേരള കാർഷിക സർവ്വകലാശാലയിൽനിന്ന് സ്വതന്ത്രമാക്കപ്പെട്ട സ്വന്തമായ അസ്തിത്വമുള്ള ഒരു യൂണിവേഴ്സിറ്റിയായി വികസിപ്പിച്ചുകൊണ്ടുവരണമെന്നുള്ള ഗവൺമെന്റിന്റെ വലിയ ലക്ഷ്യത്തിനുവേണ്ടി ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി ഇപ്പോൾ കൊണ്ടുവരുന്നത്. ഏതാണ്ട് ഒരു വർഷം മുമ്പുതന്നെ ഇതിന്റെ ഓർഡിനൻസ് ഇറങ്ങിയിരുന്നു. പക്ഷേ, നിയമസഭയിൽ പരിഗണനയ്ക്കെടുക്കുന്നതിനുള്ള സാങ്കേതികമായ കാലതാമസം ഉണ്ടായതിന്റെ പേരിലാണ് ഈ നിയമസഭാ സമ്മേളനത്തിൽ ഈ ബിൽ അവതരിപ്പിക്കപ്പെട്ടത് എന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയാണ് കേരള സർവ്വകലാശാല. കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്നത് മൂന്നംഗ സെർച്ച് കമ്മിറ്റിയാണ്. ഇപ്പോൾ സ്പെഷ്യലിസ്റ്റ് യൂണിവേഴ്സിറ്റികളെന്ന് പറയുന്ന യൂണിവേഴ്സിറ്റികൾ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി ഉൾപ്പെടെ, ടെക്നിക്കൽ യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യനോഗ്രാഫി സ്റ്റഡീസിന്റെയെല്ലാം വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കുന്നത് മൂന്നംഗ കമ്മിറ്റിയാണ്. അതിൽ ഒരു വ്യത്യസ്ത അഭിപ്രായം ഈ സഭയ്ക്കുമില്ല. അതാണ് എനിക്കുമുമ്പ് സംസാരിച്ച വണ്ടൂർ എം.എൽ.എ.-യുടെ വാക്കുകളിൽനിന്ന് വ്യക്തമാകുന്നത്. ഇവിടെ എന്റെ കയ്യിൽ കുറെ രേഖകളുണ്ട്. ഈ ഗവൺമെന്റിനെ അടച്ചാക്ഷേപിക്കുമ്പോൾ 2010-ൽ പൂക്കോട് വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ

ആരംഭിച്ചുകഴിഞ്ഞ് 2014-ൽ അന്നത്തെ മുഖ്യമന്ത്രിക്ക് സർവ്വകലാശാലയുടെ വൈസ് ചാൻസലറും അതിനുശേഷം രജിസ്ട്രാറുമൊക്കെ അയച്ച നിരന്തരമായ കത്തുകളുടെ ഒരു കെട്ടാണ് എന്റെ കയ്യിലുള്ളത്. 2014-ലെ ഒരു കത്ത് മാത്രം ഞാൻ വായിക്കുകയാണ്. "സർവ്വകലാശാലയുടെ വയനാട് ക്യാമ്പസിൽ നടന്നുവന്ന സർവ്വകലാശാലയുടെ നിർമ്മാണ പ്രവർത്തനം കേന്ദ്ര വനം വകുപ്പിന്റെ നിർദ്ദേശാനുസരണവും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും തടസ്സപ്പെട്ടിരിക്കുകയാണ്. അതിനാൽ നിർമ്മാണ ഏജൻസിക്ക് സർവ്വകലാശാലയ്ക്ക് ഏകദേശം പ്രതിദിനം മൂന്ന് ലക്ഷംരൂപ നഷ്ടപരിഹാരം നൽകേണ്ടതായി വരും." അതായത് ഇത് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഒരു കാലതാമസമല്ല. സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാന മന്ദിരം ഉണ്ടാകേണ്ടത് അനിവാര്യതയാണ്. പക്ഷേ, ഇപ്പോഴും കേന്ദ്ര-വന നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് ഈയൊരു ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടുകിടക്കുകയാണ്. പക്ഷേ, ഇവിടെ സൂചിപ്പിച്ചത് വളരെ പോസിറ്റീവായി എടുക്കുമ്പോൾ പ്രത്യേകിച്ച് കേരളംപോലെയുള്ള ഒരു സംസ്ഥാനത്ത് വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഒട്ടേറെ പ്രാധാന്യം ഉണ്ട്. ഈ സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരം ഏറ്റവും ഭംഗിയായി മികച്ച രീതിയിൽ അവിടെ ഉണ്ടാകണമെന്നുള്ളത് അനിവാര്യതയാണ്. അതിന് മുൻഗണന കൊടുത്തുകൊണ്ട് എത്രയുംപെട്ടെന്ന് അത് സാധ്യമാക്കുന്നതിനുള്ള കാര്യങ്ങളിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്. കേരള-കാർഷിക സർവ്വകലാശാലയിൽനിന്ന് വെറ്ററിനറി സർവ്വകലാശാല രൂപീകൃതമായെങ്കിലും പൂർണ്ണമായും ആ സെപ്പറേഷൻ നടന്നിട്ടില്ല എന്നുള്ളതാണ് നാം കാണേണ്ടത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വെറ്ററിനറി യൂണിവേഴ്സിറ്റി അതിന്റെ ആസ്ഥാനം പൂക്കോട് ആരംഭിക്കുമ്പോൾ അന്നത്തെ മന്ത്രി ആദിവാസികൾക്ക് കൊടുക്കാനുള്ള ഭൂമി എടുത്താണ് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് നൽകിയിരുന്നത്. ഒഴിപ്പിക്കപ്പെട്ട ആദിവാസികളുടെ കുടുംബങ്ങൾക്ക് ജോലികൊടുക്കുമെന്നായിരുന്നു ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനുവേണ്ടി ഇപ്പോൾ താൽക്കാലികമായി 118 പേരെ നിയമിച്ചിരിക്കുകയാണ്. അതിന്റെ അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ നേടിയെടുക്കുന്നതിനെല്ലാം ഈ വി.സി. ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇല്ലാതിരുന്നത്, പ്രത്യേകിച്ച് ഏറ്റവും പിന്നോക്കമുള്ള ജനവിഭാഗങ്ങൾ, ആദിവാസികൾ, അവരുടെ ഭൂമി ഏറ്റെടുത്തിട്ടാണ് ഈ യൂണിവേഴ്സിറ്റി ആരംഭിച്ചിരിക്കുന്നത്. പുതിയ വി.സി. വരുമ്പോൾ ഈ നിയമമെല്ലാം വന്നതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുമല്ലോ.

ശ്രീമതി വീണാ ജോർജ്ജ്: സർ, ആ വിഷയത്തിലേയ്ക്കാണ് ഞാൻ വന്നത്, അതായത് പൂക്കോട് സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിനുവേണ്ടി അതിന്റെ ഫാമുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസി

കുടുംബങ്ങളിൽപ്പെട്ട ഓരോ വീട്ടിലെയും ഒരാൾക്ക് ജോലി കൊടുക്കാമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഈ 118-ൽ 85-ഉം സ്ഥിരം തസ്തികകൾ പൂക്കോടിലേയ്ക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടുവന്നു. അതുപോലെ 33 തസ്തികകൾ താൽക്കാലിക തസ്തികകളാണ്. ഈ 118 തസ്തികകളും സ്ഥിരമാക്കേണ്ടതുണ്ട്. ബഹുമാന്യനായ അംഗം ചെയർ ചെയ്യുന്ന എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി അതിന് നിർദ്ദേശം നൽകുകയും ചെയ്തു. Board of Management അതിന് അംഗീകാരം നൽകേണ്ടതായിട്ടുണ്ടെന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. ഇങ്ങനെയുള്ള കാര്യങ്ങളിൽ വൈസ് ചാൻസലറുടെ സാന്നിദ്ധ്യം അനിവാര്യമാണ്. ഇത് മാത്രമല്ല, ഇപ്പോൾ കേരള കാർഷിക സർവ്വകലാശാലയിൽനിന്ന് വിടർത്തപ്പെട്ടുവരുമ്പോൾ ഒരു സ്വതന്ത്ര അസ്തിത്വം ഇനിയും വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഉണ്ടായിട്ടില്ല. നേരത്തെ പറഞ്ഞ പി.എഫ്., പെൻഷൻ ലയബിലിറ്റി, ആസ്തികൾ, ഭൂമി സംബന്ധമായ വിഷയങ്ങൾ എന്നിവയിൽ പരിഹാരം ഉണ്ടാകണം. വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഭൂമി സംബന്ധമായ കാര്യങ്ങളിൽ നിശ്ചയമായും ഒരു വേർതിരിവ് വളരെ ക്ലിയറായി ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെയാണ് തസ്തികകൾ, സർവകലാശാലയിൽ റീസ്ട്രക്ച്ചർ ചെയ്ത പോസ്റ്റുകളാണുള്ളത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോഴാണ് ഈ സർവ്വകലാശാല നിലവിൽ വന്നത്. അതിനുശേഷം അധികാരത്തിൽവന്ന ഈ സർക്കാരിന്റെ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് എല്ലാത്തിനും കാരണമെന്ന് അടച്ചാക്ഷേപിക്കുന്നത് വസ്തുതാവിരുദ്ധമാണ്. വെറ്ററിനറി സർവ്വകലാശാലയിലുള്ള restructure ചെയ്ത പോസ്റ്റുകൾക്ക് അംഗീകാരം വേണ്ടതായിട്ടുണ്ട്. അതുപേലെതന്നെ പല ഹയർ പോസ്റ്റുകളും ക്രിയേറ്റ് ചെയ്യേണ്ടതായും അവയ്ക്കെല്ലാം അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്. 118 ആദിവാസി സഹോദരങ്ങളുടെ നിയമനങ്ങൾ, സ്ഥിര നിയമനങ്ങളായിരുന്നുവെങ്കിലും ഷിഫ്റ്റ് ചെയ്തുവന്ന 85 തസ്തികകൾ അംഗീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നിലവിൽ വന്ന കോളേജുകളുടെ കാര്യമിവിടെ പറഞ്ഞു. തിരുവനന്തപുരത്ത് ബി.എസ്.എൻ.എൽ.-ന്റെ കെട്ടിടത്തിലാണ് ഒരു കോളേജ് പ്രവർത്തിക്കുന്നത്, ചാലക്കുടിയിലെ ഫുഡ് ആന്റ് ടെക്നോളജിയുടെ കോളേജ് പ്രളയത്തെത്തുടർന്ന് മണ്ണുത്തി കാമ്പസ്സിനുള്ളിലേക്ക് മാറ്റിയിരിക്കുകയാണ്. ഈ കോളേജുകളിലൊന്നും അടിസ്ഥാന സൗകര്യങ്ങളില്ല, അദ്ധ്യാപകരില്ല. സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ അട്ടിമറിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിനൊരു മാറ്റമാണ് വേണ്ടത്. അവിടെ സർവ്വകലാശാലയുടെ വൈസ്ചാൻസലർ പദവിയിൽ ഒരാൾ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ഈ പറഞ്ഞ കാലതാമസം ഒഴിവാക്കുന്നതിനും ഈ കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിക്ക് സ്വന്തമായിട്ടുള്ളൊരു അസ്തിത്വം

ഉണ്ടാകുന്നതിനും ഒരു സ്വതന്ത്ര സർവ്വകലാശാലയെന്ന രീതിയിൽ പ്രവർത്തിക്കുന്നതിനുമുള്ള എല്ലാ അടിസ്ഥാന സൗകര്യവും പിന്തുണയും നമ്മൾ നൽകേണ്ടതാണ്. ഇത്തരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ സർവ്വകലാശാല പ്രവർത്തിക്കുന്നത്. എന്നാൽ ചാൻസലറുടെ രണ്ട് വർഷം തുടർച്ചയായിട്ടുള്ള young emerging university-യുടെ അംഗീകാരം കേരള വെറ്ററിനറി സർവ്വകലാശാലയ്ക്കാണ് ലഭിച്ചത്. അതുപോലെതന്നെ വളരെ ഇന്നവേറ്റീവായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ ഈ സർവ്വകലാശാല ചെയ്യുന്നുണ്ട്. ഇനിയുമേറെ ചെയ്യാനുണ്ട്. പ്രളയത്തെത്തുടർന്ന് സർവ്വകലാശാല നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഞാൻ എടുത്തുപറയുന്നില്ല. നമുക്കെല്ലാം അറിയാവുന്ന കാര്യങ്ങളാണ്. വെറ്ററിനറി സർവ്വകലാശാലയുടെ ഗവേഷണഫലമായി 64 ഇനം value added products ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ വായിച്ചറിഞ്ഞതാണ്, bulls-eye പ്രോഡക്ടായി സൂപ്പർമാർക്കറ്റുകളിലും സ്റ്റോറുകളിലും ലഭിക്കും. 2-3 ദിവസത്തേയ്ക്ക് അവ സൂക്ഷിച്ച് വയ്ക്കുവാൻ കഴിയും. ചെറുതായിട്ടൊന്ന് ചൂടാക്കിയാൽ മതി. ബഹുമാനപ്പെട്ട മന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. അതുപോലെ കാലിത്തീറ്റ, കോഴിത്തീറ്റ മറ്റ് മൃഗങ്ങൾക്കുള്ള ഫീഡ് എന്നിവയിലും ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഇതുപോര, ഇനിയും നമുക്ക് ഗവേഷണങ്ങൾ ആവശ്യമായിട്ടുണ്ട്. കാരണം, ക്ഷീരകർഷകർ വളരെയേറെയുള്ള സംസ്ഥാനമാണ് കേരളം. നമ്മുടെ മൊത്തം ആവശ്യത്തിന്റെ 81 ശതമാനം പാലുൽപ്പാദനം കേരളത്തിൽ നടക്കുന്നുണ്ട്. അത് ഈ മഹാപ്രളയത്തെ അതിജീവിച്ചുകൊണ്ടാണ് എന്നുള്ളതുകൂടി ഓർക്കണം. ഒട്ടേറെ കന്നുകാലികൾ ഒഴുക്കിൽപ്പെട്ടും മറ്റും ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിൽ ആഭ്യന്തര പാലുൽപ്പാദനം മൊത്തം ആവശ്യത്തിന്റെ 81 ശതമാനമാണെന്ന കാര്യം നമ്മൾ കാണണം. 2015-16-നേക്കാൾ ഏതാണ്ട് 2 ലക്ഷം ലിറ്ററിലധികം പാലുൽപ്പാദനത്തിൽ ഈ കാലഘട്ടത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെ തന്നെ അതിനാനുപാതികമായി ഇറക്കുമതിയിലും കുറവുണ്ടായിട്ടുണ്ട്. അതായത് അന്ന് 4 ലക്ഷത്തിനടുത്ത് ലിറ്റർ പാൽ ഇറക്കുമതിയാണ് സംസ്ഥാനത്ത് വേണ്ടിയിരുന്നതെങ്കിൽ ഇന്നത് 2 ലക്ഷത്തിൽ താഴെയായി കുറഞ്ഞിട്ടുണ്ട്. അത്രയേറെ ക്ഷീരകർഷകരുള്ള ഒരു സംസ്ഥാനത്ത് ചെറിയ കർഷക സംഘങ്ങളിലേക്ക് ആ പ്രയോജനം എത്തത്തക്ക രീതിയിൽ വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഇടപെടുവാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന് നേതൃത്വം നൽകുമ്പോൾ വളരെ സന്തോഷത്തോടെ എനിക്കത് പറയുവാൻ കഴിയും, കാരണം, ഒരു പ്രളയബാധിത മേഖലയിൽനിന്ന് വരുന്നയാളെന്ന നിലയ്ക്ക് 2018-ലെ മഹാപ്രളയത്തിലും 2019-ലെ പ്രളയത്തിലും കന്നുകാലികൾ ഒഴുകിപ്പോയ കർഷകർക്ക്, അതുപോലെതന്നെ പ്രളയം കഴിഞ്ഞ് കന്നുകാലികൾക്ക് തീറ്റപ്പുല്ല് ലഭ്യമല്ലാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്; ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ജനപ്രതിനിധികളെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും ഉൾപ്പെടെ

വിളിച്ചുചേർത്ത് അവർ പറയുന്നതനുസരിച്ച് അവരുടെ മേഖലകളിൽ കാലിത്തീറ്റ എത്തിക്കുന്നതിന് വേണ്ടിയിട്ടുള്ള ശ്രമം അദ്ദേഹവും വകുപ്പും നടത്തിയിട്ടുണ്ട്. അതുപോലെ തന്നെ ക്ഷീര ഗ്രാമം പദ്ധതി.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, ഇവിടെ പറഞ്ഞ യൂണിവേഴ്സിറ്റിയുടെ ഒരു കേന്ദ്രം എന്റെ മണ്ഡലത്തിലാണ്. വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് Kerala Veterinary and Animal Sciences University (KVASU) നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ പറഞ്ഞതുമാത്രമല്ല, മണ്ണുത്തി വെറ്ററിനറി കേന്ദ്രമാണെങ്കിലും ബഹുമാനപ്പെട്ട കൽപ്പറ്റ മെമ്പർ ഉൾപ്പെടുന്ന പൂക്കോട് കേന്ദ്രമാണെങ്കിലും വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ മണ്ണുത്തി വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കേന്ദ്രത്തിൽ വന്ന് അവിടത്തെ സാധാരണക്കാരായ ജീവനക്കാർ മുതൽ അദ്ധ്യാപകരും രജിസ്ട്രാറും വൈസ് ചാൻസലറുമുൾപ്പെടെ നൽകിയ സംഭാവനകൾ വച്ചുകൊണ്ട് അങ്ങിവിടെ സൂചിപ്പിച്ചതുപോലെ പ്രളയത്തിൽ കാലികൾ നഷ്ടപ്പെട്ടവർക്ക് അതെല്ലാം തിരിച്ചുകൊടുക്കാൻ കഴിയുന്ന തരത്തിലൊരു വലിയ സംവിധാനം ഉണ്ടാക്കിയെടുത്തു. അവിടെ നല്ലതരം മാംസവും പാലും അതുമായി ബന്ധപ്പെട്ട ഉപോൽപ്പന്നങ്ങളും - value added product-കളുമാണ് ഉണ്ടാക്കുന്നത്. എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്, പൂക്കോടും വെറ്ററിനറി സർവ്വകലാശാലയുടെ നേരത്തെയുള്ള കേന്ദ്രമായിരുന്ന മണ്ണുത്തിയിലും മാത്രമാണ് അതിന്റെ രണ്ട് സബ് സെന്ററുകൾ പ്രവർത്തിക്കുന്നത്. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ശ്രദ്ധേയമായിട്ടുള്ള ഒരു കേന്ദ്രം കേരളത്തിന്റെ തെക്കുഭാഗത്ത് രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾക്ക് കുറേക്കൂടി കരുത്ത് പകരാവുന്ന തരത്തിലുള്ള ഇടപെടൽ നടത്തണമെന്നതിനെ സംബന്ധിച്ച് ധാരണയുണ്ടോ എന്നാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാൻ പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് എന്റെ സംസാരം അവസാനിപ്പിക്കണമെന്നാണ് കരുതിയത്. പക്ഷേ, അതിനുമുൻപേ ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം പറഞ്ഞുകഴിഞ്ഞു. നമുക്ക് തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ധാരാളം ക്ഷീരകർഷകരുണ്ട്. വെറ്ററിനറി സർവ്വകലാശാലയുടെ ഒരു സബ് സെന്റർ തെക്കൻ കേരളത്തിൽ വേണമെന്നുള്ളത് അനിവാര്യതയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ തെക്കൻ കേരളത്തിലെ ഒരു മണ്ഡലമായ പുനലൂരിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധി കൂടിയാണ്. ക്ഷീര കർഷകർക്ക് ഗുണകരമാകുന്ന രീതിയിൽ പത്തനംതിട്ട, തിരുവനന്തപുരം, ഇടുക്കി, കൊല്ലം, കോട്ടയം തുടങ്ങിയ തെക്കൻ ജില്ലകൾക്ക് പ്രയോജനപ്പെടുന്ന രീതിയിലൊരു സബ് സെന്റർ ആവശ്യമാണ്. ഞാൻ

ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ ഈ ആവശ്യംകൂടി ഉന്നയിക്കുകയാണ്. നിരവധി പ്രവർത്തനങ്ങൾ ഈ കാലഘട്ടങ്ങളിൽ, ക്ഷീര കർഷകരുടെ ക്ഷേമത്തിനുവേണ്ടി നടത്തിയിട്ടുണ്ട്. കുറച്ച് നാളുകൾക്കുമുൻപാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചകൾക്കുശേഷം പാലിന്റെ വില വർദ്ധിപ്പിച്ചത്. 4 രൂപ വർദ്ധിപ്പിച്ചപ്പോൾ 3 രൂപ 55 പൈസ ക്ഷീര കർഷകർക്കാണ് ലഭിക്കുന്നത്. അതുപോലെയാണ് ക്ഷീരഗ്രാമം പദ്ധതി. എന്റെ മണ്ഡലമായ ആറന്മുളയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും ചേർന്ന് 50 ലക്ഷം രൂപയുടെ ക്ഷീരഗ്രാമം പദ്ധതി അനുവദിച്ചുനൽകിയിട്ടുണ്ട്. സാധാരണക്കാരായ വനിതാകർഷകരെയും കൂടി ഉൾപ്പെടുത്തിയാണിത്. പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനൊപ്പം ക്വാളിറ്റികൂടി മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. നല്ല തൊഴുത്തുകൾ ഉണ്ടാക്കുക, കറവയന്ത്രങ്ങൾ സബ്സിഡിയോടുകൂടി നൽകുക, അത്തരത്തിൽ ഓരോ കർഷകർക്കും സഹായം ലഭിക്കത്തക്ക രീതിയിലുള്ള ക്ഷീരഗ്രാമം പദ്ധതി കേരളത്തിലെ 10 ഗ്രാമങ്ങളിൽ നടപ്പിലാക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ശ്രീമതി വീണാ ജോർജ്ജ് വളരെ പ്രസക്തമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. വെറ്ററിനറി സർവ്വകലാശാലയുടെ ഒരു സബ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം വളരെ പ്രസക്തമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഞാൻ എറണാകുളം ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് വെറ്ററിനറി സർവ്വകലാശാലയുടെ ഒരു സബ് സെന്റർ എറണാകുളത്ത് പുത്തൻകുരിശിൽ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിരുന്നു. അന്നത്തെ വെറ്ററിനറി സർവ്വകലാശാലാ വൈസ് ചാൻസലറുമായി സംസാരിക്കുകയും സാമ്പത്തികസഹായം നൽകാൻ അവർ തയ്യാറാകുകയും ചെയ്തിരുന്നു. പശുക്കളുടെയും ക്ഷീര കർഷകരുടെയും കാര്യത്തിൽ മാത്രമല്ല, വളരെയധികം തെരുവുനായ്ക്കൾ പെരുകുന്ന അവസ്ഥയിൽ അവയുടെ എണ്ണം നിയന്ത്രിക്കുവാൻ എ. ബി. സി. പ്രോഗ്രാം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. കുട്ടികളടക്കമുള്ള നിരവധിയാളുകളെ വളരെ ക്രൂരമായ രീതിയിൽ നായ്ക്കൾ ഉപദ്രവിക്കുന്ന അവസ്ഥയുണ്ടായപ്പോൾ തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുവാനായി ഇതുപോലെയുള്ളൊരു മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി, പ്രത്യേകിച്ച് എ. ബി. സി. പ്രോഗ്രാമിനുവേണ്ടിയുള്ള കാര്യം കൂടി നടപ്പിലാക്കുവാൻ ഇത് പ്രയോജനപ്രദമാണെന്ന് കണ്ടെത്തിയിരുന്നു. പക്ഷേ, നിർഭാഗ്യവശാൽ അന്ന് സബ് സെന്റർ ആരംഭിക്കുവാൻ കഴിഞ്ഞില്ല. വെറ്ററിനറി സർവ്വകലാശാലയുടെ സബ് സെന്ററുകൾ കേരളത്തിൽ 2-3 സ്ഥലത്തെങ്കിലും ആരംഭിക്കുന്നത് വളരെ പ്രയോജനപ്രദമായിരിക്കും. ആ രീതിയിലേക്കൊരു ഗൗരവമായ ചർച്ച അങ്ങ് ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, സർവ്വകലാശാലയുടെ സബ് സെന്റർ വേണമെന്നുള്ള ചർച്ചയുടെ ഭാഗമായിട്ടാണ് ഇതുവരുന്നത്. സബ് സെന്ററുകൾ നിശ്ചയമായും ഉണ്ടാകേണ്ടതാണ്. കാരണം, പ്രാദേശികമായും ഗ്രാമഗ്രാമാന്തരങ്ങളിലും ചെറിയ നാട്ടിൻപ്രദേശങ്ങളിലുമൊക്കെയുള്ള ക്ഷീര കർഷകരിലേയ്ക്ക് ഇതിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കണം. ഇപ്പോൾ തിരുവല്ല മണ്ഡലത്തിൽ മഞ്ചാടിയിൽ ഒരു പക്ഷിരോഗ നിർണ്ണയകേന്ദ്രമുണ്ട്. അടുത്തിടെ അതിന് N.A.B.L -ന്റെ (National Accreditation Board for Testing and Calibration Laboratories) അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്താണ് നാഷണൽ അക്രെഡിറ്റേഷൻ ലഭ്യമാക്കിയത്. എല്ലാ പക്ഷികൾക്കും മറ്റ് മൃഗങ്ങൾക്കും അത്യാധുനിക ചികിത്സ ലഭ്യമാകുന്ന കേന്ദ്രമാണിത്. അതുപോലെതന്നെയാണ് താറാവുകളുടെ ഹാച്ചറിയും (Duck Hatchery) തിരുവല്ല മഞ്ചാടിയിൽ ആരംഭിച്ചിട്ടുണ്ട്. നേരത്തെ എൺപതിനായിരം താറാവുകളെയാണ് ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ മൂന്നര ലക്ഷം താറാവിൻ കുഞ്ഞുങ്ങളെ ഹാച്ചറിയിലൂടെ ഉൽപ്പാദിപ്പിക്കാൻ പോകുകയാണ്. ഈ രീതിയിലുള്ള മാറ്റങ്ങൾ കേരളത്തിൽ കന്നുകാലി മേഖലയിലായാലും കോഴികളെയും താറാവുകളെയും സംബന്ധിച്ചായാലും മറ്റെല്ലാ മേഖലകളിലും ഉണ്ടാകുന്നുണ്ട്. അതുപോലെതന്നെ മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘട്ടനം കുറയ്ക്കുന്നതിനും വാസ്തവത്തിൽ ഈ മൂന്നര വർഷക്കാലത്തെ സർക്കാരിന്റെ ഇടപെടൽകൊണ്ട് സാധ്യമായി എന്നാണ് കാണുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, വളരെ പ്രസക്തമായിട്ടുള്ള ഈ വിഷയത്തിൽ, 'കൃഷി വകുപ്പുദ്യോഗസ്ഥർ ഫയലിൽനിന്നും വയലിലേയ്ക്കിറങ്ങണം' എന്ന ഏറ്റവും ശ്രദ്ധേയമായ ഒരു വാചകം മുഖ്യ വിവരാവകാശ കമ്മീഷണറായിരുന്ന ശ്രീ. പാലാട്ട് മോഹൻദാസിന്റേതാണ്. വെറ്ററിനറി സർവ്വകലാശാലയെക്കുറിച്ച് പറയുമ്പോൾ, ഒരുപാട് അനുഭവസമ്പത്തുള്ള ശാസ്ത്രജ്ഞരടക്കമുള്ള ഒരു സ്ഥാപനമാണ്. ഇത്തരം ശാസ്ത്രജ്ഞരുടെ പ്രവർത്തനം കുറച്ചുകൂടി താഴേത്തട്ടിലേയ്ക്ക് ജനകീയമാക്കി വ്യാപിപ്പിക്കാൻ സാധിക്കണം. ഇപ്പോൾ ഇറച്ചിയിലാണ് ഏറ്റവും കൂടുതൽ മായം കലർത്തുന്നത്. പ്രത്യേകിച്ചും ബീഫ് കഴിക്കാൻ ചെറുപ്പക്കാർക്കെല്ലാം വലിയ താൽപ്പര്യമാണ്. നല്ല ഭക്ഷണമായിത്തന്നെയാണ് ചെറുപ്പക്കാർ ബീഫ് ഉപയോഗിക്കുന്നത്. നല്ല ഇറച്ചി ലഭിക്കാനായി 20 മാസം കൊണ്ട് കന്നുകുട്ടിയെ വളർത്തി വലുതാക്കിയെടുക്കുന്ന ഒരു പദ്ധതിക്ക് ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം നൽകുന്നുണ്ട്. നല്ല ഭാവനയുള്ള പദ്ധതിയാണത്. പക്ഷേ അതിന്റെ തുടർപ്രവർത്തനം എത്രത്തോളം നടക്കുന്നുണ്ട് എന്നതിനെക്കുറിച്ച് ഒരു പഠനം നടത്താനായി താഴേത്തട്ടിലേയ്ക്കിറങ്ങി ഇത്തരം ശാസ്ത്രജ്ഞരുടെ പ്രവർത്തനം വ്യാപിപ്പിക്കണമെന്ന നിർദ്ദേശം വയ്ക്കാൻ സാധിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, തീർച്ചയായും നല്ലൊരു നിർദ്ദേശമാണ്, ഞാൻ അതിനോടൊപ്പം നിൽക്കുന്നു. ജനകീയമാക്കുക എന്നാൽ, കർഷകരുടെ ആവശ്യങ്ങൾ അറിയുക, അതിൽ ഇടപെടുക എന്നുള്ളതാണ്. മുമ്പൊക്കെ വൈകുന്നേരം 5.00 മണിക്കുശേഷം വെറ്ററിനറി ആശുപത്രികളിലേയ്ക്ക് വിളിച്ചാൽ ഡോക്ടർ ഇല്ലെന്നാണ് പറഞ്ഞിരുന്നത്. പശുവിന് എന്ത് സംഭവിച്ചാലും അടുത്ത ദിവസം രാവിലെ വരെ കാത്തിരിക്കേണ്ട ഒരവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഒരു പഞ്ചായത്തിൽ 24 മണിക്കൂറും വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാകുന്ന രീതിയിൽ ക്ലിനിക്കുകളുണ്ട്. ആ രീതിയിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ഗവേഷണങ്ങളുടെ ഭാഗമായി കർഷകർക്കിടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് എന്തൊക്കെയാണ് അവരുടെ ആവശ്യങ്ങൾ, എങ്ങനെ ക്വാളിറ്റി മെച്ചപ്പെടുത്താം, കർഷകർ നേരിടുന്ന പ്രശ്നങ്ങളെന്തൊക്കെയാണ് എന്നീ രീതിയിലുള്ള ഇടപെടലുകൾ നടക്കുന്നുണ്ട്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഗവേഷണങ്ങളെക്കുറിച്ചെല്ലാം ഇവിടെ പറഞ്ഞു. ഏറ്റവും ശ്രദ്ധേയമായ രീതിയിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കുട്ടികൾ ഡോക്ടർമാരായി പല രാജ്യങ്ങളിലും സേവനമനുഷ്ഠിക്കുന്നുണ്ട്. ഏറ്റവുമൊടുവിൽ പൂക്കോടുനിന്ന് നാല് പേരും തിരുവാഴംകുന്നിൽ നിന്ന് അഞ്ച് പേരും ഉൾപ്പെടെ ഒൻപത് വിദ്യാർത്ഥികളെ യു.എസ്.എ.-യിലേയ്ക്ക് പ്രത്യേക സ്കോളർഷിപ്പിലൂടെ പഠിപ്പിക്കാൻ അയച്ചുവെന്നത് പ്രധാന കാര്യമാണ്. ഇതിൽ ആദിവാസി വിദ്യാർത്ഥികളും ഉൾപ്പെടും. മറ്റൊന്ന്, കേരളത്തിലെ വനങ്ങളിലും മൃഗശാലകളിലുമുള്ള വന്യജീവികളെ കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രത്യേക കോഴ്സ് വെറ്ററിനറി യൂണിവേഴ്സിറ്റി നടത്തി കേരളത്തിൽ നിന്നുള്ള 30 ആദിവാസിക്കുട്ടികളെ പരിശീലിപ്പിച്ചിട്ടുണ്ട്. അവരെ നമുക്ക് എവിടെയെങ്കിലും ഉപയോഗപ്പെടുത്താൻ കഴിയേണ്ടതാണ്. അതിനുംകൂടി ഒരു നിർദ്ദേശമുണ്ടാകണം. തെക്കൻ കേരളത്തിൽ കോലാഹലമേട്ടിൽ ധാരാളം സ്ഥലമുണ്ട്. തെക്കൻ കേരളത്തിലെ മറ്റ് സെന്ററുകൾ എവിടെയാണെന്നുള്ളതൊക്കെ തീരുമാനിക്കണം. ഏത് സെന്ററായാലും തെക്കൻ കേരളത്തിൽകൂടി ശക്തിപ്പെടുത്തണമെന്നുപറയുന്ന കാര്യത്തോട് നൂറ് ശതമാനം യോജിക്കുകയാണ്. കോലാഹലമേട്ടിലാണെങ്കിൽ സ്ഥലലഭ്യത ധാരാളമുണ്ട്. അതുപോലെതന്നെ തിരുവനന്തപുരത്തും കെട്ടിടം നിർമ്മിച്ചെടുക്കേണ്ടതുണ്ട്. തുമ്പൂർമുഴിയിൽ പ്രളയകാലത്ത് കോളേജ് തന്നെ ഇല്ലാതായിപ്പോയിരുന്നു. കോളേജ് ഇപ്പോൾ പൂർണ്ണമായും മണ്ണുത്തിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചിരിക്കുകയാണ്. ഒരു സ്ഥലത്തുണ്ടായിരുന്ന കോളേജ് നഷ്ടപ്പെടുക എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തുമ്പൂർമുഴിയിലേയ്ക്കുതന്നെ ആ

കോളേജ് തിരിച്ചുകൊണ്ടുപോകാൻ നടപടി സ്വീകരിക്കണം. പ്രളയത്തിൽ കന്നുകാലികൾ ചത്തുപോകുകയും ഹോസ്റ്റലുകൾ തകർന്നുപോകുകയും ചെയ്തപ്പോൾ കുട്ടികൾക്ക് ആപത്തുണ്ടാകുമെന്ന് കരുതി താൽക്കാലികമായി മാറ്റി സ്ഥാപിച്ചിരിക്കുകയാണ്. അവിടെയും ഭൂമി കണ്ടെത്തേണ്ടതുണ്ട്. തീർച്ചയായും ദീർഘകാലമായി വൈസ് ചാൻസലർ ഇല്ലാത്തതിന്റെ പ്രയാസങ്ങളുണ്ടായിട്ടുണ്ട്. അതിനെ ശക്തിപ്പെടുത്താൻ കഴിയണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മാറ്റിവച്ച യോഗം അടിയന്തരമായി നടത്തേണ്ടതുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഇവിടെ യൂണിവേഴ്സിറ്റിയുടെ എല്ലാ പരിമിതികൾക്കുമിടയിലാണ് ആദിവാസി വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ഈ നേട്ടമുണ്ടായതെന്ന് കാണുമ്പോൾ എത്രമാത്രം വലുതാണ് നമ്മുടെ പൊട്ടൻഷ്യൽ എന്ന് നമ്മൾ തിരിച്ചറിയണം. അതുകൊണ്ടാണ് കേരളത്തിന്റെ ഒരു പൊതുപിന്തുണ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയുണ്ടാകണമെന്നും പൂർണ്ണമായും സ്വതന്ത്രമായി എല്ലാ സൗകര്യങ്ങളോടുംകൂടിയുള്ള ഒരു യൂണിവേഴ്സിറ്റിയായി വികസിപ്പിച്ചെടുക്കണമെന്നും ആവശ്യപ്പെടുന്നത്. വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന സെർച്ച് കമ്മിറ്റിയിൽ നിന്ന് ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ ഡയറക്ടറെ ഒഴിവാക്കണം എന്നൊരു ക്ലോസ് വരുത്തി, പാനൽ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തണമെന്നുള്ള ഭേദഗതിയാണ് 2010-ലെ ആക്ടിൽ വരുത്തിയിട്ടുള്ളത്.

ചീഫ് വിപ്പ് <u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിക്കുന്നത് വളരെ പ്രസക്തമായ കാര്യങ്ങളാണ്. എല്ലാ സ്ഥലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രങ്ങളുണ്ടെന്ന് പറഞ്ഞു. വെറ്ററിനറി യൂണിവേഴ്സിറ്റി വളരെ ശ്രദ്ധേയമായ ഒരു കാൾസെന്റർ ആരംഭിച്ച ഒരു കേന്ദ്രമാണ്. അവിടേയ്ക്ക് വിളിച്ചാൽ ഏത് തരത്തിലുള്ള ആവശ്യങ്ങളും നിർവ്വഹിക്കാനും അവിടെ പോകുന്ന ആളുകൾക്ക് ഇടപെടാനും ആംബുലൻസ് സർവ്വീസ് ഉൾപ്പെടെ കൊണ്ടുവരാൻ സാധിക്കുന്ന തരത്തിൽ ശ്രദ്ധേയമായ ഒരു ഫ്രീ കാൾസെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാര്യം അങ്ങേയ്ക്കറിയാമെന്ന് ഞാൻ വിചാരിക്കുന്നു. ബഹുമാനപ്പെട്ട വൈസ് ചാൻസലർ പുതിയതായി ചുമതലയെടുത്തശേഷം ആ യൂണിവേഴ്സിറ്റിയിലുണ്ടായ വലിയ മുന്നേറ്റം ചിന്തിക്കാൻ കഴിയുന്നതിനേക്കാൾ വലുതാണ്. അവിടെ ജീവനക്കാരെയും അദ്ധ്യാപകരെയും തൊഴിലാളികളെയുമെല്ലാം കൂട്ടിയോജിപ്പിച്ചു കൊണ്ടുള്ള ഗംഭീരമായ മുന്നേറ്റമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ബ്യൂട്ടി പാർലറുകളെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. ബ്യൂട്ടി പാർലറുകൾ ഇപ്പോൾ കേരളത്തിൽ

സാമാന്യ ജനവിഭാഗം ആശ്രയിക്കുന്ന ഒരു പ്രധാന കേന്ദ്രമായി മാറി. എന്നാൽ പെറ്റ് ബ്യൂട്ടി സെന്റർ ആദ്യമായി ആരംഭിച്ചത് മണ്ണുത്തിയിലെ വെറ്ററിനറി യൂണിവേഴ്സിറ്റി കേന്ദ്രത്തിലാണ്. നമുക്ക് ഇഷ്ടപ്പെട്ട വളർത്തുമൃഗങ്ങളെ സംരക്ഷിക്കാനും നഖം വെട്ടിക്കൊടുക്കൽ മുതൽ മുടിവെട്ടിക്കൊടുക്കൽ വരെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്താൻ കഴിയുന്ന തരത്തിൽ ശ്രദ്ധേയമായ ഒരു കേന്ദ്രം അവിടെ ആരംഭിച്ചു. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരുകാര്യംകൂടി കൂട്ടിയോജിപ്പിക്കുകയാണ്. പുത്തൂരിലെ സുവോളജിക്കൽ പാർക്ക് എന്നുപറയുന്ന ഏറ്റവും ഗംഭീരമായ മൃഗശാലാ കേന്ദ്രം യഥാർത്ഥത്തിൽ മണ്ണിൽ തൊടുന്നത് ഇപ്പോഴാണ്. ഇത് പ്രധാനപ്പെട്ടൊരു കാര്യമാണ്. വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സഹായം ആവശ്യമുള്ള ഒരു വിഷയമായതുകൊണ്ടാണ് ഞാനിത് കൂട്ടിയോജിപ്പിക്കുന്നത്. പുത്തൂരിലെ സുവോളജിക്കൽ പാർക്കിൽ പലതവണ ശില സ്ഥാപിക്കലല്ലാതെ മണ്ണിൽ തൊട്ട് കിളയ്ക്കൽ ഇതുവരെ നടന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ചുമതലയേറ്റെടുത്തശേഷം കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ നടത്തിയ നിരവധി ചർച്ചകളുടെ അടിസ്ഥാനത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചത്. കഴിഞ്ഞ ദിവസം ഞാനും ബഹുമാനപ്പെട്ട മന്ത്രിയുടെ കൂടെ ആ സ്ഥലം സന്ദർശിക്കാനായി പോയിരുന്നു. അവിടെ മൃഗങ്ങൾക്കുള്ള ആവാസ വ്യവസ്ഥ ഉൾപ്പെടെ സാദ്ധ്യമാകുന്ന തരത്തിലുള്ള എല്ലാ ഇടപെടലുകളും നടത്തി. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി കേന്ദ്രം, അതിന് സഹായകരമായ തരത്തിൽ ഒരു ഇടപെടൽ നടത്താവുന്ന കേന്ദ്രമാണ്. ആ സർവ്വകലാശാലയുടെ ഭാഗമായിട്ടുള്ള പുത്തൂർ സുവോളജിക്കൽ കേന്ദ്രം 2020 ഡിസംബറിൽ തൃശ്ശൂർ മൃഗശാലയിലെ മുഴുവൻ മൃഗങ്ങളെയും കൊണ്ടുവരാവുന്ന തരത്തിൽ മാറ്റിയെടുക്കുമെന്ന് പറയുമ്പോൾ അതിലൊരു ഗുണകരമായിട്ടുള്ള ഇടപെടൽ നടത്താൻ യൂണിവേഴ്സിറ്റിക്ക് സാദ്ധ്യമാകണം. അതുസംബന്ധിച്ച് അങ്ങയുടെ നിർദ്ദേശം എന്താണെന്ന് പറയാമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സമയം അതിക്രമിച്ചതുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുകയാണ്. എന്റെ സംസാരം അവസാനിപ്പിക്കുമ്പോൾ എനിക്കൊരു സജഷനുള്ളത്, മിൽക്ക് മാൻ എന്നും ഇന്ത്യയിലെ ധവള വിപ്ലവത്തിന്റെ പിതാവ് എന്നും അറിയപ്പെടുന്ന ഡോ. വർഗ്ഗീസ് കുര്യൻ, അദ്ദേഹം മലയാളി ആണെങ്കിലും ഞാൻ ഗുജറാത്തിയാണെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. ഇപ്പോഴും ഗുജറാത്തിലെ ക്ഷീരകർഷകരുടെ ഭവനങ്ങളിൽ അദ്ദേഹത്തിന്റെ ഫോട്ടോ വച്ച് ബഹുമാനിക്കുകയും ആരാധിക്കുകയുമൊക്കെ

ചെയ്യുന്നുണ്ട്. 2012-ൽ അദ്ദേഹം മരിക്കുമ്പോൾ അന്ന് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. നരേന്ദ്ര മോദി അതിന് 20 കിലോ മീറ്റർ അകലെ ഒരു പുതിയ കളക്ടറേറ്റ് കെട്ടിടം ഉദ്ഘാടനം ചെയ്യാനെത്തിയിരുന്നു. പക്ഷേ, പാലുൽപ്പാദനത്തിൽ പിന്നിൽ നിന്നിരുന്ന ഇന്ത്യയെ മുന്നിൽ കൊണ്ടുവന്ന ഡോ. വർഗ്ഗീസ് കുര്യന്റെ മൃതദേഹം പൊതുദർശനത്തിന് വച്ചിരുന്നപ്പോൾ ശ്രീ. നരേന്ദ്ര മോദി കാണാനായി അവിടേയ്ക്ക് ചെന്നില്ല. അതിനൊരു ചരിത്രമുണ്ട്. ഗോധ്ര കലാപത്തിൽ തുടങ്ങി, അതിനെ പരസ്യമായി വിമർശിച്ചതിൽ തുടങ്ങി, അന്നത്തെ ഗുജറാത്ത് ഗവൺമെന്റിന്റെ പലകാര്യങ്ങളും എടുത്തുപറഞ്ഞ് വിമർശിച്ചുകൊണ്ടുള്ള ഒരു സമീപനമായിരുന്നു ഡോ. വർഗ്ഗീസ് കുര്യൻ സ്വീകരിച്ചിരുന്നത്. അതുകൊണ്ടാണ് ഭാരതരത്നം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ അദ്ദേഹത്തിന് നൽകാതിരുന്നതെന്ന് നമുക്കറിയാം. എന്റെ ഒരു സജഷൻ, അദ്ദേഹത്തിന്റെ ആദരവിനൊത്തവിധമുള്ള ഒരു സ്മാരകം കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ സ്ഥാപിക്കണം. അതിനുള്ള ഇടപെടൽ നടത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഭേദഗതി ഞാൻ ഒരിക്കൽകൂടി അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ തത്വത്തിൽ ഞാൻ സ്വാഗതം ചെയ്യുന്നു. ആരംഭ പ്രസംഗത്തിൽ ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ ഇത് വളരെ നേരത്തെ ചെയ്യേണ്ടതായിരുന്നു. ഗവൺമെന്റിന്റെ ഒരു ഇച്ഛാശക്തിക്കുറവ് ഇക്കാര്യത്തിലുണ്ടായി എന്നാണ് എനിക്ക് തോന്നുന്നത്. കേന്ദ്ര വെറ്ററിനറി കൗൺസിലിന്റെ അദ്ധ്യക്ഷനെ ഒഴിവാക്കിക്കൊണ്ട് സെർച്ച് കമ്മിറ്റി രൂപീകരിക്കാനുള്ള ഒരു ഓർഡിനൻസ് ഇപ്പോൾ ബില്ലാക്കാൻ പോകുകയാണ്. ഇത് ഒന്നുകൂടി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. കാരണം, ഇത് സത്യത്തിൽ കുറച്ച് ലാഗ് ചെയ്തുകൊണ്ടുപോയിരിക്കുകയാണ്. എല്ലാ സർവ്വകലാശാലകളിലുമുള്ള വൈസ് ചാൻസലർമാരുടെ നിയമനകാര്യം പറയുമ്പോൾ സ്വാഭാവികമായും രാഷ്ട്രീയം കടന്നുവരാറുണ്ട്. ഞാൻ ഇങ്ങനെയൊരു രാഷ്ട്രീയം കടത്തിക്കൊണ്ടുവരാനായിട്ടല്ല ഇത് പറയുന്നത്. നേരത്തെ വെറ്ററിനറി സർവ്വകലാശാലയുടെ വൈസ്ചാൻസലർ നിയമനത്തിൽപോലും തങ്ങളുടെ രാഷ്ട്രീയ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് യു.ജി.സി.-യുടെ മാനദണ്ഡങ്ങളിൽ വെള്ളം ചേർത്തിരുന്നു. അതുകൊണ്ട് ഗവർണർ അത്

തിരിച്ചയയ്ക്കുകയാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ പഴയ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തുണ്ടായിരുന്ന വെറ്ററിനറി മേഖലയിലുള്ള ആളുകളെത്തന്നെ വൈസ്ചാൻസലറാക്കണമെന്നുള്ള തത്വം അംഗീകരിച്ച് മുന്നോട്ടുപോയതുകൊണ്ടാണ് ഡോ. എം. ആർ. ശശീന്ദ്രനാഥിനെ ഇപ്പോൾ വൈസ്ചാൻസലറായി നിയമിച്ചിട്ടുള്ളത്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. വൈസ്ചാൻസലർമാരുടെ നിയമനത്തിന്റെ കാര്യത്തിൽ എക്കാലത്തും യു.ഡി.എഫ്.-നെ വിമർശിക്കുന്ന ആളുകളാണുള്ളത്. കഴിഞ്ഞ പ്രസംഗത്തിൽ പോലും ശ്രീ. എം. സ്വരാജ് സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ വിഷയത്തിലേയ്ക്ക് വരുന്നതിനുമുമ്പ് ആമുഖമായി ഇത് പറയുകയാണ്. ഞങ്ങളുടെ ഭരണകാലത്ത് ഞങ്ങൾ പറയുന്നവരെ ഗവർണർ മാറ്റി നിയമിച്ചിട്ടില്ല. എന്നാൽ, ഈ ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യ സർവ്വകലാശായിൽ വൈസ്ചാൻസലർമാരെ നിയമിച്ചപ്പോൾ ഗവൺമെന്റ് നൽകിയിരിക്കുന്ന പാനലിൽനിന്ന് ഒന്നാമതായി ഡോ. മോഹൻ കുന്നുമ്മലിനെ നിയമിച്ചു. പക്ഷെ സെർച്ച് കമ്മിറ്റി അദ്ദേഹത്തെ രണ്ടാമത്തെ ആളായിട്ടാണ് കൊടുത്തിരുന്നത്. ഒന്നാമതായി കൊടുത്തിരുന്ന ഡോ. പ്രവീണിനെ ഒഴിവാക്കിയാണ് ഇദ്ദേഹത്തെ നിയമിച്ചത്. അയോഗ്യത ഞങ്ങൾ കൊടുത്ത ആളുകൾക്കല്ലെന്ന് പറയാൻവേണ്ടി മാത്രമാണ് ഞാനിത് സൂചിപ്പിച്ചത്. ഏതായാലും ഈ ബില്ലിലെ ഭേദഗതിയെ തത്വത്തിൽ അംഗീകരിക്കുന്നതോടൊപ്പം ഈ മേഖലയിലുള്ള ധാരാളം പ്രശ്നങ്ങൾകൂടി നമുക്ക് ചർച്ച ചെയ്യേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. വയനാട് ജില്ലയിലെ പൂക്കോട് മണ്ഡലത്തിലാണ് ഇതിന്റെ കാമ്പസ് സ്ഥിതിചെയ്യുന്നത്. ഈ കാമ്പസിനെ ശക്തിപ്പെടുത്തണമെങ്കിൽ ആദ്യം ഡിപ്പാർട്ട്മെന്റിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. വേണ്ടത്ര സൗകര്യങ്ങളില്ലാത്തൊരു കാമ്പസാണ്. മണ്ണുത്തി സർവ്വകലാശാലയിലും ആവശ്യമായിട്ടുള്ള സൗകര്യങ്ങളും കെട്ടിടങ്ങളും അനുബന്ധ സ്റ്റാഫും ഇല്ലെന്നാണ് എല്ലാ റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത്. അതുകൊണ്ട് തത്വത്തിൽ ഈ ഡിപ്പാർട്ട്മെന്റിനെ ഒന്നുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. മാത്രമല്ല, 1960-കളിൽ അവസാനമുണ്ടാക്കിയ സ്ട്രക്ച്ചറാണ് യഥാർത്ഥത്തിൽ വെറ്ററിനറി ഡിപ്പാർട്ട്മെന്റിനുള്ളത്. ആ സ്ട്രക്ച്ചർ മാറ്റി രണ്ടാമത് പുതുക്കിപ്പണിയേണ്ട ഒരു സന്ദർഭമാണിത്. ആവശ്യമായിട്ടുള്ള സ്റ്റാഫും ഡോക്ടർമാരും അനുബന്ധ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ട ഒരു മേഖലയാണിത്. ആറന്മുള എം.എൽ.എ. സൂചിപ്പിച്ചത് ഇപ്പോൾ ജനങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂറും സർവ്വീസ് ലഭ്യമാകുന്നുവെന്നാണ്. അത് ഇല്ലെന്നാണ് എനിക്ക് പറയാനുള്ളത്. രാവിലെ 9 മണി മുതൽ 3 മണി വരെയുള്ള സർവ്വീസാണ് ഇപ്പോൾ ലഭിക്കുന്നത്. ബാക്കിയുള്ള സർവ്വീസ് ലഭ്യമാകുന്നത് അപൂർവ്വം ചില സ്ഥലങ്ങളിൽ മാത്രമാണ്. ഒരു ബ്ലോക്കിൽ ഫുൾടൈം സർവ്വീസുള്ള പോളിക്ലിനിക്ക് അല്ലെങ്കിൽ എമർജൻസി സർവ്വീസ് വേണമെന്നുള്ളതാണ് പൊതുവേയുള്ള ആവശ്യം. മലപ്പുറം ജില്ലയിൽ

ആകെ 14 ബ്ലോക്കുകളുള്ളതിൽ 7 ബ്ലോക്കുകളിൽ മാത്രമാണ് എമർജൻസി സർവ്വീസുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ച് അതിനുള്ള സൗകര്യം ചെയ്യാവുന്നതേയുള്ളൂ. പഞ്ചായത്തുകൾക്ക് പെർമിസീവ് സാംഗ്ഷൻ നൽകിക്കൊണ്ട്, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യരംഗത്ത് ഓരോ പി.എച്ച്.സി.-ക്കും എഫ്.എച്ച്.സി.-ക്കും, നിയമിക്കാൻ പെർമിഷൻ നൽകിയതുപോലെ ഒരു ഡോക്ടറെയും അനുബന്ധ സ്റ്റാഫിനെയും നിയമിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് പെർമിസീവ് സാംഗ്ഷൻ വഴി നൽകിയാൽ അവർക്ക് ഒരാളെവച്ചുകൊണ്ട് എമർജൻസി സർവ്വീസ് ആവശ്യമുള്ള സ്ഥലത്ത് നടത്താൻ കഴിയും. പ്രത്യേകിച്ച്, പശുവിന്റെ പ്രസവവും മറ്റുകാര്യങ്ങളുമൊക്കെ നടക്കുന്നത് മിക്കവാറും രാത്രികാലങ്ങളിലാണ്. രാത്രികാലങ്ങളിൽ ഡോക്ടർമാരെ വിളിച്ചാൽ കിട്ടാത്തൊരു സാഹചര്യമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് എമർജൻസി സർവ്വീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ എമർജൻസി സർവ്വീസ് ഏർപ്പെടുത്തിയാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് ഏറെ ഉപകാരപ്രദമാകുമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം ഓരോ പോളിക്ലിനിക്കുകൾ എല്ലാ മുനിസിപ്പാലിറ്റികളിലും വേണമെന്നാണ് പൊതുവേയുള്ള ആവശ്യം. പക്ഷെ, എല്ലാ മുനിസിപ്പാലിറ്റികളിലും ഉണ്ടോ ഇല്ലയോ എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ ജില്ലയായ മലപ്പുറത്ത് ആകെ 7 മുനിസിപ്പാലിറ്റികളുണ്ട്. അതിൽ 4 സ്ഥലത്ത് മാത്രമാണ് പോളിക്ലിനിക്കുകളുള്ളത്. എന്റെ മണ്ഡലമായ കൊണ്ടോട്ടിയിൽ ധാരാളം കർഷകരുണ്ട്. കൊണ്ടോട്ടിയിൽ പോളിക്ലിനിക്ക് ആരംഭിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. അതോടൊപ്പം 100 വെറ്ററിനറി ഡോക്ടർമാർക്ക് ഒരു അസിസ്റ്റന്റ് ഡയറക്ടർ വേണമെന്നുള്ളതാണ് നിലവിലെ സ്ഥിതി. അങ്ങനെയാണെങ്കിൽ മലപ്പുറം ജില്ലയിൽ ഇപ്പോൾ ഏകദേശം 34-ഓളം അസിസ്റ്റന്റ് ഡയറക്ടർമാരുടെ ആവശ്യമുണ്ട്. ഇപ്പോൾ അവിടെ 19 അസിസ്റ്റന്റ് ഡയറക്ടർമാർ മാത്രമാണുള്ളത്. മറ്റുജില്ലകളിലെ കണക്ക് എനിക്ക് അറിയില്ല. സ്ട്രക്ച്ചറുണ്ടാക്കുമ്പോൾ ഈ ഡിപ്പാർട്ട്മെന്റിനെക്കൂടി ശക്തിപ്പെടുത്താൻ വേണ്ടിയാണ് ഇത്തരം നിർദ്ദേശങ്ങളുള്ളത്. അതുകൊണ്ട് കൂടുതൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെടുകയാണ്. മറ്റൊരു കാര്യം, ഈ ഡിപ്പാർട്ട്മെന്റിൽ പി.എച്ച്.ഡി.-യും മറ്റ് ഹയർ ക്വാളിഫിക്കേഷനുമുള്ള ധാരാളം ഡോക്ടർമാർ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. അവർക്ക് അവരുടെ സ്പെഷ്യലൈസ്ഡ് ഏരിയ തെരഞ്ഞെടുക്കാൻ സാധിക്കില്ല. എന്നാൽ നമുക്ക് അവരുടെ സർവ്വീസ് ഉപയോഗിക്കാൻ പാടില്ലേ? ഇപ്പോൾ ധാരാളം ഗൈനക്കോളജിസ്റ്റുകളുണ്ട്. അവർക്ക് സ്പെഷ്യാലിറ്റി കേഡർ സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ ഇല്ലയോ എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി

പരിശോധിക്കണം. അതിനായി ജില്ലാതലത്തിൽ ഒരു സംവിധാനമുണ്ടായാൽ അത് ഏറെ ഉപകാരപ്പെടും. അതുകൊണ്ട് അനിമൽ പോപ്പുലേഷൻ കൂടുതലുള്ള പഞ്ചായത്തിൽ ഒരു ജൂനിയർ ഡോക്ടറെക്കൂടി ഉൾപ്പെടുത്തണം. എല്ലായിടത്തും വേണമെന്ന് ഞാൻ പറയുന്നില്ല. പ്രത്യേകിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം കർഷകരുണ്ട്. ഏറ്റവും കൂടുതൽ അനിമൽ പോപ്പുലേഷനുള്ള സ്ഥലത്തെങ്കിലും ഒരു ജൂനിയർ ഡോക്ടറെ നിയമിക്കാനുള്ള സൗകര്യമുണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കർഷകരെ സംബന്ധിച്ചിടത്തോളം എല്ലാ കാലഘട്ടത്തിലും കാലിത്തീറ്റയ്ക്ക് വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കർഷകരെ സഹായിക്കാനായി ഫലപ്രദമായ പദ്ധതിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ചില മാനദണ്ഡങ്ങൾ വച്ചിട്ടാണ് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നത്. ഇപ്പോൾ 10 മാസമാണ് കറവപ്പശുക്കൾക്ക് സബ്സിഡി നൽകുന്നത്. അത് 30 മാസമാക്കി വർദ്ധിപ്പിക്കണമെന്നുള്ളത് കർഷകരുടെ ഭാഗത്തുനിന്നുള്ള ആവശ്യമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മലപ്പുറം ജില്ലയിൽ വെറ്ററിനറി ഡിപ്പാർട്ട്മെന്റിൽ ആവശ്യമായ ഡോക്ടർമാരും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുമില്ല. വെറ്ററിനറി ഡോക്ടർമാരുടെ അഞ്ചോ എട്ടോ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെതന്നെ മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട മൊബൈൽ ഡയഗ്നോസ്റ്റിക് ലാബിൽ പോലും ഒരു ഡോക്ടറില്ല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ തിരുവനന്തപുരം, കൊല്ലം തുടങ്ങിയ ജില്ലകളിൽ നിന്നും വരുന്നവരാണ്. അവർ other duty എന്ന പേരിൽ സ്വന്തം ജില്ലയിലേയ്ക്ക് വരികയാണ് ചെയ്യുന്നത്. മലപ്പുറം ജില്ലയിൽ ഇപ്പോൾ other duty-യിൽ മാത്രം 12 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ വേക്കൻസികളുണ്ട്. നേരത്തെയുള്ള 8 വേക്കൻസികളുംകൂടി ചേർത്ത് ആകെ 20 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ വേക്കൻസികളുണ്ട്. വെറ്ററിനറി സർജൻമാർ രാത്രികാല സേവനം നടത്തുന്നവരാണ്. വൈകുന്നേരം ആറ് മണി മുതൽ രാവിലെ ആറ് മണിവരെയാണ് അവരുടെ ഡ്യൂട്ടി. ആ സമയത്ത് ഒരു കർഷകൻ പശുവിന്റെ പ്രസവത്തിനുവേണ്ടി വിളിച്ചാൽ അവിടെ പോകാൻ വെറ്ററിനറി സർജൻമാർ മലപ്പുറം ജില്ലയിലില്ല. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങൾ ഇവിടെ നിലനിൽക്കുകയാണ്. മൃഗപരിപാലനം, പ്രതിരോധ കുത്തിവയ്പ്പ്, ബീജസങ്കലനം, പ്രാഥമിക ചികിത്സ തുടങ്ങിയവ യഥാർത്ഥത്തിൽ ചെയ്യേണ്ടത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും വെറ്ററിനറി സർജൻമാരും ആവശ്യമായ ഡോക്ടർമാരും ഇല്ലാത്ത സ്ഥിതിക്ക് ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാകണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ബഹുമാനപ്പെട്ട അംഗം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ സംബന്ധിച്ച് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ഒരു ഹാച്ചറി സെന്റർ ആരംഭിച്ചു. അത് ആരംഭിച്ചുവെന്നല്ലാതെ ആവശ്യത്തിനുള്ള സ്റ്റാഫോ ലാബ് അടക്കമുള്ള അനുബന്ധ സൗകര്യങ്ങളോ ഇല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ പോപ്പുലേഷനുള്ള, പ്രത്യേകിച്ച് അനിമൽ പോപ്പുലേഷനുള്ള ജില്ലയാണ് മലപ്പുറം. അതുകൊണ്ട് മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ഈ ഹാച്ചർ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ലഭ്യമാക്കണം.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ക്ഷീര കർഷകരുമായി ബന്ധപ്പെട്ടുള്ള വിഷയം നേരത്തെ ബഹുമാനപ്പെട്ട പി. ഉബൈദുള്ള സൂചിപ്പിക്കുകയുണ്ടായി. ഡോക്ടർമാരില്ലെന്നുള്ളത് അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. രാത്രികാലങ്ങളിൽ മാത്രമല്ല, പലപ്പോഴും പകൽ സമയങ്ങളിലും പശുവിന് അസുഖമാണെന്ന് വിളിച്ചാൽ മീറ്റിംഗാണെന്നുപറഞ്ഞ് എല്ലാവരും പുറത്തായിരിക്കും. രാത്രി വിളിച്ചാൽ ഒരാളെയും കിട്ടാറില്ല എന്നുള്ളത് സത്യം. പത്തെഴുപത് കിലോമീറ്റർ വരെ കർഷകൻ പോയാൽ പശു ചത്തുപോകുന്ന സാഹചര്യമുണ്ടാകും. എൺപതിനായിരവും ഒരുലക്ഷവുമൊക്കെ രൂപകൊടുത്താണ് പശുക്കളെ വാങ്ങുന്നത്. അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. മറ്റൊന്ന്, ഇപ്പോൾ പാലിന് 4 രൂപ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൽ 3.85 രൂപ ക്ഷീര കർഷകന് നൽകണമെന്നാണ്. പക്ഷെ പല സ്ഥലങ്ങളിലും സൊസൈറ്റികൾ രണ്ടുരൂപയാണ് നൽകുന്നത്. `ഏതാണ്ട് 25-ഓളം പശുക്കളെ ഞാനും വളർത്തുന്നുണ്ട്. എന്റെ അനുഭവമാണ് ഞാൻ പറയുന്നത്. സൊസൈറ്റികളിൽ ചോദിക്കുമ്പോൾ ഞങ്ങൾക്ക് അത്ര മാത്രമേ റീഡിംഗ് കിട്ടുന്നുള്ളൂവെന്നാണ് പറയുന്നത്. റീഡിംഗ് എന്നുപറയുന്നത് തീർത്തും കർഷകരെ പറ്റിക്കാൻ വേണ്ടിയുള്ള ഏർപ്പാടാണ്. ക്ഷീര സൊസൈറ്റികളുടെ ഉദ്ദേശ്യമെന്താണ്; ക്ഷീര കർഷകരിൽനിന്നും പാൽ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനും ആവശ്യമായ കാര്യങ്ങൾ കർഷകർക്ക് ചെയ്തുകൊടുക്കുന്നതിനുമാണ് സൊസൈറ്റികൾ രൂപീകരിക്കുന്നത്. എന്നാൽ ചില സൊസൈറ്റികൾ ക്ഷീര കർഷകരെ പിഴിയുകയാണ്. അവർ ഏറ്റവും കുറഞ്ഞ വിലയ്ക്ക് പാൽ വാങ്ങി അപ്പോൾതന്നെ മറിച്ചുവിൽക്കുന്ന സാഹചര്യമാണുള്ളത്. ക്ഷീരകർഷകർ ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കാലിത്തീറ്റയുമായി ബന്ധപ്പെട്ടുള്ളതാണ്. കെ.എസ്. കാലിത്തീറ്റയുടെ വില കേരള ഫീഡ്സിലും മാർക്കറ്റിലും നേരത്തെ 900 രൂപയായിരുന്നത് ഇപ്പോൾ 1350 രൂപയാണ്. ചില സ്ഥലങ്ങളിൽ 1400 രൂപ വരെയുണ്ട്. കർഷകരെ ചൂഷണം ചെയ്യുകയും പിടിച്ചുപറിക്കുകയും ചെയ്യുന്ന സാഹചര്യം അവിടെയുണ്ട്. സാധാരണ

പത്തോ ഇരുപതോ ലിറ്റർ പാൽ ലഭിക്കുന്ന ഒരു പശുവിന് മുപ്പതുമുതൽ മുപ്പത്തിയഞ്ച് കിലോ ഗ്രാം വരെയുള്ള ഭക്ഷണം നൽകണമെന്നാണ് കണക്ക്. ഒരു പശുവിന് 35 കിലോഗ്രാം തീറ്റ കൊടുക്കുകയാണെങ്കിൽ അഞ്ചോ പത്തോ പശുക്കളെ വളർത്തുന്ന ഒരു കർഷകന് അയാളുടെ വീടും കിടപ്പാടവുമെല്ലാം വിൽക്കേണ്ടിവരും. കർഷകർക്ക് കാലിത്തീറ്റ കൊടുക്കാനുള്ള സംവിധാനം, ക്ഷീരകർഷകർക്ക് പാൽ ഉൽപ്പാദിപ്പിക്കാനാവശ്യമായ സാഹചര്യം എന്നിവ ഉണ്ടാക്കേണ്ടതല്ലേ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: നാഷണൽ വെറ്ററിനറി കൗൺസിൽ അദ്ധ്യക്ഷനെ പാനലിൽനിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട ബില്ലാണ്. ഈ ബിൽ വെറ്ററിനറി സർവ്വകലാശാലയിലെ വൈസ് ചാൻസലറെ നിയമിക്കുന്ന സമിതിയുമായി ബന്ധപ്പെട്ടതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എന്നാലും ക്ഷീര കർഷകരുടെ പ്രശ്നം സഭയിൽ കൊണ്ടുവരണ്ടേ; സഭ അത് ചർച്ചചെയ്യണ്ടേ? ഇപ്പോൾതന്നെ ഗവൺമെന്റിന്റെ കണക്കനുസരിച്ച് ക്ഷീരോൽപ്പാദന രംഗത്ത് വലിയ മാറ്റമുണ്ടായി എന്നാണ് പറയുന്നത്. എന്ത് മാറ്റമാണുണ്ടായത്? ക്ഷീരകർഷകർ ഏറെ ബുദ്ധിമുട്ടുകയാണ്, കഷ്ടപ്പെടുകയാണ്. ഒരു കറ്റ വയ്ക്കോൽ വാങ്ങണമെങ്കിൽ 45 രൂപയാണ് നൽകേണ്ടത്. ഇത്രയും പിടിച്ചുപറി ആ രംഗത്ത് നടക്കുമ്പോൾ കർഷകർക്ക് കാലിത്തീറ്റ ലാഭകരമായി ലഭ്യമാകാനുള്ള ഏർപ്പാട് സർക്കാർ ഉണ്ടാക്കണം.

മി. സ്പീക്കർ: അങ്ങ് ഇരിക്കൂ, ഒരാൾ പ്രസംഗിക്കുമ്പോൾ ഇടപെട്ട് ചോദ്യം ചോദിക്കാം, പക്ഷെ ഇടപെട്ട് പ്രസംഗിക്കാൻ കഴിയുമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല പറഞ്ഞത് മുഖവിലയ്ക്കെടുക്കേണ്ടതുണ്ട്. ഈ സഭയിൽ ഒന്ന് ശ്വാസം വിട്ട് കാര്യങ്ങൾ പറയാൻ സാധിക്കുന്നത് ബില്ലിന്റെ ചർച്ചയിലാണ്. ഈ സഭയിൽ ശ്രീ. പി. ജെ. ജോസഫും ശ്രീ. പാറക്കൽ അബ്ദുല്ലയുമാണ് ക്ഷീരകർഷകരിൽ ഏറ്റവും പ്രമുഖരായ ആളുകൾ. ഈ രണ്ട് പേർ മാത്രമേയുള്ളൂവെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹം പറയുന്നത്, കുറച്ച് സംയമനത്തോടുകൂടിയും ഗൗരവത്തോടുകൂടിയും കേൾക്കണമെന്ന നിലയ്ക്കാണ് ഞാൻ പറയുന്നത്. ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന കാര്യത്തിൽ നിശ്ചയിച്ചിരിക്കുന്ന കാലയളവ് 10 മാസമെന്നത് പഞ്ചായത്തുകൾ ഇടപെട്ടുകൊണ്ട് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് 30 മാസം വരെ കൂട്ടിക്കൊടുക്കാറുണ്ട്. കന്നുകുട്ടികളുടെ

ബ്രീഡിംഗ് പിരീഡുകളിലും അവർക്കുവേണ്ട സൗകര്യങ്ങൾ കുറച്ചുസമയംകൂടി കൂട്ടിക്കൊടുക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള സൗകര്യങ്ങൾ ക്ഷീരകർഷകർക്ക് ആശ്വാസപ്രദമാകും എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ച കാര്യവും വളരെ പ്രധാനപ്പെട്ടതാണെന്ന് എനിക്ക് തോന്നുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വെറ്ററിനറി പോപ്പുലേഷന് ആനുപാതികമായി വെറ്ററിനറി സംവിധാനങ്ങൾ, ഡോക്ടർമാർ, ഹോസ്പിറ്റലുകൾ, മരുന്നുകൾ തുടങ്ങിയ കാര്യങ്ങൾ ഇല്ലായെന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. വാസ്തവത്തിൽ ഇതൊക്കെ ഏറ്റവും അനിവാര്യമായിട്ടുള്ള ഇന്നത്തെ കാലഘട്ടത്തിൽ വികാസം പ്രാപിക്കേണ്ട ഒന്നാണ് വെറ്ററിനറി സയൻസ്. അതുകൊണ്ട് നാട്ടുകാർക്ക് പ്രയോജനമുണ്ടാകത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. വെറ്ററിനറി ഡോക്ടർമാരുടെയും മറ്റും ശമ്പളവർദ്ധനയുമായി ബന്ധപ്പെട്ട് പണ്ട് ഗീതാപോറ്റി കമ്മീഷനെ നിയോഗിച്ച് ഒരു സാലറി ഹൈക്ക് കൊണ്ടുവന്നിരുന്നു. എന്നാൽ 24 മണിക്കൂറോ രണ്ട് ദിവസമോ കഴിഞ്ഞപ്പോൾ അത് വിത്ഡ്രോ ചെയ്യുന്ന സാഹചര്യമാണുണ്ടായത്. നേരത്തെ ശ്രീമതി യു. പ്രതിഭ സംസാരിച്ചപ്പോൾ മാംസാഹാരത്തെക്കുറിച്ച് പറഞ്ഞു. നമുക്ക് ഇപ്പോൾ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുണ്ട്. ആഹാരത്തിന്റെ കാര്യത്തിലായാലും വരുമാനത്തിന്റെ കാര്യത്തിലായാലും വലിയൊരു സർവ്വീസ് ആവശ്യമുള്ള, അതായത് കൂടുതൽ ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ട ഒരു സയൻസാണിത്. ഒരുപാട് കാലം കേരളത്തിൽ കൃഷി വകുപ്പിന്റെ അനുബന്ധമായിട്ടാണ് മൃഗസംരക്ഷണവും അനിമൽ ഹസ്ബന്ററിയും ക്ഷീര വികസനവും വകുപ്പ് പ്രവർത്തിച്ചിരുന്നത്. ഇപ്പോഴും അതൊരു വകുപ്പെന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഇത് കൂടുതൽ ജനോപകാരപ്രദമായ രീതിയിലും ശാസ്ത്രീയമായുള്ള ഒരു സംവിധാനമാക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് അങ്ങയുടെ പ്രസംഗത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശ്രീ. കെ. എൻ. എ. ഖാദർ ഈ വിഷയത്തിൽ കുറച്ചുകൂടി ആഴത്തിൽ അറിവുള്ള ആളാണ്. ശ്രീ. പാറക്കൽ അബ്ദുല്ല ക്ഷീര കർഷകനാണ്, എന്നാൽ ശ്രീ. കെ. എൻ. എ. ഖാദർ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്വായത്തമാക്കിയ ആളാണ്. അതാണ് വ്യത്യാസം. അനുഭവത്തിൽ നിന്നാണ് ശ്രീ. പാറക്കൽ അബ്ദുല്ലയും ശ്രീ. പി. ജെ. ജോസഫും പറയുന്നത്. ശ്രീ. കെ. എൻ. എ. ഖാദർ വിവരം ശേഖരിച്ചുപറയുന്നതാണ്. ഏതായാലും ഞാൻ അതിലേയ്ക്ക് പോകുന്നില്ല, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ചത്

എ.ബി.സി. (അനിമൽ ബെർത്ത് കൺട്രോൾ) പ്രോഗ്രാമിനെ സംബന്ധിച്ചാണ്. ഇന്നലെ ഞാൻ തിരൂർ സ്റ്റേഷനിൽ നിൽക്കുമ്പോൾ മറുവശത്ത് വലിയ നായ്ക്കൂട്ടങ്ങളുണ്ടായിരുന്നു. അതിൽ പേപ്പട്ടി ഉണ്ടോയെന്ന് അറിയില്ല. നായ്ക്കൂട്ടമുള്ള സമയത്ത് ട്രെയിനിനടുത്തേയ്ക്ക് പോകാൻപോലും പേടിതോന്നിയ സന്ദർഭമുണ്ട്. ഇപ്പോൾ കേരളത്തിൽ ഈ പ്രശ്നം വ്യാപകമായി വരികയാണ്. ഈ സമയത്തുപോലും എ.ബി.സി. പ്രോഗ്രാമിന് സർക്കാർ വേണ്ടത്ര ഫണ്ട് കൊടുക്കുന്നില്ല. മലപ്പുറം ജില്ലയ്ക്ക് കഴിഞ്ഞ വർഷം 50 ലക്ഷം രൂപ നൽകി, പക്ഷെ സാമ്പത്തിക പ്രതിസന്ധിയെന്നുപറഞ്ഞ് ആ തുക ഉടൻതന്നെ പിൻവലിക്കുകയും ചെയ്തു. തുക മലപ്പുറം ജില്ലയിൽ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. ഇത് മലപ്പുറം ജില്ലയിൽനിന്നും കിട്ടുന്ന വിവരമാണ്. ഞാൻ പറയുന്നത്, ഒരു പേപ്പട്ടി കടിച്ചാൽ ആ ആളെ പെട്ടെന്ന് ശുശ്രൂഷിക്കാനും രക്ഷപ്പെടുത്താനുമുള്ള സംവിധാനമുണ്ടാകണം. ഇന്ന് അതിന് സ്ഥായിയായ സംവിധാനമില്ല. അക്കാര്യം അടിയന്തരമായി ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഇതിന് ഒരു സ്ഥിരം സംവിധാനം വേണം. അതായത്, പേപ്പട്ടി കടിക്കുമ്പോൾ ചികിത്സയ്ക്കായി ഡോക്ടർമാർ, മറ്റു ജീവനക്കാർ, മരുന്ന്, ലാബ് സൗകര്യം, പട്ടിയെ പിടിച്ചുകൊണ്ടുവരാനുള്ള വാഹനങ്ങൾ, അതിനുപറ്റുന്ന ആളുകൾ എന്നിവയൊക്കെ വേണം. ഈ സൗകര്യങ്ങളൊക്കെയുണ്ടാകുന്ന ഒന്നോ രണ്ടോ യൂണിറ്റുകളെങ്കിലും ജില്ലയിൽ ഇല്ലെങ്കിൽ വളരെയധികം പ്രയാസപ്പെടുന്ന അവസ്ഥയുണ്ടാകും. കേരളത്തിലെ പൊതുജീവിതത്തിൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് വലിയ പ്രയാസമായി നിൽക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അങ്ങ് പറഞ്ഞ അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം, വർഷങ്ങളായി മാറിമാറിവരുന്ന ഗവൺമെന്റുകൾ ചർച്ച ചെയ്യുന്ന കാര്യമാണ്. ഏതെങ്കിലും ഒരു തെരുവിൽ നിന്ന് കുറെ നായ്ക്കളെ പിടിച്ച് അതിനെ എ.ബി.സി. പ്രോഗ്രാമിന് വിധേയമാക്കിക്കഴിഞ്ഞാൽ പത്തുപന്ത്രണ്ട് ദിവസം അതിനെ പ്രത്യേകം കൂട്ടിലിട്ട് പരിചരിച്ചശേഷം മാത്രമേ തിരികെ കൊണ്ടുവിടാൻ കഴിയുകയുള്ളൂ. ഒരു പ്രദേശത്തുനിന്ന് പിടിക്കുന്ന നായ്ക്കളെ എ.ബി.സി. പ്രോഗ്രാമിന് വിധേയരാക്കിയശേഷം ആ നായ്ക്കളെ വീണ്ടും ആ പ്രദേശത്തുതന്നെ കൊണ്ടുവിടേണ്ടിവരും. മറ്റൊരു സ്ഥലത്ത് ഉപേക്ഷിച്ചാൽ അത് വീണ്ടും അക്രമാസക്തമാകും. പലപ്പോഴും അക്രമം കാണിക്കുന്ന നായ്ക്കൾ തെരുവിൽ വളരുന്ന നായ്ക്കളല്ല. സാധാരണ വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് ഒരു പ്രായമെത്തിക്കഴിയുമ്പോൾ എന്തെങ്കിലും രോഗം വന്നാൽ അവർ രാത്രികാലങ്ങളിൽ ഈ നായ്ക്കളെ കൊണ്ടുപോയി ആളില്ലാത്ത സ്ഥലത്ത് ഇറക്കി വിടും. ആ നായ്ക്കളാണ് ഭക്ഷണം കിട്ടാതെ, ഷെൽട്ടർ ഇല്ലാതെ ബുദ്ധിമുട്ടി മറ്റുള്ളവരെ കടിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നതെന്നത് ഒരു യാഥാർത്ഥ്യമാണ്.

1.00 P.M.]

## VI അറിയിപ്പ്

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ...ഓർഡർ. ഇന്നത്തെ കാര്യപരിപാടി അനുസരിച്ച് ഉച്ചയ്ക്കുശേഷം 1.00 മണി മുതൽ 2.00 മണി വരെ 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ പരിഗണനയ്ക്കായാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. എന്നാൽ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ സഭയുടെ അനുമതിയോടെ ചട്ടം 151 (2)-ൽ ഇളവ് വരുത്തിക്കൊണ്ട് രണ്ട് ബില്ലുകളുടെയും പരിഗണന പൂർത്തീകരിച്ചതിനുശേഷം ധനവിനിയോഗ ബിൽ പരിഗണിക്കുന്നതാണ്.

നമുക്ക് ആകാശത്തിന് താഴെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും പറയാനുള്ള പ്രാഗത്ഭ്യമുണ്ട്. എന്നാൽ ആ പ്രാഗത്ഭ്യം മുഴുവൻ തെളിയിക്കാതെ വിഷയത്തിൽ നിന്നുകൊണ്ട് സംസാരിക്കണം. ബില്ലിന്റെ ചർച്ചയിലും സമയപരിധിയുണ്ട്.

### നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വെറ്ററിനറി സർവ്വകലാശാലയുമായി ബന്ധപ്പെട്ട കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ, കൂടുതലായി ഒന്നും പറയുന്നില്ല. വി.സി.-യെ നമ്മൾ നിയമിച്ചുകഴിഞ്ഞു. വി.സി.-യെയും രജിസ്ട്രാറെയും എഫ്.ഒ.-യെയും നിയമിക്കുന്നത് പലയിടത്തും രാഷ്ട്രീയ സൗകര്യത്തിനുവേണ്ടിയാണ്. ഈ സർവ്വകലാശാലയിൽ അതില്ലാതാകട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്. കാരണം, ബഹുമാനപ്പെട്ട മന്ത്രിപോലും അറിയാതെ, ഇപ്പോൾ ഈ സർവ്വകലാശാലയിൽ നടക്കുന്ന നിയമനങ്ങളൊക്കെ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ ഇംഗിതത്തിനനുസരിച്ചാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് അനുകൂലമായി നിൽക്കുന്ന സംഘടന പറയുന്ന ആളുകളെയാണ് നിയമിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിപോലും അറിയുന്നില്ല, മന്ത്രിക്ക് അക്കാര്യത്തിൽ നിയന്ത്രണങ്ങളൊന്നുമില്ല. കൃത്യമായ മാനദണ്ഡങ്ങളില്ലാതെ വെറും പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ് എന്ന നിലയിലാണ് നിയമിക്കുന്നത്. പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ് എന്നത് നമ്മൾ പ്രയോഗിക്കുന്നതും താഴെക്കിടയിലുള്ളവർ മനസ്സിലാക്കുന്നതും വ്യത്യസ്ത അർത്ഥത്തിലാണ്. ആ നിലയിലുള്ള നിയമനങ്ങളാണ് വെറ്ററിനറി സർവ്വകലാശാലയിലാകമാനം നടക്കുന്നത്. കൃത്യമായ മാനദണ്ഡങ്ങളും യോഗ്യതകളും വച്ചുകൊണ്ട് നിയമനങ്ങൾ താത്കാലികമാണെങ്കിലും കോൺട്രാക്റ്റ് അടിസ്ഥാനത്തിലാണെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലും ശ്രദ്ധയും ആ കാര്യത്തിൽ കൂടി വേണമെന്ന് അപേക്ഷിക്കുകയാണ്. ഈ ക്ലോസിനെ അനുകൂലിക്കുന്നതോടൊപ്പം ഈ ബിൽ അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വീണ്ടും അയയ്ക്കണമെന്ന അഭ്യർത്ഥനയോടെ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ,...

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം ചർച്ച അവസാനിപ്പിച്ചു. ഇനി എന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. അദ്ദേഹം പറഞ്ഞത് വെറ്ററിനറി സർവ്വകലാശാലയിൽ മാർക്സിസ്റ്റ് പാർട്ടിക്കാരായ ആളുകളെ യഥേഷ്ടം നിയമിച്ചിരിക്കുന്നുവെന്നാണ്. ഒരു സർക്കാർ സംവിധാനത്തിലോ സർവ്വകലാശാലയിലോ ഏതു പാർട്ടിക്കാരെണെങ്കിലും അങ്ങനെ നിയമിക്കാനാകുമോ? ആ വിദ്യ എങ്ങനെയാണെന്ന് അദ്ദേഹം തന്നെ വിശദീകരിക്കണം. നമുക്കാർക്കും അത് പരിചയമില്ല. എന്ത് വസ്തുതയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം പറഞ്ഞത്?

മി. സ്പീക്കർ: അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്ന പ്രതീക്ഷയാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒരു രാഷ്ട്രീയപാർട്ടിയെ അപകീർത്തിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് ഒരടിസ്ഥാനവുമില്ലാതെ ബോധപൂർവ്വം സഭയുടെ സംരക്ഷണം വച്ചുകൊണ്ട് പറഞ്ഞിരിക്കുകയാണ്. അത് അദ്ദേഹം തിരുത്തണം.

മി. സ്പീക്കർ: അങ്ങനെ സംഭവിക്കാതിരിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ശ്രീ. എ. പി. അനിൽ കുമാർ, ശ്രീമതി വീണാ ജോർജ്ജ്, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയുണ്ടായി. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ തത്വത്തിൽ അനുകൂലിച്ചാണ് അവരെല്ലാവരും സംസാരിച്ചത്. സംഭാഷണം യൂണിവേഴ്സിറ്റിയിൽ നിന്നുവിട്ട് വെറ്ററിനറി ഡിപ്പാർട്ട്മെന്റിലേയ്ക്കും ക്ഷീരവകുപ്പിലേയ്ക്കും പോയി എന്നുള്ളതേയുള്ളൂ. വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുള്ള ചില നല്ല നിർദ്ദേശങ്ങൾ ഉയർന്നുവരികയുണ്ടായി. ചർച്ചയിൽ പങ്കെടുത്തുകൊണ്ടും ഇടപെട്ടുകൊണ്ടും അംഗങ്ങൾ പറഞ്ഞ നിർദ്ദേശങ്ങളിലെല്ലാം വെറ്ററിനറി യൂണിവേഴ്സിറ്റിയെ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഉതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. അത്തരം നിർദ്ദേശങ്ങളെല്ലാം സർക്കാരിന് ചെയ്യാവുന്ന പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്വീകരിക്കാവുന്നതേയുള്ളൂ. അതുപോലെതന്നെ ഡോക്ടർമാരുടെ കുറവ്, ആശുപത്രികളിലെ രാത്രികാല സേവനത്തിന്റെ അപര്യാപ്തത, പോളി ക്ലിനിക് വേണ്ടതിന്റെ ആവശ്യകത എന്നിവയെ സംബന്ധിച്ചും പറയുകയുണ്ടായി. ഇവിടെ പറഞ്ഞവയെല്ലാം

സ്വീകാര്യമായ നിർദ്ദേശങ്ങൾ തന്നെയാണ്. എല്ലാ താലൂക്കുകളിലും ഒരു പോളി ക്ലിനിക്കിന്റെ ആവശ്യമുണ്ട്. എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും പോളി ക്ലിനിക്ക് വരുമ്പോൾ അവിടെ ഓപ്പറേഷൻ അടക്കമുള്ള സംവിധാനങ്ങളും രാത്രിയിൽ ഡോക്ടർമാരുടെ സേവനവും സീനിയർ സർജന്റെ സേവനവും ലഭ്യമാകും. കൂടുതൽ പോളി ക്ലിനിക്കുകൾ ആരംഭിക്കുക എന്നുള്ളതും ജനസംഖ്യാനുപാതികമായി കൂടുതൽ സേവനം ലഭ്യമാകേണ്ട മേഖലകളിൽ കൂടുതൽ വെറ്ററിനറി ഹോസ്പിറ്റലുകൾ ആരംഭിക്കുക എന്നതുമെല്ലാം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള വിഷയങ്ങൾ തന്നെയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വെറ്ററിനറി സർവ്വകലാശാലയിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന ഏറ്റവും ഗൗരവതരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. കാർഷിക സർവ്വകലാശാലയിൽനിന്നും വിഭജിച്ചുവന്ന ഒരു യൂണിവേഴ്സിറ്റി എന്ന നിലയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ചർച്ച ചെയ്യാമെന്ന് പറഞ്ഞിരുന്നുവെങ്കിലും ചർച്ച നടന്നില്ല. കാർഷിക സർവ്വകലാശാലയിൽനിന്ന് പെൻഷൻ ആനുകൂല്യമായി ലഭിക്കേണ്ട പണംപോലും വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് ലഭ്യമായിട്ടില്ല. ഈ പരിമിതിക്കകത്ത് നിന്നുകൊണ്ടാണ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം നടത്തുന്നതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. രാജു: സർ, വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ഗവേണിംഗ് ബോഡിയിലെ അംഗമാണ് ശ്രീമതി ഇ. എസ്. ബിജിമോൾ. അതുപോലെതന്നെ വെറ്ററിനറി സർവ്വകലാശാല സ്ഥിതിചെയ്യുന്ന പ്രദേശത്തെ എം.എൽ.എ. കൂടിയായ ശ്രീ. സി. കെ. ശശീന്ദ്രൻ മാനേജിംഗ് കമ്മിറ്റിയിലെ പ്രമുഖ അംഗമാണ്. അതുപോലെ ശ്രീ. ഒ. ആർ കേളുവും ഗവേണിംഗ് ബോഡിയിലെ അംഗമാണ്. ചീഫ് വിപ്പ് ശ്രീ. കെ. രാജന്റെ മണ്ഡലത്തിലാണ് മണ്ണുത്തി കോളേജ് സ്ഥിതി ചെയ്യുന്നത്. അദ്ദേഹവും ഈ ചർച്ചയിൽ ഇടപെടുകയുണ്ടായി. ഇവരൊക്കെ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നല്ലതുപോലെ അറിയാവുന്നവരാണ്. കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ 2010-ൽ നമ്മൾ പാസ്സാക്കി. അതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു യൂണിവേഴ്സിറ്റിയാണിത്. പത്ത് വർഷത്തിനകത്തു പ്രായമുള്ള ഒരു യൂണിവേഴ്സിറ്റിയാണ്. അതുകൊണ്ടുതന്നെ ബാലാരിഷ്ടതകൾ പലതുമുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിൽ പല പരിമിതികളും

ഇപ്പോഴും നിലവിലുണ്ട്. കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമാണിത്. ആക്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സർവ്വകലാശാല രൂപീകരിച്ചപ്പോൾ കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൊടുക്കേണ്ടതായിട്ടുള്ള സ്ഥാപനങ്ങളെയും വസ്തുവകകളെയും തസ്തികയെയും കാർഷിക സർവ്വകലാശാലയിൽ നിന്നുവന്ന ജീവനക്കാർ അടച്ച പ്രോവിഡന്റ് ഫണ്ട് അടക്കമുള്ള പ്രശ്നങ്ങളുമെല്ലാം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അവയ്ക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് മെല്ലെപ്പോകുന്നതിന്റെ ഫലമായല്ലേ ഇതുണ്ടായതെന്ന മട്ടിൽ ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായിരുന്നതാണ്. ആ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാൻ അന്നും കഴിഞ്ഞിരുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. കാർഷിക സർവ്വകലാശാലയ്ക്ക് ഒരു മന്ത്രിയും വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് മറ്റൊരു മന്ത്രിയും ചുമതലക്കാരനായതു കൊണ്ടുള്ള കുഴപ്പമാണെന്ന രീതിയിലാണ് ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചത്. കാർഷിക സർവ്വകലാശാലയും വെറ്ററിനറി യൂണിവേഴ്സിറ്റിയും യു.ഡി.എഫ്.-ന്റെ കാലത്ത് ഒരു മന്ത്രി തന്നെയാണ് കൈകാര്യം ചെയ്തിരുന്നത്. ആ അഞ്ച് വർഷക്കാലവും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചില്ലല്ലോ.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരു യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർത്തു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആ യോഗത്തിലുണ്ടായിരുന്നില്ല. പ്രസ്തുത യൂണിവേഴ്സിറ്റിയിലെ സംഘടനയുമായി ബന്ധപ്പെട്ടവർ, ഇത്തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ കൃഷി വകുപ്പുമന്ത്രിക്കുള്ളതുകൊണ്ടാണ് അദ്ദേഹം യോഗത്തിൽ പങ്കെടുക്കാതിരുന്നതെന്ന് പറഞ്ഞതുകൊണ്ടാണ് ഒരു ഏകോപനവുമില്ലെന്ന് ഞാൻ സൂചിപ്പിച്ചത്.

<u>ശ്രീ. കെ. രാജു</u>: സർ, ഏകോപനമില്ല എന്നുപറയുന്നത് ശരിയല്ല. ഈ രണ്ട് യൂണിവേഴ്സിറ്റികളും തമ്മിൽ പ്രോപ്പർട്ടിയെ സംബന്ധിച്ചും തസ്തികകളെ സംബന്ധിച്ചുമൊക്കെ തർക്കങ്ങളും പ്രശ്നങ്ങളും നിലവിലുണ്ട്. ആ തർക്കങ്ങൾക്കെല്ലാം പരിഹാരമായില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് മന്ത്രിമാർ തമ്മിലുള്ള ഏകോപനത്തിന്റെ കുറവുകൊണ്ടൊന്നുമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇതുമായി ബന്ധപ്പെട്ട് യോഗം വിളിച്ചിരുന്നു. ആ യോഗത്തിൽ അസൗകര്യംമൂലം കൃഷി വകുപ്പുമന്ത്രിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. വീണ്ടും തീയതി തീരുമാനിച്ച് ഉടൻതന്നെ യോഗം ചേർന്ന് ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിന് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ ജനവരി 16-ാം തീയതി മുതൽ ഈ സർവ്വകലാശാലയിൽ വൈസ് ചാൻസലറില്ല. മൃഗസംരക്ഷണ വകുപ്പിന്റെ സെക്രട്ടറിമാരായിവരുന്ന ആളാണ് വൈസ് ചാൻസലറുടെ ചാർജ് വഹിക്കുന്നത്. ഒരു സ്ഥിരം വൈസ് ചാൻസലർ ഇല്ലാത്തതും യഥാർത്ഥത്തിൽ ഇതിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. വൈസ് ചാൻസലർ പോസ്റ്റിലേയ്ക്ക് ആളിനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ വളരെ ശുഷ്കാന്തിയോടുകൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. വൈസ് ചാൻസലറായി നിയമിക്കപ്പെടുന്നതിന് നേരത്തെ ആപ്ലിക്കേഷൻ ക്ഷണിച്ചപ്പോൾ നിശ്ചിത ക്വാളിഫിക്കേഷനിൽ തർക്കങ്ങളുണ്ടായതിന്റെയെല്ലാം അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നു. അതാണ് യഥാർത്ഥത്തിൽ നിയമനം നീണ്ടുപോകാനുള്ള കാര്യം. അതിനെ സംബന്ധിച്ച് ഒരു തീരുമാനം ഹൈക്കോടതിയിൽനിന്നും വന്നാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയൂവെന്നുള്ള ഒരു സ്ഥിതി നിലവിലുണ്ടായിരുന്നു. എന്നാൽ പിന്നീട് വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ മുന്നോട്ടുപോകാൻ ഹൈക്കോടതിതന്നെ സർക്കാരിന് അനുമതി തന്നു. അതിനെത്തുടർന്ന് വളരെ പെട്ടെന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനമാരംഭിച്ചിട്ട് പത്ത് വർഷത്തിനകത്തേ ആയിട്ടുള്ളൂ. എങ്കിൽപോലും വളരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ഒരു യൂണിവേഴ്സിറ്റിയാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. പരിമിതികൾ ധാരാളമുണ്ട്. വെറ്ററിനറി യൂണിവേഴ്സിറ്റികളുടെ അഖിലേന്ത്യാടിസ്ഥാനത്തിൽ 29-ാമത്തെ റാങ്കിൽ നമ്മൾ നിൽക്കുകയാണ്. മാത്രമല്ല, ചാൻസലർ കൂടിയായ കേരള ഗവർണർ പുതിയതായി വരുന്ന യൂണിവേഴ്സിറ്റികൾക്ക് ഒരു പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആ സമ്മാനം കഴിഞ്ഞ രണ്ട് വർഷങ്ങളായി തുടർച്ചയായി ഈ വെറ്ററിനറി യൂണിവേഴ്സിറ്റി നേടിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് മുൻകയ്യെടുത്ത് ഇപ്പോൾ വൈസ് ചാൻസലറെ നിയമിക്കുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടു പോകാൻ കഴിയും. ഒരു യൂണിവേഴ്സിറ്റിയായി ഇരുന്നത് രണ്ടായി വിഭജിച്ചപ്പോൾ പ്രോപ്പർട്ടി സംബന്ധിച്ചുള്ള തർക്കങ്ങളുണ്ട്. ആ തർക്കങ്ങൾ പെട്ടെന്നുതന്നെ പരിഹരിക്കാനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അങ്ങനെ വന്നപ്പോൾ പുതിയ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകാൻ കോടതി നിർദ്ദേശിച്ചു. കോടതിയുടെ നിർദ്ദേശവും ചാൻസലറായ ബഹുമാനപ്പെട്ട ഗവർണറുടെ നിർദ്ദേശവും കൂടി കണക്കിലെടുത്താണ് ഒരു ഭേദഗതിക്ക് ഗവൺമെന്റ് തയ്യാറായത്. ആക്ടിലെ 12-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട

ഗവർണറാണ് വൈസ് ചാൻസലറെ നിയമിക്കുന്നത്. വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്നതിനായി നിയോഗിക്കുന്ന സെർച്ച് കമ്മിറ്റി സമർപ്പിക്കുന്ന പാനലിൽനിന്ന് ഒരു അക്കാദമിക് വിദഗ്ദ്ധനെയാണ് ഗവർണർ നിയമിക്കുന്നത്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള സെർച്ച് കമ്മിറ്റിയിൽ ആക്ടനുസരിച്ച് 4 അംഗങ്ങളാണുണ്ടാകേണ്ടത്. അതിൽ ഒന്ന്, ചാൻസലർ നോമിനേറ്റ് ചെയ്യുന്ന അംഗം. രണ്ട്, സർക്കാർ നോമിനേറ്റ് ചെയ്യുന്ന അംഗം. മൂന്ന്, ഡയറക്ടർ ജനറൽ, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി. നാല്, വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ്. ഈ നാല് അംഗങ്ങൾ അടങ്ങുന്ന ഒരു സെർച്ച് കമ്മിറ്റിയായിരിക്കണം ഈ മേഖലയിലുള്ള വിദഗ്ദ്ധരുടെ പേരുകൾ തയ്യാറാക്കി ബഹുമാനപ്പെട്ട ഗവർണർക്ക് സമർപ്പിക്കേണ്ടത്. ഇത് ആക്ടിൽതന്നെ പറയുന്നതാണ്. ആ ആക്ട് കംപ്ലൈ ചെയ്യാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ പരാമർശം വന്നപ്പോൾ ഈ നടപടിയുമായി മുന്നോട്ടുപോകാമെന്ന് ഗവർണറുടെ കത്തിൽ പ്രത്യേകമായി പരാമർശിക്കുന്നുണ്ട്. നാല് പേരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിന് നമ്മൾ അഭിമുഖീകരിക്കുന്ന ഒരു വിഷയം, നാലാമത്തെ അംഗമായ വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് സ്ഥാനം രണ്ടുവർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. ഈ അടുത്ത സമയത്തൊന്നും ഇന്ത്യൻ വെറ്ററിനറി കൗൺസിലിന് ഒരു പ്രസിഡന്റുണ്ടാകുമെന്ന് കരുതാനും വയ്യ. കാരണം, അതിന്റെ നിയമനം കേസുകളുടെ നൂലാമാലയിൽപ്പെട്ടു കിടക്കുകയാണ്. കേസുകളുടെ പേരിൽ ഈ നിയമനം നീണ്ടുപോകരുത് എന്നുള്ളതുകൊണ്ടാണ് ഗവർണർ അദ്ദേഹത്തിന്റെ ഒരു പ്രത്യേക പരാമർശത്തോടുകൂടി മുന്നോട്ടുപോകാൻ കത്ത് തന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള ആക്ടിൽ ഭേദഗതി വരുത്തി വകുപ്പിലെ 4-ാമത്തെ ഐറ്റമായ വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ്, അത് ഒഴിവാക്കി ബാക്കിയുള്ള മൂന്ന് പേരെ ചേർത്ത് സെർച്ച് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമെടുത്തത്. നിയമപരമായി ആക്ടിൽ പറയുന്നതനുസരിച്ച് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചു. അല്ലെങ്കിൽ പിന്നീടും കോടതികളിൽ ആളുകൾ വ്യവഹാരത്തിന് പോകാൻ തയ്യാറാകും. അതിന്റെ അടിസ്ഥാനത്തിൽ ആ ഭേദഗതി ഓർഡിനൻസായി പുറപ്പെടുവിക്കുകയുണ്ടായി. ആ ഓർഡിനൻസ് ലാപ്സാകുന്നതിന് മുമ്പായി രണ്ട് പ്രാവശ്യം ഇതുപോലെ ഓർഡിനൻസ് വീണ്ടും പുറപ്പെടുവിക്കേണ്ടതായി വന്നു. ഇപ്പോൾ ബില്ലിന്റെ ഭേദഗതിയായി ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. പൊതുവിൽ ഇവിടെ സംസാരിച്ചവരെല്ലാം ഈ

ഭേദഗതിയെ അംഗീകരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് അനിവാര്യമായി ചെയ്യേണ്ടുന്ന ഒരു ഭേദഗതിയാണ്. ഈ ഭേദഗതി അംഗീകരിക്കേണ്ടത് ആവശ്യമായതുകൊണ്ടാണ് ഇത്തരമൊരു ബിൽ ഇപ്പോൾ അവതരിപ്പിക്കാനിടയായിട്ടുള്ളത്. ചർച്ചയിൽ വന്ന ചില പരാമർശങ്ങൾക്കുകൂടി മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഉണ്ടായിരുന്നതിനാലാണ് തീരുമാനം വൈകിയത്. കോടതി തന്നെ പിന്നീട് പ്രൊസീഡ് ചെയ്യാൻ പറഞ്ഞു. ബോധപൂർവ്വമായ യാതൊരുവിധ കാലതാമസവുമുണ്ടാക്കാൻ ഗവൺമെന്റ് പരിശ്രമിച്ചിട്ടില്ല. 2011-16 വരെയുള്ള കാലയളവിൽ കാർഷിക സർവ്വകലാശാലയുടെയും വെറ്ററിനറി സർവ്വകലാശാലയുടെയും പ്രോ ചാൻസലർ ഒരാൾ തന്നെയായിരുന്നു. ഇവിടെ രണ്ട് പേർ എന്നുള്ള നിലയിൽ വന്നതുകൊണ്ടാണ് ഈ കാലതാമസം എന്നുപറഞ്ഞു. ഒരാൾ തന്നെയായിരുന്നിട്ടും സർവ്വകലാശാലകളുടെ തർക്കങ്ങൾക്ക് പരിഹാരം കാണാൻ അന്ന് കഴിഞ്ഞില്ല. അത് പരിഹരിക്കാനുള്ള പരിശ്രമമാണ് നടക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ദേശീയ ഹരിത ട്രൈബ്യൂണൽ, ചെന്നൈ ബെഞ്ചിലെ കേസ് ഈയടുത്തകാലത്ത് തീർപ്പായിട്ടുണ്ട്. കേസ് തീർന്ന സാഹചര്യത്തിൽ വെറ്ററിനറി സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരം പൂക്കോട് തന്നെ പണിയുന്ന നടപടികളുമായി മുന്നോട്ടുപോകാൻ കഴിയും. അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്വാഭാവികമായും ഗവൺമെന്റിന് സാമ്പത്തികമായിട്ടുള്ള പരിമിതികളുണ്ട്. എങ്കിലും അത്യാവശ്യം വേണ്ടുന്ന തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനുവാദമില്ലാതെ ആരംഭിച്ച കോഴ്സുകളുടെ അംഗീകാരം ലഭ്യമാക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റിന്റെ അനുമതിയില്ലാതെതന്നെ ആരംഭിച്ച കോഴ്സുകളുടെ അംഗീകാരം കിട്ടേണ്ടതുണ്ട്. അതിനുള്ള പരിശ്രമമാണ് ഇപ്പോൾ നടക്കുന്നത്. പ്ലാൻ ഫണ്ടിന്റെ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. പണം പെട്ടെന്ന് ലഭിക്കുന്നതിനാവശ്യമായിട്ടുള്ള പരിശ്രമവും നടത്തുകയാണ്. ഡെയറി സയൻസ് കോളേജിലെ ഫാക്കൽറ്റി പ്രശ്നം ഈ സർക്കാർ പരിഹരിച്ചിട്ടുണ്ട്. ക്ഷീര വികസന വകുപ്പിൽനിന്നും യോഗ്യരായ ഓഫീസർമാരെ നിയമിച്ചാണ് അതിന് പരിഹാരം കണ്ടിരിക്കുന്നത്. തെക്കൻ കേരളത്തിൽ ഒരു വെറ്ററിനറി കേന്ദ്രം എന്നുള്ള ആശയം ബഹുമാന്യനായ കെ. രാജൻ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യം ശരിയാണ്. കേരളത്തിൽ തൃശ്ശൂരിന് തെക്കോട്ട് വെറ്ററിനറി കോളേജ് ഇല്ല, അത് സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ്. പൊതുജനങ്ങളുടെയും കർഷകരുടെയും ആവശ്യങ്ങൾക്കനുസരിച്ച് ഗവേഷണ പ്രവർത്തനങ്ങൾ സർവ്വകലാശാല

നടത്തണമെന്നാണ് ശ്രീമതി യു. പ്രതിഭ പറഞ്ഞത്. ഇപ്പോൾതന്നെ അത്തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അത് കുറച്ചുകൂടി വ്യാപിപ്പിക്കാനുള്ള ശ്രമമാണ് സർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുന്നത്. കാലിത്തീറ്റയുടെ വില സംബന്ധിച്ചാണ് ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞത്. ഇന്ന് ക്ഷീരമേഖല അഭിമുഖീകരിക്കുന്ന വിഷയമാണ് കാലിത്തീറ്റയുടെ വിലവർദ്ധനവ്. അതിന്റെ അസംസ്കൃത വസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതുകൊണ്ടാണ് കാലിത്തീറ്റയുടെ വില കൂടുന്നത്. അസംസ്കൃത വസ്തുക്കൾക്ക് വില കൂടിയാലും പരമാവധി കർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനുള്ള പരിശ്രമമാണ് കേരള ഫീഡ്സിലും മിൽമയിലും നടക്കുന്നത്. സ്വകാര്യ കമ്പനികൾ ദിവസവും വില വർദ്ധിപ്പിക്കുന്ന സ്ഥിതി കണക്കിലെടുത്താണ് ക്ഷീരകർഷകന് ഒരു ലിറ്റർ പാലിന്റെ വില ഒരു മാസം മുമ്പ് നാല് രൂപ വർദ്ധിപ്പിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് പ്രാവശ്യമായി ഒരു ലിറ്റർ പാലിന് 8 രൂപ വർദ്ധിപ്പിച്ചുകൊടുക്കുകയുണ്ടായി. ഇതുകൂടാതെ മിക്കവാറും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവരുടെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാൽ അളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും സബ്സിഡി കൊടുക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ കാലിത്തീറ്റ സബ്സിഡിയായി നൽകുന്ന എം.എസ്.ഡി.പി., കന്നുകുട്ടി പരിപാലനം പോലുള്ള പദ്ധതികളെല്ലാം സർക്കാർ ഈ മേഖലയിലൂടെ നടപ്പിലാക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ക്ഷീരമേഖലയിൽ സ്വയംപര്യാപ്തതയുടെ വക്കിലെത്താൻ കഴിഞ്ഞത്. ഡോ. വർഗ്ഗീസ് കുര്യന്റെ സ്മരണ നിലനിർത്താൻ ശ്രദ്ധിക്കണമെന്ന് ശ്രീമതി വീണാ ജോർജ്ജ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സൂചിപ്പിക്കുകയുണ്ടായി. ഇന്ന് പാൽ ഉത്പാദനത്തിൽ ലോകത്തിൽ ഒന്നാം സ്ഥാനം ഭാരതത്തിനാണ്. തീർച്ചയായും അതിലേയ്ക്ക് എത്തിച്ചേർന്നത് ഡോ. വർഗ്ഗീസ് കുര്യന്റെ നേതൃത്വപരമായ പങ്കാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താൻവേണ്ടി പ്രത്യേകമായിട്ടുള്ള എന്തെങ്കിലും കാര്യം ആലോചിക്കണമെന്നുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പുത്തൂർ സുവോളജിക്കൽ പാർക്കിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ സേവനം ലഭ്യമാക്കണമെന്ന് ശ്രീ. കെ. രാജൻ ആവശ്യപ്പെട്ടിട്ടുണ്ട്. പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനം നടന്നുവരികയാണ്. നിലവിലുള്ള മൃഗശാലയിൽ നിന്നും പാർക്കിലേയ്ക്ക് മൃഗങ്ങളെ മാറ്റുമ്പോൾ അടിയന്തരമായി വേണ്ടിവരുന്ന പ്രത്യേക ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനാവശ്യമായ നടപടികൾ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. വെറ്ററിനറി യൂണിവേഴ്സിറ്റി

പല ബാലാരിഷ്ടതകളെയും നേരിട്ടുകൊണ്ടാണെങ്കിലും വളരെ മെച്ചപ്പെട്ട നിലയിലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇനിയുള്ള പരിമിതികൾ പരിഹരിക്കേണ്ടതുണ്ട്. തസ്തികകൾ കൂടുതൽ അനുവദിക്കുകയും കോഴ്സുകൾക്ക് അംഗീകാരം നൽകുകയും ചെയ്യേണ്ടതുണ്ട്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് മുന്നോട്ട് പോകുന്നതിനായി വി.സി.-യെ നിയമിച്ചിട്ടുണ്ട്. അത് നിയമവിധേയമാക്കുന്നതിന് ഇത്തരമൊരു ബില്ലിന്റെ അനിവാര്യതയാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പുതിയ പോസ്റ്റ് സാംഗ്ഷനാക്കുന്നതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. അതുപോലെയുള്ള വിഷയമാണ് പോളിക്ലിനിക്കുകളുടെ കാര്യം. മൃഗങ്ങൾക്കുവേണ്ടിയുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നാണ് പോളിക്ലിനിക്കുകൾ കൊണ്ടുദ്ദേശിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും അവസാനം ഗവൺമെന്റ് മാറിയതിനാൽ തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. അങ്ങ് ഇക്കാര്യത്തിൽ ആദ്യം മുതൽ തന്നെ നല്ല രീതിയിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. പോളിക്ലിനിക്കിനുള്ള കെട്ടിടം ഞങ്ങളൊക്കെ മണ്ഡലത്തിൽ നിർമ്മിച്ചിരിക്കുകയാണ്. അങ്ങ് മൃഗാശുപത്രി ഉദ്ഘാടനം ചെയ്തെങ്കിലും പോളിക്ലിനിക്കിലേയ്ക്ക് മാറാൻ സാധിക്കുന്നില്ല. പോളിക്ലിനിക്കുകൾ ആരംഭിക്കുവാൻവേണ്ടിയുള്ള പോസ്റ്റ് സാംഗ്ഷനുവേണ്ടി സർക്കാർ ശ്രമിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, അനുമതി കിട്ടുന്നതിനുമുമ്പേ പോളിക്ലിനിക്കിനുള്ള കെട്ടിടം നിർമ്മിച്ചതാണ് ഇവിടെ നേരിടുന്ന പ്രതിസന്ധി. രാത്രിയിലും ഓപ്പറേഷനടക്കം നടത്താൻ സൗകര്യം കിട്ടത്തക്ക രീതിയിൽ സീനിയർ വെറ്ററിനറി ഡോക്ടർമാരുടെ സേവനമടക്കം ലഭിക്കുന്ന തരത്തിലുള്ള പോളിക്ലിനിക്ക് ആവശ്യമാണ്. പോളിക്ലിനിക്കുകൾ അനുവദിച്ചിട്ടില്ലാത്ത താലൂക്കുകളിൽ കൂടി അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പുതിയവ അനുവദിക്കുമ്പോൾ തസ്തികകൾ അടക്കമുള്ള ബാധ്യതയുണ്ട്. അത് ഗവൺമെന്റ് അംഗീകരിച്ച് തരുന്ന മുറയ്ക്ക് താങ്കൾ നിർമ്മിച്ച ആശുപത്രിയുടെ പ്രവർത്തനമടക്കം പരിഗണിക്കുന്നതാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, തുമ്പൂർമുഴിയിൽ പ്രവർത്തിച്ചിരുന്ന ഫുഡ് ടെക്നോളജി കോളേജ് ഉരുൾപൊട്ടൽ ഭീഷണിയെത്തുടർന്ന് തൃശ്ശൂരിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഉരുൾപൊട്ടലിനെത്തുടർന്ന് 30 പശുക്കളാണ് അവിടെ ചത്തത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഫുഡ് ടെക്നോളജി കോളേജ്

സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിൽ ഏറ്റവും മുന്തിയതരം തീറ്റപ്പുല്ല് ഉത്പാദിപ്പിക്കുന്നതും തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം രൂപപ്പെടുത്തിയതും ഫാം ടൂറിസത്തിന് ഏറെ സാധ്യതയുള്ളതും തുമ്പൂർമുഴിയാണ്. ഇക്കാര്യങ്ങൾ പരിശോധിച്ച് ഫുഡ് ടെക്നോളജി കോളേജ് സ്ഥാപിക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അക്കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ പരിഗണന നൽകുന്നതായിരിക്കും.

മി. സ്പീക്കർ: ശ്രീമതി വീണാ ജോർജ്ജ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri Manjalamkuzhi Ali: Sir, I move the following amendment.

150. In clause 2 for the words " item (iv) shall be omitted" the words "after the item (iv) a proviso shall be inserted as follows:

" provided, in the vacancy of anyone of the members for more than a period of three months, the Search Committee consisting of the remaining members have the power to recommend the panel of names."

Prof. Abid Hussain Thangal: Sir, I move the following amendment.

151. Section 12(2) (iv) proposed to be amended in the principal Act by Clause (2) shall be recast as follows:

"(iv) President, Veterinary Council of India or his nominee"

Shri Parakkal Abdulla: Sir, I move the following amendment.

161. Section 12(2) (iv) proposed to be amended in the principal Act by Clause (2) shall be recast as follows:

"(iv) Secretary, Animal Husbandry and Diary Development Department"

Shri Mons Joseph: Sir, I move the following amendment.

166. Section 12(2) (iv) proposed to be amended in the principal Act by Clause (2) shall be recast as follows:

"(iv) The President or in charge of the Veterinary Council of India"

മി. സ്പീക്കർ: 140, 141, 142 എന്നീ വകുപ്പുകൾ നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഒരംഗത്തിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതുകൊണ്ട് ആ അംഗത്തെ പരിപൂർണ്ണമായി ഒഴിവാക്കുന്നത് ശരിയല്ല. കാരണം, ബാക്കി മൂന്ന് പേരുണ്ടാകുമ്പോൾ ഇതേപോലെ വന്നാൽ ആ മൂന്നുപേരിൽ ഒരാളെ ഒഴിവാക്കേണ്ടിവരും. അത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ഈ ബിൽ അവതരിപ്പിക്കുന്നത് അതിനുവേണ്ടിയാണ്. അത് ഒഴിവാക്കണമെന്നുപറഞ്ഞാൽ ബില്ലിന്റെ ആവശ്യം എന്താണ്. ബിൽ കൊണ്ടുവരുന്നത് അത് ഒഴിവാക്കിയിട്ട് കൗൺസിൽ ആക്കാൻ വേണ്ടിയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri Manjalamkuzhi Ali: Sir, I move the following amendment.

106. In the Long Title, the word "further" shall be deleted.

Prof. Abid Hussain Thangal: Sir, I move the following amendments.

107. In the Long Title, the word "further" shall be deleted.

112. In the Preamble, the word "further" shall be deleted.

120. In the Enacting formula, for the word "BE" the word "Be" shall be substituted.

128. In clause 1(2) for the words and figures "on the 27th day of December, 2018" the words "at once" shall be substituted.

Shri T.V. Ibrahim: Sir, I move the following amendments.

109. In the Long Title, the word "further" shall be deleted.

114. In the Preamble, the word "further" shall be deleted.

121. In the Enacting formula, for the word "BE" the word "Be" shall be substituted.

124. In clause 1(1) for the word "called" the word "known as" shall be substituted.

127. In clause 1(2) for the word "force" shall be replaced by the word "effect".

Shri M.C. Kamaruddin: Sir, I move the following amendments.

125. In clause 1(2) the words "deemed to have" shall be deleted.

137. Clause 1(2) shall be recast as follows:

"(2) It shall be come into force at once".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 107, 112, 120, 128 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 109, 114, 121, 124, 127 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 125, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## (ii) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടിഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പുതിയ വകുപ്പ് രൂപം കൊണ്ടതിനുശേഷം അങ്കണവാടി ക്ഷേമനിധി സംബന്ധിച്ചുള്ള പുതിയ ആക്റ്റ് കൊണ്ടു വരേണ്ടതുണ്ടായിരുന്നു. നേരത്തേ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായാണ് ക്ഷേമനിധി ബോർഡും മറ്റും വന്നിരുന്നത്. ഇപ്പോൾ വനിത-ശിശുക്ഷേമ വകുപ്പ് രൂപം കൊണ്ടതിനുശേഷം പ്രത്യേക ഓർഡിനൻസിലൂടെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി സംബന്ധിച്ചുള്ള കാര്യങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഓർഡിനൻസ് നിയമമാക്കി മാറ്റുന്നതിനുവേണ്ടിയാണ് ഈ പ്രത്യേക ബിൽ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ബില്ലുമായി ബന്ധപ്പെട്ട ചർച്ച ആരംഭിക്കുകയാണ്. ഈ ബില്ലിനുശേഷം ധനവിനിയോഗ ബില്ലും കൂടി എടുക്കേണ്ടതുണ്ട്. അതുകൂടി മനസ്സിൽ വച്ചുകൊണ്ട് അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കണം. 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. അൻവർ സാദത്ത് തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് വളരെ ചെറുപ്പത്തിൽത്തന്നെ പ്രാഥമികമായ അറിവും അക്ഷരജ്ഞാനവും നൽകുന്ന വളരെ പ്രധാനപ്പെട്ട കേന്ദ്രമാണ് അങ്കണവാടികൾ. സംസ്ഥാനത്തെ ശിശുവികസന വകുപ്പ് നേരിട്ട് നടത്തുന്ന ഏകദേശം 33315-ഓളം അങ്കണവാടികൾ നിലവിലുണ്ട്. അതിൽ ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥയാണ്. കെട്ടിടസൗകര്യമുള്ള അങ്കണവാടികളിൽ പലതും തീരെ സൗകര്യമില്ലാത്തതും കുട്ടികൾക്ക് എത്തിച്ചേരാൻ വഴിയില്ലാത്തതുകൊണ്ടും വളരെയധികം പ്രയാസങ്ങൾ നേരിടുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന കേന്ദ്രങ്ങളായി ഉയർന്നുവന്ന അങ്കണവാടികളൊക്കെ പല ഘട്ടങ്ങളിലായി വലിയ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഹെൽപ്പർമാർക്കും വർക്കർമാർക്കുമൊക്കെ ഏറെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. അങ്കണവാടികൾക്ക്

സമീപം ഡേ കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ പ്രൈമറി വിദ്യാഭ്യാസം നൽകുന്ന സ്കൂളുകളുമുണ്ട്. തൊട്ടടുത്ത് ഡേ കെയർ സെന്ററുണ്ടാകുമ്പോൾ, അവിടെയുള്ള അങ്കണവാടികളിൽ കുട്ടികൾ വളരെയധികം കുറഞ്ഞുവരുന്നത് ഈ അങ്കണവാടികളെ ബാധിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി അങ്കണവാടികളിൽ ധാരാളം പരിഷ്കാരങ്ങൾ നടത്തേണ്ടതുണ്ട്. അങ്കണവാടികൾക്ക് കെട്ടിട സൗകര്യങ്ങളും ഹെൽപ്പർമാർക്കും വർക്കർമാർക്കുമുള്ള സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളിലെ ഹെൽപ്പർമാരും വർക്കർമാരും അവരുടെ കയ്യിൽനിന്നാണ് കെട്ടിടത്തിന് അഡ്വാൻസ് നൽകുന്നത്. പലപ്പോഴും പതിനായിരം രൂപ വരെ അവർക്ക് നൽകേണ്ടിവരുന്നുണ്ട്. ചെറിയ ശമ്പളം ലഭിക്കുന്ന അവർക്ക് ഇത് പലപ്പോഴും വെല്ലുവിളിയാകുകയാണ്. വാടകയ്ക്ക് കെട്ടിടം കണ്ടെത്തിയാൽ തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ അവർക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ക്ലാസ് മുറി, വരാന്ത, അടുക്കള, ടോയ്‌ലെറ്റ്, സ്റ്റോർ റൂം എന്നീ സൗകര്യങ്ങളോടുകൂടിയ കെട്ടിടം ലഭിക്കാനും വളരെയധികം പ്രയാസം നേരിടുകയാണ്. ഇതിനായി പൂട്ടിക്കിടക്കുന്ന സർക്കാർ സ്കൂളുകളിൽനിന്നും സ്ഥലം അനുവദിക്കുകയോ കെട്ടിടം അനുവദിക്കുകയോ ചെയ്യണം. സ്വന്തമായി സ്ഥലം ലഭിച്ചാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വനിതാ-ശിശു വികസന വകുപ്പിന് ബഡ്ജറ്റിൽ പ്രൊപ്പോസൽ വയ്ക്കാവുന്നതാണെന്ന് സൂചിപ്പിക്കുകയാണ്. കുറഞ്ഞ അഡ്വാൻസ് നിരക്കിൽ കെട്ടിടമെടുക്കുന്ന അവസരത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്ന പരാതിയും നിലവിലുണ്ട്. അങ്ങ് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുമ്പോൾ അത്തരം കാര്യങ്ങളൊക്കെ പരിശോധിക്കേണ്ടതാണ്. അതുപോലെ ഒരു അങ്കണവാടിയിലെ വർക്കർ മറ്റൊരു അങ്കണവാടിയിലേയ്ക്ക് മാറിപ്പോകുമ്പോൾ അവർ നൽകിയ അഡ്വാൻസ് തുക നഷ്ടപ്പെടുകയാണ്. അതുകൊണ്ട് കെട്ടിടത്തിന്റെ അഡ്വാൻസ് വകുപ്പുതന്നെ നൽകുന്ന സമീപനം ഉണ്ടാകണം. മാസംതോറും വാടക ലഭിക്കാത്തതുകൊണ്ട് കെട്ടിട ഉടമസ്ഥരുമായി വഴക്കും തർക്കങ്ങളും നിലനിൽക്കുന്നു. അതുകൊണ്ട് മാസംതോറും കൃത്യമായി വാടക അനുവദിക്കാൻ നടപടി സ്വീകരിക്കണം. അങ്കണവാടികളിൽ ഭക്ഷണമുണ്ടാക്കുന്നതിനും ഹെൽപ്പർമാരും വർക്കർമാരുമാണ് പ്രയാസപ്പെടുന്നത്. ഗ്യാസും പച്ചക്കറിയും മറ്റ് സാധനങ്ങളുമെല്ലാം അവർതന്നെ പണം കൊടുത്ത് വാങ്ങേണ്ടിവരികയാണ്. ആറോ എട്ടോ മാസങ്ങൾ കഴിഞ്ഞാണ് അവർക്ക് ആ പണം തിരിച്ചുകിട്ടുന്നത്. വളരെ തുച്ഛമായ ശമ്പളമാണ് അങ്കണവാടി

ഹെൽപ്പർമാർക്കും വർക്കർമാർക്കും ലഭിക്കുന്നത്. ആ തുകയിൽനിന്ന് അങ്കണവാടിയുടെ ആവശ്യങ്ങൾക്കായി പണം ചെലവാക്കേണ്ടിവരുമ്പോൾ അവരുടെ വീട്ടുകളിലെ നിത്യച്ചെലവുകൾ വഹിക്കാൻ കഴിയാതെവരികയും അതിന്റെ ഭാഗമായി കുടുംബപ്രശ്നങ്ങളുണ്ടാകുകയും ചെയ്യുന്നു. അങ്കണവാടി കുട്ടികളുടെ ശാരീരിക മാനസിക വികാസങ്ങൾക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന പാഠ്യപദ്ധതികളുണ്ട്. ആറ് വയസ്സുവരെയുള്ള കുട്ടികളെ എഴുതി പഠിപ്പിക്കാൻ പാടില്ലെന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ.

(അദ്ധ്യക്ഷവേദിയിൽ പാനൽഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ നിലപാടിലൊരു വൈരുദ്ധ്യമുണ്ട്. എല്ലാ സ്ഥലങ്ങളിലും പ്രൈമറി സ്കൂളുകളുണ്ട്. പ്രൈമറി സ്കൂളുകളിൽ കുട്ടികൾക്ക് കളിപ്പാട്ടങ്ങളും മറ്റ് സൗകര്യങ്ങളുമൊക്കെയുണ്ടാകും. അങ്കണവാടികളെ പ്രീ-പ്രൈമറി സ്കൂളുകളുമായി യോജിപ്പിച്ചാൽ സ്വാഭാവികമായും അവർക്ക് കെട്ടിടങ്ങളും കുട്ടികളുമുണ്ടാകും. പത്ത് മാസം മാത്രമാണ് പ്രീ-പ്രൈമറി സ്കൂളുകൾക്ക് അദ്ധ്യയന വർഷം വരുന്നത്. അങ്കണവാടികൾ 12 മാസവും വർക്ക് ചെയ്യും. അപ്പോൾ ആ സ്ഥാപനത്തെ ലൈവായി നിലനിർത്താനും കഴിയും. പ്രത്യേക കെട്ടിടം വേണമെന്നുള്ള ആവശ്യം ഉദിക്കുകുകയുമില്ല. ആയമാരുടെയും ടീച്ചർമാരുടെയും അപ്പോയിന്റിംഗ് അതോറിറ്റി ഗവൺമെന്റാണ്. ഇങ്ങനെ മനോഹരമായി കൊണ്ടുപോയാൽ പ്രൈമറി സ്കൂൾ, പ്രീ-പ്രൈമറി സ്കൂൾ മാത്രമല്ല, പ്രൈമറി സ്കൂളുകളിൽ കുട്ടികളില്ലെന്ന ആക്ഷേപവും കുറയും. പ്രീ-പ്രൈമറി സ്കൂളിൽനിന്നും കുട്ടികൾ പ്രൈമറി സ്കൂളിലേയ്ക്ക് വരികയും ചെയ്യും. ഇങ്ങനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണമെന്നുള്ള നിലപാട് അങ്ങേയ്ക്കുണ്ടോ? അങ്കണവാടികൾ ശിശുക്ഷേമ വകുപ്പിന്റെ കീഴിലും പ്രൈമറി സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുമാണ് വരുന്നത്. ഈ രണ്ട് വകുപ്പുകളുംകൂടി ചേർന്ന് പ്രൈമറി വിദ്യാഭ്യാസത്തെ രക്ഷിക്കുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുമാന്യനായ അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. പ്രൈമറി വിദ്യാഭ്യാസം സ്കൂളുകളിൽ നടക്കുന്നു. അതിനടുത്തുതന്നെ അങ്കണവാടികളും ഡേ കെയർ സെന്ററുകളും പ്രവർത്തിക്കുന്നു. ഇവ മൂന്നും പരസ്പരം സംയോജിപ്പിച്ച് കൊണ്ടുപോകുകയാണെങ്കിൽ അങ്കണവാടി കെട്ടിടവുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ പരിഹരിക്കാൻ കഴിയും. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് അങ്കണവാടി കുട്ടികൾക്ക് പരിമിതമായി എഴുത്തും വായനയുമൊക്കെ പഠിപ്പിക്കണമെന്ന് പറയുന്നുണ്ടെങ്കിലും പലപ്പോഴും കുട്ടികളെ നിർബന്ധിപ്പിച്ചും എഴുത്തും വായനയും

പഠിപ്പിക്കേണ്ടിവരുന്നുണ്ട്. കൃത്യമായ പാഠ്യപദ്ധതി നിലവിലുണ്ടെങ്കിലും ഇന്നത്തെ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അതിനനുസൃതമായി ഹെൽപ്പർമാർക്കും വർക്കർമാർക്കും നിർദ്ദേശം നൽകുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കണം. ഒരു അങ്കണവാടിയിൽ ഒരു ഹെൽപ്പറും ഒരു വർക്കറും മാത്രമാണുണ്ടാകുക. ആരോഗ്യ വകുപ്പിലും വിദ്യാഭ്യാസ വകുപ്പിലും മറ്റേതു വകുപ്പിലായാലും സർവ്വേകളും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളും നടത്തുമ്പോൾ ഇത്തരം ഹെൽപ്പർമാരുടെയും വർക്കർമാരുടെയും സേവനമാണ് ഉപയോഗപ്പെടുത്തുന്നത്. നേരത്തെ അവർക്ക് movement register ഉണ്ടായിരുന്നു. ഇപ്പോൾ അതില്ല. അതുകൊണ്ടുതന്നെ ഐ.സി.ഡി.എസ്.-ലെ സൂപ്പർവൈസർമാരോ മറ്റാരെങ്കിലുമോ വരുമ്പോൾ അവർ അവിടെയില്ലെങ്കിൽ സ്വാഭാവികമായും Casual leave, Half pay leave എന്നിവ കൊടുത്ത് അവരുടെ absence മാർക്ക് ചെയ്യേണ്ടിവരുന്ന അവസ്ഥാവിശേഷമുണ്ട്. Movement register ഇല്ലാത്തതുകൊണ്ട് അവർ എവിടെപ്പോയെന്ന് എഴുതിവയ്ക്കാൻ സാധ്യമല്ല. സൂപ്പർവൈസർമാരോട് പറഞ്ഞാൽ അത് വിശ്വസിക്കുന്ന അവസ്ഥയല്ല. അവർ തമ്മിലുള്ള ബന്ധത്തിൽ അകൽച്ചയുണ്ടാകുകയും അവർക്ക് ലീവ് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ ഉപയോഗപ്പെടുത്തി ഈ വിഷയം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പാവപ്പെട്ട അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും എല്ലാ മാസവും 5-ാം തീയതിക്കകം ഓണറേറിയം ലഭിക്കാനുള്ള അവസരമുണ്ടാകണം. ആയിരവും അറുന്നൂറും രൂപയാണ് ഓണറേറിയമായി അവർക്ക് കിട്ടുന്നത്. അതുതന്നെ കൃത്യസമയത്ത് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിച്ചുനൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അങ്കണവാടിയിലെ ഹെൽപ്പർമാർക്കും വർക്കർമാർക്കും ഓണറേറിയമായതിനാൽ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള പ്രയാസമുള്ളതുകൊണ്ട് അവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല. ഓണറേറിയം ശമ്പളത്തിന്റെ പരിധിയിൽ വരുന്നതല്ല. അതുകൊണ്ട് അവരെ ഈ പരിധിയിൽനിന്ന് ഒഴിവാക്കി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇരുപത്തിയഞ്ചോ ഇരുപത്തിയാറോ വർഷമൊക്കെ ജോലി ചെയ്ത് അറുപതും അറുപത്തിരണ്ടും വയസ്സിൽ പിരിഞ്ഞുപോകുമ്പോൾ വളരെ തുച്ഛമായ തുകയാണ് അവർക്ക് ലഭിക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, അങ്കണവാടി ഹെൽപ്പർമാർക്കും ടീച്ചർമാർക്കും യൂണിഫോം ഡ്രസ്സ് കോഡ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഒരു യൂണിഫോം ഡ്രസ്സ് കോഡ് ഉണ്ടാകുന്നത് നല്ലതാണ്. അവർ പൊതുസമ്മേളനങ്ങളിലും മറ്റും പോകുമ്പോൾ പൊതുവായ ഒരു ഡ്രസ്സ് കോഡ് ധരിച്ചാണ് പോകുന്നത്. ടീച്ചർമാർക്കും ഡ്രസ്സ് കോഡ് ഉണ്ടാകണമെന്ന കാര്യം സർക്കാർ ആലോചിക്കണം. പക്ഷെ അതവർക്ക് ഭാരം കെട്ടിവച്ചുകൊണ്ടുള്ളതാകരുത്. കാരണം, ഒരു ഡ്രസ്സ് കോഡ് ഉപയോഗിക്കേണ്ടി വരുമ്പോൾ അത് വാങ്ങേണ്ടി വരും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുഖംമറയ്ക്കുന്നവരെ കണ്ടാൽ കുട്ടികൾക്ക് പേടി ഉണ്ടാകും. ഞാൻ മിനിഞ്ഞാന്ന് റിയാദിൽ ഒരു കൾച്ചറൽ പ്രോഗ്രാമിൽ പങ്കെടുത്തു. അതിൽ 28000 ആൾക്കാരാണ് പങ്കെടുത്തത്. അതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇപ്പോൾ അവർക്ക് മുഖംമൂടിയേ ഇല്ല. ഭയങ്കര മാറ്റമാണ്, സ്ത്രീകൾക്ക് ഡ്രൈവിംഗിനും സിനിമ കാണാൻ പോകുന്നതിനും പുരുഷന്മാർ വേണമെന്ന് നിർബന്ധമില്ല. ഇഷ്ടമുള്ള ഹോട്ടലിൽ പോയി ഭക്ഷണം കഴിക്കാം. വല്ലാത്ത അത്ഭുതമാണ് എനിക്ക് കാണാൻ കഴിഞ്ഞത്. 28000 ആൾക്കാരെയാണ് ഞാൻ അഭിസംബോധന ചെയ്തത്. ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ്. പഴയ പല ആചാരങ്ങളും മാറുകയാണ്. ഇത് താങ്കൾക്ക് ബോദ്ധ്യപ്പെടുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സൗദി അറേബ്യയിലും മറ്റും സമയത്തിനും കാലത്തിനും വിധേയമായി അതനുസരിച്ചുള്ള മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. അത് അവരുടെ ആചാരത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചല്ല, ഭരണകൂടത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ച് ഒരു സമത്വം, മറ്റ് പാശ്ചാത്യരാജ്യങ്ങളിലൊക്കെ പോകണമെന്നുള്ള ഒരു കാഴ്ചപ്പാട് അവിടത്തെ ഭരണാധികാരികളുടെ മനസ്സിലുള്ളതുകൊണ്ട് പ്രയോഗവൽക്കരിച്ചു എന്നുള്ളതേയുള്ളൂ. അതൊരു ആചാരത്തിന്റെ തെറ്റായ നിലപാടിലേയ്ക്ക് പോകുന്ന വഴിയല്ല. ഏതായാലും ആ മാറ്റത്തിലൂടെ അവിടെ സ്ത്രീകൾക്ക് പുരോഗമനപരമായ ഒരുപാട് ഉന്നമനങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് മാധ്യമങ്ങളിലൂടെ നമ്മൾ അറിഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, എല്ലാവരും ഈ സ്ത്രീ സംരക്ഷണം മാത്രമേ പറയുന്നുള്ളൂ. പുരുഷനെ ആര് സംരക്ഷിക്കും? ജനസംഖ്യയിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. സ്ത്രീ എന്നുപറയുന്നത് നമ്മുടെ ഹൃദയത്തോട് ചേർന്നിരിക്കേണ്ടതാണ്. അല്ലാതെ നമ്മുടെ തലയിൽ കയറ്റിവയ്ക്കാനും കാലിലിട്ട് ചവിട്ടാനും പാടില്ല.

പുരുഷന്റെ ഹൃദയത്തോട് ചേർന്നിരിക്കേണ്ടവരാണ് സ്ത്രീകൾ. അതിനുപകരം ഇപ്പോൾ സ്ത്രീകൾക്കുവേണ്ടി മാത്രം നിയമം, പുരുഷനുവേണ്ടി നിയമങ്ങളില്ല. പല നിയമങ്ങളും കാണുമ്പോൾ സങ്കടം തോന്നുന്നതുകൊണ്ട് പറയുകയാണ്, എല്ലാവരും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമമുണ്ടാക്കിയുണ്ടാക്കി സ്ത്രീകൾക്കുതന്നെ അവജ്ഞ തോന്നുന്ന നിലയിലെത്തിയിട്ടുണ്ട്. സ്ത്രീ, നമ്മുടെ സഹോദരിയാണ്, അമ്മയാണ്, ഭാര്യയാണ്, മകളാണ് ഈയൊരു മാനസിക നിലയോടുകൂടി സ്ത്രീകളെ കാണണം. ഇപ്പോൾ പുരുഷൻ എന്നുപറഞ്ഞാൽ ഏതോ അയൽപക്കത്തുനിന്ന് വന്നവൻ എന്നുള്ള രീതിയാണ്. ആ നിലയിൽ പോയാൽ എങ്ങനെയാണ്? അതുകൊണ്ട് സ്ത്രീ-പുരുഷ ബന്ധത്തിൽ ആവശ്യമില്ലാത്ത നിയമങ്ങളുണ്ടാക്കുന്ന ഈ ഭരണാധികാരികൾ സ്ത്രീ-പുരുഷ ബന്ധത്തെ തകർക്കാനാണ് ശ്രമിക്കുന്നത്. സ്ത്രീകളെ ആത്മാർത്ഥമായി സ്നേഹിക്കണം. അല്ലാതെ അവരെ തലയിൽ കയറ്റി വയ്ക്കരുത്, കാലിലിട്ട് ചവിട്ടാനും പാടില്ല. ആ ഒരു മാനസികനില വേണം. ഇത് സ്ത്രീ വിരുദ്ധതയല്ല, എന്റെ അമ്മ സ്ത്രീയാണ്, എന്റെ ഭാര്യ സ്ത്രീയാണ്, എന്റെ സഹോദരി സ്ത്രീയാണ്, അതിനൊന്നും വ്യത്യാസമില്ല. പക്ഷെ, സ്ത്രീ-പുരുഷ സമത്വത്തെപ്പറ്റി പറയുമ്പോൾ സ്ത്രീ അല്പം മുകളിൽ നിന്നാലും വേണ്ടില്ല, പുരുഷനെന്ന് പറഞ്ഞാൽ ചവിട്ടിത്തേയ്ക്കപ്പെടേണ്ടതെന്നുള്ള രീതിയിലുള്ള നിയമനിർമ്മാണങ്ങളാണ്. ഈ നിയമനിർമ്മാണങ്ങൾ അപകടത്തിലേയ്ക്ക് പോകുകയാണ്. അതുകൊണ്ടാണ് ഞാനിത് പറയേണ്ടിവന്നത്. എനിക്ക് വളരെ ദുഃഖമുണ്ട്. കേന്ദ്രവും സംസ്ഥാനവും നിയമമുണ്ടാക്കി കൊണ്ടിരിക്കുകയാണ്. സ്ത്രീ സമത്വമെന്ന് പറയുന്നത് സ്ത്രീകൾക്ക് xxxxxx* അവസരമാക്കി മാറ്റുന്നത് ശരിയാണോ? ഞാൻ പറയുന്നതിൽ ക്ഷമിക്കണം. എത്രയോ കേസ്സുകളാണ് വന്നുകൊണ്ടിരിക്കുന്നത്. പത്രമെടുത്ത് വായിക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: ശ്രീ. പി. സി. ജോർജ്, പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, ഇദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങൾ അത്രയും സ്ത്രീ വിരുദ്ധതയാണ്. ഒരു കാര്യങ്ങളും റെക്കോർഡിലുണ്ടാകാൻ പാടില്ല. ഇദ്ദേഹം ഒരുപാട് സ്ഥലങ്ങളിൽ ഇങ്ങനെ കയറിയിറങ്ങി പറഞ്ഞിട്ട് അവസാനം എനിക്ക് സംരക്ഷണം വേണം എന്നുപറഞ്ഞ് ഇതിനകത്തുവന്ന് നിലവിളിച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഇതൊന്നും രേഖകളിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ഞാൻ ഏതായാലും ബിജിമോളുടെ

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

വീട്ടിൽച്ചെന്ന് കാലുപിടിച്ചില്ലല്ലോ. നിങ്ങളുടെ ആ ഗതികേട് എനിക്ക് വരികയുമില്ല. നിങ്ങളുടെ നാണംകെട്ട പാർട്ടിയിലോട്ടും ഞാൻ വരുന്നില്ല. പിന്നെ നിങ്ങളെന്തിനാണ് ബഹളം വയ്ക്കുന്നത്? ഞാൻ ഇടതുപക്ഷത്തോടൊപ്പമോ യു.ഡി.എഫ്.-നോടൊപ്പമോ നിൽക്കുന്നവനല്ല. ഒറ്റയ്ക്ക് എല്ലാ മുന്നണികളോട്ടും യുദ്ധം ചെയ്ത് 25000 വോട്ടുകൾക്ക് ജയിച്ച് ഇവിടെ വന്നുനിൽക്കുന്നവനാണ്. എന്നെ ആരും പേടിപ്പിക്കണ്ട. അവിടെ പോയി, ഇവിടെ പോയിയെന്ന് വർത്തമാനം പറയുന്നു, ഞാൻ ഒരിടത്തും പോയില്ല.

മി. ചെയർമാൻ: ശ്രീ. പി. സി. ജോർജ്, ഇരിക്കൂ. ശ്രീ. എ. എൻ. ഷംസീർ എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എ. എൻ. ഷംസീർ: സർ, ജോർജേട്ടന്റെ രീതി ശരിയായില്ല. ഇങ്ങനെ സഭയ്ക്കകത്ത് അദ്ദേഹത്തിന്റെ പ്രിവിലേജ് ഉപയോഗിച്ചുകൊണ്ട് വ്യക്തിപരമായി ആക്ഷേപിക്കുന്ന രീതിയിൽ നടത്തിയ പരാമർശം ശരിയല്ല. അതിന് ജോർജേട്ടൻ apologise ചെയ്യണം.

ശ്രീ. പി. സി. ജോർജ്: സർ, എന്നെപ്പറ്റി വൃത്തികേട് പറഞ്ഞപ്പോൾ താങ്കൾ എന്താണ് മിണ്ടാത്തത്; ആ ഒരു മര്യാദ കാണിക്കാത്തതെന്താണ്?

മി. ചെയർമാൻ: ബില്ലിലേയ്ക്ക് വരൂ.

ശ്രീ. പി. സി. ജോർജ്: സർ, ബില്ലിനെപ്പറ്റി പറയുമ്പോൾ എന്റെ അഭിപ്രായം ഉറച്ച അഭിപ്രായമാണ്. ആര് പറഞ്ഞാലും മാറാൻ ഉദ്ദേശിക്കുന്നുമില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇവിടെ പരസ്പരം ഒരു ആക്ഷേപത്തിലേയ്ക്ക് പോകേണ്ട ആവശ്യമില്ല. പരസ്പരം സമത്വത്തോടും സൗഹാർദ്ദത്തോടുംകൂടി പോകേണ്ട ഒരു സമീപനമാണ് വേണ്ടത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സ്ത്രീകൾ ഇങ്ങനെ XXXXXX* എന്നുപറയുന്ന വാദത്തോട് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ യോജിക്കുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇല്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അത് രേഖയിലുണ്ടാകാൻ പാടില്ലല്ലോ? അക്കാര്യം പറയണ്ടേ? അങ്ങ് ഒരു പ്രൊഫസറാണ്. ഈ സഭയിൽ ഒരു സ്ത്രീ സമൂഹത്തെ അടച്ച്, സ്ത്രീകളെല്ലാം ഇങ്ങനെ XXXXXX* എന്ന തരത്തിൽ ഒരംഗം ആക്ഷേപിച്ചാൽ അതിനോട് യോജിപ്പുണ്ടോ ഇല്ലയോ; അത് മുസ്ലീം ലീഗിന്റെ നിലപാടാണോ എന്ന് വ്യക്തമാക്കണം.

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും ഒരു വ്യക്തിയെന്നുള്ള നിലയ്ക്കും ഒരു പാർട്ടിയെന്നുള്ള നിലയ്ക്കും അതിനോട് യോജിപ്പില്ല. അതിന് യാതൊരു സംശയവുമില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, നമ്മുടെ രാജ്യത്തും കേരള സംസ്ഥാനത്തും സ്ത്രീകൾക്ക് ലഭിക്കേണ്ട പരിരക്ഷയ്ക്ക് ആവശ്യമായ നിയമനിർമ്മാണവും നടപടികളും കൂടുതൽ വേണമെന്ന് എല്ലാവരും ആവശ്യപ്പെടുന്ന സമയത്ത് ബഹുമാനപ്പെട്ട അംഗം അതിനെ എതിർത്ത് സംസാരിച്ചത് പൊതുമനഃസാക്ഷിക്ക് ചേരുന്ന നിലപാടല്ല. അദ്ദേഹം വ്യക്തിപരമായി തിരുത്തുകതന്നെയാണ് വേണ്ടത് എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. XXXXXX* എന്ന സ്റ്റേറ്റ്മെന്റ് ഈ സഭയുടെ രേഖകളിൽ വരാൻപോലും പാടില്ല. എന്ത് context-ൽ ആണെങ്കിലും വരാൻ പാടില്ല. ഒരു പുരുഷൻ കുറ്റകൃത്യം ചെയ്യുമ്പോഴും സ്ത്രീ കുറ്റകൃത്യം ചെയ്യുമ്പോഴും സ്ത്രീയെ മാത്രം ഇങ്ങനെ ഫുൾസൈസ് ഫോട്ടോ കൊടുത്ത്, അവരുടെ ചരിത്രവും അല്ലെങ്കിൽ അവർ എങ്ങനെ ജീവിച്ചു എന്ന തരത്തിലുള്ള വലിയ ആക്ഷേപങ്ങളും പ്രചരണവും നമ്മുടെ സമൂഹത്തിൽ വർദ്ധിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രസ്താവനകൾ അങ്ങേയറ്റം അപലപനീയമാണ്. അദ്ദേഹം പറഞ്ഞ XXXXXX* എന്ന ഒരു വാക്കുപോലും രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: ആക്ഷേപിക്കുന്ന വാക്കുകൾ പിൻവലിക്കും. രേഖയിൽനിന്നും മാറ്റും.

ശ്രീ. പി. സി. ജോർജ്: സർ, XXXXXX* എന്നുപറഞ്ഞ വാക്ക് രേഖയിൽ നിന്ന് മാറ്റിക്കോളൂ. എനിക്ക് വിരോധമില്ല. പക്ഷെ, ഞാൻ പറഞ്ഞ ആശയത്തിൽ നിന്ന് പിന്മാറുന്നില്ല. XXXXXX* എന്നുപറഞ്ഞത് എന്റെ വാക്കിനകത്ത് വന്നുപോയതാണ്. സോറി, സോറി....

മി. ചെയർമാൻ: ആ വാക്കുകൾ രേഖയിലുണ്ടാകരുത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, അങ്കണവാടിയെന്നത് പലയിടത്തും എഴുതി വയ്ക്കുന്നത് അംഗൻവാടിയെന്നാണ്. ഗംഗയിലെ 'ഗ' ആണ് ഉപയോഗിക്കുന്നത്. പൊതുസമൂഹത്തിലും ഈ സഭയ്ക്കകത്തുപോലും പലരും തെറ്റിദ്ധരിക്കുന്നത് ഇത് സ്ത്രീകളുടെ വാടിയാണെന്നാണ്. 'അങ്കണവാടി' എന്നതാണ് അതിന്റെ യഥാർത്ഥ മലയാളം. അത് 'മുറ്റത്തെ പൂന്തോട്ടം' എന്നുള്ളതാണ്. ഇത് ഡിപ്പാർട്ട്മെന്റിലെ

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

ഉദ്യോഗസ്ഥരോ വർക്കർമാരോ ഹെൽപ്പർമാരോ പലപ്പോഴും ശ്രദ്ധിക്കാറില്ല. വ്യാപകമായി ഈ തെറ്റായ അക്ഷരം എഴുതിവയ്ക്കുന്നുണ്ട്. ആ തെറ്റുകളുടെ ഒരു ആവർത്തനമാണ് ഇവിടെ ഈ പ്രതികരണത്തിന് കാരണമെന്ന് ഞാൻ കരുതുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അത് ശരിയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സംസാരിച്ചപ്പോൾ പറഞ്ഞ കാര്യങ്ങളുടെ ഒരു സപ്പോർട്ടായാണ് ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ പറഞ്ഞത്. അദ്ദേഹം പറഞ്ഞത് സ്ത്രീകൾക്കിടയിൽ സൗദി അറേബ്യയിൽപോലും വരുന്ന പരിവർത്തനങ്ങളെക്കുറിച്ചും സാംസ്കാരികവും സാമൂഹ്യവുമായ മാറ്റങ്ങളെക്കുറിച്ചുമാണ്. അദ്ദേഹം അവിടെ ചെന്നപ്പോഴേക്കും അവിടെ നവോത്ഥാനമുണ്ടായോയെന്ന് എനിക്ക് സംശയമായി. അവിടെ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. പൊതുവെ സ്ത്രീകൾക്ക് അനുകൂലമായി ലോകത്ത് നടക്കുന്ന പരിഷ്കാരങ്ങളെയും സാംസ്കാരികമായ നവോത്ഥാനത്തെയും കുറിച്ചാണ് പറഞ്ഞത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ആ രീതിയിലാണ് കാണേണ്ടത്. ബാക്കിയുള്ളവർ പറഞ്ഞതുപോലെ കാണരുത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ ആ രൂപത്തിലാണ് പറഞ്ഞതും നമ്മൾ ആ രൂപത്തിലാണ് എടുത്തതും. എന്നാൽ ശ്രീ. പി. സി. ജോർജ്ജും ശ്രീമതി ഇ. എസ്. ബിജിമോളും തമ്മിൽ ഒരു വാക്കുതർക്കമുണ്ടായി മറ്റൊരു രൂപത്തിലേയ്ക്ക് പോയി. ശ്രീ. കെ. ഡി. പ്രസേനൻ അംഗനവാടി എന്ന പേരിലെ 'ഗ' എന്ന അക്ഷരം മാറ്റി 'ങ' എന്ന അക്ഷരം ചേർക്കുന്ന കാര്യം പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ കരുതുകയാണ്.

ഞാൻ ഇവിടെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷന്റെ കാര്യമാണ് സൂചിപ്പിച്ചുകൊണ്ടിരുന്നത്. പെൻഷൻ ഏകദേശം 600 രൂപയും 1000 രൂപയുമാണ് അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. 25 കൊല്ലംവരെ ജോലി ചെയ്ത ഒരു വർക്കർ അവിടെനിന്നും റിട്ടയർ ചെയ്യുമ്പോൾ വളരെ തുച്ഛമായ 30,000 രൂപയോ 35,000 രൂപയോ മാത്രമാണ് ലഭിക്കുക. അതുകൊണ്ട് അവരുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം, ചികിത്സാസഹായമായി അവർക്ക് ഇപ്പോൾ വളരെ തുച്ഛമായ സംഖ്യയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. 0,000 രൂപയിൽനിന്ന് 25,000 രൂപയാക്കി വർദ്ധിപ്പിച്ചാൽ അത് ഗുണപരമാകും. 600 രൂപ, 1000 രൂപ പെൻഷൻ ലഭിക്കുന്നവർക്ക് അല്ലെങ്കിൽ വളരെ തുച്ഛമായ ശമ്പളം കിട്ടുന്നവർക്ക് അവരുടെ

മക്കളെ പഠിപ്പിക്കുന്നതിനുണ്ടാകുന്ന സാമ്പത്തിക പ്രയാസം നമുക്കറിയാം. വിദ്യാഭ്യാസത്തിനുവേണ്ടിവരുന്ന ചെലവുകൾ വളരെ ഭാരിച്ചതാണ്. അതുകൊണ്ട് അവരുടെ മക്കളുടെ പഠനത്തിന് പലിശരഹിത ലോൺ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വ്യത്യസ്ത വകുപ്പുകളുടെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് അവരെ ഉപയോഗപ്പെടുത്തുമ്പോൾ ഒന്നുകിൽ ലീവ് അനുവദിച്ചു കൊടുക്കുന്നതിനോ അല്ലെങ്കിൽ remuneration കൊടുക്കുന്നതിനോ ആവശ്യമായ നടപടി ഉണ്ടാകേണ്ടതാണ്. ഗ്യാസും പച്ചക്കറിയുമൊക്കെ വാങ്ങുമ്പോൾ അവരുടെ കയ്യിൽ നിന്നാണ് പൈസ കൊടുത്തുകൊണ്ടിരിക്കുന്നത്. ആ തുക ആറോ എട്ടോ മാസങ്ങൾ കഴിഞ്ഞാണ് തിരികെ ലഭിക്കുന്നത്. അത് അവരുടെ കുടുംബപശ്ചാത്തലത്തിൽ സാമ്പത്തികമായി വലിയ പ്രയാസങ്ങളാണുണ്ടാക്കുന്നത്. അങ്കണവാടികൾ കേന്ദ്രീകരിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് ദമ്പതി സംഗമങ്ങളും ചോറൂണ് പരിപാടികളും നടത്തുമ്പോൾ ഭാര്യയും ഭർത്താവും ഒന്നിച്ച് വരണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ പരിപാടി നടത്താൻ ഒരു പ്രോഗ്രാം ചാർട്ട്ഔട്ട് ചെയ്ത് ബന്ധപ്പെട്ട കാര്യങ്ങളൊരുക്കി അവരെ വിളിച്ചുവരുത്തണം. ആ പരിപാടിയിൽ ദമ്പതികളുടെ ഫോട്ടോ കൃത്യമായി നൽകിയാലേ അതിനാവശ്യമായ സംഖ്യ നൽകുകയുള്ളൂ. ആ ഫോട്ടോയിൽ ഇവർ രണ്ടുപേരും ഇല്ലെങ്കിൽ അവർക്ക് പൈസ കിട്ടുകയില്ല. വളരെ തുച്ഛമായ ശമ്പളം ലഭിക്കുന്ന ഇവർ കയ്യിൽനിന്നും തുക മുടക്കി ഗവൺമെന്റിന്റെ പരിപാടികൾ നടത്തുമ്പോൾ ആ തുക തിരിച്ചു കിട്ടിയില്ലെങ്കിൽ പ്രയാസങ്ങളുണ്ടാകും. ഇത്തരത്തിൽ ഒട്ടനവധി പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന അവരെ സഹായിക്കാനാവശ്യമായ സമീപനം ഈ ബില്ലിലൂടെ സ്വീകരിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്കണവാടികൾ വഴി ഇപ്പോൾ കുട്ടികൾക്കും ടീനേജുകാർക്കും ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. മുതിർന്ന പൗരന്മാർക്കുകൂടി അങ്കണവാടികൾ വഴി ഭക്ഷണം വിതരണം ചെയ്യുന്നത് പരിഗണിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും, നമ്മുടെ നാട്ടിൽ ജനസംഖ്യതന്നെ വാർദ്ധക്യമുള്ളവരും ചെറുപ്പക്കാരും എന്നീ രണ്ട് വ്യത്യസ്തങ്ങളായ നിലയിലേയ്ക്ക് മാറുകയാണ്. വാർദ്ധക്യമായവരെ ആരും പരിചരിക്കാതെ വൃദ്ധസദനങ്ങളിൽ കൊണ്ടുപോയി വിടുന്ന, പ്രയാസമനുഭവിക്കുന്ന കഥകൾ നമ്മൾ പത്രങ്ങളിലൂടെ വായിച്ചുകൊണ്ടിരിക്കുകയാണ്. വളരെ നല്ലൊരു നിർദ്ദേശമാണ് ബഹുമാന്യയായ ഇ. എസ്. ബിജിമോൾ ഇവിടെ സൂചിപ്പിച്ചത്.

വാർദ്ധക്യസഹജമായി പ്രയാസമനുഭവിക്കുന്ന, വീട്ടിൽ പരിചരിക്കാൻ ആളില്ലാത്തവർക്കുകൂടി ഭക്ഷണം നൽകുന്നതിനാവശ്യമായ സൗകര്യം അവർക്ക് നൽകിക്കൊടുക്കുകയാണെങ്കിൽ വളരെ നല്ലൊരു പ്രവർത്തനമായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, അങ്കണവാടികളുടെ പ്രാധാന്യവും അങ്കണവാടികളിൽ ജോലി ചെയ്യുന്ന വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ആനുകൂല്യം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് പല അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ല, ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നില്ലെന്നതാണ് ഇതിന് പ്രധാന തടസ്സം. സ്ഥലം ലഭ്യമായാൽ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിക്കാൻ എം.എൽ.എ.-മാരായ നമ്മളെല്ലാവരും തയ്യാറാണ്. മിക്ക എം.എൽ.എ.-മാരും ആസ്തി വികസന ഫണ്ടിലും എം.എൽ.എ. ഫണ്ടിലുമായി ധാരാളം അങ്കണവാടികൾ നമ്മുടെ സംസ്ഥാനത്ത് നിർമ്മിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് സ്കൂൾ കോമ്പൗണ്ടുകളിൽ സൗകര്യപ്രദമായ സ്ഥലമുണ്ടെങ്കിൽ അവിടെ അങ്കണവാടികൾ നിർമ്മിക്കാമെന്ന് തീരുമാനമെടുത്തു. അതിന്റെയടിസ്ഥാനത്തിൽ പല ഗവൺമെന്റ് സ്കൂൾ കോമ്പൗണ്ടുകളിലും ഇപ്പോൾ അങ്കണവാടികൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽപോലും മഹാഭൂരിപക്ഷംവരുന്ന അങ്കണവാടികൾക്കും ഇപ്പോഴും കെട്ടിടമില്ലാത്ത സ്ഥിതിയുണ്ട്. റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി അങ്കണവാടിക്കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ നിന്നുണ്ടാകണം. ഒരു ഡിപ്പാർട്ട്മെന്റ് മറ്റൊരു ഡിപ്പാർട്ട്മെന്റിന് ഭൂമി കൈമാറുന്നതിന് സാങ്കേതിക തടസ്സം നിൽക്കുകയാണ്. അതിനൊരു തീരുമാനമുണ്ടാകുകയും കേരളത്തിലെ മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി സൗകര്യപ്രദമായ കെട്ടിടമുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, അങ്കണവാടികളുമായി ബന്ധപ്പെട്ട് നേരത്തെ സൂചിപ്പിച്ചതുപോലെ, സ്കൂളുകൾ കേന്ദ്രീകരിച്ച് എൽ.കെ.ജി./യു.കെ.ജി.-യിൽ കുട്ടികൾ കൂടുതൽ വരാൻ സാധ്യതയുണ്ട്. ഒരു വാർഡിലുള്ള അങ്കണവാടിയിലെ കുട്ടികൾ തന്നെയാണ് വിഭജിക്കപ്പെട്ട് ഇതുപോലെ സ്കൂളുകളിൽ വരുന്നത്. രണ്ടിന്റെയും പ്രവർത്തനം ഒരുമിച്ച് കൊണ്ടുപോകാൻ സാധിക്കുമോ? എന്തെങ്കിലുമൊരു സ്റ്റാൻഡ് ഇക്കാര്യത്തിൽ വേണ്ടതല്ലേ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. പ്രൈമറി സെക്ടറും ഡേ കെയർ സെന്ററുകളും കോ-ഓർഡിനേറ്റ്

ചെയ്തുകൊണ്ടുപോകുന്നതിനുള്ള സംവിധാനം സ്വീകരിക്കുമോയെന്ന കാര്യത്തെ സംബന്ധിച്ച് ചോദിച്ചിരുന്നു. ഈ ബില്ലിൽ എല്ലാവരും ഇടപെട്ടതിന്റെ പ്രാധാന്യം അങ്ങ് മനസ്സിലാക്കുമെന്നുള്ളതുകൊണ്ടുതന്നെയാണ് ഇത്രയും സമയം നീണ്ടുപോയത്. നിർദ്ദേശം എന്ന നിലയ്ക്ക് രണ്ടുമൂന്ന് കാര്യങ്ങളാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ക്ഷേമനിധിയിൽനിന്നും മറ്റും ആനുകൂല്യങ്ങൾ കൃത്യസമയത്ത് നൽകുന്നതിനുള്ള നിലപാട് സ്വീകരിക്കുക. ഓരോ ആനുകൂല്യവും വിതരണം ചെയ്യുന്നതിന് സമയക്രമം നിശ്ചയിക്കുകയും പ്രസ്തുത സമയപരിധിക്കുള്ളിൽ ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുള്ള നിലപാട് സ്വീകരിക്കുക. ഹെൽപ്പർമാരും വർക്കർമാരും ക്ഷേമനിധിയിൽ അംഗങ്ങളാകുമ്പോൾ അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക. ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് കാലാനുസൃതമായ പരിഷ്കരണം നടപ്പിലാക്കുക. പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, ഇപ്പോൾ വളരെ ചുരുങ്ങിയ സംഖ്യയാണ് കൊടുക്കുന്നത്. അത് വർദ്ധിപ്പിച്ച് 25,000 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ചികിത്സാ ധനസഹായം 25,000 രൂപയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക. നിർമ്മാണ വായ്പ 50 മാസത്തെ ഓണറേറിയത്തിന് തുല്യമാക്കണം. ഇപ്പോൾ 30 മാസത്തെ ഓണറേറിയത്തിന് തുല്യമാണ് നൽകുന്നത്. ഒരംഗം മരിച്ചാൽ നൽകുന്ന ധനസഹായം 10,000 രൂപയിൽ നിന്നും 25,000 രൂപയാക്കുക. വിദ്യാഭ്യാസ വായ്പ 10,000 രൂപയിൽനിന്നും 25,000 രൂപയാക്കുക. വർക്കർമാർക്ക് 1,000 രൂപയും ഹെൽപ്പർമാർക്ക് 600 രൂപയുമാണ് പെൻഷൻ നൽകുന്നത്. കാലോചിതമായി അത് വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുക. സംസ്ഥാന-ജില്ലാതല കമ്മിറ്റികൾ യഥാസമയം യോഗം ചേർന്ന് ക്ഷേമനിധി പ്രവർത്തനം അവലോകനം നടത്തുക. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ബോർഡ് അംഗങ്ങൾക്കും പ്രത്യേക ഓഫീസ് സംവിധാനമൊരുക്കുക. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമെങ്കിൽ പ്രതിമാസ വിഹിതം ഉയർത്തുന്ന കാര്യവും പരിശോധിക്കേണ്ടതാണ്. ഇത്രയും സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലിന്മേലുള്ള എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

02.00 P.M.]

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീമതി യു. പ്രതിഭ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പുതിയതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭരണ സൗകര്യത്തിനുമായി പ്രസ്തുത ആക്ടിൽ അടിയന്തരമായ ചില ഭേദഗതികൾ വേണമെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇന്ന് അവതരിപ്പിച്ച ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീ സംഘടനയായ ജനാധിപത്യ മഹിളാ അസോസിയേഷന്റെ നേതാവായ, കേരളത്തിലെ ഏറ്റവും സമർത്ഥയായ ആരോഗ്യ വകുപ്പുമന്ത്രി എന്ന ഖ്യാതി ഇന്ത്യയുടെ നെറുകയിലെത്തിച്ച, പുതുതായി രൂപീകരിക്കപ്പെട്ട വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധാപൂർവ്വം മുന്നോട്ടുകൊണ്ടുപോകുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് നന്ദിപറഞ്ഞുകൊണ്ട് ഞാൻ തുടങ്ങുകയാണ്. കേരളത്തിന്റെ നേട്ടങ്ങൾ എപ്പോഴും ലോകപ്രസിദ്ധമാണ്. പ്രസവ സമയത്തുള്ള സ്ത്രീകളുടെ മരണനിരക്കും ജനന സമയത്തുള്ള കുഞ്ഞുങ്ങളുടെ മരണനിരക്കും കുറഞ്ഞതും സ്ത്രീസാക്ഷരതയുടെ കാര്യത്തിലുമൊക്കെത്തന്നെ കേരളം വളരെ മുന്നിലാണ്. മറ്റ് സംസ്ഥാനങ്ങളിലെ സ്ത്രീകളിൽനിന്നും വ്യത്യസ്തമായി സ്വന്തമായ രാഷ്ട്രീയ നിലപാടും ശരിയായ സാമ്പത്തിക സ്വാതന്ത്ര്യവും ഉപയോഗിച്ച് മുന്നോട്ടുപോകാനുള്ള കഴിവുമുള്ളതുകൊണ്ടാകാം കേരളത്തിലെ സ്ത്രീകൾ അഹങ്കാരികളും ധിക്കാരികളുമാണെന്ന് മുദ്രകുത്തുന്ന വിധത്തിൽ ബഹുമാന്യനായ ഒരംഗം ഈ സഭയിൽ നേരത്തെ പറഞ്ഞത്. അത്രയധികം പുരോഗമനത്തിൽ ചിന്തിക്കുന്ന, രാഷ്ട്രീയ തിരിച്ചറിവുള്ള, ആടിനെ കൂട്ടിക്കൊണ്ടുപോകുന്നതുപോലെ പോകാത്ത സ്ത്രീകളുള്ളതുകൊണ്ടുതന്നെ പലപ്പോഴും കേരളത്തിലെ സ്ത്രീകൾക്ക് ആ അംഗത്തെപ്പോലുള്ളവർ ചില ബഹുമതികൾ നൽകുമ്പോൾ ഞങ്ങൾ അഭിമാനിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ സംഘടനാ സംവിധാനമായ കുടുംബശ്രീയടക്കം ഇന്ന് കേരളത്തിൽ രൂപീകരിച്ചതുകൊണ്ട്, ഒരുപക്ഷേ ഭൂപരിഷ്കരണത്തിനുശേഷം കേരളം കണ്ട ഏറ്റവും വലിയ വിപ്ലവകരമായ മാറ്റമായി, കുടുംബശ്രീ പ്രസ്ഥാനം വന്നപ്പോൾ ഇന്ന് കേരളത്തിലെ സ്ത്രീകൾ ലോകത്ത് തന്നെ ശ്രദ്ധാകേന്ദ്രമാകുന്ന പ്രസ്ഥാനത്തിന്റെ ഉടമകളായി മാറി. വനിതാ സംഘടനകളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് വനിതാ ശിശു വകുപ്പ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ വളരെ ശക്തമായി ഏകോപിപ്പിച്ചുകൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

മുൻസർക്കാരിൽനിന്നും തികച്ചും വ്യത്യസ്തമായി, ഒരു ക്ഷേമനിധി ബോർഡിനെ മാത്രമല്ല, എല്ലാ ക്ഷേമനിധി ബോർഡുകളെയും വളരെ ക്രിയാത്മകമാക്കി ഈ ക്ഷേമനിധിയിൽനിന്നുള്ള പ്രയോജനം ആ ക്ഷേമനിധിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകുക എന്ന ലക്ഷ്യവും നിലപാടും

അനുസരിച്ചാണ് അഞ്ച് വർഷമെന്നത് മൂന്ന് വർഷമായി കുറച്ചുകൊണ്ടുള്ള ഒരു ഭേദഗതി വന്നിരിക്കുന്നത്. വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനും പുരോഗതിക്കും ഈ സർക്കാർ നൽകിവരുന്ന പ്രാധാന്യത്തെക്കുറിച്ച് രാഷ്ട്രീയതിമിരം ബാധിച്ചവർക്കല്ലാതെ മറ്റാർക്കും യാതൊരു എതിരഭിപ്രായവുമില്ല എന്നുള്ളതും ഈ അവസരത്തിൽ ഊന്നിപ്പറയാൻ ആഗ്രഹിക്കുകയാണ്. ബോർഡ് രൂപീകരിച്ചിരുന്നെങ്കിൽപ്പോലും ചട്ടങ്ങൾ രൂപീകരിക്കാൻ സാധിക്കാതിരുന്നതുമൂലവും പദ്ധതിക്ക് അംഗീകാരം ലഭിക്കാത്തതുകൊണ്ടുമൊക്കെ പരിമിതമായ തോതിലുള്ള ചില പ്രവർത്തനങ്ങളിൽനിന്നും ഇതിന്റെ അനന്തമായ പ്രവർത്തനസാധ്യതകളിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുന്ന തരത്തിലാണ് ഇതുപോലെയൊരു മാറ്റം കൊണ്ടുവരുന്നത്. ചട്ടങ്ങൾ രൂപീകരിക്കാനും സ്കീം അംഗീകരിക്കാനും അടിയന്തര ശ്രദ്ധപതിയേണ്ടതുണ്ട്. എന്നെ പഠിപ്പിച്ച അങ്കണവാടി ടീച്ചർ തന്നെ എന്റെ മകനെയും പഠിപ്പിച്ചിട്ടുണ്ടെന്ന കാര്യം ഈ ഭേദഗതി ചർച്ചയിൽ ഞാൻ ഓർക്കുന്നു. നിലത്തെഴുത്ത് ആശാൻ കഴിഞ്ഞാൽ അങ്കണവാടിയിൽ പഠിപ്പിച്ച അദ്ധ്യാപിക തന്നെയാണ് എപ്പോഴും നമ്മുടെ പ്രഥമ ഗുരുസ്ഥാനത്ത് നിൽക്കുന്നത്. ഇതൊക്കെ വളരെമുമ്പുള്ളതാണ്. അന്ന് അവർ അനുഭവിച്ചിരുന്ന മാനസിക ക്ലേശങ്ങളിൽനിന്നും വലിയ മാറ്റങ്ങളുണ്ടാക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. ഇനിയും ധാരാളം മാറ്റങ്ങളുണ്ടാകേണ്ടതുണ്ട്. ആ ഭാഗത്ത് ഇനിയും ശ്രദ്ധ കൊടുക്കേണ്ടതായുണ്ട്. മുപ്പതോ അതിലധികമോ വർഷത്തെ സേവനത്തിനുശേഷം പിരിഞ്ഞുപോകുന്ന അങ്കണവാടി ഹെൽപ്പർമാർക്ക് 600 രൂപയും വർക്കർമാർക്ക് 1000 രൂപയുമാണ് ഇപ്പോൾ ലഭിക്കുന്ന പെൻഷൻ. നമ്മുടെ ഗവൺമെന്റ് വർദ്ധിപ്പിച്ചുകൊടുത്തതുകൊണ്ടാണ് ഇപ്പോൾ ഇത്രയും തുക ലഭിക്കുന്നത്. നിലവിൽ 100 രൂപയാണ് അംശദായമായി അടയ്ക്കുന്നത്. അത് തുച്ഛമാണ്. അത് 500 രൂപയാക്കി വർദ്ധിപ്പിച്ച് മാന്യമായ പെൻഷൻ ഇവർക്ക് ലഭിക്കുന്നതിനുള്ള ഇടപെടൽ ഈ ഭേദഗതിയിലൂടെ കൊണ്ടുവരാൻ സാധിക്കുമെന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പശുക്കൾക്ക് ആംബുലൻസുണ്ടെന്നുള്ളത് കൗതുകകരമായ കാര്യമാണ്. ഗോമാതാവിന് ആരാധനാലയങ്ങൾ നിർമ്മിക്കണമെന്ന് ആഹ്വാനം ചെയ്യുന്ന ചില രാഷ്ട്രീയപാർട്ടിയുടെ വക്താക്കൾ രാജ്യം ഭരിക്കുമ്പോൾ സ്വാഭാവികമായും അതൊക്കെ സംഭവിക്കുമെന്ന് സന്ദർഭവശാൽ ഇവിടെ ഓർമ്മപ്പെടുത്തുകയാണ്. കേന്ദ്ര സർക്കാർ ഐ.സി.ഡി.എസ്. പദ്ധതിക്ക് നൽകിയിരുന്ന പ്രാധാന്യം വലിയതോതിൽ കുറച്ചുകൊണ്ടുവന്നിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ രാജ്യത്തെ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും അവസ്ഥ വലിയ മെച്ചമൊന്നുമല്ല. ഈ ബില്ലിന്റെ ചർച്ച നീണ്ടുപോകുമെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും

കടക്കുന്നില്ല. 60 ശതമാനമായിരുന്ന കേന്ദ്രവിഹിതം 2017 മുതൽ 25 ശതമാനമായി വെട്ടിക്കുറച്ച ഏറ്റവും ഗൗരവതരവും ഗുരുതരവുമായ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്കണവാടി വർക്കർമാരുടെ ഓണറേറിയത്തിൽ 1800 രൂപയും ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ 900 രൂപയും ഇപ്പോഴും കേന്ദ്രവിഹിതമായി നൽകുന്നുണ്ട്, അത് വെട്ടിക്കുറച്ചിട്ടില്ല. പക്ഷേ ഏത് സമയംവേണമെങ്കിലും അത്തരത്തിലുള്ള വെട്ടിക്കുറയ്ക്കൽ കേന്ദ്രസർക്കാർ നടത്തുമെന്നുള്ള ഭയവും കൂടി ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. കേന്ദ്രവിഹിതം കൂടി ഉൾപ്പെടുത്തി 12,000 രൂപ വർക്കർക്കും 7,750 രൂപ ഹെൽപ്പർമാർക്കും ഇപ്പോൾ നൽകുന്നുണ്ട്. മുപ്പതും മുപ്പത്തഞ്ചും വർഷം ജോലി ചെയ്തിരുന്നവർക്ക് കിട്ടുന്ന വളരെ തുച്ഛമായ വേതനമാണിത്. കാലാകാലങ്ങളായി നടത്തിയ നിരന്തരമായ സമരങ്ങളിലൂടെയാണ് അവരിത് നേടിയെടുത്തതെന്നതും കൗതുകകരമായ വസ്തുതയാണ്. ക്ഷേമകാര്യ താൽപ്പര്യത്തിൽ നമ്മുടെ സംസ്ഥാന സർക്കാർ ഉത്തമ ഉദാഹരണമാണ്. സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിലും ജില്ലാതല സെല്ലുകളിലുണ്ടായിരുന്ന 2755 സ്ഥിരം ജീവനക്കാരിൽ 1904 ജീവനക്കാർക്കും മാത്രമാണ് കേന്ദ്രഗവൺമെന്റിന്റെ തുക ലഭിക്കുന്നതെന്നിരിക്കെ ബാക്കി 851 ജീവനക്കാർക്കും കേന്ദ്രവിഹിതം ലഭിക്കുമോയെന്ന് നോക്കാതെ മുഴുവൻ ശമ്പളവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നതെന്നുള്ളത് ഈ സഭയിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇതിൽ വരുന്ന ചില പ്രശ്നങ്ങൾ, വർക്കർമാരുടെ ഓണറേറിയം 12,000 രൂപയെന്ന് പറഞ്ഞാലും 11,500 രൂപ മാത്രമാണ് ലഭിക്കുന്നത്. ഹെൽപ്പർക്ക് 7,000 രൂപയാണ് ലഭിക്കുന്നത്. അത് ലഭിക്കുന്നതിലും പ്രയാസമനുഭവപ്പെടുന്നുണ്ട്. അത് പരിഹരിക്കപ്പെടേണ്ടതാണ്. സെൻട്രൽ ഗവൺമെന്റ് ഓറിയന്റഡാണെന്ന കാഴ്ചപ്പാടിലാണ് അങ്കണവാടി പലപ്പോഴും വർക്ക് ചെയ്യുന്നത്. സെൻട്രൽ, സ്റ്റേറ്റ്, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള മൂന്ന് വിഹിതങ്ങളായാണ് തുക ലഭിക്കുന്നത്. അതുകൊണ്ടുതന്നെ മൂന്ന് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നുവേണം ഈ പാവപ്പെട്ട സ്ത്രീകൾ ശമ്പളമെടുക്കാൻ. സാധിക്കുമെങ്കിൽ, ഇത് ഏകീകരിച്ചുകൊടുക്കാനുള്ള ഇടപെടൽ ഗവൺമെന്റ് നടത്തണം. ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ 5,600 രൂപ മാത്രമായിരുന്ന ഓണറേറിയം വർദ്ധിപ്പിച്ചുകൊടുക്കാൻ നമുക്ക് കഴിഞ്ഞു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ശ്രീമതി യു. പ്രതിഭ ഈ ബില്ലുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട വിഷയമാണ് സംസാരിക്കുന്നത്. അതിന് വേറൊരു വശമുണ്ട്. അങ്കണവാടി ജീവനക്കാരായ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ടീച്ചർമാരുടെയും സേവന-വേതന വ്യവസ്ഥകൾ

മെച്ചപ്പെടുത്തുന്നതിന് സഭയിൽ സംസാരിച്ച എല്ലാവരും അനുകൂലമാണ്. അത് വർദ്ധിപ്പിക്കണമെന്നതും ശരിയാണ്. അതേസമയം ഇതിനോട് കൂട്ടിച്ചേർത്ത് വായിക്കേണ്ടതും പറയേണ്ടതുമാണ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യം. അങ്കണവാടികൾക്ക് ചെറുതും മനോഹരവും വൃത്തിയും വെടിപ്പുള്ളതും സുരക്ഷിതവുമായ ഒരു കെട്ടിടം പല പഞ്ചായത്തുകളിലും ഇപ്പോഴും സ്വപ്നം മാത്രമാണ്. അങ്ങനെയുള്ള കെട്ടിടങ്ങൾ, ഇൻഫ്രാസ്ട്രക്ചർ, അതുപോലെ അങ്കണവാടിയിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ക്വാളിറ്റി പരിശോധിച്ച് നല്ല ആഹാരം കിട്ടുന്ന, നല്ല പ്ലസന്റായ അന്തരീക്ഷമുണ്ടാകാൻ ഇൻഫ്രാസ്ട്രക്ച്ചർ വളരെ പ്രധാനപ്പെട്ട ഘടകമാണ്. അത് ഈ ബില്ലിൽ പ്രതിപാദിക്കുന്ന കാര്യമല്ലെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇക്കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ച് സ്വന്തമായി രണ്ടോമൂന്നോ സെന്റ് സ്ഥലം എല്ലാ അങ്കണവാടികൾക്കും വാങ്ങിക്കൊടുക്കാനും കുട്ടികൾ കുറവുള്ള അങ്കണവാടികളെ ഒരുമിച്ച് ചേർക്കാനുമുള്ള നിർദ്ദേശം നേരത്തെവന്നിരുന്നു. ഓരോ പ്രദേശത്തും കെട്ടിടമുണ്ടാക്കാനും അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാനും സ്ഥലം വാങ്ങാനുമുള്ള സംവിധാനങ്ങൾ കൂടി ഇതോടൊപ്പം ഒരുക്കിക്കൊടുക്കേണ്ടതല്ലേ? എപ്പോഴും കേരളീയ മാതൃക സേവന-വേതന ംവ്യവസ്ഥകളിലും ക്ഷേമപദ്ധതികളിലും കേന്ദ്രീകരിച്ചാണ് നിൽക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾക്കും ആഹാരത്തിനും അതുപോലെ പ്രാധാന്യം കൊടുക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ശ്രീമതി യു. പ്രതിഭ: സർ, ഗവൺമെന്റ് ഇപ്പോൾ 210 സ്മാർട്ട് അങ്കണവാടി സ്ഥാപിക്കാനുള്ള ഇടപെടൽ നടത്തി മുന്നോട്ടുപോകുകയാണ്. അങ്കണവാടിയെന്നാൽ പഴയ കാലത്തെ സങ്കൽപ്പമല്ല, ആ പ്രദേശത്തെ ഒരു ചൈതന്യമായി നിലനിൽക്കുന്ന സ്ഥാപനമാക്കി മാറ്റാനുള്ള ഇടപെടലാണ് ഇന്നുണ്ടാകുന്നത്. അവിടെ കുഞ്ഞുങ്ങൾ മാത്രമല്ല, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികളായ സ്ത്രീകൾ എന്നിവർക്കെല്ലാം വന്നുചേരാൻ കഴിയുന്ന, അവർക്ക് പരിരക്ഷ ലഭിക്കുന്ന കേന്ദ്രമായാണ് ഇക്കാലത്ത് അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നതെന്ന് അവരവരുടെ പ്രദേശങ്ങളിൽപോയാൽ അറിയാൻ സാധിക്കും. പ്രവർത്തനത്തിലുള്ള ഏറ്റക്കുറച്ചിലുകളുണ്ടാകാം. പക്ഷേ ഈ ഗവൺമെന്റ് ലക്ഷ്യമിടുന്നത് അതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇതെല്ലാം നിയമസഭയിൽ മാത്രം ചർച്ച ചെയ്യേണ്ട വിഷയങ്ങളാണെന്ന് ഞാൻ കരുതുന്നില്ല. അവിടെ ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുമുണ്ട്. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്, അവിടെ ഭരിക്കുന്നത് എന്റെ പാർട്ടിയൊന്നുമല്ല. അതുകൊണ്ട് ഞാൻ രാഷ്ട്രീയം

പറയുകയാണെന്ന് തെറ്റിദ്ധരിക്കേണ്ട. ഇരുപത് ലക്ഷം രൂപ കൊടുത്ത് പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ അങ്കണവാടി കെട്ടിടം പണി തീർത്തിരിക്കുകയാണ്. ആ നിലയിൽ ബ്ലോക്ക് പഞ്ചായത്തും ത്രിതല പഞ്ചായത്തും ഇടപെട്ടാൽ ഏറ്റവും നല്ല രീതിയിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പൂർണ്ണമാക്കാൻ കഴിയും. ആ നിലയിൽ ചർച്ച ചെയ്തുപോകണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്കണവാടികളെ മെച്ചപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ട് ധാരാളം കൊടുക്കുന്നുണ്ട്. നിരവധി അങ്കണവാടികൾ സ്മാർട്ടാക്കിയിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ എ.സി.യുള്ള അങ്കണവാടിയുണ്ട്. ഒരാൾ സ്പോൺസർ ചെയ്തതാണ്. വ്യക്തികളുടെ സഹായത്തോടെ ത്രിതല പഞ്ചായത്തിന്റെ ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗിച്ചുകൊണ്ടുതന്നെ ഘട്ടംഘട്ടമായി എ.സി. ചെയ്തുകൊണ്ടിരിക്കുകയാണ്. തീർച്ചയായും എല്ലാവരും ചേർന്നാൽ അവ കൂടുതൽ കരുത്തോടെ വളരെ സ്മാർട്ടാക്കി കൊണ്ടുവരാമെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

ശ്രീമതി യു. പ്രതിഭ: സർ, തീർച്ചയായും. നമ്മുടെ വിദ്യാഭ്യാസ മേഖലയിലാണെങ്കിലും ആരോഗ്യ മേഖലയിലാണെങ്കിലും ജനകീയ ഇടപെടലിന് വളരെയധികം പ്രസക്തിയുണ്ട്. ഗവൺമെന്റ് തന്നെ ഒരു നയത്തിന്റെ ഭാഗമായി ജനകീയ ഇടപെടൽ വരണമെന്ന് പറയുന്നുണ്ട്. സ്വാഭാവികമായും എം.എൽ.എ.-മാർ നൽകുന്ന അങ്കണവാടികൾ നമ്മൾ കാണാറുണ്ട്. നമ്മളൊക്കെത്തന്നെ അങ്കണവാടികൾ നൽകാറുണ്ട്. മനോഹരമായ രൂപത്തിൽ അവ നിർമ്മിക്കാൻ കഴിയണം. പക്ഷേ അതിന് പരിമിതികളുണ്ട്. പൂർണ്ണമായും ആ മണ്ഡലത്തിലെ മൊത്തം അങ്കണവാടികൾ എം.എൽ.എ. ഫണ്ടിൽനിന്നും നിർമ്മിക്കാൻ നമുക്ക് കഴിയാറില്ല. അതുപോലെ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളുമൊക്കെത്തന്നെ ഫണ്ട് കൊടുക്കാറുണ്ട്. പക്ഷേ അവരുടെ ഫണ്ട് പശ്ചാത്തല മേഖലയിലും ഉത്പാദന മേഖലയിലും ക്ഷേമ മേഖലയിലുമൊക്കെയായി മാറ്റിവച്ചുകഴിഞ്ഞാൽ അവർക്കുവേണ്ട ഫണ്ട് ലഭിക്കുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി അങ്കണവാടികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്താൻ പഞ്ചായത്തുകൾക്ക് സാധിക്കും. നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെ ചെയ്യാത്ത രീതിയിൽ 4.96 കോടി രൂപയുടെ മെഡിസിൻ കിറ്റ് ഏറ്റവും നല്ല രൂപത്തിൽ കൊടുത്തിട്ടുണ്ട്. അങ്കണവാടിയിൽ വരുന്ന കുഞ്ഞുങ്ങൾക്ക് ഏറ്റവും അത്യാവശ്യമാണത്. മെഡിസിൻ കിറ്റ് കൊടുക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾക്ക് യൂണിഫോമിനായി 2.64 കോടി രൂപ ഈ ഗവൺമെന്റ് അനുവദിച്ചുകൊടുത്തിട്ടുണ്ട്. നേരത്തേ ഇവിടെ പ്രീസ്കൂളിനെക്കുറിച്ച് പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ

ഭാഗമായി പ്രീസ്കൂൾ എഡ്യൂക്കേഷൻ എന്നൊരു പോളിസി കൂടി അങ്കണവാടി തലത്തിലേക്ക് വരണമെന്നൊരു നിർദ്ദേശം വന്നിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് വളരെ നേരത്തേ തന്നെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ കൊടുക്കുന്നതിന് 16.56 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതുപോലെതന്നെ 210-ലധികം സ്മാർട്ട് അങ്കണവാടികൾ ആരംഭിക്കാൻ ഈ ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. ഈ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, സഹിഷ്ണുതയുടെ പര്യായമാണ് അങ്കണവാടി വർക്കർമാർ എന്നുപറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. കാരണം, വിവിധ വകുപ്പുകൾ നടത്തുന്ന വർക്ക് ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് പല കാര്യങ്ങൾക്കും അങ്കണവാടി വർക്കർമാരെ നിയോഗിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ടുതന്നെ അവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് അവരുടെ വർക്ക് ലോഡ് സംബന്ധിച്ചാണ് എന്ന് പരക്കെ ആക്ഷേപമുണ്ട്. ഇത് രണ്ടുതരത്തിലാണ് ഇവരെ ബാധിക്കുന്നത്. ഒന്ന്, അവർ നന്നായി അവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടുന്ന സ്വന്തം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ഏൽപ്പിക്കപ്പെടുന്ന മറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയുന്നില്ല. ഇത്തരമൊരു സന്ദർഭത്തിൽ അവരുടെ വർക്ക് ലോഡ് ക്രമീകരിച്ച് അവരുടെ സ്ഥാപനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാവശ്യമായ ഇടപെടൽ വേണ്ടതല്ലേ എന്നുള്ളതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീമതി യു. പ്രതിഭ: സർ, തീർച്ചയായും. കാരണം, ഒരു സംഘടനയുടെ ഭാഗമായിത്തന്നെ ഇവർ നിരന്തരമായി ഇത്തരം കാര്യങ്ങൾ പറയാറുണ്ട്. അവയൊക്കെ നല്ല രീതിയിൽ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തുന്നുണ്ട്, ഈയൊരു വകുപ്പ് രൂപീകരിച്ചതുതന്നെ അതിനുവേണ്ടിയാണ്. കാരണം, ഇത് പല വകുപ്പുകളുടെയും ശ്രദ്ധയിലേയ്ക്ക് വരുമ്പോൾ പലപ്പോഴും വേണ്ടത്ര ശ്രദ്ധ കൊടുക്കേണ്ട അങ്കണവാടികൾക്ക് അത് കിട്ടാത്തതുകൊണ്ടുതന്നെ വനിതാ ശിശുവികസന വകുപ്പിന്റെ ഭാഗമാക്കുകയുണ്ടായി. പുതിയ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭരണ സൗകര്യത്തിനുമായിട്ടാണ് ഇതിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ട് ചർച്ച ചെയ്യുന്നത്. അപ്പോൾ പൂർണ്ണമായും അങ്കണവാടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാകും. ജോലിഭാരം സംബന്ധിച്ചും ചില മാനസികമായിട്ടുള്ള പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നത് സംബന്ധിച്ചും അവർ പരാതി പറയാറുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തുകളെയും ഗ്രാമസഭകളെയും അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും സഹായിക്കേണ്ടതായി വരും. വെള്ളപ്പൊക്കം വന്നാൽ ഏറ്റവും മുന്നിൽനിന്ന് പ്രവർത്തിക്കാൻ ഇവർക്ക്

ഡയറക്ഷൻ കൊടുക്കും. അതുപോലെതന്നെ വരൾച്ച വന്നാൽ അത്തരം പ്രവർത്തനങ്ങളിൽ ഇവരെ ഏകോപിപ്പിക്കാൻ ശ്രമിക്കും. കാരണം, ഇവർക്ക് ഒരു പൊട്ടൻഷ്യലുണ്ട്. അങ്കണവാടി ജീവനക്കാർക്ക് പ്രവർത്തന പരിചയമുണ്ട്. അത് നമ്മൾ പരമാവധി ഉപയോഗിക്കാൻ ശ്രമിക്കുമ്പോൾ ഈ പാവപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പല പദ്ധതികളും അവരിൽ അടിച്ചേൽപ്പിക്കുന്നുണ്ട്. ഏറ്റവും പുതിയതായി അവർക്ക് സ്മാർട്ട് ഫോൺ കൊടുത്തിട്ട് അപ്ഡേഷൻ നടത്താൻ പറഞ്ഞിരിക്കുകയാണ്. സ്മാർട്ട് ഫോൺ കൊടുക്കുക മാത്രമേ ചെയ്യുന്നുള്ളൂ, നെറ്റ് കിട്ടാറില്ല. പലപ്പോഴും ഇവരുടെ കയ്യിൽ നിന്നും പണം കൊടുത്താണ് നെറ്റ് അപ്ഡേഷനും മറ്റുകാര്യങ്ങളും ചെയ്യുന്നത്. ഡിജിറ്റൽ ഇന്ത്യ എന്ന് ഇന്ത്യയിലെ പ്രധാനമന്ത്രി പറയുമ്പോഴും വൈദ്യുതി പോലുമില്ലാത്ത ഗ്രാമങ്ങളെപ്പറ്റി നമ്മൾ പറയാറുണ്ട്. അതുപോലെ ഡിജിറ്റൽ ആക്കാൻ ശ്രമിക്കുമ്പോൾ ആ മേഖലയിൽപ്പെട്ടവർക്ക് അത്തരം അത്യന്താധുനിക സൗകര്യങ്ങൾ എത്തിച്ചുകൊടുക്കാൻ വേണ്ടിയുള്ള ശ്രമം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. അതുകൂടി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കേണ്ടതായി വരികയാണ്. ഈ വിഷയവും സംസ്ഥാന ഗവൺമെന്റിനു മുന്നിലാണ് പരിഹാരത്തിനായി വരുന്നത്. ഈ ഗവൺമെന്റ് അത്തരം കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽനിന്നും ഇറങ്ങുമ്പോൾ 10000 രൂപയും 7000 രൂപയുമായി വർദ്ധിപ്പിച്ചുതരാമെന്ന് പറഞ്ഞതാണ്. പക്ഷേ അത് പേപ്പറിലൊതുങ്ങി. അത് കൊടുത്തിട്ടില്ല, കൊടുക്കാൻ കഴിഞ്ഞിട്ടില്ല. തുക വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞ കാലം മുതലുള്ള കുടിശ്ശിക തീർത്തുകൊടുത്തത് ഈ ഗവൺമെന്റാണ്, മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം തുച്ഛവും വലിയ വിഹിതം സംസ്ഥാന ഗവൺമെന്റിന്റേതുമാണ്. അവർക്ക് അങ്ങനെയാണ് 12,000 രൂപയും 7500 രൂപയുമാക്കി ഇപ്പോൾ വർദ്ധിപ്പിച്ചുകൊടുത്തിരിക്കുന്നത്. പ്രളയവും വലിയ പ്രതിസന്ധികളുമൊക്കെ വന്ന കേരളത്തിൽ പെൻഷൻകാരായ അങ്കണവാടി ജീവനക്കാർക്ക് ഓണത്തിന് 1000 രൂപ കൊടുത്തു, ഇതിനുമുമ്പ് ഒരിക്കലും ഇങ്ങനെ കൊടുത്തിട്ടുള്ളതല്ല. അത് വലിയൊരു കാര്യം തന്നെയാണ്. 1000 രൂപ ധനസഹായമായി നൽകുന്നതിനായി ക്ഷേമനിധി ബോർഡിന് പണം കൊടുത്തുകൊണ്ട് അവർക്കാവശ്യമായ തുക വകയിരുത്താനും നിർദ്ദേശിച്ച ഒരു ഗവൺമെന്റാണിത്. അതുപോലെ മികച്ച സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സോഷ്യൽ ഓഡിറ്റ് നടത്തുന്നുണ്ട്. ആദ്യമായിട്ടാണ് സംസ്ഥാന തലത്തിൽ ഒരു ഓഡിറ്റ് ടീമിനെ നിയമിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്. സ്മാർട്ട് അങ്കണവാടികളുടെ ഫണ്ടിനെപ്പറ്റി

നേരത്തേ പലരും സൂചിപ്പിച്ചിട്ടുണ്ട്. പലപ്പോഴും ഇതിൽ ഏകീകരണത്തിന്റെ പ്രശ്നമുണ്ട്. സ്മാർട്ട് അങ്കണവാടി നിർമ്മാണം വകുപ്പിനെ പൂർണ്ണമായി ഏൽപ്പിക്കുന്നതിനോട് വ്യക്തിപരമായി ഞാൻ യോജിക്കുന്നില്ലെങ്കിൽപ്പോലും അത്തരം കാര്യങ്ങൾ കൂടുതൽ എളുപ്പത്തിൽ നടക്കാൻ ഒരു പ്രത്യേക കേന്ദ്രത്തിലേക്ക് ഫണ്ട് കൊടുക്കുന്നതോ അല്ലെങ്കിൽ എം.എൽ.എ.-മാരുടെ ഫണ്ടിനോടൊപ്പം കൊടുക്കുന്നതോ ആകും നല്ലത്. 140 എം.എൽ.എ.-മാരും അലെർട്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, അവരുടെ മണ്ഡലത്തിലെ അങ്കണവാടികളിൽ ഏതൊക്കെ സ്മാർട്ടാക്കണം എന്നതു സംബന്ധിച്ചും നല്ല ആർക്കിടെക്റ്റിനെ വിളിച്ച് രൂപകൽപ്പന ചെയ്യാനും സാധിക്കും. ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ മണ്ഡലത്തിലെ സ്കൂളുകളുടെ വിപ്ലവത്തെക്കുറിച്ച് നമുക്കറിയാം. അതുപോലെ ആർക്കിടെക്റ്റുകളെ വിളിച്ച് നമ്മുടെ ഭാവനയ്ക്കനുസരിച്ച് ആ ഫണ്ടിൽനിന്നും ഏറ്റവും മനോഹരമായി അങ്കണവാടി നിർമ്മാണം നടത്തുവാൻ സാധിക്കും. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട മെമ്പർ സ്മാർട്ട് അങ്കണവാടികളെക്കുറിച്ചാണ് പറയുന്നത്. പക്ഷേ വൈദ്യുതിയില്ലാത്ത ഒരുപാട് അങ്കണവാടികളുണ്ട്. അവ വൈദ്യുതവത്കരിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി, ഒരു മിഷനായി ഏറ്റെടുത്ത് നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അഭിപ്രായമുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, തീർച്ചയായും. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കെട്ടിടമുള്ള എല്ലായിടത്തും വൈദ്യുതീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

മി. ചെയർമാൻ: ശ്രീമതി പ്രതിഭ, പത്തൊൻപത് മിനിട്ടായി.

ശ്രീമതി യു. പ്രതിഭ: സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണിത്. വലിയ തരത്തിലുള്ള ഇടപെടൽ വരുന്നതുകൊണ്ടാണ്. ഇനി ഞാൻ വഴങ്ങുന്നില്ല. അങ്കണവാടികളുടെ കാര്യത്തിൽ വാടക ഒരു വലിയ പ്രശ്നമായി നിൽക്കുകയാണ്. ഈ ഒരു ബില്ലിന്റെ ഭാഗമായതുകൊണ്ട് അത്തരം ചില പ്രശ്നങ്ങൾ കൂടി സഭയുടെ മുമ്പാകെ നൽകാൻ കഴിയുമെന്നുള്ളതുകൊണ്ടുമാത്രം പറയുകയാണ്. 700 രൂപയാണ് 40 സ്ക്വയർ ഫീറ്റിന് വച്ചിരിക്കുന്ന നിശ്ചിത മാനദണ്ഡം. ഗ്രാമപ്രദേശങ്ങളിൽ 700-ഉം നഗരങ്ങളിൽ 1500 രൂപയുമാണ് വാടക. അതിന് ഒരുപാട് നിബന്ധനകൾ വയ്ക്കുകയാണ്. ചിലപ്പോൾ ഒരു മുറിയിലായിരിക്കും അങ്കണവാടികൾ പ്രവർത്തിക്കേണ്ടിവരുന്നത്. ചിലയിടങ്ങളിൽ സ്ഥലം കിട്ടുകയില്ല. സ്ഥലത്തിന് വില കൂടിയ സമയത്ത് വലിയ ഇടപെടൽ നടത്താതെ

സ്ഥലം കിട്ടുകയില്ല. ചെറിയ മുറി ആണെങ്കിലും ഈ തുക കൊടുക്കണം. അതിനെക്കാൾ വലിയ സൗകര്യം കിട്ടിയാൽ 700 രൂപയ്ക്കുശേഷമുള്ള ബാക്കി തുക കയ്യിൽനിന്നും കൊടുക്കേണ്ടിവരും. അക്കാര്യം കൃത്യമായി പരിശോധിച്ച് ഏകീകരിച്ച് ഈ കാലത്തിനനുസരിച്ചുള്ള തുകയിലേക്ക് മാറ്റാൻവേണ്ടിയുള്ള ഇടപെടൽ നടത്തണം. അല്ലെങ്കിൽ അത് പഞ്ചായത്തുകൾക്ക് ഈസിയായി നൽകാം. ഒരു പഞ്ചായത്തിൽ പത്തോ ഇരുപത്തഞ്ചോ അങ്കണവാടികൾ ഉണ്ടായിരിക്കും. അതിൽ 10 എണ്ണമായിരിക്കും ചിലപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. പദ്ധതി തയ്യാറാക്കുന്ന സമയത്ത് ആ 10 അങ്കണവാടികൾക്ക് അവരുടെ ഫണ്ടിൽ തുക മാറ്റിവച്ചുകഴിഞ്ഞാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. അധിക ബാധ്യതയൊന്നും ഉണ്ടാകുകയുമില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തങ്ങളായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം ശ്രീ. കെ. എസ്. ശബരീനാഥൻ ഇതുമായി ബന്ധപ്പെട്ട കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കേരളത്തിൽ ഇരുന്നൂറിലധികം അങ്കണവാടികൾ സ്മാർട്ടാക്കാൻ പോകുന്നുവെന്ന് മന്ത്രി മറുപടി പറഞ്ഞത് വളരെ പ്രതീക്ഷയുണ്ടാകുന്ന കാര്യം തന്നെയാണ്. അങ്കണവാടികൾ എന്നുപറയുന്നത് ഒരു കുട്ടിയുടെ ജീവിതത്തിലെ ആദ്യത്തെ സാമൂഹ്യപരമായ വിപ്ലവം നടക്കേണ്ട സ്ഥലമാണ്. ഒരുപക്ഷേ ഒരു കുട്ടി ആദ്യമായി കാണുന്ന ഒരു പൊതുസ്ഥലം, നാനാജാതി മതസ്ഥരുള്ള ഒരിടമായി അങ്കണവാടികൾ ഉണ്ടാകുമ്പോൾ, അവിടെ അടിസ്ഥാനപരമായി എല്ലാ സൗകര്യങ്ങളും നമ്മൾ കൊടുക്കുമ്പോൾതന്നെ അങ്കണവാടി വർക്കർമാർക്കും ആയമാർക്കും അവർക്ക് കിട്ടുന്ന ശമ്പളം ഒരുപക്ഷേ വർദ്ധിപ്പിച്ചുവെന്നുപറഞ്ഞാലും ആ ശമ്പളം ഇന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ ജീവിക്കാൻ കഴിയുന്ന ഒന്നല്ല. ഒരു അങ്കണവാടിയിൽ എട്ടും പത്തും പതിനഞ്ചും ഇരുപതുമൊക്കെ കുട്ടികളുണ്ടാകും. ഏറ്റവും കൊച്ചുകുട്ടികളാണ് അവിടെയുള്ളത്. ആ കൊച്ചുകുട്ടികളെ സംബന്ധിച്ചിടത്തോളം ഒരമ്മ മക്കളെ നോക്കുന്നതുപോലെതന്നെ നോക്കേണ്ടി വരും. അവരുടെ മലമൂത്ര വിസർജ്ജനമൊക്കെ വൃത്തിയാക്കിയും ഭക്ഷണം കൊടുത്ത് താരാട്ടുപാടി ഉറക്കുകയുമൊക്കെ ചെയ്യണം. വലിയ കഷ്ടപ്പാടുകളാണ് അങ്കണവാടികളിലുള്ളത്. സ്വാഭാവികമായും ഈ കാലഘട്ടത്തിൽ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള ശമ്പളം അടിസ്ഥാനപരമായി, കാലഘട്ടത്തിനനുസൃതമായി വർദ്ധിപ്പിക്കേണ്ട ഒരു കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തണം. കേരളത്തിലെ എല്ലാ അങ്കണവാടികളും സ്മാർട്ടായി. എല്ലാ രീതിയിലും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ഒരുപക്ഷേ ഒരു യൂണിവേഴ്സിറ്റിയിൽ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ സൗകര്യങ്ങൾ അങ്കണവാടികളിലുണ്ടാകുന്നത് നാം സ്വപ്നം കാണണം. ആ രീതിയിൽ വലിയൊരു മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, നമ്മുടെ വീടുകളിലെ കുട്ടികളെ പരിപാലിക്കുന്നതിനുതന്നെ വളരെയധികം പാടുപെടുമ്പോൾ വ്യത്യസ്ത രാഷ്ട്രീയ-മത ചിന്തകളുള്ള രക്ഷിതാക്കളുടെ കുട്ടികളെയെല്ലാം ഒരേ കുടക്കീഴിലിരുത്തി പരിപാലിക്കുകയെന്ന് പറയുന്ന അദ്ധ്യാപകരെയും ഹെൽപ്പർമാരെയുമാണ് ഏറ്റവും ശ്രേഷ്ഠസമൂഹമെന്ന് കണക്കാക്കിക്കൊണ്ട് മറ്റൊരു ഗവൺമെന്റും കാണിക്കാത്ത വിധത്തിൽ, അവർക്ക് ഏറ്റവും നല്ല പരിഗണന കൊടുക്കുന്നത് ഈ സർക്കാരാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ?

<u>ശ്രീമതി യു. പ്രതിഭ:</u> സർ, തീർച്ചയായുമുണ്ട്.

<u>ശ്രീ. കെ. ബാബു:</u> സർ, മഹാത്മാഗാന്ധിയുടെ വാക്കുകൾ കടമെടുത്താൽ, സേവനത്തിനുവേണ്ടി അവതരിച്ചവരാണ് സ്ത്രീകൾ എന്ന മഹത്തായ വചനം പ്രാവർത്തികമാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നവരാണ് അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവരുടെ ശമ്പളം 10,000 രൂപയും 7,500 രൂപയുമായി വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. അത് നിത്യവരുമാനംപോലും ഇല്ലാത്ത പഞ്ചായത്തുകളുടെ തലയിൽ കെട്ടിവച്ച്, വേണമെങ്കിൽ അവർ കൊടുത്തോട്ടെയെന്ന് പറഞ്ഞുപോകുന്നതിനുപകരം എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ അത്തരത്തിൽ തീരുമാനമെടുത്ത സംഖ്യ മുഴുവൻ കൊടുത്തുതീർക്കുകയും അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ തീരുമാനമെടുക്കുകയും ചെയ്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ:</u> സർ, ശ്രദ്ധയിൽപ്പെട്ടിരുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, അങ്കണവാടികളെല്ലാം ഘട്ടംഘട്ടമായി മെച്ചപ്പെട്ടുവരുന്നുണ്ട്. പഠിപ്പിക്കുന്ന രീതികളിൽ മാറ്റമുണ്ടാക്കിയിട്ടുണ്ട്. കാലത്തിനനുസൃതമായി കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെ നേരിടാൻ ചെറിയ പ്രായം മുതൽ പരിശീലിപ്പിക്കത്തക്കവണ്ണം മാറ്റിയെടുക്കാനുള്ള ട്രെയിനിംഗ് അങ്കണവാടി ടീച്ചർമാർക്കും വർക്കർമാർക്കും കൊടുക്കുന്നത് നല്ലതല്ലേ?

<u>ശ്രീമതി യു. പ്രതിഭ:</u> സർ, പ്രദേശത്തിന്റെ ചൈതന്യപൂർണ്ണമായ കേന്ദ്രമായാണ് അങ്കണവാടികളെ നമ്മുടെ ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. കേവലമായ പഠന പ്രവർത്തനം മാത്രമല്ല, 2016-ൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഓണറേറിയം 5,600 രൂപയും 4,800 രൂപയും വീതമാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ സർക്കാർ അധികാരം വിട്ടൊഴിയുന്ന ഘട്ടത്തിൽ ജീവനക്കാരുടെ നിരന്തര സമരഫലമായി തുക 10,000 രൂപയും 7,500

രൂപയുമായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും പതിവുപോലെ പ്രഖ്യാപനം മാത്രമായി ഒതുങ്ങിപ്പോകുകയായിരുന്നുവെന്നുള്ള സത്യം ഇവിടെ പറയാതിരിക്കാൻ കഴിയില്ല. മാത്രമല്ല, വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന തുക പഞ്ചായത്തുകൾ നൽകണമെന്ന ഒരു സർക്കുലറുമിറക്കി. അതേസമയംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും വെട്ടിച്ചുരുക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തികമായി ഞെരുക്കത്തിലേയ്ക്കുപോയി. എന്നാൽ ഈ ഗവൺമെന്റ് ഈ ബാദ്ധ്യതയെല്ലാം ഏറ്റെടുക്കാൻ തയ്യാറായി. മാത്രമല്ല, ഓണറേറിയം 10,000 രൂപയായും 7,000 രൂപയായും വർദ്ധിപ്പിച്ചു. ഓണറേറിയത്തിൽ 1,800 രൂപയുടെയും 900 രൂപയുടെയും നേരിയ വർദ്ധനവ് കേന്ദ്ര സർക്കാർ വരുത്തിയപ്പോൾ 10,000 രൂപയും 7,000 രൂപയും സംസ്ഥാന സർക്കാരിന് കൊടുക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ വലിയൊരു ഇടപെടലിന്റെ ഭാഗമായാണ്. അതും പോരെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുള്ളത്. ഇനിയും വർദ്ധിപ്പിച്ചുകൊടുക്കേണ്ടതായിട്ടുണ്ട്. സാമ്പത്തികമായി വലിയ പദ്ധതികൾ ഏറ്റെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇത്രയും വർദ്ധിപ്പിച്ചെങ്കിലും ഇനിയും തുക വർദ്ധിപ്പിക്കണമെന്ന ആഗ്രഹം അവർക്കുവേണ്ടി വയ്ക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങൾ ഏറ്റവും കൂടുതലായി പഠിച്ചിട്ടുള്ളയാളാണ്. അനുഭാവപൂർവ്വം പരിഗണിക്കുമെന്നുള്ള കാര്യം തീർച്ചയായുമറിയാം. കേന്ദ്ര ഗവൺമെന്റ് അങ്കണവാടി മേഖലയെ, ഇത്തരം പദ്ധതികളെ ദുർബ്ബലപ്പെടുത്തുന്നുവെന്നതാണ് ഏറ്റവും വലിയ വിഷയം. മാത്രമല്ല, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ 4000 അങ്കണവാടികൾ വേദാന്ത എന്ന ഒരു സ്വകാര്യ ഗ്രൂപ്പിന് കൈമാറിയെന്ന ഗുരുതരമായ കുറ്റകൃത്യവും ചെയ്തിരിക്കുന്നു. ഭരണാധികാരികൾ ഈ രൂപത്തിൽ തെറ്റ് ചെയ്യുന്നവരായി മാറിയിരിക്കുന്നു. ഇത് എവിടെ കേൾക്കുന്ന കാര്യമാണ്? എല്ലാ കാര്യവും എൻ.ജി.ഒ.-കളെയും സ്വകാര്യ കമ്പനികളെയും ഏൽപ്പിച്ചുകൊണ്ട്, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസംപോലും സ്വകാര്യ ഗ്രൂപ്പുകളെ ഏൽപ്പിക്കുകയെന്നുള്ള ഗുരുതരമായ, ഭരണപരമായ കുറ്റകൃത്യം തന്നെയാണ് അവർ ചെയ്തിരിക്കുന്നത്. അവിടെയാണ് കേരളത്തിൽ ഇതുപോരായെന്നും ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്നും ഈ സഭ ഒന്നടങ്കം ഒരേ മനസ്സോടുകൂടി ചർച്ച ചെയ്യുന്നത്. സ്വന്തമായി കെട്ടിടമുള്ള അങ്കണവാടിയേക്കാൾ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ, സ്മാർട്ടാക്കാൻ പോകുന്ന അങ്കണവാടികളെ സംബന്ധിച്ച് എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്, അതിൽ ഒരു ഏകീകരണം ഉണ്ടാകണമെന്നുള്ളതാണ്. ഞാൻ അത് പറഞ്ഞപ്പോഴാണ് ഒരുപാട് ഇടപെടലുകളുണ്ടായത്. ഒന്നുകിൽ അത് ഐ.സി.ഡി.എസ്.-ന്റെ പൂർണ്ണമായ ചുമതലയിൽ നിർമ്മിച്ചെടുക്കാൻ കഴിയണം, എം.എൽ.എ.-മാരുടെ ചുമതലയിൽ ഏൽപ്പിച്ചാൽ 100 ശതമാനം ഗ്യാരണ്ടീഡായി

പ്രവർത്തനങ്ങൾ ഭംഗിയായി പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള ഉറപ്പുണ്ട്. അല്ലെങ്കിൽ പൂർണ്ണമായി പഞ്ചായത്തിനെ ഏൽപ്പിക്കുക. പല തട്ടുകളിലേയ്ക്ക് പോകുമ്പോൾ, കൂടിയാലോചനകളുടെ കുറവ് വരുമ്പോൾ, സർക്കാർ വലിയ ലക്ഷ്യമാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിലേയ്ക്ക് എത്താൻ ഒരുപാട് സമയമെടുക്കുന്നതായി തോന്നും. ആയതിനാൽ അതെല്ലാം ഏകീകരിച്ചുകൊണ്ട് ഒരാളെ ഏൽപ്പിക്കാനും ഒപ്പം വാടക ഏകീകരിക്കുന്ന പ്രവർത്തനവും ചെയ്യേണ്ടതായിട്ടുണ്ട്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പ്രീ-സ്കൂൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറുന്ന സാഹചര്യത്തിൽ അങ്കണവാടികൾ പ്രീ-സ്കൂളായി അംഗീകരിക്കപ്പെടേണ്ടതായി വരികയാണ്. ഇവയെ പ്രീ-പ്രൈമറിയായി ഉയർത്തണമെന്ന ചില നിർദ്ദേശങ്ങളൊക്കെ ഇടയ്ക്ക് വരികയുണ്ടായി. 2 മുതൽ 3 വയസ്സുവരെ ശിശുസംരക്ഷണവും അതോടൊപ്പം 3 മുതൽ 6 വയസ്സുവരെയുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസവുമാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. പക്ഷെ, സ്കൂളുകളിൽ പ്രീ-പ്രൈമറിയുള്ളതുകൊണ്ട് വലിയ വ്യത്യാസം വരുന്നുണ്ട്. പ്രീ-പ്രൈമറി രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയും അങ്കണവാടികളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെയുമാണ്. അവിടെത്തന്നെ തർക്കം നിലനിൽക്കുകയാണ്. മാത്രമല്ല, കുട്ടികൾ കുറയുമെന്നുള്ളതുകൊണ്ട് അങ്കണവാടികളിലേയ്ക്ക് വിടാതെ കുട്ടികളെ പ്രീ-പ്രൈമറിയിലേയ്ക്ക് കൊണ്ടുപോകുന്നുണ്ട്. അത് വളരെ ഗൗരവമായി കാണണം. കുട്ടികളുടെ മാനസിക വളർച്ചയ്ക്കും ശാരീരിക വളർച്ചയ്ക്കും ബുദ്ധിവികാസത്തിനുമൊക്കെ കഴിയുന്ന തരത്തിൽ പ്രത്യേക തരം ഇടപെടൽ നടത്തുന്ന സ്ഥാപനങ്ങളായാണ് അങ്കണവാടികളെ മാറ്റിയിരിക്കുന്നത്. അവിടെ പഠിക്കേണ്ട കുട്ടികളെ അവിടെ പഠിപ്പിച്ചതിനുശേഷം ഗവൺമെന്റ് സ്കൂളിലെ ഒന്നാം ക്ലാസ്സിൽ ഇരുത്താൻ കഴിയുന്ന തരത്തിലേയ്ക്കുള്ള ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. വളരെ രസകരമായ ഒരു കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പച്ചക്കറിക്കായി ഒരു കുട്ടിക്ക് 50 പൈസ എന്നനിരക്കിലാണ് കൊടുത്തിരുന്നത്. ഈ സർക്കാർ അത് 2 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അപ്പോഴും ഗർഭിണികൾക്കും അഡൊളസന്റ് ഗേൾസിനുമുള്ള പണം ഒരു രൂപതന്നെയാണ്. ചെറിയൊരു വ്യത്യാസമാണെങ്കിലും അതും 2 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. മുട്ടയും പാലും കൊടുക്കാൻ ജനകീയ പങ്കാളിത്തം ഉണ്ടാകണം. ഒരു പഞ്ചായത്ത് വിചാരിച്ചാൽ ചെയ്യാൻ കഴിയാത്ത ഒരു കാര്യവുമില്ല. ആ നാട്ടിലെ ബഹുമുഖങ്ങളായ വ്യക്തികളെ കൂട്ടിയോജിപ്പിച്ചുകൊണ്ട്, സ്പോൺസർ പരിപാടികളിലൂടെ കുട്ടികൾക്ക് കൃത്യമായി മുട്ടയും പാലുമൊക്കെ നൽകാൻ സാധിക്കും. കുട്ടികൾക്ക് പാൽ നൽകുന്നതിന് മിൽമയുമായി ചേർന്നൊരു പരിപാടി ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. പക്ഷെ, പഞ്ചായത്തുകൾക്ക്

ഇത്തരമൊരു കാര്യം ഒരുത്തരവിലൂടെ കൊടുത്താൽ, അത് ചെയ്യാൻ നിയമമില്ലെന്നാണ് എപ്പോഴും പറയുന്നത്. ഉത്തരവായി കൊടുത്താൽ ഗ്രാമപഞ്ചായത്തുകൾക്ക് പത്തോ മുപ്പതോ അങ്കണവാടികളിൽ ഇടപെടുന്നതിന് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. അത്തരം കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തിനുകൂടി കുറച്ച് ചുമതലകൾ കൊടുത്തുകൊണ്ടുള്ള ഇടപെടൽ ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. പുതിയ വകുപ്പ് രൂപീകരിച്ചതുകൊണ്ട് ആശങ്കകളില്ലാതെ, ഈ മേഖലയ്ക്ക് മാത്രമായി വകുപ്പിന് കാര്യങ്ങൾ ചെയ്യാൻ കഴിയും. മാത്രമല്ല, വനിതാ ശിശു വികസന വകുപ്പുവഴി അച്ഛൻ മരണപ്പെട്ട, പിതാവ് നഷ്ടപ്പെട്ട, പിതാവ് കിടപ്പുരോഗികളായുള്ള കുട്ടികൾക്കായി നടത്തുന്ന കാര്യങ്ങളുമുണ്ട്, എൽ.പി. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് 250 രൂപയും, യു.പി. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് 500 രൂപയും ഹൈസ്കൂൾ തലത്തിലുള്ള കുട്ടികൾക്ക് 750 രൂപയും കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് 1000 രൂപയും മാസംതോറും കൊടുക്കുന്ന തരത്തിൽ വലിയ ഇടപെടലുകൾ ഈ വകുപ്പ് വന്നപ്പോഴാണ് സുതാര്യമാക്കിയതും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കിയതും. ചില സ്ഥലങ്ങളിൽ അത് ലഭിക്കുന്നില്ല, ഏറ്റക്കുറച്ചിലുകൾ വന്നാൽ അതെല്ലാം പരിശോധിക്കുന്നതിന് ഓഡിറ്റിംഗ് സംവിധാനം വരെ വന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിന് അങ്ങേയറ്റം അഭിനന്ദനം പറയാൻകൂടി ഈ അവസരം ഉപയോഗിച്ചുകൊണ്ട് അങ്കണവാടി വർക്കർമാരോടും ഹെൽപ്പർമാരോടുമൊപ്പം കേരളത്തിലെ സമൂഹം, എല്ലാ രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും ഒന്നടങ്കം നിൽക്കണമെന്നുകൂടി അപേക്ഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതിയെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ചതോടെ കേരളത്തിലുള്ള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡിൽ ഈ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആരൊക്കെയോ ശിപാർശ ചെയ്തതുപ്രകാരം ബോർഡിന്റെ കാലാവധി അഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമാക്കി കുറയ്ക്കുന്നതാണ് മറ്റൊരു ഭേദഗതി. ഈ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ അതിലൂടെ അങ്കണവാടി

ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ച്, ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനോ ഉള്ള യാതൊരുവിധ പുതിയ നിർദ്ദേശങ്ങളും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, അവരുടെ പരിചരണം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ പരിഗണന ലഭിക്കാൻ പുതിയ വകുപ്പുവഴി സർക്കാർ ലക്ഷ്യമിടുന്നതെന്നാണ് പറയുന്നത്. പക്ഷെ, അങ്കണവാടികളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന പല നിലപാടുകളും ഈ പറഞ്ഞതിന് വിപരീതമാണ്. ഒരു വിഷയംമാത്രം എടുത്തുനോക്കാം. സംയോജിത ശിശുവികസന സേവന മിഷൻ പദ്ധതിപ്രകാരം സംസ്ഥാനത്തെ വിവിധ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കാൻ കഴിയാത്തതുമായ അടുത്തടുത്ത അങ്കണവാടികൾ, പരീക്ഷണാടിസ്ഥാനത്തിൽ ഒന്നിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. പക്ഷെ സംസ്ഥാനത്ത്, ആകെയുള്ള അങ്കണവാടികളിൽ ഏകദേശം ഏഴായിരത്തോളം അങ്കണവാടികൾ ഇത്തരത്തിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഇവയെല്ലാം നാലഞ്ചെണ്ണം വീതം സംയോജിപ്പിച്ച് ഒറ്റ അങ്കണവാടിയാക്കി മാറ്റുന്നത് കുട്ടികൾക്ക് വളരെ വലിയ പ്രയാസങ്ങളുണ്ടാക്കും. അഞ്ച് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളെ പതിവായി ദീർഘദൂരം യാത്ര ചെയ്യിക്കുന്നത് അവരുടെ ശാരീരിക-മാനസിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. ഈ പ്രായത്തിലെ കുട്ടികൾക്ക് അവരുടെ വീടിന് ഏറ്റവും അടുത്ത്, ശാരീരിക മാനസിക വികാസത്തിനുള്ള സൗകര്യമുണ്ടാക്കുകയെന്ന വലിയ സാമൂഹിക ഉത്തരവാദിത്വമാണ് നമ്മുടെ ഓരോ അങ്കണവാടികൾക്കും വഹിക്കാനുള്ളത്. കുട്ടികൾക്കുപുറമെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യമായ പോഷകാഹാര വിതരണവും അങ്കണവാടികൾ ഉറപ്പുവരുത്തുന്നു. കേന്ദ്ര ഗവൺമെന്റ് അങ്കണവാടികൾക്കുള്ള ഫണ്ട് വെട്ടിക്കുറച്ചെന്ന ന്യായം പറഞ്ഞ് അവയെല്ലാം ഒറ്റമുറിയിൽ ഒതുക്കി, കേന്ദ്ര നിലപാടിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയല്ല സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടത്. അങ്കണവാടികളെ, ലാഭനഷ്ടം കണക്കാക്കുന്നതിനുള്ള ബിസിനസ്സ് കേന്ദ്രങ്ങളായിട്ടല്ല നമ്മൾ കാണേണ്ടത്. സർക്കാരിന്റെ പരസ്യത്തിനും മറ്റ് ധൂർത്തുകൾക്കുമായി കോടിക്കണക്കിന് രൂപ ചെലവഴിക്കുമ്പോൾ അങ്കണവാടികളുടെ പ്രവർത്തനംപോലെയുള്ള സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നത് ബാധ്യതയാണെന്നാണ് സർക്കാർ കരുതുന്നതെങ്കിൽ അത് വളരെ വലിയ തെറ്റാണ്. മാത്രമല്ല, സ്വന്തമായി കെട്ടിടങ്ങളുള്ള പല അങ്കണവാടികളും സ്ഥലപരിമിതികളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അപര്യാപ്തതമൂലം വളരെയേറെ വീർപ്പുമുട്ടുകയാണ്. ഇത്തരത്തിൽ ഒന്നിലേറെ അങ്കണവാടികളെ

ഒന്നിപ്പിക്കുകവഴി കുട്ടികൾക്കും അങ്കണവാടികളെ ആശ്രയിക്കുന്ന മറ്റ് വിഭാഗങ്ങൾക്കും മതിയായ ശ്രദ്ധയും പരിചരണവും കിട്ടാതെ വരുന്നു. കുട്ടികൾക്ക് ലഭിക്കേണ്ട അടിസ്ഥാന സൗകര്യം, പോഷകാഹാരം എന്നിവയ്ക്ക് UNICEF തന്നെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സാമൂഹിക-സാംസ്കാരിക, പൊതുജനാരോഗ്യ-വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ലോകത്തിനുതന്നെ മാതൃകയാണെന്ന് അവകാശപ്പെടുന്ന നമ്മൾ ഈ തീരുമാനത്തിലൂടെ ഇതുവരെ കൈവരിച്ച മുന്നേറ്റങ്ങളിൽനിന്നും പുറകോട്ട് പോകാനേ ഇടയാക്കു. കൂടാതെ താൽക്കാലിക ജീവനക്കാരായും അല്ലാതെയും ജോലി നോക്കുന്ന ആയിരക്കണക്കിന് അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ജോലി നഷ്ടപ്പെടുമെന്ന ആശങ്ക ഇന്നവർ ഉന്നയിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതുമൂലം ജീവനക്കാരുടെ ശമ്പളവിഹിതത്തിലുണ്ടായ ബാധ്യത മുഴുവൻ സർക്കാർ ഏറ്റെടുക്കണം. പരീക്ഷണാടിസ്ഥാനത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടതെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ വളരെയധികം ശ്രദ്ധയും പരിചരണവും വേണ്ടിവരുന്ന, പൂജ്യം മുതൽ മൂന്ന് വയസ്സുവരെയുള്ള കുട്ടികളെയല്ല പരീക്ഷണ വസ്തുവാക്കേണ്ടതെന്ന കാര്യം ആരോഗ്യ വകുപ്പുമന്ത്രികൂടിയായ ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി കാണുമെന്നും തീരുമാനം പുനഃപരിശോധിക്കുമെന്നും പ്രതീക്ഷിക്കുന്നു. കേരളത്തിലെ മൂന്ന് മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണത്തിലെ കുറവും ജീവിത നിലവാരത്തിലെ വ്യത്യാസവും സ്വകാര്യ, പ്രീ-പ്രൈമറി സ്കൂളുകളുടെ വൻതോതിലുള്ള കടന്നുകയറ്റവും അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയും കാരണം അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ശിശു വികാസ മേഖലകളുടെ പരിപോഷണം മുൻനിർത്തി കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിനുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി നോൺ-ഫോർമൽ എഡ്യൂക്കേഷണൽ സമ്പ്രദായത്തിലേയ്ക്ക് അങ്കണവാടികളെ മാറ്റി കൂടുതൽ ശിശുസൗഹൃദമാക്കണം. സംസ്ഥാനത്തെ അങ്കണവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് ചില കണക്കുകൾ മാത്രം പരിശോധിച്ചാൽ മനസ്സിലാകും. സംസ്ഥാനത്തെ ആകെ 33000 അങ്കണവാടികളിൽ ഏഴായിരം അങ്കണവാടികൾക്ക് ഇനിയും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. 8700-ഓളം അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യമില്ല. 1300-ഓളം അങ്കണവാടികൾക്ക് പ്രാഥമിക സൗകര്യത്തിനുള്ള ശുചിമുറികളില്ല. 8100-ഓളം അങ്കണവടികളിലെ കുട്ടികൾ, വൈദ്യുതിയില്ലാത്ത കാരണത്താൽ ഫാനും ലൈറ്റുമില്ലാതെ മുറികളിൽ വീർപ്പുമുട്ടുകയാണ്. 2100-ഓളം അങ്കണവാടികളിൽ ഗ്യാസ് കണക്ഷൻ ലഭിക്കാത്തതുകാരണം കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്തുനൽകാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഇത്തരത്തിൽ

വളരെയധികം ശോച്യാവസ്ഥയിലുള്ള അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുവേണ്ടിയാണ് സർക്കാർ തുക വകയിരുത്തേണ്ടത്. അല്ലാതെ 50 കോടി രൂപ ചെലവഴിച്ചുകൊണ്ട് 'വനിതാ മതിൽ' പണിയാനല്ല. കൗമാരക്കാരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള ബോധവൽക്കരണവും പോഷകാഹാര വിതരണവും പലയിടത്തും ഫലപ്രദമായി നടക്കുന്നില്ല. പെൺകുട്ടികൾക്കുള്ള അഡൊളസെന്റ് ഗേൾസ് ക്ലബ്ബ് വിഭാവന ചെയ്ത രീതിയിൽ പ്രവർത്തനസജ്ജമല്ല. കൗമാരക്കാരായ പെൺകുട്ടികൾക്ക് സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളെപ്പറ്റി ബോധവൽക്കരണവും ആവശ്യമായ കൗൺസിലിംഗും നൽകുന്ന കേന്ദ്രങ്ങളാക്കി അങ്കണവാടികളെ ഉപയോഗിക്കണം. രണ്ടുമൂന്ന് ദിവസങ്ങൾക്കുമുമ്പ് തൃശ്ശൂരിൽ സംഭവിച്ചത് നമുക്കൊരു പാഠമാകണം. നവജാത ശിശുക്കളുടെയും ഗർഭിണികളുടെയും പരിചരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആദിവാസി മേഖലകളിലെ അങ്കണവാടികൾക്ക് കൂടുതൽ ചുമതലകളുണ്ട്. ഈ മേഖലയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ട നടപടികൾ അങ്കണവാടികൾ കേന്ദ്രീകരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. അന്യ സംസ്ഥാനത്തൊഴിലാളികളുടെ വരവ് നമ്മുടെ സാമൂഹികാന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അവരുടെ കുട്ടികൾക്ക് അങ്കണവാടികളിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനും പോഷകാഹാരം വിതരണം ചെയ്യുന്നതിനുമുള്ള സാമൂഹിക ഉത്തരവാദിത്വം നിറവേറ്റണം. നിലവിൽ മാതൃകാ അങ്കണവാടികൾക്ക് ഏകീകൃത പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പല അങ്കണവാടികളും കൃത്യമായ മാനദണ്ഡങ്ങളില്ലാത്ത ഒറ്റമുറി കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്, ഇതിന് മാറ്റം വരണം. സംസ്ഥാനത്തെ എല്ലാ അങ്കണവാടികൾക്കുമായി ഒരു നിശ്ചിത പ്ലാൻ അംഗീകരിച്ച് നൽകുകയും ഘട്ടംഘട്ടമായെങ്കിലും അതിലേയ്ക്ക് മാറ്റുന്നതിനുള്ള ആലോചനകൾ വരികയും വേണം. അങ്കണവാടികളെ കാലോചിതമായി പരിഷ്കരിക്കണം. കുട്ടികളുടെ വളർച്ചയും വികാസവും സൂക്ഷ്മമായി നിരീക്ഷിച്ച് ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങളുണ്ടെങ്കിൽ കണ്ടെത്താൻ കഴിയുന്ന തരത്തിലുള്ള ഗ്രോത്ത് മോണിറ്ററിംഗ് ടൂൾസ് ഉപയോഗിക്കാൻ പ്രാപ്തിയുള്ള കേന്ദ്രങ്ങളായി ഇവയെ പരിവർത്തനപ്പെടുത്തണം. കൂടാതെ, സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതിനും അതിനുള്ള ഇന്റർവെൻഷന് സഹായിക്കുന്ന തരത്തിലും അങ്കണവാടികളെ സജ്ജമാക്കണം. അങ്കണവാടി കുട്ടികൾക്ക് പ്രീ-സ്കൂൾ യൂണിഫോം അനുവദിക്കുന്നതിന് കേന്ദ്രം പ്രത്യേകം ഫണ്ട് അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെ നാളിതുവരെയായിട്ടും അങ്കണവാടി കുട്ടികൾക്ക് യൂണിഫോം സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. ഈ

വിഷയത്തിൽ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നതിനുപകരം സ്കൂൾ കുട്ടികൾക്ക് ഏർപ്പെടുത്തിയിരുന്നതുപോലെ സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. നിലവിൽ അങ്കണവാടി വർക്കർമാരും മിനി അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും കൈപ്പറ്റുന്ന ഓണറേറിയം വളരെ തുച്ഛമാണെന്നും വർദ്ധിപ്പിക്കണമെന്നുമുള്ള ആവരുടെ ആവശ്യം പരിശോധിക്കണം. ഏറ്റവും കൂടുതൽ ശ്രദ്ധയും പരിചരണവും വേണ്ടിവരുന്ന കുഞ്ഞുങ്ങളെ മാനസിക-ശാരീരിക വികാസത്തിന് പ്രാപ്തരാക്കുന്ന ഈ വിഭാഗം ജീവനക്കാർക്ക് വളരെയധികം പരിഗണനയും മികച്ച വേതന വ്യവസ്ഥകളുമാണ് പല വിദേശ രാജ്യങ്ങളിലും നൽകിവരുന്നത്. അതുകൊണ്ട് ഏറ്റവും അവസാനം പരിഗണിക്കേണ്ട വിഭാഗം ജീവനക്കാരല്ല അങ്കണവാടി ജീവനക്കാർ. കൂടാതെ നാളിതുവരെയായിട്ടും ഈ വിഭാഗം ജീവനക്കാരുടെ നിയമനത്തിന് പ്രത്യേക ചട്ടങ്ങൾ നിലവിലില്ല. കാലാകാലങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് ഇവിടത്തെ നിയമനങ്ങൾ നടത്തിവരുന്നത്. യോഗ്യതയുടെ കാര്യത്തിലും കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതാണ്. കൂടതെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ തസ്തികയിൽ സ്ഥാനക്കയറ്റം വഴിയുള്ള അർഹമായ പ്രാതിനിധ്യം അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ലഭിക്കുന്നില്ലെന്ന പരാതിയും അവർക്കുണ്ട്. ഇതെല്ലാം പരിഹരിക്കുന്നതിന് അങ്കണവാടികളുടെ നിയമനത്തിന് പ്രത്യേകം ചട്ടം നിർമ്മിക്കണം. കുഞ്ഞുങ്ങളുടെ ആദ്യ ആയിരം ദിവസങ്ങളിലുണ്ടാകുന്ന പോഷകാഹാരക്കുറവ് ഒരു രാജ്യത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ ആറ് ശതമാനം കുറവുണ്ടാക്കുമെന്നാണ് UNICEF പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിലുള്ളത്. ശിശുമരണത്തിൽ അൻപത് ശതമാനവും ആദ്യ ഒരു വർഷത്തിനുള്ളിലാണ് നടക്കുന്നതെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. കുട്ടികളുടെ വളർച്ചാ മുരടിപ്പ് അവരുടെ വിദ്യാഭ്യാസത്തെയും തൊഴിലിനെയും ബാധിക്കും. കുട്ടികളുടെ സാമൂഹിക വൈകാരിക ധാരണ, വികാസം, ഉയരം, വിദ്യാഭ്യാസം, ഭാവിയിൽ സമ്പാദിക്കാനുള്ള കഴിവ്, പ്രായപൂർത്തിയാകുമ്പോഴുള്ള പെരുമാറ്റ രീതി എന്നിവയെല്ലാം സ്വാധീനിക്കാൻ കഴിയുന്നതാണ് ഈ ആദ്യ ആയിരം ദിനങ്ങൾ. കേരളത്തിലെ നവജാത ശിശുമരണ നിരക്ക് ദേശീയ ശരാശരിയെക്കാൾ കുറവാണെങ്കിലും പ്രതിവർഷം അഞ്ച് ലക്ഷം കുഞ്ഞുങ്ങൾ ജനിക്കുന്നതിൽ ആറായിരം പേർ ജനിച്ച ആദ്യ വർഷത്തിൽത്തന്നെ മരിക്കുന്നുവെന്ന കണക്കുകളുമുണ്ട്. കൂടാതെ കേരളത്തിലെ പതിമൂന്ന് ശതമാനം കുഞ്ഞുങ്ങളും തൂക്കക്കുറവുള്ളവരാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഇതെല്ലാം ദേശീയ ശരാശരിയെക്കാൾ വളരെ കുറവാണെങ്കിലും നമ്മൾ ഇതുവരെ കൈവരിച്ച സാമൂഹിക പുരോഗതി വച്ചുനോക്കുമ്പോൾ ഇനിയും ഇത് കുറയ്ക്കാൻ സാധിക്കും.

ഇതിന് സഹായിക്കുന്ന തരത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നവജാത ശിശുക്കൾക്കും കുട്ടികൾക്കും പോഷകാഹാരം ഉറപ്പുവരുത്തുന്ന തരത്തിലുള്ള വലിയ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റാൻ അങ്കണവാടികൾക്ക് കഴിയും. ഇത്തരമൊരു സംവിധാനത്തെ വളരെ ഗൗരവമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്കരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ ഉള്ളവയെപ്പോലും അശാസ്ത്രീയമായി പരിഷ്കരിക്കാനുള്ള നടപടിയുമായി മുമ്പോട്ട് പോകുന്ന സർക്കാരിന്റെ ഈ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അങ്കണവാടി ക്ഷേമനിധി ഭേദഗതി ബോർഡുമായി ബന്ധപ്പെട്ടതാണ് ഇന്നത്തെ ബില്ലെങ്കിലും അങ്കണവാടികളെക്കുറിച്ച് സമഗ്രമായ ഒരു ചർച്ച ഇവിടെ നടന്നതിൽ എനിക്ക് സന്തോഷമുണ്ട്. അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങളെല്ലാം വർഷങ്ങളായി നിലനിൽക്കുന്നതായിരുന്നു. ഓരോന്നിനും നടപടി സ്വീകരിക്കാൻ ഈ സർക്കാർ വരേണ്ടിവന്നു എന്നുള്ളതാണ്. അംഗങ്ങൾ ഉന്നയിച്ച എല്ലാ നിർദ്ദേശങ്ങളും അംഗീകരിക്കേണ്ടുന്നവയാണ്. ഈ മൂന്ന് വർഷക്കാലത്തിനിടയിൽ ഇവിടെ സൂചിപ്പിച്ചിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾക്ക് നടപടി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു, അല്ലെങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു എന്നുള്ളതാണ്. പലപ്പോഴും നിയമസഭയിൽ പല ചോദ്യങ്ങൾക്കും പറയുന്ന മറുപടിയുടെ ഭാഗമായി ഞാനത് സൂചിപ്പിച്ചിട്ടുമുണ്ട്. എന്നാൽ അതൊന്നും ചർച്ചയിൽ പങ്കെടുത്ത ചില അംഗങ്ങൾക്ക് ഓർമ്മതന്നെയുണ്ടായിരുന്നില്ല. അവസാനമായി ശ്രീ. മഞ്ഞളാംകുഴി അലി സംസാരിക്കുമ്പോൾ എനിക്ക് അതാണ് തോന്നിയത്. മഹാഭൂരിപക്ഷം അംഗങ്ങളും പൊളിറ്റിക്കൽ ആകാതെ എങ്ങനെയാണ് നമുക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഇക്കാര്യം കൈകാര്യം ചെയ്യാൻ സാധിക്കുക എന്ന രീതിയിൽത്തന്നെയാണ് ചർച്ചയിൽ പങ്കെടുത്തത്. അതിനെ ഞാൻ അഭിനന്ദിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളാണ് ഇന്ന് ഈ ചർച്ച ആരംഭിച്ചത്. പ്രൊഫസർ വളരെ നന്നായി കേരളത്തിന്റെ അങ്കണവാടി മേഖലയിൽ, ICDS മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. മുഴുവൻ കാര്യങ്ങളും ഞാൻ വിശദീകരിക്കുന്നില്ല. ചില പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. ഇന്ത്യ സ്വതന്ത്ര്യയായതിനുശേഷം ചെറിയ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ഒരു സംരംഭം വേണമെന്നുപറഞ്ഞ് ഇന്ത്യയുടെ പല ഭാഗത്തുനിന്നും ശബ്ദമുയർത്തപ്പെട്ടതിനുശേഷമാണ് ICDS പ്രോജക്ട് ആരംഭിക്കുന്നത്. ഒരു മഹിളാ പ്രസ്ഥാനത്തിന്റെ പ്രവർത്തകയായാണ് ഞാൻ എന്റെ രാഷ്ട്രീയ ജീവിതം

തുടങ്ങിയത്. അന്ന് സുശീലാഗോപാലനും മറ്റും കേരള മഹിളാ ഫെഡറേഷൻ പ്രവർത്തനം ആരംഭിക്കുന്ന സമയത്ത് ഞങ്ങളോട് പറയുന്നത്, സോവിയറ്റ് റഷ്യയിലൊക്കെ ജോലിക്ക് പോകുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ക്രഷേകൾ ഉണ്ട്. നമ്മുടെ രാജ്യത്ത് അതുപോലെയില്ല. അതുകൊണ്ട് അതിനുവേണ്ടി വാദമുയർത്തണമെന്നാണ്. ചെറിയ കുട്ടിയായിരുന്ന സമയത്തുതന്നെ ഞാൻ കേൾക്കുന്നൊരു മുദ്രാവാക്യമായിരുന്നു അത്. 1975-ഓടുകൂടി ഇന്ത്യാ ഗവൺമെന്റ് Integrated Child Development Project ആരംഭിച്ചു. രാജ്യത്തിന്റെ നാനാഭാഗത്തും അങ്കണവാടികൾ തുടങ്ങാൻ തീരുമാനിച്ചു. അങ്കണവാടി എന്നത് ഹിന്ദിയുടെ അതേ തർജ്ജമയായി നമ്മൾ ഉപയോഗിക്കുന്നതാണ്. ബഹുമാനപ്പെട്ട ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, അങ്കണവാടി എന്നുപറഞ്ഞാൽ മുറ്റത്തെ പൂന്തോട്ടം എന്നാണ് അർത്ഥം. മലയാളത്തിലേയ്ക്ക് കൃത്യമായി തർജ്ജമ ചെയ്താൽ അങ്കണവാടിയാണ്, ചിലർ അംഗനവാടിയെന്ന് തെറ്റായി പറയുന്നുണ്ട്. മുറ്റത്തെ പൂന്തോട്ടം എന്നുള്ള അർത്ഥത്തിലാണ് ആ പദം ഉപയോഗപ്പെടുത്തുന്നത്. അങ്ങനെ പ്രോജക്ട് ആരംഭിച്ചു. അതിൽ ഏറ്റവും നന്നായി പ്രതികരിച്ചത് കേരളമാണ്. വോളണ്ടറി ഓർഗനൈസേഷൻ ആയിട്ടാണ് ICDS പ്രോജക്ട് തുടങ്ങിയത്. ഒരു സാമൂഹ്യ സേവന രീതിയാണത്. വളരെ ചെറിയ ഓണറേറിയം നിശ്ചയിച്ചുകൊണ്ട് പാവപ്പെട്ട രണ്ട് സ്ത്രീകൾ, വർക്കർമാരും ഹെൽപ്പർമാരും നാട്ടിൻപുറത്തെ കുഞ്ഞുങ്ങളെ പരിചരിക്കണം എന്ന രീതിയിലാണ് വന്നത്. പക്ഷേ പിന്നീട് അവർതന്നെ സംഘടിച്ച് നിരവധി സമരങ്ങളൊക്കെ ചെയ്തതിന്റെ ഭാഗമായിട്ടാണ് ഓണറേറിയത്തിൽ അൽപ്പമെങ്കിലും മാറ്റമുണ്ടായത്.

ശ്രീ. പി. സി. ജോർജ്: സർ, അങ്കണവാടി ജീവനക്കാരുടെ ശമ്പളം 15,000 രൂപയെങ്കിലുമാക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പതിനയ്യായിരം രൂപയല്ല, അതിനേക്കാൾ വർദ്ധിപ്പിക്കണം. കാരണം, അത്ര വലിയ ജോലിയാണ് ഈ വർക്കർമാരും ഹെൽപ്പർമാരും ചെയ്യുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതിയെ സംബന്ധിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. കേന്ദ്ര സർക്കാർ ചിലതെല്ലാം പ്രഖ്യാപിച്ചിട്ട് കുറച്ചുകഴിയുമ്പോൾ സംസ്ഥാന സർക്കാരിന്റെ തലയിലിടുകയാണ്. പദ്ധതികൾ തുടങ്ങുമ്പോൾ കേന്ദ്രവിഹിതം 90 ശതമാനവും സംസ്ഥാന വിഹിതം 10 ശതമാനവും എന്നുപറഞ്ഞ് തുടങ്ങും. അങ്ങനെയായിരുന്നു National Rural Health Mission (NRHM). 90 ശതമാനം കേന്ദ്ര വിഹിതവും 10 ശതമാനം സംസ്ഥാന വിഹിതവും ആയിരുന്നു. പിന്നീടത് കുറച്ച് ഇപ്പോൾ 60:40-ൽ എത്തി. എന്നാണത് 75:25 ആകുക എന്നെനിക്ക് ഭയമുണ്ട്. ഇത്

സംസ്ഥാനം എടുക്കുന്നതുകൊണ്ട് വിരോധമൊന്നുമില്ല. പക്ഷേ ഏത് സർക്കാർ ഭരിക്കുമ്പോഴും സംസ്ഥാനത്തിന് അത്രയുമധികം എടുക്കാൻ സാധിക്കില്ല. നമ്മുടേത് ഒരു ഫെഡറൽ വ്യവസ്ഥയാണ്. ഇന്ത്യ ഒരു ഡെമോക്രാറ്റിക് രാജ്യമാണ്. ഡെമോക്രസി ഏറ്റവും ശരിയായതായിരിക്കണം. സംസ്ഥാനങ്ങളുടെ നികുതിപ്പണം കേന്ദ്രത്തിലേയ്ക്ക് സ്വരൂപിക്കുമ്പോൾ സംസ്ഥാനം നന്നായി ഭരിക്കാൻ ആവശ്യമായ കാശിന്റെ വിഹിതവും കേന്ദ്രം തരണം. അത് ഏത് സർക്കാർ ഭരിച്ചാലും കിട്ടണം. എന്നാൽ ഒരുകാലത്തും ഇന്ത്യൻ ഡെമോക്രസിയിൽ നല്ല ഡെമോക്രാറ്റിക് ഫെഡറലിസം ഇല്ല. സംസ്ഥാനങ്ങൾക്ക് നന്നായി കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ പണത്തിന്റെ വിഹിതം ലഭിക്കാറില്ല. ദുർബ്ബലമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും ഉണ്ടാകുന്നതുകൊണ്ട് ഡെമോക്രസിയാവില്ല. അത് മറ്റൊരു വിഷയം, അതിലേയ്ക്ക് പോകുന്നില്ല. നമുക്ക് കുറേക്കൂടി പണം ലഭിച്ചാൽമാത്രമേ ഇത്തരത്തിലുള്ള പാവപ്പെട്ടവരുടെയൊക്കെ ജീവിതം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇപ്പോൾ തൊഴിലില്ലായ്മയും നിൽക്കുകയാണ്. കേരളത്തിന് മാത്രമായി, 18 വയസ്സിന് മുകളിലുള്ള മുഴുവൻ ആളുകൾക്കും തൊഴിലും അതിന്റെ ശമ്പളവുമൊന്നും നൽകാൻ സാധിക്കില്ല. പക്ഷേ കേരളമാണ് ഏറ്റവും നന്നായി ഇത്തരം കാര്യങ്ങളിൽ പ്രതികരിക്കുന്നത് എന്നുള്ളത് വസ്തുതയാണ്. ഞാൻ അങ്കണവാടിയിലേയ്ക്ക് വരാം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2016-ൽ 33,315 അങ്കണവാടികളുണ്ടായിരുന്നു. എന്നാൽ അതിൽ, ഒൻപതിനായിരത്തി തൊള്ളായിരത്തിലേറെ അങ്കണവാടികൾക്ക് കെട്ടിടം ഇല്ല, വൈദ്യുതി കണക്ഷനില്ല. അംഗങ്ങൾ പറഞ്ഞതെല്ലാം ശരിയാണ്. ഇതിനെ സംബന്ധിച്ച് നിങ്ങളെടുത്ത കണക്കുതന്നെയാണ് എന്റെയടുത്തുമുള്ളത്. ഈ അങ്കണവാടികൾക്ക് കെട്ടിടമുണ്ടാക്കാൻ സാധിക്കുമോ എന്ന് ഞാൻ ആദ്യംതന്നെ ആലോചിച്ചു. ഈ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിർദ്ദേശിച്ചു. ആരോഗ്യ വകുപ്പിൽ പി.എച്ച്.സി.-കളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കാൻ കാണിച്ച അതേ താൽപ്പര്യം അങ്കണവാടികളെ മെച്ചപ്പെടുത്താൻ ഈ മേഖലയിൽ സാമൂഹ്യനീതി വകുപ്പും കാണിച്ചിട്ടുണ്ട്. നിലവിൽ അത് വനിതാ ശിശുവികസന വകുപ്പാണ്. ആദ്യംതന്നെ അന്നത്തെ കേന്ദ്രമന്ത്രിയായിരുന്ന ശ്രീമതി മേനക ഗാന്ധിയോട് 'ഇത്രയും അങ്കണവാടികൾക്ക് കെട്ടിടമില്ല, കെട്ടിടമുണ്ടാക്കണം. അതിന് നിങ്ങൾ കുറച്ച് ഫണ്ട് തരണം.' എന്നുപറഞ്ഞു. 8,000 രൂപവച്ച് NREG-യിൽ ഉൾപ്പെടുത്തി കുറച്ച് അങ്കണവാടികൾക്ക് ഫണ്ട് തരാം എന്ന് മന്ത്രി ഉറപ്പ് തന്നു. പക്ഷേ അത് മുഴുവനായി കിട്ടിയില്ല, കുറച്ച് ഫണ്ട് കിട്ടിയിരുന്നു.

ഈ സർക്കാരിന്റെ ആദ്യവർഷംതന്നെ വനിത-ശിശു വികസന വകുപ്പിന് കിട്ടുന്ന വിഹിതം വീതിച്ച് 2000 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനവുമായി ഞങ്ങൾ മുന്നോട്ടുപോയി. സാധാരണഗതിയിൽ സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും വിഹിതങ്ങൾ കൂട്ടിച്ചേർത്താണ് കെട്ടിടം നിർമ്മിക്കുന്നത്. ഞങ്ങളുടെ വിഹിതം കൃത്യമായി കൊടുക്കുകയും ചെയ്തു. ചില പഞ്ചായത്തുകൾ നന്നായി പ്രതികരിക്കുകയും കെട്ടിടമുണ്ടാക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ചിലയിടത്ത് ഇപ്പോഴും സ്ഥലം വിട്ടുകിട്ടിയിട്ടില്ല. പുതിയതായി 2000 എണ്ണത്തിന് കെട്ടിടമുണ്ടാക്കാൻ തീരുമാനിച്ചിട്ട് 865 എണ്ണത്തിന് മാത്രമാണ് സ്ഥലം കിട്ടിയത്. സ്ഥലം കണ്ടുപിടിക്കുക എന്നത് വലിയ പ്രശ്നമാണ്. ചിലയിടത്ത് ആളുകൾ സ്ഥലം കൊടുക്കുമ്പോൾ അവർക്ക് ജോലി കൊടുക്കാം എന്നുള്ള വാഗ്ദാനം ഉണ്ടായി. നിയമനങ്ങളിൽ ഒരുപാട് പ്രശ്നങ്ങളുണ്ടായി. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കിട്ടണം. കേരളത്തിലെങ്കിലും മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാകണം. മറ്റ് സംസ്ഥാനങ്ങളെ ഞാൻ താരതമ്യം ചെയ്യുന്നില്ല. മരത്തിന്റെ ചുവട്ടിലും ചെരിച്ച് കെട്ടിയ ഷെഡ്ഡിന്റെ ചുവട്ടിലുമൊക്കെ കുട്ടികൾ ഇരിക്കുന്ന അവസ്ഥയുണ്ട്. കേരളത്തിൽ അങ്ങനെ പറ്റില്ല. അതുകൊണ്ട് നമ്മുടെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാകണം. എം.എൽ.എ.-മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിചാരിച്ചാൽ കാര്യങ്ങൾ ഭംഗിയായി നടക്കും. സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന് ഓരോ വർഷവും ലഭിക്കുന്ന പണം വീതിച്ചുകൊടുക്കാം. പക്ഷേ അതുകൊണ്ട് മാത്രം തികയില്ല. എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിലെ എല്ലാ പഞ്ചായത്തുകളിലും അങ്കണവാടിക്ക് കെട്ടിടമുണ്ടാക്കണമെന്ന വാശിയോടെ ഇടപെടണം. അങ്ങനെ ഇടപെടുന്ന ചില എം.എൽ.എ.-മാർ ഉണ്ട്. അവിടെ നല്ല മാറ്റമുണ്ടാകുന്നുമുണ്ട്. ഇത് അടിച്ചേൽപ്പിക്കലല്ല. അങ്ങനെയായാൽ വകുപ്പ് നേരിട്ട് വിചാരിച്ചാലല്ലാതെയും സ്ഥലം കണ്ടുപിടിക്കാൻ സാധിക്കും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഇടപെട്ട് ഏതെങ്കിലും വകുപ്പിന്റെ സ്ഥലമുണ്ടെങ്കിൽ അത് അങ്കണവാടിക്ക് വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ട് അങ്ങനെയൊരു ലെറ്റർ നൽകണം. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനോട് ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ അവരുടെ കൈവശമുണ്ടായിരുന്ന കുറച്ച് സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്. അങ്ങനെയാണ് ഈ സർക്കാർ വന്നതിനുശേഷം 865 അങ്കണവാടികൾക്ക് സ്ഥലം കിട്ടിയത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് അങ്കണവാടികൾക്ക് എം.എൽ.എ. ഫണ്ടിൽനിന്നുതന്നെ ഞാൻ കാശ് കൊടുത്തിട്ടുണ്ട്. അങ്കണവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലം കിട്ടുന്നില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. റവന്യൂ വകുപ്പിന്റെ പുറമ്പോക്ക് ഭൂമി പലയിടത്തും ഉണ്ടാകും.

പക്ഷേ അതൊന്നും അവർക്ക് കിട്ടില്ല. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ abandoned ആയിട്ടുള്ള ഭൂമിയുണ്ടാകും. പക്ഷേ അങ്കണവാടിക്ക് അത് കൊടുക്കില്ല. സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു ജനറൽ ഓർഡർ ഇറക്കി ഇതുപോലെ ഏതിന്റെയെങ്കിലും ഉപയോഗമില്ലാത്ത ഭൂമി കിടക്കുന്നുണ്ടെങ്കിൽ അത് അങ്കണവാടിക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:സർ, അതൊരു നല്ല നിർദ്ദേശമാണ്, പക്ഷെ, ലൈഫ് മിഷന് ഫ്ലാറ്റുണ്ടാക്കുന്നതുപോലെയോ മറ്റേതെങ്കിലും പൊതു പർപ്പസിന് ഉപയോഗിക്കുന്നതുപോലെയോ, ഏതെങ്കിലും ഒരേക്കർ സ്ഥലം കിട്ടിയാൽ അങ്കണവാടിക്ക് കെട്ടിടമുണ്ടാക്കാൻ പറ്റുകയില്ല. കാരണം, ആയിരം ജനസംഖ്യയ്ക്ക് ഒന്ന് എന്ന നിലയിൽ, ഒരു വാർഡിൽ ഒരു പ്രത്യേക പ്രദേശത്തുതന്നെ അങ്കണവാടിയുണ്ടാക്കണം. അല്ലാതെ റവന്യൂ വകുപ്പിന്റെ രണ്ടേക്കർ സ്ഥലം ഉണ്ട്, അത് വിട്ടുതരണമെന്ന് പറഞ്ഞാൽ ആ പ്രദേശത്തെ മുഴുവൻ അങ്കണവാടികളും അവിടെ ഉണ്ടാക്കാൻ പറ്റുകയില്ല. ഒരു വാർഡിനകത്ത് അങ്കണവാടിയുണ്ടാക്കാൻ അവിടെത്തന്നെ സ്ഥലം കിട്ടണം. രണ്ടോമൂന്നോ ഏക്കർ ഒരുമിച്ചെടുത്ത് ഒരു വലിയ ഫ്ലാറ്റുണ്ടാക്കുന്നതുപോലെ പത്തോ നൂറോ അങ്കണവാടികൾക്ക് കെട്ടിടം പണിയുക എന്ന രീതി പറ്റുകയില്ല. ഒരു വാർഡിൽ അഞ്ച് സെന്റ് സ്ഥലമെങ്കിലും നിർബന്ധമായും വേണം, 10 സെന്റ് സ്ഥലമെങ്കിലും വേണമെന്നാണ് ഡിപ്പാർട്ട്മെന്റ് പറയുന്നത്, പക്ഷെ 5 സെന്റ് സ്ഥലമെങ്കിലും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് മനോഹരമായി കെട്ടിടമുണ്ടാക്കാൻ സാധിക്കൂ. ഒരു കാര്യം ഞാൻ എല്ലാവരോടുമായി പറയുകയാണ്, നമുക്കെല്ലാം ശ്രദ്ധിച്ച് ചെയ്യാൻ പറ്റുന്നൊരു കാര്യം ഈ ഗവൺമെന്റ് ആലോചിച്ച് തീരുമാനിച്ചിരിക്കുകയാണ്. ഈ ഡിപ്പാർട്ട്മെന്റ് വന്നയുടൻതന്നെ ആലോചിച്ചിരുന്നതാണ്, അങ്കണവാടി കെട്ടിടങ്ങൾ മനോഹരമായിരിക്കണമെന്നു മാത്രമല്ല, പ്രീസ്കൂൾ എന്നുപറഞ്ഞാൽ ഇവിടെ രണ്ട് അഭിപ്രായം പറഞ്ഞു, നന്നായി ശ്രദ്ധിക്കേണ്ടതാണ്. ഞാൻ ഈ വകുപ്പിന്റെ മന്ത്രിയെന്ന നിലയിൽ ചോദിക്കുന്നു, അങ്കണവാടികളെക്കുറിച്ച് നമ്മുടെ കാഴ്ചപ്പാടെന്താണ്? സ്കൂളിൽ പോകുന്നതിനുമുൻപ് കുട്ടികളെ അതിനാവശ്യമായ സ്വഭാവസവിശേഷതകളോടെ ഒരുക്കിയിരുത്തൽ എന്നതാണ്. പഠിപ്പിക്കലോ എഴുതാൻ പഠിപ്പിക്കലോ അല്ല അങ്കണവാടികളിൽ പ്രധാനമായും പറയുന്നത്. അതുകൊണ്ട് സ്കൂളിനോട് അനുബന്ധിച്ച് അങ്കണവാടിയെന്നുള്ളത് ശരിയായ രീതിയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് സ്കൂളിനോടനുബന്ധിച്ച് അങ്കണവാടി തുടങ്ങി. പ്രതിപക്ഷത്തുനിന്നുതന്നെ രണ്ട് അഭിപ്രായം പറഞ്ഞു, അങ്കണവാടികളുടെ ഉദ്ദേശ്യം സ്വഭാവരൂപീകരണവും അരിത്തമാറ്റിക്സ്, ഭാഷാസ്കിൽ ഇതൊക്കെ ഉണ്ടാക്കലാണ്, അത് പല രീതിയിലാണ്. ആദ്യം തന്നെ കുട്ടിയെ

അക്ഷരമെഴുതി പഠിപ്പിക്കരുതെന്ന് ഗാന്ധിജിതന്നെ പറഞ്ഞിട്ടുണ്ട്, അതാണ് ശാസ്ത്രീയവും. സ്കൂളിലെ പഠനമല്ല അങ്കണവാടിയിൽ നടക്കുന്നത്. അതനുസരിച്ചാണ് അങ്കണവാടിയിലെ മൊഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്. അങ്കണത്തൈമാവെന്ന പേരിൽ പഠിപ്പിക്കാൻ ആവശ്യമായ ബോധനരീതി നേരത്തെ ഇവിടെ ഉണ്ടായിരുന്നു, നിർബന്ധമായി അക്ഷരം പഠിപ്പിക്കലല്ല എന്നുള്ളത് ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും മനസ്സിലാക്കണം. അതുകൊണ്ട് സ്കൂളിനുമുൻപ് അങ്കണവാടിയിലാണ് കുട്ടികളെ അയയ്ക്കേണ്ടത്. പ്രൈമറി സ്കൂളിലേയ്ക്കോ, ഇംഗ്ലീഷ് മീഡിയത്തിലേയ്ക്കോ അല്ല കുട്ടികളെ അയയ്ക്കേണ്ടത്. ആറ് വയസ്സിനു മുൻപുള്ള, പ്രധാനമായും മൂന്ന് വയസ്സുമുതൽ ആറ് വയസ്സുവരെയുള്ള കുട്ടികളെ അങ്കണവാടിയിലും അതിനു മുൻപുള്ള കുട്ടികളെ ക്രഷേകളിലുമാണ് അയയ്ക്കേണ്ടത്. അത് യാതൊരു തർക്കവുമില്ലാത്ത വിഷയമാണ്. അങ്ങനെതന്നെ കാണണമെന്നുള്ളതാണ്. ഇപ്പോൾ അങ്കണവാടികളിൽ കുട്ടികൾ കുറവാണ്. കാരണം, പലതരത്തിലുള്ള പ്രൈമറി സ്കൂളിലേക്ക് പോകുന്നതുകൊണ്ടാണ്. ചില സ്വകാര്യ സ്കൂളുകൾ ഉണ്ട്, ഇംഗ്ലീഷ് മീഡിയമുണ്ട്, അതിന്റെ പകിട്ടും പത്രാസുമൊക്കെ കണ്ടിട്ടാണ് അവിടെ കൊണ്ടുപോകുന്നത്. പക്ഷേ ശ്രീമതി മേനകാ ഗാന്ധി എന്നോട് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞത് കേരളത്തിലെ എല്ലാ അങ്കണവാടികളിലും നിറയെ കുട്ടികളുണ്ട് എന്നാണ്. ഇല്ലെന്നു പറഞ്ഞാൽ നമ്മുടെ ആനുകൂല്യം അവർ വെട്ടിച്ചുരുക്കും. പക്ഷെ ഇവിടെ അങ്കണവാടികളിൽ കുട്ടികൾ നന്നേ കുറവാണ്, ആ യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അത് അങ്ങനെ നിന്നുകൂടാ, അങ്കണവാടികളിൽ കുട്ടികൾ വരണം. വരാനുള്ള മാർഗ്ഗം എന്താണ്? സർക്കാർ സ്കൂളുകളിലെ കുട്ടികൾ കുറഞ്ഞപ്പോൾ അവ മെച്ചപ്പെടുത്താൻ, സ്മാർട്ട് ക്ലാസ്സ്റൂം ആക്കാൻ തുടങ്ങിയപ്പോൾ മറ്റ് സ്കൂളുകളിൽനിന്നും ടി.സി.യും വാങ്ങി ഗവൺമെന്റ് സ്കൂളുകളിലേക്ക് കുട്ടികൾ വരാൻ തുടങ്ങി. അതുപോലെ അങ്കണവാടികളും അവരുടെ മാനസിക വളർച്ചയ്ക്കനുസരിച്ച് വളർച്ച നേടിയാൽ കുട്ടികൾ വരും. അതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്നപ്പോൾ ഒരു എക്സ്പെർട്ട് ഗ്രൂപ്പിനെ ഉണ്ടാക്കി, നിരവധി വർക്ക്ഷോപ്പുകൾ നടത്തി, എന്തായിരിക്കണം നമ്മുടെ അങ്കണവാടിയെന്ന നിരവധി ചർച്ചകൾക്കുശേഷം സ്മാർട്ട് അങ്കണവാടിയുടെ പ്രോജക്ട് ഉണ്ടാക്കിയത്. പേര് എന്തുവേണമെങ്കിലും പറയാം, എല്ലാപേരും സ്മാർട്ട് എന്നുപറയുമ്പോൾ കമ്പ്യൂട്ടർ സ്ഥാപിക്കലാണ് സ്മാർട്ടെന്ന് തെറ്റിദ്ധരിച്ചിട്ടുണ്ട്, എന്നാൽ അതല്ല. വിശദമായ ചർച്ചയ്ക്കുവേണ്ടി മോണ്ടിസോറി മെത്തേഡ് ഉപയോഗിക്കുന്നവരെ വിളിച്ചിട്ടുണ്ട്, ഡൽഹിയിലെ ജോഡോഗ്യാൻ (Jodo Gyan) സംഘടനയെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞപ്പോൾ പലരും ശ്രദ്ധിക്കുന്നില്ല, പറയുന്നതും പ്രഖ്യാപിച്ചതുമായ കാര്യങ്ങൾ എങ്ങനെ ഏറ്റെടുത്ത് നടപ്പിലാക്കണമെന്നുള്ളത്

ചിലപ്പോൾ ശ്രദ്ധിക്കുന്നില്ല. ജോഡോഗ്യാൻ നല്ല രീതിയാണ്, ശ്രീ. ജെയിംസ് മാത്യുവിന്റെ മണ്ഡലത്തിൽ വളരെ ഭംഗിയായി ജോഡോഗ്യാൻ സമ്പ്രദായം ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ വലിയ മാറ്റമാണ് ഉണ്ടാക്കുന്നത്. ഇതെല്ലാം വച്ച് കുട്ടികളുടെ അരിത്തമാറ്റിക്സ് സ്കിൽ, പ്രത്യേകിച്ച് അതിൽ കളിക്കാനുള്ള രീതി ഇവയെല്ലാം മാറ്റമാണ്, അതിന്റെ വിശദമായ മൊഡ്യൂൾ പ്രിപ്പയർ ചെയ്തുകഴിഞ്ഞു. എല്ലാ എം.എൽ.എ.-മാർക്കും അത് എത്തിച്ചുതരുന്നതാണ്. അവരവരുടെ മണ്ഡലത്തിലെ അങ്കണവാടികളെ നമുക്കെല്ലാപേർക്കും ഒത്തുചേർന്ന് ക്രമേണ അങ്ങനെ മാറ്റിയെടുക്കാൻ സാധിക്കും. ഈ വർഷം ഞങ്ങളുടെ കൈവശമുള്ള ഫണ്ട്, 200 സ്മാർട്ട് അങ്കണവാടികൾക്ക് കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ബാക്കി തുക പഞ്ചായത്ത് എടുക്കണം, നല്ലവരായ നാട്ടുകാരിൽനിന്നും സ്പോൺസർഷിപ്പാകാം. ഭാവനയുള്ള പഞ്ചായത്ത് പ്രസിഡന്റും അതുപോലെയുള്ള ആളുകളുമെല്ലാം ആ പ്രദേശത്ത് ഉണ്ടെങ്കിൽ, വനിതാശിശു വികസന വകുപ്പിന്റെ ഓഫീസർമാർകൂടി ചേരുമ്പോൾ നമുക്ക് എല്ലാ അങ്കണവാടികളേയും ഇങ്ങനെ മാറ്റാം. ഒരു ചെറിയ പ്രശ്നം വരുന്നത്, 10 സെന്റ് സ്ഥലത്താണ് ഇത് ഭംഗിയായി ചെയ്യാൻ സാധിക്കുക എന്നതാണ്. അങ്ങനെ വന്നാൽ നമ്മുടെ മുക്കാൽപങ്ക് അങ്കണവാടികളും സ്മാർട്ട് അങ്കണവാടിയായി മാറുകയില്ല. അതിനുപകരം, നാല് പ്രത്യേക മാസ്റ്റർപ്ലാൻ ഉണ്ടാക്കേണ്ടതായി വന്നു. ഉള്ളടക്കം ഒന്നുതന്നെയാണ്, 10 സെന്റ് സ്ഥലമാകുമ്പോൾ കുറച്ചുകൂടി സ്പേഷ്യസ് ആയി, പ്ലേ ഏര്യയൊക്കെ വളരെ ആധുനികമായിട്ടുള്ളതാണ്, ടൈൽസൊക്കെ ഇട്ട് വളരെ ആകർഷകമാകും. അങ്ങനെയൊരു അങ്കണവാടി വന്നാൽ എല്ലാവരും കുട്ടിയെ അവിടെയിരുത്തും. അതിന്റെ മാസ്റ്റർപ്ലാൻ അയച്ചുതരുമ്പോൾ എം.എൽ.എ.-മാർക്ക് അത് മനസ്സിലാകും. 5 സെന്റ് സ്ഥലത്തിനും അതുപോലെ 3 സെന്റ് സ്ഥലത്തിനുംവേണ്ടിയുള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഏരിയ വ്യത്യാസമാകുമെന്നേയുള്ളൂ. പട്ടണപ്രദേശങ്ങളിൽ 1.5 സെന്റ് സ്ഥലത്തിനുവേണ്ടി പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാനുകളിൽ തുക വ്യത്യസ്തം എന്നുള്ളതേയുള്ളൂ, ഉള്ളടക്കമെല്ലാം ഒന്നുതന്നെയാണ്. 10 സെന്റ് സ്ഥലമെങ്കിലും കിട്ടാൻ എല്ലാപേരും ശ്രമിക്കണം. നമുക്ക് സ്മാർട്ട് അങ്കണവാടികൾ വളരെപെട്ടെന്നുതന്നെ നിർമ്മിച്ചെടുക്കണം. ആരാണ് ഏറ്റവും കൂടുതൽ സ്മാർട്ട് അങ്കണവാടിയെടുക്കുകയെന്ന് ഞങ്ങൾ ഉദ്യോഗസ്ഥൻമാരെ നന്നായി ആവേശം കൊള്ളിക്കുന്നുണ്ട്, ഇന്നലെ തൃശ്ശൂർ ജില്ലയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും സി.ഡി.പി.ഒ.-മാരുടേയും യോഗം ചേർന്നിരുന്നു. നിങ്ങളുടെ പ്രോജക്ടിൽ എത്ര അങ്കണവാടി നിങ്ങൾക്ക് സ്മാർട്ടാക്കി മാറ്റാൻ സാധിക്കുമെന്ന് അവരോട് ഞാൻ ചോദിച്ചു. പഞ്ചായത്ത് പ്രസിഡന്റിനെക്കണ്ട് സംസാരിക്കണം, മറ്റു ഫണ്ടുകൾ പൂൾ

ചെയ്തെടുക്കണം, എവിടെയെങ്കിലും സി.എസ്.ആർ. കിട്ടുമോയെന്ന് നോക്കണം, എം.എൽ.എ.-മാരും സഹായിക്കുമെന്ന് അവർ പറഞ്ഞു. അതെല്ലാം വച്ച് നമ്മുടെ ഈ മൊഡ്യൂൾ അനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇതിന്റെ ബോധന മൊഡ്യൂളും മാറ്റിയിട്ടുണ്ട്. ഈ പറഞ്ഞ മോണ്ടിസോറി മെത്തേഡും ജോഡോഗ്യാനും എല്ലാം ചേർത്തിട്ട് എഴുതിപഠിപ്പിക്കൽ അല്ല, ഒരു പഠന ബോധനത്തിനാവശ്യമായിട്ടുള്ള മൊഡ്യൂൾ പ്രിപ്പയർ ചെയ്തിട്ടുണ്ട്, അതും എല്ലായിടത്തും എത്തിക്കുകയാണ്. എന്തായാലും ഈ മേഖലയിൽ നമ്മൾ ഒരു പരിഷ്കരണം നടത്തിയേ മതിയാകൂ. ആരോഗ്യ മേഖലയിൽ നടത്തുന്നതുപോലെയുള്ള പരിഷ്കരണംതന്നെ ഈ മേഖലയിലും നടത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അങ്കണവാടികൾ പരിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. റ്റി. വി. രാജേഷ്: സർ, നമ്മുടെ അങ്കണവാടികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കുട്ടികളെ കിട്ടുന്നില്ലെന്നുള്ളതാണ്. അതിന്റെ പ്രധാന കാരണം, എയ്ഡഡ് സ്കൂളുകൾ വ്യാപകമായി പ്രീപ്രൈമറി ആരംഭിക്കുകയാണ് എന്നതാണ്. ഗവൺമെന്റ് സ്കൂളുകളും പ്രീപ്രൈമറി ആരംഭിച്ചിരിക്കുകയാണ്. പ്ലേ സ്കൂളുകളും ഉണ്ട്, ഇതിന്റെ ഭാഗമായി പത്തും നാല്പത്തിയഞ്ചും കുട്ടികൾ ഉണ്ടായിരുന്ന അങ്കണവാടികളിൽ ഇപ്പോൾ പത്തും അഞ്ചും കുട്ടികളായി ചുരുങ്ങിയിരിക്കുകയാണ്. ഈ വിഷയത്തെ പ്രായോഗികമായി നമുക്ക് എങ്ങനെ പരിഹരിക്കാൻ പറ്റും? പലസ്ഥലത്തും അങ്കണവാടി ജീവനക്കാർ തമ്മിൽ നടക്കുന്ന തർക്കം കയ്യാങ്കളിയിലേക്കുവരെ എത്തിയിരിക്കുകയാണ്. ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതെങ്ങനെ പ്രായോഗികമായി പരിഹരിക്കാൻ സാധിക്കും?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് ശരിയാണ്, ഇവിടെ ചർച്ച ചെയ്യുമ്പോൾ ഒരുപാട് അംഗങ്ങൾ ഈ കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്നയാൾ എന്ന നിലയ്ക്ക് ഞാൻ വ്യക്തമായി അഭിപ്രായം പറഞ്ഞുകഴിഞ്ഞു, വേണമെങ്കിൽ അങ്കണവാടികളുടെ പരിസരത്തുള്ള പ്രൈമറി സ്കൂളുമായി ലിങ്ക് ചെയ്യുന്ന എന്തെങ്കിലും കാര്യങ്ങൾ ആലോചിക്കാം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്കൂളിൽത്തന്നെ പ്രീപ്രൈമറി തുടങ്ങി എന്നുപറയുന്നുണ്ട്, അത് അശാസ്ത്രീയമാണ്, യാതൊരു തർക്കവുമില്ല, നിരവധി തവണ നാം ചർച്ച ചെയ്തതാണ്, അതുകൊണ്ട് സ്കൂളിന്റെ ഭാഗമായി പ്രീപ്രൈമറി സ്കൂൾ തുടങ്ങുകയല്ല. നിലവിലുള്ള അങ്കണവാടികളെ പരിപോഷിപ്പിച്ച് സ്മാർട്ടാക്കി മാറ്റി അത് തൊട്ടടുത്ത പ്രൈമറി സ്കൂളുമായി ലിങ്ക് ചെയ്യാനുള്ള സംവിധാനം

ഉണ്ടാക്കുകയാണെങ്കിൽ വിരോധമില്ല. അങ്കണവാടികളായിട്ടുതന്നെ മൂന്ന് മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികളുടെ ബോധനം നിലനിൽക്കണമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല, അതു തന്നെയാണ് ചെയ്യേണ്ടത്.

വാടകക്കെട്ടിടത്തിന്റെ കാര്യങ്ങൾ പറഞ്ഞു, ഇതെല്ലാം നമുക്ക് മാറ്റാം, നമുക്കെല്ലാപേർക്കും ഒത്തുചേർന്ന് ഈ വലിയ മിഷൻ, അതായത്, എല്ലാ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കുക, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് പുതിയ കെട്ടിടമുണ്ടാക്കുകയെന്നുള്ള വലിയ മിഷൻ, വനിതാ ശിശുവികസന വകുപ്പിന്റെകൂടെ എല്ലാ എം.എൽ.എ.-മാരും നിൽക്കണം. നമുക്ക് ഇതിൽ ഭരണപ്രതിപക്ഷ വ്യത്യാസമില്ല. ഈ പ്രായത്തിലുള്ള കുട്ടികളുടെ അഭിവൃദ്ധിയെന്നുള്ളത് നമ്മുടെ നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. അതിന് നിങ്ങൾ കൂട്ടുനിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ മൊഡ്യൂളും അതിന്റെ മാസ്റ്റർപ്ലാനും എല്ലാപേർക്കും അയച്ചുതരുന്നതാണ്. നേതൃത്വപരമായ ഒരു ഇടപെടൽ നിങ്ങൾ അതിനകത്ത് നടത്തണം.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഒരു കൊച്ചുകുഞ്ഞിനെ സംബന്ധിച്ചിടത്തോളം അവൻ ആദ്യം എത്തിച്ചേരുന്ന ഒരു പൊതു ഇടമാണ് അങ്കണവാടി. അങ്കണവാടിയിലെ വർക്കർമാരും ഹെൽപ്പർമാരും അമ്മയുടെ അല്ലെങ്കിൽ അമ്മൂമ്മയുടെയെല്ലാം ഒരു സേവനമാണ് നിർവ്വഹിക്കുന്നത്. ഇപ്പോൾ അങ്കണവാടി ഹെൽപ്പർമാരെയും വർക്കർമാരെയും തെരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് പട്ടിക തയ്യാറാക്കുന്ന സന്ദർഭമാണ്. ബഹുമാനപ്പെട്ട മന്ത്രിയും അവരുടെ സെലക്ഷനെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. 2001-നുശേഷം ഇത്തരത്തിലുള്ള ഒരു സെലക്ഷൻ പ്രോസസ്സ് ഇപ്പോഴാണ് നടക്കുന്നത്. ഈ സെലക്ഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സി.ഡി.പി.ഒ., മെഡിക്കൽ ഓഫീസർ എന്നിവർക്കുപുറമേ അഞ്ച് സാമൂഹ്യ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. ഞാൻ തിരുവനന്തപുരം ജില്ലയിൽ പരിശോധിച്ചപ്പോൾ അഞ്ച് സാമൂഹ്യപ്രവർത്തകരുടെ ലിസ്റ്റ് വന്നതിൽ ബഹുഭൂരിപക്ഷവും സി.പി.ഐ.(എം) അനുഭാവികളോ, ഭാരവാഹികളോ ആയിരുന്ന ആളുകളാണ്. ഈ സെലക്ഷനിൽപ്പോലും രാഷ്ട്രീയം കടന്നുകൂടാൻ സാധ്യതയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഈ കാര്യത്തിലെങ്കിലും നമുക്ക് പഞ്ചായത്ത് തലത്തിലുള്ള ജനപ്രതിനിധികളെ സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താമായിരുന്നു. സാമൂഹ്യ പ്രവർത്തകർ എന്നത് കൂടുതൽ രാഷ്ട്രീയമായി

മാറും, ഈ കൊച്ചുകുഞ്ഞുങ്ങളെ പരിപാലിക്കുന്ന സ്ഥലങ്ങളിൽ പോലും രാഷ്ട്രീയാതിപ്രസരമോ, രാഷ്ട്രീയമായൊരു വേർതിരിവോ വന്നാൽ സെലക്ഷനിൽ മെരിറ്റ് ചിലപ്പോൾ മാറിപ്പോകുന്ന ഒരു സാഹചര്യം ഉണ്ടാകും, അത് മാറ്റാൻ നടപടിയെടുക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അങ്ങനെ പ്രത്യക്ഷമായി രാഷ്ട്രീയം കലർത്താൻ ഈ ഗവൺമെന്റോ വകുപ്പോ ശ്രമിച്ചിട്ടില്ല. പരിശോധിച്ചാൽ എല്ലാപേർക്കും മനസ്സിലാക്കാൻ കഴിയും, സാമൂഹ്യപ്രവർത്തകരുടെ കൂട്ടത്തിൽതന്നെ എല്ലാ വിഭാഗത്തിൽപ്പെട്ട ആൾക്കാരും വരും, ജനപ്രതിനിധികളായിട്ട് വരുന്നതും ഏതെങ്കിലും ഒരു പാർട്ടിയുടെ ആളുകളല്ല. എവിടെയെങ്കിലും അതിനു വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ നമുക്ക് പരിശോധിക്കാവുന്നതാണ്.

വാടകക്കെട്ടിടത്തിന് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് കിട്ടുന്നില്ല, അതിന്റെ അഡ്വാൻസ് ജീവനക്കാർ അടയ്ക്കേണ്ടതായി വരുന്ന തുടങ്ങിയ ചില പ്രശ്നങ്ങൾ പ്രത്യേകിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, നേരത്തെ അങ്ങനെയായിരുന്നു. നിങ്ങൾ ചൂണ്ടിക്കാണിച്ച പല പ്രശ്നങ്ങളും കഴിഞ്ഞ കുറേ കാലങ്ങളായി നിലനിൽക്കുന്നതായിരുന്നു. അതിന് ഓരോന്നിനുമാണ് ഇപ്പോൾ പരിഹാരം കണ്ടുകൊണ്ടിരിക്കുന്നതെന്ന് അറിയണം. അത്തരം അഡ്വാൻസ് അവർതന്നെ അടയ്ക്കണമെന്നുപറയുന്നത് ശരിയല്ലെന്നു പറയുന്നതുകൊണ്ടുതന്നെ അതിന് ഒരു പരിഹാരമിപ്പോൾ കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ട്, എവിടെയങ്കിലും ആ പ്രശ്നം ബാക്കി നിൽക്കുന്നുവെങ്കിൽ നമുക്കത് നോക്കാം. പാചകവാതകത്തിന് അവർതന്നെ കാശ് കൊടുക്കുന്ന അവസ്ഥയായിരുന്നു നേരത്തെ ഉണ്ടായിരുന്നതെന്ന് സൂചിപ്പിച്ചു, ചില സ്ഥലങ്ങളിൽ അത് അഡ്വാൻസായി അവർ എടുക്കേണ്ടി വന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ആ പ്രശ്നത്തിനും പരിഹാരമുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലും വലിയ മാറ്റം ഇപ്പോൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്, ഇനിയും നമുക്ക് മാറ്റമുണ്ടാക്കാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞു, പ്രീപ്രൈമറിയുമായി കൂട്ടിച്ചേർക്കണമെന്ന് പറഞ്ഞു, അതേ സമയത്ത് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അതിനെതിരായിട്ടാണ് പറഞ്ഞത്. അഭിപ്രായം ഞാൻ പറഞ്ഞുകഴിഞ്ഞതുകൊണ്ട് വീണ്ടും പറയുന്നില്ല, മൂവ്മെന്റ് രജിസ്റ്റർ ഇല്ലെന്നു പറഞ്ഞു, അത് എന്താണെന്നുള്ളത് പരിശോധിക്കാം, ലീവ് അനുവദിക്കുന്നില്ല എന്ന കാര്യം സൂചിപ്പിച്ചു. അതെല്ലാം ഒറ്റപ്പെട്ട കാര്യമായിരിക്കും, അങ്ങനെയെന്തെങ്കിലും ഉണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. എല്ലാ മാസവും

5-ാം തീയതിക്കകം ഓണറേറിയം ലഭിക്കണമെന്ന പറഞ്ഞു, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ചർച്ച നടന്ന് എല്ലാ മാസവും 11-ാം തീയതിക്കുള്ളിൽ കൃത്യമായി ഒരു ഡേറ്റിൽ കൊടുക്കാനുള്ള തീരുമാനം ഇപ്പോൾ എടുത്തിട്ടുണ്ട്. ഓണറേറിയം ലഭിക്കുന്നതുകൊണ്ട് ഇവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ലെന്ന പറഞ്ഞു, അങ്കണവാടിയിലുള്ളവർ വളരെ പാവപ്പെട്ടവരാണ്, നമുക്ക് ആ വകുപ്പുമായി ചർച്ച ചെയ്തുകൊണ്ട് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് നോക്കാം.

03.00 P.M.]

പെൻഷൻ വർദ്ധിപ്പിക്കണമെന്ന് എല്ലാവരും ഒരുപോലെ പറഞ്ഞിട്ടുണ്ട്. എന്നാൽ അത് വേണ്ട രീതിയിൽ നടപ്പിലാക്കാൻ കഴിയാത്തതിന് കാരണം കേന്ദ്രഗവൺമെന്റ് നൽകേണ്ട വിഹിതം ഒരിക്കലും നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ ലഭ്യമാക്കാത്തതാണ്. മൂന്നിലൊന്നുപോലും കേന്ദ്രഗവൺമെന്റ് നൽകുന്നില്ല. ആ കണക്കുകളെല്ലാം ശ്രീമതി യു. പ്രതിഭ പറഞ്ഞുകഴിഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് ഓണറേറിയം പതിനായിരം രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അതിനുള്ള തുക അനുവദിച്ചിരുന്നില്ല. പഞ്ചായത്തുകളോട് കൊടുക്കാനാണ് പറഞ്ഞത്. ചില നല്ല പഞ്ചായത്തുകൾ കൊടുത്തു, മറ്റാരും കൊടുത്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് അങ്കണവാടി ജീവനക്കാരുടെ അവസ്ഥ വളരെയധികം സങ്കടകരമായിരുന്നു. ഏതായാലും ആദ്യം തീരുമാനിച്ചത് വർദ്ധിപ്പിച്ച വിഹിതം നൽകാനാണ്. വർദ്ധിപ്പിച്ച വിഹിതം ഇപ്പോൾ നൽകിത്തുടങ്ങിയിട്ടുണ്ട്. അവർ ആ കാര്യത്തിൽ സംതൃപ്തരാണ്. ഇനിയും വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൊണ്ടാണ് വർദ്ധിപ്പിക്കാൻ സാധിക്കാത്തത്. ഓണറേറിയം ഇനിയും വർദ്ധിപ്പിച്ചുകൊടുക്കേണ്ടതാണ്. അങ്കണവാടി ജീവനക്കാരുടെ ഡ്രസ് കോഡിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ മന്ത്രിയായിരുന്നപ്പോഴാണ് ആദ്യമായി അവർക്ക് സാരി കൊടുക്കാൻ തീരുമാനിച്ചത്. അതിനുശേഷം സാരിയല്ല, കോട്ടാണ് നല്ലതെന്ന് അവർ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട എം. കെ. മുനീർ വകുപ്പ് കൈകാര്യം ചെയ്ത സമയത്ത് കോട്ട് നൽകി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ യൂണിഫോമായി സാരി നൽകിയിരുന്നു. അപ്പോൾ അവരുടെ യൂണിയൻ ഭാരവാഹികൾ വന്ന് കോട്ടുതന്നെയാണ് നല്ലതെന്ന് പറഞ്ഞു, നേരത്തേ അവർതന്നെ ആവശ്യപ്പെട്ടിട്ടാണ് സാരിയിലേയ്ക്ക് തിരിച്ചുപോയത്. എല്ലാവരുമായി

ചർച്ചചെയ്ത് കോട്ട് മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. അടുത്ത ഗഡു യൂണിഫോം കോട്ട് നൽകാമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. നമുക്ക് ഇതിൽ തർക്കങ്ങളൊന്നുമില്ല. യൂണിയനും ജീവനക്കാരുമൊക്കെ പറയുന്നതിനനുസരിച്ച് നമ്മൾ കാര്യങ്ങൾ ചെയ്യുന്നുവെന്നേയുള്ളൂ. കുട്ടികൾക്ക് യൂണിഫോം നൽകുന്നതിനായുള്ള തുക കണക്കാക്കി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്; മഹാപ്രളയം വന്ന സമയത്ത് തൽക്കാലം അത് മാറ്റിവയ്ക്കുകയാണുണ്ടായത്. എന്നാലും അത് വേഗം അനുവദിച്ചുകിട്ടിയാൽ അടിയന്തരമായി കുട്ടികളുടെ യൂണിഫോം കൊടുക്കാൻ സാധിക്കും. പിന്നീട് ഇവിടെ വന്ന ചർച്ച ദമ്പതീസംഗമം തുടങ്ങിയ കാര്യങ്ങളാണ്, അവയെല്ലാം കൃത്യമായി നടക്കുന്നുണ്ട്. എവിടെയെങ്കിലും ചില്ലറ പരാതികൾ വന്നിട്ടുണ്ടെങ്കിൽ നമുക്ക് ഇടപെട്ട് അവ പരിഹരിക്കാം. മുതിർന്ന പൗരന്മാർക്ക് അങ്കണവാടികളിൽനിന്നും ഭക്ഷണം കൊടുക്കണമെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുതിർന്ന പൗരന്മാർക്കായുള്ള പകൽ വീടുകൾ ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെകൂടി സഹകരണത്തോടെ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും പകൽവീട് ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ മുതിർന്ന പൗരന്മാർക്ക് ഉച്ചഭക്ഷണവും സ്നാക്സും നൽകുന്നുണ്ട്. അങ്കണവാടികളിൽ ഇതുകൂടി ചെയ്യുന്നത് പ്രായോഗികമല്ല. എന്നാൽ അവരുമായുള്ള സംഗമങ്ങളൊക്കെ അങ്കണവാടികളിൽ പ്ലാൻ ചെയ്യാറുണ്ട്. ക്ഷേമനിധി ആനുകൂല്യങ്ങൾ കൃത്യമായി കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ വളരെ കുറവായിരുന്നു. അതിനുശേഷം എല്ലാമേഖലകളിലും വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അങ്കണവാടി വർക്കറുടെയും ഹെൽപ്പറുടെയും പെൻഷൻ യഥാക്രമം 500 രൂപയും 300 രൂപയുമായിരുന്നു. അത് 1000 രൂപയും 600 രൂപയുമായി വർദ്ധിപ്പിച്ചു. എന്നാൽ സാമൂഹ്യക്ഷേമ പെൻഷന് തുല്യമായെങ്കിലും പെൻഷൻ ലഭ്യമാക്കണമെന്ന തീരുമാനത്തിൽ ഞങ്ങളുടെ വകുപ്പ് ധനകാര്യ വകുപ്പിലേയ്ക്ക് തുക വർദ്ധിപ്പിക്കാനായി വീണ്ടും പ്രൊപ്പോസൽ നൽകി, യഥാക്രമം 2000 രൂപയും 1200 രൂപയുമായി വർദ്ധിപ്പിക്കാനാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. എന്നാൽ ധനകാര്യ വകുപ്പിൽ നിന്നും പെൻഷൻ മൊത്തത്തിൽ 1200 രൂപയായി വർദ്ധിപ്പിച്ച ഉത്തരവാണ് വന്നിരിക്കുന്നത്. ഇത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത്രയെങ്കിലും പെൻഷൻ ഈ പാവപ്പെട്ടവർക്ക് ലഭ്യമാക്കണമെന്ന് കരുതിയാണ് നേരത്തേ ഗവൺമെന്റ് തുക വർദ്ധിപ്പിച്ചെങ്കിലും ഇങ്ങനെയൊരു പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് മുമ്പാകെ വച്ചത്. ബാക്കി എല്ലാ ആനുകൂല്യങ്ങളിലും ചെറിയ തോതിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്, സമയക്കുറവുമൂലം അതെല്ലാം ഞാൻ വായിക്കുന്നില്ല. ശ്രീമതി യു. പ്രതിഭ ഈ മേഖലയിലെ എല്ലാ പ്രശ്നങ്ങളും കണക്കുകൾ സഹിതം

നിരത്തിക്കൊണ്ട് നന്നായി സംസാരിച്ചു. ശമ്പളം കിട്ടുന്നതിൽ ചെറിയ പ്രശ്നം ചൂണ്ടിക്കാണിക്കപ്പെട്ടു. പഞ്ചായത്ത്, വകുപ്പ്, കേന്ദ്രം എന്നീ മൂന്ന് ഘടകങ്ങൾ കൂടിച്ചേരുമ്പോൾ ഉണ്ടായിട്ടുള്ള പ്രശ്നമാണ്. ഇപ്പോൾ അത് ഏകീകരിച്ചിട്ടുണ്ട്. പക്ഷേ, സ്പാർക്കുമായി ബന്ധപ്പെട്ടുകൊണ്ട് ചില വിഷയങ്ങൾ നിലനിൽക്കുന്നുവെന്ന് അവരുടെ മീറ്റിംഗിൽ പറഞ്ഞിട്ടുണ്ട്. വിമൻ ആന്റ് ചിൽഡ്രൻ വകുപ്പിന്റെ ഡയറക്ടർ ശ്രീമതി ടി. വി. അനുപമ, ഐ.എ.എസ്. പ്രത്യേക താത്പര്യമെടുത്തുകൊണ്ട് അതും പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കിറ്റ് കൊടുത്തിട്ടുണ്ട്. ആ കാര്യങ്ങളെക്കുറിച്ച് കൂടുതൽ പറയുന്നില്ല. വർക്ക് ലോഡ് പരിഹരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പുമായിക്കൂടി ആലോചിച്ചുകൊണ്ട് പുതിയ ഡിപ്പാർട്ട്മെന്റ് എന്ന നിലയിൽ ഒരു ക്രമീകരണം എന്തായാലും വരുത്തേണ്ടതുണ്ട്. പഞ്ചായത്ത് പറയുന്ന ജോലികൾ ചെയ്യില്ല എന്നുപറയാൻ സാധിക്കില്ല. കാരണം, പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളാണ്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് അങ്കണവാടികളുടെ നിയന്ത്രണം ഏറ്റെടുക്കുന്നതും അവയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കുന്നതും. അതുകൊണ്ട് ഒരു ക്രമീകരണത്തിന്റെ ആവശ്യത്തിനുവേണ്ടി ശ്രമിക്കുകയാണ്. നാഷണൽ ന്യട്രീഷ്യൻ മിഷൻ ഇപ്പോൾ അങ്കണവാടികൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. 'പോഷൺ അഭിയാൻ' എന്ന രീതിയിൽ കേന്ദ്രഗവൺമെന്റ് തുടങ്ങിയ ആ പദ്ധതി നമ്മൾ ഇപ്പോൾ 'സമ്പുഷ്ടകേരളം' എന്നപേരിൽ കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഏറ്റവും നല്ല പ്രോജക്ട് പ്ലാൻ സമർപ്പിച്ചത് കേരളമായിരുന്നു. കേരളത്തിന് അതിനായി ഒരു അവാർഡും ലഭിച്ചിട്ടുണ്ട്. വിവിധ ഡിപ്പാർട്ട്മെന്റുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ന്യട്രീഷ്യൻ മെച്ചപ്പെട്ട രീതിയിൽ നടത്തുക എന്നതാണ് ലക്ഷ്യം. നന്നായി നടപ്പിലാക്കിയാൽ അതൊരു നല്ല പ്രോജക്ടാണ്. സ്മാർട്ട് ഫോൺ നൽകിയത് ന്യട്രീഷ്യൻ മിഷന്റെ പ്രവർത്തനങ്ങൾക്കായാണ്. അതിനുള്ള ട്രെയിനിംഗും കൊടുത്തിട്ടുണ്ട്. നെറ്റ് കണക്ഷൻ പാവപ്പെട്ട വർക്കർമാർ എടുക്കണമെന്ന് ഇവിടെ ചില അംഗങ്ങൾ തെറ്റിദ്ധാരണ പരത്തുന്ന രീതിയിലാണ് പറഞ്ഞത്. അങ്ങനെയല്ല, നെറ്റ് കണക്ഷന്റെ പൂർണ്ണമായ പണം ഗവൺമെന്റ് തന്നെയാണ് നൽകുന്നത്. ന്യട്രീഷ്യൻ മിഷന്റെ ഭാഗമായാണ് അക്കാര്യം ചെയ്യുന്നത്. എവിടെയെങ്കിലും വ്യത്യാസമുണ്ടെങ്കിൽ പരിഹരിക്കാം. വൈദ്യുതിയില്ലാത്ത അങ്കണവാടികളെക്കുറിച്ച് ശ്രീമതി വീണാ ജോർജ്ജ് ഇവിടെ സൂചിപ്പിച്ചു. മൊത്തം പ്രശ്നം പരിഹരിക്കുന്നതിന്റെകൂടെ അതും പരിഹരിക്കാൻ സാധിക്കും. ഇതൊരു സാമൂഹ്യ ഇടമാണ്. എൽദോസ് പി. കുന്നപ്പിള്ളിൽ അത് വളരെ നന്നായിപ്പറഞ്ഞു. നാനാജാതി മതസ്ഥർ ഒരുമിച്ചിരിക്കുന്ന സ്ഥലമാണ്. ഇങ്ങനെയൊരു കേന്ദ്രം

വേറെയില്ല, കുട്ടികൾ ഇവിടെത്തന്നെ വരണം. എങ്കിലേ നമ്മുടെ സെക്യുലറിസവും ഡെമോക്രസിയുമെല്ലാം പൂർണ്ണമാകുകയുള്ളൂ. ഭാവിയിലേയ്ക്ക് വളർന്നുവരുന്ന പൗരന്മാർ എങ്ങനെയായിരിക്കണമെന്ന കാര്യം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ വളരെ മനോഹരമായി അവതരിപ്പിച്ചു. പ്രഖ്യാപിച്ചത് കൊടുത്തില്ല എന്ന് ശ്രീ. കെ. ബാബു പറഞ്ഞു, കൊടുത്തിട്ടുണ്ടെന്ന് ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. അതുപോലെ സ്വകാര്യവൽക്കരണത്തെക്കുറിച്ച് ശ്രീമതി യു. പ്രതിഭയടക്കമുള്ളവർ പറഞ്ഞിരുന്നു. ഉത്തരേന്ത്യയിലൊക്കെ അങ്ങനെ വന്നുകഴിഞ്ഞു. അങ്കണവാടികൾ നടത്താൻ 'വേദാന്ത കമ്പനി'-ക്ക് കൊടുത്തിരിക്കുകയാണ്. രക്ഷിതാക്കളോട് പണം വാങ്ങി തുച്ഛമായ തുക വർക്കർക്കും ഹെൽപ്പർക്കും കൊടുക്കും, ഇതിന്റെ എല്ലാ ഗുണങ്ങളുമില്ലാതാകും. കേരളത്തിൽ സ്വകാര്യവൽക്കരിക്കില്ലെന്ന് കട്ടായമായി പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രതിപക്ഷവും ഭരണപക്ഷവും ഒറ്റക്കെട്ടായി നിൽക്കണം. ഒരു കാരണവശാലും നമ്മുടെ അങ്കണവാടികൾ സ്വകാര്യവൽക്കരിച്ചുകൂടാ, അവിടെ നമ്മൾ ഒറ്റക്കെട്ടാണ്. അതിൽ പ്രതിപക്ഷത്തും അഭിപ്രായവ്യത്യാസങ്ങളൊന്നുമില്ല. പച്ചക്കറിയുടെ ചാർജ് 50 പൈസ കൊടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ രണ്ടുരൂപയാണ് നൽകുന്നത്. ധാരാളം കാര്യങ്ങൾ ചെയ്തുകൊണ്ട് ഇപ്പോൾ എല്ലാംകൂടി പറയാൻ സമയമില്ലാത്ത അവസ്ഥയാണ്. പറഞ്ഞാൽ ചിലപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ 'ചോദിച്ചുപോയി അതിന് ഇത്രയും വലിയ മറുപടി പറയണോ' എന്ന് പറയുമെന്ന പേടി എനിക്കുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലി കുറച്ച് രാഷ്ട്രീയ നിറത്തോടെ പറഞ്ഞു. ബാക്കിയെല്ലാവരും ഇന്ന് വളരെ നന്നായി സംസാരിച്ചു. താങ്കളുടെ പ്രസംഗവും നന്നായിരുന്നെങ്കിലും ഇത്തിരി രാഷ്ട്രീയ ആക്രമണത്തിന്റെ ശൈലിയിൽ സംസാരിച്ചു. കേന്ദ്രം വിഹിതം വെട്ടിക്കുറയ്ക്കുന്ന കാര്യമെല്ലാം പ്രസംഗത്തിൽ വന്നിരുന്നു. ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കുകയല്ല, പലപ്പോഴും വളരെ നല്ല നിർദ്ദേശങ്ങൾ തരുന്ന എം.എൽ.എ.യാണ് ശ്രീ. മഞ്ഞളാംകുഴി അലി. കൗമാരക്കാരുടെ ബോധവൽക്കരണത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ഞാൻ മുഖവിലയ്ക്കെടുക്കുന്നു. അതിൽ കുറേക്കൂടി നന്നായി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ആദിവാസി മേഖലയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിൽ നമ്മൾ നന്നായി ഇടപെട്ടു. കേരളത്തിലെ ശിശുമരണ നിരക്ക് 12-ൽ നിന്നും 8 ആയി കുറഞ്ഞു. അങ്കണവാടി വർക്കർമാർ, ആശാവർക്കർമാർ, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്, വിമൻ ആന്റ് ചിൽഡ്രൻ ഡിപ്പാർട്ട്മെന്റ് ഇവരെല്ലാം ഒരുമിച്ചുചേർന്ന് നടത്തിയ പ്രവർത്തനത്തിന്റെ അനന്തരഫലം തന്നെയാണ് ശിശുമരണ നിരക്ക് 12-ൽ നിന്നും 8-ആയി കുറഞ്ഞത്. നമുക്ക് വിശ്രമിക്കാറായിട്ടില്ല, നമ്മൾ അല്പം അമാന്തിച്ചുനിന്നാൽ വീണ്ടും 8-ൽ നിന്നും 12-

ആയി മാറാൻ സമയമെടുക്കില്ല. അതുകൊണ്ട് ആ കാര്യത്തിൽ നമ്മൾ വളരെ വിജിലന്റായിരിക്കണം. ഇതര സംസ്ഥാന തൊഴിലാളികളുടെ (അതിഥി തൊഴിലാളികൾ) കാര്യം ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. ആ കാര്യത്തിലും ഈ ഗവൺമെന്റ് തീരുമാനമെടുത്തു. സംസ്ഥാനത്ത് ആദ്യമായാണ് ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ശിശു പരിചരണ കേന്ദ്രം ആരംഭിക്കുന്നത്. ഈ സംരംഭത്തിന് തുടക്കമിട്ടത് എറണാകുളത്താണ്. അത്യന്തം മോഡേണായ ആ സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിന് ഞാൻ തന്നെയാണ് പോയത്. കുഞ്ഞുങ്ങളെ വാഹനത്തിൽ കൊണ്ടുവരികയും വൈകുന്നേരം വാഹനത്തിൽതന്നെ അവരുടെ പാർപ്പിട സ്ഥലത്ത് തിരിച്ചെത്തിക്കുകയും ചെയ്യുന്നുണ്ട്. അതിനുള്ള വാഹനവും നമ്മൾ ഏർപ്പാടാക്കിയിട്ടുണ്ട്. കോഴിക്കോട് തുടങ്ങി 9 സ്ഥലങ്ങളിൽ ഇപ്പോൾ ഇതുപോലുള്ള ശിശുപരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇനിയും എവിടെയെങ്കിലും ആവശ്യമുണ്ടെങ്കിൽ തുടങ്ങാൻ സാധിക്കും. അതുപോലെ മിനി അങ്കണവാടികളെ എങ്ങനെയാണ് രക്ഷപ്പെടുത്തുക എന്നുള്ള കാര്യം പറഞ്ഞു. എന്തെല്ലാം തരത്തിലുള്ള അങ്കണവാടികളാണെന്ന് അറിയാമോ? ഈ വകുപ്പ് ഏറ്റെടുത്ത് പരിശോധിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. മോഡൽ അങ്കണവാടി, മിനി അങ്കണവാടി, സ്പെഷ്യൽ അങ്കണവാടി എന്നീ പല പേരുകളിലാണ്. നമുക്കതിനൊരു ഐക്യരൂപമുണ്ടാക്കണമെന്ന് വകുപ്പുദ്യോഗസ്ഥരോട് പറഞ്ഞിട്ടുണ്ട്. എല്ലാം ക്രമീകരിച്ച് സ്മാർട്ടായിരിക്കണം. സ്മാർട്ടായിരിക്കണം എന്നതുകൊണ്ട് കമ്പ്യൂട്ടർ ഘടിപ്പിക്കലല്ല എന്നു ഞാൻ ഒന്നുകൂടി അടിവരയിട്ട് പറയുന്നു. അതാണ് പലരും അർത്ഥമാക്കുന്നത്. അതിനൊരു പ്ലാനുണ്ട്. കാണുമ്പോൾ നിങ്ങൾക്കത് മനസ്സിലാക്കാൻ സാധിക്കും. നിയമനങ്ങൾ നടക്കുന്നത് പ്രത്യേക രീതിയിലാണ്, അതിൽ മാറ്റങ്ങളൊന്നും ഈ ഗവൺമെന്റ് വരുത്തിയിട്ടില്ല. എന്നാൽ ധാരാളം കോടതി കേസ്സുകളും പ്രശ്നങ്ങളുമായിട്ട് വർക്കർമാരുടെയും സൂപ്പർവൈസർമാരുടെയും നിയമനങ്ങൾ പലപ്പോഴും തടസ്സപ്പെടുന്നുണ്ട്. ഇതിൽ പ്രൊമോഷന്റെ കാര്യത്തിൽ പ്രത്യേക താല്പര്യമെടുത്തിട്ടുണ്ട്. 'ആദ്യ ആയിരം ദിനങ്ങൾ' എന്നുള്ളത് പ്രത്യേക പ്രോജക്ടായിട്ടുതന്നെ ഈ ഗവൺമെന്റ് എടുത്തുകഴിഞ്ഞിരിക്കുന്നു. ബ്രെസ്റ്റ് ഫീഡിംഗ് കൂടുതൽ നന്നാക്കുക, കുഞ്ഞിന്റെ ആരോഗ്യം സംരക്ഷിക്കുക എന്നുള്ളതാണ്. ശ്രീ. പി. സി. ജോർജ് പറഞ്ഞ വാക്ക് പിൻവലിച്ചിട്ടുണ്ട്. ശ്രീമതി ഇ. എസ്. ബിജിമോൾ അതിലിടപെട്ടു. ഞാനൊരു വനിതാ പ്രവർത്തകകൂടിയാണെന്നുള്ളതുകൊണ്ട് അത് പറയാതിരിക്കാൻ വയ്യ. സ്ത്രീ-പുരുഷ സമത്വമെന്ന് പറയേണ്ടി വന്നിട്ടുള്ളത് എത്രയോ വർഷക്കാലമായിട്ട് സ്ത്രീകൾ സമൂഹത്തിൽ downtrodden ആയിപ്പോയതുകൊണ്ടാണ്. പുരുഷൻമാരെക്കാൾ സ്ത്രീകൾക്ക് ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. പുരുഷാധിപത്യ സമൂഹമാണ് എന്നുവച്ചാൽ

ഏതെങ്കിലും ഒരു പുരുഷനെതിരെയല്ല. ആധിപത്യ സമൂഹത്തിൽ patriarchal സൊസൈറ്റിയിൽ സ്ത്രീകൾ അനുഭവിക്കുന്ന, സ്ത്രീകൾ എന്നുപറയുമ്പോൾ ഞങ്ങളേതെങ്കിലും ഒരു പ്രത്യേക വിഭാഗമല്ല. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ ഏതൊരു സ്ത്രീയും ഏതെങ്കിലും പുരുഷന്റെ അമ്മയോ, പെങ്ങളോ, ഭാര്യയോ, മകളോ ഒക്കെയാണ്. അപ്പോൾ patriarchal ആയിട്ടുള്ള ഒരു സൊസൈറ്റിയിൽ വർഷങ്ങളായി സ്ത്രീകൾ അനുഭവിക്കുന്ന പിന്നോക്കാവസ്ഥയും മേധാവിത്വപരമായിട്ടുള്ള സമീപനത്തിന്റെയും ഭാഗമായി വരുന്ന അതിക്രമങ്ങളുമുണ്ട്. ഗാർഹിക പീഡനങ്ങൾ അനുഭവിക്കാത്ത സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. എവിടെയെങ്കിലും ഒരു സ്ത്രീ പുരുഷനെ തല്ലിയെന്നുപറഞ്ഞിട്ട് സ്ത്രീകളെ കേവലയുക്തിയോടെ കാണേണ്ടൊരു വിഷയമല്ലിത്. അത് പുരുഷന്മാർക്കും സ്ത്രീകൾക്കുമറിയാം. അതുകൊണ്ട് അതിന് പ്രത്യേക പരിഗണന നൽകിക്കൊണ്ടുതന്നെ നിയമങ്ങൾ ഉണ്ടാക്കേണ്ടത് ആവശ്യമാണെന്നുള്ളതിന് ഒരു തർക്കവുമില്ല. അതിനെ കേവലയുക്തിയോടെ കാണരുത്, അങ്ങനെ കാണുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണെന്നത് ശ്രീമതി ഇ. എസ്. ബിജിമോൾ ഭംഗിയായി കൈകാര്യം ചെയ്തു. അതിന് പ്രത്യേക അഭിനന്ദനമുണ്ട്. പുരുഷന്മാരായിട്ടുള്ള എം.എൽ.എ.-മാരും അതിൽ നന്നായിട്ട് പറഞ്ഞു. നിങ്ങളും അത് നന്നായി എടുത്തിട്ടുണ്ടെന്നുള്ളതാണ്. അങ്ങനെയൊരു വാദഗതിയിലേയ്ക്ക് പോകാൻ കഴിയില്ല എന്ന് പ്രതിപക്ഷത്തുനിന്നും ധാരാളം ആളുകൾ സൂചിപ്പിച്ചിരുന്നു. വളരെ നന്ദിയുണ്ട്. ഈ ഭേദഗതി പാസ്സാക്കിത്തരുന്നതോടൊപ്പം ഈ ചർച്ചയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കണം, അതുപോലെ മുഴുവൻ അങ്കണവാടികളെയും സ്മാർട്ടാക്കി മനോഹരമാക്കി മാറ്റണം. അങ്ങനെ നമ്മുടെ കുഞ്ഞുമക്കൾക്ക് നേരാംവണ്ണം അവിടെ വന്ന് കളികളിലൂടെ ജീവിതത്തിലെ കാര്യങ്ങൾ ആർജ്ജിക്കുന്നതിനും പോഷകാഹാരം കിട്ടുന്നതിനുമൊക്കെ കഴിയുന്ന രീതിയിൽ അങ്കണവാടികൾ മാറ്റുന്നൊരു വിപ്ലവംതന്നെ കേരളത്തിൽ നടക്കുന്നതിനായി നമുക്ക് കൈകോർക്കാം. വേറെ ആക്ഷേപങ്ങളൊന്നും കൂടുതലായി വന്നിട്ടില്ല, അതുകൊണ്ട് ഇതിലെ കാര്യങ്ങളെല്ലാം ഉൾക്കൊണ്ട് ബിൽ പരിഗണനയ്ക്കെടുക്കണമെന്നുള്ളൊരു അപേക്ഷയാണ് എനിക്കുള്ളത്.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

208. 2-ാം ഖണ്ഡത്തിൽ (i) -ാം ഇനത്തിനുശേഷം താഴെ പറയുന്ന ഇനം ചേർക്കുകയും നിലവിലുള്ള (ii)-ാം ഇനം (iii)-ാം ഇനമായി പുനരക്കം ചെയ്യേണ്ടതുമാണ്.

" (ii) ഖണ്ഡം (v) -ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കു പകരം "വനിത ശിശു വികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. പ്രധാന ആക്റ്റിലെ വകുപ്പ് 10(1)-ൽ "നിധിയുടെ" എന്ന വാക്കിനു പകരം "ക്ഷേമനിധി" എന്ന വാക്ക് ചേർക്കുക.

157. പ്രധാന ആക്റ്റിലെ വകുപ്പ് 10(3) (iv) താഴെ പറയും പ്രകാരം മാറ്റുക:

"(iv) ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്;"

177. ഖണ്ഡം 2 (ii)-ൽ "അസിസ്റ്റന്റ് ഡയറക്ടറുടെ" എന്നീ വാക്കുകൾക്ക് പകരം "അഡീഷണൽ ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

141.പ്രധാന ആക്റ്റിലെ വകുപ്പ് 10(1)-ൽ "നിധിയുടെ" എന്ന വാക്കിനു പകരം "ക്ഷേമനിധിയുടെ" എന്ന വാക്ക് ചേർക്കുക.

145.പ്രധാന ആക്റ്റിലെ വകുപ്പ് 10(1)-ൽ "നടപ്പിലാക്കുന്നതിനും വേണ്ടി" എന്ന വാക്കിനു പകരം "നടപ്പിലാക്കുന്നതിനു വേണ്ടി" എന്ന വാക്കുകൾ ചേർക്കുക.

147. പ്രധാന ആക്റ്റിലെ വകുപ്പ് 10 (3)(iii)-ൽ "ആ വിഷയം കൈകാര്യം ചെയ്യുന്നതിന് വേണ്ടത്ര പ്രാപ്തിയും" എന്ന വാക്കുകൾക്കു പകരം "യോഗ്യതയും" എന്ന വാക്കു ചേർക്കുക.

172. ഖണ്ഡം 2 (ii)-ൽ, "അസിസ്റ്റന്റ്" എന്ന വാക്കിന് പകരം "ജോയിന്റ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

146. പ്രധാന ആക്റ്റിലെ വകുപ്പ് 10 (3) (ii)-ൽ "നാല്" എന്ന വാക്കിനു പകരം "ഒൻപത്" എന്ന് ചേർക്കുക.

170. ഖണ്ഡം 2 (ii)-ൽ "അസിസ്റ്റന്റ്" എന്നീ വാക്കുകൾക്കു പകരം "അഡീഷണൽ"എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

148. പ്രധാന ആക്റ്റിലെ വകുപ്പ് 10 (3)(iii)-ൽ "വിദഗ്ധൻ" എന്ന വാക്കിനു ശേഷം "/വിദഗ്ധ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

152. ഖണ്ഡം 2(i)-ൽ "വനിതാ ശിശു" എന്നീ വാക്കുകൾക്ക് പകരം "വനിതാ-ശിശു" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

153. ഖണ്ഡം 2(i)-ൽ "വനിതാ ശിശു വികസന വകുപ്പ്" എന്നീ വാക്കുകൾക്ക് പകരം "വനിതാ-ശിശു വികസന വകുപ്പിന്റെ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

164. ഖണ്ഡം 2 (ii)-ൽ "വികസന വകുപ്പിലെ" എന്ന വാക്കുകൾക്ക് പകരം "വികസന വകുപ്പിന്റെ" എന്ന വാക്കുകൾ ചേർക്കുക.

186. പ്രധാന ആക്റ്റിലെ വകുപ്പ് 10(3) (viii)-ൽ "ജോയിന്റ് സെക്രട്ടറിയുടെ" എന്നതിനുപകരം "ഡെപ്യൂട്ടി സെക്രട്ടറിയുടെ"എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2 (i)-ൽ "ഖണ്ഡം" എന്ന വാക്കിനു പകരം "ക്രമനമ്പർ" എന്ന വാക്ക് ചേർക്കുക.

151. ഖണ്ഡം 2 (i)-ൽ "വനിതാ ശിശു" എന്നതിനു പകരം "വനിതാ-ശിശു" എന്ന് ചേർക്കുക.

160. ഖണ്ഡം 2 (ii)-ൽ "ഖണ്ഡം" എന്ന വാക്കിന് പകരം "ക്രമനമ്പർ" എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 2 (ii)-ൽ "വനിതാ ശിശു" എന്നതിന് പകരം "വനിതാ-ശിശു" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150.ഖണ്ഡം 2(i)-ൽ "വനിതാ" എന്നതിന് ശേഷം "-" എന്ന ചിഹ്നം ചേർക്കുക.

162. ഖണ്ഡം 2 (ii)-ൽ "വനിതാ" എന്നതിനു ശേഷം "-" എന്ന ചിഹ്നം ചേർക്കുക.

178. ഖണ്ഡം 2 (ii)-ൽ "ഡയറക്ടറുടെ" എന്ന വാക്കിനു പകരം "ഡയറക്ടർ" എന്ന വാക്ക് ചേർക്കുക.

183. ഖണ്ഡം 2(ii)-ൽ "താഴെയല്ലാത്ത" എന്ന വാക്കിനുശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

184. ഖണ്ഡം 2(ii)-ൽ "ഉദ്യോഗസ്ഥൻ" എന്ന വാക്കിനുശേഷം "/ഉദ്യോഗസ്ഥ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

154.ഖണ്ഡം 2(i)-ൽ "വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾക്ക് പകരം "സാമൂഹ്യനീതി ഡയറക്ടറും വനിതാ ശിശു വികസന ഡയറക്ടറും" എന്ന വാക്കുകൾ ചേർക്കുക.

185. പ്രധാന ആക്റ്റിലെ വകുപ്പ് 10(3)(vi)-നുശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"(vii) സോഷ്യൽ വർക്കിൽ വിദ്യാഭ്യാസയോഗ്യതയും പ്രവർത്തി പരിചയവുമുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ പ്രതിനിധി;"

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. ഖണ്ഡം 2(i)-ൽ "എന്ന" എന്ന വാക്ക് വരുന്നയിടത്തെല്ലാം "എന്നീ" എന്ന വാക്ക് ചേർക്കുക.

161. ഖണ്ഡം 2 (ii)-ൽ "എന്ന" എന്ന വാക്ക് വരുന്നിടത്തെല്ലാം "എന്നീ" എന്ന വാക്ക് ചേർക്കുക.

166. ഖണ്ഡം 2(ii)-ൽ, "അസിസ്റ്റന്റ്"എന്ന വാക്കിന് പകരം "അഡീഷണൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2 (ii)-ൽ "പദവിയിൽ താഴെയല്ലാത്ത" എന്നീ വാക്കുകൾക്ക് പകരം "പദവി വഹിക്കുന്ന"എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 140, 157, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 141, 145, 147, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 146, 170 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 148, 152, 153, 164, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 149, 151, 160, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 150, 162, 178, 183, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 154, 185, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 155, 161, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

192. ഖണ്ഡം 3-ൽ "വർഷക്കാലത്തേയ്ക്ക്" എന്ന വാക്ക് കാണപ്പെടുന്നിടത്തെല്ലാം നിന്ന് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 3-ൽ "മൂന്ന്"എന്ന വാക്കിന് പകരം "നാല്" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 3-ൽ "മൂന്ന് വർഷക്കാലത്തേയ്ക്ക്"എന്ന വാക്കുകൾക്കു പകരം "മൂന്ന് വർഷത്തേയ്ക്ക്" എന്നാക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. പ്രധാന ആക്റ്റിലെ വകുപ്പ് 12(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "ഇതിൽ ഏതാണ് ആദ്യം വരുന്നത് അതുവരെ"എന്ന വാക്കുകൾക്കു പകരം "ഇവയിൽ ആദ്യമേതോ അന്നുവരെ" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 4(2)-ൽ "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ"എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. ദീർഘ ശീർഷകത്തിൽ "കേരള" എന്നതിന് പകരം "സംസ്ഥാനത്തെ"എന്ന വാക്ക് ചേർക്കുക.

110. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്കു പകരം "താഴെപ്പറയുന്ന " എന്ന വാക്ക് ചേർക്കുക.

139. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: "(2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘ ശീർഷകത്തിൽ "ആക്റ്റ്" എന്നത് ഒഴിവാക്കി "നിയമം" എന്നാക്കുക.

116. ഖണ്ഡം 1 (1)-ൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

123. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്ന വാക്കിനു പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

125.ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: " (2) ഇത് 2019 മാർച്ച് 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 1 (2)-ൽ "2019 മാർച്ച് 1-ാം തീയതി" എന്നതിന് പകരം "ഉടൻ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്ക് പകരം " ഇനി പറയുന്ന " എന്ന വാക്ക് ചേർക്കുക.

121. ഖണ്ഡം 1 (2)-ൽ "തീയതി" എന്ന വാക്കിനു ശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. സി. കമറുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിനു പകരം "ഇനിപ്പറയും " എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ടി ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: " (2)ഇത് 2019 നവംബർ 11-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 106, 110, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 107, 116, 123, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 118 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 111, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ): സർ, 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (2) 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഉപധനാഭ്യർത്ഥനയുടെ ഭാഗമായ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങളെ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ബിൽ പാസ്സാക്കേണ്ടത് ആവശ്യമാണ്. ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ഉപധനാഭ്യർത്ഥനയുടെ ഭാഗമായി വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറയാനുണ്ട്. ഒന്നാമതായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ കൂടുതൽ ഫലവത്തായി മുമ്പോട്ടുകൊണ്ടുപോകുന്നതിനും ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുത്താനുമാണ് വിദ്യാലയങ്ങൾക്ക് ഏറ്റവും കൂടുതൽ പണം അനുവദിച്ചിട്ടുള്ളത്. അതുപോലെ വ്യാവസായിക രംഗത്ത് സംയുക്ത സംരംഭമായി ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ഓഹരി വിൽക്കുന്ന സമയത്ത് അത് വാങ്ങുന്നതിനും പണം നീക്കിവച്ചിട്ടുണ്ട്. ദേവസ്വം ബോർഡിനും പണം നീക്കി വച്ചിട്ടുണ്ട്. ഈ അലോട്ട്മെന്റ് പ്രവൃത്തിപഥത്തിലെത്തിക്കാൻ ഈ നിയമം പാസ്സാകേണ്ടതുണ്ട്. നമ്മുടെ നാടിന്റെ വികസനവും സമാധാനജീവിതവും ഉറപ്പുവരുത്താനുതകുന്ന പദ്ധതികളാണ് ഗവൺമെന്റും ധനവകുപ്പുമെല്ലാം മുമ്പോട്ടുകൊണ്ടുപോകുന്നത്. ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സർക്കാർ എന്ന നിലയിൽ ഇതിന്റെ മുഖമുദ്രതന്നെ വികസനമാണ്. അതുകൊണ്ട് ഈ സഭയിലും വികസനം വലിയ നിലയിൽ ചർച്ച ചെയ്തിട്ടുണ്ട്; അത് ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. പലരും പറയുന്നതുപോലെ പലപ്പോഴും രാഷ്ട്രീയത്തിനതീതമായ വികസനമല്ല ഇവിടെ നടക്കുന്നത്, രാഷ്ട്രീയത്തിന് വിധേയമായിട്ടുള്ള വികസനമാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. അതായത് വളരെ വ്യക്തവും ശക്തവുമായ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ നിലപാടിൽ നിന്നുകൊണ്ടാണ് ഈ സർക്കാരിന്റെ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തിയത്. ഈ സർക്കാരിന്റെ വികസന പദ്ധതികളെയും സമീപനങ്ങളെയും ക്ഷേമപദ്ധതികളെയും മനസ്സുകൊടുത്ത് വിശകലനം ചെയ്താൽ, രാഷ്ട്രീയത്തിനതീതമല്ല, രാഷ്ട്രീയനിബദ്ധമാണ്

വികസനമെന്ന് എല്ലാവർക്കും മനസ്സിലാകും. രാജ്യം വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയമാണിത്. കോൺഗ്രസ് നയിച്ച യു.പി.എ. ഗവൺമെന്റിന്റെ അനുഭവവും ബി.ജെ.പി. നയിച്ചുകൊണ്ടിരിക്കുന്ന എൻ.ഡി.എ. സർക്കാരിന്റെ അനുഭവവും നമുക്ക് മുമ്പിലുണ്ട്. ഈ രണ്ടുഗവൺമെന്റുകൾക്കും പൊതുമേഖലാ സ്വകാര്യവൽക്കരണമെന്നുള്ളത് അവരുടെ ഒരു കലാപരിപാടിയാക്കി മാറ്റിയ ഒരേ നയമായിരുന്നു. അതുകൊണ്ട് ബി.ജെ.പി.യുടെ സ്വകാര്യവൽക്കരണത്തെ കോൺഗ്രസിന് എതിർക്കാനാകുന്നില്ല. ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ കാണുന്നത് അതാണ്. ഈ ദിവസങ്ങളിലൊക്കെ ചർച്ചാവിഷയമായ ഭാരത് പെട്രോളിയം കമ്പനി സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടികളുമായി കേന്ദ്രഗവൺമെന്റ് മുമ്പോട്ടുപോയി. പന്ത്രണ്ടായിരം കോടിയിൽപ്പരം ലാഭം കാണിക്കുന്ന ഈ സ്ഥാപനം യു.എസ്. കമ്പനിക്ക് വിൽക്കുന്നുവെന്നാണ് കേട്ടത്. അടുത്തകാലത്ത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനവേളയിൽ പ്രധാനമായും നടപ്പാക്കിയ ഇടപാട് അതായിരുന്നു. ബി.പി.സി.എൽ. എന്ന സ്ഥാപനം Exxon Mobil എന്ന കമ്പനിക്ക് വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. പാർലമെന്റിൽ കോൺഗ്രസ്സ് അതിനെ എതിർത്തില്ല. കേരളത്തിൽ കേന്ദ്രനയത്തിന്റെ ഭാഗമായി BHEL-ന്റെ ഷെയർ വിൽക്കാൻ തീരുമാനിച്ച് അവർ കയ്യൊഴിയുമ്പോൾ, ഉപധനാഭ്യർത്ഥനയുടെ ഭാഗമായി അത് വാങ്ങാൻ പണം നീക്കിവച്ചിരിക്കുകയാണ്. അതാണ് ഇടതുപക്ഷത്തിന്റെ നയം. യു.ഡി.എഫ്. ആയിരുന്നെങ്കിൽ അത് സംഭവിക്കില്ലായിരുന്നു. അതാണ് വ്യത്യാസം. വികസനം വെറുതെ ഉള്ളതല്ല, രാഷ്ട്രീയത്തിനതീതമായതാണ്. ഇടതുപക്ഷ രാഷ്ട്രീയത്തിൽ നിന്നുകൊണ്ടാണ് വികസനപ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്. ഇവിടെ കേന്ദ്ര സർക്കാർ വിമാനത്താവളങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നടപടി തുടങ്ങി. തിരുവനന്തപുരം ഉൾപ്പെടെ അഞ്ചോ ആറോ വിമാനത്താവളങ്ങൾ വിൽക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം വിൽക്കാൻ പറ്റില്ല, അത് ഞങ്ങൾ നടത്തിക്കൊള്ളാം; പണം വേണമെങ്കിൽ തരാം എന്നുള്ളതാണ് ഇടതുപക്ഷ നിലപാട്. ചിലപ്പോൾ വികസന സംവാദത്തിനിടയിൽ പ്രതിപക്ഷത്തുനിന്നും ഇടതുപക്ഷ ബദൽ എന്നാൽ എന്താണെന്ന ചോദ്യം ഉയർന്നുവരാറുള്ളതുകൊണ്ടാണ് പറഞ്ഞത്, ഇതാണ് വ്യത്യാസം. ഇത് എല്ലാ കാര്യങ്ങളിലുമുണ്ട്. ഇപ്പോൾ അടിസ്ഥാന സൗകര്യവികസനത്തിന് ഗവൺമെന്റ് വൻ പ്രാധാന്യം കൊടുക്കുകയാണ്. നമുക്ക് പണമുണ്ടായിരുന്നില്ല, അതുകൊണ്ട് വെറുതെ നിസ്സഹായത കാണിക്കുകയല്ല ചെയ്തത്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) എന്ന പുതിയ സംവിധാനം കൊണ്ടുവന്ന് അതുവഴി

ധനസമാഹരണം നടത്തി. അടിസ്ഥാന സൗകര്യവികസനത്തിലൂടെ മാത്രമേ സമൂഹത്തിന്റെ സമസ്തമേഖലയിലുമുള്ള വികസന സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാകുവെന്ന് കണ്ടുകൊണ്ട് അതിന് പ്രാധാന്യം കൊടുക്കുകയാണ്. ഇടതുപക്ഷ നിലപാടാണ് അതിനകത്തുള്ളത്. ദേശീയപാതാ വികസനത്തിന് ഒരുപാട് തടസ്സങ്ങളുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പലതവണ ഡൽഹിയിൽ പോയി, ഇപ്പോൾ അതിന്റെ പ്രതിബന്ധങ്ങൾ നീങ്ങിക്കിട്ടി. പക്ഷേ, മറ്റാരോടും കാണിക്കാത്ത വളരെ തെറ്റായ നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചു. ദേശീയപാതാ വികസനത്തിന് ആകെ വേണ്ടിവരുന്ന തുകയിൽ ആറായിരം കോടി രൂപയോളം നമ്മൾ കൊടുക്കണമെന്ന് വ്യവസ്ഥ വച്ചപ്പോൾ ഈ സർക്കാരിനോടൊപ്പം, നിൽക്കാൻ പ്രതിപക്ഷത്തെ സുഹൃത്തുക്കൾ തയ്യാറായില്ല. ഇവിടത്തെ ചില വേന്ദ്രബുദ്ധികളും ആ പദ്ധതി അട്ടിമറിക്കുന്നതിനുപിന്നിൽ, വൈകിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. 'പണം പോട്ടേ പവർ വരട്ടെ' എന്നുപറഞ്ഞതുപോലെ പണം പോട്ടെ വികസനം വരട്ടെ, ആറായിരം കോടി രൂപ കൊടുത്തിരിക്കുകയാണ്. അത് ഈ സർക്കാരിന്റെ നിലപാടാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈവരിച്ച വമ്പിച്ച നേട്ടത്തിന്റെ സ്റ്റാറ്റിസ്റ്റിക്സൊന്നും അവതരിപ്പിക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തുള്ള സാഹചര്യമെന്തായിരുന്നു? 2013 നവംബർ 1 ശ്രേഷ്ഠഭാഷാദിനത്തിൽ, പൊതുവിദ്യാലയം, മലയാളം മീഡിയം സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവിട്ട പാരമ്പര്യമാണ് അവിടെയുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യമായി ഒപ്പുവച്ച ഫയൽ ആ വിദ്യാലയം ഏറ്റെടുക്കാനുള്ളതായിരുന്നു. അന്ന് തുടങ്ങിയതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുവേണ്ടിയുള്ള പടയോട്ടം. പൊതുവിദ്യാഭ്യാസരംഗത്തെ വൻകുതിപ്പിലേക്ക് എത്തിച്ചത് ആ സമീപനമാണ്. അതാണ് ഇടതുപക്ഷ ബദലെന്നുപറയുന്നത്. ആരോഗ്യമേഖലയിൽ സാർവ്വദേശീയമായി പ്രശംസിക്കപ്പെടുന്ന നിലയിലേക്ക് മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. തൊഴിൽ വകുപ്പ് എന്നുപറയുന്നത് അനുഭവപ്പെട്ടത് ഈ സന്ദർഭത്തിലാണ്. എത്ര ക്ഷേമപദ്ധതികൾ; എന്തെല്ലാം ആനുകൂല്യങ്ങൾ; അതിനെയൊക്കെ വലിയ നിലയിലാണ് ഗവൺമെന്റ് സപ്പോർട്ട് ചെയ്യുന്നത്. പി.എസ്.സി. പരീക്ഷകളൊക്കെ മലയാളത്തിൽക്കൂടി എഴുതാനുള്ള സാഹചര്യമുണ്ടാക്കിയത് ഇടതുപക്ഷത്തിന്റെ ഭാഷാനയത്തിൽ അതിശക്തമായി ഈ ഗവൺമെന്റ് നിൽക്കുന്നതുകൊണ്ടാണ്. നിക്ഷേപസൗഹൃദ അന്തരീക്ഷം, സ്റ്റാർട്ട് അപ്-കൾക്കുള്ള പുരോഗതി തുടങ്ങിയവയെല്ലാം അതിന്റെ ഭാഗമായി വന്നതാണ്. കാർഷികമേഖലയിലും ആ മുന്നേറ്റമുണ്ടായിട്ടുണ്ട്. പൊതുമരാമത്ത്, സാംസ്കാരികം തുടങ്ങിയ ഏത് മേഖലയെടുത്താലും പ്രതിപക്ഷത്തിന് ഈ സർക്കാരിനെക്കുറിച്ച് വിമർശിക്കാനുള്ള ഒരു പഴുതുമില്ല. ഇന്ന് രാവിലെ

അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ ഒന്നും പറയാനില്ലാഞ്ഞിട്ടും ശ്രീ. കെ. സി. ജോസഫ് ഒരു കാര്യം അവതരിപ്പിക്കുന്നത് ഇവിടെ പരസ്പരവിരുദ്ധമായ മറുപടി കൊടുത്തിരിക്കുന്നുവെന്നുപറഞ്ഞാണ്. എന്താ സംഭവിച്ചതെന്ന് നോക്കിയപ്പോൾ രണ്ട് ചോദ്യത്തിന് രണ്ട് ദിവസങ്ങളിലായി കൊടുത്ത എക്സ്പെൻഡീച്ചറിനെക്കുറിച്ചാണ് പറയുന്നതെന്ന് മനസ്സിലായി. രണ്ട് ദിവസങ്ങളിലാകുമ്പോൾ രണ്ട് തുക വരും. സ്വാഭാവികമാണ്. ചെറിയ വ്യത്യാസം കാണിച്ചിട്ട് ഇങ്ങനെയൊക്കെ വികലമായി അവതരിപ്പിക്കേണ്ടിവരുന്നത് വസ്തുതയുടെ അടിസ്ഥാനത്തിലൊന്നും ചെയ്യാനില്ലാത്തതുകൊണ്ടാണ്.

Mr. Speaker: Please conclude.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒറ്റകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. യഥാർത്ഥത്തിൽ ഈ സഭ ചർച്ച ചെയ്യേണ്ടിയിരുന്നതെന്താണ്? കേരളത്തിന്റെ സമ്പന്നമായ നവോത്ഥാന പാരമ്പര്യമുണ്ടല്ലോ. അതിനെ തകിടം മറിക്കാനുള്ള ശ്രമം പഴയ വിമോചന സമരസഖ്യത്തിന്റെ തനിയാവർത്തനമെന്ന നിലയിൽ സമീപകാലത്തുണ്ടായി. അതായിരുന്നു കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ വട്ടിയൂർക്കാവിലും കോന്നിയിലുമൊക്കെയുണ്ടായത്. ആ ശ്രമം പൊളിഞ്ഞു. യഥാർത്ഥത്തിൽ ഇവിടത്തെ സാമുദായിക രാഷ്ട്രീയത്തിനെതിരായി ജനാധിപത്യരാഷ്ട്രീയം കൈവരിച്ച വിജയമായിരുന്നു ഈ സഭയിൽ ചർച്ച ചെയ്യപ്പെടേണ്ടിയിരുന്നത്. അതിന് പ്രതിബന്ധമുണ്ടാക്കാൻ വിക്രമാദിത്യന്റെ തോളിൽ വേതാളം തൂങ്ങുന്നതുപോലെ ഈ സഭ തുടങ്ങി ആദ്യത്തെ മൂന്ന് ദിവസവും ബഹുമാനപ്പെട്ട സ്പീക്കറുടെ വേദിയുടെ കൈവരിയിൽ തൂങ്ങിക്കിടക്കുകയായിരുന്നു. വികൃതമായ കാഴ്ചയായിരുന്നു. അത് യഥാർത്ഥത്തിൽ എന്തുകൊണ്ടാണ്? ഇവരുടെ രാഷ്ട്രീയത്തെ പൂർണ്ണമായും പൊളിച്ചെഴുതി ജനങ്ങൾ തിരസ്കരിച്ചു. അത് ചർച്ച ചെയ്യേണ്ട കാര്യമാണ്. ഒന്നും പറയാനില്ലാത്തതിനാൽ സർക്കാരിനെതിരായി നിസ്സാര കാര്യങ്ങൾ പറയുകയാണ്. വികസനം കൊതിക്കുന്നവരാണെങ്കിൽ വികസനോന്മുഖമായ രാഷ്ട്രീയം മുമ്പോട്ടുകൊണ്ടുപോകുന്ന ഈ സർക്കാരിനെ പിന്തുണയ്ക്കുകയാണ് ചെയ്യേണ്ടത്. അതിന് നിങ്ങൾ സന്നദ്ധമാകണം.

ശ്രീ. ഇ. കെ. വിജയൻ: സർ, 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. അതിഭീകരമായ പ്രളയം കേരളത്തിലെ എല്ലാ മേഖലകളെയും തകർത്ത് തരിപ്പണമാക്കി. സാമ്പത്തിക പ്രതിസന്ധികൊണ്ട് തകരുമെന്ന് പ്രതീക്ഷിച്ച സമയത്തുപോലും ട്രഷറി പൂട്ടാതെ, കേരളത്തിന്റെ സമസ്ത മേഖലകളുടെയും വികസനം ഉറപ്പുവരുത്താൻ ധനകാര്യ വകുപ്പുമന്ത്രി നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുകൊണ്ട് കേരളത്തെ മുന്നോട്ട്

കൊണ്ടുപോകുന്ന എന്നതാണ് അനുമോദിക്കാൻ കഴിയുന്ന സാഹചര്യം. അതിന്റെ ഭാഗമായാണ് ഇവിടെ എനിക്ക് മുൻപ് സംസാരിച്ച പ്രിയപ്പെട്ട മെമ്പർ ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് പിന്നീട് നടന്ന ഉപതെരഞ്ഞെടുപ്പുകളുടെ ഫലം എന്താണ്? പാലാ നിയമസഭാ മണ്ഡലത്തിലെ പുതിയ അംഗം ഇവിടെ ഇരിക്കുന്നുണ്ട്. വട്ടിയൂർക്കാവിനെപറ്റിയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശബരിമലയുടെ കേന്ദ്രം, പൂങ്കാവനം എന്നറിയപ്പെടുന്ന കോന്നിയിൽ എൽ.ഡി.എഫ്. ഉജ്ജ്വലമായ വിജയം നേടുകയുണ്ടായി. തീർച്ചയായും ഇതിന് ഒരു അടിവരയിട്ടതാണ്. കേരളത്തിൽ ഇത്രയേറെ പ്രതിസന്ധികൾ ഉള്ളപ്പോഴും, കേരളത്തിന്റെ ദേശീയപാതാ വികസനം, തീരദേശപാത, ഗെയിൽ പദ്ധതി, മലയോര ഹൈവേ തുടങ്ങിയവയൊക്കെ മുടങ്ങാതെ നടത്തിക്കൊണ്ടുപോകുകയാണ്. എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.....

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോയിന്റ് ഓഫ് ഓർഡർ. വളരെ പ്രധാനപ്പെട്ട ഒരു ബില്ലായ ധനവിനിയോഗ ബിൽ ഇവിടെ ചർച്ച ചെയ്യുകയാണ്. ഓഫീസ് ഗ്യാലറിയിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെങ്കിലുമുണ്ടോ?

മി. സ്പീക്കർ: ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കുറവുണ്ടോ എന്നുള്ളത് പരിശോധിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇവിടെ ഓർമ്മ വരുന്നത്, ഒരു ഇംഗ്ലീഷ് പഴമൊഴിയാണ്, 'ചിലരെ കുറച്ചുനാൾ പറ്റിക്കാം, എന്നാൽ എല്ലാവരെയും എല്ലാ നാളും പറ്റിക്കാൻ കഴിയില്ല' എന്നുള്ളത്. അതാണിവിടെ തെളിയിക്കപ്പെട്ടത്. ജനങ്ങളെ പറ്റിച്ച് മുന്നോട്ട് പോകാൻ കഴിയില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട് എന്നത് യു.ഡി.എഫ്.നെക്കുറിച്ചാണ് പറഞ്ഞത്. കിഫ്ബിയെക്കുറിച്ചാണ് ഇനി പറയാൻ പോകുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വേറിട്ട്, ഇത്രയേറെ പ്രതിസന്ധികൾ ഉണ്ടായിട്ടും അതിനെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്ന് തെളിയിച്ചതാണ് കിഫ്ബി. സമസ്തമേഖലകളിലും വികസനപ്രവർത്തനങ്ങൾ നടക്കുകയാണ്. വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന മേഖല, കാർഷിക മേഖല തുടങ്ങി എല്ലാ മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. ഈ സർക്കാർ അഞ്ച് വർഷം പൂർത്തീകരിക്കുമ്പോൾ, കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം ഉണ്ടാകാത്ത വലിയൊരു വികസന നേട്ടമാണ് കേരളത്തിലുണ്ടാകുന്നത് എന്നതാണ് യാഥാർത്ഥ്യം. യഥാവിധി ബഡ്ജറ്റ് അവതരിപ്പിച്ച് സംസ്ഥാന ഭരണം മുന്നോട്ട് പോകുക എന്നതിനപ്പുറത്ത് പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് വരുംതലമുറയെ എങ്ങനെ കേരളത്തിന്

സംരക്ഷിക്കാൻ കഴിയും, അതിന്റെ ബാധ്യത ഈ ഗവൺമെന്റിന് എങ്ങനെ നിർവ്വഹിക്കാൻ കഴിയും, അതിന് സഹായകരമായ സാമ്പത്തിക നടപടികളാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി എല്ലാ മേഖലകളിലും വലിയ മുന്നേറ്റമാണ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. റോഡ്, പാലം എന്നിവയുടെ കാര്യം എല്ലാവർക്കും ബോധ്യമുള്ളതാണ്. റോഡിന്റെ കാര്യത്തിൽ ഗ്രാമീണ മേഖലയുടെ തകർച്ച പരിഹരിക്കാൻ എന്താണ് ചെയ്യാൻ കഴിയുക എന്ന് ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. കാർഷിക മേഖലയിൽ നെല്ലുൽപ്പാദനത്തിൽ വലിയ മുന്നേറ്റമുണ്ടായി. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, ഉണ്ടാക്കിയെടുക്കുന്ന നെല്ലിന്റെ അളവ്, ക്ഷീര മേഖല തുടങ്ങിയവയൊക്കെ ആ മാറ്റത്തിനനുസരിച്ച് ഈ സംസ്ഥാനത്തെ കഴിഞ്ഞ കാലങ്ങളിൽനിന്ന് വിഭിന്നമായ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണം, ആരോഗ്യ മേഖലയിലെ കാര്യങ്ങൾ തുടങ്ങിയവയെല്ലാം ഇവിടെ നേരത്തേ സൂചിപ്പിച്ചു. കുടുംബാരോഗ്യ കേന്ദ്രം, മെഡിക്കൽ കോളേജ് എന്നിവ ഉൾപ്പെടെ എല്ലാ സംവിധാനങ്ങളും മാറ്റി ഒട്ടേറെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയുമെല്ലാം തസ്തികകൾ പുതുതായി സൃഷ്ടിച്ച് മുന്നോട്ടുപോകുന്നു. ഇന്നത്തെ ഇന്ത്യയുടെ സാഹചര്യങ്ങളെ മാറ്റിമറിക്കാൻ ഒരു മതേതര രാഷ്ട്രം നിലനിൽക്കണമെങ്കിൽ വിദ്യാഭ്യാസ മേഖലയിൽ ഊന്നൽ നൽകണമെന്ന കാഴ്ചപ്പാടോടുകൂടി പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി വലിയ മുന്നേറ്റം നടക്കുകയാണ്. വില്ലേജ് ഓഫീസുകൾ എന്ന പഴയ സങ്കൽപ്പം മാറി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് വന്നു. മുൻപ് പറഞ്ഞതുപോലെതന്നെ ഒരു ലക്ഷം പട്ടയം ഇതിനകം നൽകിക്കഴിഞ്ഞു. റേഷൻ സംവിധാനത്തിൽ, അനർഹരായവരെ ബി.പി.എൽ. വിഭാഗത്തിൽനിന്ന് ഒഴിവാക്കി, അർഹരായ പുതിയ പതിനഞ്ച് ലക്ഷം ആളുകൾക്ക് അതിന്റെ ആനുകൂല്യം ലഭിക്കുന്ന സംവിധാനമൊരുക്കി. ഈ നാട്ടിൽ അഴിമതിരഹിത സംവിധാനം ഉറപ്പിച്ചു. കേരളത്തിലെ സാംസ്കാരിക രംഗം ഈ രീതിയിൽ മാറ്റിയെടുക്കുന്നതിൽ മുന്നിൽനിന്ന് പ്രവർത്തിച്ച സാംസ്കാരിക നായകന്മാരെയും അവശ കലാകാരന്മാരെയും സഹായിക്കാനുള്ള ബൃഹത് പദ്ധതി ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. തൊഴിൽ മേഖലകളിൽ ആധുനികവൽക്കരണം നടത്തിക്കൊണ്ട്, ഐ.ടി.ഐ. ഉൾപ്പെടെ, ഇന്ന് ലോകത്തെ ഏറ്റവും സാദ്ധ്യമായ വിദ്യാഭ്യാസ സംവിധാനമൊരുക്കുന്ന നിലയും ഉണ്ടാകുന്നു. യു.ഡി.എഫ്.ന്റെ ഭാഗത്തുനിന്ന് മാർച്ച് 31-നകം പണം ചെലവഴിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരു സിനിമയിൽ, നാടക ട്രൂപ്പ് എത്താത്തതിന്റെ അടിസ്ഥാനത്തിൽ ഉടനെ എത്തണമെന്ന് പറയുമ്പോൾ,

'അല്ല ഞാൻ അരമണിക്കൂർ മുൻപേ പുറപ്പെടണോ' എന്ന് ശ്രീ. ഇന്നസെന്റ് ചോദിക്കുന്നുണ്ട്. അതുപോലെയാണ് ഏപ്രിൽ 1 മുതൽ വരുന്ന ചെലവുകൾ പഴയ ബഡ്ജറ്റ് തുകയിൽനിന്ന് നീക്കിവയ്ക്കണമെന്ന ആവശ്യം യു.ഡി.എഫ്. ഉന്നയിച്ചിട്ടുള്ളത്. അതോടൊപ്പം ഒരു നിർദ്ദേശം എനിക്ക് പറയാനുള്ളത്, ഭാരതപ്പുഴ ഉൾപ്പെടെയുള്ള എല്ലാ പുഴകളിലും നദികളിലും കായലുകളിലും തോടുകളിലും മണൽ കുന്നുകൂടിയിട്ടുണ്ട്. പക്ഷേ ജെ.സി.ബി. പോലുള്ള യന്ത്രങ്ങളൊന്നും ഉപയോഗിക്കാതെ, കോടിക്കണക്കിന് മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ സമഗ്രമായ വികസനത്തിന് തൊഴിലും അതോടൊപ്പം വരുമാനവും ഉണ്ടാക്കുന്ന ഒരു നില സ്വീകരിക്കുന്ന പദ്ധതി ആവിഷ്കരിക്കാൻ കഴിയും. അത്തരം പ്രോജക്ട് തയ്യാറാക്കി റവന്യൂ വർദ്ധിപ്പിക്കാനുള്ള ഒരു സമീപനത്തെക്കുറിച്ച് ഗൗരവമേറിയ ചർച്ച നടത്തി മുന്നോട്ടുപോകണം. തീർച്ചയായും യു.ഡി.എഫ്.-ഉം ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുമെന്നാണ് എനിക്ക് തോന്നുന്നത്. രാഷ്ട്രീയ പ്രശ്നങ്ങളൊക്കെ പറഞ്ഞാലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് വേറിട്ട്, ഈ പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന് എല്ലാവിധ പിന്തുണയും എല്ലാവരുടെ ഭാഗത്തുനിന്നും ലഭിക്കും. അതിന്റെ നാന്ദിയാണ് ഞാൻ നേരത്തേ സൂചിപ്പിച്ച ഉപതെരഞ്ഞെടുപ്പ് വിധി. ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. 'ഏതൊരു ഗുരുതരമായ പ്രതിസന്ധിയും അത് ബാധിക്കുന്നവരിൽ വലിയ ആഘാതമേൽപ്പിക്കുന്നു. കഴിഞ്ഞ കാല തെറ്റുകളെ പഴിച്ചുകൊണ്ടിരിക്കുന്നതിനുപകരം നമുക്ക് ഭാവിയെ പ്രതീക്ഷയോടെ നോക്കിക്കാണേണ്ടതുണ്ട്'. അങ്ങേയ്ക്ക് ഓർമ്മയുണ്ടോ ഈ വാചകം. ഈ സർക്കാരിന്റെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ തൽസ്ഥിതി വ്യക്തമാക്കാൻ പുറത്തിറക്കിയ ധവളപത്രത്തിൽ ബഹുമാനപ്പെട്ട ധനമന്ത്രി പറഞ്ഞ വാചകങ്ങളാണിത്. എന്നാൽ ഇന്ന് സംസ്ഥാനം മുൻപൊന്നും കണ്ടിട്ടില്ലാത്തവിധം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്നതല്ലേ സത്യം? അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ഈ ആഗസ്റ്റ് മാസം വരെ സംസ്ഥാനത്തിന്റെ കടബാധ്യത 2,50,000 കോടി രൂപയായി മാറി. അതായത് ആളോഹരി ബാധ്യത നോക്കുകയാണെങ്കിൽ ഒരാൾക്ക് 72,000 രൂപയുടെ കടബാധ്യത. ഓരോ വർഷവും ഇത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം സപ്ലിമെന്ററി ഡിമാന്റ് ചർച്ചയിൽ ബഹുമാനപ്പെട്ട ധനമന്ത്രി പറഞ്ഞതെന്താണ്? കടം വർദ്ധിച്ച് നമ്മളാരും കടത്തിൽ മുങ്ങിപ്പോകുമെന്നൊന്നും ആരും വിചാരിക്കേണ്ട എന്നാണ്. കാരണം,

കടമെടുപ്പിന് കേന്ദ്രം പരിധി നിശ്ചയിച്ചിട്ടുണ്ട് എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. എന്നാൽ സംസ്ഥാനത്തിന്റെ ഈ കടമെടുപ്പ് പരിധി 2018-19-ൽ 3%-ത്തിൽ നിന്നും 3.5% ആയും 2019-20-ൽ 4.5% ആയും ഉയർത്തണമെന്നാണ് സർക്കാർ കേന്ദ്രത്തോട് ശിപാർശ ചെയ്തത്. പക്ഷെ കേന്ദ്രം 'No' എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നമ്മൾ കൂടുതൽ കടത്തിലേയ്ക്ക് പോയില്ലെന്നതാണ് വാസ്തവം. നമ്മുടെ സാമ്പത്തിക പ്രയാസങ്ങൾക്ക് എപ്പോഴും സർക്കാർ കാരണമായി പറയുന്നത് പ്രളയമാണ്. എന്നാൽ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 2019-20-ൽ ലക്ഷ്യംവച്ച നികുതി വരുമാനമായ ഏകദേശം 66,000 കോടി രൂപയിൽ കേവലം 20,000 കോടി രൂപ മാത്രമാണ് ആഗസ്റ്റ് മാസം വരെ പിരിക്കാൻ കഴിഞ്ഞത്. അതായത് വെറും 30% മാത്രം. നികുതിയേതര വരുമാനത്തിലാകട്ടെ 15,000 കോടി രൂപയിൽ 4500 കോടി രൂപ മാത്രമാണ് പിരിച്ചത്. അതും 30% മാത്രം. ലോട്ടറിയിൽനിന്നും മദ്യത്തിൽനിന്നുമുള്ള വരുമാനം മാറ്റിനിർത്തിയാൽ ബാക്കിയുള്ളതിന്റെ കണക്ക് പറയാതിരിക്കുകയാണ് ഭേദം. നികുതി പിരിവിലെ കെടുകാര്യസ്ഥത തന്നെയാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. അല്ലാതെ പ്രളയത്തെ മാത്രം പഴിച്ചിട്ട് കാര്യമില്ല. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റം പറയുകയല്ല. ജനങ്ങളുടെ പർച്ചേസിംഗ് പവർ കുറഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിലെ കച്ചവടക്കാരുടെ വിറ്റുവരവ് ഏകദേശം 40-50% ആയി കുറഞ്ഞിട്ടുണ്ട് എന്നുള്ളതാണ് വാസ്തവം. പല കച്ചവടക്കാരും നഷ്ടം സഹിക്കാൻ വയ്യാതെ കട പൂട്ടിപ്പോകുന്നു. ഗൾഫിൽനിന്നും ആളുകൾ കൂട്ടത്തോടെ മടങ്ങുന്നു. പണം വരുന്നത് കുറഞ്ഞ്, വന്ന പണം തന്നെ വളരെ കരുതലോടെ ചെലവഴിക്കപ്പെടുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതുപോലെ ഉത്തേജക പാക്കേജ് എന്തെങ്കിലും പ്രഖ്യാപിച്ചില്ലെങ്കിൽ നമ്മുടെ നാട്ടിലെ ആത്മഹത്യകളുടെ എണ്ണം ഇനിയും കൂടും. ഇന്ത്യയിൽ ആകെ ജനസംഖ്യയുടെ 3% മാത്രമുള്ള കേരളത്തിലെ ആത്മഹത്യ രാജ്യത്തെ മുഴുവൻ ജനസംഖ്യയുടെ 10% ആണെന്നുള്ളതാണ് ഞെട്ടിപ്പിക്കുന്ന കണക്ക്. അത് ഇനിയും കൂടാനുള്ള സാധ്യതയാണ് കാണുന്നത്. ജി.എസ്.ടി. നടപ്പിലാക്കി ഏകദേശം രണ്ട് വർഷം കഴിഞ്ഞിട്ടും നികുതി വകുപ്പ് കാര്യക്ഷമമായി പ്രവർത്തനസജ്ജമായിട്ടില്ല. 2017-18-ലെ വാർഷിക റിട്ടേണുകൾപോലും ഇതുവരെ പരിശോധിച്ചിട്ടില്ല. ഇ-വെബ്-ൽ പരിശോധനയ്ക്ക് ആകെ ക്യാമറ സ്ഥാപിക്കാൻ കഴിഞ്ഞത് വാളയാറിൽ മാത്രമാണ്. സാമ്പത്തിക ഞെരുക്കം കാരണം കഴിഞ്ഞ മാർച്ചിൽ 1848 കോടി രൂപയുടെ ബില്ലുകളാണ് സമയത്ത് പാസ്സാക്കാതെ ട്രഷറിയിൽ ക്യൂവിൽ ഉൾപ്പെടുത്തിയത്. ഇന്ന് രാവിലെ സംസാരിച്ചതാണ്. ഇതിൽ 837 കോടി രൂപ പ്രാദേശിക സർക്കാരുകളുടെ ബില്ലുകളാണ്. ഇതിൽ 450 കോടി രൂപയുടെ ബില്ലുകൾ ഇനിയും പാസ്സാക്കാനുണ്ട്. ഇതിന്റെ അർത്ഥമെന്താണ്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):സർ, കഴിഞ്ഞ ജൂണിൽ അസംബ്ലി ചേർന്നപ്പോൾ ഇതിൽ 808 കോടി രൂപ കൊടുത്തുകഴിഞ്ഞുവെന്ന് ഞാൻ പറഞ്ഞതാണ്. ഇപ്പോൾ ബാക്കിയുള്ളത് കൊടുത്തിട്ടുണ്ട്. സത്യം അതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബാക്കിയുണ്ട്. ഞാൻ ഉദ്ദേശിച്ചത് 450 കോടി രൂപയാണെന്നാണ്. പക്ഷേ അതില്ലെന്ന് ഇപ്പോൾ അങ്ങ് പറഞ്ഞു. ഇതിന്റെ അർത്ഥമെന്താണ്? സാമ്പത്തിക സ്ഥിതി ഇത്രയും മോശമായിട്ടുള്ള കാലം മുൻപുണ്ടായിട്ടുണ്ടോ? അങ്ങ് എന്തുകൊണ്ട് അത് സമ്മതിക്കുന്നില്ല? അതാണ് എനിക്ക് അത്ഭുതം. അങ്ങ് എന്തിനാണ് എല്ലാംകൂടി തലയിൽ എടുത്തുവയ്ക്കുന്നത്? മറ്റുള്ളവർക്കുകൂടി കുറേശ്ശെ വീതിച്ചുകൊടുക്കണം. പത്തിരുപത് മന്ത്രിമാരില്ലേ? എല്ലാം കൂടി ഏറ്റെടുത്ത് ഇവിടെ ഒന്നും സംഭവിച്ചിട്ടില്ല എന്നുപറയുന്നത് എന്തിനാണ്? കൃത്യമായിട്ടുള്ള കാര്യം അങ്ങ് പറയണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ ഖജനാവിൽ ഏറ്റവും കൂടുതൽ ചോർച്ചയുണ്ടാകാൻ കാരണം പെട്രോളിയം മോട്ടോർ വാഹന സെസ്സിനത്തിൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനം കുറഞ്ഞതാണ്. പെട്രോളിയം സെസ്സ് ഇനത്തിൽ ഈ വർഷം സെപ്റ്റംബർ വരെ സർക്കാർ ഫണ്ടിലേയ്ക്ക് വെറും 39 കോടി രൂപ മാത്രം ലഭിച്ചു. അപ്പോൾ കിഫ്ബിക്ക് കിട്ടിയത് 410 കോടി രൂപ. മോട്ടോർ വാഹന സെസ്സിൽ 3 കോടി രൂപ നമുക്ക് കിട്ടിയപ്പോൾ കിഫ്ബിക്ക് കിട്ടിയത് 1230 കോടി രൂപ. ഖജനാവ് ചോർന്ന് കിഫ്ബിയിലേക്ക് തുക മുഴുവൻ ഒഴുകിപ്പോയി. അതാണ് നമ്മുടെ ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം. എനിക്ക് ഒരു സംശയമുണ്ട്; കിഫ്ബിയുടെ പേര് മാറ്റുന്നുണ്ടോ? കിഫ്ബിയുടെ പേര് മാറ്റി 'ബഗൻബി' എന്നാക്കാൻ പോകുന്നു എന്ന് പറയുന്നു. കിഫ്ബിയിലെ ഒരുദ്യോഗസ്ഥൻ രാക്ഷസനാണ്. എല്ലാ ദിവസവും പിടിച്ചുവയ്ക്കാൻ അയാൾക്ക് എന്തെങ്കിലും വേണമെന്ന് പറയുന്നു. എന്തൊക്കെയാണ് ഇവിടെ നടക്കുന്നത്. ഒരു കാര്യം ഞാൻ പറയാം. നമ്മുടെ നാട്ടിലെ റോഡുകൾ എല്ലാ സ്ഥലത്തും കുണ്ടും കുഴിയുമായി വളരെ മോശമാണ്. ഈ കഴിഞ്ഞ 5-8 വർഷം എടുത്തുനോക്കുകയാണെങ്കിൽ ഇപ്പോഴാണ് ഏറ്റവും മോശമായ അവസ്ഥയുള്ളത്. പ്രളയമാണെന്നാണ് അങ്ങ് പറഞ്ഞത്. പക്ഷേ പണം കൊടുക്കണം എന്നാൽ മാത്രമേ നന്നാക്കാൻ കഴിയുകയുള്ളൂ.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എല്ലാവർക്കും മൂന്ന് മിനിറ്റ് അധികം കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങയെ സമയം ഓർമ്മപ്പെടുത്തിയതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഉദ്യോഗസ്ഥന്മാരെയും കോൺട്രാക്ടർമാരെയും വിശ്വാസത്തിലെടുത്തുകൊണ്ടുപോയാൽ മാത്രമേ റോഡ് നന്നാക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ കുഴിയിലൂടെ പോകേണ്ടിവരും.

ഈ സപ്ലിമെന്ററി ഡിമാന്റിൽ കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇടതു തീവ്രവാദം തടയുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ SRES (State Rural Employment Society) പദ്ധതിയിലുൾപ്പെടുത്താനുള്ള ശിപാർശ ഒന്നര വർഷം മുൻപുതന്നെ ഈ സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കേരളം തീവ്രവാദത്തിന്റെയും മാവോയിസ്റ്റ് ഭീഷണിയുടെയും കേന്ദ്രമാണ്. ഇതിനേക്കാൾ എത്രയോ വലിയ കാര്യങ്ങൾ ഇവിടെ നടക്കുന്നില്ലേ? ഈ സർക്കാർ അധികാരത്തിലേറി ഇതിനകം 7 പേരെയാണ് ഇത്തരത്തിലുള്ള ഏറ്റുമുട്ടലിൽ വധിച്ചത്. ഇതിൽ പലതും വ്യാജ ഏറ്റുമുട്ടലാണെന്ന ആരോപണം ശക്തിപ്പെട്ടുവരുന്നുണ്ട്. ഇത് യു.ഡി.എഫ്. ഭരണകാലത്തായിരുന്നെങ്കിൽ കേരളം കത്തിക്കില്ലായിരുന്നോ നിങ്ങൾ? ഇതായിരിക്കുമായിരുന്നോ ഇവിടെ സ്ഥിതി? കേന്ദ്ര ഫണ്ട് നേടിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്ന് നിങ്ങൾ ആരോപിക്കില്ലേ? ഞങ്ങൾ ഏതായാലും അത് ആരോപിക്കുന്നില്ല. അതാണോ ശരിയെന്ന് എനിക്കറിയില്ല. ആയിരം കോടി രൂപ ലഭിക്കേണ്ട കാര്യങ്ങളാണെന്ന് പറയപ്പെടുന്നു. എനിക്ക് കൃത്യമായി അറിയില്ല. ഇടതുപക്ഷം ഇടതുപക്ഷത്തിനെ വെടിവെച്ച് കൊല്ലുക എന്നുപറയുന്നത് ന്യായമായിട്ടുള്ള കാര്യമാണോ? അങ്ങ് ആലോചിക്കണം. ഞാൻ പഴയകാലത്ത് അങ്ങയുടെ പിൻഗാമിയായിട്ട് ഏറ്റവും പിന്നിലത്തെ ബഞ്ചിൽ 'നായ്തൊട്ടകലം' പോലെ ഇരുന്നിരുന്ന ഒരാളാണ്. നായ്തൊട്ടകലം എന്നുപറഞ്ഞാൽ മാറ്റിനിർത്തപ്പെട്ട എന്നാണ് അർത്ഥം. ഞാൻ അന്ന് സ്വതന്ത്രനായിരുന്നതുകൊണ്ട് എന്നെ മാറ്റിനിർത്തി, ഏറ്റവും പിന്നിലായിരുന്നു. ആ ഒരു സ്നേഹം കൊണ്ടാണ് ഞാൻ പറയുന്നത്, ഇടതുപക്ഷത്തിന് ഇടതുപക്ഷത്തെ വെടിവെച്ച് കൊല്ലാൻ പറ്റുമോ? എന്ത് തെറ്റാണ് അവർ ചെയ്തിട്ടുള്ളത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. അമ്പലപ്പുഴ പാൽപ്പായസത്തിന്റെ പേര് മാറ്റി 'ഗോപാല കഷായം' എന്നാക്കാൻ ആലോചന നടക്കുന്നുണ്ട്. അമ്പലപ്പുഴ പാൽപ്പായസം എന്ന് കേൾക്കുമ്പോൾത്തന്നെ അതിലൊരു മാധുര്യമുണ്ട്, അത് കേൾക്കാൻ ഇമ്പമുണ്ട്. കേരള വികസനത്തിന്റെ, കേരള മോഡലുകളുടെ മുഴുവൻ മാധുര്യവും ഇമ്പവും ചോർത്തിക്കളഞ്ഞ് പകരം കഷായത്തിന്റെ കയ്പും ചവർപ്പും കലർത്തുന്ന ഇടതുപക്ഷ രീതിയാണ് ഈ ധനവിനിയോഗ ബിൽ. അതിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഉപധനാഭ്യർത്ഥനകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ധനവിനിയോഗ ബില്ലിനുമുൻപ് ചർച്ച ചെയ്ത അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ചർച്ച ചെയ്യുന്ന സമയത്താണ് എന്ത് ഭാവനയോടുകൂടിയാണ് ആ രംഗത്ത് ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമായത്. ഇരു ഭാഗങ്ങളിലുമുള്ള മെമ്പർമാർ നമ്മുടെ അങ്കണവാടികൾ എങ്ങനെ മെച്ചപ്പെടുത്താൻ കഴിയും എന്നതിനെ സംബന്ധിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഈ സഭയുടെ മുൻപാകെ വച്ചപ്പോൾ വളരെയധികം മാറ്റങ്ങൾ ആ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് മനസ്സിലായി. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞൊരു ഗവൺമെന്റാണ് 2016 മുതൽ അധികാരത്തിലിരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ സന്തോഷപൂർവ്വം പിന്തുണയ്ക്കുന്നത്. അതോടൊപ്പംതന്നെ എല്ലാ മേഖലയിലും ശ്രദ്ധയുണ്ടാകുമ്പോൾ വേണ്ടത്ര ശ്രദ്ധ കിട്ടാതെ പോയ ഒരു വിഭാഗത്തിന്റെ പ്രശ്നം ഈ സഭയുടെ മുന്നിൽ അവതരിപ്പിക്കാൻവേണ്ടി മാത്രമാണ് ഹ്രസ്വമായ രണ്ട് മിനിറ്റ് പ്രസംഗത്തിന് ഞാൻ ശ്രമിക്കുന്നത്. നമ്മുടെ നാട്ടിൽ differently abled എന്ന് വിളിക്കുന്ന ഒരു വിഭാഗമുണ്ട്; ഭിന്നശേഷിക്കാർ. നേരത്തെ അവർ മറ്റ് പേരുകളിൽ അറിയപ്പെട്ടിരുന്നു, ഇപ്പോൾ ആ പേരുകൾ ഉപയോഗിക്കാറില്ല. മാനസിക വെല്ലുവിളികൾ നേരിടുന്നവർ, special child എന്നൊക്കെ ഇടയ്ക്ക് അവരെ വിളിച്ചിരുന്നു. പക്ഷെ ഇന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു പേര് differently abled അഥവാ പ്രത്യേകമായ കഴിവുള്ളവർ എന്നാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്ന് ഞാനടക്കം ഭരണപക്ഷത്തും പ്രതിപക്ഷത്തുമുണ്ടായിരുന്ന ആളുകൾ അന്നത്തെ മുഖ്യമന്ത്രിക്ക് ഒരു നിവേദനം നൽകി. അൺഎയ്ഡഡ് മേഖലയിലുള്ള ഇത്തരം സ്ഥാപനങ്ങളെ എയ്ഡഡാക്കി മാറ്റുന്നതിനുള്ള നടപടിയെടുക്കണമെന്നായിരുന്നു അതിന്റെ ഉള്ളടക്കം. അവിടെ കുഞ്ഞുങ്ങൾക്ക് വേണ്ടത്ര പരിരക്ഷ കിട്ടാൻ വേണ്ടിയായിരുന്നു. ആ ഗവൺമെന്റ് അധികാരമൊഴിയുന്ന സമയത്ത് ഒരു ഉത്തരവിറക്കിയെങ്കിലും നടപടികളൊന്നും ഉണ്ടായിരുന്നില്ല. ഏറ്റവും അവസാനം ഇറക്കിയ ഉത്തരവുകൾ പരിശോധിക്കാൻവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം നിയോഗിച്ച മന്ത്രിസഭാ ഉപസമിതി പരിശോധിക്കുമ്പോൾ റദ്ദ് ചെയ്യപ്പെട്ട ഉത്തരവുകളിൽ ആ ഉത്തരവ് റദ്ദ് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽപോലും ആ ഉത്തരവ് നടപ്പാക്കിയിട്ടില്ല. എല്ലാ സ്ഥാപനങ്ങളും എയ്ഡഡ് ആക്കാൻ കഴിയുമെന്ന് എനിക്ക് പ്രതീക്ഷയില്ല. അതിന് ചില പ്രായോഗികമായ പ്രശ്നങ്ങളുണ്ടായിരിക്കാം. എന്നാൽ

അതേസമയംതന്നെ നിരവധി ചർച്ചകൾക്കുശേഷം differently abled കുട്ടികളുടെ സ്ഥാപനങ്ങൾക്ക് ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കാമെന്ന് സർക്കാർ ഉറപ്പ് നൽകിയതാണ്. അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഈ ഗവൺമെന്റിന്റെ ഗുണപരമായ വളരെ ഉയർന്ന നിലവാരത്തിലുള്ള മറ്റ് പ്രവർത്തനങ്ങൾക്കിടയിൽ ഒരു കരടായി അവശേഷിക്കുന്നു എന്നത് വളരെ സങ്കടപൂർവ്വം പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. 4 വയസ്സ് മുതൽ 18 വയസ്സുവരെയുള്ള 11,000 കുട്ടികളാണ് ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്നത്. 18 വയസ്സ് കഴിഞ്ഞാൽ നമുക്ക് അവരെ പരിരക്ഷിക്കാതിരിക്കാൻ സാധിക്കില്ല. അങ്ങനെയുള്ള 18 വയസ്സ് കഴിഞ്ഞ 11,000 കുട്ടികളടക്കം ആകെ 23,000 കുട്ടികൾക്കുവേണ്ടി 4,000 അദ്ധ്യാപകർ പണിയെടുക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചത് 43 സ്ഥാപനങ്ങൾക്കും സംസ്ഥാന ഗവൺമെന്റ് സഹായം നൽകിയിരുന്നത് 270 സ്ഥാപനങ്ങൾക്കുമാണ്. രണ്ട് വർഷമായി ഗ്രാന്റുകൾപോലും ആ കുട്ടികൾക്ക് കിട്ടുന്നില്ല. സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏത് ഉദ്യോഗസ്ഥനാണ് സർക്കാർ പ്രഖ്യാപിച്ച ഈ സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്? അത് കണ്ടെത്തണം. ഈ കുട്ടികളെയും ഈ സ്ഥാപനങ്ങളെയും സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം സർക്കാരിനുണ്ട്. അങ്കണവാടി ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയുമടക്കമുള്ള എല്ലാ മേഖലകളിലും വലിയ മാറ്റങ്ങളുണ്ടാകുമ്പോൾ ഇത്തരത്തിൽ differently abled കുട്ടികൾക്കുവേണ്ടിയുള്ള ഈ സ്ഥാപനങ്ങളെ പരിരക്ഷിക്കാൻവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകമായി ഇടപെടണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. മോൻസ് ജോസഫ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. രണ്ടുമൂന്ന് പ്രശ്നങ്ങൾ ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താ ൻ ആഗ്രഹിക്കുകയാണ്. ഒന്ന്, രാവിലെ ചർച്ച ചെയ്തതാണ്; ഗ്രാമീണ റോഡുകളുടെ വികസനം. മൂന്ന് ജില്ലകൾക്കുവേണ്ടിയുള്ള ഒരു അലോട്ട്മെന്റാണ് അനുവദിച്ചത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രളയക്കെടുതിക്കുശേഷം റീ ബിൽഡ് കേരളയ്ക്കുവേണ്ടി എല്ലാ മണ്ഡലങ്ങളിലും വന്നു. കടുത്തുരുത്തിയിലും വന്നു. ഞങ്ങൾ ജനപ്രതിനിധികൾ ഒരു കോടിയിലധികം രൂപ പിരിച്ചുകൊടുത്തു. ഒറ്റകാര്യം മാത്രമേ ഞങ്ങൾ ആവശ്യപ്പെട്ടുള്ളൂ, ഗ്രാമീണ റോഡുകൾക്ക് ഫണ്ട് തരണം. പക്ഷെ ഇതുവരെ നമുക്കത് ചെയ്യാൻ പറ്റിയിട്ടില്ല. ഉൾപ്പെടാത്ത മറ്റ് ജില്ലകളെക്കൂടി

ഇപ്പോൾ ഉൾപ്പെടുത്തി ഗ്രാമീണ റോഡിന് ഫണ്ട് തരാനുള്ള ക്രമീകരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. വഴി ഇപ്പോൾ പാച്ച് വർക്കിന് മാത്രമാണ് ഫണ്ട് കിട്ടുന്നത്. അതൊരു ആശ്വാസമാണ്. കാരണം, പാച്ച് വർക്കുകൾ സമയത്ത് നടത്താനുള്ള സാഹചര്യമുണ്ടാകുകയാണ്. റീ ടാറിംഗിന് ഫണ്ട് കിട്ടാത്തതുകൊണ്ട് എല്ലാ വർഷവും പാച്ച് വർക്ക് മാത്രമായി, ഇപ്പോൾ മൂന്ന് വർഷം നമ്മൾ കടത്തിവിടുകയാണ്. പ്രളയക്കെടുതിയിൽ തകർന്നുപോയ റോഡുകൾ റീ സർഫസ് ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇതിന് ഒരു സ്പെഷ്യൽ ഫണ്ട് അനുവദിക്കുന്നതിനുള്ള സാഹര്യമുണ്ടാകണം. രാവിലെ ചർച്ച ചെയ്തപ്പോൾ നോൺ പ്ലാനിൽ പാലങ്ങൾക്കുവേണ്ടി അഞ്ച് കോടി രൂപ മാത്രമാണുള്ളതെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞു. എല്ലാ സ്ഥലങ്ങളിലും പി.ഡബ്ല്യൂ.ഡി. റോഡിലെ അപകടാവസ്ഥയിൽ നിൽക്കുന്ന ചെറിയ ചെറിയ പാലങ്ങൾ പുതുക്കിപ്പണിയാൻ കഴിയാത്ത അവസ്ഥയാണ്. മൂന്ന് വർഷമായി ഗവൺമെന്റിന്റെ മുമ്പിൽ റിപ്പോർട്ട് നിൽക്കുകയാണ്. അതിലൊന്നും ചെയ്യാൻ കഴിയുന്നില്ല. അതിനൊരു പരിഹാരമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ചെറുകിട കരാറുകാർക്ക് ഒരു കോടി രൂപയിൽ താഴെ വർക്കുചെയ്യുന്നതിനുവേണ്ടിയുള്ള ടാർ ഗവൺമെന്റ് സപ്ലൈ ചെയ്യുമായിരുന്നു, ഇപ്പോൾ അത് നിർത്തലാക്കി. അത് നിർത്തലാക്കിയതിനെത്തുടർന്ന് ചെറുകിട കരാറുകാർ, മിക്കവാറും എല്ലാം സാധാരണക്കാരായിട്ടുള്ള കരാറുകാരാണ്, ഇവരാരും ഇപ്പോൾ വർക്ക് എടുക്കുന്നില്ല. ഇവിടെ ധനവിനിയോഗത്തിനെക്കുറിച്ചാണ് പറയുന്നത്, ഇവിടെ യൂട്ടിലൈസ് ചെയ്യുന്ന പ്രശ്നം വരുന്നില്ല. കാരണം, ഇത് മുഴുവൻ ടെണ്ടർ ചെയ്ത് കെട്ടുകണക്കിന് വർക്കുകൾ ഓരോ കോൺട്രാക്ടർമാർ എടുത്തിട്ടുണ്ട്. ഇപ്പോൾ ഒന്നും ചെയ്യാതെ നിൽക്കുകയാണ്. ജില്ലയൊട്ടാകെ പരിശോധിച്ചാൽ എല്ലാ ജില്ലകളിലും ഈ അവസ്ഥ നിൽക്കുകയാണ്. ഒരു കോടി രൂപയിൽ താഴെ ടാർ കൊടുക്കുന്ന ഒരു സിസ്റ്റം തുടരാൻ കഴിയുമോ അല്ലെങ്കിൽ അതിന് ബദൽ സംവിധാനം എന്ത് എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം മറ്റൊരു പ്രധാന കാര്യം, നേരത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പത്ത് ലക്ഷം രൂപ വരെയെങ്കിലും വിനിയോഗിക്കാനുള്ള അധികാരമുണ്ടായിരുന്നു. നേരത്തെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ആ അധികാരമുണ്ടായിരുന്നു, അത് നമ്മൾ നിർത്തലാക്കി. അഴിമതിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളൊക്കെ വന്നപ്പോഴാണ് നിർത്തലാക്കിയത്. അത് പുനഃസ്ഥാപിക്കാൻ പറയുന്നില്ല. പക്ഷെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയെങ്കിലും നമ്മൾ വിശ്വാസത്തിലെടുക്കണമല്ലോ. ഒരു റോഡിൽ വലിയ കുഴിയുണ്ടായാൽ അത്യാവശ്യമായി നന്നാക്കണമെന്ന് എം.എൽ.എ.-മാരോ മന്ത്രിമാരോ പറഞ്ഞാൽ

പറ്റാത്ത അവസ്ഥയാണ്. കാരണം, ടെണ്ടർ ചെയ്ത് നടപ്പാക്കി അതിന് ഫണ്ട് അനുവദിച്ചുവരുമ്പോൾ ഉണ്ടാകുന്ന സമയക്കൂടുതലാണ്. അടിയന്തര നടപടിക്ക് സാധ്യതയില്ല. അതുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിശ്വാസത്തിലെടുത്തുകൊണ്ട് ഒരു ജില്ലയിൽ പത്ത് ലക്ഷം രൂപയുടെയെങ്കിലും വർക്കുകൾ അടിയന്തര സാഹചര്യങ്ങളിൽ ടെണ്ടർ ചെയ്ത് ക്രമീകരിക്കാൻ കഴിയുന്ന വിധത്തിൽ ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്. ഈ ഘട്ടത്തിൽ ഇതുപോലെ പ്രളയത്തിൽ റോഡ് തകരുമ്പോൾ, കോടതിപോലും വിമർശിക്കുമ്പോൾ നമ്മൾ ഗൗരവമായി കണക്കിലെടുക്കേണ്ട ഒരു വിഷയമാണിതെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു വിഷയം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കിഫ്ബി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് രാവിലെ ഒരു കത്ത് ഞാൻ തരികയുണ്ടായി. അങ്ങ് ബഡ്ജറ്റിലൂടെ ഓരോ വർക്കുകൾ പ്രഖ്യാപിക്കുമ്പോൾ എത്രയോ പ്രതീക്ഷയോടെയാണ് എം.എൽ.എ.-മാരെല്ലാം അത് കേൾക്കുന്നത്. പക്ഷെ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നത് ഗൗരവമായി പരിശോധിക്കണം. ഞാൻ എന്റെ അനുഭവം പറയാം, വൈക്കം - കടുത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒരു റോഡിന് അങ്ങ് ആദ്യത്തെ ബഡ്ജറ്റിൽ ഇരുപത് കോടി രൂപ പ്രഖ്യാപിച്ചു. എട്ട് മീറ്റർ വീതിയാണ് ആ റോഡിനുള്ളത്. പത്ത് മീറ്റർ ഉണ്ടെങ്കിലേ കിഫ്ബി നടപ്പാക്കുകയുള്ളൂ. പത്ത് മീറ്ററില്ലാത്തതുകൊണ്ട് ആ വർക്ക് അവർ മാറ്റി വച്ചു. ഫലത്തിൽ ബഡ്ജറ്റിൽ കിട്ടിയെന്നുള്ള പേരും നാട്ടുകാരുടെ പരാതിയും. നടക്കുന്ന അവസ്ഥയുമില്ല. എട്ട് മീറ്റർ ഇളവുചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിൽ ഇടപെട്ട് ഇത്തരം കാര്യങ്ങൾ പരിഹരിക്കാൻ, ഒന്നുകിൽ ബഡ്ജറ്റിലേയ്ക്ക് അത് മാറ്റിത്തരാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണം. എന്റെ മണ്ഡലത്തിൽതന്നെ വിവിധ വർക്കുകൾ അത്തരത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ട് നടക്കാതിരിക്കുകയാണ്. ഒരുപാട് എം.എൽ.എ.-മാർ ഇത്തരത്തിൽ പ്രതിസന്ധിയിലാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തുകയും നടപ്പാക്കാൻ കഴിയാതെ പോയതുമായ വർക്കുകൾ പ്രത്യേകമായി പരിശോധിക്കാനും അതിനൊരു പരിഹാര നടപടിയിലേയ്ക്ക് വരാനും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇടപെടൽ നടത്തി അക്കാര്യങ്ങൾ പരിശോധിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഇവിടെ അവതരിപ്പിച്ച ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബില്ലിന് ആധാരമായ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളെല്ലാം പ്രസക്തവും അത്യാവശ്യമുള്ളതുമാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ശ്രീ. എ.

പ്രദീപ്കുമാറും ശ്രീ. ഇ. കെ. വിജയനും അത് സൂചിപ്പിച്ചുകഴിഞ്ഞു. DIET പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിനും ഉച്ചഭക്ഷണം നൽകുന്നതിനും പോലീസിൽ ആന്റി ടെററിസ്റ്റ് സ്ക്വാഡ്, ആരോഗ്യ മേഖലയിലെ Rural Infrastructure Development Fund (RIDF) വർക്കുകൾ, സാമൂഹ്യ സുരക്ഷാ മേഖലയിൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് എന്നിവ നടപ്പിലാക്കാനും എടുക്കുന്ന തീരുമാനങ്ങൾ അഭിനന്ദനാർഹമാണ്. ഒട്ടേറെ സാമ്പത്തിക പ്രതിസന്ധികൾ രാജ്യത്തെ ഭരണകൂടം അടിച്ചേൽപ്പിക്കുന്ന ഘട്ടത്തിലാണ് ഇത്തരത്തിൽ കൃത്യതയോടെയുള്ള ധന മാനേജ്മെന്റിലൂടെ ഈ കാര്യങ്ങളെല്ലാം നിർവ്വഹിച്ചുപോകുവാൻ ഗവൺമെന്റിനാകുന്നത്. നോട്ട് നിരോധനവും ജി.എസ്.ടി.-യുമെല്ലാം നടപ്പിലാക്കി സ്റ്റേറ്റ് ഗവൺമെന്റുകളെ പ്രതിസന്ധിയിലാക്കുന്ന ഒരു സാഹചര്യമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. സാമ്പത്തിക വളർച്ചയിൽ ഇന്ന് ബംഗ്ലാദേശിനെയും ഭൂട്ടാനേയും പിന്നിലാക്കി നൂറ്റി നാൽപ്പത്തി രണ്ടാം സ്ഥാനത്തേയ്ക്ക് നമ്മുടെ രാജ്യത്തെ എത്തിച്ചിരിക്കുകയാണ്. ഭവനനിർമ്മാണ മേഖലയും വാഹന മേഖലയുമെല്ലാം തകർക്കുകയും ആർ.ബി.ഐ.-യുടെ കരുതൽ ധനവും സ്വർണവുമെല്ലാം കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലും ഇത്തരത്തിൽ കൃത്യതയോടുകൂടി ഇടപെടുന്ന മന്ത്രിയേയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. കേരളമാണ് ഇക്കാര്യത്തിലെല്ലാം പ്രതീക്ഷ നൽകുന്ന സംസ്ഥാനമെന്ന് ഒരിക്കൽകൂടി തെളിയിക്കുകയാണ്. മുൻസർക്കാർ അധികാരമൊഴിയുമ്പോൾ അടിയന്തരമായി നൽകിത്തീർക്കേണ്ട 5965 കോടി രൂപയുടെ അധിക ബാധ്യതകളുണ്ടായിരുന്നു. അതിനെയെല്ലാം മറികടന്നുകൊണ്ടാണ് ഇപ്പോൾ ഒട്ടനവധി വികസന പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്നത്. പ്ലാൻ ഫണ്ടും കിഫ്ബി പദ്ധതിയുമെല്ലാം ഇവിടെ വിശദീകരിച്ചുകഴിഞ്ഞതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കഴിഞ്ഞകാല തെറ്റുകളെ കണ്ടുനിൽക്കുകയല്ല ഈ ഗവൺമെന്റ് ചെയ്യുന്നത്, പകരം തിരുത്തി മുന്നോട്ട് പോകുകയാണ്. അതിന് അധികം ഉദാഹരണങ്ങളൊന്നും തേടി പോകേണ്ടതില്ല. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി മാത്രം പരിശോധിച്ചാൽ മതി. യു.ഡി.എഫ്. അഞ്ച് കൊല്ലം കേരളം ഭരിച്ചപ്പോൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ എന്തായിരുന്നു? ഇപ്പോഴത്തെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥയെന്താണ്. യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ 24.78 കോടി രൂപയുടെ നഷ്ടത്തിലായിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഇന്ന് 181.11 കോടി രൂപ ലാഭത്തിലാണ്. 4.4 കോടി രൂപ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ഇന്ന് 18.29 കോടി രൂപ ലാഭത്തിലാണ്. 25.36 കോടി രൂപ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ

കെമിക്കൽസ് ലിമിറ്റഡ് ഇന്ന് 35.04 കോടി രൂപ ലാഭത്തിലാണ്. അങ്ങനെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മുൻ ഗവൺമെന്റ് നശിപ്പിച്ച എന്നുകണ്ട് നോക്കിനിൽക്കാതെ ഇച്ഛാശക്തിയോടുകൂടി ഇടപെട്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ ഈ നാട്ടിലെ പാവപ്പെട്ട ആളുകളുടെ പെൻഷന്റെ സ്ഥിതി എന്തായിരുന്നു? കഴിഞ്ഞ ഗവൺമെന്റ് പെൻഷൻ കുടിശ്ശികയായി 1473.67 കോടി രൂപ വച്ചിട്ടുണ്ടായിരുന്നു. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം 600 രൂപയായിരുന്ന പെൻഷൻ 1000, 1100, പിന്നീട് 1200 രൂപയാക്കി വർദ്ധിപ്പിക്കുക മാത്രമല്ല, കുടിശ്ശികയില്ലാതെ കൊടുക്കാനുള്ള ഇടപെടൽ നടത്തുകയുമുണ്ടായി. അതൊടൊപ്പംതന്നെ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം മുപ്പത്തിനാല് ലക്ഷത്തിൽനിന്നും നാല്പത്തിയാറ് ലക്ഷമാക്കി മാറ്റുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കൃഷിമേഖല പരിശോധിച്ചാൽ സ്വയംപര്യാപ്തത കൈവരിക്കുന്ന തരത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം മാറാൻ പോകുന്നു. യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 12.12 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നിട്ടുണ്ട്. രാജ്യത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ, ലോകത്താകെ ചർച്ച ചെയ്യുന്ന പ്രവർത്തനങ്ങൾ ആരോഗ്യ മേഖലയിലുണ്ടാകുന്നു. അതിൽ കേരളത്തിലെ എല്ലാ മലയാളികൾക്കും അഭിമാനിക്കാം. രാജ്യത്തെ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പതിനൊന്നെണ്ണം കേരളത്തിലാണ്. കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രിയുടെയും ഈ ഗവൺമെന്റിന്റെയും ഇടപെടലിന്റെ ഭാഗമായിട്ടാണ് ഇത്രയധികം നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ സാധിക്കുന്നത്. യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കുവച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ തീരുമാനിച്ചപ്പോൾ ഈ ഗവൺമെന്റ് ആ സ്കൂളുകളെയെല്ലാം ഹൈടെക്കായി ഉയർത്തിക്കൊണ്ട് വിദ്യാഭ്യാസരംഗത്ത് അത്ഭുതപൂർവ്വമായ നേട്ടമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. പൊതുഭരണത്തിലും പോലീസ് ഭരണത്തിലുമൊക്കെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിനുള്ള പിന്തുണയായിരുന്നു ഈ ഉപതെരഞ്ഞെടുപ്പിലെ റിസൾട്ടുകൾ. ഇവിടെ സിക്സർ അടിക്കാൻവേണ്ടിയാണ് പുറപ്പെട്ടത്, പാലാ കളി കഴിഞ്ഞപ്പോൾ തന്നെ മിഡിൽ സ്റ്റമ്പ് പോയി. പിന്നെ മിഡിൽ സ്റ്റമ്പില്ലാതെയാണ് കളിക്കാൻ ഇറങ്ങിയത്. കോന്നിയിൽ ഇരുപത്തിമൂന്ന് വർഷത്തിനുശേഷമാണ് കളിയിൽ ജയിക്കുന്നത്. ഇരുപത്തിമൂന്ന് വർഷങ്ങൾക്കുശേഷം കാണുന്ന കാഴ്ച, കാണികളെല്ലാം ഈ ഗവൺമെന്റിനും ഈ ടീമിനുമൊപ്പം അണിനിരന്നു എന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ അപ്പുറത്ത് പതാക

ഏന്തിയിരുന്നവർ, അവരുടെ ഫ്ലാഗ് പിടിച്ച് അവർക്ക് ആവേശം കൊടുത്തിരുന്നവർ ആ പതാകയെല്ലാം വലിച്ചെറിഞ്ഞ് കർഷകന്റെ പക്ഷത്തുനിൽക്കുന്ന, നേരിന്റെ പക്ഷത്തുനിൽക്കുന്ന ഈ ഗവൺമെന്റിന് പിന്തുണ കൊടുക്കുന്ന, ഈ ഗവൺമെന്റിന്റെ പതാകയേന്തുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. അവർക്ക് മനസ്സിലായി ഇവർ കോഴവാങ്ങിയാണ് കളിക്കുന്നതെന്ന്, അതിന് പിന്തുണ കൊടുക്കാൻ അവർ ഇല്ലായെന്ന പ്രഖ്യാപനമായിരുന്നു ഈ ഉപതെരഞ്ഞെടുപ്പ്. ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

04.00 P.M.]

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ധനവിനിയോഗ ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. ധനമില്ലാതെ എങ്ങനെയാണ് വിനിയോഗിക്കുന്നത്; ധനം ഉണ്ടായിട്ടല്ലേ വിനിയോഗിക്കുന്ന ബിൽ ഉണ്ടാക്കേണ്ടത്? ഞാനൊന്ന് ചോദിക്കട്ടെ, പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചല്ലോ; എവിടെനിന്ന് പണം നൽകും; ഉദ്യോഗസ്ഥരുടെ ശമ്പളം എത്രയാണ് വർദ്ധിപ്പിക്കാൻ പോകുന്നത്? രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർ (ഭാര്യയും ഭർത്താവും) പെൻഷനായി വീട്ടിൽ വെറുതേയിരുന്നാൽ മതി മൂന്ന് ലക്ഷം രൂപ കിട്ടും, അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ; ഒരു അദ്ധ്യാപകന് 1,90,000 രൂപയാണ് ശമ്പളം. ശമ്പള പരിഷ്കരണം വരുമ്പോൾ അത് രണ്ടര ലക്ഷം രൂപയാകും. പെൻഷൻ തുക ഒന്നേകാൽ ലക്ഷം രൂപയാകും. ഒരേക്കർ റബ്ബർ തോട്ടമുള്ളവന് ഒരു മാസം കിട്ടുന്നത് 1,000 രൂപയാണ്. ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച് പഠിക്കണം. അവർ എവിടെപോയി ജീവിക്കും? കേരളത്തിൽ 3.34 കോടി ജനങ്ങളുണ്ട്. അതിൽ ആറോ ഏഴോ ലക്ഷം ജനങ്ങളാണ് ഈ കാശ് മുഴുവൻ വാങ്ങി ഉണ്ണുന്നത്. അത് മനസ്സിലാക്കണം. ബാക്കി 3.27 കോടി ജനങ്ങൾ പട്ടിണി കിടക്കുകയാണ്. പത്ത് കൊല്ലത്തിനകം ഇവിടെ മാവോയിസം വർദ്ധിക്കുന്ന സാഹചര്യമുണ്ടാകാൻ പോകുകയാണ്. ഈ വിഷയം സംബന്ധിച്ച് വിശദമായി പിന്നീട് സംസാരിക്കാം, ഇപ്പോൾ അതിലേയ്ക്ക് കടക്കുന്നില്ല. ഇന്ത്യയുടെ ബഹുമാന്യനായ പ്രസിഡന്റായിരുന്നു കെ. ആർ. നാരായണൻ. അദ്ദേഹം പാവപ്പെട്ട പരവൻ സമുദായത്തിലെ അംഗമാണ്. അദ്ദേഹത്തിന്റെ 14-ാം ചരമവാർഷികത്തിന് ജന്മസ്ഥലമായ ഉഴവൂരിലെ സ്മൃതിമണ്ഡപത്തിലേയ്ക്ക് കഴിഞ്ഞ ദിവസം ഞാൻ പോയിരുന്നു. അവിടെ ചെന്നപ്പോൾ എനിക്കുണ്ടായ ആത്മരോഷം അത്ര വലുതായിരുന്നു. പൊട്ടിപ്പൊളിഞ്ഞൊരു സ്മൃതിമണ്ഡപം. അത് പി.ഡബ്ല്യൂ.ഡി.-യാണ് പണികഴിപ്പിച്ചത്. പാവപ്പെട്ട പരവൻ ജാതിക്കാർ അദ്ദേഹത്തിന്റെ

സ്മൃതിമണ്ഡപം പ്ലാസ്റ്റിക് കയറുകൊണ്ട് കെട്ടിവച്ചിരിക്കുകയാണ്. ഞാൻ കണ്ട കാര്യമാണ് പറയുന്നത്. ഇവിടെ ഇരിക്കുന്ന ശ്രീ. മോൻസ് ജോസഫിനും അറിയാം. ഇന്ത്യയുടെ പ്രഥമ പൗരനായിരുന്ന കെ. ആർ. നാരായണൻ. അദ്ദേഹത്തെ വിശ്വപൗരൻ എന്നുപറഞ്ഞാണ് നമ്മൾ അഭിമാനം കൊള്ളുന്നത്. ആ പാവപ്പെട്ട മനുഷ്യനെ ഇത്രമാത്രം അധഃപതിപ്പിക്കാമോ; അപമാനിക്കാമോ; ഡോ. ടി. എം. തോമസ് ഐസക്കെങ്കിലും ഇതിന് മാറ്റം വരുത്തണം. സ്മൃതിമണ്ഡപത്തിലേയ്ക്ക് പോകാനുള്ള വഴി കോൺക്രീറ്റ് ചെയ്യണം. ആ വഴിയിൽ ഒരു ബന്ധു താമസിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്.........

ശ്രീ. പി. സി. ജോർജ്: സർ, സങ്കടകരമായ കാര്യങ്ങളല്ലേ? ആ റോഡ് കോൺക്രീറ്റ് ചെയ്യാനും സ്മൃതിമണ്ഡപം മറ്റുള്ളവർ കണ്ടാൽ അഭിമാനം തോന്നുന്ന രീതിയിൽ പണിതുവയ്ക്കാനും നടപടിയുണ്ടാകണം. അത് എം.എൽ.എ.-യുടെ ജോലിയല്ല. പിന്നെ എന്തിനാണ് ഗവൺമെന്റ് ഇരിക്കുന്നത്? ഗവൺമെന്റിന് ഒരു പണിയുമില്ലേ; ഇത് ഇന്ത്യൻ പ്രസിഡന്റായിരുന്ന ഒരു മനുഷ്യന്റെ കാര്യമാണ് പറയുന്നത്. അല്ലാതെ പ്രാദേശിക നേതാവിന്റെ കാര്യമല്ല. ഞാൻ ആ സ്ഥലത്തെ എം.എൽ.എ. അല്ല, പൂഞ്ഞാറിലെ എം.എൽ.എ.ആണ്. ബഹുമാനപ്പെട്ട മന്ത്രി മനഃസാക്ഷിയുള്ള ആളായതുകൊണ്ട് പറയുകയാണ്, ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുന്നു. പ്രകടനപത്രികയ്ക്ക് നിർവ്വചനം നൽകിയ സർക്കാരാണിത്. അതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകതയും. പ്രകടനപത്രിക എന്നുപറഞ്ഞാൽ തെരഞ്ഞെടുപ്പ് സമയത്ത് വീടുകളിൽ കൊണ്ടുപോയി വിതരണം ചെയ്യുന്ന ഒരു പേപ്പർ കഷ്ണമാണ്. ഇന്നത് കേവലമായൊരു പേപ്പർ കഷ്ണമല്ല. ആ പ്രകടന പത്രികയിൽ ഇടതുപക്ഷം ഊന്നൽ നൽകിയത് 600 കാര്യങ്ങൾക്കായിരുന്നു. 42 മാസം പിന്നിടുമ്പോൾ 550-ലേറെ കാര്യങ്ങൾ പൂർത്തീകരിക്കാൻ സഖാവ് പിണറായി സർക്കാരിന് സാധിച്ചു എന്ന അഭിമാനത്തോടുകൂടിയാണ് ഈ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ ഞങ്ങൾ പങ്കെടുക്കുന്നത്. ഇവിടെ വികസനമില്ലെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ചിലർ സൂചിപ്പിച്ചു. ലോകത്ത് സാമ്പത്തിക മാന്ദ്യമുണ്ട്, നമ്മുടെ രാജ്യത്തും കടുത്ത സാമ്പത്തിക മാന്ദ്യമുണ്ട്. അതുകൊണ്ടാണ് കരുതൽധനം ഉൾപ്പെടെ റിസർവ് ബാങ്ക് എടുത്ത് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. എങ്ങനെയാണ് അമേരിക്കൻ സാമ്രാജ്യത്തിനുമുന്നിൽ ലാറ്റിൻ അമേരിക്കൻ രാജ്യമായ ക്യൂബ ഒരു മാതൃകയാകുന്നത്, അതുപോലെ ഇന്ത്യ എന്ന

രാജ്യത്തിനുമുന്നിൽ ശ്രീ. പിണറായി വിജയനും ഡോ. ടി. എം. തോമസ് ഐസക്കും നേതൃത്വം നൽകുന്ന കേരളമെന്ന കൊച്ചുസംസ്ഥാനം മാതൃകയാകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ബദൽ നയങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്. അതാണ് ഹരിത കേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ലൈഫ് തുടങ്ങിയ പദ്ധതികൾ. വീടില്ലാത്തവന് വീട് നിർമ്മിച്ചുനൽകുന്ന പ്രക്രിയയ്ക്കാണ് ഈ സർക്കാർ ഊന്നൽ നൽകുന്നത്. അതിന്റെ ഭാഗമായി ഒരു ലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ചുനൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഹരിത കേരളം മിഷനിലൂടെ ഒരു പുതിയ സംസ്കാരം രൂപപ്പെടുത്താൻ കഴിഞ്ഞു. മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള പുതിയ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിക്കുകയാണ്. അതോടൊപ്പം ജലാശയങ്ങളെ സംരക്ഷിക്കാനാവശ്യമായ പദ്ധതികളും ഈ സർക്കാർ നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്. ആർദ്രം പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു, ഇന്ന് സർക്കാർ ആശുപത്രികൾ കോർപ്പറേറ്റ് ആശുപത്രികളെ വെല്ലുന്ന തരത്തിലേയ്ക്ക് മാറിയില്ലേ; സർക്കാർ ആശുപത്രികളിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും വന്നില്ലേ; ഇന്ന് സർക്കാർ ആശുപത്രികൾ സാധാരണക്കാർക്ക് പോകാൻ സാധിക്കുന്ന കേന്ദ്രമായി മാറി. സാധാരണക്കാർ മാത്രമല്ല, വലിയ വരുമാനമുള്ളവർപോലും ആശ്രയിക്കുന്ന കേന്ദ്രമായി കേരളത്തിലെ സർക്കാർ ആശുപത്രികളെ മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ഞങ്ങൾ അഭിമാനത്തോടെ ഉയർത്തിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവയെല്ലാമാണ് സർക്കാരിന്റെ നേട്ടം. അതോടൊപ്പം രാജ്യത്ത് മികച്ച സ്റ്റാർട്ട് അപ്പ് പോയിന്റുകളുള്ള കേന്ദ്രമായി കേരളം മാറി. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്, ലിറ്ററസി റേറ്റ്, ആരോഗ്യം, ക്രമസമാധാനം തുടങ്ങിയ കാര്യങ്ങളിലും കേരളം ഒന്നാമതെത്തി. ഇവയെല്ലാം ഈ ഗവൺമെന്റിന്റെ നേട്ടമായിത്തന്നെ ഞങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. ഞങ്ങളുടെ 42 മാസക്കാലം നിങ്ങൾ മൈക്രോസ്കോപ്പ് വച്ച് ഗവേഷണം നടത്തിയില്ലേ, ഞങ്ങളുടെ ഏതെങ്കിലും ഒരു മന്ത്രിക്കുനേരെ, ഗവൺമെന്റ് തലത്തിലുള്ള ആളുകൾക്കുനേരെ ഒരു അഴിമതി ആരോപണം നിങ്ങൾക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞോ; ഇല്ല. ഈ സർക്കാർ അഴിമതിക്കെതിരാണ്. സർക്കാരിന്റെ നയവും അതുതന്നെയാണ്. അതുമാത്രമല്ല, നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ടതാണ്, സാംസ്കാരിക മേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടായില്ലേ; നമ്മുടെ സാംസ്കാരിക മേഖലയിലെ ചില കലാരൂപങ്ങളെ സൗദി അറേബ്യയിൽപോലും ക്ഷണിക്കുന്ന അവസ്ഥയുണ്ടായിരിക്കുകയാണ്. അത് സൂചിപ്പിക്കുന്നത് സാംസ്കാരിക മേഖലയിൽ ഒരു പുത്തനുണർവുണ്ടാക്കാൻ ഇടതുപക്ഷത്തിന്റെ 42 മാസക്കാലത്തെ ഭരണത്തിനായി എന്നാണ്. അത് ഞങ്ങൾ അഭിമാനത്തോടെ

ഉയർത്തിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നൂറ് ശതമാനം വൈദ്യുതീകരണം, വനിതാക്ഷേമം, ജെൻഡർ പാർക്കുകൾ, ജെൻഡർ മേഖലയിലുണ്ടായിരുന്ന സമത്വം ഇവയെല്ലാം കൊണ്ടുവരാൻ ഞങ്ങൾക്ക് സാധിച്ചു. ഈ 42 മാസക്കാലത്തിനിടയിൽ കേരളത്തിന്റെ മതനിരപേക്ഷത തകർക്കാൻ നിങ്ങൾ എന്തെല്ലാം ശ്രമങ്ങൾ നടത്തി. പക്ഷേ, അതിനെയെല്ലാം അതിജീവിച്ച് വർഗ്ഗീയ കലാപങ്ങളില്ലാത്ത, മതനിരപേക്ഷതയ്ക്ക് അങ്ങേയറ്റം പ്രാമുഖ്യം കൊടുക്കുന്ന സംസ്ഥാനമായി ഈ കേരളത്തെ നിലനിർത്താൻ ഇടതുപക്ഷ സർക്കാരിന് സാധിച്ചുവെന്നുള്ളത് അഭിമാനത്തോടുകൂടി ഞങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിയ സർക്കാരാണിത്. അതോടൊപ്പം സ്ത്രീകൾക്ക് പ്രാമുഖ്യം നൽകുന്ന സർക്കാരാണെന്ന് നേരത്തെ സൂചിപ്പിച്ചു. അൺ-എയ്ഡഡ് മേഖലയിലെ സ്ത്രീകൾക്കുപോലും പ്രസവാവധി അനുവദിച്ച സർക്കാരാണിത്. അതോടൊപ്പംതന്നെ വികസനവും. ഞങ്ങളെക്കുറിച്ചുള്ള ആക്ഷേപമെന്തായിരുന്നു; ഇവർ വന്നാൽ കുറച്ച് സാമൂഹ്യ ക്ഷേമപെൻഷൻ മാത്രം കൊടുക്കും എന്നതാണ്. ഇപ്പോൾ അത് പറയാൻ സാധിക്കുമോ; ദേശീയപാത നവീകരണത്തിന് ഞങ്ങൾ പ്രാമുഖ്യം കൊടുത്തില്ലേ; ദേശീയപാത വികസനം കേരളത്തിൽ യാഥാർത്ഥ്യമായില്ലേ? അതിന്റെ ഭാഗമായി ഒരു സംശയവും നിങ്ങൾക്കുവേണ്ട, 2021 ആകുമ്പോഴേയ്ക്കും കേരളത്തിലെ ദേശീയപാത യാഥാർത്ഥ്യമാകുന്ന രീതിയിലുള്ള പദ്ധതികൾക്ക് ഈ സർക്കാരിന് നേതൃത്വം കൊടുക്കാൻ സാധിക്കും. സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ഏതാണ്ട് 1294 കോടി രൂപയാണ് ഈ 42 മാസക്കാലംകൊണ്ട് കൊടുത്തുതീർത്തത്. നിങ്ങളുടെ ഭരണകാലത്ത് ജനസമ്പർക്കവും മാമാങ്കവും നടത്തി ആളെ പറ്റിച്ചു. അതിനപ്പുറത്ത് ഒരു ജനസമ്പർക്കമില്ലാതെ, ഇടതുകൈകൊണ്ട് കൊടുക്കുന്നത് വലതുകൈ അറിയാൻ പാടില്ല എന്ന മുസ്ലീങ്ങളുടെ വിശ്വാസമുണ്ട്. അതാണ് ശ്രീ. പിണറായി വിജയന്റെ സിദ്ധാന്തം. നാം ഒരാളെ സഹായിക്കുന്നത് മറ്റൊരാളെ അറിയിക്കാതെ ഏതാണ്ട് 1294 കോടി രൂപ സി.എം.ഡി.ആർ.എഫ്.-ലൂടെ വിതരണം ചെയ്ത സർക്കാരാണിത്. നിങ്ങൾ ജനസമ്പർക്കം നടത്തി രോഗികളെയും വൃദ്ധരെയും കൊണ്ടുവന്ന് ക്യൂ നിർത്തിച്ചിട്ട് അവസാനം അവർക്ക് കാശ് കൊടുത്തില്ല. ഇത് അതിൽനിന്നും വിഭിന്നമായ സർക്കാരാണ്. 50,000 കോടി രൂപയുടെ വികസന പദ്ധതി കിഫ്ബിയിൽ നടപ്പിലാക്കി. കിഫ്ബിയെ വിമർശിക്കുന്ന പ്രതിപക്ഷനേതാവിനുൾപ്പെടെ പറയാൻ സാധിക്കുമോ നിങ്ങളുടെ നാട്ടിൽ വികസനം വന്നില്ലായെന്ന്. എനിക്ക് പറയാൻ സാധിക്കും, പുതിയ റോഡുകൾ, പാലങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, കോടതി കെട്ടിടങ്ങൾ തുടങ്ങി അടിസ്ഥാന പശ്ചാത്തല വികസനത്തിന് പ്രാമുഖ്യം കൊടുക്കുന്ന നിരവധി

പദ്ധതികൾക്ക് നേതൃത്വം കൊടുക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞു. 50,000 കോടി രൂപയിൽ 45,000 കോടി രൂപയോളം വരുന്ന വികസനത്തിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കാൻ ഈ സർക്കാരിന് സാധിച്ചു. ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ ചുരുക്കുകയാണ്. 2019 നവംബർ 9-നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി അയോധ്യ-ബാബറി മസ്ജിദുമായി ബന്ധപ്പെട്ട കേസ്സിൽ വിധി പറഞ്ഞത്. യഥാർത്ഥത്തിൽ ആ വിധി കോൺഗ്രസിന്റെ മുഖത്തേറ്റ കനത്ത പ്രഹരമാണ്. മുസ്ലീം ലീഗുകാർ ബേജാറാകേണ്ട കാര്യമൊന്നുമില്ല. ആ വിധിക്കകത്ത് സൂചിപ്പിച്ച രണ്ട് കാര്യങ്ങൾ, 1949-ൽ രാമവിഗ്രഹം അവിടെ എത്തിയത് തെറ്റാണോ; ആരായിരുന്നു കൊണ്ടുവച്ചത്; ഇതാണ്. ആരാണ് ഗോവിന്ദവല്ലഭ് പന്ത്; കോൺഗ്രസിന്റെ നേതാവല്ലേ; അദ്ദേഹത്തിന്റെ മകൻ ശ്രീ. കെ. സി. പന്തും അദ്ദേഹത്തിന്റെ പത്നിയും പിന്നീട് ബി.ജെ.പി.-യിലേയ്ക്ക് പോയി. കോൺഗ്രസ്സിന്റെ ഈ സോഫ്റ്റ് ഹിന്ദുത്വം നിങ്ങൾ ഇന്ന് തുടങ്ങിയതല്ല. 1949-ൽ തുടങ്ങിയ പ്രവർത്തനം ഇപ്പോഴും നിങ്ങൾ തുടരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് പറയുന്നു, 1949-ൽ രാമവിഗ്രഹം കൊണ്ടുചെന്ന് വച്ചത് തെറ്റ്. അതേ സുപ്രീംകോടതി ജഡ്ജ്മെന്റിനകത്ത് വീണ്ടും ചൂണ്ടിക്കാണിക്കുന്നു, 1992-ലെ ബാബറി മസ്ജിദിന്റെ തകർച്ച, അതിന് കോൺഗ്രസ് കൂട്ടുനിന്നു, അതിന് നരസിംഹറാവു ഉത്തരവാദിയാണ്. അപ്പോൾ കോൺഗ്രസിന്റെ മുഖത്തേറ്റ രണ്ട് പ്രഹരമാണ് ആ സുപ്രീംകോടതി ജഡ്ജ്മെന്റിനകത്ത് വളരെ കൃത്യമായി പരാമർശിച്ചിരിക്കുന്നത്. മത-ന്യൂനപക്ഷങ്ങളോടും സെക്കുലറിസ്റ്റുകളോടും ആ വിധിയുടെ പശ്ചാത്തലത്തിലെങ്കിലും കോൺഗ്രസ് മാപ്പ് പറയാൻ തയ്യാറുണ്ടോ എന്ന ചോദ്യമാണ് ഞങ്ങൾ ചോദിക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധി എവിടെപ്പോയി; മുമ്പ് പത്താം ക്ലാസ്സ് തോൽക്കുമ്പോൾ കുട്ടികൾ നാടുവിടും. ഇപ്പോൾ 10-ാം ക്ലാസ്സിൽ തോൽക്കുന്നില്ല, സി.ബി.എസ്.ഇ.-യിൽ തോൽക്കുമ്പോൾ നാടുവിടും. ഞങ്ങളൊക്കെ ജനപ്രതിനിധികളാണ്, സി.ബി.എസ്.ഇ.-യിൽ പഠിക്കുന്ന എന്റെ മകനെ കാണുന്നില്ലെന്ന് പറഞ്ഞ് ഞങ്ങളെ ചിലർ വിളിക്കാറുണ്ട്. കോൺഗ്രസ്സെന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് ഒരു തെരഞ്ഞെടുപ്പിൽ തിരിച്ചടിയേറ്റപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ കാണാതായി. അദ്ദേഹം നാടുവിട്ട് വിദേശരാഷ്ട്രങ്ങളിൽ കറങ്ങുകയാണ്. ഞങ്ങൾ കഴിഞ്ഞ ലോക് സഭാ തെരഞ്ഞെടുപ്പിൽ തോറ്റല്ലോ; ഞങ്ങളുടെ നേതൃത്വം തലകുനിച്ചാണോ ഇവിടെ ഇരുന്നത്. ഞങ്ങളുടെ ഉള്ളിൽ ഒരു ഫൈറ്റിംഗ് സ്പിരിറ്റുണ്ടായിരുന്നു. 14-ാം കേരള നിയമസഭയിലെ 15-ാം സമ്മേളനത്തിൽ ഞങ്ങൾ പരാജയപ്പെട്ടവരായി ഇവിടെ വന്നിരുന്നെങ്കിലും ഞങ്ങളുടെ മനസ്സിനകത്തെ ആ പോരാട്ട വീര്യം സൂക്ഷിച്ചിരുന്നു. ഞങ്ങൾ 16-ാം സമ്മേളനത്തിന് ഇങ്ങോട്ട് വരുമ്പോൾ നിങ്ങളുടെ പൊന്നാപുരം കോട്ടകൾ

തകർത്തെറിഞ്ഞ് ഞങ്ങൾ മൂന്ന് പേരെയും കൊണ്ടാണ് വന്നത്. നിങ്ങളുടെ നേതാവ് നാടുവിട്ടു. ഇപ്പോൾ എവിടെയുണ്ടെന്ന് ആർക്കും അറിയില്ല; ഇതെന്തൊരു പാർട്ടിയാണ്; പക്ഷേ, ഒരു കാര്യം ഞാൻ പറയാം, ശ്രീ. രാഹുൽ ഗാന്ധി മാറുന്നതായിരിക്കും നിങ്ങൾക്ക് നല്ലത്. അദ്ദേഹം പോകാത്ത മഹാരാഷ്ട്രയിലും ഹരിയാനയിലും കോൺഗ്രസ് നില മെച്ചപ്പെടുത്തി. അതുകൊണ്ട് അദ്ദേഹത്തെ മാറ്റുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ കോൺഗ്രസ് നേതൃത്വം ഉപദേശിക്കുന്നത് നന്നായിരിക്കുമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോൺഗ്രസിന്റെ അവസ്ഥയെന്താണ് ഇപ്പോൾ; കോൺഗ്രസിന് ഒരു നേതാവുണ്ടോ; നയിക്കാൻ ആളുണ്ടോ; നാടുവിട്ട് ഓടുന്ന നേതാവിന് എങ്ങനെയാണ് ഇന്ത്യയെ നയിക്കാൻ സാധിക്കുന്നത്? പല കാര്യങ്ങളിലും നിങ്ങളെ വിമർശിക്കുകയല്ലേ; ഭരണഘടനയിലെ പല സ്ഥാപനങ്ങളും ബി.ജെ.പി. വ്യഭിചരിക്കുന്നുവെന്ന് പറയുമ്പോൾ ഇത് കാട്ടിക്കൊടുത്തത് നിങ്ങളാണ്. അത് മാത്രമല്ല, നിങ്ങൾക്ക് ശ്രീ. രാഹുൽ ഗാന്ധിയോട് സ്നേഹമുണ്ടാകും, പക്ഷേ, നിങ്ങൾക്ക് മഹാത്മാ ഗാന്ധിയോട് സ്നേഹമില്ലായെന്ന് നവംബർ 1-ാം തീയതി ഞാൻ കണ്ടതാണ്. നവംബർ 1-ാം തീയതി ഇവിടെ ഗാന്ധിസ്മരണ നടന്നപ്പോൾ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടാണ് പറയുന്നത്, നിങ്ങളുടെ ബഞ്ചിലുള്ള കോൺഗ്രസിന്റെ പല സാമാജികരും ഉണ്ടായിരുന്നില്ല. നിങ്ങൾക്ക് ഗാന്ധിജിയോട് സ്നേഹമില്ല, നിങ്ങൾക്ക് ശ്രീ. രാഹുൽ ഗാന്ധിയോടാണ് സ്നേഹം. ഗാന്ധിജിയെ മറന്ന പുതിയ തലമുറ. അത് മാത്രമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ ചോദിക്കുന്നു, എന്തേ പ്രതിപക്ഷം ഇത്ര ദുർബ്ബലമായിപ്പോയത്; സഭയ്ക്കകത്ത് വന്നിരിക്കാൻപോലും നിങ്ങളുടെ നിയമസഭാ സാമാജികന്മാർക്ക് സാധിക്കുന്നില്ല. കാരണം, നാണംകൊണ്ട് നിങ്ങൾ തലകുനിച്ചിരിക്കുന്നു. കോൺഗ്രസ് സിക്സറടിച്ച് വരുമെന്ന് പ്രഖ്യാപിച്ചവർക്ക് സഭയ്ക്കകത്ത് ഇരിക്കാൻപോലും സാധിക്കാത്ത ദയനീയ പരാജയം കേരളത്തിലെ ജനം സമ്മാനിച്ചുവെങ്കിൽ അത് ഇടതുപക്ഷ സർക്കാരിന്റെ ഭരണനേട്ടംതന്നെയാണെന്ന് പറയാൻ ഞങ്ങൾക്ക് ഒരു മടിയുമില്ല. ഞങ്ങൾ 2021-ൽ തുടർച്ചയായി ഉണ്ടാകും. അതിന് ഞങ്ങൾ പ്രകടന പത്രികയിൽ പറയുന്ന മറ്റ് കാര്യങ്ങൾകൂടി നടപ്പിലാക്കി മുന്നോട്ടുപോകുന്നതിന് സാധിക്കും. അതിന് ടീം പിണറായിക്കും അതിന് നേതൃത്വം നൽകുന്ന മന്ത്രിമാർക്കും ക്യാബിനറ്റിനും സാധിക്കുമെന്ന വിശ്വാസത്തിൽ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സത്യം പറഞ്ഞാൽ, നിങ്ങൾ കുറച്ച് ആളുകളാണ് ഈ ഗവൺമെന്റിന്റെ ഐശ്വര്യം. അവർ എന്ത് ചെയ്താലും നിങ്ങൾ

ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കും. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. 8 നദികൾ നന്നാക്കുന്നതിനുവേണ്ടി ഗ്രീൻ ട്രിബ്യൂണലിന്റെ ഒരു വിധിയുണ്ടായിരുന്നു. ആ വിധി നമ്മൾ നടപ്പാക്കിയില്ല. അതുകൊണ്ട് 1,50,26,670 രൂപ പിഴ കെട്ടുന്നതിനുവേണ്ടിയാണ് ഈ ധനവിനിയോഗ ബില്ലിനകത്ത് നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. പിഴ കെട്ടുന്നത് സംബന്ധിച്ച് അത് റെഗുലറൈസ് ചെയ്യണമെന്നാണ് എഴുതിവച്ചിരിക്കുന്നത്. അതാണോ മാനേജ്മെന്റ്; അതാണോ ഏറ്റവും പ്രധാനപ്പെട്ട മാനേജ്മെന്റായി പറയുന്നത്. ഇവിടെ ഞങ്ങൾ ചോദിച്ച ഒരു ചോദ്യമുണ്ട്. പ്രളയദുരിതത്തിനുവേണ്ടി 2019 ജൂൺ മാസം 5-ാം തീയതി വരെ എത്ര രൂപ സർക്കാരിന് കിട്ടി? സർക്കാർ പറഞ്ഞത്, 4196.38 കോടി രൂപ എന്നാണ്. അതിൽ ബാക്കി ചെലവ് വരുന്നത് 1836 കോടി രൂപയും നിങ്ങളുടെ കയ്യിലിരിക്കുന്നത് 2360 കോടി രൂപയുമാണ്. ഈ പ്രളയത്തിന്റെ പേരിൽ പിരിച്ചെടുത്ത കാശ് എന്തിനാണ് നിങ്ങൾ മടിയിൽ വച്ചുകൊണ്ട് നടക്കുന്നത്. അത് പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട പാവപ്പെട്ട ആളുകൾക്ക് കൊടുക്കണ്ടേ; ഈ രൂപത്തിലുള്ള ഗവൺമെന്റാണോ നല്ല ഗവൺമെന്റ് എന്നുപറയുന്നത്; ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയെപ്പോലും ആക്ഷേപിക്കുന്ന തരത്തിലുള്ള ഒരു ഉത്തരമാണ് അവിടെനിന്നും വന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതൊക്കെ വിദേശ രാജ്യത്ത് പോയിട്ടുണ്ട് എന്ന ചോദ്യത്തിന് ചില രാജ്യങ്ങളുടെ പേരുകൾ ഉത്തരത്തിലുണ്ട്. അതിൽ നെതർലാൻഡും ഉണ്ട്. മുഖ്യമന്ത്രി നെതർലാൻഡിൽ പോയത് എന്തിനുവേണ്ടിയാണെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. സമുദ്രജലനിരപ്പിന് താഴെയുള്ള കൃഷി എങ്ങനെ എന്ന് പഠിക്കുന്നതിനുവേണ്ടിയാണ്. അതിന് നെതർലാൻഡിൽ പോകേണ്ട ആവശ്യമില്ല. സമുദ്രനിരപ്പിൽനിന്ന് നാലടി താഴ്ചയിൽ നമ്മുടെ കുട്ടനാട്ടിൽ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന മുരിക്കന്റെ വീടുവരെ പോയാൽ ഇത് പഠിക്കാൻ സാധിക്കുമായിരുന്നു. ഇതാണ് ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ. ഈ ഖജനാവിൽ നിന്നും കട്ടുംവെട്ട് നടക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമല്ലേ; ഈ ഗവൺമെന്റിനോട് ശ്രീ. വി. ടി. ബൽറാം ചോദിച്ച ഒരു ചോദ്യത്തിന് 7-11-2019-ലെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ഉത്തരമാണിത്. pre-fab സാങ്കേതികവിദ്യ ഉപയോഗിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 2016-ൽ 400 ചതുരശ്ര അടിയുള്ള വീടുകൾ സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പി.ടി.പി. നഗറിൽ നിർമ്മിച്ചിട്ടുണ്ട്. pre-fab സാങ്കേതികവിദ്യ പ്രൊമോട്ട് ചെയ്യുന്നതിനുമാത്രമായി രൂപീകരിച്ച ഹിന്ദുസ്ഥാൻ pre-fab ടെക്നോളജിയെ പ്രൊവൈഡറായി തെരഞ്ഞെടുത്തിട്ടുണ്ട്.

അതിനെത്തുടർന്ന് ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഞങ്ങൾ ചില വർക്കുകൾ ചെയ്തുവരുന്നുണ്ട്. ഏറ്റവും അവസാനമാണ് pre-fab സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ടെക്നോളജിക്കൽ പ്രൊവൈഡർ ആൻഡ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ഹിന്ദുസ്ഥാൻ pre-fab ലിമിറ്റഡിനെ നിയമിച്ചത്. എന്നാൽ ഇതിന് കൺസൾട്ടൻസി സേവനം പ്രയോജനപ്പെടുത്തി. പ്രസ്തുത സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസിനത്തിൽ നയാപൈസ കൊടുത്തിട്ടില്ല. പിറ്റേദിവസം, 8-11-2019-ലെ ശ്രീ. എ. സി. മൊയ്തീന്റെ ഒരുത്തരമുണ്ട്. ഞാൻ, ശ്രീ. സണ്ണി ജോസഫ്, ശ്രീ. കെ. സി. ജോസഫ്, ശ്രീ. വി. ഡി. സതീശൻ ഞങ്ങൾ നാല് പേരും ചോദിച്ച ചോദ്യമാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് പ്രോജക്ട് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ ടെണ്ടർ വിളിച്ചിരുന്നോ; പ്രസ്തുത ടെണ്ടറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു, ഇതാണ് ചോദ്യം. അതിന് ഉത്തരം, മെസ്സേഴ്സ് സി. ആർ. നാരായണ റാവു പ്രൈവറ്റ് ലിമിറ്റഡിനെയാണ് കൺസൾട്ടന്റായി തെരഞ്ഞെടുത്തത് എന്നാണ്. കൺസൾട്ടൻസി ഫീസായി 13 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. ഈ ഗവൺമെന്റ് തന്നെ ഒരു ഭാഗത്ത് കൺസൾട്ടൻസി ഫീസായി നയാപൈസപോലും കൊടുക്കാതെ പി.ടി.പി. നഗറിൽ വീടുകൾ ചെയ്തിട്ടുണ്ടെന്ന് പറയുമ്പോൾ അതിന്റെ പിറ്റേ ദിവസം ശ്രീ. എ. സി. മൊയ്തീൻ പറയുകയാണ്, ഞങ്ങൾ 13 കോടി രൂപ കൊടുത്ത് സി. ആർ. നാരായണ റാവുവിനെ കൺസൾട്ടന്റായി വച്ചിട്ടുണ്ടെന്ന്. ഇത് എന്ത് ഗവൺമെന്റാണ്; ഇതാണ് കട്ടുംവെട്ട്, കിട്ടിയ അവസരത്തിൽ താഴ്ത്തിക്കെട്ടുകയാണ്. അത് ശരിയാണോ; ഇവിടെ എത്ര ഉപദേശകരാണുള്ളത്? ശ്രീ. രമൺ ശ്രീവാസ്തവ, ഡോ. എൻ. കെ. ജയകുമാർ, ശ്രീ. എം. സി. ദത്തൻ, ശ്രീ. ജോൺ ബ്രിട്ടാസ്, ശ്രീ. പ്രഭാവർമ്മ തുടങ്ങിയവരാണ്. ഞാൻ അതിന്റെ തുക പറയുന്നില്ല. കാരണം, ഇതിൽ പലരും എന്റെ സ്നേഹിതർകൂടിയാണ്. അതുകൊണ്ട് ഞാൻ അതിന്റെ തുക പരസ്യമായി പറയുന്നില്ല. അത് ഈ റെക്കോർഡിൽ വരുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാലും വല്ലാത്ത കഷ്ടമായി. ശ്രീ. വി. ഡി. സതീശൻ ഇവിടെ നേരത്തെ സൂചിപ്പിച്ചതാണ്, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ഉപദേശകൻ കേരളത്തിൽ വന്ന് ഉപദേശം നൽകി മടങ്ങുന്നതിന് ആകെയുള്ള ചെലവ് 10 ലക്ഷം രൂപയാണ്. ഒരു ദിവസത്തെ കൾസൾട്ടൻസിക്കാണ് ഈ തുക. 10 ലക്ഷം രൂപയുണ്ടെങ്കിൽ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട 2 പേർക്ക് വീടുവച്ച് നൽകാൻ സാധിക്കുമായിരുന്നു. ഈ സർക്കാരിന്റെ ധൂർത്ത് എത്രയാണ്; സത്യപ്രതിജ്ഞാ ദിവസം ചെലവയത് 3.17 കോടി രൂപയാണ്. ഭരണത്തിന്റെ 100-ാം ദിവസം ആഘോഷിച്ച ഇനത്തിൽ ചെലവായത് 2.24 കോടി രൂപയാണ്. ഒന്നാം വാർഷികം ആഘോഷിക്കാനായി 18.6 കോടി രൂപയും രണ്ടാം വാർഷികം ആഘോഷിക്കാനായി 16 കോടി

രൂപയുമാണ് ചെലവിട്ടത്. 1000 ദിവസം ആഘോഷിക്കുന്നതിനുവേണ്ടി 9 കോടി രൂപയാണ് ചെലവിട്ടത്. ഇതൊരു ഗവൺമെന്റാണോ; ഇതാണോ നീതിയുള്ള ഗവൺമെന്റ്; ഈ ഗവൺമെന്റിനെ നീതിയുള്ള ഗവൺമെന്റ് എന്ന് പറയാൻ കഴിയുമോ? നിങ്ങൾ ഇക്കാര്യങ്ങൾക്ക് മാത്രമായി എല്ലാംകൂടി 50 കോടി രൂപയാണ് ചെലവഴിച്ചത്. മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിലുള്ള തർക്കത്തിൽ അവരെ രക്ഷിക്കാൻ വേണ്ടി ഇടപെട്ടപ്പോൾ നിങ്ങൾക്ക് ചെലവായത് 1.87 കോടി രൂപ. ഷുഹൈബ് വധക്കേസ് സി.ബി.ഐ.-ക്ക് വിടരുതെന്ന് വാദിക്കാൻ വേണ്ടി നിങ്ങൾ 86 ലക്ഷം രൂപ ചെലവാക്കി. ഈ സംസ്ഥാനത്തെ ഒരു പാവപ്പെട്ട ചെറുപ്പക്കാരനെ കൊന്നതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞപ്പോൾ 86 ലക്ഷം രൂപ മുടക്കി നിങ്ങൾ കേസ് സി.ബി.ഐ.-ക്ക് വിടാതിരിക്കാനുള്ള പരിശ്രമം നടത്തി. ഇതൊക്കെ ശരിയാണോ? ഇവിടെ എത്രയാണ് കാബിനറ്റ് റാങ്കുള്ള ആളുകൾ? ഇതിനകത്ത് കാബിനറ്റ് റാങ്കുള്ള ഒരാളുണ്ട്, ഞാൻ ഒന്നും മിണ്ടുന്നില്ല. ഇതിന് പുറത്തുള്ള റാങ്കുകാർ വേറെയുമുണ്ട്. എത്ര കോടി രൂപയാണ് ഈ സംസ്ഥാനത്തെ ഖജനാവിൽ നിന്നും ചെലവാകുന്നത്. അതിലെ ഒരാളിന്റെ ജോലി മുഖ്യമന്ത്രിയുടെ ഓഫീസിലെ സ്പെഷ്യലൈസ്ഡ് ഓഫീസറായാണ്. അദ്ദേഹത്തിന്റെ ശമ്പളം ആ രൂപത്തിൽ നിൽക്കുകയാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വാങ്ങിയ ഇനത്തിൽ അദ്ദേഹത്തിന് 1,68,000 രൂപ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം കട്ടുംവെട്ടെന്ന നിലയിൽ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ഈ സർക്കാരിനെ ഇങ്ങനെ പിന്തുണയ്ക്കാൻ ഒരു മടിയുമില്ലെന്ന് പറഞ്ഞാൽ, ഞാൻ പറയുന്ന ശ്രീ. എ. എൻ. ഷംസീർ നിങ്ങൾ ആ സർക്കാരിന്റെ ഐശ്വര്യമാണ്. അവിടെ നിങ്ങൾ തുടരട്ടെയെന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിന്റെ ക്ഷേമ പദ്ധതികളും മറ്റു കാര്യങ്ങളും പരസ്യം ചെയ്യുന്നതിനുവേണ്ടി 4 ജില്ലകളിലായി 55 ഹോർഡിംഗ്സ് വയ്ക്കുകയാണ്. അതിനായുള്ള ചെലവ് 5 കോടി രൂപയാണ്. അങ്ങനെവരുമ്പോൾ ഒരു ഹോർഡിംഗിന് എത്ര രൂപയാകുമെന്ന് ആലോചിച്ചുനോക്കണം. യഥാർത്ഥത്തിൽ 5 കോടി രൂപയല്ല 5,23,74,281 രൂപയാണ്. ഇതല്ലേ ഈ ഗവൺമെന്റ് ചെയ്തത്. ഈ ധനവിനിയോഗത്തിനാണോ ഞങ്ങൾ കൈപൊക്കിത്തരണമെന്ന് പറയുന്നത്. ഇവിടെയുള്ള പാവപ്പെട്ട ആളുകൾക്കുള്ള ആനുകൂല്യത്തെക്കുറിച്ച് നിങ്ങൾ ആലോചിക്കൂ. ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന എന്തെല്ലാം സംഭവങ്ങളുണ്ട്. സർഫാസി ആക്ട്, ഞാൻ തന്നെ നേരിട്ട് ഇടപെട്ടതാണ്. അഞ്ച് സെന്റ് ഭൂമിയുള്ള റേച്ചൽ എന്ന പാവപ്പെട്ട പഞ്ചായത്ത് മെമ്പറെ ഒരു ബാങ്കുകാർ അവരുടെ വീട്ടിൽ ചെന്ന് ബലം പ്രയോഗിച്ച് പുറത്തേക്കിറക്കുകയാണ്. കഞ്ഞി

വച്ചുകൊണ്ടിരിക്കുകയായിരുന്നു അവർ. കഞ്ഞിക്കലമെടുത്ത് താഴെവയ്ക്കാൻ സമയം കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അവർ സമ്മതിച്ചില്ല. പെയിന്റിംഗ് ജോലിക്കാരനായ, കയ്യും കാലും ഒടിഞ്ഞ് കിടക്കുന്ന അവരുടെ രോഗിയായ ഭർത്താവിന്റെ മരുന്നെടുക്കട്ടെ എന്ന് ചോദിച്ചപ്പോൾ അവർ സമ്മതിച്ചില്ല. അങ്ങനെ ചെയ്തവരെല്ലാം ആഘോഷമായി ഇവിടെ ജീവിക്കുകയാണ്. അവർക്കൊന്നും ഒരു പ്രശ്നവുമില്ല. അവർക്കെതിരായി ഒരു നടപടിയെടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട ചെയർ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ശ്രീ. എസ്. ശർമ്മ ചെയർമാനും ശ്രീ. വി. ഡി. സതീശനും ഞാനും അതിൽ അംഗങ്ങളുമാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിനായി കാത്തിരിക്കുകയാണ്. ആ റിപ്പോർട്ട് വരുന്നതുവരെയെങ്കിലും നിർത്തിവയ്ക്കണമെന്ന് പറയാനുള്ള ആത്മാർത്ഥത അങ്ങ് കാണിക്കണം. ബ്ലേഡ് പലിശക്കാരൻപോലും ചെയ്യാത്ത രൂപത്തിൽ ഈ പാവപ്പെട്ടവരോട് പെരുമാറുന്നവരെ മാനിഷാദ എന്ന് പറയാനുള്ള ഒരു മാന്യതയും വളർച്ചയും അങ്ങേയ്ക്കുണ്ടാകണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ മേൽപ്പറഞ്ഞ കാര്യങ്ങളാൽ ശക്തമായി എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാപേരും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. പ്രതിസന്ധിയില്ലായെന്ന് പറഞ്ഞിട്ടില്ല. ശ്രീ. മഞ്ഞളാംകുഴി അലി പതിവുപോലെ ധവളപത്രത്തിൽ നിന്നാണ് ആരംഭിച്ചത്. ആ ധവളപത്രത്തിലും അതിനുശേഷമുള്ള ബഡ്ജറ്റ് പ്രസംഗത്തിലും വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്; നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി 2013-14 മുതൽ അധോഗതിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് തിരുത്തുന്നതിന് കുറച്ച് സമയമെടുക്കുമെന്നാണ് പറഞ്ഞത്. പക്ഷേ, അതുവരെ കാത്തിരിക്കാൻ വയ്യ, നമുക്ക് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളുണ്ട്. ഇതെല്ലാം പറയുന്നത് 2016-ലെ ആദ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിലാണ്. അനിവാര്യമായിട്ടും കേരളം ഒരു പ്രാദേശിക മാന്ദ്യത്തിലേയ്ക്കെങ്കിലും വഴുതിവീഴുമെന്നുപറഞ്ഞ് ആ ബഡ്ജറ്റ് പ്രസംഗത്തിന്റെ തലവാചകംതന്നെ മാന്ദ്യവിരുദ്ധ പാക്കേജ് എന്നുപറഞ്ഞാണ് കിഫ്ബി വയ്ക്കുന്നത്. നമ്മുടെ ബഡ്ജറ്റിന്റെ, പ്രത്യേകിച്ച് വരവിന്റെ പരിമിതികൾ മനസ്സിലാക്കിക്കൊണ്ടുതന്നെ, സാധാരണഗതിയിൽ ബഡ്ജറ്റ് സന്തുലിതമായിട്ടാണ് ബഡ്ജറ്റിന് പുറത്തുള്ള വായ്പയും മറ്റും എടുക്കാറുള്ളത്. പക്ഷേ, അങ്ങനെയല്ല, ഇത് നന്നാവും, സന്തുലിതമാകും എന്നുള്ളൊരു ആത്മവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ വലിയ തോതിൽ വായ്പയെടുക്കുന്നതിനായി മുന്നോട്ടുപോയി. രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, കിഫ്ബി വഴിയുള്ള ചെലവും, മറ്റൊന്ന്

നമ്മുടെ ബഡ്ജറ്റും. പലവട്ടം പറഞ്ഞുകഴിഞ്ഞ കാര്യങ്ങളായതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഗൗരവമായിട്ടുള്ള മാന്ദ്യമുണ്ടെന്ന് ഇവിടെ പലരും പരാമർശിച്ചു. കേന്ദ്ര സർക്കാരിന് നമ്മളോട് പകപോക്കൽ നയമുണ്ട്. ഒരു മാന്ദ്യകാലത്ത് 6500 കോടി രൂപ ചെലവിന് നിഷേധിക്കുന്നത് എന്ത് സാമ്പത്തിക യുക്തി വച്ചാണ് ന്യായീകരിക്കാൻ കഴിയുക? അങ്ങനെയുള്ളതാണ് കേന്ദ്ര സർക്കാരിന്റെ നയം. നമ്മുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് നമുക്ക് പരിശോധിക്കാം. എന്താണതിന് തടസ്സമുള്ളത്? അത് പരിഹരിച്ചുമുന്നോട്ട് പോകണമെന്നാണ് നമ്മൾ ചിന്തിക്കുന്നത്. ആ ഒരു പ്രതിസന്ധി നമ്മുടെ ബഡ്ജറ്റിലുണ്ട്. ഇരുപതിനായിരം കോടി രൂപയുടെ വരുമാനം കുത്തനെ കുറയുമ്പോൾ കൈവായ്പ വാങ്ങി തീർക്കാൻ കഴിയുന്ന ചെറിയ തുകയല്ല. അത് ബഡ്ജറ്റിലെ ചെലവിനേയും ബാധിക്കും. സഭയുടെ ഈ സെഷനിൽ പറഞ്ഞതുപോലെ ഞാൻ ആശ കൈവിട്ടിട്ടില്ല. VAT-ന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് GST-യിലേയ്ക്ക് പോയത്? VAT നികുതി ചെയിൻ ആരംഭിക്കുന്നത് നമ്മുടെ സംസ്ഥാനത്ത് വന്നതിനുശേഷം മാത്രമാണ്. Entry Tax ഇല്ലാത്തതുകൊണ്ട് പുറത്തുനിന്ന് വരുന്ന ചരക്കുകൾ സ്വന്തം ഉപയോഗത്തിനാണെന്ന് പറഞ്ഞുകഴിഞ്ഞാൽ അതിന്മേൽ നികുതിയില്ല. അത് സ്വന്തം കെട്ടിടം പണിയാനാകാം, കമേഴ്സ്യൽ ബിൽഡിംഗിനാകാം, ഹോസ്പിറ്റൽ പണിയാനാകാം, അങ്ങനെ ഹെമറേജാണ് നമ്മുടെ നികുതി വരുമാനത്തിന്. അതുകൊണ്ടാണ് VAT-ന്റെ സാധ്യത അടഞ്ഞതും GST-യിലേയ്ക്ക് പോകാൻ തീരുമാനിച്ചതും. എന്നാൽ ജി.എസ്.ടി., പല കാരണങ്ങൾകൊണ്ട് കാര്യക്ഷമമായിട്ടില്ല. എങ്കിലും ഈ വർഷത്തേത് ഞാൻ പറഞ്ഞു. ഇന്ത്യാ രാജ്യത്ത് ഏറ്റവും വേഗതയിൽ ഉയർന്ന നികുതി വരുമാനം വന്നത് കേരളത്തിലാണെന്ന് പി.എം.ഒ. സൂചിപ്പിച്ചു. ഈ മാന്ദ്യകാലത്ത് അത് നല്ലൊരു സൂചനയാണ്. അത് നമുക്ക് പരിശോധിക്കാം. പക്ഷേ ബഡ്ജറ്റിന് പുറത്ത് നമ്മൾ കിഫ്ബി ഉപയോഗിച്ച് നടത്തുന്ന ചെലവിന് എന്താണ് പോരായ്മ; എന്താണ് അവിടെ പ്രശ്നം? ഇത് സംസ്ഥാന സർക്കാർ വായ്പ എടുക്കുന്നതുപോലെയല്ല. കേന്ദ്ര സർക്കാരും നിയമവും അംഗീകരിച്ചുള്ള എസ്.എൽ.ആർ. (Statutory Liquidity Ratio) വായ്പയാണ്. എസ്.എൽ.ആർ. ബോണ്ടിറക്കി എടുക്കുന്ന വായ്പയാണ്, ഒരു തടസ്സവുമില്ല, അത് തരാൻ ബാങ്കുകൾ ബാധ്യസ്ഥരാണ്. അതേസമയം കിഫ്ബി വായ്പ എന്നുപറയുന്നത് അങ്ങനെ തുക നൽകാൻ ഒരാൾക്കും ബാധ്യതയില്ല. ക്രെഡിബിലിറ്റിയുടെ അടിസ്ഥാനത്തിൽ വാങ്ങുന്നതാണ്. ആ ക്രെഡിബിലിറ്റിയുടെ ഘടകങ്ങൾ എന്തൊക്കെയാണ്? ഒന്ന്, റീ-പേമെന്റ് സംവിധാനമുണ്ട്. നമ്മുടെ നിയമം പാസ്സാക്കിയതിലുണ്ട്. സംസ്ഥാന ബഡ്ജറ്റിന്റെ ഗ്രാന്റ് നൽകുമെന്നുള്ളത് ഒരുമിച്ച് പാസ്സാക്കിയ നിയമമാണ്. രണ്ട്, ആ മിഷനറിയുടെ കാര്യക്ഷമത. അതിൽ രാഷ്ട്രീയമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമല്ലാതെ വേറെയാരുമില്ല.

ബാക്കി മുഴവൻ പ്രൊഫഷണലായ ആളുകളാണ്. നമ്മുടെ സി.&എ.ജി.-.യും (Comptroller and Auditor General) സാർവത്രിക അന്തർദ്ദേശീയ അംഗീകാരമുള്ള ശ്രീ. വിനോദ് റായിയെപ്പോലുള്ള ആളുകൾ, നമ്മുടെ മുഖം കണ്ടിട്ടല്ല, ഇങ്ങനെയുള്ള ആളുകളൊക്കെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ക്രെഡിബിലിറ്റി വരുന്നത്. മൂന്ന്, ആ പ്രൊഫഷണലിസത്തിനുപുറമെ അതിന്റെ നടപടിക്രമങ്ങൾ. കാരണം, ഇത്രയും വലിയ ഇൻവെസ്റ്റ്മെന്റ് നടത്തുമ്പോൾ തരികിട കളിയായി മാറില്ലെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന എല്ലാ ചിട്ടകളുമുണ്ട്. ഒന്ന്, അവ എല്ലാം ഓൺലൈനായി. രണ്ട്, പ്രോജക്ടുകൾ സാധാരണ നമ്മൾ തയ്യാറാക്കുന്നതു പോലെയല്ല, ലോകബാങ്കിന്റെ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വേണ്ടിവരുന്നതു പോലെ ഇൻവെസ്റ്റിഗേഷനും സോഷ്യൽ ഇംപാക്ട് സ്റ്റഡിപോലുള്ള കാര്യങ്ങളുമെല്ലാം ചെയ്തിട്ടാണ് അത് പാസ്സാക്കുന്നതും അംഗീകരിക്കുന്നതും. അതിനുള്ള അപ്രൈസൽ സംവിധാനങ്ങളും ചിട്ടകളും കാര്യങ്ങളുമുണ്ടെന്ന് ഉറപ്പ് നൽകുകയാണ്. ഈ കടമ്പകളെല്ലാം കടന്ന് അമ്പതിനായിരം കോടി രൂപയുടെ നിക്ഷേപം പറഞ്ഞതിൽ നാൽപ്പത്തി മൂവായിരം കോടി രൂപയുടെ നിക്ഷേപത്തിന് ഈ പരിശോധനകളെല്ലാം കഴിഞ്ഞ് അനുമതി നൽകിക്കഴിഞ്ഞു. അത് നടപ്പാക്കാനുള്ളതാണ്. നാൽപ്പത്തി മൂവായിരം കോടി രൂപ ഈ വർഷം ഉറപ്പാണ്. അമ്പതിനായിരം കോടി രൂപയെന്നുപറയുന്നത്, അവിടെയാണ് നമ്മുടെ മോഡലിന്റെ സീലിംഗ് വച്ചിട്ടുള്ളത്. ഇത്രയേ ബാക്കിയുള്ളൂ. നമുക്ക് ആഗ്രഹമുണ്ടല്ലോ; ആർക്കെങ്കിലുമിത് വേണ്ടെന്നല്ലല്ലോ. ഇതിനെക്കാൾ കൂടുതൽ വേണമെന്ന് പറഞ്ഞല്ലേ എല്ലാപേരും വരുന്നത്. നമ്മുടെ ബഡ്ജറ്റിൽനിന്നും മിച്ചംവച്ച് ചെയ്യാൻ പോകുകയാണെങ്കിൽ ജീവിതകാലത്ത് നടക്കാത്ത കാര്യങ്ങളാണ്. ബഡ്ജറ്റിൽനിന്ന് നൽകുന്ന ഗ്രാന്റ് വച്ച് ലിവറേജ് ചെയ്താണ് നമ്മൾ റെയ്സ് ചെയ്യുന്നത്. അങ്ങനെ റെയ്സ് ചെയ്യുന്നതിന് ഈ പ്രോജക്ടുകളുടെ വലിപ്പവും പ്രശ്നമാണ്. നിങ്ങൾ സാധാരണ നടത്തുന്ന ചെറിയ റോഡുകളും കാര്യങ്ങളുമെടുത്താൽ അതിന് വിശ്വാസ്യതയില്ലെന്നാണ് അതിന്റെ ഡയറക്ടർ ബോർഡ് പറയുന്നത്. നിങ്ങൾ പബ്ലിക് സെക്ടറിനെ ഫിനാൻസ് ചെയ്യാൻവേണ്ടി ഇത് ഉപയോഗിക്കുകയാണെങ്കിൽ നിങ്ങൾക്ക് മാർക്കറ്റിൽനിന്നും വായ്പയെടുക്കാൻ സാധിക്കില്ല. അതുകൊണ്ട് അതിന്റെ ചിട്ടകൾ, വലിപ്പത്തെക്കുറിച്ച് റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ പാലിക്കണം, അതിന് മോർത്തിന്റെ (Ministry of Road Transport and Highways) മാനദണ്ഡങ്ങൾ പാലിക്കണമെന്ന് കൃത്യമായ തീരുമാനങ്ങളുണ്ട്. ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായി നാൽപ്പത്തി മൂവായിരം കോടി രൂപയുടെ പ്രോജക്ടുകൾ ഇന്ന് അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇവ നടപ്പാകുമ്പോൾ ഒരു തടസ്സവുമില്ല. സാധാരണ ഏറ്റവും വലിയ തടസ്സമെന്ന് നിങ്ങളെല്ലാം പറയുന്നത്

ഫണ്ടില്ലെന്നുള്ളതാണ്. ഇവിടെ ഫണ്ടിന്റെ പ്രശ്നമില്ല. നിങ്ങൾ ഡി.പി.ആർ. (Detailed Project Report) തയ്യാറാക്കിയിട്ടുണ്ട്, ഇൻവെസ്റ്റിഗേഷൻസ് നടത്തിയിട്ടുണ്ട്. അത് നടക്കും, ചെയ്യുമെന്ന് ഉറപ്പുവരുത്തിയാൽ മതി. നിങ്ങൾ കാത്തിരുന്ന് കാണൂ, അടുത്ത വർഷം അവസാനിക്കുമ്പോൾ എന്ത് മാറ്റമാണ് നമ്മുടെ സംസ്ഥാനത്ത് വരാൻ പോകുന്നതെന്ന്. ഇതിൽ ഈ പ്രോജക്ടുകളുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്ന നടപടികളുണ്ട്. അത് പരിശോധിക്കാൻവേണ്ടി, പാലാരിവട്ടം പാലംപോലെ ഇതൊന്നും വരില്ലെന്ന് ഉറപ്പുവരുത്താൻ കൃത്യമായിട്ടുള്ള മേൽനോട്ട പരിശോധനയുണ്ട്. അതിനുവേണ്ടി നമുക്ക് ഇന്ന് സാധാരണഗതിയിൽ ലഭ്യമല്ലാത്ത എല്ലാ വിധത്തിലുമുള്ള എയർ ബോൺ പരിശോധനയ്ക്ക്, സ്പോട്ടിൽ പോയി, മൊബൈൽ യൂണിറ്റിൽ പോയി പരിശോധിക്കുന്നതിന് ഏറ്റവും ആധുനികമായ സംവിധാനങ്ങളെല്ലാമുണ്ട്. നിർണ്ണയിക്കപ്പെട്ട ക്വാളിറ്റിയില്ലെന്നു കണ്ടാൽ നോട്ടീസ് നൽകും, തിരുത്തിയില്ലെങ്കിൽ നിർമ്മാണം നിർത്തിവയ്ക്കും. ഒരു കാരണവശാലും ക്വാളിറ്റിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യില്ല. ഇതിൽ ഒന്നുരണ്ട് കാര്യങ്ങൾ ഉന്നയിക്കപ്പെട്ടു. അതിലൊന്ന്, ഗ്രാമീണ റോഡുകളുടെ കാര്യമാണ്. അതിന് ഇന്ന് രാവിലെതന്നെ മറുപടിയും പറഞ്ഞു. ഗ്രാമീണ റോഡുകളുടെ പണി കിഫ്ബിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല. ദൗർഭാഗ്യവശാൽ നമ്മുടെ ബഡ്ജറ്റിന്റെ പരിമിതികൾ എല്ലാവർക്കുമറിയാം. അതുകൊണ്ട് റീ-ബിൽഡ് കേരളയിൽ വയ്ക്കുന്നുണ്ട്, സി.എം.ഡി.ആർ.എഫ്. (Chief Minister's Distress Relief Fund)-ൽ നിന്ന് ഫണ്ട് എടുക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഈ തുക വിതരണം ചെയ്യാതെ വച്ചിരിക്കുന്നതെന്ന് ചോദിച്ചാൽ, ഈ റോഡുകൾക്ക് അനുമതി നൽകുന്നതിനുള്ള ബിൽ വരുമ്പോൾ നൽകാൻ ഫണ്ട് ബാക്കിയുണ്ടാകണം. അതിനുവേണ്ടി ഇയർ മാർക്ക് ചെയ്തിരിക്കുന്നതാണ്. അതുമാത്രമല്ല, വായ്പയായി കുടുംബശ്രീക്കും മറ്റും നൽകിയതിന്റെ പലിശ നൽകേണ്ട കാലം വരുമ്പോൾ അതിനുള്ള തുക മാറ്റിവയ്ക്കണം. അതെടുത്ത് എല്ലാവർക്കും ഇരുപതിനായിരവും പതിനായിരവും വച്ച് വിതരണം ചെയ്യുമെന്നാണോ ധാരണ? അല്ല. അതിന് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റ് ഒരു പർപ്പസിനുവേണ്ടി പിരിക്കുന്ന തുക, ആ പർപ്പസിനുവേണ്ടി വിനിയോഗിക്കാതെ, എന്നുപറഞ്ഞാൽ പ്രളയത്തിന്റെ ആശ്വാസത്തിനുവേണ്ടി പിരിക്കുന്ന തുക ആ പർപ്പസിനുവേണ്ടി വിനിയോഗിക്കാതെ നാളത്തെ മറ്റ് കാര്യങ്ങൾക്കുവേണ്ടി മറ്റിവയ്ക്കുന്നുവെന്ന് പറയുന്നത് മിസ്അപ്രോപ്രിയേഷനല്ലേ, ക്രമക്കേടല്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വീടിന്റെ ഇനിയുള്ള ഗഡു നൽകുന്നതും പ്രളയത്തിന് കുടുംബശ്രീ വഴി നൽകിയിട്ടുള്ള ആയിരത്തോളം കോടി

രൂപയുടെ പലിശ നൽകുന്നതും പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളും മറ്റും പുനരുദ്ധരിക്കുന്നതിനായി വർക്ക് നൽകുന്നതുമെല്ലാം പ്രളയത്തിന്റെ ആവശ്യമല്ലേ? എവിടെ വകമാറ്റിയെന്നാണ് നിങ്ങൾ പറയുന്നത്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കിഫ്ബി ഫണ്ട് (Kerala Infrastructure Investment Fund Board) വളരെ സൂക്ഷിച്ചും ശ്രദ്ധിച്ചുമുള്ള പദ്ധതികൾക്ക് മാത്രമാണ് അനുവദിക്കുന്നതും വർക്ക് ഏറ്റെടുക്കുന്നതുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതിനിടയിൽ പ്രവൃത്തി ആരംഭിച്ച 12 വർക്കുകൾ വയബിളല്ല എന്നതുകൊണ്ട് കിഫ്ബി നിർത്തിവച്ച വാർത്ത പത്രങ്ങളിലുണ്ടായിരുന്നു. 12 പ്രോജക്ടുകൾ കിഫ്ബി ഉപേക്ഷിച്ചു. ഈ പറഞ്ഞ പരിശോധനകളൊന്നുമില്ലാതെയാണല്ലോ ഈ വർക്കുകൾ വരുന്നത്. വേറൊരു കാര്യമുള്ളത്, ഇവിടെ നാൽപ്പത്തി മൂവായിരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകിയെന്ന് പറഞ്ഞു. കിഫ്ബിയിൽ നാൽപ്പത്തി മൂവായിരം കോടി രൂപയുള്ള വരവുണ്ടായിട്ടുണ്ടോ? ഗ്രാമീണ റോഡുകളുടെ കാര്യം പറഞ്ഞു, പ്രളയത്തിൽ തകർന്നത് പുനരുദ്ധരിക്കാനാണ്. മൂന്ന് ജില്ലകൾക്ക് മാത്രമേ റീ-ബിൽഡ് കേരളയിൽ തുക വച്ചിട്ടുള്ളൂ. കഴിഞ്ഞ പ്രളയത്തിൽ ഏറ്റവും നാശമുണ്ടായ പ്രദേശമാണ് പാലക്കാട് ജില്ലയും മണ്ണാർക്കാട് മണ്ഡലവുമെല്ലാം. ഞങ്ങളുടെ ഒരൊറ്റ ഗ്രാമീണ റോഡിനുപോലും ഫണ്ട് അനുവദിച്ചിട്ടില്ല. കഴിഞ്ഞ സർക്കാർ ചെയ്തതുപോലെ പി.ഡബ്ല്യു.ഡി. ഒറ്റത്തവണ തീർപ്പാക്കലായി ഈ ഗ്രാമീണ റോഡുകൾ നന്നാക്കിക്കൂടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ മൂന്ന് ജില്ലകളിൽ അനുവദിച്ച തുക എന്നുപറയുന്നത് ആദ്യത്തെ ഗഡുമാത്രമാണ്. റീ-ബിൽഡ് കേരളയിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തുക ചെലവഴിച്ച് ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുകതന്നെ ചെയ്യും, യാതൊരു സംശയവും വേണ്ട. ഒറ്റത്തവണയായി പി.ഡബ്ല്യു.ഡി ചെയ്യണമോ, തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യണമോ തുടങ്ങിയ നയപരമായ തീരുമാനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളെടുക്കും.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇടുക്കിപോലെയുള്ള പ്രദേശങ്ങളിലെ റോഡുകൾക്ക് 10 മീറ്റർ വീതിയാണ് പറയുന്നത്. ഇപ്പോഴത്തെ പ്രളയവും പുതിയ സാഹചര്യങ്ങളും നോക്കുമ്പോൾ 10 മീറ്റർ വീതിയിൽ സ്ഥലമെടുത്ത് വർക്ക് നടത്താൻ കഴിയാത്തതിനാൽ അത് നിലച്ചുപോകുകയാണ് ചെയ്യുന്നത്. 12 മീറ്റർ ദൈർഘ്യമുള്ള റോഡിൽ ഒന്നര കിലോമീറ്ററിന് മാത്രമാണ് ഈ പ്രശ്നം വരുന്നത്. ബാക്കിയുള്ള സ്ഥലത്ത് പ്രശ്നമില്ല.

ഒന്നര കിലോമീറ്ററിനുള്ളിലെ നിരവധി വീടുകൾ പൊളിക്കേണ്ടിവരും. ഇത്തരം സാഹചര്യങ്ങളുള്ളതിനാൽ അത് 8 മീറ്ററാക്കി ലിമിറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, 10 മീറ്റർ എന്നുള്ളത് ബോർഡ് അംഗീകരിച്ച മാനദണ്ഡമാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ റോഡ് നിർമ്മിക്കാൻ പാടുള്ളൂ. നിങ്ങൾ പി.എം.ജി.എസ്.വൈ. പ്രകാരം റോഡ് എടുത്തിട്ടുണ്ടെങ്കിൽ അതിന് നിബന്ധനയില്ലേ? വേൾഡ് ബാങ്കിൽനിന്ന് വായ്പയെടുത്ത് നിർമ്മിക്കുന്ന കെ.എസ്.ടി.പി. റോഡിന്റെ വീതിയും കനവും എങ്ങനെയായിരിക്കണമെന്നുള്ളതിന് നിബന്ധനയില്ലേ? അതുപോലെ വിദേശത്തുനിന്നൊക്കെ ബോണ്ട് വച്ചെടുക്കുന്ന പണമായതുകൊണ്ട് അതിന് മിനിമം നിലവാരം പുലർത്തിയേ മതിയാകൂ. അതുകൊണ്ട് അതിലുൾപ്പെടാതെ വരുന്നത് എന്താണ്; അതെങ്ങനെ ചെയ്യണം; അത് ബഡ്ജറ്റിലാണോ; റീബിൽഡിനാണോ; തുടങ്ങിയ ഏത് കാര്യത്തിന് വേണമെന്നുള്ളത് പിന്നീട് തീരുമാനിക്കാം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒന്നര കിലോമീറ്റർ ദൂരത്ത് മാത്രമേ പ്രശ്നം വരുന്നുള്ളൂ. അതുകൊണ്ട് അത് വേണ്ടെന്നുവച്ച് ബാക്കിയുള്ള റോഡ് മാത്രം ചെയ്താൽ മതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒന്നര കിലോമീറ്റർ വേണ്ട, ബാക്കിയുള്ള റോഡ് മതിയെന്നുപറഞ്ഞാൽ അത് നമുക്ക് പരിശോധിക്കാം. ഉറപ്പൊന്നും തരുന്നില്ല. 12 റോഡുകളുടെ പ്രവൃത്തി നിർത്തിയത് എന്തിനാണ്? വയബിളാണോ അല്ലയോ എന്നുള്ളത് നേരത്തെ പരിശോധിച്ചിട്ടുണ്ട്. പറഞ്ഞ മാനദണ്ഡപ്രകാരം ടെസ്റ്റ് നടത്തിയപ്പോൾ വർക്ക് ചെയ്യുന്നില്ല, വിശദീകരണം ആവശ്യപ്പെട്ടു. കറക്ഷനുണ്ടെങ്കിൽ വർക്ക് നിർത്തിവയ്പിക്കും, സ്റ്റോപ്മെമ്മോ കൊടുക്കും. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. അതിനാരും ശിപാർശയുമായി വരികയും വേണ്ട. പലരും വരുന്നുണ്ട്, അത് നടക്കുകയില്ല. അത് കൃത്യമായി പരിശോധിക്കും. പരിശോധനയ്ക്കുവേണ്ടി എല്ലാ സൗകര്യങ്ങളുമുണ്ടാക്കിയിട്ടുണ്ട്. മൂന്ന് ഘട്ടമായിട്ടാണ് ഇതിന് നടപടി സ്വീകരിക്കുക. ആദ്യം ഷോക്കോസ് നോട്ടീസും പിന്നീട് മെമ്മോയും കൊടുക്കും. എന്നിട്ടും തിരുത്തിയിട്ടില്ലെങ്കിൽ വർക്ക് നിർത്തിവയ്പിക്കും. നിർത്തിവയ്പിക്കുന്നത് റിസ്ക് ആന്റ് കോസ്റ്റിൽ അവർ പണം കെട്ടിവച്ചിട്ടുണ്ടെങ്കിൽ ആ പണവും വസൂലാക്കും. സാധാരണ നടക്കുന്ന നിർമ്മാണ പ്രവൃത്തിപോലെയാണെന്നുള്ള ധാരണയിൽ ധാരാളം ആളുകൾ ചില പരിപാടികളുമായി ഇറങ്ങിയിട്ടുണ്ട്. അത് കർശനമായിത്തന്നെ പാലിക്കപ്പെടണം.

ശ്രീ. വി. ഡി. സതീശൻ: സർ, CMDRF-ൽ നിന്നും മറ്റുമൊക്കെയാണ് പ്രളയത്തിന്റെ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പണം കൊടുക്കുന്നതെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ട്രഷറിയിൽ നിന്നല്ല. ലോക ബാങ്കിൽ നിന്നും കിട്ടിയ 1780 കോടി രൂപ 6004 എന്ന ഹെഡ്ഡിലുണ്ട്. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് അവർ നൽകിയ തുകയിൽ ഒരു പൈസപോലും ട്രഷറിയിൽനിന്ന് കൊടുത്തിട്ടില്ല. കിഫ്ബിയിലുള്ള പ്രമുഖരായ ആളുകളാണ് ഇതിന്റെ ക്രെഡിബിലിറ്റിയുണ്ടാക്കുന്നതെന്ന് അങ്ങ് കുറേ നാളുകളായി പറയുന്നു. ലോകത്തിലെ ഏതെങ്കിലുമൊരു ഫണ്ടിംഗ് ഏജൻസി ഇതുപോലെയുള്ള ബോർഡിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പ്രൊഫൈൽ നോക്കിയിട്ടാണോ പണം തരുന്നത്? എല്ലാ ഫണ്ടിംഗ് ഏജൻസിയുടെയും അടിസ്ഥാന സംസ്ഥാന സർക്കാർ കൊടുക്കുന്ന sovereign guarantee ആണ്. അങ്ങനെ കൊടുത്തില്ലെങ്കിൽ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പ്രൊഫൈൽ നോക്കി ഏതെങ്കിലും ഫണ്ടിംഗ് ഏജൻസി കിഫ്ബിക്ക് ലോൺ തരുമോ? സംസ്ഥാന സർക്കാർ കൊടുക്കുന്ന sovereign guarantee കൊടുത്താൽ ആരും എത്ര പണം വേണമെങ്കിലും നൽകും. അത് അങ്ങ് മറച്ചുവയ്ക്കുന്നത് ശരിയാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, sovereign guarantee വളരെ പ്രധാനമാണ്. നമ്മൾ പണം കൊടുത്തോളാമെന്നുപറഞ്ഞത് അതിനേക്കാൾ പ്രധാനം. അതുപോലെ ഇൻസ്റ്റിറ്റ്യൂഷണൽ റേറ്റിംഗിൽ ഓരോ ഡയറക്ടർമാരെയും കുറിച്ചുള്ള പരിശോധനയുണ്ട്. ഇപ്പോൾ മസാലാ ബോണ്ട് വിജയിച്ചത് അവിടെയുള്ള സീനിയർ ഓഫീസർമാരുടെ ബാക്ക്ഗ്രൗണ്ടിനെ കുറിച്ചുള്ള പരിശോധന നടത്തിയിട്ടാണ്....... (ബഹളം) ....അങ്ങനെ തന്നെയാണ്, അതിൽ നിങ്ങൾക്ക് സംശയമൊന്നും വേണ്ട. നിങ്ങൾ വേൾഡ് ബാങ്കിന്റെ പണത്തെക്കുറിച്ച് ചോദിച്ചല്ലോ. വേൾഡ് ബാങ്കിന്റെ പണം വന്നു, അതിൽ നിന്നെടുത്തല്ല പ്രളയ ദുരിതാശ്വാസത്തിന് പണം കൊടുക്കുന്നത്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് കൊടുക്കുന്നത്. വേൾഡ് ബാങ്ക് എന്തിന് പണം ചെലവഴിക്കുമെന്ന് പ്രോജക്ടുണ്ടാക്കിയിട്ടുണ്ട്. ആ പ്രോജക്ടിന്റെ ബിൽ വരുമ്പോൾ പണം കൊടുക്കാനില്ലെങ്കിൽ നിങ്ങൾ വകമാറ്റിയെന്ന് പറയും. അല്ലാതെ ആ പണം അവിടെ കെട്ടിവയ്ക്കേണ്ട കാര്യമില്ല. അത് സർക്കാരിന്റെ ways and means-ന്റെ ഭാഗമായി പോകും. ശ്രീ. വി. ഡി. സതീശൻ, നിങ്ങൾ ഭരിച്ചപ്പോഴും അതിന് മുമ്പും ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്. അല്ലാതെ പണം ചാപ്പകുത്തി കെട്ടിവയ്ക്കുന്ന ഏർപ്പാടൊന്നും ട്രഷറിയിലില്ല. ......(ബഹളം).... വകമാറ്റിയെന്നുള്ളത് പുറത്ത് പ്രസംഗിച്ചാൽ മതി.

ശ്രീ. മാത്യു ടി. തോമസ് സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തെക്കുറിച്ച് ഇവിടെ ഉന്നയിക്കുകയുണ്ടായി. സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്ന രീതി ഇപ്പോഴില്ല. എന്നാൽ അവരുടെ ധനസഹായം വർദ്ധിപ്പിക്കണമെന്നുള്ളത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. അതുകൊണ്ട് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 40 കോടി രൂപ വച്ചു. ......(ബഹളം).... ആ 40 കോടി രൂപ പൂർണ്ണമായും കൊടുത്തിട്ടില്ലെന്നാണ് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞത്. അതിന്റെ മീറ്റിംഗ് വിളിച്ച്, മാനദണ്ഡങ്ങൾ പരിശോധിച്ച് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി നിലവിലുള്ള ഏത് സ്കൂളിനാണോ കൊടുത്തുകൊണ്ടിരുന്നത്, 12 കോടി രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്, അതാണ് 40 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്, ആ 40 കോടി രൂപയും റിലീസ് ചെയ്യാൻ പറഞ്ഞു. അതിന്റെ രണ്ട് ഗഡുക്കൾ കൊടുത്തുകഴിഞ്ഞു. മൂന്നാമത്തെ ഗഡു ഇപ്പോൾ അയച്ചുകാണുമെന്ന് തോന്നുന്നു. അവർക്ക് 68 കോടി രൂപ വേണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അത് അടുത്ത ബഡ്ജറ്റിൽ നോക്കാം. ഈ വർഷത്തെ 40 കോടി രൂപ ബഡ്ജറ്റ് അക്കൗണ്ടിലില്ലെങ്കിലും നിശ്ചയമായും ആ സ്കൂളുകൾക്ക് 40 കോടി രൂപ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തുക വർദ്ധിപ്പിക്കണമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. സർക്കാർ അതിൽ കമ്മിറ്റഡാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇത്തവണത്തെ ലോക്കൽ ബോഡീസ് പ്ലാൻ റിവൈസ് ചെയ്യാനുള്ള കാരണം, 20 ശതമാനം അഡീഷണലായി കൊടുക്കാനുള്ള തീരുമാനമുണ്ടായെന്ന് അങ്ങ് പറഞ്ഞു. അങ്ങനെയൊരു ഉത്തരവോ ഇടപാടുകളോ LSGD-യിലുണ്ടായിട്ടില്ല. അങ്ങനെയൊരു ഉത്തരവുണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുകയോ എനിക്ക് തരികയോ ചെയ്യാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിന്റെ കോപ്പി മേശപ്പുറത്ത് വച്ചാൽ മതി. ഞങ്ങൾക്കും അതിന്റെ കോപ്പി വേണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, കോപ്പി തരാം. അത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ കൈവശമുണ്ട്. ഇന്ന് രാവിലെ കൊടുത്ത കോപ്പി ഇപ്പോഴും അദ്ദേഹത്തിന്റെ കൈവശമുണ്ട്. ഉഴവൂരിലെ കെ. ആർ. നാരായണന്റെ സ്മൃതി മണ്ഡപത്തിന്റെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് ശ്രീ. പി. സി. ജോർജ് ഇവിടെ പറയുകയുണ്ടായി. അതിന്റെ അവസ്ഥ അങ്ങനെയാണെങ്കിൽ അത് വളരെ മോശമാണ്. അതിന് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആലോചിച്ച് അടിയന്തരമായി പരിഹാരം കാണുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഗ്രീൻ ട്രിബ്യൂണലിന്

പിഴ അടയ്ക്കാനാണെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. നദികളുടെ പുനരുദ്ധാരണത്തിലൊക്കെ നമുക്ക് പോരായ്മയുണ്ട്. ഇത്രയും നദികൾ പുനരുദ്ധരിക്കാനുള്ള അനുവാദം കിട്ടിയതെന്നാണ്; പമ്പയാറിന്റെ പുനരുദ്ധാരണ പദ്ധതി കേന്ദ്രം അംഗീകരിച്ചത് എന്നാണ്? ഗവൺമെന്റുകൾ മാറിമാറി ഭരിച്ചിട്ടും അന്നൊന്നും ചെയ്യാത്തതിന് ഇന്ന് പിഴയിട്ടിട്ടുണ്ട്. അതാണ് കൊടുക്കുന്നത്, അത് കൊടുക്കാതിരിക്കാൻ കഴിയുമോ? കോട്ടയത്തെ മീനന്തറയാർ സംയോജന പദ്ധതി എത്ര ഗംഭീരമായിട്ടാണ് മുന്നേറുന്നത്. അങ്ങേയ്ക്കും അതിൽ പങ്കുണ്ടെന്നുള്ളത് സമ്മതിച്ചു. അതുപോലൊരു നദീജല പുനരുദ്ധാരണ പദ്ധതി ഇതിനുമുൻപ് കേരളത്തിൽ എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ? നദിയുടെ ആഴം കൂട്ടുന്നതും വെള്ളം ഒഴുക്കുന്നതും മാത്രമല്ല നീർത്തട വികസന പരിപാടികളും ടൂറിസം വികസന അനുബന്ധ പരിപാടികളും ഉൾപ്പെടെയുള്ള സമഗ്ര ജില്ലാതല പരിപാടിയായി ആ നദീജല പുനരുദ്ധാരണ പദ്ധതി മാറുകയാണ്. കേരളത്തിലെ ഒരു ഡസൻ നദികളാണ് ഇതിനകം ഏറ്റെടുത്തിട്ടുള്ളത്. നദീജല പുനരുദ്ധാരണ പദ്ധതി നല്ല രീതിയിൽ കൊണ്ടുപോകണമെന്നാണ് ഹരിത മിഷന്റെ ഏറ്റവും പ്രധാന പ്രവർത്തനമായി കഴിഞ്ഞ റിവ്യൂ മീറ്റിംഗിൽ ചൂണ്ടിക്കാണിച്ചത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഗ്യാരന്റിയാണ്, പിഴയല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പറഞ്ഞുപറഞ്ഞ് എന്നെ കുഴിയിലിറക്കി. നിങ്ങൾ പറഞ്ഞപ്പോൾ ഞാനത് അംഗീകരിച്ചു. പിഴയല്ല, ഗ്യാരന്റിയാണെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പറയുന്നു, അതാണ് ശരി.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിനകത്ത് 15 കോടി രൂപയാണ് വരുന്നത്. ഓർഡർ ഞാൻ വായിക്കാം. "The supplementary grant amount is regularized the additional expenditure authorised in G.O. (RT) No. 8041/2019/Fin. dated 14-10-2019"; നിങ്ങൾ ഈ തുക അടച്ചതാണ്. ഗ്രീൻ ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം River action plan നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് പറഞ്ഞിട്ടും നിങ്ങൾ അത് ചെയ്യാത്തതുകൊണ്ട് അവരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടച്ച തുകയാണിത്. അതിപ്പോൾ ഗ്യാരന്റിയാണെന്നുപറഞ്ഞ് നിൽക്കുകയാണ്. നിങ്ങൾ ഈ തുക പിഴ അടച്ചിട്ട് കയ്യും കൂപ്പി നിൽക്കുകയാണ്. ഗ്യാരന്റിയാണെന്ന് പറഞ്ഞാൽ എന്തിന്റെ ഗ്യാരന്റിയാണ്; ഈ നദിക്ക് നിങ്ങൾ ഗ്യാരന്റി നിൽക്കേണ്ട കാര്യമുണ്ടോ;

കേരളത്തിലെ 41 നദികൾക്ക് നിങ്ങൾ ഗ്യാരന്റി നിൽക്കുന്നതെന്തിനാണ്; അതിവിടെ ഒഴുകിക്കൊണ്ടിരിക്കുകയല്ലേ? നമ്മുടെ നാട്ടിൽ റിവർ ആക്ഷൻ പ്ലാനുണ്ട്. ആ പദ്ധതി നടപ്പാക്കാത്തതുകൊണ്ടാണ് നിങ്ങളോട് തുക അടയ്ക്കാൻ പറഞ്ഞത്. ആ തുകയാണ് നിങ്ങൾ അടച്ചത്. അതാണ് ഞാനിപ്പോൾ വായിച്ച ബുക്കിൽ അച്ചടിച്ചിരിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, പരസ്യത്തിന്റെ ചെലവ്, ആഘോഷങ്ങൾക്ക് വേണ്ടിവന്ന ചെലവ് ഇതെല്ലാം കേരളത്തിൽ ആദ്യമായിട്ടാണോ? സർക്കാർ ചെയ്യുന്ന കാര്യങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അങ്ങനെ സ്വീകരിക്കുമ്പോൾ എന്തെങ്കിലും ധൂർത്തോ കാര്യങ്ങളോ ഉണ്ടെങ്കിൽ തിരുത്തും. പക്ഷെ ഇതെല്ലാം ആവശ്യമാണ്. നിങ്ങളുടെ കാലത്തും ചെയ്തിട്ടുണ്ട്. ഗ്ലോബൽ മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ്, ജിം എന്തെല്ലാമാണ് നിങ്ങളുടെ കാലത്തും കേട്ടിട്ടുള്ളത്? ഏതായാലും ചെയ്ത കാര്യത്തിനെല്ലാം ഫലവുമുണ്ട്. ചെയ്യാതെ ആഘോഷിക്കുകയല്ല, ചെയ്ത കാര്യങ്ങൾ പറയുകയാണ് ചെയ്തത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത് ഏറ്റവും പ്രധാനപ്പെട്ട ചോദ്യമാണ്. കേരളത്തിന്റെ റീബിൽഡ് പദ്ധതിക്കുവേണ്ടി വേൾഡ് ബാങ്ക് നൽകിയ 1780 കോടി രൂപ നിത്യനിദാന ചെലവുകൾക്കുവേണ്ടി വകമാറ്റി ചെലവഴിച്ചുവെന്ന് അങ്ങ് സമ്മതിക്കുകയാണ്. എന്നിട്ട് അങ്ങ് കൃത്യമായി പറയുന്നു അത് അങ്ങനെ കെട്ടിവച്ചിരിക്കുകയല്ല എന്ന്. കെട്ടിവച്ചിരിക്കുന്നുവെന്നല്ല ഞങ്ങൾ പറഞ്ഞത്. വേൾഡ് ബാങ്ക് എന്തിനുവേണ്ടിയാണോ പണം തന്നത് ആ പദ്ധതിയിൽ എന്തിനെല്ലാംവേണ്ടി ചെലവഴിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ട്; ഏതെങ്കിലുമൊരു പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ടോ? ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള മറ്റ് നിത്യനിദാന ചെലവുകൾക്കുവേണ്ടി ചെലവഴിച്ചുവെന്നതാണ് ഇവിടെ വ്യാപകമായി ഉയർന്നുവന്ന ആക്ഷേപം. അതാണ് സത്യം. അങ്ങ് ആ സത്യം അംഗീകരിക്കാത്തതെന്താണ്; ആ പദ്ധതി നടപ്പാക്കുമ്പോൾ തരാം എന്നല്ലേ അങ്ങ് പറഞ്ഞത്? അത് ശരിയല്ലെന്നാണ് ഞങ്ങൾ പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോക ബാങ്കിന്റെ ഈ പണം ഇപ്പോൾത്തന്നെ വിതരണം ചെയ്യാനുള്ളതല്ല. ദീർഘവീക്ഷണത്തോടെയുള്ള അടിസ്ഥാന സൗകര്യവികസനങ്ങൾക്കായി ചെലവ് ചെയ്യേണ്ടതാണ്. പ്രളയത്തിൽ കേടുപാട് സംഭവിച്ച റോഡുകളുണ്ട്. ആ റോഡുകളുടെ പുനർനിർമ്മാണത്തിന് ഈ തുക ചെലവഴിക്കണം എന്നാണ്. ആ പണം

ചെലവിടുന്ന ഘട്ടത്തിലാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ പണം നൽകേണ്ടത്. അതുവരെ പണം നമ്മുടെ കയ്യിലായിരിക്കുമല്ലോ. അതിനെന്താണ് ഒരു വിപരീത നിലയുള്ളത്. സ്വാഭാവികമല്ലേ? ...(ബഹളം)... അതുപോലെതന്നെ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട......(ബഹളം)... ശബ്ദം എടുത്തതുകൊണ്ട് കാര്യമുണ്ടോ? വേറെ എന്തെങ്കിലുമാണ് ഉദ്ദേശ്യമെങ്കിൽ അത് തുറന്നുപറഞ്ഞാൽപോരേ? അതിന് ബഹളം വച്ചതുകൊണ്ട് കാര്യമില്ലല്ലോ. പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയണ്ടേ?

<u>മി. സ്പീക്കർ</u>: പ്രതിപക്ഷനേതാവ് എഴുന്നേറ്റുനിന്ന് ചോദിച്ചപ്പോൾ ആരും ശബ്ദമുണ്ടാക്കിയില്ല. അതിന് മറുപടി പറയുമ്പോൾ നിങ്ങൾ അത് കേൾക്കൂ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ദുരിതം ബാധിച്ച കുടുംബങ്ങളുണ്ട്. അവർക്ക് പുതിയ ജീവനോപാധികൾ നൽകണം. അതിനും ഈ പണത്തിന്റെ ഒരു ഭാഗം ഉപയോഗിക്കാനാകും. അതുപോലെതന്നെ കുടിവെള്ള പദ്ധതികൾ, അതിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ജലസേചന പദ്ധതികളുടെ പുനർനിർമ്മാണമുണ്ട്. ഇങ്ങനെയുള്ള വിവിധ കാര്യങ്ങൾക്കുവേണ്ടിയാണ് ഈ പണം. അതിനെല്ലാമുള്ള പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത്തരം പദ്ധതികൾക്ക് ആവശ്യം വരുമ്പോൾ സ്വാഭാവികമായും ആ പണം ചെലവിടുന്ന സ്ഥിതി വരും. അതുകൊണ്ട് ഈ പണം വേറെ ഏതോവഴിക്ക് പോയെന്നല്ല. പണം ഗവൺമെന്റിന് കിട്ടി, അത് സ്വാഭാവികമായും ഈ ഘട്ടത്തിൽ ചെലവിടുന്നതാണ്. അതാണ് സംഭവിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സെപ്റ്റംബർ ആദ്യവാരത്തിലാണ് പണം കിട്ടുന്നത്. സംസ്ഥാനത്ത് റീബിൽഡ് കേരളയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഞങ്ങളുടെ ചോദ്യമെന്താണ്? റീബിൽഡ് കേരളയുടെ ഏതെങ്കിലുമൊരു പദ്ധതിക്കുവേണ്ടി വേൾഡ് ബാങ്കിന്റെ സഹായം ഉപയോഗിച്ചിട്ടുണ്ടോ എന്നതാണ്. അത് ഉപയോഗിച്ചിട്ടില്ല എന്നതാണ് വസ്തുത. അങ്ങത് പരിശോധിക്കണം. അത് ചെയ്യാതെ വേയ്സ് ആന്റ് മീൻസിനുവേണ്ടി ഈ പണമെടുത്ത് ചെലവാക്കുന്നത് വകമാറ്റി ചെലവഴിക്കൽ തന്നെയാണ്. അത് ശരിയായ നടപടിയല്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നമ്മുടെ ട്രഷറി പ്രൊസീഡ്യുവർ ഇങ്ങനെ തന്നെയാണ്. ...(ബഹളം)... അല്ല...അല്ല, സമ്മതിച്ചതരില്ല, സമ്മതിക്കാൻ പറ്റുകയുമില്ല. ട്രഷറിയിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി പണം വരുന്നു, പല പ്രോജക്ടുകളുടെയും പണം വരുന്നു, ട്രഷറിയിൽ കിടക്കുന്നു. ആ

പ്രോജക്ടിന് പണത്തിന്റെ ആവശ്യം വരുമ്പോൾ കൊടുക്കുന്നു. അതുവരെ, ഇതിന് വന്നതാണ് തൊടാൻ പാടില്ല, മാറ്റി വച്ചേക്കണം എന്നാണോ? അങ്ങനെ ഏത് കാലത്താണ് ഭരണം നടന്നിട്ടുള്ളത്? വകമാറ്റി ചെലവഴിച്ചുവെന്നുപറഞ്ഞ് പുകമറയുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഇതിനൊന്നും യാതൊരു അടിസ്ഥാനവുമില്ല. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ നിങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കും. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ...(ബഹളം)...

മി. സ്പീക്കർ: 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... ഇരിക്കൂ ..... (ബഹളം)........ ഇതെന്താണ്; നിങ്ങൾ ഉന്നയിക്കാനുള്ളത് ഉന്നയിച്ചു. മന്ത്രി മറുപടി പറഞ്ഞു. അതുകഴിഞ്ഞ് നിങ്ങൾ വീണ്ടും ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുകയാണോ; ഇതാണോ ജനാധിപത്യം? മന്ത്രി പറയാനുള്ളത് പറഞ്ഞു, നിങ്ങളും പറഞ്ഞു. അത് കഴിഞ്ഞു. ഇനി അടുത്ത ഘട്ടത്തിലേയ്ക്ക് കടന്നു. പ്ലീസ്....... പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയെ പൂർണ്ണമായി തെറ്റിദ്ധരിപ്പിക്കുകയാണ്. കേന്ദ്രത്തിൽനിന്നും വരുന്ന പണത്തിന്റെ ഹെഡ്ഡിലാണ് ഈ പണം നിക്ഷേപിച്ചിട്ടുള്ളതെന്ന് പറഞ്ഞു. 6004 എന്നുതുടങ്ങുന്ന ഹെഡ്ഡുള്ള പണം അതിനുവേണ്ടി മാത്രമാണ് ഉപയോഗിക്കപ്പെടേണ്ടത്. മാത്രമല്ല, ഇന്നത്തെ ക്യാഷ് ബാലൻസ് നോക്കിയാലും വേൾഡ് ബാങ്കിൽനിന്നും കിട്ടിയിരിക്കുന്ന പണം ട്രഷറിയിൽ ഇല്ല. പണം വേറെ കാര്യത്തിന് ചെലവഴിച്ചു. നാളെ റീബിൽഡിന്റെ ആവശ്യത്തിനുവേണ്ടി.....

മി. സ്പീക്കർ: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രി തെറ്റിദ്ധരിപ്പിച്ചുവെന്നുള്ളതാണ് പോയിന്റ്. ഉപജീവനം നഷ്ടപ്പെട്ട ആളുകൾക്കുവരെ ഇത് ഉപയോഗിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. സെപ്റ്റംബർ, ഒക്ടോബർ, നവംബർ, മൂന്ന് മാസമായിട്ടും ഈ 1780 കോടി രൂപയിൽ ഒരു രൂപപോലും ഒരാൾക്കും പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ടോ പുനർനിർമ്മാണ പ്രവർത്തനവുമായി

ബന്ധപ്പെട്ടോ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കോ കൊടുത്തിട്ടില്ല. നാളെ ഏതെങ്കിലും പ്രോജക്ട് വന്നാൽ എവിടെ നിന്നെടുത്താണ് പണം കൊടുക്കാൻ പോകുന്നത്; ഏത് ഹെഡ്ഡിൽ നിന്നാണ് പണം കൊടുക്കാൻ പോകുന്നത്? അതുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ പ്രസ്താവന സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ നിലപാടും ഗവൺമെന്റിന്റെ നിലപാടും വളരെ വ്യക്തമായി സഭയിൽ പറഞ്ഞുകഴിഞ്ഞു. ...(ബഹളം)... അദ്ദേഹം പറഞ്ഞു. നിരവധി തവണ പറഞ്ഞു. പ്ലീസ്..... പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: സർ,( ....മൈക്ക് ഓഫ്... )

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞുകഴിഞ്ഞു എന്നാണ് ഞാൻ പറഞ്ഞത്. ഞാൻ കൺക്ലൂഡ് ചെയ്തിട്ടില്ല. ...(ബഹളം)... ഗവൺമെന്റിന്റെ നിലപാട് അദ്ദേഹം പറഞ്ഞു. മന്ത്രി പറഞ്ഞല്ലോ. ചെയറിനോടല്ലേ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു ബഹുമാനപ്പെട്ട അംഗം ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അങ്ങല്ല അത് ക്ലോസ് ചെയ്യുന്നത്. ബന്ധപ്പെട്ട മന്ത്രി മറുപടി പറഞ്ഞശേഷമാണ് അങ്ങ് റൂൾ ചെയ്യുന്നത്. അങ്ങനെയാണ് നടപടിക്രമം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത് ചെയറിനോടല്ലേ? അപ്പോൾ സ്വാഭാവികമായും മന്ത്രി പറഞ്ഞ മറുപടി കേട്ടുകൊണ്ട് ഞാനിവിടെ ഇരിക്കുകയല്ലേ. അത് കേട്ടതിന്റെ അടിസ്ഥാനത്തിൽ....

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് മാത്രമല്ലല്ലോ. നമ്മുടെ സഭയുടെ കീഴ്‌വഴക്കം എങ്ങനെയാണ്; ഒരു ബഹുമാനപ്പെട്ട അംഗം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം. അത് കഴിയുമ്പോൾ അങ്ങേയ്ക്ക് റൂൾ ചെയ്യാം. അതല്ലേ നടപടിക്രമം?

മി. സ്പീക്കർ: ഞാൻ ആ മറുപടി കേട്ടു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോയിന്റ് ഓഫ് ഓർഡർ എന്നത് സഭാനടപടി ചട്ടങ്ങളിൽ നിന്നുമാറി കാര്യങ്ങൾ പോകുമ്പോൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അങ്ങയുടെ റൂളിംഗിനുവേണ്ടിയും ഉന്നയിക്കുന്ന കാര്യമാണ്. സ്വാഭാവികമായും അങ്ങ് തന്നെയാണല്ലോ അതിന്റെ അവസാന നിലപാട് എടുക്കേണ്ടത്. എന്തെങ്കിലും വിശദീകരണം വേണമെങ്കിൽ അങ്ങാണ് അത് ബന്ധപ്പെട്ടവരോട് ചോദിക്കേണ്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, (....മൈക്ക് ഓഫ്...)

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതുകൊണ്ടാണ് എനിക്ക് പറയേണ്ടിവന്നത്. അതുവരെ ഞാൻ പറഞ്ഞിട്ടില്ല. ...(ബഹളം)... ശ്രീ. വി. ഡി. സതീശൻ, അതുവരെ ഞാൻ പറഞ്ഞിട്ടില്ല. നിങ്ങളുടെ ഈ സംവാദത്തിൽ ഞാൻ ഇടപെട്ടിട്ടില്ല. അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോഴാണ് ഞാൻ മറുപടി പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ....... മന്ത്രിയാണ് മറുപടി പറയേണ്ടത്. അങ്ങാണ് മറുപടി പറയുന്നതെങ്കിൽപ്പിന്നെ ഇവിടെയിരിക്കാതെ അവിടെച്ചെന്ന് ഇരിക്കൂ....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... നിങ്ങൾ എപ്പോഴും ഈ സമീപനമെടുക്കുന്നത് ശരിയല്ല. You please behave yourself. ഇത് ശരിയല്ല. ...(ബഹളം)... ഇവിടെ കഴിഞ്ഞ അരമണിക്കൂറായി നിങ്ങൾ നടത്തിയ ചർച്ചയിൽ ഞാൻ ഇടപെട്ടിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചെയറിനെ അപമാനിക്കുന്നത് ശരിയല്ല. മറ്റ് പല തർക്കങ്ങളുമുണ്ടാകും. പക്ഷെ ചെയറിനെ അപമാനിച്ചുകൊണ്ട് സംസാരിക്കുന്നത് ശരിയല്ല, ആരായാലും. ...(ബഹളം).....

മി. സ്പീക്കർ: ഇവിടെ അരമണിക്കൂറായി നടക്കുന്ന ചർച്ചയിൽ ഞാൻ ഇടപെട്ടിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കണം. ഇവിടെ നടന്ന സംവാദത്തിലോ അഭിപ്രായത്തിലോ ഞാൻ അഭിപ്രായം പറഞ്ഞിട്ടില്ല. രണ്ട് കൂട്ടരും അഭിപ്രായങ്ങൾ പറഞ്ഞു. അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച് എന്റെ നിലപാട് ചോദിച്ചപ്പോഴാണ് എനിക്ക് പറയേണ്ടി വന്നത്. അതുവരെ ഞാൻ പറഞ്ഞിട്ടില്ലല്ലോ. 25 മിനിട്ടായി നിങ്ങൾ ഇത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ...(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽനിന്ന് എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയല്ല. ഇവിടെ ആരും ചെയറിനെ അപമാനിച്ചിട്ടില്ല. ചെയറിന്റെ അറിവിലേയ്ക്കാണ് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്. ആ സന്ദർഭത്തിൽ മന്ത്രിക്ക് മറുപടി പറയാം. മറുപടി പറഞ്ഞശേഷം അങ്ങ് റൂൾ ചെയ്യും. അതാണല്ലോ ഇവിടെ നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഡോ. തോമസ് ഐസക് എഴുന്നേറ്റ് നിൽക്കുകയായിരുന്നു. അതിനുമുമ്പ് അങ്ങ് എന്തിനാണ് റൂൾ ചെയ്തത്. അതുകൊണ്ട് ചെയറിനെ ഇവിടെ ആരും മോശക്കാരാക്കിയിട്ടില്ല.

മി. സ്പീക്കർ: കഴിഞ്ഞ 25 മിനിട്ടായി ഇതേ വിഷയത്തിൽ രണ്ട് ഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിലൊന്നും ഞാൻ ഇടപെട്ടിട്ടില്ല. ചെയർ അഭിപ്രായം പറഞ്ഞിട്ടുമില്ല. പക്ഷെ അഭിപ്രായം പറയണമെന്ന് ശ്രീ. വി. ഡി. സതീശൻ എഴുന്നേറ്റ് പറഞ്ഞപ്പോൾ മാത്രമാണ് അഭിപ്രായം പറഞ്ഞത്. അതുവരെ പറഞ്ഞിട്ടില്ല. അദ്ദേഹം എന്താണ് പറഞ്ഞതെന്ന് അങ്ങ് മനസ്സിലാക്കിയാൽ മതി. 'അവിടെ പോയിരിക്ക് എന്നാണ്. അത് നമുക്ക് നേരിട്ട് സംസാരിക്കാം.

ശ്രീ. പിണറായി വിജയൻ: സർ, ഇയർഫോൺ ചെവിയിൽ വച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇരിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ പിന്നിലിരിക്കുന്ന ഒരംഗം പറഞ്ഞ കാര്യം അദ്ദേഹം ചിലപ്പോൾ കേട്ടുകാണില്ല. അതുകൊണ്ടായിരിക്കും അപമാനിച്ചില്ലെന്ന് അദ്ദേഹത്തിന് തോന്നുന്നത്. അങ്ങയെ നോക്കി പറയുന്നത് ഞാൻ കേൾക്കുകയാണ്. ആ സീറ്റിൽ ചൂണ്ടിക്കൊണ്ട് അവിടെയല്ല ഇരിക്കേണ്ടത്, അവിടെ പോയി ഇരിക്കണമെന്ന് പറഞ്ഞു. അത് ചെയറിനെ അപമാനിക്കലല്ലെങ്കിൽ പിന്നെ എന്താണ്?....(ബഹളം).... അങ്ങനെയാണോ പെരുമാറേണ്ടത്, അങ്ങനെയാണോ വാക്കുകൾ ഉപയോഗിക്കേണ്ടത്. ...(ബഹളം)....

മി. സ്പീക്കർ: അങ്ങ് പറഞ്ഞു, You told it, നിങ്ങൾ അത് പറഞ്ഞു. ഏത് സമയത്തും ഈ രീതിയാണ് സ്വീകരിക്കുന്നത്. അപ്പോഴാണ് എനിക്ക് 'behave yourself' എന്ന് പറയേണ്ടി വന്നത്. ....(ബഹളം).... അംഗങ്ങൾക്ക് അവകാശമുള്ളതുപോലെ ചെയറിനും അവകാശമുണ്ട്. ഈ സഭയിൽ നടക്കുന്ന ഡിബേറ്റിൽ ഒരു അഭിപ്രായവും ഞാൻ പറഞ്ഞിട്ടില്ല. ...പ്ലീസ്...... (ബഹളം)....പ്ലീസ്.... ഇത് നീട്ടിക്കൊണ്ടുപോകണ്ട. പ്ലീസ്....(ബഹളം).... അടുത്ത നടപടിയിലേയ്ക്ക് കടക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ സർ, ...(ബഹളം).... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ...(ബഹളം)....

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാം. അങ്ങ് സംസാരിക്കൂ. ...(ബഹളം).... നിങ്ങൾ സീറ്റിൽ ഇരിക്കൂ. ദയവായി സീറ്റിൽ പോയി ഇരിക്കൂ. ശ്രീ. എ. എൻ. ഷംസീർ, ശ്രീ. എം. സ്വരാജ്, ശ്രീ. കെ. ബാബു... പ്ലീസ്... നിങ്ങൾ സീറ്റിൽ പോയി ഇരിക്കൂ. അദ്ദേഹം പറയട്ടെ. അങ്ങ് പറയൂ.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ സർ, അങ്ങേയ്ക്ക് രേഖ പരിശോധിച്ചാൽ മനസ്സിലാകും, ഏതെങ്കിലും ഒരംഗം അങ്ങയെ അപമാനിക്കുന്ന

തരത്തിൽ ഇവിടെ പരാമർശം നടത്തിയിട്ടുണ്ടോ ഇല്ലയോ എന്ന്. സാധാരണഗതിയിൽ ഞാൻ ഇയർഫോൺ വച്ചാണ് ഇരിക്കുന്നത്, ഏത് പ്രസംഗവും എനിക്ക് കേൾക്കാൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്, ഞാൻ ഇയർ ഫോൺ വച്ചിട്ടുണ്ടായിരുന്നു. പറയുന്നത് എന്താണെന്ന് കേൾക്കാൻ വേണ്ടിയാണ്. ഇവിടെ രേഖ പരിശോധിക്കട്ടെ, രേഖയ്ക്കകത്ത് ഏതെങ്കിലും ഒരംഗം അങ്ങയെ അവഹേളിക്കുന്ന തരത്തിലുള്ള പരാമർശം നടത്തിയിട്ടുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. പുറകിൽനിന്ന് ആരെങ്കിലും എന്തെങ്കിലും വിളിച്ചുപറഞ്ഞതിന്റെ പേരിൽ, അങ്ങനെയെങ്കിൽ എന്തെല്ലാം കാര്യങ്ങൾ അവിടെയും ഇവിടെയും വിളിച്ചുപറയാറുണ്ട്. അത് അങ്ങ് മുഖവിലയ്ക്ക് എടുക്കരുത്. അങ്ങനെ സ്പീക്കറെ അവഹേളിക്കുന്ന ഒരു നടപടിയും ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. അങ്ങനെ ചെയ്ത ആളുകളാണ് ഇങ്ങനെ പറഞ്ഞുകൊണ്ട് വരുന്നത്. ഞങ്ങളാരും ആരെയും അവഹേളിച്ചിട്ടില്ല, അവഹേളിക്കുകയുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥന മാനിച്ച് ഞാൻ പരിശോധിക്കാൻ തയ്യാറാണ്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്റെ പിന്നിലിരിക്കുന്ന ആരോ എന്തോ ജല്പിച്ചത് അങ്ങ് മുഖവിലയ്ക്കെടുക്കണ്ടായെന്നാണ് പറഞ്ഞത്. അത് ശരിയായിരിക്കാം. അതുകൊണ്ട് അക്കാര്യം വേണമെങ്കിൽ നമുക്കിവിടെ അവസാനിപ്പിക്കാം.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. കെ. യു. ജനീഷ് കുമാർ

19. ശ്രീ. ഒ. ആർ. കേളു
20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. കെ. കൃഷ്ണൻകുട്ടി
22. ശ്രീ. കെ. കുഞ്ഞിരാമൻ
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. വി. കെ. സി. മമ്മത് കോയ
25. ശ്രീ. മാണി സി. കാപ്പൻ
26. ശ്രീ. മാത്യു ടി. തോമസ്
27. ശ്രീ. കെ. ജെ. മാക്സി
28. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
29. ശ്രീ. എ. സി. മൊയ്തീൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ പി.
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. യു. ആർ. പ്രദീപ്
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. വി. കെ. പ്രശാന്ത്
36. ശ്രീ. കെ. ഡി. പ്രസേനൻ
37. ശ്രീമതി യു. പ്രതിഭ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. ആർ. രാജേഷ്

43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
48. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
49. പ്രൊഫ. സി. രവീന്ദ്രനാഥ്
50. ശ്രീ. സജി ചെറിയാൻ
51. ശ്രീ. സി. കെ. ശശീന്ദ്രൻ
52. ശ്രീ. പി. കെ. ശശി
53. ശ്രീ. വി. ശശി
54. ശ്രീ. ഐ. ബി. സതീഷ്
55. ശ്രീ. ബി. സത്യൻ
56. ശ്രീ. എ. എൻ. ഷംസീർ
57. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
58. ശ്രീ. വി. ആർ. സുനിൽ കുമാർ
59. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
60. ശ്രീ. കെ. സുരേഷ് കുറുപ്പ്
61. ശ്രീ. എം. സ്വരാജ്
62. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
63. ശ്രീ. പി. തിലോത്തമൻ
64. ഡോ. ടി. എം. തോമസ് ഐസക്
65. ശ്രീ. പി. ഉണ്ണി
66. ശ്രീ. ഇ. കെ. വിജയൻ

67. ശ്രീ. പിണറായി വിജയൻ

68. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. ടി. എ. അഹമ്മദ് കബീർ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. എം. സി. കമറുദ്ദീൻ
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. മോൻസ് ജോസഫ്
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. റോജി എം. ജോൺ
21. ശ്രീ. റോഷി അഗസ്റ്റിൻ

22. ശ്രീ. കെ. എസ്. ശബരീനാഥൻ

23. ശ്രീ. എൻ. ഷംസുദ്ദീൻ

24. ശ്രീ. വി. ഡി. സതീശൻ

25. ശ്രീ. ഷാഫി പറമ്പിൽ

26. ശ്രീമതി ഷാനിമോൾ ഉസ്മാൻ

27. ശ്രീ. സണ്ണി ജോസഫ്

28. ശ്രീ. പി. ഉബൈദുള്ള

29. ശ്രീ. എം. ഉമ്മർ

30. ശ്രീ. എം. വിൻസെന്റ്

31. ശ്രീ. ടി. ജെ. വിനോദ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 68

പ്രതികൂലിക്കുന്നവർ-31

നിഷ്പക്ഷത പാലിക്കുന്നവർ-1

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.09-ന് പിരിഞ്ഞു.)